"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ജസ്റ്റിസ് (റിട്ട) ജെ.ബി.കോശി കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശ.നം 8.104C പ്രകാരം ചെറിയനാട് എസ്.വി.എച്ച്.എസ്സിൽ വൊക്കേഷണൽ ഹയർ സെക്കന്ററി കോഴ്സ് അനുവദിക്കുന്ന വിഷയം പരിശോധിക്കാൻ പൊതു വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ജെ.ആർ) വകുപ്പ്**

സ.ഉ.(കൈ) നം.60/2026/GEDN തീയതി,തിരുവനന്തപുരം, 12-03-2026

---

പരാമർശം:-
1. പൊതുവിദ്യാഭ്യാസ (പി.എസ്) വകുപ്പിന്റെ 27.2.2026-ലെ പി.എസ്2/32/2023/പൊ.വി.വ. നമ്പർ അനൗദ്യോഗികകുറിപ്പ്.
2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ തീയതി രേഖപ്പെടുത്താത്ത VHSE/126/2026-C2 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ജസ്റ്റിസ് (റിട്ട) ജെ.ബി.കോശി കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശ.നം 8.104 C പ്രകാരം പരാമർശത്തിലെ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, ചെറിയനാട് എസ്.വി.എച്ച്.എസ്സിൽ വൊക്കേഷണൽ ഹയർ സെക്കന്ററി കോഴ്സ് അനുവദിക്കുന്ന വിഷയം പരിശോധിക്കാൻ പൊതു വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ വാസുകി കെ ഐ എ എസ്
സെക്രട്ടറി

പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ,തിരുവനന്തപുരം.
പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, (വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗം), തിരുവനന്തപുരം.
പൊതുഭരണ (എസ്.സി) വകുപ്പ് (24.02.2026 തീയതിയിലെ ഇനം നമ്പർ. 3746 പ്രകാരം)
പൊതുവിദ്യാഭ്യാസ (പിഎസ്) വകുപ്പ്.
ധനകാര്യ വകുപ്പ്
ഡയറക്ടർ, വിവരപൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം.
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്, തിരുവനന്തപുരം (വെബ് സൈറ്റിൽ

പ്രസിദ്ധീകരിക്കുന്നതിനായി)
ഓഫീസ് കോപ്പി/കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by N K Sheena
Date: 12-03-2026 14:19:33
സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
2. ബഹു. പൊതു വിദ്യാഭ്യാസ തൊഴിൽ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
3. പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ പി.എ.

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 24-02-2026

ഇനം നം: 3746
O.A.

വിഷയം : ന്യൂനപക്ഷക്ഷേമ വകുപ്പ് - ക്രിസ്ത്യൻ മത ന്യൂനപക്ഷങ്ങളുടെ പ്രശ്നങ്ങൾ പഠിക്കാനായി നിയോഗിച്ച ജസ്റ്റിസ്. (റിട്ട) ജെ. ബി. കോശി കമ്മീഷൻ റിപ്പോർട്ട് അംഗീകരിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശങ്ങൾ പരിഗണിച്ചു.

കുറിപ്പിലെ നിർദ്ദേശം -

1. ജസ്റ്റിസ് ജെ. ബി. കോശി കമ്മീഷൻ റിപ്പോർട്ട് തത്ത്വത്തിൽ അംഗീകരിച്ചു. ആയത് ഔദ്യോഗികമായി പ്രസിദ്ധീകരിക്കുവാനും തീരുമാനിച്ചു.
2. അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ന്യൂനപക്ഷക്ഷേമ വകുപ്പ്.

# REPORT

# OF

# JUSTICE J.B. KOSHY COMMISSION

# ON

# CHRISTIAN MINORITIES

# 2023

## ക്രിസ്ത്യൻ ന്യൂനപക്ഷങ്ങൾക്കായുള്ള

## ജസ്റ്റിസ് ജെ.ബി. കോശി കമ്മീഷൻ

## റിപ്പോർട്ട്

**VOLUME: 1**

Justice J.B. Koshy Commission for Christian Minorities ★
Ernakulam
Date.................

# സൂചിക


1. അദ്ധ്യായം 1: ആമുഖം.............................................................. 1-13

2. അദ്ധ്യായം 2: ക്രിസ്ത്യൻ ന്യൂനപക്ഷങ്ങളുടെ

പൊതുവായ പ്രശ്നങ്ങൾ........................... 14-105

3. അദ്ധ്യായം 3: ലത്തീൻ കത്തോലിക്കർ........................ 106-126

4. അദ്ധ്യായം 4: പരിവർത്തിത ക്രൈസ്തവർ.................... 127-150

5. അദ്ധ്യായം 5: കുട്ടനാട്..........................................................151-175

6. അദ്ധ്യായം 6: മലയോര പ്രദേശം....................................176-201

7. അദ്ധ്യായം 7: തീരദേശ മേഖല..............................................202- 244

8. അദ്ധ്യായം 8: ശുപാർശാസംഗ്രഹം..................................245-349

9. അദ്ധ്യായം 9: ഉപസംഹാരം........................................................350-357

10. അനുബന്ധം ....................................................................358-364

# അധ്യായം 1

## ആമുഖം

**1.** ന്യൂനപക്ഷങ്ങളുടെ ഉന്നമനത്തിനു വേണ്ടി കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും പല പദ്ധതികളും രൂപീകരിച്ച് നടപ്പാക്കി വരുന്നുണ്ട്. മുസ്ലീം സമുദായത്തിന്റെ പ്രശ്നങ്ങൾ പഠിച്ച സച്ചാർ കമ്മീഷന്റെ റിപ്പോർട്ടിനെ തുടർന്ന് കേരളത്തിൽ പാലോളി കമ്മീറ്റി നിയമിക്കപ്പെടുകയും ആ കമ്മീറ്റി വിവിധ ശുപാർശകൾ നൽകുകയും അവയിൽ പലതും സർക്കാർ നടപ്പാക്കുകയും ചെയ്തു. മറ്റൊരു മതന്യൂനപക്ഷമായ ക്രിസ്ത്യൻ സമുദായത്തെ സംബന്ധിച്ചും അതുപോലെ ഒരു പഠനം ആവശ്യമാണെന്ന് കണ്ടതുകൊണ്ടും ന്യൂനപക്ഷങ്ങൾക്ക് അനുവദിച്ചിട്ടുള്ള സഹായങ്ങൾ ക്രിസ്തീയ സമുദായത്തിന് അർഹമായ രീതിയിൽ ലഭിക്കുന്നില്ല എന്ന പരാതി പരിശോധിക്കേണ്ടത് ആവശ്യമാണെന്ന് കണ്ടതുകൊണ്ടും ക്രിസ്ത്യൻ ന്യൂനപക്ഷങ്ങളുടെ ആവശ്യങ്ങളെക്കുറിച്ച് ഒരു പഠനം ആവശ്യമാണെന്ന് സീറോ മലബാർ സഭ ഉൾപ്പെടെ പല സഭകളും സംഘടനകളും ആവശ്യപ്പെട്ടതിനെ തുടർന്ന് ബഹു. സംസ്ഥാന മന്ത്രിസഭയുടെ തീരുമാനം അനുസരിച്ച് 5-11-2020-ലെ സർക്കാർ ഉത്തരവ് G.O.(Ms) No. 214/2020/Home പ്രകാരം ക്രിസ്ത്യൻ

ന്യൂനപക്ഷങ്ങളുടെ വിദ്യാഭ്യാസം, സാമ്പത്തികം, ക്ഷേമം എന്നീ പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ജസ്റ്റിസ് ജെ.ബി.കോശി (പാറ്റ്ന ഹൈക്കോടതി മുൻ ചീഫ് ജസ്റ്റിസ്) ചെയർമാനായും ഡോ. ക്രിസ്റ്റി ഫെർണാണ്ടസ്, ഐ.എ.എസ്. (റിട്ടയേർഡ്), ശ്രീ. ജേക്കബ് പുന്നൂസ്, ഐ. പി. എസ്. (റിട്ടയേർഡ്) എന്നിവർ അംഗങ്ങളായും ഒരു കമ്മീഷനെ സർക്കാർ നിയമിക്കുകയുണ്ടായി. 9-2-2021-ൽ G.O.(Ms) No.32/2021/Home പ്രകാരം കമ്മീഷന്റെ പരിഗണനാവിഷയങ്ങൾ നിശ്ചയിച്ച് ഉത്തരവാകുകയും ചെയ്തു.

**2.** ആ ഉത്തരവിൽ പറയുന്നത് ഇപ്രകാരമാണ്:

**എ. വിദ്യാഭ്യാസം**

1. ന്യൂനപക്ഷമെന്ന നിലയിൽ വിദ്യാഭ്യാസ സംബന്ധമായ വിഷയങ്ങളിൽ ക്രിസ്ത്യൻ ന്യൂനപക്ഷങ്ങൾ നേരിടുകയോ അനുഭവിക്കുകയോ ചെയ്യുന്ന പ്രശ്നങ്ങൾ ഏതൊക്കെ?

2. മറ്റു ന്യൂനപക്ഷങ്ങൾക്കു ലഭിക്കുന്നതോ സർക്കാർ നൽകുന്നതോ ആയ സഹായങ്ങളും ആനുകൂല്യങ്ങളും താരതമ്യപ്പെടുത്തുമ്പോൾ ക്രിസ്ത്യൻ ന്യൂനപക്ഷങ്ങൾക്ക് അവയെല്ലാം ന്യായമായ രീതിയിലും തോതിലും ലഭിക്കുന്നുണ്ടോ? ഏതെങ്കിലും തരത്തിലുള്ള പക്ഷപാതപരമായ വിവേചനം അവർ നേരിടുന്നുണ്ടോ? ഉണ്ടെങ്കിൽ അത് ഏതൊക്കെ രീതിയിൽ? അത് എങ്ങിനെ പരിഹരിക്കാം?

3. വിദ്യാഭ്യാസ മേഖലയിൽ ക്രിസ്ത്യൻ ന്യൂനപക്ഷങ്ങൾക്ക് അനുഭവപ്പെടുന്ന പ്രശ്നങ്ങൾ എന്തെല്ലാം? ഉന്നത

വിദ്യാഭ്യാസമേഖലയിൽ അവർക്ക് അർഹമായ പ്രാതിനിധ്യം ലഭിക്കുന്നുണ്ടോ? അവ എങ്ങിനെ പരിഹരിക്കാം?

**ബി. സാമ്പത്തികം**

1. ക്രിസ്ത്യൻ ന്യൂനപക്ഷങ്ങളിൽ സാമ്പത്തികമായ പിന്നോക്കാവസ്ഥ നേരിടുന്നവരുണ്ടോ? അവർ ഏതൊക്കെ വിഭാഗങ്ങളിൽ പെടുന്നവരാണ്? അവർ സാമൂഹിക പിന്നോക്കാവസ്ഥ നേരിടുന്നുണ്ടോ? അവരുടെ പിന്നോക്കാവസ്ഥ സംബന്ധിച്ച വിവരങ്ങൾ എന്തൊക്കെ?

2. ഏതെങ്കിലും പ്രത്യേക വിഭാഗങ്ങൾക്കു കൂടുതൽ കരുതലുകൾ ആവശ്യമുണ്ടോ?

3. സാമ്പത്തിക-സാമൂഹിക പിന്നോക്കാവസ്ഥ പരിഹരിക്കാനായി വിവിധ ഏജൻസികൾക്കോ സർക്കാരിനോ എന്തെല്ലാം ചെയ്യാൻ കഴിയും? അടിയന്തരമായി ഏതൊക്കെ കാര്യങ്ങളാണ് ചെയ്യേണ്ടത്?

**സി.ക്ഷേമം**

1. ക്രിസ്തുമതത്തിൽപെട്ട മൽസ്യത്തൊഴിലാളികൾ, തീരദേശവാസികൾ, മലയോരകർഷകർ, വനാതിർത്തി യോടടുത്ത് താമസിക്കുന്ന കർഷകർ, കുട്ടനാട് മുതലായ സ്ഥലങ്ങളിൽ താമസിക്കുന്ന കർഷകർ, ആദിവാസികൾ, ദളിതർ, ലത്തീൻ തുടങ്ങിയവർക്കു പ്രത്യേകമായ ക്ഷേമ പ്രവർത്തനങ്ങൾ ആവശ്യമുണ്ടോ? ഉണ്ടെങ്കിൽ ഏതെല്ലാം?

2. ദലിത് വിഭാഗങ്ങളിൽ നിന്നും പിന്നോക്ക വിഭാഗങ്ങളിൽ നിന്നും ക്രിസ്ത്യാനികൾ ആയവരുടെ അവസ്ഥ എന്താണ്? അവരുടെ ക്ഷേമത്തിനായി എന്തെല്ലാം പ്രവർത്തനങ്ങൾ ചെയ്യുവാൻ സാധിക്കും?

3. ക്രിസ്ത്യൻ ന്യൂനപക്ഷങ്ങൾക്ക് സർക്കാർ പൊതുമേഖലാ ഉദ്യോഗ തലങ്ങളിൽ ജനസംഖ്യാനുപാതികമായി പ്രാതിനിധ്യം ഉണ്ടോ? ഇല്ലെങ്കിൽ അർഹമായ പ്രാതിനിധ്യം ഉറപ്പ് വരുത്താൻ സ്വീകരിക്കേണ്ട നടപടികൾ എന്തെല്ലാം? ഏതെല്ലാം

മേഖലകളിൽ ഏതെല്ലാം രീതികളിൽ ക്രിസ്ത്യൻ ന്യൂനപക്ഷങ്ങൾ സർക്കാരിൽ നിന്ന് ക്ഷേമ സംബന്ധമായ സഹായം അർഹിക്കുന്നു?"

3. തുടർന്ന് കമ്മീഷൻ ആവശ്യപ്പെട്ടതനുസരിച്ച് സംസ്ഥാനത്തെ വിവിധ മേഖലകളിൽ നിന്നും വിവിധ സഭാ വിഭാഗങ്ങളിൽ നിന്നും ധാരാളം വ്യക്തികളിൽ നിന്നും നാലു ലക്ഷത്തി നാല്പത്തയ്യാരത്തി അഞ്ഞൂറിൽ പരം (4,45,500) നിവേദനങ്ങൾ കമ്മീഷന് ലഭിക്കുകയുണ്ടായി. ഇത്രയും അധികം നിവേദനങ്ങൾ ഒരു കമ്മീഷന് ലഭിക്കുന്നത് ആദ്യമായിട്ടാണ് എന്നാണ് വിലയിരുത്തപ്പെടുന്നത്. ക്രൈസ്തവ ജനവിഭാഗങ്ങൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെക്കുറിച്ച് ക്രൈസ്തവ ജനത എത്രമാത്രം ആശങ്കപ്പെടുന്നു എന്നുള്ളതിന്റെ പ്രത്യക്ഷ തെളിവാണ് നിവേദനങ്ങളുടെ അഭൂതപൂർവമായ ബാഹുല്യം. തുടർന്ന് എല്ലാ ജില്ലകളിലും കമ്മീഷൻ സിറ്റിംഗ് നടത്തുകയും നിവേദനങ്ങളിൽ പറയുന്ന പ്രധാനപ്പെട്ട കാര്യങ്ങളെക്കുറിച്ച് വിദഗ്ധ അഭിപ്രായം തേടുകയും ചെയ്തു. സമഗ്രമായ പഠനത്തിനുശേഷം ഈ റിപ്പോർട്ട് സർക്കാർ സമക്ഷം സമർപ്പിക്കുന്നു.

4. **ചരിത്രപശ്ചാത്തലം:** ക്രിസ്തുവർഷം 52-ൽ യേശുക്രിസ്തുവിന്റെ ശിഷ്യനായ തോമാശ്ലീഹാ ഇന്ത്യയിൽ വന്നു എന്നും അദ്ദേഹത്തിന്റെ സുവിശേഷവേലയുടെ ഫലമായി അനേകം തദ്ദേശവാസികളും നമ്മുടെ നാട്ടിൽ സ്ഥിരതാമസമാക്കിയിരുന്ന

ചില യഹൂദന്മാരും മാർഗ്ഗം കൂടി ക്രിസ്ത്യാനികളായി തീരുകയും ചെയ്തു എന്നും അങ്ങിനെ പാശ്ചാത്യരാജ്യങ്ങളിൽ ക്രിസ്തുമതം വ്യാപിക്കുന്നതിനു മുമ്പ് തന്നെ കേരളത്തിൽ ക്രിസ്ത്യാനികൾ ഉണ്ടായി എന്നും പല ചരിത്രകാരന്മാരും അംഗീകരിക്കുന്നു. ചില ചരിത്രകാരന്മാർക്ക് എതിരഭിപ്രായങ്ങളുണ്ടെങ്കിലും പാരമ്പര്യ വിശ്വാസം തോമാശ്ലീഹാ വന്നു എന്നും ഏഴരപ്പള്ളികൾ സ്ഥാപിച്ചു എന്നുമാണ്. എ.ഡി. 250-ൽ പ്രസിദ്ധീകരിക്കപ്പെട്ട അപ്പോസ്തലന്മാരുടെ ഉപദേശങ്ങൾ (A Doctrine of Apostles) എന്ന പുസ്തകത്തിൽ ഭാരത സഭയെ പരാമർശിക്കുമ്പോൾ ഇന്ത്യയിലും ചുറ്റുപാടുമുള്ളതുമായ സഭകളൊക്കെ മാർത്തോമ്മായുടെ അപ്പോസ്തലിക വാഴ്ചയിലും പാരമ്പര്യത്തിലുമാണ് എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. "The Chronicle of Seert" എന്ന പേർഷ്യൻ പുസ്തകത്തിൻ പ്രകാരം എ.ഡി. 295-നും 300-നുമിടയിൽ ബർസ (പേർഷ്യൻ) യിലെ ബിഷപ്പ് ഡൂഡി (David) ഇന്ത്യയിൽ ഉണ്ടായിരുന്ന ക്രിസ്ത്യാനികളെ ഭരിച്ചിരുന്നതായി കാണുന്നു. മിങ്ങാനായുടെ പുസ്തകത്തിൻ പ്രകാരം ഇശ്ശോയാദാദ് എന്ന വേദപണ്ഡിതൻ തന്റെ റോമർക്കുള്ള പുസ്തകത്തിന്റെ പഠനത്തിന്റെ മാർജിനിൽ എഴുതി ചേർത്തിരിക്കുന്നു: "ഈ പഠനം ഇന്ത്യൻ വൈദികനായ ദാനിയേലിന്റെ സഹായത്തോടെ മാർ

കോമായി ഗ്രീക്കിൽനിന്നും സുറിയാനിയിലേക്ക് തർജ്ജിമ ചെയ്തിരിക്കുന്നു." (Mingana Opcit.P27)

5. എ.ഡി. 370-ൽ മാർ അപ്രേം രചിച്ച പ്രാർത്ഥനാ ഗാനങ്ങളിലും തോമാശ്ലീഹായുടെ ഇന്ത്യയിലെ സുവിശേഷം വ്യക്തമായി പ്രതിപാദിക്കുന്നുണ്ട്. താഴെ പറയുന്ന പുസ്തകങ്ങളും കാണുക.

1. വി.ശങ്കുണ്ണി മേനോൻ, തിരുവിതാംകൂർ ചരിത്രം, കേരള ഭാഷ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1973.

2. കെ.പി.പത്മനാഭമേനോൻ, കൊച്ചി രാജ്യചരിത്രം, മാതൃഭൂമി, കോഴിക്കോട്, 1914.

3. V. Nagam Aiya, Travancore State Manual, Travancore G.V. Press, Travancore,1906.

6. കൂടാതെ എ.ഡി. 345-ൽ ക്നായി തൊമ്മന്റെ നേതൃത്വത്തിൽ പേർഷ്യയിൽ നിന്ന് ക്രൈസ്തവർ ഇവിടെ കുടിയേറിപ്പാർത്ത് കേരള ക്രിസ്ത്യാനികളുടെ ഭാഗമായിത്തീരുകയും ചെയ്തു. പാരമ്പര്യമനുസരിച്ച് ക്രൈസ്തവരുടെ തലവനായി ആർക്കിദയോക്കൻമാരാണ് ഭരണകാര്യങ്ങൾ നോക്കിയിരുന്നത്. എന്നാൽ ആത്മീയകാര്യങ്ങൾ നോക്കിയിരുന്നത് പേർഷ്യൻ സഭയിൽ നിന്ന് (ഇറാക്ക്) വന്ന മെത്രാന്മാരായിരുന്നു. അന്ന് ക്രിസ്ത്യാനികളുടെ ആരാധനാരീതി ഏതാണ്ട് ഹൈന്ദവ ആരാധനാരീതി പോലെ ആയിരുന്നെങ്കിലും അടിസ്ഥാന ആരാധനക്രമം സിറിയക്ക് ലിറ്റർജി ആയിരുന്നു എന്നാണ് സഭാ

പാരമ്പര്യത്തിൽ പറയുന്നത്. 1498-ൽ പോർച്ചുഗീസ് നാവികനായിരുന്ന വാസ്കോഡി ഗാമ വന്നതിനുശേഷം സെന്റ് ഫ്രാൻസിസ് സേവ്യർ മുതലായ മിഷനറിമാരുടെ പ്രവർത്തന ഫലമായി ധാരാളം പേർ ക്രിസ്തുമതത്തിൽ ചേർന്നു. ലത്തീൻ ആരാധനക്രമം (ലിറ്റർജി) ആണ് ഉപയോഗിച്ചിരുന്നത്. അതുകൊണ്ട് ആദിമ ക്രിസ്ത്യാനികൾ സുറിയാനിക്കാരെന്നും പോർച്ചുഗീസുകാർ പരിവർത്തനം ചെയ്ത ക്രിസ്ത്യാനികൾ ലത്തീൻ ക്രിസ്ത്യാനികൾ എന്നും അറിയപ്പെട്ടിരുന്നു. 1599-ൽ ഗോവയിലെ ആർച്ച്ബിഷപ്പ് അലെയിക്സൊഡോം മെനെസിസ് ഉദയംപേരൂരിൽ വച്ച് ഒരു സൂനഹദോസ് (Synod of Diamper) കൂട്ടുകയും സുറിയാനി സഭയെ അദ്ദേഹത്തിന്റെ ഭരണത്തിൻ കീഴിലാക്കുകയും കേരള ക്രിസ്ത്യാനികളെ മുഴുവൻ ആ ആരാധനാ രീതികളുടെ കീഴിലാക്കുകയും ചെയ്തു. എന്നാൽ ആദിമ ക്രിസ്ത്യാനികളിൽ പലരും അസംതൃപ്തരാകുകയും 1653 ജനുവരിയിൽ മട്ടാഞ്ചേരിയിൽ വച്ച് നടന്ന കൂനൻകുരിശു സത്യത്തോടുകൂടി ആ ഭരണത്തിൽ നിന്ന് അവരിൽ ചിലർ വേർപെടുകയും ചെയ്തു. എന്നാൽ ആദിമ ക്രിസ്ത്യാനികളിൽ മറ്റ ചിലർ ഉദയംപേരൂർ സുനഹദോസ് പ്രകാരമുള്ള ലത്തീൻ ആരാധനാ രീതികൾ തന്നെ തുടർന്നു. പിന്നീട് പല കാരണങ്ങളാൽ കൂനൻ കുരിശു സത്യം എടുത്തു മാറിയ സുറിയാനി സഭയും പലതായി പിളർന്നു. ബ്രിട്ടീഷ് മിഷനറിമാരുടെ

പ്രവർത്തന ഫലമായി മറ്റു ധാരാളം ആളുകളും ക്രിസ്ത്യാനികൾ ആകുകയും ധാരാളം നവീകരണ സഭകൾ ഉണ്ടാകുകയും ചെയ്തു. ഇവ കൂടാതെ റോമൻ കത്തോലിക്കാ സഭയിൽ തന്നെ, സീറോ മലബാർ സഭ, ലത്തീൻ കത്തോലിക്കാ സഭ, മലങ്കര കത്തോലിക്കാ സഭ എന്ന് വിവക്ഷിക്കപ്പെട്ടിരിക്കുന്ന സഭകളും രൂപപ്പെട്ട് നിലനിൽക്കുന്നു.

7. കമ്മീഷനിൽ ലഭിച്ച ഒരു പരാതി **(അനുബന്ധം - 1)** പ്രകാരം അതാത് സംസ്ഥാനങ്ങളാണ് ജനസംഖ്യ അനുസരിച്ച് ന്യൂനപക്ഷ പദവി തീരുമാനിക്കേണ്ടതെന്ന് ബഹുമാനപ്പെട്ട സുപ്രീം കോടതി വിധിച്ചിട്ടുണ്ട് എന്ന് ചൂണ്ടിക്കാട്ടുന്നു. സംസ്ഥാനത്ത് ഇപ്പോൾ 25%-ൽ അധികം മുസ്ലീങ്ങൾ ഉണ്ടെന്നും അവർക്ക് പിന്നോക്ക സമുദായം (ഒ.ബി.സി.) എന്ന രീതിയിൽ ആനുകൂല്യങ്ങളും ഉണ്ടെന്നും ആണ് പരാതിയിൽ പറയുന്നത്. 20%-ൽ അധികം ജനസംഖ്യ ഉള്ള ഏതെങ്കിലും ഒരു സമുദായത്തിന് ഒ.ബി.സി. എന്ന രീതിയിലും ന്യൂനപക്ഷം എന്നുള്ള രീതിയിലും ആനുകൂല്യങ്ങളും കൂടാതെ മെറിറ്റ് പ്രകാരം അവകാശപ്പെട്ട പങ്കും ഒരുമിച്ച് കിട്ടുമ്പോൾ ജനസംഖ്യ കുറഞ്ഞുകൊണ്ടിരിക്കുന്ന സംവരണ ഇതര ക്രിസ്ത്യാനികൾക്ക് മറ്റുള്ളവരോടൊപ്പം മെറിറ്റിൽ മാത്രമാണ് അവരുടെ പങ്ക് ലഭിക്കുന്നത്. ഇത് നീതിരഹിതമാണ് എന്നാണ് പരാതി. ഭൂരിപക്ഷം എന്ന് പറയപ്പെടുന്ന സമുദായത്തിൽ

തന്നെ പല വിഭാഗങ്ങളുമുണ്ട്. എന്നാൽ ഏതെങ്കിലും ഒരു മതത്തിൽ വിശ്വസിക്കുന്നവർ ആ സംസ്ഥാനത്തിലെ ജനസംഖ്യയുടെ അഞ്ചിൽ ഒന്നിൽ (20%-ൽ) കൂടുതൽ ഉണ്ടെങ്കിൽ ആ സമുദായത്തെ ആ സംസ്ഥാനത്തിലെ ന്യൂനപക്ഷം എന്ന് പറയുവാൻ സാധിക്കുകയില്ല എന്നും അങ്ങനെ ആയിരിക്കുമ്പോൾ അവർക്ക് തിരഞ്ഞെടുപ്പിലൂടെയും മറ്റും കൂടുതൽ നിയമസഭാ സാമാജികരെ തിരഞ്ഞെടുക്കാവുന്നതു വഴി എല്ലാ അവകാശങ്ങളും ലഭിക്കുന്നതിനുള്ള സാഹചര്യങ്ങൾ ഉണ്ട് എന്നും. അതുകൊണ്ട് അത്തരം സമുദായങ്ങളെ ഒഴിവാക്കിയിട്ടു വേണം സംസ്ഥാന അടിസ്ഥാനത്തിൽ ന്യൂനപക്ഷങ്ങളെ തീരുമാനിക്കേണ്ടതും ക്ഷേമ ആനുകൂല്യങ്ങൾ നൽകേണ്ടതും എന്നാണ് പരാതി.ഈ ആവശ്യം കമ്മീഷന്റെ അന്വേഷണപരിധിയിൽ വരുന്ന ഒരു വിഷയമല്ല. അതുകൊണ്ട് കമ്മീഷൻ അതിനെ സംബന്ധിച്ച് പ്രത്യേകമായി ഒരു അഭിപ്രായവും രേഖപ്പെടുത്തുന്നില്ല.

8. സർക്കാർ ഉത്തരവനുസരിച്ച് കമ്മീഷന്റെ അന്വേഷണത്തിന് വിധേയമായ പല വിഷയങ്ങളിലും പല ആവശ്യങ്ങളും എല്ലാവരേയും ഒരുപോലെ ബാധിക്കുന്ന പൊതു പ്രശ്നങ്ങൾ ആണെങ്കിലും പട്ടികജാതിയിൽ നിന്നും മറ്റും മതപരിവർത്തനം ചെയ്തിട്ടുള്ള പരിവർത്തിത ക്രിസ്ത്യാനികളുടെയും മത്സ്യ ത്തൊഴിലാളികളുടെയും പ്രശ്നങ്ങൾ പ്രത്യേകമായതുകൊണ്ട്

അത്തരം പ്രശ്നങ്ങൾക്ക് പരിഗണന നൽകി ഈ റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുണ്ട്. കൂടാതെ മലയോരകർഷകർ, വനാതിർത്തിയോടടുത്ത് താമസിക്കുന്ന കർഷകർ, തീരദേശവാസികൾ, കുട്ടനാട് മുതലായ സ്ഥലങ്ങളിൽ താമസിക്കുന്നവർ തുടങ്ങിയവർക്ക് പ്രത്യേകമായ ക്ഷേമ പ്രവർത്തനങ്ങൾ ആവശ്യമുണ്ടോ തുടങ്ങിയ കാര്യങ്ങൾ ഓരോ വിഷയങ്ങളും വിശദമായി വിശകലനം ചെയ്ത് പ്രത്യേക ഭാഗങ്ങളായി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**9.** വിവിധ കാരണങ്ങളാൽ കേരളത്തിൽ ക്രിസ്ത്യാനികളുടെ ജനസംഖ്യ കുറഞ്ഞു കൊണ്ടിരിക്കുകയാണ്. 2001-ലെ സെൻസസ് പ്രകാരം കേരളത്തിലെ ക്രൈസ്തവരുടെ ജനസംഖ്യ ആകെ ജനസംഖ്യയുടെ 19.05% ആയിരുന്നെങ്കിൽ 2011-ൽ 18.38% ആയി കുറഞ്ഞു. അതായത് 64,11,269. ഇത് പ്രധാനമായും ജനനനിരക്ക് കുറയുന്നതുകൊണ്ട് സംഭവിക്കുന്നതാണ്. പല അഭ്യസ്തവിദ്യരും ജോലിയും മറ്റും കേരളത്തിൽ ലഭിക്കാത്തതിനാൽ വിദേശത്തും മറുനാടുകളിലും താമസമാക്കുന്നതു കൊണ്ട് ജനസംഖ്യാ ശോഷണം സംഭവിക്കുന്നുണ്ട്. കമ്മീഷന്റെ ശ്രദ്ധയിൽപ്പെടുത്തിയ കണക്കുകൂട്ടൽ അനുസരിച്ച് 2018-ൽ ക്രിസ്ത്യാനികളുടെ ജനസംഖ്യാ ശതമാനം 14.35% മാത്രമായിരുന്നു. 2019-ൽ ഇത് 14.28% മാത്രമായി കുറഞ്ഞു എന്ന് കണക്കാക്കപ്പെടുന്നു. 2019-ൽ കേരള ജനസംഖ്യ തൊട്ടു മുൻവർഷത്തേതിൽ നിന്നും രണ്ട് ലക്ഷത്തി

ഒൻപതിനായിരത്തി അഞ്ഞൂറ്റി നാല്പത്തിയാറോളം (2,09,546) വർദ്ധിച്ചപ്പോൾ അതിൽ ഒന്നരലക്ഷത്തി ഒൻപതിനായിരത്തി അഞ്ഞൂറ്റി അൻപത് (1,59,550) പേർ മുസ്ലിം വിഭാഗങ്ങളിലും മുപ്പത്തിഅയ്യായിരത്തി പത്ത് (35,010) പേർ ഹിന്ദു വിഭാഗങ്ങളിലുമാണ്. എന്നാൽ ക്രൈസ്തവ വിഭാഗങ്ങളിൽ വെറും പതിനാലായിരത്തി എഴുന്നൂറ്റി മുപ്പത് (14,730) പേരുടെ വർദ്ധന മാത്രമാണ് ഉണ്ടായത് എന്ന് ചൂണ്ടിക്കാണിക്കപ്പെടുന്നു. ക്രൈസ്തവരുടെ വളർച്ചാനിരക്കും ഓരോ വർഷവും ഗണ്യമായ തോതിൽ കുറഞ്ഞു വരികയാണ് എന്ന് ചൂണ്ടിക്കാണിക്കപ്പെടുന്നു. 2005-ൽ ആകെ വർദ്ധിച്ച ജനസംഖ്യയിൽ അൻപത്തി അയ്യായിരത്തി അറുന്നൂറ്റിനാല്പത് (55,640) പേർ ക്രൈസ്തവരായിരുന്നെങ്കിൽ ഇത് 2019-ൽ പതിനാലായിരത്തി എഴുന്നൂറ്റിമുപ്പത് (14,730) ആയി കുറഞ്ഞു എന്നാണ് ചൂണ്ടിക്കാണിക്കപ്പെട്ടത്. ഓരോ വർഷവും ഇത് ഏകദേശം മൂവായിരം (3,000) വീതം കുറഞ്ഞു കൊണ്ടിരിക്കുകയാണ്. ഇത് ചുരുങ്ങിയ വർഷങ്ങൾക്കുള്ളിൽ നെഗറ്റീവ് വളർച്ചാ നിരക്കിലേക്കും അതുവഴി ക്രൈസ്തവരുടെ ജനസംഖ്യാശോഷണത്തിലേക്കും എത്തിച്ചേരും എന്ന ആശങ്കയ്ക്ക് വഴിതെളിക്കുന്ന സാഹചര്യങ്ങൾ ഇന്ന് സമൂഹത്തിൽ നിലനിൽക്കുന്നു.

**10.** ഇതിന് പ്രധാനകാരണങ്ങൾ താഴെ പറയുന്നവയാണ് :-

a. കേരളത്തിൽ പെട്ടെന്ന് ജോലി ലഭിക്കത്തക്കതോ ഉയർന്ന ശമ്പളം ലഭിക്കുന്നതോ ആയ ഉപരിപഠനത്തിനോ സാങ്കേതിക പഠനത്തിനോ ഉള്ള സൗകര്യങ്ങൾ കുറവാണ്. വിവിധ രീതികളിലുള്ള സംവരണം കഴിഞ്ഞതിനു ശേഷം അത്തരം സൗകര്യങ്ങൾ ഉള്ള പരിമിത വിദ്യാഭ്യാസകേന്ദ്രങ്ങളിൽ പോലും ക്രൈസ്തവർക്ക് കിട്ടുന്ന അവസരങ്ങൾ ഇപ്പോൾ താരതമ്യേന കുറഞ്ഞുവരുന്നു. കൂടാതെ മലയോരപ്രദേശങ്ങളിലും തീര പ്രദേശങ്ങളിലും താമസിക്കുന്നവർക്ക് ദൂരസ്ഥലങ്ങളിൽ പോയി ഫീസു കൊടുത്ത് ഹോസ്റ്റലിൽ താമസിച്ച് പഠിക്കുവാൻ കലശലായ സാമ്പത്തിക ബുദ്ധിമുട്ടുണ്ട്. കൂടാതെ മത്സ്യ സമ്പത്തിന്റെ ലഭ്യത കുറഞ്ഞതിനാലും കാർഷികമേഖല തകർച്ചയിലായതിനാലും ഉപജീവനത്തിന് മറ്റുവഴികൾ തേടേണ്ടി വരുന്നു. ഈ കാരണങ്ങളാൽ പലർക്കും വിവാഹം അനിശ്ചിതമായി നീട്ടിവച്ചും ചിലർക്ക് വിവാഹം കഴിക്കാതെയും ജീവിക്കേണ്ടിവരുന്നു. കേരളത്തിലെ ക്രൈസ്തവ സമൂഹത്തിൽ മുപ്പത് വയസിനുശേഷവും വിവാഹം നടക്കാത്ത യുവാക്കളുടെയും യുവതികളുടെയും എണ്ണം ഇന്ന് വളരെ വർധിച്ചുവരുന്നു.

b. ഉയർന്ന വിദ്യാഭ്യാസയോഗ്യത നേടിയാലും ജാതി സംവരണങ്ങൾ എല്ലാം കഴിഞ്ഞ് ജോലിക്കും ഉപജീവനത്തിനും

ഉള്ള അവസരങ്ങളും കുറഞ്ഞു കൊണ്ടിരിക്കുകയാണ്. അതിനാൽ ഉപരിപഠനത്തിന് പോകുന്ന വിദ്യാർത്ഥികളും ഇവിടെ പഠിച്ച്പാസ്സായിട്ടുള്ള വിദ്യാർത്ഥികളും ജോലിക്കു വേണ്ടി വിദേശത്ത് പോകുകയും ക്രമേണ അവിടെ സ്ഥിര താമസക്കാരാകുകയും ചെയ്യുന്നു.

c. കുടുംബത്തിന്റെ വലിപ്പം നിയന്ത്രിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിന് 1970-നു ശേഷം വലിയ രീതിയിൽ മുന്നോട്ടു വന്നത് ക്രൈസ്തവ സമൂഹമാണ്. അതുകൊണ്ട് ഒരു കുടുംബത്തിൽ തന്നെ ധാരാളം മക്കളുണ്ടായിരുന്ന പഴയ സ്ഥിതിവിശേഷം മാറുകയും ഇന്ന് കുടുംബത്തിൽ ഒന്നോ രണ്ടോ മക്കൾ മാത്രമുള്ളത് ക്രൈസ്തവസമൂഹത്തിൽ സർവ്വസാധാരണമായി തീരുകയും ചെയ്തിട്ടുണ്ട്.

## അധ്യായം 2

## ക്രിസ്ത്യൻ ന്യൂനപക്ഷത്തിന്റെ പൊതുവായ പ്രശ്നങ്ങൾ

1. വിദ്യാഭ്യാസം എന്നത് എല്ലാവർക്കും നല്ല ഗുണനിലവാരത്തിലും സമീപത്തും സർക്കാരിന്റെ ചുമതലയിൽ നൽകപ്പെടേണ്ട ഒരു പൗരാവകാശമാണ്. പ്രത്യേകിച്ചും സ്കൂൾ വിദ്യാഭ്യാസം കുട്ടികൾക്ക് വീടിന്റെ അടുത്തു തന്നെ ലഭ്യമാക്കേണ്ടതാണ്. അതിനാൽ സർക്കാർ സ്വയം കുട്ടികൾക്ക് സൗകര്യപ്രദമായ സ്ഥലങ്ങളിൽ കെട്ടിടങ്ങൾ പണിത് പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കി അധ്യാപകരെ നിയമിച്ച് അവർക്ക് ശമ്പളം കൊടുത്ത് കുട്ടികൾക്ക് എല്ലാ സൗകര്യങ്ങളും നല്കി തുടർച്ചയായി നൽകേണ്ട ഒരു സംഗതിയാണ് വിദ്യാഭ്യാസം. അപ്പോൾ ഏതെങ്കിലും ഒരു വ്യക്തിയോ ഒരു സമൂഹമോ സർക്കാർ തീരുമാനിക്കുന്ന സിലബസ് അനുസരിച്ചും സർക്കാർ നിശ്ചയിക്കുന്ന രീതിയിലും സ്വന്തം സ്ഥലം കണ്ടെത്തി സ്വയം കെട്ടിടം പണിത് വിദ്യാർത്ഥികൾക്ക് സാധാരണഗതിയിൽ സർക്കാർ നൽകുന്നതിനേക്കാൾ മെച്ചപ്പെട്ട സൗകര്യങ്ങൾ നല്കി സ്കൂളുകൾ നടത്തുന്നത് സർക്കാരിനും പൊതുസമൂഹത്തിനും അങ്ങേയറ്റം ഗുണപ്രദമായ കാര്യമാണ്. സർക്കാർ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന സ്വകാര്യ സ്കൂളുകളെ ഈ കാഴ്ചപ്പാടോടുകൂടിയാണ് നാം കാണേണ്ടത്. നമ്മുടെ നാട്ടിൽ

ഏതാണ്ട് 200-ൽ അധികം വർഷങ്ങളായി എല്ലാ വിഭാഗങ്ങൾക്കും ഏറ്റവും ചെലവുകുറഞ്ഞതും പ്രാപ്യവുമായ രൂപത്തിൽ വിദ്യാഭ്യാസം നൽകുന്നതിൽ കേരളത്തിലെ ക്രൈസ്തവ സമൂഹം മുൻപന്തിയിലായിരുന്നു. വിദ്യാഭ്യാസം ആരുടേയും അവകാശമല്ലാതിരുന്ന ഒരു കാലത്ത് എല്ലാ മനുഷ്യരുടെയും അന്തസ്സിന് വിദ്യാഭ്യാസം ആവശ്യമാണ് എന്നു കരുതി സ്വന്തമായി പണം മുടക്കി പല സുമനസ്സുകളുടേയും സഹകരണത്തോടുകൂടി കേരളത്തിലെ മിക്കവാറും എല്ലാ പ്രദേശങ്ങളിലും ധാരാളം സ്കൂളുകൾ ക്രൈസ്തവ സഭകൾ നടത്തിവരുന്നുണ്ട്. ഇവയെല്ലാം തന്നെ കേരളത്തിന്റെ പുരോഗതിക്കും മറ്റ് സംസ്ഥാനങ്ങളെക്കാൾ വളരെ ഉയർന്ന തോതിലുള്ള മനുഷ്യ വിഭവശേഷി വികസനത്തിനും മറ്റു സംസ്ഥാനങ്ങളിലും വിദേശത്തും മെച്ചപ്പെട്ട ജോലികൾ ലഭിക്കുന്നതിന് കേരള സമൂഹത്തെ പ്രാപ്തരാക്കുന്നതിനും സഹായിച്ചിട്ടുണ്ട്. അല്പം പോലും ലാഭേച്ഛയില്ലാതെ, സ്ഥാപനങ്ങളുടെ സാമ്പത്തിക ആവശ്യങ്ങൾ സഭയുടേയും സഭാവിശ്വാസികളുടേയും സുമനസ്സുകളായ മാതാപിതാക്കളുടെയും സഹായത്തോടുകൂടി നിർവഹിച്ചാണ് ഈ സ്ഥാപനങ്ങൾ തദ്ദേശീയ പൊതുജന സഹകരണത്തോടുകൂടി കാലാകാലങ്ങളായി മുൻപോട്ടു പൊയ്ക്കൊണ്ടിരിക്കുന്നത്.

2. കേരളത്തിലെ വിദ്യാഭ്യാസ കാര്യങ്ങളിൽ രണ്ടു നൂറ്റാണ്ടിലധികമായി ക്രിസ്ത്യൻ ന്യൂനപക്ഷങ്ങൾ നൽകിയിട്ടുള്ള സേവനങ്ങൾ എല്ലാ രാഷ്ട്രീയ-സാംസ്കാരിക നേതാക്കന്മാരും അംഗീകരിച്ചിട്ടുള്ള യാഥാർത്ഥ്യമാണ്. പള്ളിയോട് ചേർന്ന് പള്ളിക്കൂടങ്ങൾ സ്ഥാപിക്കുകയും ജാതി മതഭേദമെന്യേ അവിടെ വിദ്യാഭ്യാസം നൽകുകയും മിഷനറിമാരുടെ നേതൃത്വത്തിൽ ഇംഗ്ലീഷ് വിദ്യാഭ്യാസം വ്യാപകമാക്കുകയും ചെയ്തു. എങ്കിലും ഇന്ന് വിദ്യാഭ്യാസ മേഖലയിൽ ക്രിസ്ത്യാനികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ വളരെയേറെയാണ്. എന്നാലും ഇന്ന് മാറിയ സാഹചര്യങ്ങളിൽ കേരളത്തിൽ സർക്കാർ നേരിട്ട് നടത്തുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളെ കൂടാതെ സർക്കാർ സഹായത്തോടുകൂടി പ്രവർത്തിക്കുന്ന വിദ്യാലയങ്ങളും (Aided Educational Institutions) സർക്കാർ സഹായമില്ലാതെ പ്രവർത്തിക്കുന്ന സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളും ക്രിസ്ത്യാനികൾ ഉൾപ്പെടെയുള്ള ന്യൂനപക്ഷങ്ങൾ നടത്തുന്നുണ്ട്. എന്നാൽ പുതിയ നിയമങ്ങളും ആ നിയമങ്ങളുടെ പിൻബലത്തിൽ നൽകപ്പെടുന്ന ചട്ടങ്ങളും നിർദ്ദേശങ്ങളും നിലവിൽ വന്നതിനുശേഷം പല വിദ്യാലയങ്ങളും ഉചിതമായ രീതിയിൽ നടത്തിക്കൊണ്ടുപോകാൻ സാധിക്കാത്ത ഒരു സ്ഥിതിവിശേഷം ഉരുത്തിരിഞ്ഞുവരുന്നുണ്ട്. സമീപപ്രദേശത്ത് നല്ല നിലവാരമുള്ള

സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും അഭാവം മൂലം ധാരാളം ക്രിസ്ത്യൻ കുട്ടികൾ അൺ-എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വലിയ ഫീസ് കൊടുത്ത് പഠിക്കുവാൻ നിർബന്ധിതരാകുന്നു. ഏകജാലകം എന്ന അഡ്മിഷൻ രീതി നടപ്പിൽ വന്നതുവഴി ന്യൂനപക്ഷ അവകാശങ്ങൾ കവർന്നെടുക്കുന്ന സാഹചര്യങ്ങൾ ഉണ്ടാകുന്നു. ഇതുമൂലം സ്വന്തം ഇടവകയുടെ എയ്ഡഡ് സ്കൂളിൽ പഠിക്കാൻ പറ്റാതെ വളരെദൂരെ പോയി പഠിക്കേണ്ടി വരുന്നതും, ഇഷ്ടമുള്ള വിഷയം തിരഞ്ഞെടുക്കുവാൻ പറ്റാത്തതുമായ ദുരവസ്ഥ യുണ്ടാകുന്നു. അൺ-എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സർക്കാർ സഹായം ഒന്നും തന്നെ ലഭിക്കുന്നില്ല. കമ്മീഷനിൽ ലഭിച്ച നിവേദനങ്ങൾ അനുസരിച്ച് ആവശ്യത്തിന് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇല്ലാത്തതിനാൽ പലർക്കും പത്താം ക്ലാസ് കഴിഞ്ഞാൽ ഉപരിപഠനത്തിന് പോകുവാൻ സാധിക്കാത്ത അവസ്ഥയാണ്. അർഹരായവർക്ക് സ്കോളർഷിപ്പ് ലഭിക്കുന്നില്ല, ആവശ്യത്തിനുള്ള സർട്ടിഫിക്കറ്റുകൾ സർക്കാർ ഉദ്യോഗസ്ഥർ യഥാസമയം നൽകുന്നില്ല തുടങ്ങിയ പല പരാതികളും ലഭിച്ചിട്ടുണ്ട്.

3. നിവേദനങ്ങൾ പ്രകാരം ക്രിസ്ത്യാനികൾക്ക് മൊത്തത്തിൽ ഉന്നത വിദ്യാഭ്യാസത്തിന് ആപേക്ഷികമായി തുച്ഛമായ സീറ്റുകൾ മാത്രമാണ് ലഭിക്കുന്നത്. 10-12-2020-ൽ പ്രവേശന പരീക്ഷ

കമ്മീഷണർ പ്രസിദ്ധീകരിച്ച ലിസ്റ്റ് അനുസരിച്ച് 2072-ആം റാങ്ക് ഉണ്ടായിരുന്ന മുസ്ലിം സമുദായത്തിൽപ്പെട്ട വിദ്യാർത്ഥിക്ക് എം.ബി.ബി.എസ്-ന് പ്രവേശനം ലഭിച്ചു. 296 മുസ്ലിം വിദ്യാർത്ഥികൾക്ക് Open Merit-ലും 354 മുസ്ലിം വിദ്യാർത്ഥികൾക്ക് സംവരണം അനുസരിച്ചും ആകെ 650 മുസ്ലീം വിദ്യാർത്ഥികൾക്ക് പ്രവേശനം ലഭിച്ചു. ഈഴവ സമുദായത്തിൽ നിന്ന് പ്രവേശനം ലഭിച്ചവരുടെ അവസാനത്തെ റാങ്ക് 2,241 ആണ്. ലാറ്റിൻ കാത്തലിക്ക്/ആംഗ്ലോ ഇന്ത്യൻ വിഭാഗത്തിൽപ്പെട്ടവരിൽ ആകെ പ്രവേശനം ലഭിച്ചത് 43 പേർക്ക് മാത്രമാണ്. മറ്റ പിന്നോക്ക വിഭാഗത്തിൽപ്പെട്ട ക്രിസ്ത്യാനികളിൽ 17 പേർക്ക് മാത്രമാണ് പ്രവേശനം ലഭിച്ചത്. EWS in general category 179-ഉം General category-യിലൂടെ പ്രവേശനം ലഭിച്ച അവസാന റാങ്ക് 961-ഉം ആണ്. സംവരണം ഇല്ലാത്തതിനാൽ സംവരണ ഇതര വിഭാഗത്തിൽപ്പെട്ട 414 പേർക്ക് മാത്രമാണ് മെറിറ്റിൽ പ്രവേശനം ലഭിച്ചത്. ഇതിൽ സംവരണ ഇതര വിഭാഗത്തിൽപ്പെട്ട ക്രിസ്ത്യാനികളും നായർ സമുദായവും ബ്രാഹ്മണ സമുദായവും എല്ലാം ഉൾപ്പെടും. എല്ലാം കൂടി ചേർത്ത് മുസ്ലിം സമുദായത്തിന് കിട്ടിയതിന്റെ മൂന്നിൽ രണ്ട് മാത്രമാണ് എല്ലാ സമുദായങ്ങൾക്കും കൂടി ലഭിച്ചത് എന്നാണ് ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുള്ളത്. മറ്റ പിന്നോക്ക വിഭാഗത്തിൽപ്പെട്ട ലാറ്റിൻ കാത്തലിക്ക്/ആംഗ്ലോ

ഇന്ത്യൻ വിഭാഗത്തിൽപ്പെട്ടവർക്ക് പഠിക്കുവാനുള്ള സൗകര്യം കുറവായതിനാലാണ് ആ വിഭാഗത്തിൽപ്പെട്ടവരുടെ അവസാനത്തെ റാങ്ക് 3,000-ൽ താഴെ ആകുവാൻ കാരണം.

4. ന്യൂനപക്ഷങ്ങളുടെ കൂട്ടത്തിൽ ക്രിസ്ത്യാനികൾക്ക് മുസ്ലീം ജനവിഭാഗങ്ങൾക്ക് ലഭിക്കുന്ന തോതിനനുസൃതമായ പ്രാതിനിധ്യം ആനുകൂല്യങ്ങളിൽ ഇല്ലെന്ന് കാണുന്നു. ന്യൂനപക്ഷങ്ങൾക്ക് നല്കിക്കൊണ്ടിരിക്കുന്ന സ്കോളർഷിപ്പുകളിൽ 80 ശതമാനവും മുസ്ലീങ്ങൾക്കുവേണ്ടി നീക്കിവച്ചിരിക്കുകയായിരുന്നു. ബാക്കിയുള്ള എല്ലാ ന്യൂനപക്ഷങ്ങൾക്കും വേണ്ടി ആകെയുള്ളതിന്റെ 20 ശതമാനം മാത്രമാണ് നീക്കി വച്ചിരുന്നത്. ഇങ്ങനെ സ്കോളർഷിപ്പുകൾ നൽകുന്നത് ശരിയായ രീതിയിൽ അല്ല എന്നും ന്യൂനപക്ഷങ്ങളുടെ ജനസംഖ്യയുടെ അടിസ്ഥാനത്തിൽ സ്കോളർഷിപ്പുകൾ കൊടുക്കണമെന്നും ബഹുമാനപ്പെട്ട ഹൈക്കോടതി വിധി പ്രസ്താവിക്കുകയുണ്ടായി. എന്നാൽ നിലവിലുള്ള സ്കോളർഷിപ്പുകളുടെ വ്യക്തിഗത ലഭ്യത മാറ്റാതിരിക്കുവാൻ മറ്റു ന്യൂനപക്ഷങ്ങൾക്ക് ആവശ്യമുള്ള സ്കോളർഷിപ്പുകൾ അധികമായി നൽകി ജനസംഖ്യാടിസ്ഥാനത്തിൽ എല്ലാ മതന്യൂനപക്ഷങ്ങൾക്കും കിട്ടുവാൻ തക്കവണ്ണം സർക്കാർ ഉത്തരവായി. അത് സ്വാഗതാർഹമാണ്. ഈ വിഷയം സുപ്രീം കോടതിയുടെ പരിഗണനയിൽ ആണെങ്കിലും

കോടതിയിൽ നിന്നും സ്റ്റേ ഉത്തരവ് ഉണ്ടായിട്ടുമില്ല. കോടതിയുടെ പരിഗണനയിലിരിക്കുന്ന വിഷയമായതിനാൽ കൂടുതൽ നിർദ്ദേശങ്ങൾ ആവശ്യമില്ല.

5. കമ്മ്യൂണിറ്റി ക്വോട്ടയിലെ സീറ്റുകളിൽ മെറിറ്റിന്റെ അടിസ്ഥാനത്തിൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികൾക്ക് ഇപ്പോൾ സ്കോളർഷിപ്പ് ലഭിക്കുന്നില്ല.

6. പുതിയ വിദ്യാഭ്യാസ നയം പ്രകാരം ഒരു കോളേജ് ഓട്ടോണോമസ് ആകണമെങ്കിൽ മൂവായിരം വിദ്യാർഥികൾ വേണമെന്നുണ്ട്. അതിനായി പുതിയ കോഴ്സുകളും അനുവദിക്കേണ്ടിയിരിക്കുന്നു. എന്നാൽ കേരള യൂണിവേഴ്സിറ്റി പുതിയ കോഴ്സുകൾ അനുവദിക്കാത്തതിനാൽ പ്രശസ്തമായ രീതിയിൽ പ്രവർത്തിക്കുന്ന കോളേജുകൾ ആയിട്ടു പോലും പല കോളേജുകൾക്കും ഓട്ടോണോമസ് പദവി ലഭിക്കുന്നില്ല. അതുപോലെ തീരദേശത്തുള്ള സെന്റ് മൈക്കിൾസ് കോളേജ് പോലെയുള്ള കോളേജുകളിൽ കൂടുതൽ കോഴ്സുകൾക്ക് അപേക്ഷിച്ചെങ്കിലും ലഭിക്കുന്നില്ല. ന്യൂനപക്ഷങ്ങൾ നടത്തുന്ന കോളേജുകളിൽ പൊതുവായും, തീരദേശത്തും മലയോര പ്രദേശങ്ങളിലും താമസിക്കുന്നവരുടെ ബുദ്ധിമുട്ടുകൾ മനസ്സിലാക്കി അവിടെയുള്ള കോളേജുകളിൽ പ്രത്യേകിച്ചും, പുതിയ കോഴ്സുകൾ കൂടുതലായി അനുവദിക്കണം എന്നു ശുപാർശ ചെയ്യുന്നു.

7. സാമ്പത്തിക സുരക്ഷിതത്വം ഇല്ലാത്തതിനാലും ഭൂമിശാസ്ത്രപരമായ കാരണങ്ങളാലും മലയോരപ്രദേശങ്ങളിലും തീരപ്രദേശങ്ങളിലും മറ്റും താമസിക്കുന്നവർക്ക് കഠിനമായ പിന്നോക്കാവസ്ഥയുണ്ട്. ഇതിന് പരിഹാര മാർഗമായി കൂടുതൽ ഉന്നത വിദ്യാഭ്യാസ സൗകര്യങ്ങൾ ഉണ്ടാകേണ്ടിയിരിക്കുന്നു. മലയോര പ്രദേശങ്ങളിലും തീരപ്രദേശങ്ങളിലും മൽസ്യ ത്തൊഴിലാളികൾ കൂടുതലായി താമസിക്കുന്ന സ്ഥലങ്ങളിലും ഉന്നത വിദ്യാഭ്യാസസ്ഥാപനങ്ങളും തൊഴിൽപരിശീലനകേന്ദ്രങ്ങളും ഉണ്ടാകണം. എഞ്ചിനിയറിങ്, മെഡിസിൻ, സിവിൽ സർവീസ് തുടങ്ങിയവയ്ക്കുള്ള പരിശീലന കേന്ദ്രങ്ങളും ഉപകേന്ദ്രങ്ങളും ക്രൈസ്തവ ന്യൂനപക്ഷങ്ങൾ കൂടുതലായുള്ള മേഖലകളിൽ, പ്രത്യേകിച്ച് തീരദേശ-മലയോരപ്രദേശങ്ങളിൽ, സ്ഥാപിക്കണം. ഇത്തരം കേന്ദ്രങ്ങൾ മലപ്പുറം ജില്ലയിൽ ധാരാളമായി ഉണ്ട്. എന്നാൽ ധാരാളം പാവപ്പെട്ട കുടിയേറ്റ കർഷകർ അധിവസിക്കുന്ന ഇടുക്കി മേഖലയിലും കോട്ടയം പോലെയുള്ള മറ്റുള്ള ജില്ലകളിലും ആകെയുള്ള ഒരു കേന്ദ്രം ഈരാറ്റുപേട്ടയിലാണുള്ളത്. ഇത്തരം കേന്ദ്രങ്ങൾ എല്ലാം എല്ലാ ന്യൂനപക്ഷങ്ങൾക്കും ഒരുപോലെ സൗകര്യപ്രദവും പ്രാപ്യവും ആയ ഇടങ്ങളിൽ പ്രവർത്തിക്കേണ്ടതുണ്ട്. ഈ കേന്ദ്രങ്ങളിലെ പ്രവേശനത്തിന് എല്ലാ വിഭാഗങ്ങളിലും പെട്ട ന്യൂനപക്ഷ

വിദ്യാർത്ഥികൾക്ക് ഒരേ രീതിയിലുള്ള നിബന്ധനകളും സൗകര്യങ്ങളും സാമീപ്യതയും ഉണ്ടായിരിക്കേണ്ടതാണ് എന്നും ശുപാർശ ചെയ്യുന്നു.

8. 1959-ൽ കേരള വിദ്യാഭ്യാസ നിയമം മൂലവും 1972-ൽ ഡയറക്ട് പേയ്മെന്റ് ഓർഡർ മൂലവും മുമ്പ് നിലവിലുണ്ടായിരുന്ന ക്രൈസ്തവ സ്ഥാപനങ്ങൾ എയ്ഡഡ് സ്ഥാപനങ്ങളായപ്പോൾ അധ്യാപകർക്ക് ശമ്പളം കൊടുക്കുന്ന ഉത്തരവാദിത്തം സർക്കാർ നേരിട്ട് ഏറ്റെടുത്തു. എന്നാൽ ശമ്പളമല്ലാതെയുള്ള മറ്റുത്തരവാദിത്തങ്ങൾ എങ്ങനെ നിറവേറ്റപ്പെടണം എന്നുള്ളതിനു വ്യക്തമായ രൂപരേഖകളൊന്നും തന്നെയില്ല. വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരവും വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ചട്ടപ്രകാരം ഉണ്ടായിരിക്കേണ്ട സൗകര്യങ്ങൾ സൃഷ്ടിക്കാനുള്ള ബാധ്യതയും സമീപകാലത്തായി വളരെ വർദ്ധിച്ചിരിക്കുന്നു. ആധുനിക നിലവാരമുള്ള വിദ്യാഭ്യാസത്തിന് ശാസ്ത്രസാങ്കേതിക സൗകര്യങ്ങൾ ഉപയോഗിച്ചുള്ള നിരവധി വികസന പ്രവർത്തനങ്ങൾ ആവശ്യമാണ്. അതുകൊണ്ട് എയ്ഡഡ് സ്കൂളിൽ പഠിക്കുന്ന കുട്ടികളെ സംബന്ധിച്ച് സർക്കാർ നിർവഹിക്കേണ്ട ബാധ്യത അവർക്ക് ക്ലാസ്സെടുക്കുന്ന അധ്യാപകരുടെ ശമ്പളം കൊടുത്തതു കൊണ്ടു മാത്രം പൂർണ്ണമായി പൂർത്തീകരിക്കപ്പെടുന്നില്ല. അവർക്ക്

ലഭിക്കേണ്ട സൗകര്യങ്ങളുടെ ശാസ്ത്രസാങ്കേതിക നിലവാരവും സർക്കാരിന്റെ പരിഗണന അർഹിക്കുന്നു.

**9.** അതിനാൽ അവിടെ പഠിക്കുന്ന കുട്ടികളുടെ എണ്ണമനുസരിച്ച് അവിടെ ഉണ്ടാകേണ്ട പശ്ചാത്തല സൗകര്യങ്ങൾക്ക് വേണ്ട ചെലവ് അവിടെ പഠിക്കുന്ന കുട്ടികളിൽ നിന്ന് സമാഹരിക്കാനുള്ള അവകാശം മാനേജ്മെന്റിനു നല്കിയിട്ടില്ലാത്തതുകൊണ്ട് അത് സർക്കാർ തന്നെ വഹിക്കുക എന്നതാണ് ന്യായം. പതിനായിരം കുട്ടികൾ പഠിക്കുന്ന സ്കൂളുകൾ പോലും ക്രൈസ്തവ സഭ നടത്തുന്നുണ്ട്. പതിനായിരം കുട്ടികൾ പഠിക്കുന്ന ഒരു സ്കൂളിന് സ്വന്തമായി നഗരമധ്യത്തിൽ പത്തേക്കർ സ്ഥലമെങ്കിലും വേണം. ആ സ്ഥലത്തിന്റെ ഇന്നത്തെ മാർക്കറ്റിലുള്ള വില കുറഞ്ഞപക്ഷം സെന്റിന് 20 ലക്ഷം എങ്കിലുമായിരിക്കും. അപ്പോൾ പത്തേക്കർ സ്ഥലത്തിന് ആ പ്രദേശത്ത് 200 കോടി രൂപയെങ്കിലും വില മതിക്കും. പതിനായിരം കുട്ടികളെ പഠിപ്പിക്കുന്നതിന് നാനൂറ് അധ്യാപകർക്കായി ശരാശരി 160 ലക്ഷം രൂപയായിരിക്കും പ്രതിമാസം സർക്കാർ നല്കേണ്ടിവരുന്നത്. അങ്ങനെ കണക്കു കൂട്ടിയാൽ പ്രതിവർഷം ആ സ്കൂളിനു വേണ്ടി സർക്കാർ നൽകുന്ന ശമ്പളം 20 കോടി രൂപ മാത്രമായിരിക്കും. എന്നാൽ ആ സ്ഥലത്തിന്റെ വിലയായ 200 കോടി സ്ഥലം വിറ്റ് മറ്റാവശ്യങ്ങൾക്ക് ഉപയോഗിച്ചാൽ മാനേജ്മെന്റിന് പ്രതിവർഷം

20 കോടി രൂപയെങ്കിലും ലഭിക്കുമായിരുന്നു. അതുപോലെ തന്നെ പതിനായിരം കുട്ടികൾ പഠിക്കുന്ന സ്കൂളിന് മൂന്നുലക്ഷം ചതുരശ്ര അടി എങ്കിലും ഉള്ള കെട്ടിടം ആവശ്യമാണ്. ഇത്രയും കെട്ടിടങ്ങൾ നിർമ്മിക്കണമെങ്കിൽ ഇക്കാലത്ത് 60 കോടി രൂപയെങ്കിലും ചിലവാകും. ആ കെട്ടിടത്തിന്റെ മൂല്യശോഷണം തന്നെ പ്രതിവർഷം ആറ് കോടി രൂപയെങ്കിലും കാണും. ഇതു കൂടാതെയാണ് ഇത്ര വലിയ ഒരു സ്കൂൾ നടത്തുമ്പോഴുള്ള മറ്റു ചെലവുകൾ. അതായത് ഒരു കുട്ടിക്ക് ഏതാണ്ട് 25,000 രൂപയുടെ ദൃശ്യവും അദൃശ്യവുമായ മൂലധനച്ചെലവ് മാനേജ്മെന്റിന് ഉണ്ടാകുന്നുണ്ട്. ഇത്തരം ചെലവുകൾ സർക്കാർ സ്കൂളുകളിലും സാധാരണഗതിയിൽ ഉണ്ടാകേണ്ടതാണ് എങ്കിലും ധനപരിമിതി മൂലം സർക്കാർ സ്കൂളുകളിൽ പ്രത്യേകം പദ്ധതികൾ ഇല്ലെങ്കിൽ പശ്ചാത്തല സൗകര്യങ്ങൾ പരിമിതമായിത്തന്നെ തുടരുന്നു.

10. ആ നിലയ്ക്ക് മെച്ചപ്പെട്ട ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്ന പ്രൈവറ്റ് മാനേജ്മെന്റ്, വിദ്യാർത്ഥികൾക്ക് വലിയ സഹായമാണ് നൽകുന്നത്. ഇതിൽ സർക്കാരിന്റെ പങ്കാളിത്തം ഉണ്ടെങ്കിൽ അത് സമൂഹത്തിന്റെ മൊത്തമായ വിദ്യാഭ്യാസ പുരോഗതിയെ സഹായിക്കും. ഈ വസ്തുതകൾ എല്ലാം പരിഗണിക്കുമ്പോൾ ഏതു സ്കൂളായാലും സർക്കാർ ശമ്പളത്തിനായി നൽകുന്ന തുകയ്ക്കു സമാനമായ ഒരു തുക മറ്റു കാര്യങ്ങൾക്കായി മാനേജ്മെന്റ്

സഹിക്കേണ്ടതായി വരുന്നുണ്ട് എന്നു കാണാം. പശ്ചാത്തല സൗകര്യങ്ങൾക്കുള്ള ദൈനംദിന ചെലവും കെട്ടിട നിർമ്മാണത്തിനുള്ള ചെലവും വളരെ വലിയ സാമ്പത്തിക ഭാരമാണ് മാനേജ്മെന്റിന്റെ മുകളിൽ അടിച്ചേൽപ്പിക്കുന്നത്. അതുകൊണ്ടുതന്നെ പല രീതികളിലുള്ള കുറുക്കുവഴികളും പല മാനേജ്മെന്റുകളും തേടുന്നു എന്ന പരാതി വ്യാപകമായി ഉണ്ടായിക്കൊണ്ടിരിക്കുന്നു. യഥാർത്ഥത്തിൽ സ്ഥലത്തിന്റെ വില ഒഴിച്ചുള്ള കെട്ടിടങ്ങളുടേയും പശ്ചാത്തല സൗകര്യങ്ങളുടേയും നിശ്ചിത ശതമാന മൂലധന ബാധ്യതയും ആവർത്തന ചെലവിന്റെ ഒരു നിശ്ചിത ശതമാനവും കുട്ടികളുടെ എണ്ണമനുസരിച്ച് സർക്കാർ തന്നെ ഈ സ്ഥാപനങ്ങൾക്ക് നൽകേണ്ടതാണ്. എന്നാൽ നിയമനവുമായി ബന്ധപ്പെട്ട് മാനേജ്മെന്റ് പണം വാങ്ങുന്നില്ല എന്ന് ഉറപ്പുവരുത്താനുള്ള ബാധ്യതയും സർക്കാരിനുണ്ട്. സ്ഥാപനങ്ങൾക്ക് നല്ല രീതിയിൽ മേൽപ്പറഞ്ഞ ഗ്രാന്റുകൾ നൽകിയാൽ തെറ്റായ രീതിയിൽ പണം വാങ്ങാനുള്ള മാനേജ്മെന്റിന്റെ പ്രവണത വളരെ കാര്യക്ഷമമായി ചെറുക്കുവാൻ സാധിക്കും.

11. എയ്ഡഡ് സ്കൂളിൽ ശമ്പളം ഒഴിച്ചുള്ള കാര്യങ്ങൾക്കായി ഒരു തുക സർക്കാർ നൽകിയാൽ അത് വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനും സഹായിക്കും. അങ്ങനെ

ലഭിക്കുന്ന തുകയുടെ വിനിയോഗം സർക്കാരിന് ഉചിതമായ രീതിയിൽ ഓഡിറ്റ് ചെയ്ത കണക്കുകൾ സമർപ്പിക്കണം എന്ന് നിഷ്കർഷിക്കാവുന്നതും സ്കൂൾ പരിശോധനാ സമയത്ത് AEO, DEO, Deputy Director തുടങ്ങിയ ഉദ്യോഗസ്ഥർക്ക് ആയതിന്റെ നിജസ്ഥിതി ഉറപ്പുവരുത്താവുന്നതുമാണ്.

**12.** എയ്ഡഡ് സ്കൂളുകളിലെ അധ്യാപകരുടെ നിയമനം സംബന്ധിച്ചാണ് ന്യൂനപക്ഷമെന്നുള്ള രീതിയിൽ ക്രിസ്ത്യാനികൾ അനുഭവിക്കുന്ന പ്രശ്നം എന്ന് നിരവധി പരാതികൾ ഉന്നയിക്കപ്പെടുകയുണ്ടായി. ഈ സ്കൂളുകൾ എല്ലാം തന്നെ ക്രിസ്ത്യാനികൾ പിടിയരി വച്ചും മറ്റു പല ബുദ്ധിമുട്ടുകൾ സഹിച്ചും ഉണ്ടാക്കിയതാണ്. എയ്ഡഡ് സ്ഥാപനങ്ങളാകയാൽ കാലാ കാലങ്ങളിൽ നിലവിലുള്ള നിയമങ്ങളും സർക്കാർ റെഗുലേഷനുകളും പാലിക്കണമെന്നുള്ളതിൽ തർക്കം ഒന്നുമില്ല. അത് വിദ്യാഭ്യാസത്തിന്റെ നിലവാരം, സിലബസ്, അധ്യാപകരുടെ വിദ്യാഭ്യാസ യോഗ്യത തുടങ്ങിയവയിൽ ആയിരിക്കണം. എന്നാൽ ഓരോ പുതിയ നിയമങ്ങളും സർക്കുലറുകളും പ്രാബല്യത്തിൽ വരുമ്പോൾ അധ്യാപക നിയമനം ലഭിക്കുന്നതിനുള്ള അവകാശം സർക്കാർ നിശ്ചയിച്ചിട്ടുള്ള വിദ്യാഭ്യാസ യോഗ്യതയുള്ള ക്രിസ്ത്യാനികൾക്ക് നിഷേധിക്കപ്പെടുന്ന അവസ്ഥ ഒഴിവാക്കേണ്ട താണ്.

**13.** ഭരണഘടനയുടെ അനുച്ഛേദം 26, 28, 30 ഇപ്രകാരം പറയുന്നു:

"26. **മതപരമായ കാര്യങ്ങളുടെ നടത്തിപ്പിനുള്ള സ്വാതന്ത്ര്യം:** പൊതു സമാധാനത്തിനും സന്മാർഗികതയ്ക്കും ആരോഗ്യത്തിനും വിധേയമായി ഓരോ മതവിഭാഗത്തിനും അല്ലെങ്കിൽ അതിന്റെ ഏതെങ്കിലും ഭാഗത്തിനും --

ക. മതപരവും ധർമ്മപരവുമായ ആവശ്യങ്ങൾക്കു വേണ്ടി സ്ഥാപനങ്ങൾ ഏർപ്പെടുത്തുന്നതിനും സംരക്ഷിക്കുന്നതിനും;

ഖ. മതപരമായ വിഷയങ്ങളിൽ അതിന്റേതായ കാര്യങ്ങൾ നടത്തുന്നതിനും;

ഗ. സ്ഥാവരവും ജംഗമവുമായ വസ്തുക്കൾ ഉടമയിൽ വയ്ക്കുന്നതിനും ആർജ്ജിക്കുന്നതിനും;

ഘ. അങ്ങനെയുള്ള വസ്തുവിന്റെ ഭരണം നിയമാനുസൃതമായി നടത്തുന്നതിനും, അവകാശമുണ്ടായിരിക്കുന്നതാണ്.

28. **ചില വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മതബോധനത്തിനോ മതപരമായ ആരാധനയ്ക്കോ ഹാജരാകുന്നത് സംബന്ധിച്ച സ്വാതന്ത്ര്യം:-**

(1) പൂർണ്ണമായും രാഷ്ട്രത്തിന്റെ പണം കൊണ്ട് സംരക്ഷിക്കപ്പെടുന്ന യാതൊരു വിദ്യാഭ്യാസ സ്ഥാപനത്തിലും മതപരമായ ബോധനം നൽകുവാൻ പാടുള്ളതല്ല.

(2) ഒന്നാം ഖണ്ഡത്തിലെ യാതൊന്നും, രാഷ്ട്രം ഭരണം നടത്തുന്നതും എന്നാൽ മതപരമായ ബോധനം ആ സ്ഥാപനത്തിൽ നൽകണമെന്ന് ആവശ്യപ്പെടുന്ന ഏതെങ്കിലും എൻഡോവ്മെന്റിന്റെയോ ട്രസ്റ്റിന്റെയോ കീഴിൽ സ്ഥാപിച്ചിട്ടുള്ളതും ആയ ഒരു വിദ്യാഭ്യാസ സ്ഥാപനത്തിന് ബാധകമാകുന്നതല്ല.

(3) രാഷ്ട്രം അംഗീകരിച്ചിട്ടുള്ളതോ രാഷ്ട്രത്തിന്റെ നിധിയിൽ നിന്ന് സഹായം ലഭിക്കുന്നതോ ആയ ഏതെങ്കിലും വിദ്യാഭ്യാസ സ്ഥാപനത്തിൽ ഹാജരാകുന്ന യാതൊരു ആളോടും, അങ്ങനെയുള്ള സ്ഥാപനത്തിൽ നൽകുന്ന മതപരമായ ഏതെങ്കിലും ബോധനത്തിൽ പങ്കു കൊള്ളുവാനോ, ആ സ്ഥാപനത്തിലോ അതിനോട് ചേർന്ന പരിസരങ്ങളിലോ നടത്തുന്ന മതപരമായ ഏതെങ്കിലും ആരാധനയ്ക്ക് ഹാജരാകുവാനോ, ആ ആളോ, ആ ആൾ മൈനറാണെങ്കിൽ അയാളുടെ

രക്ഷാകർത്താവോ അതിന് അയാളുടെ സമ്മതം നല്കിയിട്ടില്ലാത്തപക്ഷം ആവശ്യപെടുവാൻ പാടുള്ളതല്ല.

30. **വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിക്കുവാനും ഭരണം നടത്തുവാനും ന്യൂനപക്ഷങ്ങൾക്കുള്ള അവകാശം:-**

(1) എല്ലാ ന്യൂനപക്ഷങ്ങൾക്കും, അവ മതമോ ഭാഷയോ അടിസ്ഥാനമായുള്ളവയായാലും അവരുടെ ഇഷ്ടപ്രകാരമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിക്കുവാനും ഭരണം നടത്തുവാനും അവകാശം ഉണ്ടായിരിക്കുന്നതാണ്."

**14.** ഇത് സംബന്ധിച്ച് ബഹു. സുപ്രീം കോടതി പല വിധികളും പ്രസ്താവിച്ചിട്ടുണ്ട്. ന്യൂനപക്ഷ സ്ഥാപനങ്ങളിൽ സർക്കാർ നിശ്ചയിച്ച യോഗ്യതാ മാനദണ്ഡങ്ങൾ പ്രകാരം അധ്യാപകരെ നിയമിക്കുന്നതിനുള്ള ചുമതല പ്രധാനമായും മാനേജ്മെന്റുകൾ ക്കായിരിക്കണം. കോഴ വാങ്ങി ആരെയെങ്കിലും നിയമിക്കുക യാണെങ്കിൽ മാനേജ്മെന്റിനെതിരെ നടപടി എടുക്കാവുന്നതാണ്. ക്രിസ്ത്യൻ മാനേജ്മെന്റ് സ്കൂളുകളിൽ നിയമനത്തിനായി അപേക്ഷിക്കുന്നവരുടെ യോഗ്യത പരിശോധിച്ച് നിയമിക്കുന്നതിനുള്ള അവകാശം മാനേജ്മെന്റുകൾക്ക് നൽകണം.

**15.** ഇപ്പോൾ അധ്യാപക നിയമനത്തിന് കെ.ടെറ്റ് പരീക്ഷ പാസാകേണ്ടതുണ്ട്. ഒരു പൊതു യോഗ്യതാ പരീക്ഷ പാസാകുന്നതിന് ആവശ്യമായ മാർക്ക് എല്ലാ സമുദായത്തിനും തുല്യമായിരിക്കണം. ഇപ്പോൾ വിവിധ സമുദായങ്ങൾക്ക് വിവിധ രീതികളിൽ ആണ് വിജയശതമാനം നിശ്ചയിച്ചിരിക്കുന്നത്. ഒരു

പരീക്ഷയിലെ വിജയനിർണ്ണയം ജാതിമത പരിഗണന യ്ക്കതീതമായാണ് നിശ്ചയിക്കപ്പെടേണ്ടത്. കാരണം അത് അറിവിന്റെ അളവു സൂചികയാണ്. അപ്പോൾ സംവരണ ഇതര വിഭാഗങ്ങൾക്ക് കൂടിയ ശതമാനം മാർക്ക് കിട്ടിയാൽ മാത്രം വിജയവും സംവരണവിഭാഗങ്ങൾക്ക് വളരെക്കുറച്ച മാർക്ക് കിട്ടിയാലും വിജയം എന്നുമുള്ള മാനദണ്ഡം തികച്ചും വിവേചന പരമാണ്. വിജയി എന്നു പ്രഖ്യാപിക്കാൻ വേണ്ടി എല്ലാവർക്കും ഒരേ മാർക്ക് ശതമാനം നിശ്ചയിക്കുക (ഇപ്പോൾ എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് ചെയ്യുന്നതുപോലെ). അത് ഏറ്റവും പിന്നോക്കം നിൽക്കുന്ന സമുദായത്തിന് ന്യായമായ രീതിയിൽ യോഗ്യത ഉള്ള വ്യക്തികളെ ലഭ്യമാക്കുന്നതിന് വേണ്ട ശതമാനം 'X' ആണെങ്കിൽ എല്ലാവർക്കും മിനിമം പാസ്സ് മാർക്ക് ശതമാനം 'X' ആയിത്തന്നെ നിജപ്പെടുത്തുക. സംവരണ വിഭാഗത്തിലുള്ളവർ സംവരണ ക്വോട്ടയിൽ ആയിരിക്കുന്നതു കൊണ്ട് സംവരണേതര വിഭാഗക്കാർ കൂടുതൽ പാസ്സായാലും സംവരണ വിഭാഗത്തിലുള്ളവരുടെ ജോലിസാധ്യതയെ അത് ഒട്ടും ബാധിക്കുന്നതല്ല. എന്നാൽ ജീവിതസാഹചര്യങ്ങളിൽ വളരെ പിന്നോക്കം നിൽക്കുന്ന സംവരണേതര വിഭാഗങ്ങളിലുള്ളവർക്ക് അവർക്ക് അപ്രാപ്യമായ രീതിയിൽ വിജയ ശതമാനമാർക്ക് നിജപ്പെടുത്തിയാൽ അത്തരം ആളുകൾക്ക് സ്വന്തം വിദ്യാഭ്യാസ

സ്ഥാപനങ്ങളിൽപ്പോലും ജോലി സാധ്യത ഇല്ലാതാകുന്നു. എല്ലാ മതവിഭാഗങ്ങൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങളുണ്ട്. അദ്ധ്യാപക നിയമനത്തിൽ പിന്നോക്ക സമുദായങ്ങൾക്ക് സംവരണവും ഉണ്ട്. അതിനാൽ അധ്യാപക നിയമനത്തിനുള്ള യോഗ്യതാ പരീക്ഷ പാസാകുന്നതിനുള്ള മാർക്ക് എല്ലാവർക്കും തുല്യ മായിരിക്കണമെന്നാണ് കമ്മീഷന്റെ അഭിപ്രായം. പിന്നോക്ക വിഭാഗങ്ങൾക്ക് സംവരണം ഉള്ളതിനാൽ അവർക്ക് സംവരണത്തിലൂടെ കൂടുതൽ ജോലി ലഭിക്കുന്നതാണ്. അവർക്കു വിജയിക്കുവാൻ വേണ്ടി ലഭിക്കേണ്ട മാർക്കിന്റെ ശതമാനത്തിലും വർദ്ധനവുണ്ടാകുന്നില്ല. മാത്രമല്ല അവർക്ക് മെറിറ്റിലും ജോലി ലഭിക്കും.

**16.** സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന മിടുക്കരായ ക്രൈസ്തവ വിദ്യാർത്ഥികൾക്ക് പ്രൊഫഷണൽ കോഴ്സുകളായ എഞ്ചിനീയറിങ്, മെഡിസിൻ കോഴ്സുകളിൽ പ്രവേശനം കരസ്ഥമാക്കാൻ കഴിയുന്നില്ല. ഇതിനു കാരണം എൻട്രൻസ് കോച്ചിങ്ങിനു ചുമത്തുന്ന ഉയർന്ന ഫീസാണ്. സമാനമായ സ്ഥിതിവിശേഷം സർക്കാർ ജോലി കരസ്ഥമാക്കുന്നതിലും നേരിടുന്നുണ്ട്. ഈ പ്രശ്നത്തെ അതിജീവിക്കാൻ ക്രൈസ്തവർ അധിവസിക്കുന്ന പ്രദേശങ്ങളിൽ സിവിൽ സർവീസ്, എൻട്രൻസ്, ബാങ്കിംഗ് മേഖലകളിൽ പ്രത്യേകം കോച്ചിംഗ്സെൻററുകൾ

സർക്കാർ തലത്തിൽ ആരംഭിക്കണം. കരിയർ, ഉന്നതവിദ്യാഭ്യാസ മാർഗ്ഗനിർദ്ദേശം അഭിരുചി നിർണയം എന്നിവ ലക്ഷ്യം വച്ചുള്ള പ്രത്യേക വിദ്യാർത്ഥി വികസന പരിപാടികൾ ആരംഭിക്കണം.

17. Institute of Career Studies and Research-ന്റെ മലപ്പുറത്തുള്ള പഠന കേന്ദ്രത്തിൽ 50% സീറ്റുകളും മുസ്ലീങ്ങൾക്ക് മാറ്റിവച്ചപ്പോൾ മതന്യൂനപക്ഷമായ ക്രിസ്ത്യാനികൾക്കോ മറ്റുള്ള സമുദായങ്ങൾക്കോ ഒരു സീറ്റ് പോലും മാറ്റി വച്ചിട്ടില്ല എന്ന പരാതി കമ്മീഷനു മുമ്പാകെ വന്നിട്ടുണ്ട്. പിന്നോക്ക സമുദായത്തിൽപ്പെട്ട പരിവർത്തിത ക്രിസ്ത്യാനികൾക്കും സീറ്റ് ഇല്ല. മതന്യൂന പക്ഷങ്ങൾക്കു വേണ്ടിയാണെങ്കിൽ മുസ്ലീങ്ങളെ മാത്രമല്ല എല്ലാ അംഗീകൃത ന്യൂനപക്ഷ വിഭാഗങ്ങളെയും ഒരുപോലെ പരിഗണിക്കണം.

18. 50%-നു മുകളിൽ മുസ്ലിം വിദ്യാർഥികൾ പഠിക്കുന്ന സ്കൂളുകളെ മുഹമ്മദൻ സർക്കാർ സ്കൂൾ എന്ന് നാമകരണം ചെയ്തത് തെറ്റാണെന്നാണ് പല നിവേദനങ്ങളിലും പറയുന്നത്. മുസ്ലീങ്ങളുടെ ജനസംഖ്യാ വർധന പരിഗണിക്കുമ്പോൾ മിക്ക ജില്ലകളിലും സർക്കാർ സ്കൂളുകൾ മുഹമ്മദൻ സ്കൂൾ അല്ലെങ്കിൽ മാപ്പിള സ്കൂൾ ആയി മാറും എന്നാണ് നിവേദനങ്ങളിൽ പറയുന്നത്. സമൂഹത്തിലെ എല്ലാ വിഭാഗങ്ങളിലും പെട്ട വിദ്യാർത്ഥികളുടെ ഉന്നമനത്തിനും

വിദ്യാഭ്യാസത്തിനുമായി സർക്കാരിന്റെ സ്ഥലത്ത് സർക്കാർ ചിലവിൽ കെട്ടിടങ്ങൾ പണിത് സർക്കാർ നേരിട്ട് സ്കൂളുകൾ നടത്തുമ്പോൾ അത്തരം സ്കൂളുകൾക്ക് ഒരു പ്രത്യേക മതത്തിന്റെ സ്കൂളാണ് എന്ന രീതിയിലുള്ള നാമകരണം ഒഴിവാക്കേണ്ട താണെന്ന് കമ്മീഷൻ കരുതുന്നു. എന്നാൽ സർക്കാർ അത്തരം ഒരു സ്കൂൾ സ്ഥാപിക്കുന്നതിനു വേണ്ടി ഏതെങ്കിലും ഒരു സമുദായം സമുദായത്തിന്റെ സ്ഥലമോ കെട്ടിടങ്ങളോ അല്ലെങ്കിൽ ചെലവിന്റെ വലിയ പങ്കോ വഹിക്കുന്നുണ്ടെങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ അങ്ങനെ ഒരു പേരു നൽകുന്നതിൽ തെറ്റില്ല. അതുപോലെ തന്നെ പൊതു നയത്തിന്റെ അടിസ്ഥാനത്തിൽ ഏതെങ്കിലും ഒരു പിന്നോക്ക വിഭാഗത്തിന്റെ ഉന്നമനത്തിന് ലക്ഷ്യം വച്ച് അവർക്കായി ഒരു സ്ഥാപനം തുടങ്ങുമ്പോൾ ആ സ്കൂളിനും അതിന്റെ പ്രത്യേക ഉദ്ദേശ്യം വെളിവാക്കുന്ന പേരുകൾ നല്കാവുന്നതാണ്. അല്ലാതെ ഒരു പ്രത്യേക മതവിഭാഗത്തിന് ഭൂരിപക്ഷം ഉണ്ട് എന്ന പരിഗണനവച്ച് മാത്രം ഒരു സ്ഥലത്തെ സർക്കാർ ഉടമസ്ഥതയിലുള്ള വിദ്യാഭ്യാസ സ്ഥാപനത്തിന് മതാധിഷ്ഠിത പേരു നൽകുന്നത് ശരിയാണോ എന്നും സർക്കാർ പരിശോധിക്കണം.

19. തമ്പാനൂർ (തിരുവനന്തപുരം), കരുനാഗപ്പള്ളി (കൊല്ലം), പേട്ട (പത്തനംതിട്ട), പുന്നപ്ര (ആലപ്പുഴ), കാഞ്ഞിരപ്പള്ളി

(കോട്ടയം), തൊടുപുഴ (ഇടുക്കി), ആലുവ (എറണാകുളം) ശക്തൻ നഗർ (തൃശ്ശൂർ), പള്ളിപ്പുറം (പാലക്കാട്), പൊന്നാനി (മലപ്പുറം), ഏ.ആർ. നഗർ (മലപ്പുറം), പെരിന്തൽമണ്ണ (മലപ്പുറം), പുതിയറ (കോഴിക്കോട്), കൽപ്പറ്റ (വയനാട്), പയ്യന്നൂർ (കണ്ണൂർ), ചെങ്കള (കാസർകോട്) ഇങ്ങനെ മുസ്ലീങ്ങൾക്ക് മാത്രമായി 16 പരിശീലന കേന്ദ്രങ്ങളുണ്ടെന്നാണ് ന്യൂനപക്ഷ ക്ഷേമവകുപ്പിന്റെ വെബ് സൈറ്റിൽ കാണുന്നത് എന്ന് പല പരാതികളും ലഭിച്ചിട്ടുണ്ട്. എല്ലാ ന്യൂനപക്ഷ സമുദായങ്ങൾക്കും ന്യായമായി ലഭ്യമാകേണ്ട ഒരു ആനുകൂല്യം ഒരു സമുദായത്തിനുമാത്രം പ്രത്യേക ആനുകൂല്യങ്ങൾ ആയി നൽകുന്നത് ആശാസ്യമല്ല. അവർക്ക് ആനുകൂല്യങ്ങൾ കൊടുക്കുന്നതിന് എതിരല്ല. മറ്റു ന്യൂനപക്ഷസമുദായങ്ങൾക്കും ജനസംഖ്യാടിസ്ഥാനത്തിൽ ആനുകൂല്യങ്ങൾ കൊടുക്കേണ്ടതാണ്.

**20.** ആലപ്പുഴ ജില്ലയിൽ എടത്വ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ഒരു പരിശീലന കേന്ദ്രം തുടങ്ങുവാനുള്ള അപേക്ഷയിൽ ന്യൂനപക്ഷ കമ്മീഷൻ 26-4-2018-ൽ എം.സി. (ഓ.പി.) നമ്പർ 202/2017-ൽ രണ്ട്മാസത്തിനകം നടപടി എടുക്കണമെന്ന് ആവശ്യപ്പെട്ടതാണ്. എന്നാൽ അങ്ങിനെ ഒരു പരിശീലന കേന്ദ്രം തുടങ്ങിയിട്ടില്ല എന്നറിയുന്നു. അത് അടിയന്തരമായി അനുവദിക്കണം.

**21.** സ്കോളർഷിപ്പ് സംബന്ധമായ വിവരങ്ങൾ മുൻകാലങ്ങളിൽ മഹൽ വെബ് സൈറ്റിൽ മാത്രം

പ്രസിദ്ധീകരിച്ചിരുന്നതു കൊണ്ട് മുസ്ലീങ്ങൾ അല്ലാത്ത മത ന്യൂനപക്ഷങ്ങൾക്ക് അപേക്ഷിക്കുവാൻ സാധിച്ചിരുന്നില്ല എന്ന പരാതി ഉണ്ട്. ഓരോ സ്കോളർഷിപ്പും കൊടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്, അപേക്ഷകൾ അയക്കേണ്ട സമയം എപ്പോഴാണ് തുടങ്ങിയ വിവരങ്ങൾ മഹൽ വെബ്സൈറ്റിൽ മാത്രമാണ് ലഭ്യമായിരുന്നത്. എന്നാൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ന്യൂനപക്ഷ വകുപ്പിന്റെ ചുമതല ഏറ്റെടുത്തതിനെ തുടർന്ന് ഗസറ്റിലൂടെ വിവരങ്ങൾ അറിയുവാൻ സാധിക്കുന്നത് മുസ്ലീം ഇതര ന്യൂനപക്ഷങ്ങൾക്ക് വളരെ സഹായകരമായി.

**22.** ന്യൂനപക്ഷങ്ങൾക്ക് കേരള സർക്കാർ ന്യൂനപക്ഷ ക്ഷേമ ഡയറക്ടറേറ്റ് നല്കുന്ന സ്കോളർഷിപ്പുകൾ സംബന്ധിച്ച് മാർച്ച് ഒന്നാം തിയതിയിലെ പത്രങ്ങളിൽ പരസ്യം ചെയ്തത് വളരെ സന്തോഷകരമാണ്. തുടർ വർഷങ്ങളിലും പരസ്യം ചെയ്യണമെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു. പരസ്യത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു **(അനുബന്ധം - 2).**

**23.** സംസ്ഥാന ന്യൂനപക്ഷവികസന ധനകാര്യ കോർപ്പറേഷൻ ലിമിറ്റഡ് എങ്ങിനെയാണ് ന്യൂനപക്ഷങ്ങൾക്ക് സഹായം ചെയ്യുന്നതെന്ന് വിശദമായ വിവരങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അത് സ്വാഗതാർഹമാണ്. എല്ലാ വർഷവും ഇങ്ങനെ ചെയ്യണമെന്ന്

കമ്മീഷൻ നിർദ്ദേശിക്കുന്നു. എന്നാൽ കോർപ്പറേഷന്റെ റീജിയണൽ ഓഫീസുകൾ സ്ഥാപിച്ചിരിക്കുന്നതിൽ അസന്തുലിതാവസ്ഥ ഉണ്ട്.

**24.** കാസർകോഡ്, കണ്ണൂർ എന്നീ ജില്ലകൾക്കുവേണ്ടി ഒരു റീജിയണൽ ഓഫീസ് കാസർഗോഡ് ഉണ്ട്. ന്യൂനപക്ഷങ്ങളിൽ ഏറ്റവും കൂടുതൽ മുസ്ലീങ്ങൾ ഉള്ള കോഴിക്കോട് ജില്ലയ്ക്കും വയനാട് ജില്ലയ്ക്കും മാത്രമായി ഒരു റീജിയണൽ ഓഫീസ് കോഴിക്കോട് ഉണ്ട്. അതുപോലെ ഏറ്റവും കൂടുതൽ മുസ്ലീങ്ങൾ ഉള്ള മലപ്പുറം ജില്ലയ്ക്കും പാലക്കാട് ജില്ലയ്ക്കുമായി ഒരു റീജിയണൽ ഓഫീസ് മലപ്പുറത്ത് ഉണ്ട്. എന്നാൽ ഏറ്റവും കൂടുതൽ ക്രിസ്ത്യാനികൾ ഉള്ള കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ എന്നീ നാലു ജില്ലകൾക്കുവേണ്ടി ഏറണാകുളത്ത് ഒരു റീജിയണൽ ഓഫീസ് മാത്രമാണുള്ളത്. ഇടുക്കി വളരെ വിസ്തൃതമായ, ധാരാളം കർഷകരും ന്യൂനപക്ഷ സമുദായങ്ങളിലെ ജനങ്ങളുമുള്ള, ഒരു മലയോര പ്രദേശമാണ്. യാത്രാ സൗകര്യങ്ങൾ വളരെ കുറവാണ്. അതുകൊണ്ട് ഇടുക്കി ജില്ലയ്ക്ക് മാത്രമായോ ഇടുക്കി, കോട്ടയം ജില്ലകളെ ഉൾപ്പെടുത്തിയോ ഒരു റീജിയണൽ ഓഫീസ് സ്ഥാപിക്കണമെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു. അതു പോലെ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ എന്നീ നാലു ജില്ലകൾക്കുവേണ്ടി തിരുവനന്തപുരത്ത് ഒരു റീജിയണൽ ഓഫീസ് മാത്രമാണുള്ളത്.

പത്തനംതിട്ടയിൽ നിന്നും മറ്റു പല ഭാഗങ്ങളിൽ നിന്നും തിരുവനന്തപുരത്ത് എത്തുക പ്രയാസമാണ്. അപേക്ഷകരായി വരുന്നത് കൂടുതലും പാവപ്പെട്ടവരാണ്. അതിനാൽ പത്തനംതിട്ട, ആലപ്പുഴ എന്നീ രണ്ടു ജില്ലകൾക്കുവേണ്ടി തിരുവല്ലയിലോ ചെങ്ങന്നൂരോ ഒരു റീജിയണൽ ഓഫീസ് സ്ഥാപിക്കണമെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു.

**25.** കേരള പബ്ലിക് സർവീസ് കമ്മീഷൻ, യൂണിയൻ പബ്ലിക് സർവീസ് കമ്മീഷൻ, റെയിൽവേ റിക്രൂട്ട്മെന്റ് ബോർഡ്, ബാങ്കിങ് സർവീസ് കമ്മീഷൻ എന്നീ ഏജൻസികൾ നടത്തുന്ന മത്സര പരീക്ഷകൾക്കും വിവിധ കോഴ്സുകൾക്കുള്ള പ്രവേശന പരീക്ഷകൾ മുതലായവയ്ക്ക് സൗജന്യ പരിശീലനം നൽകുന്ന ട്രെയിനിങ് സെന്ററുകളുണ്ട്. എന്നാൽ ക്രിസ്ത്യാനികൾ താമസിക്കുന്ന സ്ഥലങ്ങളിൽ ഇത്തരം സെന്ററുകൾ ഇല്ല. ധാരാളം കുടിയേറ്റ കർഷകരുള്ള മലയോരപ്രദേശമായ കണ്ണൂരും ഇടുക്കിയിലും കോട്ടയം ജില്ലയുടെ കിഴക്കൻ പ്രദേശങ്ങളിലും ധാരാളം മത്സ്യ ത്തൊഴിലാളികൾ അധിവസിക്കുന്ന എറണാകുളത്തും, തിരുവനന്തപുരത്തുമുള്ള തീരപ്രദേശങ്ങളിലും ഇത്തരം സെന്ററുകൾ സ്ഥാപിക്കണമെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു.

**26.** ജില്ലാ അടിസ്ഥാനത്തിലുള്ള നാഷണൽ മീൻസ്-കം-മെറിറ്റ് സ്കോളർഷിപ്പിന്റെ എണ്ണം നോക്കിയാലും ക്രിസ്ത്യാനികൾ

അധിവസിക്കുന്ന ജില്ലകൾ അവഗണിക്കപ്പെട്ടതായിട്ടാണ് പരാതികളിൽ കാണുന്നത്. മലപ്പുറം ജില്ലയിൽ ആകെയുള്ള സ്കോളർഷിപ്പുകളുടെ എണ്ണം 647 ആണ്. എന്നാൽ ക്രിസ്ത്യാനികൾ ധാരാളമായി അധിവസിക്കുന്ന പത്തനംതിട്ട ജില്ലയിൽ ആകെയുള്ള സ്കോളർഷിപ്പുകളുടെ എണ്ണം 82 മാത്രമാണ്. അതുപോലെതന്നെ, ധാരാളം മലയോരകർഷകർ അധിവസിക്കുന്ന, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഇടുക്കി ജില്ലയിൽ ജില്ലാടിസ്ഥാനത്തിലുള്ള സ്കോളർഷിപ്പുകളുടെ എണ്ണം 98 മാത്രമാണ്. വയനാട്ടിൽ അത് 103 ആണ്. ധാരാളം ക്രിസ്ത്യാനികൾ അധിവസിക്കുന്ന എറണാകുളം ജില്ലയിൽ ഈ സ്കോളർഷിപ്പുകളുടെ എണ്ണം 247 മാത്രമാണ്. ജില്ലാ അടിസ്ഥാനത്തിൽ മീൻസ്-കം-മെറിറ്റ് സ്കോളർഷിപ്പ് നൽകുമ്പോൾ ന്യൂനപക്ഷ ജന സംഖ്യാടിസ്ഥാനത്തിൽ ആയിരിക്കണം നൽകേണ്ടതെന്ന് കമ്മീഷൻ ശുപാർശ ചെയ്യുന്നു.

27. ന്യൂനപക്ഷ സമുദായങ്ങൾ നടത്തുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മാനേജ്മെന്റ്ക്വോട്ട കൂടാതെ കമ്മ്യൂണിറ്റി ക്വോട്ടയും ആവശ്യമാണ്. പല സമുദായങ്ങളിലെ ആളുകൾ, പ്രത്യേകിച്ച് ക്രിസ്ത്യൻ സമുദായത്തിലെ ആളുകൾ, തങ്ങളുടെ അധ്വാനഫലമായുണ്ടാക്കിയ സമ്പത്തും സ്ഥലവും മറ്റും തങ്ങളുടെ സഭകളോടുള്ള പരിഗണന കൊണ്ട് വിദ്യാഭ്യാസസ്ഥാപനങ്ങൾക്കു

കൊടുത്തതാണ്. അപ്പോൾ ആ സമുദായത്തിലെ അംഗങ്ങൾക്ക് പ്രവേശനത്തിൽ ഒരു നിശ്ചിത ശതമാനം സംവരണം ആവശ്യമാണ്. ഇന്ത്യൻ ഭരണഘടന അനുസരിച്ച് ന്യൂനപക്ഷ സമുദായങ്ങൾക്ക് അവരുടേതായ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉണ്ടാക്കാം. അതുപോലെതന്നെ ഹയർ സെക്കന്ററി സ്കൂളുകളിലും കോളേജുകളിലും അഡീഷണൽ സീറ്റുകൾ അനുവദിക്കുമ്പോൾ ആനുപാതികമായി മാനേജ്മെന്റ് ക്വോട്ടയും കമ്മ്യൂണിറ്റി ക്വോട്ടയും അനുവദിക്കണമെന്ന് കമ്മീഷൻ ശുപാർശ ചെയ്യുന്നു. ഇത് പിന്നോക്ക സമുദായങ്ങൾക്ക് ജനറൽ മെറിറ്റിൽ ലഭിക്കുന്ന സംവരണത്തിനു പുറമെ അവർ നടത്തുന്ന സ്ഥാപനങ്ങൾക്ക് ലഭ്യമാകണം. അടുത്ത കാലത്ത് കമ്മ്യൂണിറ്റി ക്വോട്ട എന്നുപറയുമ്പോൾ അതിൽ എല്ലാ വിഭാഗം ക്രിസ്ത്യാനികളും ഉൾപ്പെടും എന്ന ഒരു നിർവചനം കോടതി വിധികളിൽ കൂടി ഉണ്ടായിട്ടുണ്ട്. അതുകൊണ്ട് ഏതെങ്കിലും പ്രത്യേക ന്യൂനപക്ഷ സമുദായം നടത്തുന്ന സ്ഥാപനങ്ങളിൽ കമ്മ്യൂണിറ്റി ക്വോട്ട കൂടാതെ മാനേജ്മെന്റ് ക്വോട്ടയും ആവശ്യമാണ്. അത്തരം മാനേജ്മെന്റ് കോട്ടായിൽ ഏത് പ്രത്യേക കമ്മ്യൂണിറ്റിയാണോ സ്ഥാപനം സ്ഥാപിച്ചത് ആ പ്രത്യേക കമ്മ്യൂണിറ്റിയിൽ പെടുന്നവർക്ക് മെറിറ്റ് അടിസ്ഥാനത്തിൽ ആ പ്രത്യേക മാനേജ്മെന്റ് ക്വോട്ടയിൽ പ്രവേശനം കൊടുക്കാവുന്നതാണ്. ഉദാ : ക്രിസ്ത്യാനികൾ നടത്തുന്ന

ഒരു സ്ഥാപനമാണെങ്കിൽ ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ വിധി അനുസരിച്ച് ഏത് വിഭാഗത്തിലുള്ള ക്രിസ്ത്യാനികൾക്കും ആ കമ്മ്യൂണിറ്റി ക്വോട്ടയിൽ അപേക്ഷിക്കാം. എന്നാൽ ആ വിദ്യാഭ്യാസ സ്ഥാപനത്തിൽ ആ വിദ്യാഭ്യാസ സ്ഥാപനം സ്ഥാപിച്ച മാനേജ്മെന്റ് വിഭാഗത്തിന് മാനേജ്മെന്റ് ക്വോട്ട പ്രത്യേകമായി നൽകിയാൽ ആ ക്വോട്ടയിൽ കൂടി ആ സമുദായങ്ങൾക്ക് പ്രവേശനം നൽകുവാൻ സാധിക്കും.

28. കേന്ദ്രസർക്കാർ ന്യൂനപക്ഷ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസത്തിനുവേണ്ടി നാലുതരം സ്കോളർഷിപ്പുകളാണ് പ്രധാനമായി ഏർപ്പെടുത്തിയിട്ടുള്ളത്.

1. പ്രീ-മെട്രിക് സ്കോളർഷിപ്പ് (മൈനോരിറ്റി)
2. പ്രീ-മെട്രിക് സ്കോളർഷിപ്പ് (ഭിന്നശേഷിക്കാരായ കുട്ടികൾക്കുള്ള)
3. നാഷണൽ മീൻസ്-കം-മെരിറ്റ് സ്കോളർഷിപ്പ്
4. ബീഗം ഹസ്രത്ത് മഹൽ നാഷണൽ സ്കോളർഷിപ്പ്

29. പ്രതിവർഷം കേരള സർക്കാരിന് അനുവദിച്ചിട്ടുള്ള പ്രീമെട്രിക് ന്യൂനപക്ഷ സ്കോളർഷിപ്പുകളുടെ എണ്ണം 1,92,798 ആണ്. സ്കോളർഷിപ്പിന് അപേക്ഷിക്കണമെങ്കിൽ കുടുംബ വരുമാന പരിധി ഒരു ലക്ഷം രൂപയായിരിക്കണം. മുൻവർഷത്തെ വാർഷിക പരീക്ഷയിൽ കുറഞ്ഞത് 50% മാർക്ക് ഉണ്ടായിരിക്കുകയും വേണം. ആറ് മുതൽ പത്തുവരെ ക്ലാസ്സുകളിൽ പഠിക്കുന്ന ഒരു

കുടുംബത്തിലെ രണ്ടു കുട്ടികൾക്കു മാത്രമേ സ്കോളർഷിപ്പ് കിട്ടുകയുള്ളൂ. അഡ്മിഷൻ ഫീസായി പ്രതിവർഷം 500 രൂപയും ട്യൂഷൻ ഫീസായി പ്രതിമാസം 350 രൂപയും ആണ് ഈ സ്കോളർഷിപ്പ് പ്രകാരം അനുവദിക്കുന്നത്. അതു കൂടാതെ ഹോസ്റ്റലിൽ താമസിക്കുന്നവർക്ക് പ്രതിമാസം 600 രൂപയും വീട്ടിൽ നിന്നു പോയി വരുന്നവർക്ക് പ്രതിമാസം 100 രൂപയും വീതം ഒരു വർഷത്തിൽ പത്ത് മാസം ലഭിക്കും. ഒന്നു മുതൽ അഞ്ചുവരെ ക്ലാസുകളിൽ പഠിക്കുന്ന വീട്ടിൽ നിന്നു പോയി വരുന്നവർക്ക് പ്രതിമാസം 100 രൂപവീതവും ഒരു വർഷത്തിൽ പത്തുമാസം ഈ സ്കോളർഷിപ്പ് ലഭിക്കും.

**30.** നാഷണൽ മീൻസ്–കം–മെറിറ്റ് സ്കോളർഷിപ്പ് എട്ടാം ക്ലാസിൽ പഠിക്കുന്നവർക്കാണ് നൽകുന്നത്. കുടുംബ വരുമാന പരിധി മൂന്നര ലക്ഷത്തിൽ താഴെയായിരിക്കണം. ഗവൺമെന്റ് സ്കൂളിലോ എയ്ഡഡ് സ്കൂളിലോ പഠിക്കുന്നവർക്കു മാത്രമാണ് ഈ സ്കോളർഷിപ്പിന് അർഹതയുള്ളത്. അപേക്ഷിക്കുന്നവരെ പങ്കെടുപ്പിച്ച് നടത്തുന്ന മത്സരപരീക്ഷയിൽ കുറഞ്ഞത് 40% മാർക്ക് നേടുകയും വേണം. സ്കോളർഷിപ്പിന് യോഗ്യരാകുന്ന കുട്ടികൾക്ക് 9, 10, 11, 12 എന്നീ ക്ലാസുകളിലേക്ക് പ്രതിവർഷം 12,000 വീതം ലഭിക്കും. സ്കോളർഷിപ്പ് തുക എല്ലാ വർഷവും ലഭിക്കുന്നതിന് 11, 12

ക്ലാസുകളിലെ വാർഷിക പരീക്ഷക്ക് 55%-വും പത്താം ക്ലാസിലെ വാർഷിക പരീക്ഷക്ക് 60%-വും മാർക്ക് ലഭിക്കണം.

**31.** 9, 10 ക്ലാസുകളിലെ ഭിന്നശേഷിക്കാരായ കുട്ടികളുടെ കൊഴിഞ്ഞുപോക്ക് ഒഴിവാക്കുന്നതിനായാണ് പ്രീ-മെട്രിക് സ്കോളർഷിപ്പ് (ഭിന്നശേഷിക്കാരായ കുട്ടികൾക്കുള്ള) നൽകുന്നത്. ഹോസ്റ്റലിൽ താമസിക്കുന്നവർക്ക് പ്രതിമാസം 800 രൂപയും വീട്ടിൽ നിന്ന് പോയിവരുന്നവർക്ക് പ്രതിമാസം 500 രൂപയും വീതം ഒരു വർഷത്തിൽ പന്ത്രണ്ട് മാസവും ഈ സ്കോളർഷിപ്പ് ലഭിക്കും. കൂടാതെ ബുക്ക് വാങ്ങുന്നതിനായി പ്രതിവർഷം 1,000 രൂപയും ലഭിക്കും. ഭിന്നശേഷിയുടെ വ്യത്യാസം അനുസരിച്ച് 2,000 രൂപ മുതൽ 4,000 രൂപവരെ അലവൻസും ലഭിക്കും. കുടുംബവരുമാന പരിധി രണ്ടരലക്ഷം രൂപയായിരിക്കണം. 9, 10 ക്ലാസുകളിൽ പഠിക്കുന്നവർക്ക് മാത്രമാണ് അർഹതയുള്ളത്.

**32.** 9, 10, 11, 12 ക്ലാസ്സുകളിൽ പഠിക്കുന്ന ന്യൂനപക്ഷ മതവിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്കാണ് ബീഗം ഹസ്രത്ത് മഹൽ നാഷണൽ സ്കോളർഷിപ്പ് നൽകുന്നത്. 9, 10 ക്ലാസുകളിൽ 5,000 രൂപവീതവും 11, 12 ക്ലാസുകളിൽ 6,000 രൂപ വീതവുമാണ് നൽകുന്നത്. കുടുംബ വരുമാന പരിധി രണ്ട് ലക്ഷത്തിൽ കൂടരുത്. മുൻവർഷത്തെ വാർഷിക പരീക്ഷയിൽ കുറഞ്ഞത് 50% മാർക്ക് ഉണ്ടായിരിക്കുകയും വേണം.

**33.** ഈ സ്കോളർഷിപ്പുകളുടെ വിതരണത്തിനുള്ള മുഴുവൻ തുകയും നൽകുന്ന കേന്ദ്രസർക്കാരിനാണ് ഇതിന്റെ നടത്തിപ്പ് ചുമതല. മുസ്ലീം, ക്രിസ്ത്യൻ, സിഖ്, ജൈനർ, ബുദ്ധ, പാഴ്സി എന്നീ മത വിഭാഗത്തിൽപ്പെട്ടവർക്കാണ് ഈ സ്കോളർഷിപ്പ് ലഭിക്കുന്നതിന് അർഹതയുള്ളത്. മേല്പറഞ്ഞ ആറു മത വിഭാഗത്തിൽപ്പെട്ടവർക്കും ഈ സ്കോളർഷിപ്പുകൾ വിതരണം ചെയ്യേണ്ടതാണ് എന്നാണ് കമ്മീഷന്റെ അഭിപ്രായം. മേല്പറഞ്ഞ സ്കോളർഷിപ്പ് കൂടാതെ മൗലാനാ ആസാദ് റിസർച്ച് ഫെല്ലോഷിപ്പ് ആയി അഞ്ചു വർഷത്തേക്ക് ഗവേഷണ വിദ്യാർത്ഥികൾക്ക് നൽകുന്ന ഫെല്ലോഷിപ്പ് ഉണ്ട്. എന്നാൽ ഈ സ്കോളർഷിപ്പ് 2022-നു ശേഷം നിർത്തൽ ചെയ്തു എന്ന് വാർത്തകൾ ഉണ്ടായിരുന്നു. ന്യൂനപക്ഷങ്ങളുടെ ഇടയിൽ ഗവേഷണ വിദ്യാർത്ഥികൾ വളരെയേറെ കുറവാണ്. മേല്പറഞ്ഞ സ്കോളർഷിപ്പ് ഉള്ളതുകൊണ്ട് വളരെ കുറച്ച് കുട്ടികൾ എങ്കിലും ഗവേഷണത്തിന് തയ്യാറാകുമായിരുന്നു. മേല്പറഞ്ഞ സ്കോളർഷിപ്പ് നിർത്തി യിട്ടുണ്ടെങ്കിൽ പുനഃസ്ഥാപിക്കണമെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു. സംസ്ഥാന സർക്കാർ ഈ വിഷയം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി പ്രശ്നപരിഹാരം കാണണമെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു. ഇവ കൂടാതെ മറ്റു ചില സ്കോളർഷിപ്പുകളും കേന്ദ്രസർക്കാർ നിർത്തലാക്കി എന്ന വാർത്തകൾ ശ്രദ്ധയിൽ

പെട്ടിട്ടുണ്ട്. അത്തരം സ്കോളർഷിപ്പുകളുടെ കാര്യത്തിലും അവ പുനഃസ്ഥാപിക്കുവാൻ നടപടികൾ എടുക്കേണ്ടതാണ്.

**34.** കേരളസർക്കാർ ഏർപ്പെടുത്തിയിട്ടുള്ള ന്യൂനപക്ഷ സ്കോളർഷിപ്പുകൾ താഴെ പറയുന്നവയാണ്.

1. സി.എച്ച്. മുഹമ്മദ്കോയ സ്കോളർഷിപ്പ്
2. സി.എ./സി.എം.എ./സി.എസ്. സ്കോളർഷിപ്പ്
3. സിവിൽ സർവീസ് ഫീ റീ-ഇമ്പേഴ്സ്മെന്റ് സ്കീം
4. സ്വകാര്യ ഐ.ടി.ഐ. ഫീ റീ-ഇമ്പേഴ്സ്മെന്റ് സ്കീം
5. പ്രൊഫ. ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ്
6. ഇബ്രാഹിം സുലൈമാൻ സേട്ട് ഉറുദു സ്കോളർഷിപ്പ്
7. മദർ തെരേസ സ്കോളർഷിപ്പ്
8. എ.പി.ജെ. അബ്ദുൽ കലാം സ്കോളർഷിപ്പ്
9. പി.ജി. ഡിപ്ലോമാ ഇൻ ജി.എസ്.ടി.
10. യു.ജി.സി., സി.എസ്.ഐ.ആർ., നെറ്റ് പരീക്ഷാ പരിശീലനം
11. വിദേശ പഠനത്തിനുള്ള സ്കോളർഷിപ്പ്

**35.** EWS വിഭാഗത്തിലുള്ള സംവരണേതര വിഭാഗങ്ങൾക്ക് ആനുകൂല്യങ്ങൾക്കുള്ള വരുമാന പരിധി രണ്ട് ലക്ഷമാണ് നിശ്ചയിച്ചിരിക്കുന്നത്. എന്നാൽ ന്യൂനപക്ഷ സ്കോളർഷിപ്പിന് അപേക്ഷിക്കുന്നതിന് അർഹത വേണമെങ്കിൽ കുടുംബത്തിന്റെ വാർഷിക വരുമാനം ഒരു ലക്ഷം രൂപ മാത്രമാണ്. ഈ വരുമാന പരിധികൾ തുല്യമാക്കി രണ്ടും രണ്ടു ലക്ഷമാക്കുന്നതാണുചിതം. അതുപോലെ EWS–ന് അനുവദിക്കുന്ന സ്കോളർഷിപ്പ് തുക

ന്യൂനപക്ഷങ്ങൾക്കുള്ള സ്കോളർഷിപ്പ് തുകയേക്കാൾ കൂടുതലാണ്. സ്കോളർഷിപ്പ് തുകയിലും തുല്യത കൊടുക്കണമെന്നാണ് കമ്മീഷന്റെ അഭിപ്രായം.

36. ക്രൈസ്തവ യുവാക്കൾക്കിടയിലെ തൊഴിലില്ലായ്മ പരിഹരിക്കാൻ അവർക്കിടയിൽ സംരംഭകത്വം വളർത്താനുതകുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കണം. സംരംഭകത്വ പരിശീലനം ഉറപ്പുവരുത്തുന്നതിനു വേണ്ട പദ്ധതികൾ ന്യൂനപക്ഷ കമ്മീഷന്റെ ആഭിമുഖ്യത്തിൽ ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ആരംഭിക്കണം.

37. സ്കൂൾ, കോളേജ്, മെഡിക്കൽ, എഞ്ചിനിയറിംഗ് തുടങ്ങിയ എല്ലാ വിഭാഗങ്ങളിലും അഡ്മിഷനും ജോലിക്കും കമ്മ്യൂണിറ്റി മെറിറ്റിൽ സർക്കാർ പുതിയ നിബന്ധനകൾ കൊണ്ടുവന്നിരുന്നു. ഇത് മാനേജ്മെന്റ് പ്രതിനിധാനം ചെയ്യുന്ന സഭാ വിഭാഗത്തിലെ വിദ്യാർത്ഥികൾക്കും ഉദ്യോഗാർത്ഥികൾക്കും മുൻഗണന ലഭിക്കാത്ത വിധത്തിലാണ്. അതായത് എല്ലാ ക്രിസ്ത്യൻ വിഭാഗങ്ങളെയും ഒരുപോലെ പരിഗണിക്കണമെന്ന നിബന്ധന സ്വീകരിച്ചിരിക്കുന്നത് തികച്ചും അപ്രായോഗികമാണ്. കൂടാതെ സ്ഥാപനത്തിനുവേണ്ടി വിഭവസമാഹരണം നടത്തിയ സമുദായത്തോടുള്ള നീതിനിഷേധവും ആണ്. സുപ്രീം കോടതിയുടെ വിധി ഉള്ളതുകൊണ്ട് കമ്മീഷന് കമ്മ്യൂണിറ്റി ക്വോട്ടയിലെ

നിർവചനം സംബന്ധിച്ച് വേറിട്ട ഒരു നിർദ്ദേശം നൽകുവാൻ നിയമാനുസരണം സാധിക്കുകയില്ല.

38. സ്വാശ്രയമെഡിക്കൽ കോളേജുകളിലും നേഴ്സിംങ്ങ് കോളേജുകളിലും പാരാമെഡിക്കൽ കോഴ്സുകളിലും 50% സീറ്റുകൾ സർക്കാറിന് വിട്ടുകൊടുത്തിരിക്കുന്നു. സർക്കാറിനു ലഭിച്ച 50% സീറ്റിൽ 20% സീറ്റ് കമ്മ്യൂണിറ്റി ക്വോട്ട ആയി സ്വാശ്രയ സ്ഥാപനങ്ങളിൽ നല്കേണ്ടതാണ്. അതില്ലാ എങ്കിൽ സർക്കാർ മെറിറ്റ് സീറ്റിൽ കമ്മ്യൂണിറ്റി മെറിറ്റ് ഇല്ലാതാകും. ബാക്കി വരുന്ന 50% സീറ്റിൽ 30% പൊതു കമ്മ്യൂണിറ്റി ക്വോട്ട ആയും ബാക്കി 20% സ്ഥാപനത്തിന്റെ മാനേജിംഗ് കമ്മ്യൂണിറ്റിയുടെ പ്രത്യേക മാനേജ്മെന്റ് ക്വോട്ട ആയും പരിഗണിക്കേണ്ടതാണ്. ഈ 20% മാനേജ്മെന്റ് ക്വോട്ടയിൽ അർഹത ഏതൊക്കെ വിഭാഗങ്ങൾക്കാണ് എന്നു കാലേക്കൂട്ടി തീരുമാനിക്കാവുന്നതാണ്. ഏതെങ്കിലും കാരണവശാൽ ആ ക്വോട്ടയിൽ യോഗ്യരായ ആളുകളെ ലഭിക്കുന്നില്ല എങ്കിൽ ആ ക്വോട്ടയും 30% പൊതു കമ്മ്യൂണിറ്റി ക്വോട്ട ആയി പരിഗണിക്കേണ്ടതാണ് എന്ന് കമ്മീഷൻ അഭിപ്രായപ്പെടുന്നു.

**39.** ഡയറക്റ്റ് പേയ്മെന്റ് കരാറിൽ സൂചിപ്പിച്ചിട്ടുള്ളതുപോലെ പട്ടിക ജാതി/പട്ടിക വർഗ്ഗത്തിൽപെട്ട യോഗ്യരായ അപേക്ഷകരുടെ അഭാവത്തിൽ കോളേജ് മാനേജ്മന്റ്

ഉൾപ്പെടുന്ന പിന്നോക്ക ന്യൂനപക്ഷ വിഭാഗത്തിൽപെട്ട അപേക്ഷകർക്കും SCCC വിഭാഗങ്ങൾക്കും യോഗ്യതയുടെ അടിസ്ഥാനത്തിൽ കോളേജ് പ്രവേശനം സാധ്യമാക്കുന്ന രീതിയിൽ പഴയ വ്യവസ്ഥകൾ പുനഃസ്ഥാപിക്കുന്നത് ന്യായമാണെന്ന് കമ്മീഷൻ ശുപാർശ ചെയ്യുന്നു. എല്ലാ അഡ്മിഷനുകൾക്കും ഈ തത്ത്വം ബാധകമാക്കാവുന്നതാണ്. (പ്രത്യേകിച്ചും സീറ്റ് ആവശ്യമുള്ള SCCC വിഭാഗത്തിലുള്ള ആളുകൾ അപേക്ഷകരായി ഉള്ള സന്ദർഭങ്ങളിൽ.)

**40.** ഇപ്പോൾ വിവിധ ക്രൈസ്തവ വിഭാഗങ്ങൾക്ക് PSC ജോലിയിലും ഹയർ സെക്കന്ററി അഡ്മിഷൻ, കോളേജ് അഡ്മിഷൻ, പ്രൊഫഷണൽ കോഴ്സുകളുടെ അഡ്മിഷൻ എന്നിവയ്ക്ക് ലഭ്യമായ സംവരണ ശതമാനത്തിന്റെ ചാർട്ട് അനുബന്ധമായി ചേർത്തിരിക്കുന്നു **(അനുബന്ധം - 3).**

**41.** കേരളത്തിലെ പബ്ലിക് സർവ്വീസ് കമ്മീഷൻ നിയമനങ്ങളിൽ ക്രിസ്ത്യാനികളായിട്ടുള്ള പിന്നോക്ക വിഭാഗങ്ങൾക്ക് ലഭിക്കുന്ന സംവരണം LC and Anglo Indians 4%, SIUC Nadar 2%, SCCC 2% എന്നിങ്ങനെ ആകെ 8% ആണ്. ലാസ്റ്റ് ഗ്രേഡ് അല്ലാതെയുള്ള കാര്യങ്ങളിൽ ഉള്ള സംവരണം LC and Anglo Indians 4%, SIUC Nadar 1%, SCCC 1% എന്നിങ്ങനെ ആകെ 6% ആണ്.

**42.** എന്നാൽ ഗവണ്മെന്റ് സ്കൂൾ അഡ്മിഷൻ ക്വോട്ടയിൽ Higher Secondary അഡ്മിഷന് Other Backward Christian-ന് 1%-വും LC/AI/SIUC എല്ലാം കൂട്ടി 3%-വും അങ്ങനെ ആകെ 4%-വുമാണ്. അതേ പോലെ Aided School Higher Secondary അഡ്മിഷന് SEBC സംവരണം ഇല്ലാത്തതുകൊണ്ട് ക്രിസ്ത്യൻ പിന്നോക്ക വിഭാഗങ്ങൾക്കും മറ്റുള്ളവർക്കും യാതൊരു സംവരണവും ഇല്ല. അവിടെ 50% സ്റ്റേറ്റ് മെറിറ്റും 12% SC ക്വോട്ടായും 8% ST ക്വോട്ടായും 30% മാനേജ്മെന്റ് ക്വോട്ടയും ആണ്. എന്നാൽ Minority Community-യോ Backward Community-യോ നടത്തുന്ന എയ്ഡഡ് സ്ഥാപനങ്ങളിൽ 40% മാനേജ്മെന്റ് ക്വോട്ടയും 12% SC ക്വോട്ടയും 8% ST ക്വോട്ടയും 40% സ്റ്റേറ്റ് മെറിറ്റും ആണ്.

**43.** കേരള യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള ഗവ. കോളേജുകളിൽ LC/SIUC സംവരണം 1%-വും other backward Christians-ന് 1%-വും അങ്ങനെ ആകെ 2% ആണ്. അവിടെ SC 15%, ST 5% സംവരണം ഉണ്ട്. എന്നാൽ കേരള യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള Forward Community Aided College-കളിൽ SC 15%, ST 5%, Community Qutoa 10%, Management Quota 20% എന്നിങ്ങനെയാണ്. അതുപോലെ തന്നെ Backward Community Aided college-കളിലും SC 15%, ST 5%,

Community Qutoa 20%, Management Quota 20% എന്നിങ്ങനെയാണ്. എന്നാൽ self-financing college-കളിൽ LC/SIUC സംവരണം 1%-വും Other Backward Christians-ന് 1%-വും അങ്ങനെ ആകെ 2% സംവരണം ഉണ്ട്. അവിടെയും SC സംവരണം 15%-വും, ST സംവരണം 5%-വും ഉണ്ട്.

44. ഗവണ്മെൻറ് മെഡിക്കൽ, എഞ്ചിനിയറിംഗ് അടക്കമുള്ള പ്രൊഫഷണൽ ഡിഗ്രി കോഴ്സുകൾക്ക് LC/AI ക്വോട്ട 3%-വും Other Backward Christian ക്വോട്ട 1%-വും അങ്ങനെ ആകെ 4% സംവരണം ലഭിക്കുന്നു. അവിടെ SC/ST സംവരണം 8%-വും 2%-വും ആണ്.

45. Backward Class Development Department മുഖേന നടത്തുന്ന പ്രൊഫഷണൽ ഡിഗ്രി അഡ്മിഷന് LC/Anglo Indian 3%-വും Other Backward Christian 1% അങ്ങനെ ആകെ 4% ആണ്. Arts and Science College admission-ന് LC/SIUC സംവരണം 1%-വും Other Backward Christian സംവരണം 1%-വും HSC/VHSC admission ന് LC/SIUC സംവരണം 3%-വും Other Backward Christian സംവരണം 1%-വും Medical PG admission-ന് LC/SIUC സംവരണം 1%-വും Other Backward Christian സംവരണം 1%-വും ആണ് അനുവദിച്ചിരിക്കുന്നത്.

46. ജോലിക്കുള്ള സംവരണവും വിദ്യാഭ്യാസത്തിനുള്ള സംവരണവും തമ്മിൽ വലിയ അന്തരമാണ് നമുക്ക് കാണാൻ സാധിക്കുന്നത്. പിന്നോക്ക ക്രിസ്ത്യാനികൾ പ്രധാനമായും നാടാർ, ലത്തീൻ, ആംഗ്ലോ ഇന്ത്യൻ സമൂഹങ്ങളിലും SCCC പരിവർത്തിത ക്രൈസ്തവരിലുമാണുള്ളത്. ഇവർക്ക് ജോലിക്ക് 8% സംവരണം ഉള്ളപ്പോൾ വിദ്യാഭ്യാസത്തിന് 4% മാത്രമാണ് സംവരണം ഉള്ളത്. ഈ സമുദായങ്ങളിലെല്ലാം കൂടി കുറഞ്ഞത് ഇരുപത്തിയഞ്ച് ലക്ഷത്തോളം അംഗങ്ങൾ ഉണ്ടെന്ന് നമുക്ക് അനുമാനിക്കാവുന്നതാണ്. ഈ സമൂഹങ്ങളിൽ നിന്ന് വളരെ വിരളമായി മാത്രമേ മെറിറ്റ് അടിസ്ഥാനത്തിൽ ആളുകൾക്ക് ജോലിയോ പ്രവേശനമോ ലഭിക്കാറുള്ളു. ആ നിലയ്ക്ക് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ കുറഞ്ഞ പക്ഷം 6% എങ്കിലും ഈ വിഭാഗങ്ങൾക്ക് സംവരണം മൂന്ന വിഭാഗങ്ങളിലായി LA/AI എന്നും നാടാർ എന്നും SCCC എന്നും പ്രത്യേക പ്രത്യേക 3:2:1 ക്വോട്ട തിരിച്ച നല്കുന്നതായിരിക്കും ഉത്തമം.

**47.** അതുപോലെ തന്നെ പബ്ലിക് സർവീസ് കമ്മീഷന്റെ നിയമന റൊട്ടേഷൻ ചാർട്ടിൽ SCCC യ്ക്ക് 48-മത്തെ ഊഴത്തിലാണ് ഇപ്പോൾ ഉദ്യോഗം ലിസ്റ്റ് പ്രകാരം ലഭിക്കുന്നത്. ആദ്യത്തെ റാങ്കുകളിൽ പല സമൂഹങ്ങളും 48-ആം ഊഴത്തിന് മുമ്പിൽത്തന്നെ മൂന്നും നാലും പ്രാവശ്യം റൊട്ടേഷൻ ലിസ്റ്റിൽ ഇടം പിടിക്കുന്നുണ്ട്.

അങ്ങനെ ഏതെങ്കിലും സമൂഹം മൂന്നാമത്തെ പ്രാവശ്യം ചാർട്ടിൽ ഇടം പിടിക്കുന്നതിനു മുമ്പുള്ള ഊഴം SCCCയ്ക്ക് നല്കി റൊട്ടേഷൻ ചാർട്ട് പുനർനിർണ്ണയിക്കാവുന്നതാണ് എന്നു കരുതുന്നു. ഇങ്ങനെയാണെങ്കിൽ പ്രായോഗികമായി അവർക്കുള്ള റിസർവേഷൻ അവർക്ക് ലഭിക്കുന്നതാണ്.

48. ഇതു കൂടാതെ Scheduled Caste-നും Scheduled Tribe-നും വലിയൊരു ശതമാനം തസ്തികകളും സീറ്റുകളുമാണ് സംവരണം വഴി നീക്കി വച്ചിരിക്കുന്നത്. പലപ്പോഴും അവരുടെ ഇടയിൽ നിന്ന് ഈ തസ്തികകളിലേയ്ക്കോ സീറ്റുകളിലേയ്ക്കോ ആരേയും കിട്ടാത്ത സാഹചര്യം ഉണ്ടായാൽ അങ്ങനെയുള്ള സീറ്റുകളിലും പോസ്റ്റുകളിലും SCCC വിഭാഗത്തിലുൾപ്പെടുന്ന ആളുകളെ പരിഗണിച്ച് നിയമിക്കുകയോ സീറ്റ നൽകുകയോ ചെയ്യുന്നത് പലപ്പോഴും അതിപരിതാപകരമായ അവസ്ഥയിൽ ജീവിക്കുന്ന പ്രസ്തുത സമൂഹത്തിന് വലിയ ആശ്വാസമായിരിക്കും. പലപ്പോഴും Scheduled Tribes-ന് 2 മുതൽ 8 ശതമാനം വരെ റിസർവേഷനും Scheduled Caste-ന് 8 മുതൽ 15 വരെ ശതമാനം റിസർവേഷൻ വിവിധ മേഖലയിൽ ലഭിക്കുന്നുണ്ട്. ഇതു പലപ്പോഴും ജനറൽ മെറിറ്റിൽ യോജിപ്പിക്കുകയാണ് പതിവ്. അത് ഒഴിവാക്കി SCCC-യ്ക്ക് കൊടുക്കുന്നത് വളരെ ആശ്വാസമായിരിക്കും.

**49.** സർക്കാർ ആർട്ട്സ് ആന്റ് സയൻസ് കോളേജുകളിലും യൂണിവേഴ്സിറ്റികളിലും സംവരണത്തിലൂടെയുള്ള പ്രവേശനത്തിനുള്ള സുതാര്യമായ റൊട്ടേഷൻ ചാർട്ടും സീറ്റുകളും പ്രോസ്പെക്ടസിൽ തന്നെ പ്രസിദ്ധപ്പെടുത്തണം.

**50.** എയ്ഡഡ് മേഖലയിലെ എല്ലാ ക്രിസ്ത്യൻ ന്യൂനപക്ഷ സ്ഥാപനങ്ങളിലും കമ്യൂണിറ്റി ക്വോട്ട 20% അനുവദിക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായുണ്ടാകണം.

**51.** ഗ്രാമീണ മേഖലയിലെ കുട്ടികൾക്ക്, പ്രത്യേകിച്ച് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക്, തങ്ങളുടെ ജില്ലയിൽ മികച്ച വിദ്യാഭ്യാസ അവസരങ്ങൾ കുറവായതിനാൽ ജില്ലയ്ക്കു പുറത്തുപോയി പഠിക്കുവാനുള്ള ആവശ്യങ്ങൾക്കായി ന്യൂനപക്ഷ വകുപ്പിൽ കൂടുതൽ സ്കോളർഷിപ്പുകളും സംവരണവും അനുവദിക്കണം.

**52.** ക്രൈസ്തവ സഭകളുടെ കീഴിൽ പ്രവർത്തിക്കുന്ന സ്പെഷ്യൽ സ്കൂളുകളും മറ്റ് സ്വകാര്യ സംഘടനകൾ നടത്തുന്ന സ്പെഷ്യൽ സ്കൂളുകളും വളരെ വലിയ സേവനമാണ് ചെയ്യുന്നത്. ഈ കുട്ടികളെ പഠിപ്പിക്കുന്നതും അവർക്കു വേണ്ട ശുശ്രൂഷ ചെയ്യുന്നതും വളരെ പ്രയാസമുള്ള കാര്യമാണ്. ഇക്കാര്യത്തിൽ ഏറ്റവും കൂടുതൽ താൽപര്യം എടുത്തിരിക്കുന്നത് ക്രൈസ്തവ സഭകളാണ്. വികസിത സമൂഹങ്ങളിൽ ഇങ്ങനെയുള്ള കുട്ടികളുടെ പരിപാലനവും

ശുശ്രൂഷയും ഏതാണ്ട് മൊത്തമായിത്തന്നെ സർക്കാർ ഏറ്റെടുക്കുന്നുണ്ട്. ഇതിൽ പല കുട്ടികൾക്കും ഒരു സാധാരണ സ്കൂളിൽ പോയി പഠിക്കാൻ സാധിക്കാത്ത ശാരീരികമായ ബുദ്ധിമുട്ടുകൾ ഉള്ളവരാണ്. എന്നു മാത്രവുമല്ല ഇവർക്ക് ഓരോ വിഷയത്തിലും പ്രത്യേക ശ്രദ്ധ ലഭിക്കേണ്ടതും പ്രത്യേക രീതിയിലുള്ള അധ്യയന ശൈലികൾ ആവശ്യമുള്ളവരുമാണ്. അതുകൊണ്ട് സ്പെഷ്യൽ സ്കൂളിലെ വിദ്യാർത്ഥികളും സാധാരണ കുട്ടികൾക്കു വേണ്ടതിലധികമായി സർക്കാരിന്റെ പ്രത്യേക പരിഗണന അർഹിക്കുന്നു. ആയതിനാൽ ഓരോ സ്കൂളിലും പഠിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണം അനുസരിച്ച് ഓരോ സ്കൂളിനും അവിടെ ജോലി ചെയ്യുന്ന ജീവനക്കാർക്കും പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സർക്കാർ ഏതു രീതിയിലുള്ള സൗകര്യങ്ങളും ശമ്പളവും നല്കുമായിരുന്നോ അതേ രീതിയുള്ള സൗകര്യങ്ങളും ശമ്പളവും സ്പെഷ്യൽ സ്കൂളുകളുടെ മാനേജ്മെന്റിനും ജീവനക്കാർക്കും നൽകേണ്ടതാണ് എന്ന് കമ്മീഷൻ ശുപാർശ ചെയ്യുന്നു.

53. ഗ്രാമീണ മേഖലയിലെ ക്രിസ്ത്യൻ ന്യൂനപക്ഷ സ്ഥാപനങ്ങളായ എയ്ഡഡ് വിദ്യാലയങ്ങൾക്ക് ധനസഹായം നൽകി ജീർണ്ണാവസ്ഥ പരിഹരിക്കണമെന്നത് പൊതുവിൽ ഉന്നയിക്കപ്പെട്ട ഒരു ആവശ്യമാണ്. ഇത്തരത്തിലുള്ള പല സ്ഥാപനങ്ങളും 1958-ലെ കേരള വിദ്യാഭ്യാസ നിയമം പ്രാബല്യം

വരുന്നതിനു മുമ്പ് സ്ഥാപിക്കപ്പെട്ടവയും കേരളത്തിന്റെ വികസനത്തിനും മറുനാടൻ ജോലി സാദ്ധ്യതകൾക്കും വലിയ സംഭാവനകൾ ചെയ്തിട്ടുള്ളവയുമാണ്. ഇത്തരത്തിലുള്ള സ്കൂൾ കെട്ടിടങ്ങളുടെ ജീർണ്ണോദ്ധാരണത്തിനും ആധുനികവത്കരണത്തിനും പ്രാഥമിക സൗകര്യലബ്ധിക്കുമായി സർക്കാർ നിശ്ചിത അളവിൽ സഹായം ചെയ്യേണ്ടതാണ് എന്ന് ശുപാർശ ചെയ്യുന്നു.

**54.** കുടുംബത്തിന്റെ സാമ്പത്തിക സാഹചര്യം മോശമായ കുട്ടികൾക്ക് 'പഠന വീടുകൾ' ഉണ്ടാകണം; കുട്ടികൾക്ക് താമസം, ഭക്ഷണം മുതലായവ ലഭ്യമാകണം; അവർക്കായി ബ്രിഡ്ജ് കോഴ്സുകളും സ്റ്റഡി സെന്ററുകളും ആരംഭിക്കണം; ഇംഗ്ലീഷ്, ഗണിതം തുടങ്ങിയ വിഷയങ്ങൾക്ക് സ്കൂൾ തലത്തിൽ പരിഹാര ബോധനക്ലാസുകൾ ഉണ്ടാകണം മുതലായ ആവശ്യങ്ങൾ തികച്ചും ന്യായമാണ് എന്നു കാണുന്നു. ഇത്തരം പരിപാടികൾക്ക് ന്യൂനപക്ഷവകുപ്പിന്റെ സാമ്പത്തിക സഹായം തീരദേശ മേഖലകളിലും മലയോര പ്രദേശങ്ങളിലും കുട്ടനാട്ടിലും ലഭിക്കേണ്ടതാണ്. ഇവയെല്ലാം എല്ലാ സ്ഥലത്തും പൂർണ്ണമായി സൗകര്യങ്ങൾ ചെയ്തുകൊടുക്കാൻ ഉള്ള വിഭവശേഷി ന്യൂനപക്ഷ വകുപ്പിന് ഇല്ലായെങ്കിൽ ഈ രംഗത്ത് സേവന തല്പരരായി മുമ്പോട്ടു വരുന്ന നോൺ-ഗവൺമെന്റൽ സന്നദ്ധ സഹായ സംഘങ്ങൾക്ക് അവർ ചെയ്യുന്ന സേവനങ്ങൾക്ക് ആനുപാതികമായി ഭാഗികമായ

സഹായം സർക്കാർ ന്യൂനപക്ഷ വകുപ്പ് വഴി നൽകണം എന്നും ഇക്കാര്യത്തിൽ ശുപാർശ ചെയ്യുന്നു.

55. നിലവിലുള്ള ക്രിസ്ത്യൻ ന്യൂനപക്ഷ സ്കൂളുകളിൽ (L.P., U.P., H.S.) പഠിക്കുന്ന കുട്ടികൾക്ക് പലപ്പോഴും ആ സ്കൂളിൽ ഇപ്പോൾ നിലവിലുള്ള അവസാന ക്ലാസ്സിൽ നിന്നു പാസ്സായാൽ അടുത്ത സ്ഥലങ്ങളിൽ ഉയർന്ന ക്ലാസ്സുകളുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ ലഭ്യമല്ല എന്ന് പല സ്ഥലങ്ങളിൽ നിന്നും പരാതി ഉണ്ടായിട്ടുണ്ട്. ഒരു ന്യായമായ ദൂരത്തിനുള്ളിൽ അത്തരം സ്കൂളുകൾ ലഭ്യമല്ലെങ്കിൽ നിലവിലുള്ള ക്രിസ്ത്യൻ ന്യൂനപക്ഷ സ്കൂളുകൾ ആവശ്യാനുസരണം അപ്ഗ്രേഡ് ചെയ്യണമെന്ന് കമ്മീഷൻ ശുപാർശ ചെയ്യുന്നു.

**സ്കോളർഷിപ്പ്**

**56.**a. രണ്ടുലക്ഷത്തിൽ താഴെ വാർഷിക വരുമാനമുള്ള (i) മാതാപിതാക്കൾ മരിച്ചുപോയതോ നഷ്ടപ്പെട്ടതോ ആയ ക്രിസ്ത്യൻ കുട്ടികൾക്കും (ii) പിതാവ് മരിച്ച സ്കൂൾ വിദ്യാർത്ഥികളായ പെൺകുട്ടികൾക്കും (iii) ക്രൈസ്തവ കർഷകരുടെ മക്കൾക്കും സ്കോളർഷിപ്പ് നൽകുക.

b. ട്യൂഷൻ ഫീ റീ-ഇമ്പേഴ്സ്മെന്റ്പദ്ധതി നടപ്പിലാക്കുകയും ഉന്നത വിദ്യാഭ്യാസത്തിന് പലിശ രഹിത ലോണുകൾ നല്കുകയും ചെയ്യണം. സ്വദേശത്തിലെ ഉന്നത വിദ്യാഭ്യാസത്തിനും പലിശ

രഹിത വായ്പ ലഭിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ ലഘൂകരിക്കേണ്ടതുണ്ട്.

c. ഒ.ഇ.സി. ലിസ്റ്റിൽ ഉൾപ്പെടുന്നതിനാൽ ജാതി അടിസ്ഥാനത്തിൽ ലഭിക്കുന്ന സ്റ്റൈപ്പന്റും ലംപ്സം ഗ്രാന്റും സ്കോളർഷിപ്പ് അല്ല എന്നു വ്യക്തമാക്കുന്ന ഉത്തരവുകൾ ഉണ്ടാവണം.

57. പ്രൊഫഷണൽ വിദ്യാഭ്യാസം ലഭിച്ച ക്രിസ്ത്യൻ വിദ്യാർത്ഥികൾക്ക് പുതിയ സ്റ്റാർട്ട് അപ്പുകൾ ആരംഭിക്കുന്നതിന് ആവശ്യമായ വ്യക്തിഗത ലോണുകളും ഗ്രൂപ്പ് ലോണുകളും ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന് കീഴിൽ നടപ്പിലാക്കുക.

58. ക്ഷേമ പെൻഷനുകളായി 1,600 രൂപ വ്യക്തികൾക്ക് നൽകുമ്പോൾ ഗവൺമെന്റ് ഗ്രാന്റായി ഓർഫനേജുകൾക്ക് ആളൊന്നുക്ക് 1,100 രൂപ മാത്രമാണ് നൽകുന്നത്. അത് ക്ഷേമ പെൻഷനുമായി തുല്യമാക്കണം.

59. 2011-ലെ സെൻസസ് പ്രകാരം കേരളത്തിൽ മതന്യൂനപക്ഷങ്ങൾ ആകെയുള്ളത് 1,50,27,796 ആണ്. അതിൽ 88,73,472 (59.05%) മുസ്ലീങ്ങളും 61,41,269 (40.87%) ക്രിസ്ത്യാനികളുമാണ്. സിഖ്, ബുദ്ധിസ്റ്റ്, ജെയിൻ തുടങ്ങി മറ്റ് മതന്യൂനപക്ഷങ്ങളുടെ എണ്ണം 1%-ൽ താഴെയാണ്. കാസർകോട്,

കണ്ണൂർ, കോഴിക്കോട്, മലപ്പുറം, പാലക്കാട് എന്നീ ജില്ലകളിൽ മതന്യൂനപക്ഷങ്ങളുടെ ഇടയിൽ 70%-ൽ കൂടുതൽ മുസ്ലീങ്ങളാണ്. എറണാകുളം, ഇടുക്കി, കോട്ടയം, പത്തനംതിട്ട എന്നീ ജില്ലകളിലുള്ള മതന്യൂനപക്ഷങ്ങളിൽ 70%-ൽ അധികവും ക്രിസ്ത്യാനികളാണ്. ന്യൂനപക്ഷക്ഷേമ ഡയറക്ടറേറ്റിൽ നിന്ന് വിവരാകാശനിയമം പ്രകാരം ലഭിച്ച മറുപടിയിൽ പറയുന്നത് അവിടെയുള്ള 22 ജീവനക്കാരിൽ മതന്യൂനപക്ഷങ്ങളായിട്ടുള്ളവർ ഏതാണ്ട് മുഴുവനും മുസ്ലീങ്ങളാണ്. മറ്റ് മതന്യൂനപക്ഷങ്ങൾക്ക് പ്രാതിനിധ്യമില്ല. അതിനാൽ മറ്റ് ന്യൂനപക്ഷ സമുദായത്തിൽ പ്പെട്ടവർക്ക്, പ്രത്യേകിച്ച് ക്രിസ്ത്യാനികൾക്ക്, അവിടെനിന്ന് എന്തെങ്കിലും വിവരം ലഭിക്കുവാൻ ബുദ്ധിമുട്ടാണെന്നും മറ്റുമാണ് കമ്മീഷനിൽ ലഭിച്ച നിവേദനങ്ങളിൽ പറയുന്നത്.

60. സൂപ്പർവൈസറിൽ താഴെയുള്ള ജീവനക്കാരുടെ നിയമനത്തിന് സ്പെഷ്യൽ റൂൾസ് ഇല്ല എന്നതാണ് ഇതിന്റെ പ്രധാന കാരണം. സർക്കാരിൽ നിന്ന് ശമ്പളം വാങ്ങിക്കുന്ന സർക്കാർ ജീവനക്കാരായതിനാൽ ന്യൂനപക്ഷക്ഷേമ ഡയറക്ടറേറ്റിലെ നിയമനങ്ങൾ പി.എസ്.സി. മുഖേന ആക്കണമെന്നാണ് കമ്മീഷന്റെ ശുപാർശ. സ്പെഷ്യൽ റൂൾസ് നിലവിൽ വരുവാൻ താമസം നേരിടുകയും ക്യാഷ്വൽ ആയി നിയമനം നടത്തേണ്ടി വരുകയും ചെയ്താൽ പി.എസ്.സി. ലിസ്റ്റിൽ

ഉള്ളവരെ നിയമിക്കുന്നത് ഉചിതമായിരിക്കും. കൂടാതെ ന്യൂനപക്ഷക്ഷേമ ഡയറക്ടറേറ്റിൽ നിയമനം നടത്തുമ്പോൾ, ക്യാഷ്വൽ ആയാലും, എല്ലാ മതന്യൂനപക്ഷങ്ങൾക്കും പ്രാതിനിധ്യം ഉണ്ടാകണം. അല്ലെങ്കിൽ ആവശ്യമില്ലാത്ത സംശയങ്ങൾക്ക് ഇടയാക്കും.

**61.** 2019-ലെ കേരള മദ്രസ്സ അധ്യാപക ക്ഷേമനിധി നിയമം പോലെയുള്ള ഒരുനിയമം സൺഡേസ്കൂൾ/വേദപഠനം/ മതബോധനം നടത്തുന്ന അധ്യാപകർക്കു വേണ്ടി നടപ്പിലാക്കണമെന്ന ആവശ്യം വളരെ ന്യായമാണെന്ന് കമ്മീഷൻ കരുതുന്നു. അല്ലെങ്കിൽ അത് വിവേചനമാകും. മദ്രസ്സ അധ്യാപക ക്ഷേമനിധിയിൽ സർക്കാർ നൽകുന്ന സഹായങ്ങൾ ഈ ക്ഷേമനിധി നിയമം പ്രകാരം രൂപീകരിക്കുന്ന ക്ഷേമനിധി ഫണ്ടിലും ഉണ്ടാകണം. Madrassa Teachers Welfare Fund പോലെ ക്രിസ്ത്യൻ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന വേദപാഠ അധ്യാപകർക്ക് അതേ രീതിയിൽ വെൽഫെയർ ഫണ്ട് രൂപീകരിക്കണം.

**62.** വിവരാവകാശ നിയമപ്രകാരം ലഭിച്ച മറുപടിയിൽ പറയുന്നതനുസരിച്ച് നിയമസഭയിലെ നക്ഷത്ര ചിഹ്നമിട്ട ചോദ്യത്തിനുള്ള (ചോദ്യം നമ്പർ 122, പതിനഞ്ചാം കേരള നിയമസഭ, രണ്ടാം സമ്മേളനം) മറുപടിയായി മദ്രസ അദ്ധ്യാപക

ക്ഷേമനിധിയ്ക്ക് കോർപസ് ഫണ്ടായി 2010-ൽ 10 കോടി രൂപയും 2015-16 വർഷത്തിൽ ട്രഷറിയിലെ പലിശരഹിത നിക്ഷേപത്തിനുള്ള ഇൻസെന്റീവ് ആയി 3,75,33,000 രൂപയും 2009 മുതൽ 2021 വരെ ഓഫീസ് എസ്റ്റാബ്ലിഷ്മെന്റ് ചിലവുകൾക്കായി 4,01,99,412 രൂപയും അനുവദിച്ചിട്ടുണ്ട്. അതു പോലെ യത്തീം ഖാനയിലെ അന്തേവാസികൾക്ക് പ്രൊഫഷണൽ കോഴ്സിന് പഠിക്കുവാൻ വർഷം തോറും നൽകുന്ന 10,000 രൂപ വീതമുള്ള സ്കോളർഷിപ്പുകൾ ക്രിസ്ത്യാനികൾ ഉൾപ്പെടെയുള്ള മറ്റു മതന്യൂനപക്ഷങ്ങൾ നടത്തുന്ന അനാഥാലയങ്ങളിൽ താമസിച്ച് പഠിക്കുന്ന വിദ്യാർത്ഥികൾക്കും നൽകണം.

**63.** പ്രധാനമന്ത്രി ജൻവികാസ് കാര്യക്രം പോലെയുള്ള കേന്ദ്രസർക്കാരിന്റെ നേരിട്ടുള്ള പദ്ധതികൾ നടപ്പാക്കുമ്പോൾ ക്രൈസ്തവർക്കും ക്രൈസ്തവ മേഖലകൾക്കും തുല്യപരിഗണന നൽകണം. 20%-ൽ അധികം ന്യൂനപക്ഷങ്ങൾ ഉള്ള ജില്ലകളെയാണ് ന്യൂനപക്ഷ കേന്ദ്രീകൃത ജില്ലകൾ എന്ന് വിളിക്കുന്നത്. എന്നാൽ കേന്ദ്ര പദ്ധതിയാണെങ്കിലും ക്രൈസ്തവർക്ക് കാര്യമായ പ്രയോജനം ലഭിച്ചിട്ടില്ല. മുസ്ലിം കേന്ദ്രീകൃത ജില്ലകളിൽ ആണ് പ്രധാനമായും പദ്ധതി നടപ്പാക്കുന്നത്. ക്രിസ്ത്യാനികൾക്ക് അർഹമായ ആനുകൂല്യം കിട്ടുന്നില്ല. മലപ്പുറം ജില്ലയിൽ തന്നെ 25 സെന്ററുകളാണ്

ഇതിനായിട്ടുള്ളത്. 43.48% ക്രിസ്ത്യാനികൾ ഉള്ള കോട്ടയം ജില്ലയിൽ ഈ പദ്ധതിക്കായി തെരഞ്ഞെടുത്തിരിക്കുന്നത് മുസ്ലീങ്ങൾ കൂടുതലുള്ള ഈരാറ്റുപേട്ട മുനിസിപ്പാലിറ്റി മാത്രമാണ്. ന്യൂനപക്ഷങ്ങളിൽ ക്രിസ്ത്യാനികൾക്ക് ഭൂരിപക്ഷമുള്ള എറണാകുളം ജില്ലയിൽ മൂന്ന്സെന്ററുകൾ മാത്രമേയുള്ളൂ. സംസ്ഥാനം നിർദ്ദേശിക്കുന്ന സ്ഥലങ്ങളിലാണ് ഈ പദ്ധതി നടപ്പാക്കേണ്ടത്. ഇടുക്കി, വയനാട്, പത്തനംതിട്ട തുടങ്ങിയ മലയോരപ്രദേശങ്ങൾ പിന്നോക്കാവസ്ഥയിലാണെങ്കിലും കാര്യമായ സെന്ററുകൾ ഇല്ല. ക്രൈസ്തവ ആവാസകേന്ദ്രങ്ങളെക്കൂടി, ജനസംഖ്യാടിസ്ഥാനത്തി ലെങ്കിലും, ഈ പദ്ധതികളിൽ ഉൾപ്പെടുത്തണമെന്ന് കമ്മീഷൻ ശുപാർശ ചെയ്യുന്നു.

64. പ്രധാനമന്ത്രി ജൻവികാസ് കാര്യക്രം പദ്ധതിയുടെ നടത്തിപ്പിനും മേൽനോട്ടത്തിനുമായി സംസ്ഥാനത്ത് വിവിധ ജില്ലകളിൽ പ്രത്യേക സമിതികൾക്ക് സംസ്ഥാന സർക്കാർ രൂപം നൽകിയിട്ടുണ്ട്. മതന്യൂനപക്ഷങ്ങളിൽ ക്രിസ്ത്യാനികൾ കൂടുതൽ താമസിക്കുന്ന പത്തനംതിട്ട ജില്ലയിൽ ന്യൂനപക്ഷ ക്ഷേമത്തിന് വേണ്ടിയുള്ള ഈ സമിതി രൂപീകരിച്ചിട്ടില്ല. എറണാകുളം ജില്ലയിൽ മതന്യൂനപക്ഷങ്ങളിൽ ക്രിസ്ത്യാനികളാണ് കൂടുതൽ എങ്കിലും ക്രിസ്ത്യൻ സമുദായത്തിൽ നിന്ന് ആരും തന്നെ ഈ ജില്ലാതല സമിതിയിൽ ഇല്ല. അതേ സമയം ക്രിസ്ത്യാനികളുടെ

അംഗസംഖ്യയിൽ പകുതിയിൽ താഴെ മാത്രം അംഗസംഖ്യയുള്ള മുസ്ലിം സമുദായത്തിൽ നിന്ന് രണ്ട് അംഗങ്ങളുണ്ട്. ഇടുക്കിയിൽ മുസ്ലീങ്ങളേക്കാൾ ആറിരട്ടി ക്രിസ്ത്യാനികൾ ഉണ്ടെങ്കിലും ജില്ലാസമിതിയിൽ മൂന്ന് മുസ്ലീങ്ങൾ ഉള്ളപ്പോൾ ക്രിസ്ത്യാനികൾ ആരും തന്നെയില്ല. തിരുവനന്തപുരം ജില്ലയിൽ മുസ്ലീങ്ങളേക്കാൾ കൂടുതൽ ക്രിസ്ത്യാനികൾ ഉണ്ടെങ്കിലും ജില്ലാ സമിതിയിലെ മൂന്ന്അംഗങ്ങളും മുസ്ലീങ്ങളാണ്. ക്രിസ്ത്യാനികൾക്ക് പ്രാതിനിധ്യമില്ല. മേൽ പരാമർശിക്കപ്പെട്ട കാര്യങ്ങൾ കമ്മീഷന്റെ മുമ്പാകെ ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ട്. ഈ പരാതി സർക്കാർ പരിശോധിച്ച് പ്രധാനമന്ത്രി ജൻവികാസ് കാര്യക്രം പദ്ധതിപ്രകാരം എല്ലാ ജില്ലകളിലുമുള്ള ജില്ലാ സമിതികളിൽ ജനസംഖ്യ അനുസരിച്ച് വിവിധ ന്യൂനപക്ഷങ്ങൾക്ക് ആനുപാതികമായി പ്രാതിനിധ്യം ഉണ്ടാകേണ്ടതാണ് എന്ന ശുപാർശ ചെയ്യുന്നു.

65. അതുപോലെ കോട്ടയം, ഇടുക്കി, പത്തനംതിട്ട, എറണാകുളം, തൃശ്ശൂർ ജില്ലകളിൽ ജനസംഖ്യയിൽ ക്രിസ്ത്യാനികളാണ് മുസ്ലീങ്ങളേക്കാൾ കൂടുതൽ എങ്കിലും ന്യൂനപക്ഷ പ്രൊമോട്ടർമാരെ നിയമിച്ചപ്പോൾ ക്രിസ്ത്യൻ പ്രാതിനിധ്യം നന്നേ കുറവാണ്. കമ്മീഷനിൽ ലഭിച്ച നിവേദനങ്ങളിൽ പറയുന്നതനുസരിച്ചും വിവരാവകാശ നിയമപ്രകാരം ലഭിച്ച മറുപടിയിൽ പറയുന്നതനുസരിച്ചും പ്രധാനമന്ത്രി ജൻവികാസ്

കാര്യക്രം പദ്ധതിയുടെ നടത്തിപ്പിനും മേൽനോട്ടത്തിനുമായി സംസ്ഥാനത്തെ വിവിധ ജില്ലകളിൽ രൂപീകരിച്ചിട്ടുള്ള ജില്ലാതല സമിതികളിലും ന്യൂനപക്ഷ പ്രൊമോട്ടർമാരുടെ നിയമനത്തിലും ഉള്ള സമുദായങ്ങളുടെ പ്രാതിനിധ്യം താഴെപറയും പ്രകാരമാണ്:

**66.** പ്രധാനമന്ത്രി ജൻവികാസ് കാര്യക്രം ജില്ലാതല സമിതികളിലെ സമുദായങ്ങളുടെ പ്രാതിനിധ്യം (നിവേദനങ്ങളിൽ സമർപ്പിച്ച രേഖകൾ പ്രകാരം):

| ജില്ല | മുസ്ലിം | | ക്രിസ്ത്യൻ | | മറ്റുള്ളവർ |
|---|---|---|---|---|---|
| | ജനസംഖ്യ ശതമാനം | കമ്മിറ്റിഅംഗങ്ങൾ | ജനസംഖ്യ ശതമാനം | കമ്മിറ്റിഅംഗങ്ങൾ | |
| തിരുവനന്തപുരം | 13.72 | 3 | 19.21 | - | |
| കൊല്ലം | 19.29 | 2 | 15.99 | 1 | |
| പത്തനംതിട്ട | 4.59 | ഇല്ല | 38.12 | ഇല്ല | |
| ആലപ്പുഴ | 10.55 | 2 | 20.45 | 1 | |
| കോട്ടയം | 6.41 | 1 | 43.48 | 2 | |
| ഇടുക്കി | 7.41 | 3 | 43.42 | - | |
| എറണാകുളം | 15.67 | 2 | 38.03 | - | 1 സിഖ് |
| തൃശ്ശൂർ | 17.07 | 2 | 24.27 | 1 | |
| പാലക്കാട് | 28.93 | 3 | 4.07 | - | |
| മലപ്പുറം | 70.24 | 3 | 1.98 | - | |
| കോഴിക്കോട്, | 39.24 | 3 | 4.26 | - | |
| വയനാട് | 28.65 | 1 | 21.34 | 1 | 1 ജൈനർ |
| കണ്ണൂർ | 29.43 | 3 | 10.41 | - | |
| കാസർകോട് | 37.24 | 2 | 6.68 | 1 | |
| കേരളം ആകെ | 26.56 | 30 | 18.38 | 7 | 1 സിഖ്<br>1 ജൈനർ |

67. ന്യൂനപക്ഷ പ്രൊമോട്ടർമാരുടെ നിയമനത്തിലെ സമുദായങ്ങളുടെ പ്രാതിനിധ്യം (നിവേദനങ്ങളിൽ സമർപ്പിച്ച രേഖകൾ പ്രകാരം):

| ജില്ല | പഞ്ചായത്ത് | ആകെ നിയമിക്കപ്പെട്ട പ്രൊമോട്ടർമാർ | ആകെജനസംഖ്യ | മുസ്ലിം ജനസംഖ്യ | ശതമാനം | മുസ്ലിം പ്രൊമോട്ടർമാ | ക്രിസ്ത്യൻ ജനസംഖ്യ | ശതമാനം | ക്രിസ്ത്യൻ പ്രൊമോട്ടർമാർ |
|---|---|---|---|---|---|---|---|---|---|
| തിരുവനന്തപുരം | 73 | 55 | 3234356 | 431512 | 13 | 45 | 595563 | 18 | 10 |
| കൊല്ലം | 70 | 46 | 2585208 | 474071 | 18 | 43 | 423745 | 16 | 3 |
| പത്തനംതിട്ട | 54 | 53 | 1234016 | 56457 | 5 | 39 | 481602 | 39 | 14 |
| ആലപ്പുഴ | 73 | 50 | 2109160 | 208042 | 10 | 38 | 441643 | 21 | 12 |
| കോട്ടയം | 73 | 55 | 1953646 | 116686 | 6 | 33 | 871371 | 45 | 22 |
| ഇടുക്കി | 53 | 45 | 1129221 | 81222 | 7 | 35 | 480108 | 43 | 10 |
| എറണാകുളം | 84 | 64 | 3105798 | 451764 | 15 | 47 | 1204471 | 39 | 17 |
| തൃശ്ശൂർ | 88 | 81 | 2974232 | 488697 | 16 | 56 | 720152 | 24 | 25 |
| പാലക്കാട് | 91 | 83 | 2617482 | 703596 | 27 | 78 | 109249 | 4 | 5 |
| മലപ്പുറം | 100 | 114 | 3625471 | 2484576 | 69 | 114 | 80650 | 2 | - |
| കോഴിക്കോട് | 75 | 84 | 2879131 | 1078750 | 37 | 79 | 127468 | 4 | 5 |
| വയനാട് | 25 | 28 | 780619 | 209758 | 27 | 22 | 175495 | 22 | 6 |
| കണ്ണൂർ | 81 | 99 | 2408956 | 665548 | 28 | 87 | 261019 | 11 | 12 |
| കാസർകോട് | 38 | 46 | 1204078 | 413063 | 34 | 44 | 84891 | 7 | 2 |

68. ജനസംഖ്യാടിസ്ഥാനത്തിൽ എല്ലാ ജില്ലകളിലും ക്രിസ്ത്യൻ പ്രാതിനിധ്യം ഉറപ്പാക്കിയെങ്കിൽ മാത്രമേ വിവേചനം ഇല്ലാതാകുകയുള്ളൂ. അതിനാവശ്യമായ നടപടികൾ സർക്കാരും ന്യൂനപക്ഷ ക്ഷേമവകുപ്പും സ്വീകരിക്കേണ്ടതാണ്.

69. സംസ്ഥാന ന്യൂനപക്ഷ കമ്മീഷനെ നിയമിച്ചു കൊണ്ടുള്ള നിയമം (The Kerala State Commission for Minorities Act,

2014) അനുസരിച്ച് കമ്മീഷന് ഒരു ചെയർമാനും രണ്ട് അംഗങ്ങളും ആണുള്ളത്. നിയമത്തിന്റെ ഇംഗ്ലീഷ് പതിപ്പിൽ പറയുന്നത് ഇപ്രകാരമാണ്:

"3. **Constitution of the Kerala State Commission for Minorities**:-

(2) The Commission shall consist of the following members, namely:--

(a) a Chairperson belonging to a minority community in the State, having special knowledge in matters relating to the minority and knowledge in law, nominated by the Government;

(b) a member belonging to another minority community in the State and having special knowledge in matters relating to the minority, nominated by the Government;

(c) a woman belonging to minority community in the State having special knowledge in matters relating to the minority and who has proved working excellence in such matters, nominated by the Government."

**70.** എന്നാൽ ഈ നിയമം 2018-ൽ ഭേദഗതി ചെയ്ത് വകുപ്പ് 2 (ബി)-യിൽ "another minority community" എന്നത് "a minority community" എന്നാക്കി. സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ചെയർമാൻ മുസ്ലിം സമുദായത്തിൽ പെട്ടയാളാണ്. അംഗവും മുസ്ലിം സമുദായത്തിൽ നിന്ന് തന്നെ ആകുവാൻ വേണ്ടി ചെയ്തതാണെന്നാണ് പല നിവേദനങ്ങളിലും പറയുന്നത്. ചെയർമാൻ ഒരു സമുദായത്തിൽ നിന്നാകുമ്പോൾ അംഗം മറ്റൊരു

സമുദായത്തിൽ നിന്നാകുന്നതാണ് ഉചിതമെന്നാണ് കമ്മീഷന്റെ അഭിപ്രായം. അത് നിയമസഭയുടെ പരിഗണനയിൽ വരേണ്ട വിഷയം ആയതിനാൽ ഈകാര്യം സർക്കാർ പരിഗണിക്കണമെന്ന് കമ്മീഷൻ ശുപാർശ ചെയ്യുന്നു.

**71.** ഭരണഘടനാ ഭേദഗതി പ്രകാരം 'സംവരണേതരവിഭാഗം' എന്നത് മാത്രമാണ് നിയമപരമായി പ്രാബല്യമുള്ള പ്രയോഗം. സംവരണേതര വിഭാഗങ്ങളെ 'മുന്നോക്ക' വിഭാഗങ്ങൾ എന്ന് ഔദ്യോഗികമായി വിളിക്കുന്നതിന് നിയമപരമായ ആധികാരികത ഇല്ല. എന്നാൽ മുൻപ് നിലവിലുള്ള ഭാഷാപ്രയോഗം എന്നുള്ള നിലയിൽ സർക്കാർ ഉത്തരവുകളിലും മറ്റു വിജ്ഞാപനങ്ങളിലും ഇത്തരം പ്രയോഗങ്ങൾ കടന്നു കൂടിയിരിക്കുന്നു. അതു കാരണം, പ്രായോഗികമായി നേരിടുന്ന ബുദ്ധിമുട്ടുകളെ കമ്മീഷൻ മുമ്പാകെ പ്രത്യേകം ചൂണ്ടികാണിക്കപ്പെടുകയുണ്ടായി. സംവരണേതര വിഭാഗത്തിലും, വളരെ പാവപ്പെട്ട, സ്വന്തമായി ഭൂമിയോ വീടോ ഇല്ലാത്തവരും ബി.പി.എൽ വിഭാഗത്തെ പോലെ തന്നെ വളരെ താഴെത്തട്ടിലുള്ളവരും തൊഴിൽ ഇല്ലാത്തവരുമായി ധാരാളം പേരുണ്ട്. കമ്മീഷന്റെ മുമ്പാകെ ഇതുമായി ബന്ധപ്പെട്ട് ധാരാളം പഠനങ്ങൾ വിവിധ സഭകളും ഗവേഷണ സ്ഥാപനങ്ങളും ഹാജരാക്കിയിട്ടുണ്ട്. വളരെ വിപുലമായ വിവര ശേഖരണവും വിശകലനവും നടത്തിയാണ് പ്രസ്തുത റിപ്പോർട്ടുകൾ

തയ്യാറാക്കിയിരിക്കുന്നത്. ഇതിൽ നിന്നു മനസ്സിലാക്കേണ്ടത് പരമ്പരാഗത ധാരണയ്ക്കു വിരുദ്ധമായി കേരളത്തിലെ ക്രൈസ്തവ വിഭാഗങ്ങളിൽ ബഹുഭൂരിപക്ഷം കുടുംബങ്ങളും ഭൂമിസംബന്ധമായും വരുമാന സംബന്ധമായും ജോലി സംബന്ധമായും കടുത്ത പിന്നോക്കാവസ്ഥ നേരിടുന്നു എന്നുള്ളതാണ്. കാർഷിക മേഖലയിൽ ഉണ്ടായ തളർച്ച, പുതുതായി വന്ന നിയമങ്ങൾ, വിദ്യാഭ്യാസ രംഗത്തെ നിയന്ത്രണങ്ങൾ, സമൂഹത്തിൽ പൊതുവായി ഉള്ള തൊഴിലില്ലായ്മ പ്രശ്നം, 'മുന്നോക്ക' വിഭാഗം എന്ന തെറ്റായ സംജ്ഞമൂലം സർക്കാർ സംവിധാനങ്ങൾ ഇവരുടെ ക്ഷേമത്തിൽ കാലാകാലങ്ങളായി കാണിക്കുന്ന താല്പര്യമില്ലായ്മ മുതലായവ മൂലമാണ് ഈ പിന്നോക്കാവസ്ഥ കഴിഞ്ഞ പത്തിരുപതു വർഷങ്ങളായി പ്രബലമായിക്കൊണ്ടിരിക്കുന്നത്. ഈ സാഹചര്യത്തിൽ അവരെയെല്ലാം അവർക്ക് സംവരണം ഇല്ല എന്ന കാരണത്താൽ മുന്നോക്ക വിഭാഗം എന്നു വിളിക്കുന്നത് യുക്തിരഹിതമാണ്.

**72.** 103-ആം ഭരണഘടനാ ഭേദഗതി പ്രകാരം സംവരണേതര വിഭാഗം എന്നൊരു Socio-Religious Classification (SRC) ഭരണഘടനയിൽ ഉണ്ടായിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ, "The Kerala State Commission for Economically Backward Classes among Forward Communities Act,

2015" എന്ന നിയമത്തിന്റെ പേര് "The Kerala State Commission for Economically Backward Classes among General or Unreserved Communities Act" എന്ന് ഭേദഗതി ചെയ്യുക. "The Kerala State Commission for Economically Backward Classes among Forward Communities" എന്ന സ്റ്റാറ്റ്യൂട്ടറി കമ്മീഷന്റെ പേര് "The Kerala State Commission for Economically Backward Classes among General or Unreserved Communities" എന്നു ഭേദഗതി ചെയ്യുക. "The Kerala State Welfare Corporation for Forward Communities Limited" എന്ന സംസ്ഥാന സർക്കാർ സ്ഥാപനത്തിന്റെ പേര് "Kerala State Welfare Corporation for General or Unreserved Communities" എന്നു ഭേദഗതി ചെയ്യുക.

**73.** ന്യൂനപക്ഷ വകുപ്പിന്റെ കീഴിൽ ക്രൈസ്തവർക്കായി "KERALA STATE CHRISTIAN MINORITIES DEVELOPMENT FINANCE CORPORATION" രൂപികരിച്ച് അർഹരായ വ്യക്തികൾക്കു കുറഞ്ഞ പലിശനിരക്കിൽ കൃഷി, മത്സ്യകൃഷി, ബിസിനസ്, വ്യവസായം, പശുഫാം, ആടുഫാം മുതലായവ നടത്തുന്നതിനും ഓട്ടോറിക്ഷ, കാർ മുതലായ ടാക്സി വാഹനങ്ങൾ വാങ്ങുന്നതിനും വിദ്യാഭ്യാസ യോഗ്യതക്കനുസൃതമായ

തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും തൊഴിലിനായി വിദേശത്ത് പോകുന്നതിനും പ്രവാസികളായവർക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനും വിദ്യാഭ്യാസം നല്ല രീതിയിൽ ലഭിക്കുന്നതിനും ആവശ്യമായ വായ്പകൾ നല്കണം എന്ന ആവശ്യം പരിഗണിച്ച് ഇത്തരത്തിലുള്ള ഒരു കോർപ്പറേഷൻ രൂപീകരിക്കുന്നത് സർക്കാർ പരിഗണിക്കണമെന്ന് ശുപാർശ ചെയ്യുന്നു.

**74.** ന്യൂനപക്ഷ ക്ഷേമ വകുപ്പിന്റെയും വകുപ്പിന്റെ കീഴിലുള്ള ന്യൂനപക്ഷ കമ്മീഷൻ, ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ, ന്യൂനപക്ഷക്ഷേമ സമിതികൾ തുടങ്ങിയവയുടെയും ഭരണനിർവ്വഹണത്തിൽ ക്രൈസ്തവർക്ക് ആനുപാതിക പ്രാതിനിധ്യം നൽകണം.

**75.** സർക്കാർ പലപ്പോഴും ഹോസ്പിറ്റൽ മേഖലയുമായി ബന്ധപ്പെട്ട ചർച്ചകൾ നടത്തുന്നത് കോർപ്പറേറ്റ് മാനേജ്മെന്റുകളുമായാണ്. ചർച്ചകളിലും നയ തീരുമാനങ്ങളിലും CHAI പോലെയുള്ള ക്രിസ്ത്യൻ ഹോസ്പിറ്റൽസ് അസോസിയേഷനുകൾക്ക് അർഹമായ പ്രാധാന്യം നൽകേണ്ടതുണ്ട്.

**76.** ജുവനൈൽ ജസ്റ്റിസ് ആക്റ്റിൽ ഒപ്പ് വയ്ക്കുന്നതിന് മുൻപേ തന്നെ നിലനിന്നിരുന്ന ഹോമുകളിൽ Child Welfare

Committee പ്രതിസന്ധികൾ സൃഷ്ടിക്കുന്നു. ജുവനൈൽ ജസ്റ്റിസ് ആക്ട് പ്രകാരം സ്റ്റാഫുകളുടെ എണ്ണം 100 കുട്ടികൾക്ക് 25 പേരാണ്. ഇത്രയ്ക്ക് ശമ്പളം കൊടുക്കണമെങ്കിൽ ഒരു മാസം 5 ലക്ഷം രൂപയെങ്കിലും വേണം. ആയതിന്റെ പകുതി തുകയെങ്കിലും സർക്കാർ ഗ്രാന്റായി നൽകുന്ന കാര്യം പരിഗണിക്കാവുന്നതാണ്. ജുവനൈൽ ജസ്റ്റിസ് ആക്ട് പ്രകാരം കുട്ടികൾക്കായി തയ്യാറാക്കേണ്ട സംവിധാന സൗകര്യങ്ങൾ നിരവധിയാണ്. അതിനു വേണ്ടതിന്റെ പകുതി തുക സർക്കാർ നൽകേണ്ടതാണ്.

**77.** ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അധ്യക്ഷരായി rotation ക്രമത്തിൽ ക്രൈസ്തവരെയും നിയമിക്കണം.

**78.** ക്രൈസ്തവവിശ്വാസം, ആചാരങ്ങൾ, നേതൃത്വത്തെ അവഹേളിക്കുന്ന ഉള്ളടക്കങ്ങളുള്ള ചലച്ചിത്രങ്ങൾ, പ്രസിദ്ധീകരണങ്ങൾ, ചിത്രങ്ങൾ, എഴുത്തുകൾ എന്നിവയ്ക്കെതിരെ ക്രൈസ്തവ വിശ്വാസികൾ രേഖാമൂലം പരാതി നൽകിയാൽ അത് സംബന്ധിച്ച് സത്വരമായി നിയമപരമായ നടപടികൾ സ്വീകരിക്കാൻ ഉപയുക്തമായ സംവിധാനങ്ങൾ ഉറപ്പുവരുത്തണം.

**79.** പെൺകുട്ടികളെ നിർബന്ധിത മതപരിവർത്തനത്തിന് വിധേയരാക്കുന്ന കേന്ദ്രങ്ങൾ ഉണ്ടോ എന്ന കാര്യത്തിൽ പോലീസ് സംവിധാനം ജാഗ്രത പുലർത്തേണ്ടതാണ്. അങ്ങനെ നിർബന്ധിത മതപരിവർത്തനം നടക്കുന്നുണ്ടെങ്കിൽ അത് തടയുവാനും

അങ്ങനെ ചെയ്യുന്നവർക്കെതിരായി നിയമ നടപടികൾ സ്വീകരിക്കാനും പോലീസിന് കർശന നിർദ്ദേശങ്ങൾ നല്കണമെന്ന് കമ്മീഷൻ ശുപാർശ ചെയ്യുന്നു.

**80.** 1964-ലെ ഭൂമി പതിവ് ചട്ടങ്ങളിലെ നാലാം ചട്ടത്തിൽ "Personal Cultivation, House Sites" എന്നതിനു ശേഷം "Buildings" എന്ന് ഉൾപ്പെടുത്തി ഭേദഗതി ചെയ്യണം. 1993-ലെ കേരള ഭൂമി പതിവ് (1-1-1977-നു മുമ്പുള്ള വനഭൂമിയും കുടിയേറ്റവും ക്രമീകരിക്കൽ) പ്രത്യേക ചട്ടങ്ങളിലെ മൂന്നാം ചട്ടത്തിൽ "Personal Cultivation or for house sites or for shop sites" എന്നതിനു ശേഷം "or for buildings" എന്ന് ഉൾപ്പെടുത്തി ഭേദഗതി ചെയ്യണം. മേൽ വിവരിച്ച ചട്ടങ്ങളിലെ ഭേദഗതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങളിൽ, "1960–ലെ ഭൂമി പതിവ് നിയമത്തിനു കീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങൾ പ്രകാരം പതിച്ചു കിട്ടപ്പെട്ട ഭൂമിയിലെ താമസക്കാരുടെ വിദ്യാഭ്യാസപരവും ആരോഗ്യപരവും ആരാധാനാപരവും അടിസ്ഥാനപരവുമായ ആവശ്യങ്ങൾക്ക് കെട്ടിട നിർമ്മാണം അനിവാര്യമാകയാൽ ആയതിനുള്ള അവകാശം ലഭിക്കുന്നതിലേക്ക്" എന്നതു കൂടി ഉൾപ്പെടുത്തണം. മേൽ വിവരിച്ച ഭേദഗതികൾക്ക് ചട്ടങ്ങൾ ഉണ്ടാക്കിയ 1964, 1993 മുതൽ നിലവിലുള്ള പൊതുവായ മറ്റ് പരിസ്ഥിതി നിയമങ്ങൾക്കു

വിധേയമായി മുൻകാല പ്രാബല്യം ഉണ്ടാകണം എന്ന് കമ്മീഷൻ ശുപാർശ ചെയ്യുന്നു.

**81. കെട്ടിട നിർമ്മാണ ചട്ടങ്ങൾ**: 500 sq.ft.-ന് താഴെയുള്ള ആരാധാനാലയങ്ങൾ, കുരിശിൻ തൊട്ടി, ദേവാലയത്തിന്റെ സ്വന്തം സ്ഥലത്ത് ചെറിയ കുരിശ് മുതലായവ പണിയണമെങ്കിൽ ഉള്ള കടമ്പകൾ സർക്കാർ അനുഭാവപൂർവം പരിഗണിച്ച് നടപടിക്രമങ്ങൾ ലഘൂകരിക്കേണ്ടതാണ്.

**82.** ആരാധനാലയങ്ങൾ വെള്ളം, വൈദ്യുതി എന്നിവയ്ക്ക് നല്കുന്ന "commercial tariff" മാറ്റി "domestic" നിരക്കിൽ ചാർജ് ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കുക.

**83.** O.E.C. വിഭാഗങ്ങളുടെ ക്ഷേമത്തിനായി പ്രത്യേക ഡയറക്ടറേറ്റും കമ്മീഷനും രൂപീകരിക്കണം എന്ന ആവശ്യം സർക്കാർ അംഗീകരിക്കണമെന്ന് കമ്മീഷൻ ശുപാർശ ചെയ്യുന്നു.

**84.** സഭാ നിയമങ്ങൾക്കനുസരിച്ചും രാജ്യനിയമങ്ങൾക്ക് വിധേയപ്പെട്ടും സഭാസ്വത്തുക്കളുടെയും സംവിധാനങ്ങളുടെയും ഭരണം സഭയിൽ പരമ്പരാഗതമായി നിലനിന്നു വരുന്നു. അതിനാൽ സഭാ ഭരണത്തിനും സ്വത്ത് സംരക്ഷണത്തിനും ഒരു പുതിയ സിവിൽ നിയമത്തിന്റെ പ്രസക്തിയോ ആവശ്യമോ ഇല്ല.

**85.** വിവാഹം പരികർമ്മം ചെയ്യുന്നതിലുള്ള വ്യവസ്ഥകൾ ലംഘിക്കപ്പെട്ടാൽ പുരോഹിതന്മാർക്ക് മേൽ 3 വർഷം വരെ തടവും

10,000 രൂപ പിഴയും ചുമത്താവുന്നതാണെന്ന നിയമ നിർമ്മാണം സർക്കാർ നടത്തും എന്ന ധാരണ കമ്മീഷൻ മുമ്പാകെ ചൂണ്ടിക്കാണിക്കപ്പെട്ടു. അങ്ങനെ വന്നാൽ ക്രൈസ്തവ വിവാഹത്തിന്റെ കൂദാശാസ്വഭാവം പരിഗണിക്കാതെ വിവാഹം എന്നത് പള്ളിയിൽ നടക്കുന്ന ഒരു സിവിൽ നടപടി മാത്രമായി മാറും. സഭകളുടെ വിശ്വാസപ്രകാരം വിവാഹം ഒരു കൂദാശയാണ്. അത് സഭാനിയമങ്ങൾ അനുസരിച്ചാണ് നടത്തേണ്ടത്. ഇപ്പോൾ പുതിയതായി പരിഗണിക്കപ്പെടുന്ന വ്യവസ്ഥകൾ അനുസരിച്ച് ക്രിസ്ത്യാനി അല്ലാത്ത ഒരാളെ പള്ളിയിൽ വച്ച് സഭാശുശ്രൂഷകൾ അനുസരിച്ച് വിവാഹം കഴിപ്പിക്കേണ്ട സ്ഥിതിയാണ്. സഭയുടെ വിശ്വാസത്തിലും ശുശ്രൂഷകളിലും വിശ്വാസമില്ലാത്ത ഒരാളെ സഭാ പുരോഹിതനെക്കൊണ്ട് വിവാഹം നടത്തിപ്പിക്കാൻ നിർബന്ധിക്കുന്നത് തികച്ചും തെറ്റും അന്യായവുമാണ്. ക്രിസ്ത്യാനികളുടെ ഇടയിൽത്തന്നെ വിവിധ സഭാ വിഭാഗങ്ങളുണ്ട്. പുരോഹിതർ ഇല്ലാത്ത പ്രൊട്ടസ്റ്റന്റ്, ബ്രദറൻ തുടങ്ങിയ സഭകളുടെയും പൗരോഹിത്യ പിന്തുണ ഉള്ള എപ്പിസ്കോപ്പൽ സഭകളുടെയും പൗരോഹിത്യത്തെ എതിർക്കുന്ന ഒരു സഭാ വിഭാഗത്തിലെയും ആളെ പുരോഹിതനെക്കൊണ്ട് വിവാഹം നടത്തിപ്പിക്കാൻ നിർബന്ധിക്കുന്നത് തികച്ചും അന്യായമാണ്. ക്രിസ്തു മതത്തിൽപ്പെട്ടവരും മറ്റു മതത്തിൽപ്പെട്ടവരുമായി വിവാഹം

നടത്തണമെങ്കിൽ, അവർക്ക് Special Marriage Act അനുസരിച്ച് വിവാഹം നടത്താമെന്നിരിക്കെ സഭാ നിയമങ്ങൾക്കു വിരുദ്ധമായി പുരോഹിതനെക്കൊണ്ട് നിർബന്ധമായി വിവാഹത്തിന് കാർമികത്വം വഹിക്കാനും അങ്ങനെ ചെയ്തില്ലെങ്കിൽ ശിക്ഷിക്കാനുമുള്ള വ്യവസ്ഥകൾ മത സ്വാതന്ത്ര്യത്തിനെതിരും വ്യക്തിസ്വാതന്ത്ര്യത്തെ ഹനിക്കുന്നതുമാണ്. ഇക്കാരണത്താൽ "The Kerala Marriage Registration Bill, 2020" നടപ്പാക്കേണ്ട ആവശ്യമില്ല.

**86.** ക്രൈസ്തവ ആരാധനാലയങ്ങൾ, കോൺവെന്റുകൾ, ആശ്രമങ്ങൾ എന്നിവയടങ്ങുന്ന ഭൂമിയുടെ പട്ടയവകാശം ലഭിക്കുന്നതിന് ബുദ്ധിമുട്ടുകൾ ദൂരീകരിക്കുക.

**87.** കന്യാസ്ത്രീ മഠങ്ങൾക്ക് അനുവദിച്ചിട്ടുള്ള റേഷൻ കാർഡ് ഏതാനും ജില്ലകളിൽ മാത്രമാണ് ഇതുവരെ ലഭിച്ചിട്ടുള്ളത്. സന്യസ്തർക്ക് വ്യക്തിപരമായി അനുവദിച്ച റേഷൻ കാർഡ് ലഭ്യമാക്കുന്നതിന് നേരിട്ടുകൊണ്ടിരിക്കുന്ന തടസ്സങ്ങൾ നീക്കണം. ഭക്ഷ്യകിറ്റുകളിൽ ഗവൺമെന്റ് അനുവദിച്ചിരുന്ന വിഭവങ്ങൾ എല്ലാം സന്യസ്തർക്ക് ലഭിക്കുന്നു എന്ന് ഉറപ്പുവരുത്തണം

88. പൊതുവായ വാർദ്ധക്യകാല പെൻഷന് പൊതുമാനദണ്ഡങ്ങൾ വച്ച് അർഹരാണെങ്കിൽ **നിശ്ചിത പ്രായമുള്ള എല്ലാ** ക്രൈസ്തവ സന്യസ്തർക്കും മറ്റുള്ളവർക്ക്

ലഭിക്കുന്ന നിരക്കിൽ വാർദ്ധക്യ പെൻഷൻ ലഭിക്കേണ്ടതാണ് എന്ന് കമ്മീഷൻ ശുപാർശ ചെയ്യുന്നു.

**89.** കെട്ടിട സൗകര്യങ്ങൾക്ക് ആസ്തിയും സാഹചര്യവുമില്ലാത്ത സഭകൾക്ക് വീടുകളിലും സഭായോഗങ്ങളും ബൈബിൾ പഠനക്ലാസ്സുകളും പ്രാർത്ഥനായോഗങ്ങളും മറ്റും നിയമങ്ങൾക്ക് അധീനമായി നടത്തുന്നതിനുള്ള സ്വാതന്ത്ര്യം തുടർന്നും നൽകണം.

**90.** തീരദേശം, മലയോരം, വന അതിർത്തി, കുട്ടനാട് മുതലായ മേഖലകളിൽ നിന്നുമുള്ള വിദ്യാർത്ഥികൾക്ക് സൗജന്യ നിരക്കിൽ ഹോസ്റ്റൽ സൗകര്യങ്ങൾ സ്കൂൾ തലത്തിലും കോളേജ് തലത്തിലും ലഭ്യമാക്കണമെന്ന് കമ്മീഷൻ ശുപാർശ ചെയ്യുന്നു.

91. വിധവകളുടേയും പെൺമക്കളുടെയും വിവാഹാവശ്യത്തിന് പലിശ രഹിതവായ്പ അനുവദിക്കണം എന്ന് കമ്മീഷൻ ശുപാർശ ചെയ്യുന്നു.

92. പ്രകൃതിക്ഷോഭങ്ങൾ മൂലമുണ്ടാകുന്ന നഷ്ടങ്ങൾക്ക് അത്തരം നഷ്ടങ്ങളുടെ മൂല്യത്തിന് ആനുപാതികമായ നഷ്ടപരിഹാരം സർക്കാരിൽ നിന്നും നൽകണം എന്നും ഭവനം നഷ്ടപ്പെട്ടവർക്ക് സാമ്പത്തിക സഹായം നൽകണം എന്നും കമ്മീഷൻ ശുപാർശ ചെയ്യുന്നു.

93. കെയർ ഹോമിലെ അന്തേവാസികൾക്കു റേഷൻ കാർഡും പൊതുമാനദണ്ഡ പ്രകാരം അർഹമായ സാമൂഹിക ക്ഷേമപെൻഷനും നൽകണമെന്ന് കമ്മീഷൻ ശുപാർശ ചെയ്യുന്നു.

94. സംസ്ഥാന സർക്കാർ സർവ്വീസിലുള്ളവരുടെ ജാതി തിരിച്ചുള്ള ലിസ്റ്റ് പ്രസിദ്ധീകരിക്കണമെന്നും സർക്കാർ വകുപ്പുകളിലെ എല്ലാ താൽക്കാലിക നിയമനങ്ങളും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി സംവരണ നിയമങ്ങൾ പാലിച്ച് നടപ്പിലാക്കണമെന്നും കമ്മീഷൻ ശുപാർശ ചെയ്യുന്നു.

95. കാർഷിക മേഖല, മത്സ്യ മേഖല, തീരദേശങ്ങൾ, മലയോരവികസനം, ന്യൂനപക്ഷ ക്ഷേമം മുതലായവകൾക്കുള്ള പദ്ധതിവിഹിതവും മറ്റ് പൊതുക്ഷേമ കാര്യങ്ങൾക്കായിട്ടുള്ള പദ്ധതി വിഹിതവും ജനസംഖ്യാനുപാതികമായി വിഭജിക്കുന്നതിനും അതിന്റെ ന്യായമായ പങ്ക് ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവർ ധാരാളമായി അധിവസിക്കുന്ന പ്രദേശങ്ങളിൽ ലഭ്യമാക്കുന്നതിനും സംസ്ഥാന, ജില്ലാ ആസൂത്രണ സമിതികൾക്കും തദ്ദേശ സ്വയംഭരണ ഡയറക്ടറേറ്റിനും നിർദ്ദേശം നൽകണം എന്ന് കമ്മീഷൻ ശുപാർശ ചെയ്യുന്നു.

96. പുതിയ കെട്ടിടങ്ങൾ പണിയാൻ കഴിവില്ലാത്ത അര നൂറ്റാണ്ടിലേറെ പഴക്കമുള്ള പള്ളികളുടെ ജീർണ്ണോദ്ധാരണത്തിനായി ഫണ്ട് അനുവദിക്കണം എന്ന് ശുപാർശ ചെയ്യുന്നു.

**97.** സർഫാസി നിയമ പ്രകാരം തവണകളടച്ചില്ലെങ്കിൽ കൃഷിക്കാരന്റെ ഭൂമി ബാങ്കുകൾ ജപ്തി ചെയ്യുന്ന രീതി കേരളത്തിൽ നിലനിൽക്കുന്നു. എന്നാൽ സർഫാസി നിയമം കൃഷിഭൂമിക്ക് ബാധകമല്ല എന്ന് കമ്മീഷന്റെ മുമ്പാകെ പ്രസ്താവിക്കപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ പരിശോധനകൾ നടത്തി സർഫാസി നിയമത്തിൽ കൃഷി ഭൂമിക്ക് ജപ്തിയിൽ നിന്ന് നൽകപ്പെട്ട പരിരക്ഷ കേരള കർഷകർക്കു കൂടി ലഭിക്കുന്നതിനുള്ള നടപടികൾ ഉണ്ടാകണം എന്ന് ശുപാർശ ചെയ്യുന്നു.

**98.** ഭൂപരിഷ്കരണ നിയമപ്രകാരം റബർ, ഏലം മുതലായ തോട്ടങ്ങളെ ഭൂപരിധിയിൽ നിന്ന് മാറ്റി നിർത്തിയിട്ടുണ്ട്. ഒരാൾക്ക് നിശ്ചിതപരിധിയിൽ അധികം ഭൂമി പാടില്ല എന്നതാണ് നിയമം. ആരെങ്കിലും ആ ഭൂമി തോട്ടം ഉടമയിൽ നിന്ന് വാങ്ങി മറ്റ് കൃഷികൾ ചെയ്യുമ്പോൾ അത് തോട്ടമാണ് എന്നു പറഞ്ഞ് അയാളെ അതിന് അനുവദിക്കാതിരിക്കുന്നതോ അത് ഭൂപരിധിയ്ക്ക് പുറത്തുള്ള താണെന്ന് പറയുന്നതിലോ ന്യായമായ ഒന്നും കാണുന്നില്ല. ഭൂപരിധി ഒരു വ്യക്തിക്കുള്ളതാണ്. തോട്ടമായി ഒരാൾ കൈവശം വെച്ചിരുന്ന ഭൂമി തോട്ടമായിത്തന്നെ വേറൊരാൾ വാങ്ങിച്ചാൽ അതിൽ പ്രത്യക്ഷത്തിൽ ന്യായവിരുദ്ധമായ ഒന്നുമില്ല. അങ്ങനെ തോട്ടമായി ഒരു വസ്തു വാങ്ങിച്ചയാൾക്ക് വാങ്ങിയ തോട്ടം ഉൾപ്പെടെ ഉടമസ്ഥാവകാശമുള്ള മൊത്തം വസ്തുവിന്റെ വിസ്തൃതി

സാധാരണ ഭൂപരിധിക്ക് താഴെ മാത്രമാണെങ്കിൽ, അയാൾ പുതുതായി വാങ്ങിയ തോട്ടത്തിൽ മറ്റു കൃഷിചെയ്യുമ്പോൾ, ആ ഭൂമിയുടെ മുൻ ചരിത്രത്തിന്റെ അടിസ്ഥാനത്തിൽ അതിനെ പുരയിടമായി കണക്കാക്കാതെ തുടർന്നും തോട്ടമായി പരിഗണിക്കുന്നത് യുക്തിസഹമാണ് എന്നു തോന്നുന്നില്ല. ഒരാൾ കൈവശം വച്ചിരിക്കുന്ന ആകെ ഭൂമിയുടെ അളവ് പുതുതായി വാങ്ങിയ തോട്ട ഭൂമി ഉൾപ്പടെ 12 ഏക്കറാണെങ്കിൽ, 12 ഏക്കർ വരെ തോട്ടം വാങ്ങിച്ച് തെങ്ങുവെക്കുന്ന ആളിന്റെ ആ ഭൂമിയിലുള്ള അവകാശം പരിരക്ഷിക്കപ്പെടേണ്ടതും മൊത്തം ഭൂമി പുരയിടം എന്ന നിലയിൽ പരിഗണിക്കേണ്ടതും ആണ്. ഇത് ലാഭകരമല്ലാത്ത തോട്ടക്കൃഷികളിൽ നിന്ന് ലാഭകരമായ മറ്റ് കൃഷികളിലേയ്ക്ക് മാറുവാൻ ചെറിയ ഭൂവുടമകളെ പ്രോത്സാഹിപ്പിക്കുകയും തന്മൂലം കൃഷി മൊത്തത്തിൽ അഭിവൃദ്ധിപ്പെടുത്തുകയും ചെയ്യും. ഇക്കാര്യം ഗൗരവമായി പരിശോധിക്കണമെന്ന് കമ്മീഷൻ ശുപാർശ ചെയ്യുന്നു.

**99.** പരമ്പരാഗത തോട്ട വിളകളായ റബ്ബർ, തേയില, കാപ്പി, കൊക്കോ തുടങ്ങിയവയ്ക്കുണ്ടായ വിലയിടിവിനെത്തുടർന്ന് കർഷകർ പ്രസ്തുത കൃഷികൾ ഉപേക്ഷിക്കുന്ന സാഹചര്യത്തിൽ മാവ്, പ്ലാവ്, സപ്പോട്ട, റമ്പൂട്ടാൻ, മാങ്കോസ്റ്റിൻ തുടങ്ങിയ ഫലവൃക്ഷങ്ങളെ കൂടി തോട്ടവിളകളായി അംഗീകരിച്ച് കൃഷി വ്യാപനത്തിന്

പ്രോത്സാഹനം നൽകുന്നത് സർക്കാർ പരിഗണിക്കണമെന്ന് കമ്മീഷൻ ശുപാർശ ചെയ്യുന്നു.

**100.** പല കാരണങ്ങളാൽ പലതരം പട്ടയങ്ങളാണ് പല മേഖലകളിലും ഉള്ളത്. ഇവയെല്ലാം ഏകീകരിച്ച് കൃഷിക്കാരന് കൃഷി സ്വാതന്ത്ര്യവും വീട്, വിദ്യാഭ്യാസം, ആരാധന, സാംസ്കാരിക പ്രവർത്തനങ്ങൾ മുതലായവ നിശ്ചിത അളവിൽ നടത്താൻ സാധിക്കുന്നതുമായ രീതിയിൽ പട്ടയ വ്യവസ്ഥകൾ ആധുനിക സമൂഹത്തിന്റെ ആവശ്യമനുസരിച്ച് ലഘൂകരിക്കേണ്ടതാണ്. കേരളത്തിൽ ദേശീയ ശരാശരിയെക്കാൾ വളരെ വലിയ അളവിൽ വനമുണ്ട് എന്നതും കൃഷിക്കാർ വച്ചുവളർത്തിയ മരങ്ങളുടെ ആധിക്യം കൊണ്ട് വനമല്ലാത്ത സ്ഥലങ്ങളിൽ പോലും വൃക്ഷസമൃദ്ധി മറ്റെല്ലാ രാജ്യങ്ങളേക്കാളും മെച്ചപ്പെട്ടതാണെന്നുള്ളതുകൊണ്ടും കൃഷി പ്രകൃതിവിരുദ്ധമായ ഒരു നടപടിയാണ് എന്ന മുൻവിധി കൃഷിയുടെ കാര്യത്തിൽ പാടില്ല.

**101.** കൃഷി സാമൂഹ്യ ജീവിതത്തിന് അത്യന്താപേക്ഷിതമാണ്. കൃഷിയും കൃഷി ചെയ്യാൻവേണ്ടി മനുഷ്യൻ കൃഷിക്ക് യോജ്യമായ സ്ഥലങ്ങളിൽ സ്ഥിരതാമസം തുടങ്ങിയതുമാണ് മനുഷ്യ സംസ്കാരത്തിന്റെ ഉറവിടം. ആധുനിക നാഗരികത കൃഷിയുടെയും ഭക്ഷ്യസമൃദ്ധിയുടെയും കൃഷികൊണ്ടുണ്ടാകുന്ന സാധനങ്ങളുടെയും സമൃദ്ധമായ ഉപയോഗം കൊണ്ടാണ് കെട്ടിപ്പടുക്കപ്പെട്ടത്.

അതുകൊണ്ടുതന്നെ കൃഷിഫലങ്ങളുടെ ഉൽപാദനവും അവയുടെ വിതരണവും അവയുടെ ഉപഭോഗവും ഒരു സാമ്പത്തിക വ്യവസ്ഥയെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനമാണ്. കർഷകൻ ഉൽപാദിപ്പിക്കുന്ന സംഗതികൾ 100% ജനങ്ങൾക്കും ആവശ്യമുള്ള സംഗതികളായതുകൊണ്ട് ജീവിതച്ചെലവ് കുറയ്ക്കണം എന്നാഗ്രഹിക്കുന്ന സമൂഹങ്ങൾ എല്ലാം തന്നെ പൊതുജനങ്ങൾക്ക് അത്തരം വസ്തുക്കളെല്ലാം കഴിയുന്നത്ര വിലക്കുറവിൽ ലഭ്യമാക്കാൻ ശ്രമിക്കും. അതേസമയം കൃഷി ഇതര ജീവിതമാർഗ്ഗങ്ങളിൽ ആളുകൾ ഇടപെടുമ്പോൾ അവർക്ക് ലഭിക്കുന്ന വരുമാനം വർദ്ധിക്കുകയും അതനുസരിച്ച് കായിക മനുഷ്യശേഷിയ്ക്ക് നൽകേണ്ട കൂലി പൊതുസമൂഹത്തിൽ വർദ്ധിക്കുകയും ചെയ്യുന്നു. അങ്ങനെ വരുമ്പോൾ കൃഷിക്കാരൻ ഉപയോഗിക്കുന്ന മാനുഷിക അധ്വാനത്തിനും കൃഷി ഉപകരണങ്ങൾക്കും വളത്തിനും സ്വാഭാവികമായി വില വർദ്ധിക്കും. അങ്ങനെ ഉൽപാദനച്ചെലവ് കൂടും. അതേ സമയം കൃഷികൊണ്ട് ഉത്പാദിപ്പിക്കുന്ന വസ്തുക്കൾ കഴിയുന്നത്ര വില കുറച്ച് നൽകാനായിരിക്കും സർക്കാരും പൊതുസമൂഹവും ആഗ്രഹിക്കുന്നത്. ഇതുകൊണ്ടുതന്നെ പലപ്പോഴും വിലക്കയറ്റത്തിൽ നിന്ന് പൊതുജനത്തെ രക്ഷിക്കാൻ എടുക്കുന്ന നടപടികൾ കൃഷിക്കാരന് നഷ്ടമുണ്ടാക്കും. അതേസമയം വ്യാവസായിക–പശ്ചാത്തല സൗകര്യ വികസന–സേവന

മേഖലകളുടെ വികസനം മൂലം മറ്റുള്ളവരുടെ ജീവിത വരുമാനം വർദ്ധിക്കും.

**102.** അങ്ങനെ കർഷകൻ രണ്ടു വ്യത്യസ്ഥ രീതികളിൽ പാർശ്വവൽക്കരിക്കപ്പെടുകയും ദരിദ്രവൽക്കരിക്കപ്പെടുകയും ചെയ്യുന്നു. ഇത് ഒരു ഘട്ടം കഴിഞ്ഞാൽ സമൂഹത്തിലെ അദ്ധ്വാനികളായ കർഷകരെ കർഷക വൃത്തിയിൽ നിന്ന് അകറ്റുകയും കാർഷിക വിളകൾ പരിപൂർണ്ണമായി ഇറക്കുമതി ചെയ്യേണ്ട അവസ്ഥ ഉണ്ടാകുകയും ചെയ്യും. ഇത് സമൂഹ സുരക്ഷയെത്തന്നെ പ്രതികൂലമായി ബാധിക്കും. ഇത് തിരിച്ചറിഞ്ഞ് കർഷകനെ സഹായിക്കുന്ന തരത്തിലുള്ള നിരവധി നയ പരിപാടികൾ സർക്കാരുകൾ രൂപീകരിക്കേണ്ടതാണ്. പൊതു സമൂഹത്തിൽ കാർഷിക വിഭവങ്ങൾക്ക് വിലക്കുറവു സൃഷ്ടിക്കണമെങ്കിൽ അതിന്റെ സബ്സിഡി പൊതുസമൂഹം തന്നെ നൽകേണ്ടതാണ്.

103. കേരളത്തിന്റെ ദേശീയ വരുമാനത്തിന്റെ 10% മാത്രമാണ് കാർഷിക വൃത്തിയിലൂടെ ഉൽപ്പാദിപ്പിക്കപ്പെടുന്നത്. 90%-വും കാർഷികേതര ഉത്പാദന വരുമാനമാണ്. 30%-ത്തോളം ജനങ്ങൾ ഉത്പാദിപ്പിക്കുന്ന 10% മൂല്യമുള്ള സാധനങ്ങളുടെ വില സർക്കാർ നയങ്ങൾ മൂലം കുറച്ചു കൊണ്ടുവന്ന് 90% വരുമാനം സൃഷ്ടിക്കുന്ന 70% ജനങ്ങൾക്ക് ലഭ്യമാക്കുന്നു എന്നുള്ളതാണ് ഇപ്പോൾ

സംഭവിക്കുന്നത്. ഇത് യഥാർത്ഥത്തിൽ തിരിച്ച് ആക്കേണ്ടതാണ്. കർഷകന് ഉത്പാദിപ്പിക്കുന്ന വസ്തുക്കളുടെ അളവനുസരിച്ച് ആദായകരമായ സബ്സിഡി നൽകുക, കാലാവസ്ഥാ വ്യതിയാനം കൊണ്ട് ഉണ്ടായിട്ടുള്ള പ്രകൃതി ദുരന്തങ്ങളിൽ നിന്ന് അവന് പൂർണ്ണ സാമ്പത്തിക സംരക്ഷണം സർക്കാർ നൽകുക, ഇൻഷുറൻസ് ഏർപ്പെടുത്തുക, കർഷകർക്ക് പെൻഷൻ നൽകുക, അവൻ ഉത്പാദിപ്പിക്കുന്ന വസ്തുക്കൾക്ക് മാർക്കറ്റിംഗ് സംവിധാനം ഏർപ്പെടുത്തുക, മൂല്യവർദ്ധിത കാർഷിക അനുബന്ധിത വ്യവസായങ്ങൾക്ക് പ്രോത്സാഹനം നൽകുക, പലിശ രഹിത വായ്പകൾ നൽകുക മുതലായവ എല്ലാം തന്നെ കാര്യക്ഷമമായി സർക്കാർ നടത്തിയാൽ പല പ്രശ്നങ്ങൾക്കും കാര്യമായ പരിഹാരം ഉണ്ടാകും. ഭക്ഷ്യധാന്യങ്ങളുടെയും കാർഷിക വിളകളുടെയും വില കുറയുന്നത് കർഷകന്റെ വില കുറയലായി പരിണമിക്കാതിരിക്കാൻ ഇക്കാര്യങ്ങൾ പ്രത്യേകമായി പരിഗണിക്കണം.

**സെമിത്തേരികൾക്കുള്ള അനുമതി**

104a. പല സഭകളും സഭാ സമൂഹങ്ങളും ഇന്നനുഭവിക്കുന്ന പ്രതിസന്ധി മാന്യമായ ശവസംസ്കാരത്തിനുള്ള സ്വാതന്ത്ര്യവും സാഹചര്യവും ലഭ്യമാകുന്നില്ല എന്നതാണ്. ചില ദേവാലയങ്ങൾക്ക് സ്വന്തമായി സെമിത്തേരി ഇല്ലാത്തതിനാൽ ശവസംസ്കാരം നടത്തുന്നതിന് പ്രതിസന്ധി നേരിടുന്നു.

b. നിലവിലുള്ള നിയമ പ്രകാരം സെമിത്തേരികൾ അപകടകരമായ (Hazardous) വിഭാഗത്തിൽപ്പെട്ടവയല്ല. എന്നാൽ ഇത്തരം വിഭാഗത്തിൽപ്പെട്ടവയാണ് എന്ന് തെറ്റിദ്ധരിപ്പിച്ച് അനുവാദം നിഷേധിക്കുന്ന സംഭവങ്ങൾ ഉണ്ട് എന്ന് പരാതികൾ ഉണ്ട്. വർഷങ്ങളായി പുരയിടമായി കിടക്കുന്ന സ്ഥലങ്ങൾ റവന്യൂ രേഖകളിൽ "നിലം" എന്ന രേഖപ്പെടുത്തിയിരിക്കുന്നതിനാൽ സെമിത്തേരി നിർമ്മാണ അനുമതി ലഭിക്കാത്ത സാഹചര്യം ഉണ്ടാകുന്നു.

c. സെമിത്തേരി നിർമ്മാണാനുവാദത്തിന് റവന്യൂ രേഖകളിൽ ഭൂമിയുടെ തരം, നിലം-പുരയിടം എന്ന വേർതിരിവ് പരിഗണിക്കാതെ, നിർദ്ദേശിക്കപ്പെടുന്ന ഭൂമി ലാന്റ് ബാങ്കിൽ ഉൾപ്പെടുന്നതല്ലെങ്കിൽ, അവിടങ്ങളിൽ സെമിത്തേരി നിർമ്മാണത്തിന്, മറ്റു മാനദണ്ഡങ്ങൾ പാലിക്കപ്പെടുന്നുണ്ടെങ്കിൽ, അനുവാദം നൽകുന്നതിന് ബന്ധപ്പെട്ട റവന്യൂ തദ്ദേശ സ്വയംഭരണ സംവിധാനങ്ങൾക്ക് നിർദ്ദേശം നൽകി ഗവൺമെന്റ് ഓർഡർ പുറപ്പെടുവിക്കാവുന്നതാണ്.

d. പൊതു ശ്മശാനങ്ങളിൽ ക്രിസ്തീയ സഭാ വിഭാഗങ്ങൾക്ക് അവരുടെ വിശ്വാസാചാര പ്രകാരം മാന്യമായി ശവസംസ്കാരം നടത്തുന്നതിനായി പ്രത്യേകം സ്ഥലം വേർതിരിച്ചു നല്കുകയോ ഒരുമിച്ച് പൊതുവായ സെമിത്തേരി അനുവദിച്ച് നല്കുകയോ

ചെയ്യുന്നതും ഒരു പരിഹാര മാർഗ്ഗമാണ്. ഒരു പഞ്ചായത്തിൽ ഒരു സ്ഥലത്തെങ്കിലും ഈ സൗകര്യം സൃഷ്ടിക്കേണ്ടതാണ്.

e. മറ്റ ചില സംസ്ഥാന സർക്കാരുകൾ മത ന്യൂനപക്ഷങ്ങൾക്ക് സെമിത്തേരിയുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് 5 ലക്ഷം രൂപ വരെ സഹായമായി അനുവദിക്കാറുണ്ട്. ഇക്കാര്യത്തിൽ ഈ സംസ്ഥാനത്തും സഹായം സാധ്യമാണോ എന്ന് സർക്കാരിന് പരിശോധിക്കാവുന്നതാണ്.

f. മാന്യമായ ശവസംസ്കാരത്തിനുള്ള സ്വാതന്ത്ര്യവും സാഹചര്യവും ലഭ്യമാക്കുന്നതിന് നിലവിൽ സെമിത്തേരി ആയി ഉപയോഗിക്കുന്നവയ്ക്ക് സർക്കാർ അടിയന്തിരമായി ലൈസൻസ് നൽകണം. അല്ലെങ്കിൽ പൊതുശ്മശാനങ്ങളിൽ വിശ്വാസാചാര പ്രകാരം ശവസംസ്കാരം നടത്തുന്നതിനായി പ്രത്യേകം സ്ഥലം വേർതിരിച്ച് നല്കുകയോ ക്രിസ്തീയ സഭാ വിഭാഗങ്ങൾക്ക് ഒരുമിച്ച് പൊതുവായ സെമിത്തേരി അനുവദിച്ച് നല്കുകയോ ചെയ്യണം.

g. നിയമപരമായി ശവസംസ്കാരം നടത്താനുള്ള അനുമതി ബന്ധപ്പെട്ട അധികാരികൾ നല്കിയതിനു ശേഷവും ആ അനുമതി ശരിയല്ല എന്ന പ്രതിഷേധവുമായി പലരും ശവസംസ്കാരത്തെ പ്രസ്തുത സ്ഥലങ്ങളിൽ എതിർക്കുകയും തടസ്സപ്പെടുത്തുകയും ചെയ്യുന്ന സംഭവങ്ങൾ ഉണ്ടാകുന്നുണ്ട്. നിയമപ്രകാരം നടക്കുന്ന അത്തരം ശവസംസ്കാരങ്ങളെ സംഘം ചേർന്ന് എതിർക്കുമ്പോഴും

തടയുമ്പോഴും നിയമപരമായ പോലീസ് സംരക്ഷണം ബന്ധപ്പെട്ട സഭകൾക്ക് നൽകണമെന്ന് കമ്മീഷൻ ശുപാർശ ചെയ്യുന്നു.

**സാംസ്കാരികം**

105 a. ക്രൈസ്തവ ചരിത്രം, സാഹിത്യം, കലകൾ, സുറിയാനി – ലത്തീൻ ഭാഷകൾ എന്നിവയിൽ ഗവേഷണം നടത്തുന്നതിന് പദ്ധതികൾ ആവിഷ്കരിക്കണം; വേദശാസ്ത്ര പഠനത്തിൽ ക്രൈസ്തവ സഭാ വിശ്വാസികളുടെ കുട്ടികൾ സമ്പാദിക്കുന്ന B.Th., M.Th., B.Div., തുടങ്ങിയ ഡിഗ്രികൾ സർവ്വകലാശാലകൾ സമാന ബിരുദങ്ങൾക്ക് തുല്യമായി അംഗീകരിക്കണം; ബൈബിൾ വിഷയങ്ങളിൽ ഗവേഷണം നടത്തി പി.എച്ച്.ഡി. സമ്പാദിക്കുന്നതിന് സാഹചര്യം ഒരുക്കണം; സർക്കാരിനു സാമ്പത്തിക ബാധ്യതയില്ലാതിരിക്കെ കോഴ്സുകളും ഉപഭാഷകളും തെരഞ്ഞെടുക്കുന്നതിന് സ്വാശ്രയ സ്ഥാപനങ്ങൾക്ക് സ്വാതന്ത്ര്യം നൽകണം; ലൈബ്രറി ഉൾപ്പെടെ ചരിത്ര ഗവേഷണത്തിനുള്ള സൗകര്യങ്ങൾ ഉണ്ടാക്കണം; യൂറോപ്യൻ മിഷണറിമാർ കേരളത്തിന്റെ സാംസ്കാരിക, സാമൂഹിക വളർച്ചയ്ക്കു നൽകിയ സംഭാവനകളെക്കുറിച്ചു പഠിക്കാനും ഗവേഷണങ്ങൾ നടത്താനുമുള്ള സൗകര്യങ്ങൾ ഉണ്ടാകണം; മുൻകാലങ്ങളിൽ കേരള സമൂഹത്തിനും ഭാരത സമൂഹത്തിനും രാഷ്ട്രീയ-സാംസ്കാരിക-സാഹിത്യ രംഗങ്ങളിൽ വലിയ സംഭാവനകൾ ചെയ്ത ഈ

സമൂഹത്തിലെ മഹത് വ്യക്തികളെ സംബന്ധിച്ച പഠനങ്ങൾ ഉണ്ടാകണം; ലത്തീൻ ഭാഷ പഠിക്കാനുള്ള സൗകര്യം കേരളത്തിലെ യൂണിവേഴ്സിറ്റികളിലും അഫിലിയേറ്റഡ് കോളേജുകളിലും പുനഃസ്ഥാപിച്ചു നൽകണം; ആംഗ്ലോ ഇന്ത്യൻ വിഭാഗത്തിന് ഒരു ചരിത്ര ഗവേഷണകേന്ദ്രം ആരംഭിക്കണം; കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ ഉള്ളതുപോലെ ക്രിസ്ത്യൻ ചെയറുകൾ ഇതര യൂണിവേഴ്സിറ്റികളിലും ആരംഭിക്കണം തുടങ്ങിയ നിരവധി നിർദ്ദേശങ്ങൾ കമ്മീഷന്റെ മുമ്പാകെ സമർപ്പിക്കപ്പെട്ടു. ഈ നിർദ്ദേശങ്ങൾ പരിഗണിക്കുമ്പോൾ കേരള സാമൂഹിക ചരിത്രത്തിൽ വളരെ ഗണ്യമായ പങ്ക് വഹിച്ച ക്രിസ്ത്യൻ സമൂഹത്തെ സംബന്ധിച്ച പഠനങ്ങൾ വളരെ പ്രസക്തമാണ് എന്ന് കമ്മീഷൻ അഭിപ്രായപ്പെടുന്നു. അതിനാൽ കേരള, മഹാത്മാഗാന്ധി, കോഴിക്കോട് സർവ്വകലാശാലകളിൽ ഓരോ ക്രിസ്ത്യൻ സ്റ്റഡി വിഭാഗം യൂണിവേഴ്സിറ്റി ആസ്ഥാനത്ത് ആരംഭിക്കണമെന്നും അതുമായി ബന്ധപ്പെട്ട് ആവശ്യമുള്ള ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മേൽ സൂചിപ്പിച്ച സംഗതികളെക്കുറിച്ച് പഠനവും ഗവേഷണവും കോഴ്സുകളും സെമിനാറുകളും സംഘടിപ്പിക്കുന്നത് സാധ്യമാക്കണമെന്നും കമ്മീഷൻ ശുപാർശ ചെയ്യുന്നു.

b. ചവിട്ടുനാടകമുൾപ്പെടെയുള്ള കലാരൂപങ്ങളെ സംരക്ഷിക്കാനും, ബൈബിൾ നാടകങ്ങളുടെ നവീകരണത്തിനും; കാലാനുസൃതമായ സാങ്കേതിക വിദ്യകൾ ഉൾക്കൊള്ളുന്നതിനും മാർഗ്ഗംകളിയും മറ്റു ക്രിസ്ത്യൻ നൃത്ത രൂപങ്ങളും ലളിതകലകളും പഠിക്കുന്നതിനും ക്രിസ്ത്യൻ കലകളുടെ അവതരണത്തിനും; ആസ്വാദനത്തിനും; ശബ്ദവും വെളിച്ചവും ചമയവും രംഗസംവിധാനങ്ങളും ക്രൈസ്തവ കലാരൂപങ്ങളും കൊണ്ട് ഉപജീവനം നടത്തുന്ന നിരവധി കലാകാരന്മാരുടെ പുനരുത്ഥാനത്തിനും ക്ഷേമത്തിനും; ക്രൈസ്തവ കലാരൂപവുമായി ബന്ധപ്പെട്ടു വരുന്ന ചമയം, ദീപവിതാനം, അരങ്ങ് ബൈബിൾ നാടകം എന്നിവ അണിയിച്ചൊരുക്കുന്നവരുടെ ക്ഷേമത്തിനും; ലത്തീൻ കത്തോലിക്കാ സമുദായത്തിന്റെ വൈവിധ്യം നിറഞ്ഞ പൈതൃകവും സംസ്കാര തനിമയും ചവിട്ടുനാടകമുൾപ്പെടെയുള്ള കലാരൂപങ്ങളെയും സംരക്ഷിക്കാനും; ആംഗ്ലോ-ഇന്ത്യൻ കൾച്ചറൽ സെന്ററുകൾ നിർമ്മിക്കുന്നതിനും വേണ്ടിയുള്ള അഭ്യർത്ഥനകൾ കമ്മീഷനു മുമ്പാകെ ലഭിച്ചിട്ടുണ്ട്. ഇവയെല്ലാം തന്നെ കേരളത്തിന്റെ പൊതുവായ സാംസ്കാരിക വൈവിദ്ധ്യത്തിന്റെ പ്രാധാന്യം നിലനിർത്തുന്നതിന് അത്യാവശ്യമാണ് എന്ന് കമ്മീഷൻ കരുതുന്നു. ആയതിനാൽ കൊച്ചിയിലും തൃശ്ശൂരും ക്രിസ്ത്യൻ പൈതൃക

സാംസ്കാരിക കേന്ദ്രങ്ങൾ സർക്കാർ ആരംഭിക്കണമെന്ന് കമ്മീഷൻ ശുപാർശ ചെയ്യുന്നു.

c. പുരാതനമായ ധാരാളം പള്ളികളും പുരാതനമായ വാസ്തുശിൽപ ശൈലിയിൽ ഉള്ള ക്രിസ്ത്യൻ തറവാടു വീടുകളും ഉള്ളതിനാൽ ക്രൈസ്തവ പൈതൃകത്തെ സംരക്ഷിക്കുന്ന പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ച് ഫണ്ടുകൾ ലഭ്യമാക്കണം. രണ്ടായിരം വർഷത്തെ പഴക്കം നിരണം പള്ളിയ്ക്കുണ്ട് എന്നാണ് പാരമ്പര്യം, ചമ്പക്കുളം സെന്റ് മേരീസ് ബസിലിക്ക 1500 വർഷത്തിൽ പരം പഴക്കമുള്ളതാണ്. അതുപോലെ 855-ൽ സ്ഥാപിതമായ മനക്കോടം സെന്റ് ജോർജ് ദൈവാലയം, 16-ആം നൂറ്റാണ്ടിന്റെ ആദ്യ പകുതിയിൽ സ്ഥാപിതമായ സൗദി ആരോഗ്യ മാതാ ദൈവാലയം, 1851-ൽ സ്ഥാപിതമായ അർത്തുങ്കൽ സെന്റ് ആൻഡ്രൂസ് ദൈവാലയം, 1870-ലെ ആലപ്പുഴ മേജർ സെമിനാരി, കൂടാതെ വളരെ പഴക്കമുള്ള തുമ്പോളി, കാട്ടൂർ, പള്ളിത്തോട്, മാനാശ്ശേരി എന്നിവിടങ്ങളിലെ ദൈവാലയങ്ങൾ തുടങ്ങിയവയെ പോർച്ചുഗീസ്–ക്രിസ്ത്യൻ പൈതൃക സർക്യൂട്ട് വിപുലപ്പെടുത്തിയും പൈതൃകപ്പട്ടികയിൽ ഉൾപ്പെടുത്തിയും സംരക്ഷിക്കുകയും ഇവിടുത്തെ ക്രൈസ്തവ പൈതൃകത്തെ സംരക്ഷിക്കുന്ന പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ച് ഫണ്ടുകൾ ലഭ്യമാക്കുകയും വേണം. കാപ്പാട് ആംഗ്ലോ-ഇന്ത്യൻ പൈതൃക സ്മാരകം, എറണാകുളം

പള്ളിപ്പോർട്ടിലെ കോട്ട, തൃശ്ശൂർ ജില്ലയിലെ സമ്പാളൂർ സെന്റ് ഫ്രാൻസിസ് പള്ളിയിൽ പൈതൃക മ്യൂസിയം, കൊല്ലം ജില്ലയിലെ തങ്കശ്ശേരിക്ക് സമീപമുള്ള പോർച്ചുഗീസ് സെമിത്തേരി എന്നിവയുടെ സംരക്ഷണം മുസ്സരീസ് മാതൃകയിൽ പൈതൃക തീർഥാടന സർക്യൂട്ട് മുതലായ നടപടികൾ എടുക്കുക മുതലായ ആവശ്യങ്ങൾ കമ്മീഷനു മുമ്പാകെ നിവേദനങ്ങളായി സമർപ്പിക്കപ്പെട്ടിട്ടുണ്ട്. എ.ഡി. 1500-നു മുമ്പ് കേരളത്തിൽ നിലനിന്ന ക്രൈസ്തവ പള്ളികൾക്ക് പൂർണ്ണതോതിലും എ.ഡി. 1900-നു മുമ്പ് നിലവിൽ വന്നിരുന്ന ക്രൈസ്തവ ദേവാലയങ്ങൾക്ക് ഭാഗികമായും സംരക്ഷണത്തിനു വേണ്ടി പ്രത്യേക പദ്ധതികൾ രൂപപ്പെടുത്തണമെന്ന് ഇക്കാര്യത്തിൽ കമ്മീഷൻ ശുപാർശ ചെയ്യുന്നു. സംരക്ഷണവുമായി ബന്ധപ്പെട്ട് മ്യൂസിയങ്ങളും, പ്രത്യേക സ്മാരകങ്ങളും, ടൂറിസം സർക്യൂട്ടുകളും പ്രവർത്തനക്ഷമമാക്കേണ്ടതാണ്.

d. കുട്ടനാടിന്റെ പൈതൃക സംരക്ഷണത്തിനായി കുട്ടനാട് മ്യൂസിയവും വള്ളം കളി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികളും കുട്ടനാട് കേന്ദ്രമായി ആരംഭിക്കണം.

e. ക്രൈസ്തവ ന്യൂനപക്ഷങ്ങളുടെ വിശേഷ ദിവസങ്ങളായ ഞായറാഴ്ചകൾ, ക്രിസ്തുമസ്സ്, പെസഹാ വ്യാഴം, ദുഃഖ വെള്ളി, ഈസ്റ്റർ മുതലായ ദിവസങ്ങൾ അവധി ദിവസങ്ങളായി സംരക്ഷിക്കുവാൻ നടപടികൾ സ്വീകരിക്കണം. സംസ്ഥാന

ബോർഡുകളുടെ നേതൃത്വത്തിൽ നടത്തുന്ന പരീക്ഷകൾ അന്നേ ദിവസങ്ങളിൽ നടത്തുന്നത് ഒഴിവാക്കുക, അഥവാ അങ്ങനെ നടത്തുന്നത് അത്യാവശ്യമാണെങ്കിൽ അത് ഞായറാഴ്ച ദിവസങ്ങളിൽ ഉച്ചയ്ക്കു ശേഷം നടത്തുക.

f. ക്രൈസ്തവർ നടത്തുന്ന സ്കൂളുകളിലും കോളേജുകളിലും വിദ്യാർത്ഥികൾക്ക് വിശ്വാസ, ധാർമ്മീക ക്ലാസ്സുകൾ നൽകുന്നതിന് ഭരണഘടനാനുസൃതം ഉള്ള അവകാശം ഹനിക്കാൻ പാടില്ല. അതിനായി മൈനോരിറ്റി വകുപ്പിന്റെ ഗ്രാന്റുകൾ അനുവദിക്കണം.

g. പരമ്പരാഗതമായി കടലറിവുകളുടെയും കായലറിവുകളുടെയും അക്ഷയഖനിയാണ് ലത്തീൻ കത്തോലിക്കാ മത്സ്യത്തൊഴിലാളികൾ. ഈ അറിവുകൾ സംരക്ഷിക്കാനും അവയെ സമകാലിക ശാസ്ത്രീയ സാങ്കേതിക വിജ്ഞാനവുമായി സമന്വയിപ്പിച്ചു പ്രയോഗവൽക്കരിക്കുന്നത് പ്രസക്തമാണ്. അതിനായി ഒരു കേന്ദ്രം സമാരംഭിക്കണം.

**EWS**

106 a. കേന്ദ്ര സർക്കാർ മാനദണ്ഡമനുസരിച്ചുള്ള EWS സർട്ടിഫിക്കറ്റ് കേരളത്തിൽ ഉള്ളവർക്ക് ലഭിക്കുന്നതിന് പല ബുദ്ധിമുട്ടുകളും ഉണ്ട്. വളരെ കുറച്ചു പേർ മാത്രമാണ് ഇതിനുള്ള യോഗ്യത നേടുന്നത്. മുൻ സാമ്പത്തിക വർഷത്തെ വരുമാനവും ആസ്തികളും കണക്കാക്കിയാണ് EWS സർട്ടിഫിക്കറ്റ് നൽകേണ്ടത്.

കേന്ദ്ര മാനദണ്ഡപ്രകാരം കൃഷി ഭൂമി 5 ഏക്കർ വരെ ആകാമെങ്കിലും പഞ്ചായത്തുകളിൽ റസിഡൻഷ്യൽ പ്ലോട്ട് 4.1 സെന്റ് വരെയേ പാടുള്ളു. മുൻസിപ്പാലിറ്റികളിൽ ഇത് 2.1 സെന്റാണ്. വടക്കേയിന്ത്യൻ ഗ്രാമങ്ങളിലെ ജീവിത രീതിപ്രകാരം നിശ്ചയിച്ചിരിക്കുന്ന മാനദണ്ഡമാണ് ഇത് എന്നു തോന്നുന്നു. മറ്റ് സംസ്ഥാനങ്ങളിൽ നിന്നു വ്യത്യസ്തമായി കേരളത്തിൽ കൃഷിയിടങ്ങളിൽ തന്നെയാണ് വീടുകളും സ്ഥിതി ചെയ്യുന്നത്. അതിനാൽ റസിഡൻഷ്യൽ പ്ലോട്ടും കൃഷിഭൂമിയും തമ്മിലുള്ള വേർതിരിവ് കേരളത്തിൽ അപ്രായോഗികമാണ്. കേന്ദ്രസർക്കാർ മാനദണ്ഡത്തിലെ "റസിഡൻഷ്യൽ പ്ലോട്ട്" എന്ന പദത്തെ "ഹൗസ് പ്ലോട്ട്" എന്ന് തെറ്റായി വ്യാഖ്യാനം ചെയ്തിരിക്കുന്നതു കൊണ്ടാണ് ഇങ്ങനെ സംഭവിച്ചിരിക്കുന്നത്. എന്നാൽ ഈ ഭൂമിയിൽ ഭാവിയിൽ വീട് നിർമ്മിക്കാൻ കഴിയും എന്ന വാദം ഉയർത്തി EWS സർട്ടിഫിക്കറ്റ് നിഷേധിക്കുന്നു എന്നാണ് പരാതി. തന്മൂലം 4.1 സെന്റിന് മുകളിൽ ഭൂമിയുള്ള ആർക്കും കേന്ദ്ര സർക്കാർ മാനദണ്ഡപ്രകാരമുള്ള EWS സർട്ടിഫിക്കറ്റ് ലഭിക്കാതെ വരുന്നു. കർഷകന് 4.1 സെന്റിൽ കൂടുതൽ പുരയിടം ഉണ്ട് എന്ന പേരിൽ സ്വന്തമായി വീടില്ലാത്ത കുടുംബങ്ങൾക്ക് പോലും കേന്ദ്ര മാനദണ്ഡപ്രകാരമുള്ള EWS സർട്ടിഫിക്കറ്റ് ലഭിക്കാത്ത സാഹചര്യമാണ് നിലനിൽക്കുന്നത്. മറ്റൊരു കേന്ദ്ര

മാനദണ്ഡപ്രകാരം വീടിന്റെ വിസ്തീർണ്ണം 1,000 സ്ക്വയർ ഫീറ്റിൽ താഴെ മാത്രമേ പാടുള്ളൂ. ഇതും വടക്കേ ഇന്ത്യൻ മാനദണ്ഡമാണ്. കേരളത്തിൽ കർഷകരുടെ വീടുകൾ താമസത്തിനു മാത്രമല്ല, കൃഷി–അനുബന്ധ സാധനങ്ങൾ സൂക്ഷിക്കുന്ന ഗോഡൗൺ ആയും വളർത്തു മൃഗങ്ങളെ പരിപാലിക്കുന്ന ആവശ്യങ്ങൾക്കായും കൂടിയാണ് ഉപയോഗിക്കുന്നത്. ഈ സാഹചര്യത്തിൽ 103-ആം ഭരണഘടനാ ഭേദഗതിയിൽ വ്യക്തമാക്കിയിരിക്കുന്നതു പ്രകാരം സംസ്ഥാനങ്ങൾക്ക് EWS മാനദണ്ഡങ്ങൾ പുനർനിർണ്ണയിക്കാൻ നൽകിയിരിക്കുന്ന അനുവാദം ഉപയോഗിച്ച് കേരള സാഹചര്യത്തിൽ അപ്രായോഗികമായ മേൽ പ്രസ്താവിച്ച രണ്ട് മാനദണ്ഡങ്ങൾ ഒഴിവാക്കുകയും EWS-ന്റെ കേന്ദ്ര–കേരള മാനദണ്ഡങ്ങൾ സംസ്ഥാനത്തെ സാഹചര്യം അനുസരിച്ച് സംസ്ഥാന സർക്കാർ ഏകീകരിക്കുകയും ചെയ്യണം എന്ന് ശുപാർശ ചെയ്യുന്നു. കൃഷിഭൂമിയെ വാസഭൂമിയായും വാസഭൂമിയെ കൃഷിഭൂമിയായും ഉത്തരേന്ത്യയിൽ വേർതിരിവ് സാധ്യമാകുമ്പോൾ കേരളത്തിൽ അത് സാധ്യമല്ല. അതിനാൽ കൃഷിഭൂമിയിൽ താമസിക്കുന്ന കർഷകരുടെ ഭവനങ്ങൾ മാത്രം വാസഭൂമിയായി കണക്കാക്കി ബാക്കി കൃഷി ചെയ്യുന്ന ഭൂമിയെ അവരുടെ വാസഭൂമി കണക്കിൽപ്പെടുത്താതെ കൃഷിഭൂമിയുടെ ഭാഗമായിത്തന്നെ കണക്കാക്കുന്നതായിരിക്കും ഉചിതം. നഗരങ്ങളിൽ വന്ന് പ്രത്യേക

ഹൗസിംഗ് കോളനികളിൽ താമസിച്ചാൽ മാത്രം അതിനെ പ്രത്യേക വാസഗൃഹമായി പരിഗണിച്ചാൽ മതി. നഗരത്തിലെ ഒരു ഹൗസിംഗ് കോളനിയിൽ പത്തു സെന്റിൽ വീടുവച്ചു താമസിക്കുന്ന ആളെ EWS ആയി പരിഗണിക്കേണ്ട കാര്യമില്ല. എന്നാൽ, ഒരേക്കർ കൃഷിഭൂമിയിൽ താമസിക്കുന്ന ആൾക്ക് ഒരേക്കർ സ്ഥലം അയാളുടെ വാസഭൂമിയായി കണക്കാക്കി EWS-ൽ നിന്ന് നിഷ്കാസിതനാക്കേണ്ടതുമില്ല.

b. കേന്ദ്രഗവൺമെന്റിലെ ആവശ്യങ്ങൾക്കുള്ള EWS സർട്ടിഫിക്കറ്റ് നൽകുന്നത് സംബന്ധിച്ച് കേന്ദ്രസർക്കാർ പുറപ്പെടുവിച്ച നോട്ടിഫിക്കേഷനുകളിലോ, പ്രസ്തുത സർട്ടിഫിക്കറ്റ് സംബന്ധിച്ച് സംസ്ഥാന സർക്കാർ 14-3-2019-ൽ പുറപ്പെടുവിച്ച GO. (Ms) No. 52/2019/GAD എന്ന ഉത്തരവിലോ റസിഡൻഷ്യൽ പ്ലോട്ട് എന്നാൽ വീട് നിർമ്മിക്കാൻ കഴിയുന്ന ഭൂമി എന്ന അർത്ഥത്തിലുള്ള നിർവചനം ഇല്ല. റസിഡൻഷ്യൽ പ്ലോട്ടെന്നാൽ നിലവിൽ താമസിക്കുന്ന ഇടം എന്നാണ് അർത്ഥം. എന്നാൽ, സംസ്ഥാന EWS അനുവദിച്ചുകൊണ്ടുള്ള 12-2-2020-ലെ സ.ഉ.(എം.എസ്.) നം. 2/2020/ഉ.ഭ.പ.വ. എന്ന ഉത്തരവിന്റെ Clause 4(9) പ്രകാരം കോർപ്പറേഷൻ മുൻസിപ്പാലിറ്റി, പ്രദേശങ്ങളിൽ മാത്രം ബാധകമായ ഹൗസ്പ്ലോട്ട്/കൃഷിഭൂമി വേർതിരിവിൽ ഹൗസ് പ്ലോട്ട് എന്നാൽ വീട് നിൽക്കുന്നതോ, വീട്

നിർമ്മിക്കുവാൻ കഴിയുന്നതോ ആയ ഭൂമി എന്ന നിർവചനം ഉണ്ട്. ഇത്തരത്തിൽ സംസ്ഥാന EWS-ൽ കോർപ്പറേഷൻ, മുൻസിപ്പാലിറ്റി മേഖലകളിൽ മാത്രം ബാധകമായ ഉത്തരവിലെ നിർവചനം കേന്ദ്ര EWS സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനും പഞ്ചായത്തുകളിൽ ഉൾപ്പെടെ ബാധകമാണ് എന്ന രീതിയിൽ വ്യാഖ്യാനം ചെയ്തു കൊണ്ട് കേന്ദ്ര EWS സർട്ടിഫിക്കറ്റ് നിഷേധിക്കുന്ന അവസ്ഥയാണ് ഉള്ളത്. ഇതു പരിഹരിക്കുന്നതിനുള്ള നടപടികൾ സർക്കാരിന്റെ ഭാഗത്തു നിന്ന് ഉണ്ടാകണം.

c. പൊതുവിൽ സംവരണേതര വിഭാഗങ്ങളിൽ ഉൾപ്പെടുന്ന പല വ്യക്തികൾക്കും സംസ്ഥാന മാനദണ്ഡപ്രകാരമുള്ള 2.5 ഏക്കർ എന്ന ഭൂപരിധി മൂലം EWS സംവരണത്തിന്റെ പ്രയോജനം ലഭിക്കുന്നില്ല. കാർഷിക വരുമാനം മാത്രമുള്ള കുടുംബങ്ങളുടെ ഭൂപരിധി ഉയർത്തി പുനർനിർണയിക്കണം. അതുപോലെ തന്നെ മലയോര പ്രദേശങ്ങളിലെയും ഉൾനാടുകളിലെയും ഭൂപരിധി മറ്റു പ്രദേശങ്ങളിലെ ഭൂപരിധിയിൽ നിന്നു ഉയർത്തി നിശ്ചയിക്കണം. മലയോര പ്രദേശങ്ങളിലെയും ഉൾനാടുകളിലെയും കുട്ടനാട്ടിലെയും EWS ഭൂപരിധി മറ്റു പ്രദേശങ്ങളിലെ ഭൂപരിധിയിൽ നിന്നു ഉയർത്തി നിശ്ചയിക്കണം.

d. EWS സർട്ടിഫിക്കറ്റിനു കൂടി ഓൺലൈൻ സംവിധാനം ക്രമീകരിക്കുകയാണെങ്കിൽ ഇവ സംബന്ധിച്ച പരാതികൾ ഒരു പരിധി വരെ പരിഹരിക്കാൻ കഴിയും.

e. EWS സർട്ടിഫിക്കറ്റ് സംബന്ധിച്ച പരാതികൾ പരിഹരിക്കുന്നതിന് എല്ലാ ജില്ലകളിലും ഒരു ഔദ്യോഗിക സംവിധാനം ഉണ്ടായിരിക്കണം എന്ന് ശുപാർശ ചെയ്യുന്നു. ഇതിനായി ഒരു പ്രത്യേക നോഡൽ ആഫീസറെ നിയമിക്കാവുന്നതാണ്.

f. EWS-നുള്ള സാമ്പത്തിക സംവരണത്തിനായി സർക്കാർ അംഗീകരിച്ചിട്ടുള്ള സംവരണേതര സമുദായങ്ങളുടെ പട്ടികയിൽ (164 വിഭാഗങ്ങൾ) സ്വതന്ത്ര 'സ്ഥലം' സഭകൾ എന്ന വിഭാഗം ഉൾപ്പെട്ടിട്ടില്ല എന്നുള്ളതുകൊണ്ട് വില്ലേജ് ഓഫീസർമാർ അവരുടെ കുട്ടികൾക്ക് EWS സർട്ടിഫിക്കറ്റ് നൽകുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടു. ക്രിസ്ത്യാനികൾ എന്നതിന് ഉപരിയായി മറ്റ് ഉപവിഭാഗ പേരുകൾ ഒന്നുമില്ലാത്ത കൂട്ടായ്മകളാണ് സ്വതന്ത്ര സ്ഥലം സഭകൾ. അവർക്കും ഉപവിഭാഗം ഇല്ലാതെ ക്രിസ്ത്യാനികൾ എന്ന പേരിൽ മാത്രം EWS സർട്ടിഫിക്കറ്റിന് അർഹത ഉണ്ട് എന്ന നിലയിൽ സർക്കാർ ഒരു ഉത്തരവിറക്കണം എന്ന് ശുപാർശ ചെയ്യുന്നു. അല്ലെങ്കിൽ നിലവിലുള്ള സംവരണേതര സമുദായങ്ങളുടെ പട്ടികയിൽ 'ക്രിസ്ത്യൻ (ലോക്കൽ ചർച്ച്)' എന്ന

ഒരു വിഭാഗപ്പേര് കൂടി ഉൾക്കൊള്ളിക്കാവുന്നതുമാണ്. പൊതുവെ ഇവരിൽ EWS അല്ലാതെയുള്ള മറ്റ് സംവരണാനുകൂല്യങ്ങൾ ഇല്ലാത്തവർക്ക് അവർ സ്വയം അവരുടെ സഭ 'ക്രിസ്ത്യൻ ലോക്കൽ ചർച്ച്' ആണെന്ന് സാക്ഷ്യപ്പെടുത്തിയാൽ അതിന്റെ അടിസ്ഥാനത്തിൽ അത്തരം സർട്ടിഫിക്കറ്റ് കൊടുക്കാവുന്നതുമാണ്. കാരണം ഇത്തരം സഭകൾക്ക് പൊതുവായ ഘടനയോ പൊതുവായ മേലധികാരികളോ ഓഫീസുകളോ ഇല്ല. എന്നാൽ അതേ സമയം ഇങ്ങനെ സ്ഥലം സഭകൾ അല്ലെങ്കിൽ പുതിയ പ്രാദേശിക കൂട്ടായ്മകളായി കൂട്ടപ്പെട്ട സഭകൾ എന്നിവയിൽ അംഗങ്ങളായിരിക്കുന്നവർ അവരുടെ ജാതികൊണ്ടോ മറ്റ് കാരണങ്ങളാലോ ഏതെങ്കിലും സംവരണ വിഭാഗത്തിൽ ഉൾപ്പെട്ടിട്ടുണ്ട് എങ്കിൽ സംവരണേതര ക്രിസ്ത്യാനികൾക്കുള്ള ആനുകൂല്യങ്ങൾ അവർക്ക് സ്ഥലം സഭകളിലെ അംഗത്വം മൂലം ലഭിക്കുകയില്ല എന്ന കാര്യവും വ്യക്തമാണ്. നേരത്തേ സംവരണം ഉണ്ടായിരുന്ന വിഭാഗങ്ങൾക്ക് ഇപ്പോൾ സംവരണേതര വിഭാഗങ്ങൾക്കു ലഭിക്കുന്ന EWS ആനുകൂല്യം ലഭിക്കുകയില്ല എന്ന കാര്യവും വ്യക്തമാക്കേണ്ടതാണ്.

g. EWS സർട്ടിഫിക്കറ്റ് ഉള്ളവർക്ക് PSC നിയമനങ്ങളിൽ OBC വിഭാഗങ്ങൾക്ക് അനുവദിക്കുന്നതിനു തുല്യമായ പ്രായപരിധി

ഇളവുകൾക്ക് അർഹത ഉണ്ടായിരിക്കും എന്ന് സർക്കാർ ഉത്തരവ്വ പുറപ്പെടുവിക്കണമെന്ന് ശുപാർശ ചെയ്യുന്നു.

h. കേന്ദ്ര സർക്കാർ UGC-NET പോലെയുള്ള എല്ലാ യോഗ്യതാ പരീക്ഷകൾക്കും മറ്റ് സംവരണങ്ങളോടൊപ്പം EWS സംവരണവും ബാധകമാക്കിയിട്ടുണ്ട്. എന്നാൽ കേരളത്തിൽ സംസ്ഥാന സർക്കാർ നടത്തുന്ന SET, K.TET തുടങ്ങിയ യോഗ്യതാ പരീക്ഷകൾക്കും SC, ST, OBC സംവരണങ്ങൾ ബാധകമാക്കിയിട്ടുണ്ടെങ്കിലും EWS സംവരണം ബാധകമാക്കിയിട്ടില്ല. മാത്രമല്ല, ഉന്നത വിദ്യാഭ്യാസ രംഗത്തും ജോലികളിലും OBC സംവരണം ഉള്ളിടത്തെല്ലാം EWS സംവരണവും ബാധകമാണ് എന്നാണ് EWS സംബന്ധിച്ച് സംസ്ഥാന സർക്കാർ 2020 ജനുവരി 3-ന് പുറപ്പെടുവിച്ച ഉത്തരവിൽ പ്രസ്താവിച്ചിരിക്കുന്നത്. അതിനാൽ EWS വിഭാഗത്തിന് SET, K.TET ഉൾപ്പെടെയുള്ള യോഗ്യതാ പരീക്ഷകളിൽ OBC-ക്ക് സമാനമായ മാർക്ക് ഇളവ്, ഫീസ് ഇളവ്, പ്രായപരിധി ഇളവ് എന്നിവ അനുവദിക്കണം. എന്നാൽ ഇതുപോലുള്ള യോഗ്യതാ പരീക്ഷകൾക്ക് ഏറ്റവും ദുർബല വിഭാഗത്തിന് നിശ്ചയിക്കപ്പെട്ട പാസ് യോഗ്യതാ ശതമാനം എല്ലാവർക്കും ഒരു പോലെ വിജയ നിർണ്ണയത്തിന് ബാധകമാക്കിയാൽ, EWS വിഭാഗത്തിന് പ്രത്യേകമായ ഒരു ഇളവ് അനുവദിക്കേണ്ടതില്ല. എന്നാൽ പല വിഭാഗങ്ങൾക്ക് പല

യോഗ്യതാ ശതമാനം എന്ന രീതി തുടരുകയാണെങ്കിൽ EWS വിഭാഗത്തിനും ഇളവ് അനുവദിക്കേണ്ടതാണ്.

i. സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസ രംഗത്തും സർക്കാർ സർവ്വീസിലും EWS സംവരണം നടപ്പിലാക്കിക്കൊണ്ടുള്ള ഉത്തരവ് 2020 ജനുവരി 3-ന് സർക്കാർ പുറപ്പെടുവിച്ചെങ്കിലും PSC യിൽ ഈ ഉത്തരവ് നടപ്പാക്കിയത് 2020 ഒക്ടോബർ 23 മുതലാണ്. 2020 ജനുവരി 3-ന് തൊട്ടു മുൻപുള്ള ദിവസങ്ങളിൽ 250-ഓളം തസ്തികകളിലേക്കുള്ള വിജ്ഞാപനങ്ങൾ PSC പുറപ്പെടുവിച്ചതിനു ശേഷമാണ് EWS ഉത്തരവ് സംസ്ഥാന സർക്കാർ ഇറക്കിയത്. മാത്രമല്ല, തുടർന്ന് 2020 ഒക്ടോബർ 23 വരെയുള്ള കാലയളവിനിടയിൽ 200-ഓളം വിജ്ഞാപനങ്ങളാണ് പുറപ്പെടുവിച്ചത്. അതിനാൽ PSC നിയമനങ്ങളിൽ നടപ്പിലാക്കിയ 10% EWS സംവരണത്തിന് 2020 ജനുവരി 3-ന് നിലവിലുണ്ടായിരുന്ന PSC വിജ്ഞാപനങ്ങൾ മുതൽ മുൻകാല പ്രാബല്യം അനുവദിച്ച് കുടിശ്ശിക നിയമനത്തിനായി പ്രത്യേകം വിജ്ഞാപനം പുറപ്പെടുവിക്കണം.

j. ഉന്നത വിദ്യാഭ്യാസ രംഗത്തും സർക്കാർ തൊഴിൽ മേഖലയിലും EWS സംവരണം അനുവദിച്ച് കൊണ്ട് കേരള സർക്കാർ 2020 ജനുവരി 3-ന് പൊതു ഉത്തരവ് ഇറക്കിയിട്ടുണ്ടെങ്കിലും ചില

കോഴ്സുകൾക്കുള്ള വിജ്ഞാപനങ്ങളിൽ EWS ഇപ്പോഴും ഒഴിവാക്കപ്പെടുന്നു. ഇത് പരിഹരിക്കാൻ നടപടി ഉണ്ടാകണം.

k. സർക്കാർ സംവരണേതര ക്രിസ്ത്യാനികളുടെ ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. സർക്കാർ പ്രസിദ്ധീകരിച്ച ലിസ്റ്റിൽ തന്നെ ചില തെറ്റുകളുണ്ട് എന്ന പരാതികൾ ഉണ്ട്. അതിൽ മാർത്തോമാ ക്രിസ്ത്യാനികൾ എന്ന പരാമർശവും ഉണ്ട്. എല്ലാ സുറിയാനി സഭകളും മാർത്തോമാ ക്രിസ്ത്യാനികളാണ്. അതുപോലെ തന്നെ ലിസ്റ്റിൽ പരാമർശിച്ചിരിക്കുന്ന പേരിൽ നിന്ന് വ്യത്യസ്തമായി മറ്റ് പേരുകളിലും അതേ സഭ അറിയപ്പെടുന്നുണ്ട്. ഇക്കാരണങ്ങൾ മുൻനിറുത്തി ഈ ലിസ്റ്റിന് അനുയോജ്യമായ സ്പഷ്ടീകരണ ഉത്തരവുകൾ നൽകേണ്ടതാണ്.

## Humanitarian

107 a. മദ്യ-മയക്കുമരുന്ന വിരുദ്ധ പ്രവർത്തനങ്ങൾ ക്രൈസ്തവ സഭാ സ്ഥാപനങ്ങൾ വളരെ ശ്രദ്ധ പുലർത്തുന്ന മേഖലയാണ്. ഈ രംഗത്ത് സാമ്പത്തിക സഹായങ്ങളും ഗവണ്മെന്റ് വകുപ്പുകളുടെ സഹകരണവും അംഗീകാരവും ഈ സ്ഥാപനങ്ങൾക്ക് നല്കേണ്ടതാണ് എന്ന് ശുപാർശ ചെയ്യുന്നു.

b. ക്രൈസ്തവ സഭാ സമൂഹങ്ങൾ നടത്തുന്ന അനേകം ചെറിയ ആശുപത്രികളും ഡിസ്പെൻസറികളും അടച്ചു പൂട്ടേണ്ടതായ സാഹചര്യം വന്നിട്ടുണ്ട്. ഇത്തരം ചെറിയ ആശുപത്രികളുടെ അടച്ചു

പൂട്ടൽ കോർപ്പറേറ്റ് ആശുപത്രികളുടെ വളർച്ചയ്ക്ക് വഴി വയ്ക്കുകയും ആളുകളുടെ ചികിത്സാ ചെലവ് വർദ്ധിക്കുന്നതിന് ഇടയാക്കുകയും ചെയ്യുന്നു. കോർപ്പറേറ്റ് ആശുപത്രികളെയും ക്രിസ്ത്യൻ മിഷൻ ആശുപത്രികളെയും സർക്കാർ ഒരേ രീതിയിൽ പരിഗണിച്ചാൽ മിഷൻ ആശുപത്രികളുടെ നടത്തിപ്പ് ദുഷ്കരമാവും. മിഷൻ ആശുപത്രികൾ എല്ലാം തന്നെ ചാരിറ്റബിൾ സ്ഥാപനങ്ങളാണ്. അതുകൊണ്ട് ക്രൈസ്തവ സഭകൾ നടത്തുന്ന ചാരിറ്റബിൾ സൊസൈറ്റി എന്ന് കേന്ദ്രവും കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും അംഗീകരിക്കുന്ന ആശുപത്രികൾക്ക് വൈദ്യുതി ബിൽ നിരക്കിൽ മുമ്പ് നൽകിയിരുന്ന ആനുകൂല്യങ്ങൾ പുനഃ സ്ഥാപിക്കുന്നത് നല്ലതായിരിക്കും. അതുപോലെ തന്നെ അത്തരം ആശുപത്രികളെ കൊമേഴ്സ്യൽ സ്ഥാപനങ്ങൾ എന്ന രീതിയിൽ പരിഗണിച്ച് വൈദ്യുതി നിരക്കും കെട്ടിട നികുതിയും മറ്റും ഈടാക്കുന്നത് പാവപ്പെട്ടവരുടെ ചികിത്സാ ചെലവ് വർദ്ധിപ്പിക്കുന്നതിനേ ഉപകരിക്കുയുള്ളൂ. ഇക്കാര്യത്തിൽ അനുഭാവ പൂർണ്ണമായ ഒരു സമീപനം സർക്കാരിന്റെ ഭാഗത്തു നിന്ന് ഉണ്ടാകേണ്ടതാണ്.

c. ഓർഫനേജുകളിൽ താമസിക്കുന്ന അന്തേവാസികൾക്ക് സർക്കാർ ഗ്രാന്റ് ഇപ്പോൾ നിലവിൽ വിവിധ ക്ഷേമ

പെൻഷനുകളായി ലഭിക്കുന്ന 1,600 രൂപയായി ഉയർത്തി നൽകണം.

d. കെയർ ഹോമുകൾക്ക് സർക്കാർ ഗ്രാന്റ് പൂർണ്ണമായി ലഭിച്ചെങ്കിൽ മാത്രമേ ഇത്തരം സ്ഥാപനങ്ങൾ സുഗമമായി മുന്നോട്ടു കൊണ്ടു പോകാൻ സാധിക്കുകയുള്ളൂ.

e. സൈക്കോ-സോഷ്യൽ സ്ഥാപനങ്ങളിൽ ഗ്രാന്റ് കൃത്യമായി നൽകണം.

f. Early Intervention Centre-കളുടെ നടത്തിപ്പിന് ആവശ്യമായ വിദഗ്ധരുടെ (Occupational Therapist, Physiotherapist, Speech Therapist) ലഭ്യത കുറവാണ്. ഈ രംഗത്ത് ഡിഗ്രി, മാസ്റ്റേഴ്സ് കോഴ്സുകൾ അനുവദിക്കണം. Early Intervention Centre–കൾക്ക് ഗ്രാന്റ് അനുവദിക്കുകയും സഹായം തേടുന്ന കുട്ടികൾക്ക് പഠനത്തിനാവശ്യമായ സാമ്പത്തിക സഹായം ഉറപ്പാക്കുകയും വേണം.

g. മുഴുവൻ Special School അദ്ധ്യാപകർക്കും ഓണറേറിയം ലഭിക്കത്തക്കവിധം സ്പെഷ്യൽ സ്കൂൾ പാക്കേജ് പുനഃക്രമീകരിക്കണം.

h. പാലിയേറ്റീവ് രോഗികൾക്കും സ്ഥാപനങ്ങൾക്കും വേണ്ടിയുള്ള പ്രത്യേക ക്ഷേമപദ്ധതികൾക്ക് സഹായം നൽകുക.

**തിരിച്ചറിയൽ രേഖകൾ**

108 a. സൈക്കോ-സോഷ്യൽ സ്ഥാപനങ്ങളിൽ മാനസിക രോഗികളും മാനസിക വൈകല്യങ്ങൾ ഉള്ളവരുമായ അന്തേവാസികളാണ് ഉള്ളത്. ആധാർ കാർഡ് ലഭിക്കണമെങ്കിൽ ജനന തീയതി തെളിയിക്കുന്ന രേഖ ആവശ്യമാണ്. ഇവരിൽ നിന്ന് ഇത് ലഭിക്കാൻ സാധ്യതയില്ലാത്തതിനാൽ ഗസറ്റഡ് റാങ്കിലുള്ള ഗവൺമെന്റ് ഡോക്ടർ സർട്ടിഫിക്കറ്റ് നൽകണം. അതിനാൽ ജില്ലാ തലത്തിൽ ഈ ചുമതലയ്ക്കായി നോഡൽ ഓഫീസർമാരെ ചുമതലപ്പെടുത്തണം.

b. **കൊല്ലം തീരദേശത്ത് താമസിക്കുന്ന ക്രിസ്ത്യൻ ഭരത സമുദായാംഗങ്ങൾക്ക് ഭരത സമുദായ സർട്ടിഫിക്കറ്റ് ലഭ്യമാക്കണം.**

c. ന്യൂനപക്ഷങ്ങൾക്ക് സമുദായ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള തടസ്സങ്ങൾ നീക്കണം. ലത്തീൻ കത്തോലിക്ക വിഭാഗത്തിലും സുറിയാനി കത്തോലിക്ക വിഭാഗത്തിലും പെടുന്നവരിൽ ചിലർ അവരുടെയോ അവരുടെ മാതാപിതാക്കളുടെയോ പൂർവികരുടെയോ സർട്ടിഫിക്കറ്റുകളിൽ ആർ.സി. എന്നെഴുതി യതിനാൽ അവർ EWS എന്നുള്ള രീതിയിലോ സീറോ മലബാർ സഭയുടെ അംഗങ്ങൾ എന്നുള്ള രീതിയിലോ EWS സർട്ടിഫിക്കറ്റിന് അപേക്ഷിക്കുമ്പോൾ clarity ആവശ്യമാണെങ്കിൽ അതാത്

സഭകളിലെ മെത്രാന്മാരുടെ സർട്ടിഫിക്കറ്റ് അനുസരിച്ച് EWS സർട്ടിഫിക്കറ്റ് കൊടുക്കണം. ലത്തീൻ കത്തോലിക്കർ എന്ന് പറയുന്നവരും സുറിയാനി കത്തോലിക്കർ എന്ന് പറയുന്നവരും എല്ലാം തന്നെ റോമൻ കത്തോലിക്കാ സഭയുടെ അവാന്തര വിഭാഗങ്ങളാണ്. അതുപോലെ തന്നെ മലങ്കര ഓർത്തഡോക്സ് സഭയെ യാക്കോബായ സഭയെന്നും വിളിച്ചിരുന്നതിനാൽ അവരുടെ പൂർവികരുടെ സർട്ടിഫിക്കറ്റിൽ യാക്കോബായ എന്നും ഇപ്പോൾ ഓർത്തഡോക്സ് ആണ് എന്നും പറഞ്ഞ് EWS സർട്ടിഫിക്കറ്റ് നിഷേധിക്കരുത്. യാക്കോബായ ഓർത്തഡോക്സ് വിഭാഗമാണെങ്കിലും രണ്ടും സംവരണേതര ക്രിസ്ത്യാനി കളായതിനാൽ EWS സർട്ടിഫിക്കറ്റ് കൊടുക്കുന്നതിന് തടസ്സമാകരുത്.

d. സർക്കാരിന്റെ ഔദ്യോഗിക വെബ്സൈറ്റുകളിൽ കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റിന് ആവശ്യമായ “ഓർത്തഡോക്സ്” എന്ന കാറ്റഗറി ഇല്ലാത്തതിനാൽ ഓർത്തഡോക്സ് കുഞ്ഞുങ്ങൾക്ക് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനു പ്രയാസം നേരിടുന്നു. ആയതു പരിഹരിക്കുന്നതിന് ആവശ്യമായ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

e. സ്കൂൾ രേഖകളിൽ ഇപ്പോഴുള്ള ജാതി കോളത്തിൽ ജാതിക്കു പുറമേ ആ ജാതിയിൽ പെട്ട വ്യക്തി ഏതെങ്കിലും പ്രത്യേക

സമുദായത്തിലോ മത വിഭാഗത്തിലോ പെട്ടതാണെങ്കിൽ അതു കൂടി രേഖപ്പെടുത്തുവാൻ അനുവാദം നൽകാവുന്നതാണ്.

f. സർക്കാർ സെൻസസ് എടുക്കുമ്പോൾ "ബ്രദറൺ" എന്ന പ്രത്യേക വിഭാഗത്തിൽ കേരളത്തിലെ ബ്രദറൺ സമൂഹത്തെ സംബന്ധിക്കുന്ന വിവരങ്ങൾ രേഖപ്പെടുത്തുക. ഔദ്യോഗിക രേഖകളിൽ "ബ്രദറൺ" എന്ന് മലയാളത്തിലും **"BRETHREN"** എന്ന് ഇംഗ്ലീഷ് ഭാഷയിലും ചേർക്കേണ്ടതാണ്. ഇതിൽ നിന്ന് വിഭിന്നമായി "brothern" എന്നെല്ലാം തെറ്റായി രേഖപ്പെടുത്തുന്ന പ്രവണത കാണപ്പെടുന്നുണ്ട്. കേരള ഗസറ്റ് വാല്യം 10, നമ്പർ 1706 ആയി പ്രസിദ്ധീകരിച്ച സ.ഉ.എം.എസ്. നമ്പർ 114/2021/പൊ.ഭ.വ. ഇറക്കിയ ഉത്തരവിൽ 157 സീരിയൽ നമ്പറിൽ "ബ്രദറൺ സഭ" എന്നെഴുതിയതിലും പിശകുണ്ട്. വില്ലേജ് ഓഫീസുകളിൽ നിന്നും കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റിന് അപേക്ഷിക്കുമ്പോൾ "ബ്രദറൺ" എന്ന വിഭാഗനാമം ഔദ്യോഗിക ലിസ്റ്റിൽ ഇല്ലാത്തതുകൊണ്ട് "ബ്രദറൺ" ചേർത്ത് കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ് ലഭിക്കുന്നില്ല. ഇതു പരിഗണിച്ച് "ബ്രദറൺ" എന്നതും ഔദ്യോഗിക ലിസ്റ്റിൽ ചേർക്കണം.

g. ലത്തീൻ കത്തോലിക്കാ സമുദായ സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നതിൽ ഉള്ള തടസ്സങ്ങൾ സംബന്ധിച്ച് പഠനം നടത്തി അടിയന്തിരമായി പരിഹരിക്കണം. ക്രൈസ്തവരെ

സംബന്ധിച്ചിടത്തോളം അപ്രസക്തമായ 1947 എന്ന അടിസ്ഥാനവർഷം ലത്തീൻ കത്തോലിക്ക ക്രൈസ്തവ സ്വത്വം നിർണ്ണയിക്കുന്നതിനുള്ള മാനദണ്ഡമായി നിശ്ചയിച്ചത് നീക്കം ചെയ്യേണ്ടതാണ്. റോമൻ കാത്തലിക് ലാറ്റിൻ ക്രിസ്ത്യൻ (RCLC) എന്ന ചില വിദ്യാർത്ഥികളുടെ സ്കൂൾ സർട്ടിഫിക്കറ്റിൽ ചേർത്തു വരുന്നുണ്ട്. ഇവർക്കും ലത്തീൻ കത്തോലിക്കാ സമുദായ സർട്ടിഫിക്കറ്റ് ലഭ്യമാക്കാനുള്ള സ്പഷ്ടീകരണ ഉത്തരവ് ഇറക്കണം. ക്രിസ്ത്യൻ - പരവ, LC - പരവ എന്നിങ്ങനെ സർട്ടിഫിക്കറ്റ് തെറ്റായി രേഖ പ്പെടുത്തിയിരിക്കുന്നവർക്ക് ലാറ്റിൻ കാത്തലിക് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള തടസ്സങ്ങൾ ഒഴിവാക്കണം. കാസർഗോഡ് ചന്ദ്രഗിരി പുഴയ്ക്കു വടക്കുവശത്ത് തലപ്പാടി വരെയുള്ള പ്രദേശത്തുള്ള ലത്തീൻ കത്തോലിക്കാ വിശ്വാസികൾ മംഗലാപുരം രൂപതാംഗങ്ങൾ എന്ന നിലയിൽ അവർക്കു ലത്തീൻ കത്തോലിക്കാ സർട്ടിഫിക്കറ്റ് നിഷേധിക്കപ്പെടുന്നുണ്ട്. മലബാർ മേഖലയിൽ ആദ്യമായി രൂപീകരിച്ച കോഴിക്കോട് രൂപതയിൽ ഉൾപ്പെടെ എല്ലാ ലത്തീൻ കത്തോലിക്കരുടെയും അടിസ്ഥാന രേഖയിൽ **LC** എന്നതിന് പകരം **RC** എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇതിൽ മാറ്റം വരുത്തി **LC** എന്ന് രേഖപ്പെടുത്തി ലഭിക്കുന്നതിന് റവന്യൂ അധികാരികൾ രണ്ട് തലമുറയുടെ രേഖകൾ നിലവിൽ ആവശ്യപ്പെടുന്നു. ഇത്

സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനും അതുവഴി സംവരണ ആനുകൂല്യം ലഭിക്കുന്നതിനും പ്രയാസം നേരിടുന്നു. പല ദേവാലയങ്ങളിലും പഴയ രേഖകൾ ഇല്ലാത്തതു മൂലം അപേക്ഷകർക്ക് സർട്ടിഫിക്കറ്റ് കിട്ടുന്നതിന് തടസ്സമാകുന്നു. പുനലൂർ രൂപതാംഗങ്ങളായ നൂറോളം ശ്രീലങ്കൻ അഭയാർത്ഥി കുടുംബാംഗങ്ങൾക്ക് റവന്യൂ വകുപ്പിൽ നിന്നുള്ള രേഖകളിൽ റോമൻ കത്തോലിക്കർ എന്നു മാത്രം രേഖപ്പെടുത്തിയിട്ടുള്ള ലത്തീൻ സഭയിലുള്ളവർക്കു കൂടി ലത്തീൻ കത്തോലിക്ക ജാതി സർട്ടിഫിക്കറ്റ് ലഭ്യമാക്കണം. ഇക്കാര്യങ്ങളിലെല്ലാം രൂപതാ മെത്രാൻ നൽകുന്ന സാക്ഷ്യപത്രം ആധികാരിക രേഖയായി പരിഗണിച്ച് സർട്ടിഫിക്കറ്റ് നൽകേണ്ടതാണ്.

h. ദൈവാലയ രേഖകളുടെ സൂക്ഷിപ്പുകാരായ ഇടവക വികാരിമാരുടെ ശുപാർശയുടേയും സത്യവാങ്മൂലത്തിന്റെയും റവന്യൂ ഉദ്യോഗസ്ഥരുടെയും പ്രാദേശിക അന്വേഷണത്തിന്റെയും അടിസ്ഥാനത്തിൽ കാലവിളംബം കൂടാതെ സമുദായ സർട്ടിഫിക്കറ്റ് നൽകണം. ബന്ധപ്പെട്ട ബിഷപ്പുമാർ നൽകുന്ന രേഖകൾ ആധികാരിക സ്വഭാവം ഉള്ളവയായി കണക്കാക്കണം.

i. ഏതെങ്കിലും കാരണവശാൽ ഒരു വ്യക്തിക്ക് തന്റെ സമുദായ സർട്ടിഫിക്കറ്റിനെ സംബന്ധിച്ചോ സഭാ അംഗത്വ സർട്ടിഫിക്കറ്റിനെ സംബന്ധിച്ചോ വില്ലേജ് ഓഫീസിൽ നിന്ന്

ലഭിക്കുന്ന സർട്ടിഫിക്കറ്റിനെ കുറിച്ചോ പരാതി ഉണ്ടെങ്കിൽ ആ പരാതികൾ പരിഹരിക്കുന്നതിന് ഒരു പ്രത്യേക നോഡൽ ഓഫീസറെ എല്ലാ ജില്ലയിലും ചുമതലപ്പെടുത്തണം.

## അധ്യായം 3

## ലത്തീൻ കത്തോലിക്കർ

1. തനിമയാർന്ന പൈതൃകവും ചരിത്രവും സ്വന്തമാക്കിയിട്ടുള്ള ഒരു ജനവിഭാഗമാണ് കേരള ലത്തീൻ കത്തോലിക്ക ക്രിസ്ത്യാനികൾ. ഇന്ന് കേരളത്തിൽ 12 രൂപതകളിൽ ആയിട്ടാണ് (കണ്ണൂർ, കോഴിക്കോട്, സുൽത്താൻപേട്ട, കോട്ടപ്പുറം, വരാപ്പുഴ, കൊച്ചി, വിജയപുരം, ആലപ്പുഴ, കൊല്ലം, പുനലൂർ, തിരുവനന്തപുരം, നെയ്യാറ്റിൻകര) ലത്തീൻ കത്തോലിക്കർ വസിക്കുന്നത്. ഇവരിൽ ബഹുഭൂരിപക്ഷവും അധിവസിക്കുന്നത് തീരപ്രദേശത്താണ്. എന്നാൽ കേരളത്തിലെ 14 റവന്യൂ ജില്ലകളിലും ഇടനാട്ടിലും മലയോരങ്ങളിലും ഈ ജനവിഭാഗത്തിന് സാന്നിധ്യമുണ്ട്. കേരളത്തിലെ പരിവർത്തിത ക്രിസ്ത്യാനികൾ ഒഴികെ ഏത് ക്രൈസ്തവ വിഭാഗങ്ങളെ അപേക്ഷിച്ചും ഏറ്റവും കൂടുതൽ അവശത അനുഭവിക്കുന്ന വിഭാഗം ആണ് ലത്തീൻ കത്തോലിക്കർ.

2. കൊല്ലം രൂപത 14-ആം നൂറ്റാണ്ടിൽ തന്നെ സ്ഥാപിക്കപ്പെട്ടു. അതിനു ശേഷം വിവിധ കാലഘട്ടങ്ങളിലായി കേരളത്തിന്റെ തീരപ്രദേശങ്ങൾ കേന്ദ്രീകരിച്ച് വിവിധ സ്ഥലങ്ങളിലേക്ക് “ലത്തീൻ” ജനത വ്യാപിക്കുകയും ചെയ്തു. പരമ്പരാഗതമായി ഈ സമൂഹത്തിലെ ഭൂരിഭാഗം പേരും മത്സ്യബന്ധനവുമായി ബന്ധപ്പെട്ട ജോലി ചെയ്തിരുന്നവരാണ്. കഴിഞ്ഞ നൂറ്റാണ്ടോടുകൂടി മലയോര

പ്രദേശങ്ങളിലേക്കും മറ്റ തൊഴിൽ മേഖലകളിലേക്കും ഇവർ കടന്നു ചെന്നിട്ടുണ്ട്. എന്നിരുന്നാലും സാമ്പത്തികമായും വിദ്യാഭ്യാസ പരമായും സാമൂഹ്യമായും വലിയ പിന്നോക്കാവസ്ഥ അനുഭവിക്കുന്ന ഒരു സമൂഹമാണ് ലത്തീൻ സമുദായം എന്നുള്ളത് തർക്കമറ്റ സംഗതിയാണ്. കണ്ണൂർ, വിജയപുരം, പുനലൂർ മുതലായ രൂപതകളിൽ ലത്തീൻ സമുദായ അംഗങ്ങളിൽ ഒരു വലിയ അളവു വരെ പരിവർത്തിത ക്രൈസ്തവരും ഉൾപ്പെടുന്നുണ്ട്. തെക്കൻ തിരുവിതാംകൂറിൽ ലത്തീൻ സമുദായത്തിൽ വേറൊരു പിന്നോക്ക വിഭാഗമായ നാടാർ സമുദായത്തിലെ ഒരു വിഭാഗവും ഉൾപ്പെടുന്നു.

3. "ലത്തീൻ" എന്ന പദം ഒരു പ്രത്യേക പരാമർശം അർഹിക്കുന്നു. ലത്തീൻ ഒരു ആരാധനാ ഭാഷയാണ്. അത് ഒരു പരമ്പരാഗത ജാതിയെ സൂചിപ്പിക്കുന്ന പദമല്ല. എന്നാൽ, അതേസമയം പരമ്പരാഗതമായി പിന്നോക്കം നിന്നിരുന്ന മത്സ്യബന്ധനം തൊഴിലാക്കിയ സമൂഹങ്ങൾ, നാടാർ വിഭാഗങ്ങൾ, എസ്.സി., എസ്.ടി വിഭാഗങ്ങൾ എന്നിവരും ആംഗ്ലോ-ഫ്രഞ്ച്-പോർച്ചുഗീസ് പാരമ്പര്യം ഉള്ളവരും ധാരാളമായി ലത്തീൻ സമൂഹത്തിൽ ഉൾപ്പെടുന്നതു കൊണ്ട് ലത്തീൻ എന്നത് ഒരു ഭാഷാ നാമമാണെങ്കിലും ഒരു പിന്നോക്ക സമുദായ വിഭാഗ നാമമായും പരിഗണിച്ചുവരുന്നു. പല സർക്കാർ ആനുകൂല്യങ്ങളും പരിഗണനകളും ദീർഘകാലമായി ഈ പേരിൽ തന്നെ ഈ സമൂഹ

അംഗങ്ങൾക്ക് ലഭിച്ച വരുന്നുണ്ട്. അതുകൊണ്ട് ലത്തീൻ സമൂഹത്തെ അവർ ദീർഘകാലമായി ഏതു പേരിൽ അറിയപ്പെട്ടിരുന്നുവോ ആ പേരിൽ തന്നെ തുടർന്നും അടയാളപ്പെടുത്തുന്നതായിരിക്കും പ്രായോഗികം എന്ന് തോന്നുന്നു.

4. **പിന്നോക്കവിഭാഗമായ ലത്തീൻ കത്തോലിക്കാ ന്യൂനപക്ഷം;** പിന്നോക്കാവസ്ഥയും വേർതിരിവും സാമ്പത്തിക ബുദ്ധിമുട്ടും തുടർച്ചയായി അനുഭവിക്കുന്ന ഒരു സമൂഹമാണ് ലത്തീൻ സമുദായം. പൊതുവേ പറഞ്ഞാൽ കേരള ക്രൈസ്തവ സഭയിലെ പരിവർത്തിത ക്രൈസ്തവർ ഒഴികെയുള്ള സിറിയൻ പാരമ്പര്യത്തിലുള്ള ക്രൈസ്തവ സഭകളുമായി താരതമ്യം ചെയ്യുമ്പോൾ ലത്തീൻ സമൂഹത്തിന്റെ പിന്നോക്കാവസ്ഥ എല്ലാ മേഖലകളിലും വളരെ പ്രകടമാണ്. മത്സ്യത്തൊഴിലാളികൾ, ദളിത് ക്രൈസ്തവർ, ആംഗ്ലോ ഇൻഡ്യൻസ്, തോട്ടം തൊഴിലാളികൾ, വീട്ടുജോലിക്കാർ തുടങ്ങി പലവിഭാഗങ്ങളും ഇതിൽ ഉൾപ്പെടുന്നു.

5. സ്വാതന്ത്ര്യപ്രാപ്തിക്കു മുമ്പ് തന്നെ തിരുവിതാംകൂറിലും കൊച്ചിയിലും ലത്തീൻ കത്തോലിക്കരെയും ദളിത് ക്രൈസ്തവരേയും ക്രിസ്ത്യൻ ന്യൂനപക്ഷത്തിലെ പിന്നോക്ക വിഭാഗമായിട്ടാണു കണക്കാക്കി വരുന്നത്.

**6.** മൂന്ന രീതികളിലുള്ള പരിഗണനകൾക്ക് വ്യക്തികൾ എന്ന നിലയ്ക്ക് അർഹരാകുന്നവർ പലപ്പോഴും ലത്തീൻ സമൂഹത്തിൽ ഉണ്ട്.

(a) മതപരമായി ഒരു ന്യൂനപക്ഷം എന്ന നിലയിൽ ന്യൂനപക്ഷങ്ങൾക്ക് പൊതുവായി ലഭിക്കേണ്ട ആനുകൂല്യങ്ങളും പരിഗണനകളും.

(b) പരമ്പരാഗതമായി പിന്നോക്കം നിൽക്കുന്ന ഒരു സമൂഹം "OBC" എന്നുള്ള നിലയിൽ സമുദായ അംഗങ്ങൾക്കു ലഭിക്കേണ്ട പ്രത്യേക ആനുകൂല്യങ്ങളും പരിഗണനകളും.

(c) സമുദായ അംഗങ്ങളിൽ ആരെങ്കിലും എസ്.സി., എസ്.ടി. വിഭാഗങ്ങളിൽ നിന്ന് പരിവർത്തനം ചെയ്യപ്പെട്ടവരോ മത്സ്യബന്ധനം തൊഴിലാക്കിയ ജാതികളിൽ നിന്ന് പരിവർത്തനം ചെയ്യപ്പെട്ടവരോ ആണെങ്കിൽ അവരുടെ പൂർവ്വജാതിയുമായി ബന്ധപ്പെട്ട പ്രത്യേക ആനുകൂല്യങ്ങളും പ്രത്യേക പരിഗണനകളും.

ഈ മൂന്ന രീതികളിലുമുള്ള പരിഗണനകൾ ഒരേ സമയം ഏതെങ്കിലും ലത്തീൻ സമൂഹ അംഗത്തിന് നൽകേണ്ട സാഹചര്യം ഉണ്ടാവുമ്പോൾ, ആയത് ഒരേ സംഗതിക്കുള്ള multiple ആനുകൂല്യമായി പരിഗണിക്കപ്പെടുവാൻ സാധ്യതയുണ്ടെങ്കിൽ അവ തമ്മിൽ താരതമ്യം ചെയ്ത് ആയതിലെ ഏറ്റവും മെച്ചപ്പെട്ട സൗകര്യം

തിരഞ്ഞെടുക്കുവാൻ സമുദായ അംഗത്തിനു തന്നെ അധികാരം ഉണ്ടായിരിക്കണം എന്ന് ശുപാർശ ചെയ്യുന്നു.

7. സ്കോളർഷിപ്പുകൾ, ഇതര വിദ്യാഭ്യാസ സഹായങ്ങൾ, മറ്റു വികസന പദ്ധതികൾ എന്നിവ കേരളത്തിലെ മുഴുവൻ ക്രൈസ്തവ ന്യൂനപക്ഷങ്ങളെയും ഒറ്റ വിഭാഗമായി പരിഗണിച്ചു പൊതുവായി വിതരണം ചെയ്താൽ അത് പിന്നോക്ക ക്രൈസ്തവർക്കു ആനുപാതികമായി പൂർണ്ണമായി ലഭിച്ചെന്നു വരില്ല. മറ്റ് ക്രൈസ്തവ വിഭാഗങ്ങളുമായി തുല്യമായി മത്സരിക്കാനുള്ള സാമ്പത്തിക പശ്ചാത്തലശേഷി പിന്നോക്ക ക്രൈസ്തവർക്കില്ല.

8. എന്നാൽ അതിനു പരിഹാരമായി ന്യൂനപക്ഷങ്ങൾക്കിടയിൽ ഒരു പിന്നോക്ക ന്യൂനപക്ഷം എന്ന വിവക്ഷ ന്യൂനപക്ഷാനുകൂല്യങ്ങളുടെ വിതരണത്തിൽ നടപ്പിൽ വരുത്തുന്നത് ബഹു. സുപ്രീം കോടതി പുറപ്പെടുവിച്ചിട്ടുള്ള വിധിന്യായങ്ങൾ പ്രകാരം നില നിൽക്കുകയില്ല എന്നു മനസ്സിലാക്കുന്നു. മതാടിസ്ഥാനത്തിൽ ന്യൂനപക്ഷങ്ങളെ കാണുമ്പോൾ അതിനുള്ളിൽ ഉള്ള വേറൊരു ന്യൂനപക്ഷ സമൂഹത്തിനു മാത്രമായി ഒരു പ്രത്യേക തരം തിരിവ് സാദ്ധ്യമല്ല എന്നാണ് ഇപ്പോഴത്തെ നിയമ വിവക്ഷ.

9. അതേ സമയം ലത്തീൻ കത്തോലിക്കർക്ക് ഒ.ബി.സി. പരിഗണന മൂലം ലഭിക്കേണ്ട ആനുകൂല്യങ്ങളിൽ ഒരു പങ്ക് ജനസംഖ്യാനുപാതികമായി അവർക്ക് ലഭിക്കേണ്ടതാണ്.

അതുപോലെ തന്നെ തീരദേശത്ത് അധിവസിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് ഇവിടെ ശുപാർശ ചെയ്യുന്ന പല ആനുകൂല്യങ്ങളും ലത്തീൻ സഭാംഗങ്ങളായ മത്സ്യ ത്തൊഴിലാളികൾക്ക് പ്രത്യേകമായി ലഭിക്കുന്നവയാണ്. അതേ പോലെതന്നെ സംവരണേതര സമൂഹങ്ങൾക്ക് ലഭിക്കുന്ന ചില ആനുകൂല്യങ്ങളിൽ വരുമാന പരിധി നിശ്ചയിക്കപ്പെട്ടിരിക്കുന്നതു കൊണ്ട് ലത്തീൻ സമുദായ അംഗങ്ങൾക്ക് തികച്ചും open competition-ൽ കൂടെ ലഭിക്കാവുന്ന ആനുകൂല്യങ്ങളെക്കാൾ കൂടുതൽ ആനുകൂല്യങ്ങൾ ലഭിക്കുകയും ചെയ്യും.

**10.** നഴ്സിങ് കോളേജുകളിൽ കമ്മ്യൂണിറ്റി ക്വോട്ടയിൽ മുഴുവൻ ക്രിസ്ത്യാനികളേയും ഒറ്റ ജനവിഭാഗമായി കണക്കാക്കിയാണ് പ്രവേശനം നൽകി വരുന്നത്. ലത്തീൻ കത്തോലിക്കാ മാനേജ്മെന്റിലുള്ള നാല് നഴ്സിങ് കോളേജുകളിൽ കമ്മ്യൂണിറ്റി ക്വോട്ട എല്ലാ വിഭാഗങ്ങൾക്കുമായി മാറ്റിയതിന്റെ ഫലമായി 60% സീറ്റുകളാണ് ലത്തീൻ കത്തോലിക്കാ വിദ്യാർത്ഥികൾക്ക് ലഭിച്ചിരുന്നത്. അടുത്തവർഷം 14% ആയും 2020-21 വർഷത്തിൽ 11% ആയും കുറഞ്ഞു. പല കാരണങ്ങളാലും മറ്റ് ക്രൈസ്തവരോട് മത്സരിക്കാനുള്ള കരുത്ത് പിന്നോക്ക ക്രൈസ്തവർക്കു നേടാനായിട്ടില്ല. തുല്യരല്ലാത്തവരെ കണക്കാക്കിയതു മൂലം തുല്യരല്ലാതെ പിന്നിൽ നിൽക്കുന്നവർക്കുണ്ടാകുന്ന

ഉദാഹരണമാണ് ലത്തീൻ കത്തോലിക്കർക്ക് നഴ്സിംഗ് കോളേജുകളുമായി ബന്ധപ്പെട്ടുണ്ടായ നീതി നിഷേധം എന്ന പരാതി.

11. ഈ കാര്യം വളരെ ഗൗരവപൂർണ്ണമായ പരിഗണന അർഹിക്കുന്നു. ഇത് പരിഹരിക്കുന്നതിന് ഇപ്പോഴത്തെ കമ്മ്യൂണിറ്റി ക്വോട്ട എന്നു വിളിക്കുന്ന ക്വോട്ട ശതമാനം പകുതി ആയി കുറയ്ക്കുകയും മറ്റേ പകുതി സ്ഥാപനം നടത്തുന്ന സഭയുടെ മാനേജ്മെന്റ് ക്വോട്ട ആയി പരിഗണിക്കുകയും ആയതിൽ മാനേജിംഗ് സഭയുടെ അംഗങ്ങൾക്ക് മെറിറ്റ് അടിസ്ഥാനത്തിൽ പ്രവേശനം നൽകുകയുമാണ് ഉത്തമ പരിഹാരം എന്ന് കമ്മീഷൻ വിലയിരുത്തുന്നു.

12. ലത്തീൻ കത്തോലിക്കർക്കും ആംഗ്ലോ ഇന്ത്യൻ വിഭാഗത്തിൽ പെട്ടവർക്കും നേരത്തെ ഉണ്ടായിരുന്ന സംവരണം കുറവ് ചെയ്ത് രണ്ട് വിഭാഗത്തിലും ഉള്ളവർക്ക് ഒരുമിച്ചാണ് ഇപ്പോൾ സംവരണം കൊടുക്കുന്നത്. മൽസ്യത്തൊഴിലാളികളുടെ സ്ഥിതിയും വളരെ ദയനീയമാണ്. ആംഗ്ലോ ഇന്ത്യൻ വിഭാഗത്തിൽ പെട്ടവരുടെ സ്ഥിതി സാധാരണ മറ്റു ലത്തീൻ കത്തോലിക്കരുടേതു പോലെ തന്നെ വളരെ മോശമാണ്. പലരും നിത്യവൃത്തിക്ക് പോലും ബുദ്ധിമുട്ടുന്നവരാണ്. അതിനാൽ Tuition-നും മറ്റും

കൊടുത്ത് വിദ്യാഭ്യാസ നിലവാരത്തിൽ ഉയരുവാൻ അവർക്ക് ബുദ്ധിമുട്ടുണ്ട്.

**13.** ബിരുദ-ബിരുദാനന്തര കോഴ്സുകളിൽ ലത്തീൻ കത്തോലിക്കർക്കും ആംഗ്ലോ ഇൻഡ്യൻ വിഭാഗത്തിനുമുള്ള സംവരണം മൂന്ന് ശതമാനം ആയി ഉയർത്തണം. ഇപ്പോൾ ആംഗ്ലോ ഇൻഡ്യൻ വിഭാഗത്തിന് കോളേജ് പ്രവേശത്തിന് സംവരണം ഇല്ല. ലത്തീൻ കത്തോലിക്കാ വിഭാഗത്തിന് ഇപ്പോഴുള്ള ഒരു ശതമാനം സംവരണം കൊണ്ട് പാവപ്പെട്ടവരായ ലത്തീൻ കത്തോലിക്കർക്ക് കാര്യമായ പ്രയോജനം ലഭിക്കുന്നില്ല.

**14.** ലത്തീൻ കത്തോലിക്കർ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങൾ കേന്ദ്രീകരിച്ച് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ, തൊഴിലധിഷ്ഠിത വിദ്യാഭ്യാസ സൗകര്യങ്ങൾ, കമ്മ്യൂണിറ്റി കോളേജുകൾ, ഫിനിഷിങ് സ്കൂളുകൾ, കോച്ചിങ്/പരിശീലന കേന്ദ്രങ്ങൾ, കരിയർ, ഉന്നതവിദ്യാഭ്യാസ മാർഗ്ഗ നിർദ്ദേശം, അഭിരുചി നിർണ്ണയം എന്നിവ ലക്ഷ്യം വച്ചുള്ള പ്രത്യേക വിദ്യാർത്ഥി വികസന പരിപാടികൾ കൂടുതലായി ആരംഭിക്കണം. മൂന്ന് ശതമാനം സംവരണം എല്ലാ വിദ്യാഭ്യാസ പ്രവേശന തലങ്ങളിലും ലഭ്യമാക്കണം. ലത്തീൻ കത്തോലിക്കരുടെ ഒപ്പം മറ്റു **വിഭാഗങ്ങൾക്കു കൂടി** ഉൾപ്പെടുത്തിയിരിക്കുന്നത് മാറ്റി, അവ ലത്തീൻ കത്തോലിക്കർക്ക് (ആംഗ്ലോ ഇന്ത്യൻ ഉൾപ്പടെ) മാത്രമായി നിശ്ചയിക്കണം.

15. നിലവിൽ പന്ത്രണ്ടാം ക്ലാസു വരെ ലഭിച്ച വരുന്ന എല്ലാ വിദ്യാഭ്യാസ ആനുകൂല്യങ്ങളും ഉന്നത വിദ്യാഭ്യാസത്തിനും അനുവദിക്കണം. കമ്മ്യൂണിറ്റി ക്വോട്ടയിൽ പ്രവേശനം നേടുന്ന ലത്തീൻ വിദ്യാർത്ഥികൾക്ക് E-GRANT അനുവദിക്കണം. മെഡിസിന് പ്രവേശനം ലഭിക്കുന്ന ബി.പി.എൽ. വിഭാഗത്തിലുള്ള ലത്തീൻ കത്തോലിക്കരായ വിദ്യാർത്ഥികൾക്കു അപ്പോൾ തന്നെ സഹായം നൽകണം.

16. വിദ്യാഭ്യാസ ലോണുകൾ ലത്തീൻ കത്തോലിക്കാ സമുദായത്തിലെ കുട്ടികൾക്ക് ജനസംഖ്യാനുപാതികമായ രീതിയിൽ ഉറപ്പുവരുത്താൻ നടപടികളെടുക്കണം.

17. പിന്നോക്ക വിഭാഗ വികസന വകുപ്പിൽ നിന്നും വിതരണം ചെയ്യുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ലത്തീൻ കത്തോലിക്കർക്ക് ജനസംഖ്യാനുപാതികമായി അർഹതപ്പെട്ട ശതമാന നിരക്കിൽ നല്കണം. സ്കോളർഷിപ്പ് അർഹത വരുമാനപരിധി കാലാനുസൃതമായി ഉയർത്തി നിശ്ചയിക്കണം.

18. സർക്കാർ കോളേജുകളിൽ ലത്തീൻ സംവരണം ഒരു ശതമാനമാണ്. 30 സീറ്റുള്ള കോഴ്സുകളിൽ നാലു വർഷത്തിൽ ഒരിക്കൽ മാത്രം ഒരാൾക്ക് ലഭിച്ചേക്കാം. ഇത് ലത്തീൻ കത്തോലിക്കർക്കും ആംഗ്ലോ ഇന്ത്യൻ വിഭാഗത്തിൽപ്പെട്ട വർക്കുമായി മൊത്തം 3% ആയി ഉയർത്തേണ്ടതാണ്.

19. ന്യൂ എജ്യൂക്കേഷൻ പോളിസി (എൻ.ഇ.പി.) പ്രകാരം ഒരു കോളേജ് ഓട്ടോണമസ് കോളേജ് ആകണമെങ്കിൽ 3,000 കുട്ടികൾ വേണം. പക്ഷെ, പുതിയ കോഴ്സുകൾ അനുവദിക്കാത്ത കേരളാ യൂണിവേഴ്സിറ്റിയുടെ നടപടികൾ മൂലം എൻ.ഇ.പി. നടപ്പാക്കുമ്പോൾ പല കോളേജുകളും അടച്ചുപൂട്ടേണ്ടി വന്നേയ്ക്കും എന്ന പരാതി ഉയർന്നിട്ടുണ്ട്. കേരളത്തിലെ വിവിധ പ്രദേശങ്ങളിൽ വളരെ പ്രശസ്തമായ പല കോളേജുകളും ലത്തീൻ സഭ നടത്തിവരുന്നുണ്ട്. ഈ കോളേജുകളിൽ പലതിലും പുതിയ കോഴ്സുകൾ അനുവദിക്കുന്നതിന് ചിലപ്പോൾ സർവ്വകലാശാലകൾ സമ്മതം നൽകുന്നില്ല എന്നാണ് അറിയുന്നത്. കാലാകാലങ്ങളായി പ്രശസ്തമായ രീതിയിൽ നടത്തുന്ന സ്ഥാപനങ്ങളിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്നത് എല്ലാവർക്കും നല്ലതാണെന്നതിൽ തർക്കമില്ല. ഇക്കാര്യത്തിൽ ഒരു പൊതു ധാരണ സൃഷ്ടിക്കപ്പെടേണ്ടത് അത്യന്താപേക്ഷിതമാണ്. ചില സർവ്വകലാശാലകൾ ഇക്കാര്യത്തിൽ അനുകൂല നിലപാട് എടുക്കുമ്പോൾ മറ്റു പല സർവ്വകലാശാലകളും എതിർ നിലപാട് എടുക്കുന്നത് ഒഴിവാക്കപ്പെടാവുന്ന തെറ്റിദ്ധാരണകൾ സൃഷ്ടിക്കുന്നു.

20. സംവരണേതര സമുദായങ്ങളിലെ വിദ്യാർത്ഥികൾക്ക് അനുവദിക്കുന്ന സ്കോളർഷിപ്പ് തുക പിന്നോക്ക വിദ്യാർത്ഥികൾക്ക് അനുവദിക്കുന്ന തുകയേക്കാൾ കൂടുതലാണ്. ഇക്കാര്യം

പരിശോധിച്ച് സ്കോളർഷിപ്പ് തുകയിൽ തുല്യത ഉറപ്പുവരുത്തണം എന്നു ശുപാർശ ചെയ്യുന്നു.

21. ഡയറക്ട് പേയ്മെന്റ് കരാറിൽ സൂചിപ്പിച്ചിട്ടുള്ളതുപോലെ പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ട യോഗ്യരായ അപേക്ഷകരുടെ അഭാവത്തിൽ SCCC-ക്കോ പിന്നോക്ക ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവർക്കോ യോഗ്യതയുടെ അടിസ്ഥാനത്തിൽ കോളേജ് പ്രവേശനം സാധ്യമാക്കണം എന്ന് ശുപാർശ ചെയ്യുന്നു. ഇത് സാധ്യമാക്കുന്ന വ്യവസ്ഥ പണ്ട് ഉണ്ടായിരുന്നുവെന്നും പിന്നീടത് മാറ്റിയെന്നുമാണ് കമ്മീഷന്റെ മുമ്പാകെ പരാതി ഉയർന്നത്.

22. കമ്മ്യൂണിറ്റി ക്വോട്ടയിലെ സീറ്റുകളിൽ മെറിറ്റ് അടിസ്ഥാനമാക്കി പ്രവേശനം നേടുന്ന വിദ്യാർത്ഥികൾക്ക് ലഭിച്ചിരുന്ന ഇ-ഗ്രാന്റ് സ്കോളർഷിപ്പുകൾ നിഷേധിക്കപ്പെട്ടത് പുനഃസ്ഥാപിച്ചു നൽകണം എന്ന് ശുപാർശ ചെയ്യുന്നു.

23. സർക്കാരിന്റെ പിന്നോക്ക വികസന കോർപ്പറേഷനിൽ നിന്നും സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള വായ്പ തൊഴിൽ രഹിതരായ ലത്തീൻ യുവാക്കൾക്ക് വ്യക്തിഗത ജാമ്യത്തിൽ നൽകണം. നൈപുണ്യവികസനം, സ്റ്റാർട്ട്-അപ്പുകൾ, സ്വയം തൊഴിൽ പരിശീലനം, സംരംഭകത്വ വികാസ പരിപോഷണം എന്നിവയടങ്ങിയ സംരംഭകത്വ വികസനകേന്ദ്രങ്ങൾക്ക് (Skill

and Entrepreneurship Development Centre – SEDC) രൂപം കൊടുക്കേണ്ടത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സ്ത്രീകൾ, പ്രവാസികൾ എന്നിവരെ ഉൾക്കൊള്ളുന്ന രീതിയിലായിരിക്കണം.

**24.** ക്ലാസ് 1, 2 തസ്തികകളിൽ ഇപ്പോഴുള്ള ലത്തീൻ-ദലിത് കത്തോലിക്കാ സമുദായത്തിന്റെ പ്രാതിനിധ്യം എത്രയെന്ന് കണക്കാക്കുകയും നഷ്ടമായ അവസരങ്ങൾ പുന: സ്ഥാപിക്കുന്നതിന് നടപടിയെടുക്കുകയും ചെയ്യണം. ലത്തീൻ കത്തോലിക്കർക്കും ദലിത് ക്രൈസ്തവർക്കും ലഭിച്ചിട്ടുള്ള ഉദ്യോഗ പ്രാതിനിദ്ധ്യത്തെക്കുറിച്ചും നഷ്ടത്തെക്കുറിച്ചും പഠനം നടത്തുവാനായി ഒരു പുതിയ കമ്മീഷനെ നിയമിക്കണം.

**25.** ജസ്റ്റിസ് നരേന്ദ്രൻ കമ്മീഷന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ തൊഴിൽ നഷ്ടവും സംവരണ നഷ്ടവും സംഭവിച്ച ലത്തീൻ-ആംഗ്ലോ ഇന്ത്യൻ ഉദ്യോഗാർത്ഥികൾക്ക് വിവിധ തസ്തികകളിലേക്ക് സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. പിന്നോക്ക സമുദായങ്ങളിൽ നിന്നും ആവശ്യമായ ഉദ്യോഗാർത്ഥികൾ ലഭിക്കാതെ വരുന്നത് പരിഹരിക്കാനായി എൻ.സി.എ. നിയമനങ്ങൾ ഇപ്പോൾ നടക്കുന്നുവെങ്കിലും പല തസ്തികകളിലും അർഹമായ പ്രാതിനിധ്യം

ഇന്നും ഉണ്ടായിട്ടില്ല. ഇത് പരിഹരിക്കുന്നതിന് നടപടികൾ ഉണ്ടാകണം.

**26.** പി.എസ്.സി. നിയമനത്തിൽ 20 പോയിന്റ് റോസ്റ്റർ സിസ്റ്റമാണ് ഏർപ്പെടുത്തിയിരിക്കുന്നത്. മെറിറ്റിൽ പ്രവേശനം ലഭിക്കാൻ യോഗ്യതയുള്ള പലരും റിസർവേഷനിലേക്കു മാറ്റപ്പെടുന്നു.

**27.** കേരള സ്റ്റേറ്റ് ആൻഡ് സബോർഡിനേറ്റ് സർവ്വീസസ് റൂൾസിൽ ചട്ടം 14-ൽ ഉചിതമായ ഭേദഗതി വരുത്തി സംവരണ വിഭാഗങ്ങൾക്ക് നീതി ഉറപ്പാക്കണം. മെറിറ്റിൽ ഉദ്യോഗം ലഭിച്ചവരുടെയും സംവരണം വഴി ഉദ്യോഗം ലഭിച്ചവരുടെയും പ്രത്യേകമായ ലിസ്റ്റുകൾ തയ്യാറാക്കി സൂക്ഷിക്കണം

**28.** 2020-ലെ കണക്കനുസരിച്ച് സംസ്ഥാനത്ത് വിവിധ സഹകരണ സ്ഥാപനങ്ങളുടെ എണ്ണം 12,054 ആണ്. ഒരു ലക്ഷത്തിലധികം ജീവനക്കാർ പണിയെടുക്കുന്നതായി കണക്കാക്കുന്നു. അതിനാൽ പ്രാഥമിക സഹകരണ മേഖലയിൽ സർക്കാർ, അർദ്ധ-സർക്കാർ നിയന്ത്രണത്തിലുള്ള സഹകരണ സ്ഥാപനങ്ങളിൽ ഉദ്യോഗത്തിനു സംവരണം ലഭ്യമാക്കണം എന്ന ആവശ്യത്തോട് കമ്മീഷൻ യോജിക്കുന്നു.

**29.** 7-12-2001-ൽ ഐക്യരാഷ്ട്രസഭ "ഡിസംബർ 12" ന്യൂനപക്ഷ അവകാശ ദിനമായി പ്രഖ്യാപിക്കുകയും ആഘോഷിക്കുകയും

ചെയ്യാൻ ആവശ്യപ്പെട്ട പശ്ചാത്തലത്തിൽ ന്യൂനപക്ഷങ്ങൾക്ക് അർഹമായ എല്ലാ ആനുകൂല്യങ്ങളെക്കുറിച്ചും ബോധവൽക്കരണ ക്ലാസുകൾ, സെമിനാറുകൾ, ഹാൻഡ്ബുക്ക് വിതരണം എന്നിവയ്ക്കായി ഓരോ പഞ്ചായത്തുകൾക്കും കുറഞ്ഞപക്ഷം 10,000 രൂപയെങ്കിലും അനുവദിച്ച് ഇത്തരം പരിപാടികൾ എല്ലാ വാർഡുകളിലും നടത്തുവാനുള്ള നടപടികൾ സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടാകണം.

**30.** കേരളത്തിലെ ആംഗ്ലോ-ഇന്ത്യൻ വിഭാഗക്കാരുടെ സാമൂഹിക-സാമ്പത്തിക സാഹചര്യങ്ങളെ (പാർപ്പിട പ്രശ്നങ്ങൾ, തൊഴിലില്ലായ്മ, വിദ്യാഭ്യാസപരവും സാമ്പത്തികവുമായ പിന്നോക്കാവസ്ഥ തുടങ്ങിയവ) കുറിച്ച് പഠിക്കാൻ ഒരു സർക്കാർ ഏജൻസിയെ നിയോഗിക്കുക.

**31.** പാവപ്പെട്ട ആംഗ്ലോ-ഇന്ത്യൻ കുടുംബങ്ങൾക്ക് ഭവന പദ്ധതിയും പലിശ രഹിത ഭവന വായ്പയും അനുവദിക്കണം. ജസ്റ്റിസ് നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് അനുസരിച്ച് സർക്കാർ ഉദ്യോഗങ്ങളിലെ നഷ്ടം നികത്താൻ ആംഗ്ലോ-ഇന്ത്യൻ വിഭാഗക്കാർക്ക് പ്രത്യേക റിക്രൂട്ട്മെന്റ് നടത്തണം. **ലൈഫ് മിഷൻ പദ്ധതിയിൽ അർഹമായ പരിഗണന അവർക്കും നൽകേണ്ടതാണ്.**

**ഒരു സ്ഥാപനത്തിനോ പ്രദേശത്തിനോ മാത്രം ബാധകമായ ആവശ്യങ്ങൾ**

32. ചേർത്തല സെന്റ് മൈക്കിൾ കോളേജും ആലപ്പുഴ സെന്റ് ജോസഫ് കോളേജ് ഫോർ വിമനും ഓട്ടോണമസ് സ്റ്റാറ്റസിലേയ്ക്ക് ഉയർത്താനാവശ്യമായ കോഴ്സുകൾ അനുവദിക്കുക.

33. പത്തനാപുരം സെന്റ് ബ്രോക്കർഡ്സ് എൽ.പി.എസ്സ്., സി.എ.എം.എച്ച്.എസ്സ്. എന്നീ സ്കൂളുകൾ ഒരേ ക്യാപസ്സിലാണ് പ്രവർത്തിക്കുന്നത്. ഇതിൽ സി.എ.എം.എച്ച്.എസ്സ്. തുടർച്ചയായി നൂറുശതമാനം വിജയം ഉറപ്പാക്കുന്ന സ്കൂളാണ്. അവിടെ അപ്പർ പ്രൈമറി സെക്ഷൻ ഇല്ലാത്തതുകൊണ്ട് തന്നെ സെക്കന്ററി വിഭാഗത്തിലേക്ക് കുട്ടികളില്ലാത്ത അവസ്ഥ സംജാതമാകുന്നു. അടിയന്തിരമായി ഈ കുറവ് പരിഹരിക്കുവാനായി അപ്പർ പ്രൈമറി വിഭാഗം അനുവദിക്കുക.

34. പള്ളിത്തോട് സെന്റ് സെബാസ്റ്റ്യൻസ് ഹൈസ്കൂൾ, വട്ടയാർ സെന്റ് മേരീസ് ഹൈസ്കൂൾ എന്നിവ ഹയർ സെക്കന്ററികളായി ഉയർത്തുക.

35. അഴീക്കൽ ബി.ബി.എം.എൽ.പി. സ്കൂളിനെ ഹൈസ്കൂളായി ഉയർത്തുക.

36. കൊല്ലം കർമ്മലറാണി ട്രെയിനിങ് കോളേജിലെ എം.എഡ്. കോഴ്സ് അൺ-എയ്ഡഡ് വിഭാഗത്തിലേക്ക മാറ്റിയതിലെ പ്രത്യക്ഷമായ വിവേചനം എടുത്തു മാറ്റി എയ്ഡഡ് പദവി പുനഃസ്ഥാപിക്കുക.

37. പുനലൂർ രൂപതയുടെ സ്കൂളുകളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനാവശ്യമായ സർക്കാർ ഫണ്ടുകൾ അനുവദിക്കുക. എയ്ഡഡ് ലോവർ പ്രൈമറി സ്കൂളുകളെ അപ്പർ പ്രൈമറി സ്കൂളുകളായി ഉയർത്തുക. ചെറിയനാട് എസ്.വി.എച്ച്.എസ്സിൽ വൊക്കേഷണൽ ഹയർ സെക്കന്ററി കോഴ്സ് അനുവദിക്കുക.

38. പുനലൂർ വെള്ളിമല (ഇടമൺ) കേന്ദ്രീകരിച്ച് അപേക്ഷ സമർപ്പിച്ച, കേരളാ യൂണിവേഴ്സിറ്റി സിൻഡിക്കേറ്റിന്റെ പരിഗണനയിലുള്ള, ബിഷപ്പ് മത്തിയാസ് മെമ്മോറിയൽ ആർട്ട്സ് ആൻഡ് സയൻസ് എന്ന സ്ഥാപനത്തിന് അനുമതി നൽകുക.

39. പുനലൂർ രൂപതയുടെ സോഷ്യൽ സർവ്വീസ് സൊസൈറ്റിക്ക് (പി.എസ്സ്.എസ്സ്.എസ്സ്) കീഴിലുള്ള മുന്നൂറോളം സ്വയം സഹായ സംഘങ്ങൾ വഴി പുതിയ സമ്പാദ്യവർദ്ധന പദ്ധതികൾ (IGP – Income Generation Programs) നടപ്പിലാക്കാനുള്ള ഫണ്ട് അനുവദിക്കുക. സംഘടനയുടെ കീഴിൽ പ്രവർത്തിക്കുന്ന ലിലിയാൻ സ്പെഷ്യൽ സ്കൂളിന് സാമൂഹ്യ നീതി

വകുപ്പിൽ നിന്നും 20-6-2021-ന് രജിസ്ട്രേഷൻ ലഭിച്ചിട്ടുള്ളതാണ്. പ്രസ്തുത സ്കൂളിന് നാളിതു വരെ യാതൊരു വിധ ഗ്രാന്റും ലഭിച്ചിട്ടുള്ളതല്ല.

**40.** കേരളത്തിലെ തമിഴ് മാതൃഭാഷയായ ലത്തീൻ കത്തോലിക്കാ തോട്ടം തൊഴിലാളികൾക്കും കാർഷിക തൊഴിലാളികൾക്കും പട്ടികജാതി വിഭാഗത്തിന് നല്കുന്ന ആനുകൂല്യങ്ങളും പട്ടികജാതി വിഭാഗം എന്ന പരിഗണനയും നൽകുവാനുള്ള നടപടിയെടുക്കുക.

**41.** അർത്തുങ്കൽ ഗവ: ഫിഷറീസ് സ്കൂൾ പരിതാപകരമായ അവസ്ഥയിലാണ്. അർത്തുങ്കൽ ഗവ: ഫിഷറീസ് സ്കൂളിനെ KUFOS, CMFRI തുടങ്ങിയ സ്ഥാപനങ്ങളിലേക്കുള്ള ഒരു ഫീഡിംഗ് സെന്ററായി ഉയർത്തുക.

**42.** പുനലൂർ രൂപതയുടെ കിഴക്കൻ മേഖലയിലുള്ളവരുടെ വികസനം ലക്ഷ്യം വച്ച കൊണ്ട് പ്രവർത്തിക്കുന്ന ഇടമൺ സോഷ്യൽ സർവ്വീസ് സൊസൈറ്റി (ഇ.എസ്സ്.എസ്സ്.എസ്സ്.) വഴി തൊഴിൽ നൈപുണ്യ വികസന പരിശീലനത്തിന് ഗവൺമെന്റ് സഹായം അനുവദിക്കുക.

**43.** പിന്നോക്ക പ്രദേശങ്ങളിൽ സ്ഥിതി ചെയ്യുന്ന ആംഗ്ലോ-ഇന്ത്യൻ സമുദായത്തിന്റെ ഉടമസ്ഥതയിലുള്ള സ്കൂളുകളുടെ അപ്ഗ്രഡേഷൻ:

a. Our Lady Snow Anglo-Indian LPS Kunjithai - to U.P. School
b. E.P. School, Elamkunnappuzha - to U.P. School
c. Cruz Milagras Anglo-Indian L.P.S., Ochanthuruth - to U.P. School
d. Luiz A.I.U.P. School, Kadukutty, Trichur district - to High School
e. Loreto Anglo-Indian High School, Saude, Cochin - to Higher.Secondary

**44.** ആംഗ്ലോ-ഇന്ത്യൻ സമുദായത്തിന്റെ ഉടമസ്ഥതയിലുള്ള, അതേ രീതിയിലുള്ള ഒരേയൊരു സ്കൂളായ പെരുമാനൂർ സി.സി.പി.എൽ.എം. ആംഗ്ലോ ഇന്ത്യൻ ഹയർ സെക്കന്ററി സ്കൂളിൽ ബയോ മാത്സ് പോലെയുള്ള കോഴ്സുകൾ കൂടി അനുവദിക്കുക.

**45.** ചവറ കെ.എം.എം.എൽ. കമ്പനിക്ക് വേണ്ടി ഭൂമി വിട്ടു നൽകിയ കോവിൽത്തോട്ടം നിവാസികൾക്ക് തൊഴിൽ-പുനരധിവാസ പദ്ധതി നടപ്പാക്കണം. പുനരധിവാസത്തിനുള്ള ഭൂമി ലഭിക്കേണ്ടിയിരുന്ന തീയതി 21-10-2015 ആയിരുന്നെങ്കിലും നാളിതു വരെ ഭൂമി നൽകിയില്ല. പുനരധിവാസത്തിനുള്ള ഭൂമിയും പി.ഡബ്ല്യൂ.ഡി. നിരക്ക് വ്യത്യാസത്തിന്റെ അടിസ്ഥാനത്തിൽ ലഭിക്കാനുള്ള അധികത്തുകയും അനുവദിക്കണം. വീട്ടുവാടക പ്രതിമാസം 2,008 രൂപ എന്നത് 5,000 രൂപയായി വർദ്ധിപ്പിക്കുകയും അതു പ്രകാരം മുഴുവൻ കുടിശികയും വിതരണം ചെയ്യുക. കുടിയൊഴിപ്പിക്കപ്പെട്ടവർക്ക് മൈനിംഗ് സൈറ്റിൽ കരാർ ജോലി മാത്രമാണ് ലഭിച്ചത്. ഏഴു വർഷക്കാലമായി അതും നിഷേധിക്കപ്പെട്ടിരിക്കുന്നു. തൊഴിലാളികൾക്ക് സ്ഥിരവരുമാനമുള്ള

തൊഴിൽ നൽകണം. സെമിത്തേരിയും കടലും തമ്മിൽ വേർതിരിക്കുന്നത് 5 മീറ്റർ വീതിയിലുള്ള ഒരു ചെറിയ മൺതിട്ട മാത്രമാണ്. തീരത്തിന്റെയും ദേവാലയത്തിന്റെയും അനുബന്ധ സ്ഥാപനങ്ങളുടെയും സംരക്ഷണത്തിനായി പുലിമുട്ടോടുകൂടിയ കടൽഭിത്തി നിർമ്മാണം നടത്തണം. കോവിൽത്തോട്ടം പാലം ഏതു നിമിഷവും തകരാവുന്ന അവസ്ഥയിലാണ്. ദേശീയ ജലപാതാ അതോറിറ്റിയും കെ.എം.എം.എൽ. കമ്പനിയും തുല്യ പങ്കാളിത്തത്തോടെ നടപ്പാക്കുന്ന പുതിയ പാലം നിർമ്മാണത്തിന്റെ ചുമതല ഹാർബർ എഞ്ചിനിയറിംഗ് വകുപ്പിനാണ്. പാലത്തിന്റ നിർമ്മാണം എത്രയും വേഗം ആരംഭിക്കണം. പാലം നിർമ്മിക്കുന്നതിനായി എൽ.പി. സ്കൂൾ മാറ്റി സ്ഥാപിക്കുമ്പോൾ പുതിയ സ്കൂളിനായി കമ്പനി കോവിൽത്തോട്ടത്ത് സ്ഥലം അനുവദിക്കാമെന്നും ഫിഷറീസ് വകുപ്പ് കെട്ടിടം നിർമ്മിച്ചു തരാമെന്നും ധാരണയായിരുന്നു. തടസ്സങ്ങൾ പരിഹരിച്ച് പുതിയ സ്കൂളിന് സ്ഥലവും കെട്ടിടവും അനുവദിക്കുന്നതിനുള്ള നടപടി ഉണ്ടാകണം.

**46.** കേരള സ്കൂൾ കലോത്സവ മാനുവൽ അധ്യായം - 4, കാറ്റഗറി III പ്രകാരം പൊതു ഇനങ്ങളിൽ തമിഴ് ന്യൂനപക്ഷവിദ്യാർത്ഥികൾക്ക് ആറു വ്യക്തിഗത ഇനങ്ങളിൽ മാത്രമേ മത്സരിക്കാൻ സാധിക്കുകയുള്ളൂ. മാനുവലിലെ അദ്ധ്യായം

7-ൽ അറബിക് സാഹിത്യോത്സവത്തിൽ അറബിക് പഠിക്കുന്ന കുട്ടികൾക്ക് മാത്രമായി 19 ഇനങ്ങളിലായി 35-ൽ കൂടുതൽ കുട്ടികൾക്ക് പങ്കെടുക്കാൻ സാധിക്കും. എന്നാൽ തമിഴ് കലോത്സവം ഇതുവരെ സംസ്ഥാന തലം വരെ പങ്കെടുക്കാൻ അനുമതി ലഭിച്ചിട്ടില്ല. ജില്ലാ തലത്തോടുകൂടി അവരുടെ മത്സരം അവസാനിക്കുന്നു. ആയതിനാൽ തമിഴ് ലത്തീൻ കത്തോലിക്ക വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് സംസ്ഥാന തലത്തിൽ മത്സരങ്ങളിൽ പങ്കെടുക്കുവാനോ ഗ്രേസ് മാർക്ക് നേടുവാനോ സാധിക്കുന്നില്ല. Linguistic Minority ഭാഷയായി സർക്കാർ അംഗീകരിച്ച തമിഴ് കലോത്സവം ജില്ലാ തലത്തിൽ നിർത്തിവയ്ക്കുന്നത് ഒഴിവാക്കി അറബിക് കലോത്സവം നടത്തുന്നതുപോലെ തമിഴ് കലോത്സവത്തെയും സംസ്ഥാനതലം വരെ നടത്തുവാനുള്ള നടപടി സ്വീകരിക്കണം.

**47.** തമിഴ് ന്യൂനപക്ഷ മേഖലകളിൽ തമിഴ് ഭാഷ അറിയാവുന്ന ഉദ്യോഗസ്ഥരെ നിയമിക്കണം. നിയമാവലികളും അപേക്ഷാ ഫോറങ്ങളും തമിഴിൽ ലഭ്യമാക്കണം.

**48.** പാലക്കാട് ജില്ലയിലെ ചിറ്റൂർ താലൂക്കിൽ ഉൾപ്പെട്ട കിഴക്കൻ മേഖലയിൽ വസിക്കുന്ന ലത്തീൻ കത്തോലിക്കാ സമുദായത്തിൽപ്പെട്ടവരുടെ പ്രധാന തൊഴിലും വരുമാനവും ഔഷധ സസ്യങ്ങൾ ശേഖരിച്ച് വിൽക്കുന്നതാണ്. അതു

കൊണ്ടുതന്നെ ഇവർ ഇടനിലക്കാരെ ആശ്രയിക്കുകയും ചൂഷണത്തിന് വിധേയരാവുകയും ചെയ്യുന്നു. ആയതിനാൽ, ഇടനിലക്കാരെ ഒഴിവാക്കി സർക്കാർ നേരിട്ട് സ്വീകരിക്കാൻ തക്കവിധം (പാൽ, നെല്ല് സംഭരണം പോലെ) സഹകരണ സംഘങ്ങൾ രൂപീകരിക്കുക. പാലക്കാട് വടകരപ്പതിയിലെ ആർ.ബി.സി. പ്രൊജക്ടുമായി ബന്ധപ്പെട്ട കാര്യങ്ങൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക. അതുപോലെ സ്ഥലമേറ്റെടുപ്പ് സമയബന്ധിതമായി പൂർത്തീകരിക്കുകയും കുടിവെള്ളത്തിനും കൃഷിക്കുമുള്ള ജല ലഭ്യത ഉറപ്പുവരുത്തുകയും ചെയ്യുക.

**49.** ആദിവാസി മേഖലകളിലെ ക്രിസ്തീയ വിഭാഗത്തിലുള്ള ആളുകൾക്ക് വീട്, തൊഴിൽ എന്നിവ ഉറപ്പാക്കുക.

**50.** വിഴിഞ്ഞം ഹാർബർ പ്രൊജക്ടിനു വേണ്ടി കുടിയൊഴിക്കപ്പെട്ട മത്സ്യതൊഴിലാളി കുടുംബങ്ങൾക്ക് ഹാർബർ പ്രൊജക്ടിൽ തന്നെ ജോലി നൽകുകയും, അവരെ പുനരധിവസിപ്പിക്കാനായി തീരസമീപ പ്രദേശത്തുതന്നെ ഭവന സമുച്ചയങ്ങൾ സർക്കാർ ചെലവിൽ നിർമ്മിച്ച് നൽകുകയും ചെയ്യണം.

## അധ്യായം 4

## പരിവർത്തിത ക്രൈസ്തവർ

1. പത്തൊമ്പതാം നൂറ്റാണ്ടിലും ഇരുപതാം നൂറ്റാണ്ടിലും ഉണ്ടായ വിദ്യാഭ്യാസ മുന്നേറ്റത്തിന് പൊതുവേ ക്രൈസ്തവ സമുദായം മാർഗ്ഗദർശികളും പങ്കാളികളുമായിരുന്നതിനാൽ ആ സമൂഹത്തിലെ ഗണ്യമായ ഒരു വിഭാഗം ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യ ദശകങ്ങളിൽ സാമ്പത്തിക-സാമൂഹ്യ-വിദ്യാഭ്യാസ പുരോഗതി നേടിയിരുന്നു. അതിനാൽ പൊതുവേ അവരെല്ലാം മുന്നോക്ക സമുദായമായി പരിഗണിക്കപ്പെട്ടു. എന്നാൽ ഇവരിൽ പലരും പല കാലഘട്ടങ്ങളിലായി മറ്റു മതങ്ങളിൽ നിന്ന് ക്രൈസ്തവ വിശ്വാസം സ്വീകരിച്ചവരായതുകൊണ്ട് പലപ്പോഴും അതിനു മുമ്പുള്ള അവരുടെ സാമൂഹ്യ-സാമ്പത്തിക അവശതകൾക്ക് തുടർച്ചയായി അടിമപ്പെട്ടിരുന്നു എന്നുള്ളതാണ് വാസ്തവം. പലപ്പോഴും, ക്രിസ്തുമത വിശ്വാസി ആയതിനു ശേഷവും അവരുടെ പഴയ സാമൂഹ്യ അവശതകളിൽ നിന്ന് അവർക്ക് പ്രത്യേകമായ പരിഹാരം ഒന്നും കിട്ടിയിട്ടില്ല. അതുകൊണ്ടുതന്നെ അവരിൽ ഗണ്യമായ ഒരു വിഭാഗം കടുത്ത അവശതകളാണ് നേരിടുന്നത്. പല കാര്യങ്ങളിലും മുന്നോക്ക സമുദായങ്ങളുടെ ഭാഗമായി അവർ പരിഗണിക്കപ്പെട്ടു. എന്നാൽ അവരുടെ സ്ഥിതി ആപേക്ഷികമായി കൂടുതൽ ദയനീയമായി. ഇക്കാര്യത്തിൽ മത്സ്യത്തൊഴിലാളികളും

പട്ടികജാതി വിഭാഗങ്ങളിൽ നിന്ന് മതപരിവർത്തനം ചെയ്ത് ക്രിസ്ത്യാനികളായവരും സവിശേഷമായ പരിഗണന അർഹിക്കുന്നു. ഇതിലേറ്റവും പരിഗണന അർഹിക്കുന്നത് Scheduled Caste-ൽ നിന്നും ക്രിസ്തുമതത്തിലേക്ക് വളരെ നേരത്തേ മതപരിവർത്തനം (SCCC - Scheduled Caste Converts to Christianity) ചെയ്തവരാണ്. ഇവരുടെ ജാതി എസ്.സി.യിൽ ഉൾപ്പെട്ട ജാതിയാണെങ്കിലും അവർ ക്രിസ്ത്യാനികളായതുകൊണ്ട് പട്ടിക ജാതി വിഭാഗങ്ങൾക്കുള്ള സംവരണാനുകൂല്യങ്ങളോ ക്ഷേമ ആനുകൂല്യങ്ങളോ ലഭിക്കുന്നില്ല. മതത്തിന്റെ അടിസ്ഥാനത്തിലോ വിശ്വാസത്തിന്റെ അടിസ്ഥാനത്തിലോ യാതൊരു വിധമായ വിവേചനവും പാടില്ല എന്ന മൗലിക പ്രമാണത്തിന്റെ പരിപൂർണ്ണമായ നിഷേധമാണ് ഒരേ ജാതിയിൽപ്പെട്ട ഒരു കൂട്ടർക്ക് ആനുകൂല്യങ്ങൾ നല്കുന്നതും മറ്റേ കൂട്ടർക്ക് അവർ വേറൊരു മതവിശ്വാസികൾ ആയതുകൊണ്ടുമാത്രം ആനുകൂല്യങ്ങൾ നിഷേധിക്കുന്നതും. ഇപ്പോൾ ക്രിസ്ത്യാനിയായ ഒരാൾ വീണ്ടും മതം തിരിച്ചു മാറിയാൽ അയാൾക്ക് സംവരാണാനുകൂല്യങ്ങൾ ലഭിക്കുന്നതായിരിക്കും. അതിൽ നിന്നു തന്നെ അയാളുടെ ജാതി പൂർവികരുടെ ജാതി തന്നെയാണ് എന്ന കാര്യം അംഗീകരിക്കപ്പെടുന്നു. വസ്തുതാപരമായ ഈ സ്ഥിതിവിശേഷം തികച്ചും സാമാന്യ നീതിയുടെ നിഷേധമാണ്. അതുകൊണ്ട്

പട്ടികജാതി വിഭാഗത്തിൽ നിന്ന് പരിവർത്തിതരായവർക്ക് പട്ടികജാതികൾക്ക് നൽകപ്പെടുന്ന എല്ലാ സംവരണങ്ങളും നല്കേണ്ടതാണ് എന്നതാണ് നീതിയും ന്യായവും യുക്തിയും.

2. പിന്നോക്കാവസ്ഥ എന്നത് ഒരു ആപേക്ഷിക പ്രതിഭാസമാണ്. നമ്മുടെ കൂടെ ഉണ്ടായിരുന്നവർ മുന്നോട്ടു പോകുമ്പോൾ നാം പഴയ സ്ഥിതിയിൽ തുടർന്നാൽ പോലും നാം ദരിദ്രവൽക്കരിക്കപ്പെടുകയാണ്. മറ്റ് ആളുകൾ മെച്ചപ്പെട്ട വീടുകളും ജോലികളും വിദ്യാഭ്യാസ സൗകര്യങ്ങളും ജീവിത സൗകര്യങ്ങളും ഒക്കെ കൈവശപ്പെടുത്തുമ്പോൾ, രാജ്യത്തിന്റെ മൊത്ത സാമ്പത്തിക വളർച്ചക്ക് ആനുപാതികമായ വരുമാന വർദ്ധനവ് അവർക്ക് ലഭിക്കുമ്പോൾ, പഴയ ജീവിത സ്ഥിതിയിൽ തന്നെ ഒരു വിഭാഗം തുടരേണ്ടിവന്നാൽ അവർ അനുഭവിക്കേണ്ടിവരുന്നത് കടുത്ത വിവേചനവും ഘടനാപരമായ പീഡനവുമാണ്. ഈ രീതിയിലുള്ള വലിയ വിവേചനമാണ് ദളിത് ക്രിസ്ത്യാനികൾ നേരിടുന്നത്. അതു കൊണ്ടുതന്നെ Scheduled Caste എന്ന് ഭരണഘടന നിർവചിക്കുന്ന വിഭാഗങ്ങൾക്ക് ലഭിക്കുന്ന എല്ലാ ആനുകൂല്യങ്ങളും ഇവർക്കും ലഭിക്കേണ്ടതാണ്.

3. SCCC ക്രിസ്ത്യാനികളെ സംബന്ധിച്ചിടത്തോളം അവരുടെ സ്ഥിതി പരിവർത്തനത്തിനു മുമ്പുള്ള പട്ടികജാതിക്കാരുടേതിലും പരിതാപകരമാണ്. പരിവർത്തിത ക്രിസ്ത്യാനികൾക്കും

എസ്.ഐ.യു.സി.-ക്കും പ്രത്യേകം സംവരണം ഉണ്ടായിരുന്നത് ഇപ്പോൾ രണ്ട് വിഭാഗത്തിനും ഒരുമിച്ചാക്കി. ബാസൽ മിഷൻ മിഷനറിമാരുടെയും മറ്റും സഹായത്താൽ എസ്.ഐ.യു.സി. വിഭാഗത്തിൽപ്പെട്ടവർ കൂടുതൽ വിദ്യാഭ്യാസം നേടി എന്നും മറ്റുമാണ് പരിവർത്തിത ക്രിസ്ത്യാനികളുടെ ഒരു പരാതി. രണ്ട് വിഭാഗത്തിനും സംവരണം ഒരുമിച്ചാക്കിയതിനാൽ പരിവർത്തിത ക്രിസ്ത്യാനികളെ സംബന്ധിച്ചിടത്തോളം ന്യായമായ സംവരണം എന്നത് ഒരു മരീചിക മാത്രമാണ്. അതു കൂടാതെ രണ്ട് വിഭാഗത്തിനും ഒരുമിച്ചുള്ള സംവരണത്തിന്റെ തോത് വളരെ കുറവാണ്. അതിനാൽ പട്ടികജാതിയിൽ നിന്ന് പരിവർത്തനം ചെയ്ത ക്രിസ്ത്യാനികൾക്ക് പ്രത്യേകം സംവരണം കൊടുക്കുകയും നാടാർ വിഭാഗത്തിൽപ്പെട്ടവർക്ക് നേരത്തെ ഉണ്ടായിരുന്ന സംവരണം പ്രത്യേകമായി നിലനിർത്തുകയും വേണം.

4. SCCC ക്രിസ്ത്യാനികളുടെ ഏറ്റവും വലിയ ഒരു ആവശ്യം അവരുടെ ജനസംഖ്യ ലഭ്യമല്ല എന്നുള്ളതാണ്. മുൻ മന്ത്രി ശ്രീ. കെ.എം.മാണി നിയമസഭയിൽ പറഞ്ഞ കണക്ക് അനുസരിച്ച് അവർ ഇരുപത് ലക്ഷത്തോളം ഉണ്ട്. SCCC ക്രിസ്ത്യാനികളുടെ എല്ലാ സംഘടനകളും ആവശ്യപ്പെടുന്നത് അവർക്കു മാത്രമായി പ്രത്യേക കാനേഷുമാരി എടുക്കുകയും അവരുടെ ജനസംഖ്യ അനുസരിച്ച് സംവരണത്തോത് കൂട്ടുകയും വേണമെന്നാണ്.

അവരുടെ വിദ്യാഭ്യാസ പ്രശ്നങ്ങളും മറ്റു സാമ്പത്തിക-ക്ഷേമ പ്രശ്നങ്ങളും പഠിച്ച് അതാത് സമയങ്ങളിൽ പരിഹാരങ്ങൾ നിർദ്ദേശിക്കുവാനായി പിന്നോക്ക സമുദായ കമ്മീഷൻ പോലെ SCCC ക്രിസ്ത്യാനികൾക്കുവേണ്ടി ഒരു പ്രത്യേക കമ്മീഷനെ നിയമിക്കുകയും ആ കമ്മീഷന്റെ റിപ്പോർട്ട് അനുസരിച്ച് വിദ്യാഭ്യാസത്തിനും ജോലി സംവരണത്തിനും മറ്റു ക്ഷേമ പ്രവർത്തനത്തിനും സംവരണം നിശ്ചയിക്കേണ്ടതാണ്. ഈ ആവശ്യം ശരിയെന്ന് കണ്ടതിനാൽ കമ്മീഷൻ ഈ ആവശ്യം ശുപാർശ ചെയ്യുന്നു.

5. SCCC ക്രിസ്ത്യാനികളുടെ പരിവർത്തനത്തിനുശേഷവും വിദ്യാഭ്യാസത്തിനുൾപ്പെടെ പട്ടികജാതിക്കാർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ തുടർന്നും ലഭിക്കണമെന്നാണ് അവരുടെ മറ്റൊരു ആവശ്യം. ഉദാഹരണത്തിന് പുലയ ജാതിയിൽപ്പെട്ട ഒരാൾ ഹിന്ദു സമുദായത്തിൽ നിന്ന് ക്രിസ്ത്യാനിയായി മാറിയാലും അവരുടെ ജാതിയോ സാമൂഹ്യസ്ഥിതിയോ മാറുന്നില്ല. ഇന്ത്യയിലെ എല്ലാ പൗരന്മാർക്കും അവരുടെ മനസാക്ഷിക്ക് അനുസരിച്ച് വിശ്വാസവും മതവും സ്വീകരിക്കുവാനുള്ള അവകാശം ഉണ്ട്. മതം മാറിയാലും അവരുടെ ജാതി മാറുന്നില്ല. എന്നാൽ മതം മാറിയാൽ ആനുകൂല്യം നിഷേധിക്കപ്പെടുക എന്നതാണ് ഇപ്പോഴത്തെ സ്ഥിതി. ഇത്

ഭരണഘടനാവിരുദ്ധമാണ്. ഭരണഘടനയുടെ അനുച്ഛേദം 14, 15 ഇപ്രകാരം പറയുന്നു:

> "14. **നിയമത്തിനു മുൻപാകെ സമത്വം:-** രാഷ്ട്രം, ഭാരതത്തിന്റെ ഭൂപ്രദേശത്തിനകത്ത് യാതൊരാൾക്കും നിയമത്തിന്റെ മുൻപാകെ സമത്വമോ നിയമങ്ങളുടെ സമമായ സംരക്ഷണമോ നിഷേധിക്കുവാൻ പാടുള്ളതല്ല.
>
> 15. **മതമോ, വർഗ്ഗമോ, ജാതിയോ, ലിംഗമോ, ജനനസ്ഥലമോ കാരണമാക്കിയുള്ള വിവേചനത്തിന്റെ നിരോധനം:-** മതം, വർഗ്ഗം, ജാതി, ലിംഗം, ജനനസ്ഥലം അല്ലെങ്കിൽ, അവയിൽ ഏതെങ്കിലും മാത്രം കാരണമാക്കി രാഷ്ട്രം യാതൊരു പൗരനോടും വിവേചനം കാണിക്കുവാൻ പാടുള്ളതല്ല".

6. ഇപ്രകാരം പട്ടികജാതിക്കാർക്ക് ഏത് മതത്തിലായാലും തുല്യ നീതി ലഭിക്കണം. പട്ടികജാതിയിലും മറ്റു പിന്നോക്ക ജാതിയിലുമുള്ളവർ മതം മാറിയാലും അവർക്കുള്ള ആനുകൂല്യങ്ങൾ മതത്തിന്റെ പേരിലുള്ള വിവേചനം ഇല്ലാതെ തുടരണം എന്നാണ് അവരുടെ പ്രധാന ആവശ്യം. ഇത് വിദ്യാഭ്യാസ കാര്യങ്ങൾക്ക് മാത്രമല്ല, തൊഴിൽ, സാമ്പത്തിക, ക്ഷേമ കാര്യങ്ങളിലും ബാധകമാണ്. ഈ വിഷയം ഇപ്പോൾ സംസ്ഥാന സർക്കാരിന് തന്നെ കൈകാര്യം ചെയ്യാവുന്നതേയുള്ളൂ. അത് അനുഭാവപൂർവം പരിഗണിക്കണമെന്ന് കമ്മീഷൻ ശുപാർശ ചെയ്യുന്നു. അടുത്ത കാലത്ത് ബഹു. സുപ്രീം കോടതി മുൻപാകെ ഈ വിഷയം പരിഗണനയ്ക്കു വരികയുണ്ടായി എന്നും അതിനുശേഷം Hon'ble

Shri Justice K.G. Balakrishnan അവർകളെ ഇക്കാര്യത്തിൽ ഒരു പ്രത്യേക കമ്മീഷനായി കേന്ദ്രഗവണ്മെന്റ് നിയമിച്ചിട്ടുണ്ട് എന്നതും ഇക്കാര്യത്തിൽ പ്രത്യേകം പ്രസ്താവ്യമാണ്. ഇക്കാര്യത്തിൽ തമിഴ് നാട് അസംബ്ലി അടുത്ത കാലത്ത് എടുത്ത തീരുമാനങ്ങൾ കേരള സർക്കാരിനും കൈക്കൊള്ളാവുന്നതാണ്.

7. കോട്ടയം ആസ്ഥാനമായി പ്രവർത്തിക്കുന്ന Christian Converts-നു വേണ്ടിയുള്ള കോർപ്പറേഷന്റെ പ്രവർത്തന ഫണ്ടിന്റെയും ധനവിനിയോഗ ഫണ്ടിന്റെയും ഗുണഭോക്താക്കൾ 85% എങ്കിലും എസ്.സി.സി.സി.-ക്കായി റിസർവ് ചെയ്യേണ്ടതാണ്. നിരവധി ജാതികൾ ഉൾപ്പെട്ടിരിക്കുന്ന ഒരു കോർപ്പറേഷനാണു (G.O. (MS) No. 14/2017/BCDD, dated 02/08/2017) പരിവർത്തിത ക്രൈസ്തവ ശുപാർശിത വികസന കോർപ്പറേഷൻ. ഈ കോർപ്പറേഷനിൽ SCCC ക്രൈസ്തവർക്ക് വേണ്ടത്ര പരിഗണന ലഭിക്കുന്നില്ല. കോർപ്പറേഷനിൽ നിലവിൽ പരിവർത്തിത ക്രൈസ്തവരും ശുപാർശിത വിഭാഗങ്ങളായ ചാക്കമർ, വർണർ, മഡിഗ, കുടുംബി, ധീവര (11 ഉപജാതികൾ), കുശവൻ (7 ഉപജാതികൾ) എന്നീ സമുദായങ്ങളും കൂടിച്ചേർന്നതാണ്. നിലവിലെ ശുപാർശിത വിഭാഗങ്ങളായ ധീവര, കുശവൻ സമുദായങ്ങളെ 1985-നു ശേഷം കൂട്ടിച്ചേർത്തതാണ് (G.O. (MS)

41185/HWD തീയതി 29-06-1985). ഈ രണ്ടു സമുദായങ്ങൾക്കും വെവ്വേറെ കോർപ്പറേഷനുകളും ബോർഡുമുണ്ട്. കുശവൻ സമുദായത്തിന് കേരള സംസ്ഥാന കളിമൺപാത്ര നിർമ്മാണ വിപണന വികസന കോർപ്പറേഷൻ ഉണ്ട്. മത്സ്യ ത്തൊഴിലാളികളായ ധീവരർക്ക് നാലിൽ അധികം ക്ഷേമ കോർപ്പറേഷനുകൾ ഉണ്ട്. (1) Kerala Fishermen's Welfare Fund Board (KFWFB) (1985), (2) Kerala State Co-operative Federation for Fisheries Development Ltd. (മത്സ്യഫെഡ്) (1984), (3) Society for Assistance to Fishermen (2005), (4) Kerala Inland Fisheries Development Corporation, (5) State Fisheries Resource Management Society (1997). ഇത്തരം സാഹചര്യത്തിൽ ധീവര-കുശവൻ സമുദായങ്ങളെ പരിവർത്തിത ക്രൈസ്തവ ശുപാർശിത കോർപ്പറേഷനിൽ നിന്നും ഒഴിവാക്കണമെന്ന നിർദ്ദേശം പരിഗണിക്കേണ്ടതാണ്. 13-10-2021-ൽ ചോദ്യം നമ്പർ 2750-ന് ബഹു. പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമ വകുപ്പ് മന്ത്രി നൽകിയ ഉത്തരത്തിൽ 2018-19 സാമ്പത്തിക വർഷത്തിൽ മുടങ്ങിക്കിടന്ന സ്കോളർഷിപ്പുകൾ നല്കുന്നതിനു വേണ്ടി 2020-21-ൽ 37.13 ലക്ഷം രൂപ ചെലവഴിച്ചതിൽ 9 ലക്ഷം രൂപ SCCC-യ്ക്കും 28 ലക്ഷം രൂപ ശുപാർശപ്പട്ടിക യിൽപ്പെട്ട മറ്റു സമുദായാംഗങ്ങൾക്കുമാണ് നല്കിയിരിക്കുന്നത്.

8. കൂടുതൽ വികസന ക്ഷേമപ്രവർത്തനങ്ങൾ നടപ്പിലാക്കാൻ ഈ കോർപ്പറേഷനിലെ സർക്കാർ വിഹിതം വർദ്ധിപ്പിക്കേണ്ട താണ്. മേൽ പ്രസ്താവിച്ച മറുപടിയിൽ തന്നെ 2020-21-ൽ കോർപ്പറേഷന് 8.50 കോടി രൂപ നല്കിയതായും 2021-22-ൽ 5 കോടി രൂപ അനുവദിച്ച നല്കിയതായും വെളിവാക്കപ്പെട്ടിട്ടുണ്ട്. ഇതു വളരെ തുച്ഛമായ തുകയാണ്. മുന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ അനുവദിക്കുന്നതുപോലെ പരിവർത്തിത ക്രൈസ്തവ വികസന കോർപ്പറേഷൻ ദളിത് ക്രൈസ്തവ വിദ്യാർത്ഥികൾക്കായി പ്രത്യേക സ്കോളർഷിപ്പ് പദ്ധതികൾ ആരംഭിക്കുക, SCCC വിഭാഗത്തിന് നിശ്ചിത അളവിൽ വീടുകൾ നിർമ്മിക്കുന്നതിനും വീടുകൾ പുതുക്കിപ്പണിയുന്നതിനും ഗ്രാന്റുകൾ നല്കുക, ഉന്നത വിദ്യാഭ്യാസത്തിന് സഹായം നല്കുക, വിദേശത്ത് തൊഴിൽ തേടി പോകുന്ന ദളിത് ക്രൈസ്തവർക്ക് വികസന കോർപ്പറേഷൻ വഴി കുറഞ്ഞ പലിശയിൽ ലോൺ അനുവദിക്കുക, ദളിത് ക്രൈസ്തവർക്കായി ബിസിനസ് ലോണുകൾ കോർപ്പറേഷൻ വഴി അനുവദിക്കുക, സംരംഭകർക്കായി പരിശീലന ക്ലാസുകൾ നടത്തുക മുതലായ പ്രവർത്തനങ്ങൾക്ക് പ്രത്യേക തുകകൾ നിജപ്പെടുത്തി കോർപ്പറേഷന് അനുവദിക്കേണ്ടതാണ്.

9. ന്യൂനപക്ഷക്ഷേമ വകുപ്പിന്റെ പുതിയ പദ്ധതികൾ പ്രഖ്യാപിക്കുന്ന മുറയ്ക്ക് കൃത്യമായി വിവരങ്ങൾ പരിവർത്തിത ക്രൈസ്തവ കോർപ്പറേഷൻ വെബ്സൈറ്റിൽ കൂടി ലഭ്യമാക്കണം.

10. എസ്.സി.സി.സി. വിഭാഗങ്ങളെക്കുറിച്ച് അവരുടെ ജനസംഖ്യ എത്രയുണ്ട് എന്ന കാര്യത്തിൽ കാര്യമായ തർക്കം നിലനിൽപ്പുണ്ട്. ഇതുപരിഹരിക്കാൻ വേണ്ടി അവർ ആകെ എത്രപേരുണ്ട് എന്നുള്ളതിനെക്കുറിച്ച് ഒരു കണക്കെടുപ്പ് അത്യാവശ്യമാണ്. ഏതെങ്കിലും ഒരു പ്രത്യേക മൂന്നു മാസ കാലയളവിൽ ഓരോ വില്ലേജിലും ആധാർ കാർഡിന്റെയും റേഷൻ കാർഡിന്റെയും അടിസ്ഥാനത്തിൽ അവർക്ക് പേരുകൾ രജിസ്റ്റർ ചെയ്യാൻ അനുവദിക്കുന്നതിനൊപ്പം സർക്കാർ നിശ്ചയിക്കുന്ന ഒരു വെബ്സൈറ്റിൽ ആധാർ കാർഡ് ഐഡന്റിഫിക്കേഷനോടു കൂടി എസ്.സി.സി.സി. വിഭാഗത്തിൽ പെട്ട എല്ലാവർക്കും പേരുകൾ രജിസ്റ്റർ ചെയ്യാവുന്ന ഒരു സംവിധാനം പെട്ടെന്ന് നടപ്പാക്കിയാൽ അവരുടെ ജനസംഖ്യാ കണക്ക് എടുക്കുന്നത് എളുപ്പമാകും. കമ്മീഷന്റെ മുമ്പാകെ കണക്കു ഹാജരാക്കപ്പെട്ട രേഖകളിൽ നിന്ന് SCCC ജനസംഖ്യ പത്തുലക്ഷത്തിനും ഇരുപതുലക്ഷത്തിനും ഇടക്കുള്ള ഒരു വലിയ സംഖ്യയാണ് എന്ന് അനുമാനിക്കാവുന്നതാണ്. അതായത് കേരള ജനസംഖ്യയുടെ ഏറ്റവും കുറഞ്ഞത് 3%-ത്തിനും 6%-ത്തിനും ഇടയ്ക്കുള്ള സംഖ്യാബലം

ഈ ആളുകൾക്കുണ്ട് എന്ന് കരുതേണ്ടതാണ്. ഇത്തരത്തിലൊരു കണക്കെടുപ്പ് നടന്നതിനു ശേഷം അതിന്റെ അടിസ്ഥാനത്തിൽ അവർക്ക് ലഭിക്കേണ്ട ക്ഷേമ-സാമ്പത്തിക-സാമൂഹ്യ ക്ഷേമ സംവരണ പദ്ധതികളുടെ തോത് നിർണ്ണയിക്കേണ്ടതാണ്. മുൻകാലങ്ങളിൽ ഇവരുടെ എണ്ണം വിവിധ കമ്മീഷനുകൾ തിട്ടപ്പെടുത്തിയപ്പോൾ മറ്റ് ജനവിഭാഗങ്ങൾക്ക് ബാധകമാക്കിയ ജനസംഖ്യാ മാനദണ്ഡങ്ങൾ ഇവരുടെ എണ്ണം കണക്കുകൂട്ടുന്നതിൽ പാലിക്കപ്പെട്ടിട്ടില്ല എന്ന പരാതിയും ഈ കമ്മീഷന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ടെങ്കിലും അതേക്കുറിച്ച് അന്വേഷിക്കുവാൻ ഈ കമ്മീഷന് പരിമിതികളുണ്ട് എന്ന കാര്യവും ഇവിടെ രേഖപ്പെടുത്തുന്നു.

11. സർക്കാരിന്റെ പദ്ധതിയായ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ (KASP) എസ്.സി.സി.സി. വിഭാഗങ്ങൾക്ക് പൂർണ്ണമായും ആരോഗ്യ സുരക്ഷ ഉറപ്പുവരുത്തേണ്ടതാണ്

12. The Scheduled Castes and the Scheduled Tribes (Prevention of Atrocities) Act പ്രകാരം ലഭിക്കേണ്ട എല്ലാ സംരക്ഷണവും നിയമ പരിരക്ഷയും ആനുകൂല്യവും നഷ്ടപരിഹാരവും എസ്.സി. വിഭാഗത്തിൽപ്പെട്ട ക്രിസ്ത്യാനികൾക്കും ലഭിക്കേണ്ടതാണ്. അവർ ക്രിസ്ത്യാനികൾ ആയതുകൊണ്ട് സമൂഹത്തിലുള്ള മറ്റുള്ളവർ അവരോട് പെരുമാറുന്ന രീതിയിൽ

പഴയതിൽ നിന്ന് വലിയ വ്യത്യാസം ഒന്നും ഉണ്ടായിട്ടില്ല. അതുകൊണ്ട് അവരുടെ പൗരാവകാശങ്ങൾ ധ്വംസിക്കപ്പെടുമ്പോൾ അതിനെ ഗുരുതര നിയമ ലംഘനങ്ങളായി കണ്ട് നടപടിയെടുക്കുന്ന നിയമ സംവിധാനം atrocity ആക്ടിന്റെ അടിസ്ഥാനത്തിൽ നിലവിൽ വരേണ്ടതാണ്.

13. കമ്മ്യൂണിറ്റി ക്വോട്ടയിലെ സീറ്റുകളിൽ മെറിറ്റ് അടിസ്ഥാനമാക്കി പ്രവേശനം നേടുന്ന SCCC വിദ്യാർഥികൾക്ക് ഇ-ഗ്രാൻറ് സ്കോളർഷിപ്പുകൾ നിഷേധിക്കപ്പെട്ടത് പുനഃസ്ഥാപിച്ചു നൽകണം. സ്വാശ്രയ കോളുകൾക്ക് പഠിക്കുന്ന ഒ.ഇ.സി വിഭാഗത്തിൽപ്പെടുന്ന പരിവർത്തിത ക്രൈസ്തവ വിദ്യാർത്ഥി കൾക്കും സ്റ്റൈപ്പന്റും ലംപ്സം ഗ്രാന്റും മറ്റാനുകൂല്യങ്ങളും നൽകണമെന്ന് 2012 ഒക്ടോബർ 10-ആം തീയതി ബഹു. ഹൈക്കോടതി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ 2013 ഫെബ്രുവരി 22-ആം തീയതി സംസ്ഥാന സർക്കാർ ഈ വിധിക്കെതിരെ ബഹു. സുപ്രീം കോടതിയിൽ കേസ് ഫയൽ ചെയ്തു സ്റ്റേ സമ്പാദിക്കുകയുണ്ടായി. സംസ്ഥാന സർക്കാർ സുപ്രീം കോടതിയിൽ ഫയൽ ചെയ്തിരിക്കുന്ന കേസ് പിൻവലിച്ച് സ്വാശ്രയ കോളുകളിൽ മാനേജ്മെന്റ് ക്വോട്ടയിൽ പ്രവേശനം ലഭിക്കുന്ന പരിവർത്തിത ക്രൈസ്തവ വിദ്യാർത്ഥികൾക്കും സ്റ്റൈപ്പൻഡും ലംപ്സം ഗ്രാന്റും മറ്റാനുകൂല്യങ്ങളും നൽകുന്നതിനു വേണ്ട നടപടി

സ്വീകരിക്കണം. ഇവരുടെ എണ്ണം പരിമിതം ആയതുകൊണ്ടും ഇവരുടെ സാമൂഹ്യ പിന്നോക്കാവസ്ഥ അങ്ങേയറ്റം പരിഗണന അർഹിക്കുന്നു എന്നതും കൊണ്ട് ഇക്കാര്യത്തിൽ സർക്കാരിന് വിട്ടുവീഴ്ചാപരമായ ഒരു സമീപനം സ്വീകരിക്കാവുന്നതാണ്.

14. SCCC വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസ പ്രവേശനത്തിന് ജനസംഖ്യാനുപാതികമായ സീറ്റ്സംവരണം ചെയ്യുക എന്നത് ന്യായമായ ആവശ്യമാണ്. ഉന്നത വിദ്യാഭ്യാസ പ്രവേശനത്തിന് പട്ടികജാതി-പട്ടികവർഗ വിദ്യാർത്ഥികൾക്ക് മാറ്റിവച്ച സീറ്റുകളിൽ ഒഴിവ് വരികയാണെങ്കിൽ അവ SCCC വിഭാഗത്തിന് നൽകുന്നത് പരിഗണനാർഹമാണ്.

15. എസ്.സി.സി.സി. വിഭാഗങ്ങളിൽപ്പെട്ട പഠിക്കുന്ന കുട്ടികൾക്ക് എസ്.സി. വിഭാഗത്തിൽ പഠിക്കുന്ന കുട്ടികൾക്ക് എത്ര മാത്രം ഫീസ് ആനുകൂല്യം നൽകുന്നുണ്ടോ, ലംപ്സം ഗ്രാന്റ് നൽകുന്നുണ്ടോ എന്നതിന്റെ അടിസ്ഥാനത്തിൽ അതേ രീതിയിൽ ഫീസ് ആനുകൂല്യങ്ങളും നൽകേണ്ടതാണ്. പട്ടിക വർഗ്ഗത്തിന്റെ സമാന സാഹചര്യങ്ങളിൽ ജീവിക്കുന്ന ഓ.ഇ.സി. വിദ്യാർത്ഥികൾക്ക് ഇപ്പോൾ വിദ്യാഭ്യാസ ആനുകൂല്യങ്ങളുടെ വിതരണത്തിന് ധാരാളം പ്രശ്നങ്ങളുണ്ട്. അവ പരിഹരിച്ച് പട്ടികവർഗ്ഗ വിഭാഗത്തിന് തുല്യമായ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ പരിവർത്തിത ക്രിസ്ത്യാനികൾക്കും നൽകണം. മെഡിസിന്

പ്രവേശനം ലഭിക്കുന്ന SCCC ക്രിസ്ത്യാനികൾക്കും അപ്പോൾ തന്നെ സഹായം നൽകണം. പരിവർത്തിത ക്രിസ്ത്യാനികൾക്കും വിദ്യാഭ്യാസ ലോൺ ഉറപ്പു വരുത്തുവാൻ നടപടികൾ എടുക്കണം. ഇപ്പോൾ ലഭിക്കുന്ന ലംപ്സം ഗ്രാന്റ് വളരെ തുച്ഛമാണ്. അതുപോലും പലപ്പോഴും ലഭിക്കുന്നില്ല. ലംപ്സം ഗ്രാന്റുകൾ വിതരണം ചെയ്യുന്നതിനുണ്ടാകുന്ന കാലതാമസം കുറയ്ക്കണം.

16. ഓരോ അദ്ധ്യയന വർഷത്തിലും പട്ടികജാതി വിദ്യാർത്ഥികൾക്ക് നൽകുന്ന പഠന ഉപകരണങ്ങൾ SCCC വിദ്യാർത്ഥികൾക്കും നൽകുക, എല്ലാ SCCC വിദ്യാർത്ഥികൾക്കും പഠനമുറി, ലാപ്ടോപ്പ്, സൈക്കിൾ എന്നിവ സൗജന്യമായി നൽകുക എന്നീ ആവശ്യങ്ങളും പരിഗണനാർഹമാണ്.

17. ദളിത് ക്രൈസ്തവ വിദ്യാർത്ഥികളുടെ ഉന്നമനം ലക്ഷ്യമാക്കി താലൂക്ക് തലത്തിലെങ്കിലും ട്രെയിനിംഗ് സെന്ററുകൾ ആരംഭിച്ച് എം.ബി.ബി.എസ്, എഞ്ചിനിയറിംഗ്, സി.എ., പി.എസ്.സി. പരീക്ഷകൾ, യു.പി.എസ്.സി. പരീക്ഷകൾക്ക് വേണ്ട പരിശീലനം ഉറപ്പു വരുത്തണം. തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും സംരംഭകത്വം വളർത്തുന്നതിനും ഉപകരിക്കുന്ന തൊഴിലധിഷ്ഠിത കോഴ്സുകൾ തീരപ്രദേശത്തും SCCC ക്രിസ്ത്യാനികൾ താമസിക്കുന്ന സ്ഥലങ്ങളിലും ഉണ്ടാകേണ്ടതാണ്.

18. SCCC വിദ്യാർത്ഥികളുടെ പ്രൊഫഷണൽ വിദ്യാഭ്യാസ പ്രവേശനത്തിന് SIUC നാടാർ വിഭാഗവുമായി ഒരുമിച്ച് ഉൾപ്പെടുത്തിയിരിക്കുന്നത് അവർക്ക് പ്രത്യേകമായി ജനസംഖ്യാനുപാതികമായ ക്വോട്ട നിശ്ചയിച്ച് നല്കേണ്ടതാണ്.

19. ഭൂരഹിതരായ പട്ടിക ജാതിയിൽപ്പെട്ടവർക്ക് ഭൂമി നൽകപ്പെടുന്ന അതേ രീതിയിൽ എസ്.സി.സി.സി. വിഭാഗത്തിനും ഭൂമി നൽകേണ്ടതാണ്.

20. SCCC വിഭാഗങ്ങൾക്ക് പി.എസ്.സി. നിയമനങ്ങളിൽ ഇപ്പോൾ 1% സംവരണം മാത്രമാണുള്ളത്. റൊട്ടേഷൻ ചാർട്ടിൽ ഇവരുടെ ഊഴം 48-മതാണ്. ഇതു മൂലം SCCC ക്രൈസ്തവർക്ക് ഒഴിവുകൾ കുറവുള്ള തസ്തികകളിൽ നിയമനം ലഭിക്കാറില്ല. ഇത് പരിഹരിക്കുന്നതിനായി സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തി, റൊട്ടേഷൻ ചാർട്ടിൽ 48-മത്തെ ഊഴത്തിൽ നിന്നും ആദ്യ ഇരുപതിനുള്ളിൽ ഇവർക്ക് അവസരം അനുവദിക്കണം.

21. Scheduled Castes Converts to Christianity എന്നതിന് ജസ്റ്റിസ് കുമാരപിള്ളയുടെ വ്യാഖ്യാനം (കമ്മീഷൻ റിപ്പോർട്ട് 1965, ഖണ്ഡിക 25) "By this term connects to Christianity from Scheduled Castes we mean the converts themselves and all children born to them and following the Christian faith but not their grand

children and subsequent generations" എന്നാണ്. ഈ വ്യാഖ്യാനം മൂലം ക്രിസ്തുമതത്തിലേക്ക് പരിവർത്തനം നടത്തിയ പട്ടികജാതി സമുദായത്തിന് തീരാനഷ്ടമാണ് സംഭവിച്ചത്. സംവരണ ആനുകൂല്യം പരിവർത്തിത ക്രിസ്ത്യാനികൾക്കും അവരുടെ സന്തതി പരമ്പരകൾക്കും ലഭിക്കുന്നതിനുവേണ്ടി Kerala State and Subordinate Services Rules Part-1 ലെ 52-മത്തെ സമുദായനാമം "Scheduled Castes Converts to Christianity and their progeny" എന്ന് മാറ്റേണ്ടതാണ്. കേരളത്തിലെ SEBC, PSC ലിസ്റ്റുകൾ, റവന്യൂ ഗൈഡ് മുതലായ ഗവൺമെന്റ് രേഖകളിൽ ആവശ്യമായ തിരുത്തലുകൾ വരുത്തണം. ഈ ആവശ്യം ന്യായമാണ് എന്ന് കമ്മീഷൻ കരുതുന്നു. '**Scheduled caste converts to christianity means members of scheduled castes converted to christianity and their progeny**' എന്ന് വ്യക്തമാക്കണം.

22. ക്രൈസ്തവ സഭകളുടെ മാനേജ്മെന്റുകൾ മാനേജ്മെന്റ് ക്വോട്ട അനുസരിച്ച് നിയമനങ്ങളോ അഡ്മിഷനുകളോ നൽകുമ്പോൾ അതിൽ അവർക്ക് ലഭിക്കുന്ന ക്വോട്ടയിൽ പത്തിൽ ഒരെണ്ണം SCCC വിഭാഗത്തിനായി നീക്കിവക്കുന്നത് സഭകളുടെ ആവശ്യപ്രകാരം സർക്കാരിന് അനുവദിക്കാവുന്നതാണ് എന്ന്

കമ്മീഷൻ ശുപാർശ ചെയ്യുന്നു. അതിനെ മാനേജ്മെന്റ് ക്വോട്ടയിലെ ഒരു സബ് ക്വോട്ട ആയി പരിഗണിക്കാവുന്നതാണ്.

23. എസ്.സി.സി.സി. വിഭാഗങ്ങൾക്ക് ഇപ്പോൾ നൽകി വരുന്ന ക്വോട്ടകളിൽ മറ്റു വിഭാഗക്കാരെ കൂടി ഉൾപ്പെടുത്താൻ പാടില്ല. ക്വോട്ടയുടെ ശതമാനം ചെറുതാണെങ്കിലും ആ ചെറിയ ശതമാനം അവർക്കു മാത്രമായി നിജപ്പെടുത്തിയാൽ മാത്രമെ അവർക്കു ശരിയായ പ്രയോജനം ലഭിക്കുകയുള്ളൂ. മറ്റുള്ള വിഭാഗങ്ങളുമായി കൂട്ടിച്ചേർത്ത് ഏതെങ്കിലും ഒരു പൊതുവായ നിർണ്ണയ രീതിക്ക് വിധേയമായി ക്വോട്ട ലഭിച്ചാൽ പ്രായോഗികമായി എസ്.സി.സി.സി. വിഭാഗത്തിന് അതിൽ വളരെ ചെറിയ ഒരു ഭാഗം മാത്രമേ ലഭിക്കുകയുള്ളൂ. അതുകൊണ്ട് അങ്ങനെയുള്ള മേഖലകളിൽ എസ്.സി.സി.സി. വിഭാഗത്തിനായി പ്രത്യേകമായി ക്വോട്ട ഏർപ്പെടുത്തണം എന്ന് ശുപാർശ ചെയ്യുന്നു.

24. ന്യൂനപക്ഷ കമ്മീഷനിൽ SCCC വിഭാഗത്തിൽപ്പെട്ടവരുടെ പ്രാതിനിധ്യം ഉറപ്പ് വരുത്തുകയും കോർപ്പറേഷൻ, ബോർഡ്, പബ്ലിക് പ്രൊസിക്യൂട്ടർ, പി.എസ്.സി. എന്നിവയിലെ SCCC ക്രിസ്ത്യാനി പ്രാതിനിധ്യം വർദ്ധിപ്പിക്കുകയും ചെയ്യണം.

25. ദളിത് ക്രൈസ്തവരുടെ സാമൂഹിക, സാമ്പത്തിക, വിദ്യാഭ്യാസ, ഉദ്യോഗ പിന്നോക്കാവസ്ഥയെക്കുറിച്ച് പഠിക്കുന്ന തിനും പുരോഗതിക്കാവശ്യമായ നടപടികൾ നിർദ്ദേശിക്കുന്ന

തിനുമായി ഒരു പ്രത്യേക കമ്മീഷനെ നിയമിക്കണം. ഭരണഘടനയുടെ 159 (4), 16 (4), 46 വകുപ്പുകൾക്ക് വിധേയമായി 1960 മുതൽ മഹാരാഷ്ട്ര സർക്കാർ പട്ടിക ജാതിയിൽ നിന്ന് ബുദ്ധമതത്തിലേക്ക് പരിവർത്തനം ചെയ്തവർക്ക് പട്ടിക ജാതിക്കാരുടെ ആനുകൂല്യം നൽകിവരുന്നു. ദളിത് ക്രൈസ്തവരുടെ കാര്യത്തിൽ കേരള സർക്കാർ ഈ മാതൃക സ്വീകരിക്കാൻ തയ്യാറാകണമെന്ന ആവശ്യം ഉയർന്നു വന്നു. പട്ടിക ജാതിക്കാരിൽ നിന്നും ക്രിസ്തുമതത്തിലേക്ക് പരിവർത്തനം നടത്തിയവർക്കു മാത്രമായി ജനസംഖ്യാനുപാതികമായ സംവരണം അനുവദിക്കേണ്ടതാണ്.

26. വാസയോഗ്യമല്ലാത്ത ഭവനങ്ങളിൽ താമസിക്കുന്ന ദളിത് ക്രൈസ്തവരെ സർക്കാർ നടപ്പിലാക്കുന്ന ലൈഫ് പദ്ധതിയിൽ പ്രത്യേക പരിഗണനയോടെ ഉൾപ്പെടുത്തുക. ദളിത് ക്രൈസ്തവർക്ക് സുരക്ഷിതമായ ഭവന നിർമ്മാണത്തിനും കുട്ടനാട് പോലുള്ള സ്ഥലങ്ങളിൽ കുടിവെള്ള ടാങ്കുകൾ പണിയുന്നതിനും പ്രത്യേക പലിശ രഹിത ലോണുകൾ അനുവദിക്കുക. പട്ടികജാതി വിഭാഗങ്ങൾക്ക് സൗജന്യമായി വീട്, സ്ഥലം, വീട്ടുപകരണങ്ങൾ, വളർത്തുമൃഗങ്ങൾ, കുടിൽ വ്യവസായം, കുടിവെള്ള പദ്ധതികൾ തുടങ്ങിയവ നൽകുന്നതുപോലെ ദളിത് ക്രൈസ്തവർക്ക് ഇത്തരം

ആനുകൂല്യങ്ങൾ നല്കുക എന്നീ ആവശ്യങ്ങൾ ന്യായമാണെന്നും അവ അനുവദിക്കണമെന്നും കമ്മീഷൻ ശുപാർശ ചെയ്യുന്നു.

27. ദളിത് ക്രൈസ്തവ വിദ്യാർത്ഥികൾക്ക് നൈപുണ്യം വർദ്ധിപ്പിക്കുന്നതിനും ഗവേഷണത്തിനും സഹായിക്കുന്ന പാക്കേജ് ഉണ്ടാകണം. പ്രമോട്ടർ/മെന്റർ രീതി സർക്കാർ തലത്തിൽ വിദ്യാർത്ഥികൾക്കായി ആരംഭിക്കുക. വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും വിദ്യാഭ്യാസ കാര്യത്തിൽ ഒരേപോലെ മാനസിക പിന്തുണയും നൽകേണ്ടതുണ്ട് എന്ന് കമ്മീഷൻ ശുപാർശ ചെയ്യുന്നു.

28. എയ്ഡഡ് വിദ്യാഭ്യാസ മേഖലയിലെ പ്രവേശനത്തിന് SCCCയ്ക്ക്-ജനസംഖ്യാനുപാതികമായ സംവരണം ചെയ്യേണ്ടതാണ്. എയ്ഡഡ് സ്ഥാപനങ്ങളിൽ പൊതുവായും, ക്രിസ്ത്യൻ മാനേജ്മെന്റുകളിൽ പ്രത്യേകിച്ചും, SCCC ക്രിസ്ത്യാനികൾക്കു ജനസംഖ്യാനുപാതികമായ സംവരണം ഏർപ്പെടുത്തേണ്ടതാണ്.

29. SCCC വിദ്യാർത്ഥികൾക്ക് പ്രീ-മെട്രിക് സ്കോളർഷിപ്പ് വിതരണം ചെയ്യണം എന്ന് ശുപാർശ ചെയ്യുന്നു.

30. OBC ലിസ്റ്റിൽ ഉൾപ്പെട്ട SCCC ക്രൈസ്തവ വിഭാഗങ്ങൾക്ക് നിലവിൽ 1% സംവരണം മാത്രമാണുള്ളത്. (ലാസ്റ്റ് ഗ്രേഡിൽ 2%). റൊട്ടേഷൻ ചാർട്ടിൽ ഇവരുടെ ഊഴം 48 മാത്രമാണ്. ഇതുമൂലം ദളിത് ക്രൈസ്തവർക്ക് ഒഴിവ് കുറവുള്ള തസ്തികകളിൽ നിയമനം

ലഭിക്കാറില്ല. ഇത് പരിഹരിക്കുന്നതിനായി സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തണം. അതോടൊപ്പം റൊട്ടേഷൻ ചാർട്ടിൽ ആദ്യ ഇരുപതിനുള്ളിൽ ഇവർക്ക് അവസരം അനുവദിക്കണം എന്ന് ശുപാർശ ചെയ്യുന്നു.

31. എല്ലാ ക്രൈസ്തവ സഭകളിലെയും അംഗങ്ങളായ നാടാർ സമുദായ അംഗങ്ങൾക്ക് കേരള സർക്കാർ സംവരണം അനുവദിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട കേസുകൾ ഇപ്പോൾ കോടതികളിൽ ഉണ്ട്. അതിനാൽ പ്രത്യേക അഭിപ്രായം രേഖപ്പെടുത്തുന്നില്ല.

32. കമ്മാളർ സമുദായത്തിൽ നിന്നും ക്രൈസ്തവ സഭകളിൽ ചേർന്നവർക്ക് നിലവിൽ യാതൊരു സംവരണ ആനുകൂല്യവും ലഭിക്കുന്നില്ല. ഇവരെയും നാടാർ ക്രൈസ്തവരെ പോലെ ഒ.ബി.സി. വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കാൻ സർക്കാരിലേക്ക് ശുപാർശ നൽകുന്നു.

33. പിന്നോക്ക വിഭാഗ ക്രൈസ്തവരുടെ കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ പുനർ നിർമ്മാണത്തിനുള്ള ഫണ്ട് സർക്കാർ ബഡ്ജറ്റിൽ ഉൾപ്പെടുത്തുക, പിന്നോക്ക വിഭാഗ ക്രൈസ്തവരുടെ നിലവിലുള്ള എൽ.പി., യു.പി., ഹൈസ്കൂൾ അപ്ഗ്രേഡ് ചെയ്യാനുള്ള സംവിധാനങ്ങൾ ഉണ്ടാക്കുക എന്നീ ആവശ്യങ്ങൾ അവരുടെ

പുരോഗതിക്ക് ആവശ്യമെന്നു കാണുകയാൽ അവ ശുപാർശ ചെയ്യുന്നു.

34. ഭൂരഹിതരായ ദളിത് ക്രൈസ്തവർക്ക് SC-യ്ക്ക് നൽകുന്നതു പോലെ കൃഷി ഭൂമി വിതരണം ചെയ്യണം എന്ന് ശുപാർശ ചെയ്യുന്നു.

35. പരിവർത്തിത ക്രൈസ്തവ കോർപ്പറേഷന് കണ്ണൂർ ജില്ലയിൽ ഓഫീസ് ആരംഭിക്കണം എന്ന് ശുപാർശ ചെയ്യുന്നു.

36. അതുപോലെ തന്നെ കടുത്ത പിന്നോക്കാവസ്ഥ അഭിമുഖീകരിക്കുന്ന ഒരു വിഭാഗമാണ് S.I.U.C. നാടാർ വിഭാഗം ക്രിസ്ത്യാനികൾ. ലഭ്യമാകുന്ന ജോലിയുടെ അളവിലും കൃഷി ചെയ്യുന്ന ഭൂമിയുടെ അളവിലും അവർ മറ്റു മിക്കവാറും സമുദായങ്ങളെക്കാൾ വളരെ പിന്നിലാണ്. ഉന്നത വിദ്യാഭ്യാസ രംഗത്ത് അവർക്ക് ലഭിച്ചു കൊണ്ടിരിക്കുന്ന കമ്മ്യൂണിറ്റി ക്വോട്ട മറ്റു ക്രിസ്ത്യൻ വിഭാഗങ്ങളുമായി പങ്കുവയ്ക്കേണ്ടതു കൊണ്ട് സമൂഹത്തിന് ഭീമമായ നഷ്ടം ആണ് ഉണ്ടായിട്ടുള്ളത്. അതുപോലെ തന്നെ ജസ്റ്റിസ് നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടു പ്രകാരം അർഹതപ്പെട്ട നിരവധി ജോലികൾ അവർക്ക് ലഭിക്കാതെ പോയിട്ടുണ്ട്. സമൂഹത്തിൽ വളരെ ചുരുക്കം പേർക്കു മാത്രമാണ് പൊതുമേഖലയിൽ ജോലി ലഭിക്കുന്നത്. കാർഷിക മേഖലയിലും അവരുടെ നിലവാരം വളരെ പരിതാപകരമാണ്. സി.എസ്.ഐ. ദക്ഷിണ കേരള മഹാ ഇടവകയിലെ രേഖകൾ പ്രകാരം ഒരു കുടുംബത്തിന് ശരാശരി ഏഴര സെന്റ് ഭൂമി മാത്രമാണ്

ഉള്ളത്. സ്വന്തമായി സ്ഥലം ഇല്ലാത്ത കുടുംബങ്ങൾ ആറായിരവും സ്വന്തമായി ഉണ്ടായിരുന്ന ഭൂമി പണയപ്പെടുത്തി ഇപ്പോൾ നിരാലംബരായി കഴിയുന്ന കുടുംബങ്ങളുടെ എണ്ണവും കൂടി മൊത്തം പതിമൂവായിരം കുടുംബങ്ങൾ ഉണ്ട്. പത്തു സെന്റിൽ താഴെ മാത്രം ഭൂമിയുള്ള എൺപത്തീരായിരം കുടുംബങ്ങൾ ഉണ്ട്. സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്ന നാടാർ സമൂഹം എല്ലാ വിധ പരിഗണനകളും അർഹിക്കുന്നു. അവർക്ക് ഉന്നത വിദ്യാഭ്യാസ രംഗത്ത് ലഭ്യമായ സംവരണം വർദ്ധിപ്പിക്കേണ്ടതും പൊതുമേഖലയിലും സഹകരണ മേഖലയിലും സംരംഭക മേഖലയിലും അവർക്ക് വലിയ പ്രോത്സാഹനം നല്കേണ്ടതുമാണ്.

37. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പദ്ധതി വിഹിതത്തിൽ ജനസംഖ്യാനുപാതികമായ ഒരു നിശ്ചിത ശതമാനം നാടാർ ക്രൈസ്തവ, ദളിത് ക്രൈസ്തവ വിഭാഗങ്ങളുടെ ക്ഷേമകാര്യങ്ങൾക്കായി വിനിയോഗിക്കേണ്ടതാണ് എന്ന് ശുപാർശ ചെയ്യുന്നു.

38. സി.എസ്.ഐ. ദക്ഷിണ കേരള മഹാ ഇടവകയുടെ കീഴിൽ തിരുവനന്തപുരം എൽ.എം.എസ്. കോമ്പൗണ്ടിൽ പ്രവർത്തിക്കുന്ന ഭിന്നശേഷിക്കാരായ 200-ൽപരം കുഞ്ഞുങ്ങളെ താമസിപ്പിച്ച് പഠിപ്പിക്കുന്ന സി.ആർ.ഡി.ഹോം എയ്ഡഡ് സ്കൂൾ പദവിയിലേയ്ക്ക് ഉയർത്തണമെന്ന് ശുപാർശ ചെയ്യുന്നു.

39. കേരള സർക്കാർ 2001-ൽ സ്വാശ്രയ മെഡിക്കൽ കോളേജ് അനുവദിച്ചപ്പോൾ 50 ശതമാനം മാനേജ്മെന്റ് ക്വോട്ടയും 50 ശതമാനം സർക്കാർ ക്വോട്ടയും എന്ന വ്യവസ്ഥ അനുസരിച്ചാണ് കാരക്കോണം എസ്.എം.സി.എസ്.ഐ. മെഡിക്കൽ കോളേജ് ആരംഭിച്ചത്. ഈ എഗ്രിമെന്റ് വർഷാവർഷം സർക്കാരും മാനേജ്മെന്റും പുതുക്കി വരുന്നതുമാണ്. എന്നാൽ ക്രിസ്ത്യൻ മൈനോരിറ്റിയെന്നത് എല്ലാ ക്രിസ്ത്യൻ വിഭാഗങ്ങളെയും ഒന്നായി പരിഗണിച്ച് മാനേജ്മെന്റ് സീറ്റിലേയ്ക്ക് പ്രവേശനം നൽകാനുള്ള 2019-ലെ സർക്കാർ ഉത്തരവിൽ അതിനു മാറ്റം വരുത്തി. പഴയ എഗ്രിമെന്റ് പ്രകാരം പിന്നോക്ക വിഭാഗമായ S.I.U.C. കമ്മ്യൂണിറ്റിയ്ക്ക് അവകാശപ്പെട്ട 50 ശതമാനം മാനേജ്മെന്റ് സീറ്റും സ്ഥാപനം പ്രതിനിധാനം ചെയ്യുന്ന S.I.U.C. വിഭാഗത്തിന് മാത്രമായി അവരുടെ സാമൂഹിക-സാമ്പത്തിക ഉയർച്ച മുന്നിൽ കണ്ട് അനുവദിക്കേണ്ടതും അതിനു സുതാര്യമായ നടപടിക്രമങ്ങൾ ഏർപ്പെടുത്തേണ്ടതുമാണ് എന്ന് ശുപാർശ ചെയ്യുന്നു.

40. നാടാർ ക്രിസ്ത്യൻ, കൺവർട്ടഡ് ക്രിസ്ത്യൻ വിഭാഗത്തിലെ കുട്ടികൾക്ക് ലഭിക്കുന്ന സ്കോളർഷിപ്പ് തുക കാലോചിതമായി വർദ്ധിപ്പിച്ച് നൽകേണ്ടതാണ് എന്ന് ശുപാർശ ചെയ്യുന്നു.

41. സർക്കാർ സർവീസിൽ ക്രിസ്ത്യൻ നാടാർ, കൺവെർട്ടഡ് ക്രിസ്ത്യൻ പ്രാതിനിധ്യത്തിലെ കുറവ് പരിഹരിക്കുന്നതിന് സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തണം എന്ന് ശുപാർശ ചെയ്യുന്നു.

42. നാടാർ ക്രിസ്ത്യൻ വിഭാഗത്തിലെ വിദ്യാസമ്പന്നരായ യുവതീ യുവാക്കൾക്ക് പുതിയ തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിന് ആവശ്യമായ സാമ്പത്തിക സഹായമായി പലിശ രഹിത വായ്പ അനുവദിക്കണം എന്ന് ശുപാർശ ചെയ്യുന്നു.

43. ക്രൈസ്തവ ന്യൂനപക്ഷ വിഭാഗങ്ങളിൽ ഇന്നും കടുത്ത അവഗണന അനുഭവിക്കുന്ന ദളിത് ക്രൈസ്തവരും നാടാർ ക്രൈസ്തവരും അധികമായി താമസിക്കുന്ന പ്രദേശങ്ങളിലെ തദ്ദേശ സ്വയംഭരണ സ്ഥാപന വാർഡുകളിൽ പട്ടികജാതി-പട്ടികവർഗ വിഭാഗത്തിന് ഏർപ്പെടുത്തിയിട്ടുള്ള തരത്തിൽ പ്രത്യേക സംവരണം ഏർപ്പെടുത്തണം എന്ന് ശുപാർശ ചെയ്യുന്നു.

# അധ്യായം 5

## കുട്ടനാട്

1. **കുട്ടനാടിനെ സംബന്ധിച്ച ചില വസ്തുതകൾ:** കേരളത്തിന്റെ തെക്കു പടിഞ്ഞാറൻ മേഖലയിൽ ആലപ്പുഴ, കോട്ടയം, പത്തനംതിട്ട എന്നീ ജില്ലകളിലായി വ്യാപിച്ചുകിടക്കുന്ന തണ്ണീർത്തട പ്രദേശമാണ് കുട്ടനാട്. ഈ പ്രദേശത്തെ പ്രധാനമായും ലോവർ കുട്ടനാട്, അപ്പർ കുട്ടനാട് എന്നിങ്ങനെ രണ്ടായി തരം തിരിച്ചിരിക്കുന്നു. ലോവർ കുട്ടനാട് പൂർണ്ണമായും ആലപ്പുഴ ജില്ലയിലാണ്. നദികളും തോടുകളും ജലാശയങ്ങളും ഉള്ള ഈ സ്ഥലം സമുദ്ര നിരപ്പിനു താഴെയാണെങ്കിലും മനുഷ്യ പ്രയത്നം കൊണ്ട് നെൽവയലുകളാക്കിയ പ്രദേശമാണ്. പരമ്പരാഗതവും തദ്ദേശീയവുമായ കാർഷിക രീതികൾ ഉപയോഗിച്ച് കേരളത്തിന്റെ നെല്ലറയാക്കിത്തീർത്തു. ഈ സവിശേഷതകൾ കാരണം 2013 ജൂണിൽ ഭക്ഷ്യ കാർഷിക ഓർഗനൈസേഷൻ (എഫ്.എ.ഓ.) കുട്ടനാടിന് ആഗോള പ്രാധാന്യമുള്ള കാർഷിക പൈതൃക സംവിധാനങ്ങൾ പ്രഖ്യാപിച്ച് ഐക്യരാഷ്ട്രസഭ പൈതൃകപദവി നൽകി. കേരളത്തിലെ പ്രധാനപ്പെട്ട നദികളായ പമ്പ, മണിമല, മീനച്ചിൽ, അച്ചൻകോവിൽ എന്നിവ പശ്ചിമഘട്ടത്തിൽ ഉത്ഭവിച്ച് കുട്ടനാട്ടിലെ വിവിധ ഭാഗങ്ങളിൽ കൂടി ഒഴുകി വേമ്പനാട്ട് കായലിൽ എത്തുന്നു. കുട്ടനാട്ടിൽ 66,000 ഹെക്ടർ തണ്ണീർത്തടങ്ങളും 31,000

ഹെക്ടർ വരണ്ടഭൂമിയും 13,000 ഹെക്ടർ നദികളും തോടുകളുമാണ്. കുട്ടനാടിന്റെ ഒരതിർത്തി വേമ്പനാട്ട് കായലാണ്. രണ്ടാം ലോക മഹായുദ്ധ കാലത്ത് ക്ഷാമമുണ്ടായപ്പോൾ ജോസഫ് മുരിക്കനെ പോലെയുള്ള കർഷകർ സർക്കാരിന്റെ അനുവാദത്തോടുകൂടി രണ്ടു മീറ്ററോളം ആഴത്തിലുള്ള തണ്ണീർത്തടങ്ങൾ പുറംബണ്ട് നിർമ്മിച്ച് വേർതിരിച്ച് നെൽവയലുകളാക്കി. വിവിധ ജാതിമതസ്ഥർ കുട്ടനാട്ടിൽ താമസിക്കുന്നുണ്ടെങ്കിലും ഏറ്റവും കൂടുതൽ ക്രൈസ്തവ വിശ്വാസികളാണ്. അതിൽത്തന്നെ കൂടുതൽ സീറോ മലബാർ സഭയുടെ ചങ്ങനാശ്ശേരി അതിരൂപതയിൽപ്പെട്ടവരുമാണ്. ക്രിസ്തുശിഷ്യനായ മാർത്തോമ സ്ഥാപിച്ച എന്നു വിശ്വസിക്കുന്ന നിരണം പള്ളിയുടെ പരിസരത്തു നിന്നും കുട്ടനാട്ടിലും പരിസര പ്രദേശങ്ങളിലും ക്രൈസ്തവ വിഭാഗം പടർന്നു പന്തലിച്ചു. ഈ പ്രദേശങ്ങൾക്ക് 2,000 വർഷത്തെ ക്രൈസ്തവ ചരിത്രമുണ്ട്. സമുദ്ര നിരപ്പിൽ നിന്ന് താഴെയുള്ള കുട്ടനാടിന് പ്രത്യേക പദവി നൽകി അവിടത്തെ ജനവിഭാഗങ്ങൾക്കായി പ്രത്യേക പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കണമെന്നാണ് അവിടെ അധിവസിക്കുന്ന ജനങ്ങളുടെ പ്രധാനപ്പെട്ട ആവശ്യം. സമുദ്ര നിരപ്പിൽ നിന്ന് താഴെയായതിനാൽ വർഷത്തിൽ പലപ്പോഴും വെള്ളം കയറുന്ന വീടുകളിൽ താമസിക്കേണ്ടി വരുകയും വെള്ളപ്പൊക്കം മൂലം കൃഷിനാശം സംഭവിക്കുകയും ചെയ്യുന്നുണ്ട്. അതുകൊണ്ട് കുട്ടനാടിന്

യോജിച്ച പാർപ്പിട പദ്ധതികൾ അവിടെ നടപ്പാക്കേണ്ടിയിരിക്കുന്നു. കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരുകളും കൊണ്ടു വരുന്ന നിയമങ്ങൾ കാരണം കായൽ തീരത്തും നദീതീരങ്ങളിലും നെൽ കൃഷി ചെയ്യുന്ന സ്ഥലങ്ങളിലും പുതിയ വീടുകൾ നിർമ്മിക്കുവാൻ സാധ്യമല്ലാതായിത്തീർന്നു.

2. കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ വിജ്ഞാപനപ്രകാരം Environment (Protection) Act-ന്റെ ഭാഗമായി Wetland (Conservation and Management) Rules, 2017 പ്രസിദ്ധപ്പെടുത്തുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ കേരള സർക്കാർ പ്രസിദ്ധീകരിച്ച ഡിക്ലറേഷൻ അനുസരിച്ച് ആലപ്പുഴ, എറണാകുളം, കോട്ടയം, തൃശ്ശൂർ എന്നീ ജില്ലകളിലെ 99 ഗ്രാമ പഞ്ചായത്തുകൾ അടങ്ങുന്ന വേമ്പനാട് കായൽ റംസെർസൈറ്റ് (Ramsar Site) ആയി പ്രഖ്യാപിക്കുകയുണ്ടായി. അത് പ്രകാരം Wetland-ന്റെ അതിർത്തിക്ക് 50 മീറ്ററിനുള്ളിൽ ബോട്ട്ജെട്ടി അല്ലാതെ യാതൊരു സ്ഥിരനിർമ്മാണവും നടത്തുവാൻ പറ്റില്ല. വേമ്പനാട് കായലിനോടടുത്തുള്ള കുട്ടനാടിനെ സംബന്ധി ച്ചിടത്തോളം ഇത് വളരെയേറെ ബുദ്ധിമുട്ടുണ്ടാക്കുന്നു. 50 മീറ്റർ പരിധി നിശ്ചയിച്ചിട്ടുള്ളതിനാൽ പാടങ്ങളോട് ചേർന്നുള്ള കുട്ടനാട്ടിൽ വീടുകളോ മറ്റു കെട്ടിടങ്ങളോ നിർമ്മിക്കുന്നതിന് സാധ്യമല്ലാതായി. **103 വില്ലേജുകൾ** അടങ്ങുന്ന അഞ്ച് നദികളുടെ

നദീതടമേഖലയാണ് കുട്ടനാട്. സമുദ്രനിരപ്പിനു താഴെ നദീതട മേഖലകളിൽ നിന്ന് കുത്തിയെടുത്ത കരിനിലങ്ങളും കരയും ചേർന്ന കുട്ടനാട്ടിൽ വർഷത്തിൽ എട്ടു മാസത്തിലേറെ കാലം വെള്ളക്കെട്ടുകൾ നിറഞ്ഞ ചതുപ്പു പ്രദേശമായിരിക്കും. പാടശേഖരങ്ങളുടെ പുറം ബണ്ടുകളും അവയോട് ചേർന്ന് കിടക്കുന്ന നികത്തു ഭൂമിയുമാണ് ഇവിടത്തെ ജനവാസമേഖല. കുട്ടനാട് താലൂക്ക് മാത്രമെടുത്താൽ മൊത്തം വിസ്തൃതിയുടെ 27.9% മാത്രം നിവർത്ത് കരഭൂമിയും ബാക്കി മൂന്നിൽ രണ്ടുഭാഗവും വെള്ളക്കെട്ടുള്ള പ്രദേശവുമാണ്. എന്നാൽ **12 വില്ലേജുകൾ** ഉള്ള കുട്ടനാട് താലൂക്കിന്റെ മൊത്തം ജനസംഖ്യ 2011 സെൻസസ് പ്രകാരം 1,93,007 ആണ്. അതായത് ഒരു ചതുരശ്ര കിലോമീറ്ററിലെ ജനസാന്ദ്രത 2,383 ആണ്. ഇത് കേരളത്തിന്റെ ശരാശരി ജനസാന്ദ്രതയുടെ മൂന്നിരട്ടിയാണ്. തലസ്ഥാനമായ തിരുവനന്തപുരത്തു പോലും ഒരു ചതുരശ്രകിലോമീറ്ററിലെ ജനസാന്ദ്രത 1,509 ആണ്. ഇത്രയും ജനസാന്ദ്രതയേറിയ ഒരു സ്ഥലത്ത് കൂടുതൽ ഭവനിർമ്മാണ സൗകര്യങ്ങൾ ഉണ്ടാകേണ്ടതാണ്.

3. 1-1-2015-നു മുമ്പ് മുതൽ കർഷകരുടെ കൈവശത്തിലിരുന്ന കരഭൂമി ഗൃഹനിർമ്മാണത്തിന് ഉപകരിക്കാവുന്ന വിധത്തിൽ ബി.ടി.ആർ. രജിസ്റ്ററിൽ പരിവർത്തനം ചെയ്യണം.

വേലിയേറ്റത്തിലും വെള്ളപ്പൊക്കത്തിലും ജീവഹാനിയും അപകടവും ഉണ്ടാക്കാത്ത തരത്തിലുള്ള ഗൃഹനിർമ്മാണപദ്ധതി നടപ്പിലാക്കണമെന്നുള്ള ആവശ്യം സർക്കാർ പരിഗണിക്കുകയും ജനങ്ങളുടെ പ്രതിനിധികളെക്കൂടി ചേർത്ത് അതിന് പ്രത്യേക പരിഹാരമാർഗ്ഗം കാണുകയും വേണം. വെള്ളപ്പൊക്കത്തിൽ ഉയർന്നു നിൽക്കുന്ന പില്ലറിന്മേലുള്ള നിർമ്മാണരീതി അവലംബിക്കുന്നതിനായി കുട്ടനാട്ടിൽ ലൈഫ് പദ്ധതിയിലെ നിർമ്മാണച്ചിലവിന്റെ പരിധി വർദ്ധിപ്പിച്ചു നൽകേണ്ടതാണ്.

4. സ്വാമിനാഥൻ കമ്മീഷന്റെ പാക്കേജിൽ പറയുന്നതുപോലെ ഒരിക്കൽ കേരളത്തിന്റെ നെല്ലറ എന്ന് വിശേഷിക്കപ്പെട്ടിരുന്ന കുട്ടനാട് ഇന്ന് കഷ്ടപ്പാടുകളുടെ തടവറയിലാണ്. ഒഴുകി വരുന്ന മലവെള്ളം തടഞ്ഞു നിർത്തുവാനുള്ള സംവിധാനങ്ങൾ ഒരുക്കേണ്ടതാണ്. താത്കാലികമായ പരിഹാരമാർഗ്ഗങ്ങളേക്കാൾ നെതർലാന്റ്സിനെ (ഹോളണ്ട്) മാതൃകയാക്കി സ്ഥിരമായ പരിഹാരമാർഗ്ഗങ്ങൾ ഉണ്ടാക്കേണ്ടിയിരിക്കുന്നു. നെതർലാന്റ്സിൽ ആ രാജ്യത്തിന്റെ 35%-ൽ ഏറെ സ്ഥലങ്ങൾ സമുദ്രനിരപ്പിലും താഴെയാണ്. ചില സ്ഥലങ്ങളിൽ ആറു മീറ്റർ വരെ താഴ്ചയുണ്ട്. കുട്ടനാട്ടിൽ ഏറ്റവും കൂടിയ താഴ്ച മൂന്നു മീറ്ററാണ്. ഹോളണ്ടിൽ ഒഴുകി വരുന്ന നദിയിലെ വെള്ളവും പുറത്തുള്ള കടൽവെള്ളവും മൂലം ബുദ്ധിമുട്ട് ഉണ്ടാകാതിരിക്കാൻ അതിനനുസരിച്ചുള്ള സുദൃഢമായ

ബണ്ടുകൾ നിർമ്മീക്കണം. കുട്ടനാടിന്റെ ഭൂമിശാസ്ത്രത്തിനനുസരിച്ചും ആറുകളുടെ ഒഴുക്കുചാലുകൾ കണക്കിലെടുത്തും കുട്ടനാടിനെ പല ബ്ലോക്കുകളായി തിരിച്ച് ഓരോ ബ്ലോക്കിന് ചുറ്റും ഉയരമുള്ള നല്ല ബണ്ടുകൾ നിർമ്മിക്കണം. കമ്മീഷനിൽ മൊഴി തന്ന നൂറനാട് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്മ്യൂണിക്കേഷൻ ആന്റ് ഡവലപ്മെന്റ് ഡയറക്ടർ ഫാദർ സിറിയക്ക് തുണ്ടിയിലിന്റെ അഭിപ്രായത്തിൽ കുട്ടനാടിനെ ഏഴു ബ്ലോക്കുകളായി തിരിച്ച് ഓരോ ബ്ലോക്കിന് ചുറ്റും ബണ്ടുകൾ നിർമ്മിച്ചാൽ ശാശ്വത പരിഹാരം ഉണ്ടാകും. ഹെവി വെഹിക്കിളുകൾ ഒഴിച്ച് ഓട്ടോറിക്ഷ, ചെറിയ പിക്ക്അപ്പ് വാനുകൾ എന്നിവയ്ക്ക് പോകുവാനുതകുന്ന രീതിയിൽ ഈ ബണ്ടുകളുടെ മുകൾഭാഗം മൂന്നു മീറ്റർ വീതിയിൽ നിർമ്മിച്ചാൽ ഗതാഗതപ്രശ്നവും ഒരളവുവരെ പരിഹരിക്കുവാൻ സാധിക്കും. അങ്ങനെ നിർമ്മിക്കുന്ന ബണ്ടുകൾ വെള്ളപ്പൊക്കം വരുമ്പോഴുള്ള ശരാശരി ജലനിരപ്പിനേക്കാൾ മൂന്നടിയെങ്കിലും ഉയരത്തിൽ മുകൾഭാഗം കോൺക്രീറ്റുചെയ്ത് ഉറപ്പിക്കാവുന്നതാണ്. ബണ്ടുകളുടെ ഉള്ളിലേക്ക് പോകുന്ന തോടുകൾക്ക് ഷട്ടറുകൾ ഉണ്ടെങ്കിൽ വെള്ളപ്പൊക്കം വരുന്ന സമയത്ത് ആവശ്യമായ നിയന്ത്രണം ഉണ്ടാക്കാവുന്നതാണ്. ഏഴ് ബ്ലോക്കുകൾ നിർദ്ദേശിച്ചിരിക്കുന്നതിൽ ഒന്ന് കൈനകരി-ചേന്നങ്കരി ബ്ലോക്കാണ്. ചേന്നങ്കരിയും കൈനകരി നോർത്തും ഒറ്റ ദ്വീപാണ്. അതിനു ചുറ്റും ഒരു പുറംബണ്ടു നിർമ്മിച്ചാൽ

വെള്ളപ്പൊക്കത്തിൽ നിന്നും സുരക്ഷിതമായിരിക്കും. വേമ്പനാട്ട് കായലിൽ നിന്നും തോടുകളിൽ നിന്നും എടുക്കുന്ന മണലും ചെളിയും ബണ്ട് നിർമ്മിക്കുവാൻ ഉപയോഗിക്കാവുന്നതാണ്. രണ്ടാമത് പറയുന്നത് പുളിങ്കുന്ന് ബ്ലോക്കാണ്. വെളിയനാട് തുടങ്ങി കണ്ണാടി, പുളിങ്കുന്ന്, മങ്കൊമ്പ്, കായൽപുരം, വേണാട്ടുകടവ്, കുന്നുമ്മ, മംഗലം കഴിഞ്ഞ് "ഡി" ബ്ലോക്കിന് ഇക്കരെ വരെയുള്ള പ്രദേശങ്ങൾ ആണ്. ഏകദേശം 40 കിലോമീറ്റർ ചുറ്റളവ് ഉണ്ടാകും. മൂന്നാമത്തേത് ചമ്പക്കുളം ബ്ലോക്കാണ്. നെടുമുടി, വൈശ്യംഭാഗം, ചമ്പക്കുളം, ചെമ്പുംപുറം, പള്ളാത്തുരുത്തി, കൈനകരി വെസ്റ്റ്, കുപ്പപ്പുറം (മീനപ്പള്ളി കായൽ ഒഴിച്ചുള്ള ഭാഗം) വരെയുള്ള പ്രദേശം ആണ്. ഇതിനും ഏകദേശം 40 കിലോമീറ്റർ ചുറ്റളവ് ഉണ്ടാകും. നാലാമത്തേത് മുട്ടാർ ബ്ലോക്കാണ്. തലവടി, മുട്ടാർ, മിത്രക്കരി, പുതുക്കരി, രാമങ്കരി, കൊടുപ്പുന്ന, വേഴപ്ര, കണ്ടങ്കരി, നെടുമുടി, മാമ്പുഴക്കരി, പുണ്ണാക്കുന്നം എന്നിവ അടങ്ങുന്നതാണ് നാലാമത്തെ ബ്ലോക്ക്. ഇതിന് ഏകദേശം 50 കിലോമീറ്റർ ചുറ്റളവ് ഉണ്ടാകും. അഞ്ചാമത്തേത് എടത്വ ബ്ലോക്കാണ്. ഇതിൽ ആലംതുരുത്തി, പുളിക്കീഴ്, കടപ്ര, നിരണം, വീയപുരം, കുന്തിരിക്കൽ, പച്ച, എടത്വ, പാണ്ടങ്കരി, പുല്ലങ്ങാടി എന്നീ പ്രദേശങ്ങൾ ഉൾപ്പെട്ടും. ഇതിനും ഏകദേശം 50 കിലോമീറ്റർ ചുറ്റളവ് ഉണ്ടാകും. ആറാമത് കാവാലം ബ്ലോക്ക്. കിടങ്ങറ,

കുന്നംകരി, കുമരംകരി, കാവാലം, കൈനടി വെസ്റ്റ് ബ്ലോക്ക് എത്തുന്നതുവരെയുള്ള പ്രദേശങ്ങളാണ് ഈ ബ്ലോക്കിൽ ഉൾപ്പെടുന്നത്. ഇതിന് ഏകദേശം 40 കിലോമീറ്റർ ചുറ്റളവ് ഉണ്ടാകും. ഏഴാമത്തേത് തകഴി ബ്ലോക്കാണ്. ഇതിന് ഏകദേശം 30 കിലോമീറ്റർ ചുറ്റളവ് ഉണ്ടാകും. ചെറുതന, കുറിച്ചിക്കൽ, തകഴി, കുന്നുമ്മ, കരുമാടി എന്നീ പ്രദേശങ്ങളാണ് ഇതിൽ പെടുന്നത്.

5. നൂറ്റാണ്ടുകൾക്കു മുമ്പു സ്ഥാപിച്ച ചമ്പക്കുളം പള്ളിയും മറ്റു ദേവാലയങ്ങളും നൂറുവർഷത്തിൽ അധികം പഴക്കമുള്ള സ്കൂളും പുതുക്കിപ്പണിയുവാൻ പട്ടയം ലഭിക്കാത്തതിനാൽ ബുദ്ധിമുട്ടുകൾ നേരിടുന്നു. ഈ നിയമങ്ങൾ വരുന്നതിനു മുമ്പ് സ്ഥാപിച്ച ആരാധനാലയങ്ങൾക്കും വിദ്യാഭ്യാസസ്ഥാപനങ്ങൾക്കും താമസ സ്ഥലങ്ങൾക്കും എത്രയും വേഗം പട്ടയം നൽകേണ്ടതാണ്. കമ്മീഷൻ കുട്ടനാട് സന്ദർശിച്ച സമയത്ത് കമ്മീഷന് ലഭിച്ച പ്രധാനപ്പെട്ട ഒരു നിവേദനം പട്ടയം ലഭിക്കാത്തതിനെപ്പറ്റിയാണ്. പട്ടയം ഇല്ലാത്തതിനാൽ വീടുകൾ പുതുക്കിപ്പണിയുന്നതിനും വീടുകൾക്കു മറ്റും കൂടുതൽ സൗകര്യം ഉണ്ടാക്കുന്നതിനും സാധിക്കാത്ത സ്ഥിതിയാണ്. ഇങ്ങനെ പട്ടയം നൽകുന്ന ഭൂമിയിൽ പുതിയ നിർമ്മാണങ്ങൾ മുനിസിപ്പൽ, പഞ്ചായത്ത് ചട്ടങ്ങൾക്കു വിധേയമായി അനുവദിക്കേണ്ടതുമാണ്.

6. നദികളും തോടുകളും വൃത്തിയാക്കുക എന്നതാണ് കുട്ടനാട്ടിലെ ഏറ്റവും വലിയ ആവശ്യം. നദികളിലൂടെ ഒഴുകി വരുന്ന സകല മാലിന്യങ്ങളും കുട്ടനാട്ടിൽ അടിഞ്ഞു കൂടുന്നു. അതിനാൽ തോടുകളിലും നദികളിലും വെള്ളം ഒഴുക്കില്ലാതെ കെട്ടിക്കിടക്കുന്നു. തന്മൂലം ജലം മലിനമാകുന്നു. കുട്ടനാട്ടിലുള്ള നദികളും തോടുകളും അടിയന്തിരമായി വൃത്തിയാക്കി മാലിന്യങ്ങളും മറ്റും മാറ്റി പ്രകൃത്യാ ഉണ്ടായിരുന്ന പൂർവ്വസ്ഥിതിയിലേക്ക് മാറ്റണം. കൃഷിസ്ഥലങ്ങളിലെ കീടനാശിനികളുടെ ഉപയോഗം മൂലമുണ്ടാകുന്ന അവശിഷ്ടങ്ങളും ഒഴുക്കിൽ വരുന്ന മറ്റു അവശിഷ്ടങ്ങളും എല്ലാം കൂടി വലിയ മലിനീകരണപ്രശ്നങ്ങൾ ഉണ്ടാക്കുന്നു. ഒഴുകിവരുന്ന മാലിന്യങ്ങളും എക്കലും നീക്കം ചെയ്ത് നീരൊഴുക്ക് സുഗമമാക്കണം. ഇത് സർക്കാർ അടിയന്തിരമായി പരിഗണിക്കണമെന്ന് കമ്മീഷൻ ശുപാർശ ചെയ്യുന്നു.

7. കുടിവെള്ള ക്ഷാമമാണ് കുട്ടനാട്ടിലെ ജനങ്ങൾ അഭിമുഖീകരിക്കുന്ന മറ്റൊരു പ്രശ്നം. മലിനീകരണം മൂലം അഴുക്കായ തോടുകളിൽ നിന്നും നദികളിൽ നിന്നും വരുന്ന ഉറവകളും കിണറുകൾ മലിനമാക്കുന്നു. സർവ്വത്ര വെള്ളമാണെങ്കിലും കുടിവെള്ളത്തിനായി നെട്ടോട്ടമോടേണ്ട ഗതികേടാണ്. ശുദ്ധജലം എന്നത് ഭരണഘടനയുടെ ഇരുപത്തി ഒന്നാം ഖണ്ഡിക പ്രകാരം ജീവിക്കാനുള്ള അവകാശത്തിന്റെ ഒരു ഭാഗമാണെന്ന് ബഹു.

സുപ്രീം കോടതി വിധി പ്രസ്താവിച്ചിട്ടുണ്ട്. അതുകൊണ്ട് ശുദ്ധമായ കുടിവെള്ളം ലഭിക്കേണ്ടത് അവരുടെ മൗലികാവകാശമാണ്. ആയതിനാൽ എല്ലാവർക്കും നല്ല കുടിവെള്ളം ലഭിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്.

8. തുടരെ ഉണ്ടാകുന്ന വെള്ളപ്പൊക്കം മൂലം റോഡുകളും വീടുകളും വെള്ളത്തിനടിയിലാകുന്നു. ആഴമില്ലാത്ത തോടുകളും നദികളും കായലിലെ വേലിയേറ്റവുമെല്ലാം ഇതിന് കാരണമാകുന്നു. മറ്റു രാജ്യങ്ങളിലെ ജലനിരപ്പിന് താഴെയുള്ള പ്രദേശങ്ങളിൽ ചെയ്യുന്നതുപോലെ ശക്തിയേറിയ പമ്പുകൾ ഉപയോഗിച്ച് വെള്ളം പമ്പ് ചെയ്ത് കളയുവാൻ നടപടി എടുക്കണം.

9. എല്ലാ വർഷവും തോട്ടപ്പള്ളി സ്പിൽവേക്കുവേണ്ടി പൊഴിമുറിക്കാറുണ്ട്. എന്നാൽ പൊഴി തുറന്നശേഷവും കടലിലേക്ക് വെള്ളം സുഗമമായി ഒഴുകുന്നില്ല. അവിടെ ശക്തമായ നാലഞ്ച് ഡി-വാട്ടറിങ് പമ്പുകൾ സ്ഥാപിച്ചാൽ ഇതിനൊരു പരിഹാരമാകും. കരിമണൽ വാരുന്നതിനു വേണ്ടിയാണ് പൊഴി മുറിക്കുന്നത് എന്ന് പലരും ഉയർത്തുന്ന പരാതിയും ഇതോടെ പരിഹരിക്കപ്പെടും. അതുപോലെ തണ്ണീർമുക്കം ബണ്ട് തുറക്കുന്നതും അടയ്ക്കുന്നതും ശാസ്ത്രീയ പഠനത്തിന് വിധേയമാക്കിയാൽ വെള്ളപ്പൊക്കം നിയന്ത്രിക്കുവാനും ഓരുവെള്ളം കയറാതിരിക്കുവാനും അത് സഹായകമാകും.

10. കടം എടുത്ത് വിത്തും വളവും വാങ്ങി കഠിനാധ്വാനം ചെയ്ത് നെൽകൃഷി ചെയ്യുമ്പോൾ കാലാവസ്ഥാ വ്യതിയാനം മൂലവും മറ്റും സമയം തെറ്റി വെള്ളപ്പൊക്കങ്ങൾ ഉണ്ടാകുന്നതിനാൽ കൃഷിനാശം പതിവായിരിക്കുകയാണ്. അതിനാൽ കുട്ടനാട്ടിൽ കർഷകർക്കായി പ്രത്യേക വിള ഇൻഷ്വറൻസ് നടപ്പിലാക്കണം.

11. വളരെക്കാലമായി താമസിക്കുന്നവരാണെങ്കിലും പട്ടയം ഇല്ലാത്തതിനാൽ പലർക്കും ലോൺ കിട്ടുന്നില്ല. സഹകരണ സംഘങ്ങൾ പൂട്ടിപ്പോകുന്നതുമൂലം വട്ടിപ്പലിശക്കാർ കൊള്ളപ്പലിശ ഈടാക്കുന്നതിനാൽ കർഷകർ ബുദ്ധിമുട്ടിലാണ്. ദേശസാൽകൃത ബാങ്കുകളും സമയത്ത് വായ്പകൾ ലഭ്യമാക്കുന്നില്ല. കൂടാതെ നിരവധി നൂലാമാലകൾ സൃഷ്ടിക്കുകയും ചെയ്യുന്നു. വട്ടിപ്പലിശക്കാർ കൊള്ളപ്പലിശ ഈടാക്കുന്നതിൽ നിന്ന് കർഷകരെ മോചിപ്പിക്കുന്നതിന് കുട്ടനാട്ടുകാർക്ക് വേണ്ടി പ്രത്യേകം കടാശ്വാസ കമ്മീഷൻ വേണമെന്നുള്ളതാണ് അവിടുത്തെ മറ്റൊരാവശ്യം. അതു പോലെ ദേശസാൽകൃത ബാങ്കുകളുടേയും സർക്കാരിന്റെ നേതൃത്വത്തിലുള്ള ധനകാര്യ സ്ഥാപനങ്ങളുടെയും ശാഖകൾ കുട്ടനാട്ടിൽ സ്ഥാപിക്കണം. കൃഷി ഇറക്കുന്ന സമയത്ത് ന്യൂനപക്ഷ ധനകാര്യ കോർപ്പറേഷനിൽ നിന്ന് കുറഞ്ഞ പലിശയ്ക്ക് ലോൺ കൊടുക്കണമെന്ന ആവശ്യം നീതീകരിക്കത്തക്കതാണെന്ന് കമ്മീഷൻ കരുതുന്നു.

12. കന്നുകാലികൾ, ആടുമാടുകൾ, കോഴി-താറാവുകൾ എന്നിവയുടെ വളർത്തലും പരിപാലനവും കൊണ്ട് ജീവിക്കുന്നവർ ധാരാളമുണ്ട്. എന്നാൽ തുടർച്ചയായ വെള്ളപ്പൊക്കം മൂലം അവ രോഗം വന്ന് ചത്തുപോകുകയും ചെയ്യുന്നു. കൂടാതെ പക്ഷിപ്പനി മുതലായ രോഗങ്ങൾ ഇവിടെ സാധാരണമാണ്. ആയതിനാൽ മൃഗസംരക്ഷണത്തിനായി ഈ പ്രദേശത്ത് പ്രത്യേക പദ്ധതികൾ ആരംഭിക്കണം. അതു പോലെ തന്നെ പക്ഷിപ്പനി മൂലം താറാവുകളെയും മറ്റും കൂട്ടത്തോടെ നശിപ്പിക്കാൻ സർക്കാർ ഉത്തരവിടുമ്പോൾ ആവശ്യമായ നഷ്ടപരിഹാരം നൽകുന്നതിനായി ഒരു സ്ഥിരം സംവിധാനം ഉണ്ടാകണം എന്നുള്ളതും കുട്ടനാട്ടിലെ ജനങ്ങളുടെ ന്യായമായ ഒരു ആവശ്യമാണ് എന്ന് കമ്മീഷൻ കരുതുന്നു.

13. ധാരാളം തോടുകളും നദികളും ഉള്ള പ്രത്യേക ഭൂപ്രകൃതി കാരണം യാത്രാ സൗകര്യക്കുറവും വളരെയേറെയാണ്. നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവിനും അത് കാരണമാകുന്നു. വിദ്യാർത്ഥികൾക്ക് സ്കൂളുകളിലും കോളേജുകളിലും പോകുവാൻ അത് ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നു. ഇത് വിദ്യാഭ്യാസപരമായും സാമ്പത്തികമായും കുട്ടനാട്ടിലെ ജനങ്ങളെ പിന്നോക്കാവസ്ഥയിലേക്ക് തള്ളിവിടുന്നു. ആയതിനാൽ പ്രധാൻ മന്ത്രി ജൻവികാസ് കാര്യക്രം പദ്ധതിയിൽ ഉൾപ്പെടുത്തി കുട്ടനാടിന്

പ്രത്യേക ഇൻഫ്രാസ്ട്രക്ച്ചർ ഡവലപ്മെന്റ് പ്ലാൻ നടപ്പിലാക്കണമെന്ന ന്യായയുക്തമായ ആവശ്യം കമ്മീഷൻ ശുപാർശ ചെയ്യുന്നു. കൊച്ചിയിൽ നടപ്പാക്കുന്ന "Water Metro" രീതിയിൽ കുട്ടനാട്ടിലും ഒരു Water Transport System നടപ്പാക്കണമെന്നും ശുപാർശ ചെയ്യുന്നു.

14. സാമ്പത്തിക പിന്നോക്കാവസ്ഥയിൽ നിൽക്കുന്ന സംവരണേതര വിഭാഗത്തിലുള്ള കുട്ടനാട്ടിലെ കർഷകർക്ക് EWS ആനുകൂല്യങ്ങൾ സാങ്കേതിക കാരണങ്ങൾ പറഞ്ഞ് നിരാകരിക്കുന്നു. തുടർച്ചയായ വെള്ളപ്പൊക്കം, കൃഷിനാശം മുതലായ അവശതകൾ അനുഭവിക്കുന്ന കുട്ടനാട്ടിലെ കർഷകരുടെ പ്രധാനപ്പെട്ട കൃഷിസ്ഥലം നെൽപ്പാടങ്ങളാണ്. നെൽകൃഷി ചെയ്യണമെങ്കിൽ ഒരു കർഷകന് കുറഞ്ഞത് അഞ്ച് ഏക്കർ സ്ഥലം എങ്കിലും ആവശ്യമാണ്. എന്നാൽ കാര്യമായ വരുമാനം ഒന്നുമില്ലാത്ത കുട്ടനാട്ടിൽ നെൽ കർഷകന് രണ്ടര ഏക്കർ സ്ഥലം ഉണ്ടെന്നു പറഞ്ഞ് ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടുന്നു. EWS ആനുകൂല്യങ്ങൾക്ക് പരിഗണിക്കപ്പെടുവാൻ നെൽപ്പാടം ഉള്ളവർക്ക് രണ്ടര ഏക്കർ എന്ന പരിധി മാറ്റി അഞ്ച് ഏക്കർ ആക്കണമെന്നാണ് ഒരു ആവശ്യം. ഇത് സർക്കാർ പരിഗണിക്കേണ്ട ന്യായമായ ഒരു ആവശ്യമാണ്. ആ രീതിയിൽ EWS മാനദണ്ഡങ്ങൾ പുനർനിർണ്ണയിക്കണം. കുട്ടനാട്ടിൽ

കർഷകർ താമസിക്കുന്ന സ്ഥലം പാടത്തോട് ചേർന്നു തന്നെ ആയതിനാൽ പാടത്തിന്റെ വിസ്തൃതിയും കൂടി ചേർത്ത് Residential Plot ആയി കരുതിയാൽ EWS ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടും. Residential Plot തീരുമാനിക്കുന്നതിന് വീട് സ്ഥിതി ചെയ്യുന്ന വിസ്തീർണ്ണം മാത്രമെ കണക്കാക്കാവൂ എന്നതാണ് മറ്റൊരു ന്യായമായ ആവശ്യം. ഉദ്യോഗസ്ഥർ നിഷേധാത്മകമായ നിലപാട് സ്വീകരിക്കാതിരുന്നാൽ ഈ പരാതി പരിഹരിക്കാവുന്നതാണ്. ഇതിനാവശ്യമായ നിർദ്ദേശങ്ങൾ റവന്യൂ ഉദ്യോഗസ്ഥർക്ക് സർക്കാർ നൽകേണ്ടതാണ്.

15. ഏതാനും വർഷങ്ങൾക്കു മുമ്പു വരെ ടൂറിസം ഭൂപടത്തിൽ കുട്ടനാടിന് നല്ലൊരു സ്ഥാനം ഉണ്ടായിരുന്നു. എന്നാൽ ഇന്ന് ടൂറിസവും ദുരവസ്ഥയിലാണ്. വെള്ളപ്പൊക്കത്തിൽ ദുരിതം അനുഭവിക്കുന്ന ഹോം സ്റ്റേകൾ പുതുക്കി നിർമ്മിക്കുന്നതിനും ഹൗസ് ബോട്ടുകൾ സർവീസിന് ഉപകരിക്കുന്നവ ആക്കിത്തീർക്കുവാനും ന്യൂനപക്ഷ വകുപ്പിൽ നിന്നും ടൂറിസം ഗ്രാന്റ് അല്ലെങ്കിൽ മെയിന്റനൻസ് ഗ്രാന്റ് കൊടുക്കണമെന്ന ന്യായമായ ആവശ്യം കമ്മീഷൻ ശുപാർശ ചെയ്യുന്നു.

16. നെല്ല് സൂക്ഷിക്കുവാനുള്ള അറയും നിരയും ഉണ്ടായിരുന്ന കുട്ടനാട്ടിലെ പഴയ തറവാടുകൾ സംരക്ഷിക്കുന്നതിന് മെയിന്റനൻസ് ഗ്രാന്റ് കൊടുക്കണമെന്ന് മറ്റൊരാവശ്യമുണ്ട്.

കുട്ടനാട്ടിലെ പ്രശസ്തമായ ദേവാലയങ്ങൾ, ക്രിസ്ത്യാനികളെ സംബന്ധിച്ചിടത്തോളം നിരണം പള്ളി, ചമ്പക്കുളം പള്ളി, എടത്വ പള്ളി, പുളിങ്കുന്ന് പള്ളി മുതലായവയും മറ്റു മതങ്ങളുടെ ആരാധനാലയങ്ങൾ ഇവയൊക്കെയും അവയുടെ പൗരാണികമായ നിർമ്മാണം മൂലം പ്രശസ്തമാണ്. ഈ ആരാധനാലയങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് ഒരു പൈതൃക ടൂറിസം സർക്യൂട്ട് ന്യൂനപക്ഷ ക്ഷേമ വകുപ്പിന്റെ നേതൃത്വത്തിൽ ആരംഭിക്കണം. കുട്ടനാട്ടിലെ ദേവാലയങ്ങൾ സംരക്ഷിക്കുന്നതിനായി ഒരു റിലീജിയസ് ടൂറിസം സർക്യൂട്ട് സ്ഥാപിക്കണമെന്നതാണ് മറ്റൊരു ആവശ്യം. ഇത് ടൂറിസം വകുപ്പിന് പരിഗണിക്കാവുന്നതാണ്.

17. പ്ലാസ്റ്റിക് മുതലായ മാലിന്യങ്ങൾ, കൃഷി മാലിന്യങ്ങൾ തുടങ്ങിയവ നശിപ്പിക്കുവാനായി മാലിന്യ സംസ്കരണ യൂണിറ്റുകൾ ആവശ്യമാണ്. പ്ലാസ്റ്റിക് മാലിന്യങ്ങൾ പഞ്ചായത്ത് അടിസ്ഥാനത്തിൽ ശേഖരിക്കുന്നുണ്ടെങ്കിലും അവ സംസ്കരിക്കുന്നതിനുള്ള സംവിധാനങ്ങൾ പഞ്ചായത്തിൽ തന്നെ ഉണ്ടാകേണ്ടതാണ്.

18. വെള്ളപ്പൊക്കകാലത്ത് അടിയന്തിര വൈദ്യസഹായം നൽകത്തക്ക വണ്ണം ബോട്ടിലോ ഹൗസ് ബോട്ടിലോ ആശുപത്രികൾ സംവിധാനം ചെയ്ത് നടപ്പിലാക്കണം. അതുപോലെ സാധാരണ സമയങ്ങളിൽ ആശുപത്രികളിൽ എത്തിച്ചേരാൻ

സ്പീഡ്ബോട്ട് സൗകര്യങ്ങൾ ഏർപ്പെടുത്തണം. അടിയന്തിര സന്ദർഭങ്ങളിൽ ആശുപത്രികളിൽ ചികിത്സ തേടുന്നതിന് ഹൗസ് ബോട്ടുകളിൽ ആംബുലൻസ് സൗകര്യങ്ങൾ ഏർപ്പെടുത്തണം. അതു പോലെ പുളിങ്കുന്ന്, ചമ്പക്കുളം എന്നീ സർക്കാർ ആശുപത്രികളിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തണം. ഇവയെല്ലാം ന്യായമായ ആവശ്യങ്ങൾ ആണ് എന്ന് കമ്മീഷൻ വിലയിരുത്തുന്നു. ഇവയെല്ലാം സർക്കാർ നടപ്പാക്കണം എന്ന് ശുപാർശ ചെയ്യുന്നു.

19. സ്വാദിഷ്ടവും ഗുണമേന്മയേറിയതുമായ കുട്ടനാടൻ പുഞ്ച അരിക്ക് പ്രത്യേക ട്രേഡ് മാർക്ക് നൽകി ഉത്തരവ് പുറപ്പെടുവിക്കണമെന്നതാണ് സർക്കാർ പരിഗണിക്കേണ്ട മറ്റൊരാവശ്യം. അതു വഴി ഉത്പന്നങ്ങൾക്ക് പരമാവധി വില ലഭിക്കുകയും ചെയ്യും. താങ്ങുവില നിശ്ചയിക്കുമ്പോൾ ഉല്പാദന ചിലവിലുള്ള വർദ്ധനവ് കണക്കിലെടുക്കണം. നെല്ലും വിത്തും മറ്റും സംഭരിക്കുമ്പോഴും ഓരോ സ്ഥലത്തേക്ക് മാറ്റുമ്പോഴും ഉണ്ടാകുന്ന ചുമട്ടുകൂലിയിലുള്ള മിനിമം വേജസിന്റെ വർദ്ധനവ്, കൃഷിനാശം ഉണ്ടാകാതിരിക്കുവാനായി ഉപയോഗിക്കുന്ന കീടനാശിനികളുടെയും വളങ്ങളുടെയും വില വർദ്ധനവ് എന്നിവ കൂടി കണക്കിലെടുത്ത് കുട്ടനാട്ടുകാർക്ക് ഒരു ചെറിയ ലാഭവും കൂടി കിട്ടുന്ന വിധത്തിൽ എല്ലാ കാര്യങ്ങളും പരിഗണിച്ചു വേണം നെല്ലിന്റെയും

നാളികേരത്തിന്റെയും താങ്ങുവില നിശ്ചയിക്കേണ്ടത്. നെല്ലും മറ്റു കാർഷിക ഉൽപന്നങ്ങളും സംഭരിച്ചു സർക്കാർ ഏറ്റെടുക്കുമ്പോൾ തന്നെ വില നൽകേണ്ടതാണ്. എങ്കിൽ മാത്രമേ കർഷകർക്ക് കൃഷിക്കുള്ള ചിലവിന് വേണ്ടി എടുത്ത കടം വീട്ടാനാകൂ. കൊയ്ത്താകുമ്പോൾ ചില സ്ഥലങ്ങളിൽ വെള്ളപ്പൊക്കം മൂലം നാശനഷ്ടങ്ങൾ ഉണ്ടാകാറുണ്ട്. കർഷകന്റെ അധ്വാനം മുഴുവൻ പാഴാകുന്ന ഒരു സ്ഥിതിയാണിത്. അങ്ങനെയുള്ളവരുടെ കാർഷിക കടങ്ങൾ മുഴുവൻ എഴുതിത്തള്ളുകയും വിളനാശം ഒരു പ്രകൃതിദുരന്തം ആകയാൽ അത് കണക്കിലെടുത്ത് മതിയായ നഷ്ടപരിഹാരം നൽകുകയും വേണം. കൊയ്ത്തുകഴിഞ്ഞാലുടനെ തന്നെ നെല്ല് സംഭരിക്കുകയും വേണം.

20. കുട്ടനാടിന്റെ ഭൂപ്രകൃതിയും തുടർച്ചയായുണ്ടാകുന്ന വെള്ളപ്പൊക്കവും മൂലം കുട്ടികൾക്ക് മറ്റു സ്ഥലങ്ങളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളെ ആശ്രയിക്കേണ്ടതായി വരുന്നു. അതിനാൽ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ കുട്ടനാട്ടിൽ ഉണ്ടാകേണ്ടിയിരിക്കുന്നു. കുട്ടനാട്ടിലെ പ്രത്യേക സ്ഥിതി പരിഗണിച്ച് ഫീസ് ഇളവ്, സൗജന്യ ഹോസ്റ്റൽ സൗകര്യങ്ങൾ തുടങ്ങിയവ വിദൂരസ്ഥലങ്ങളിൽ പോയി പഠിക്കുന്ന വിദ്യാർത്ഥികൾക്ക് നൽകണമെന്നാണ് അവരുടെ ന്യായമായ ആവശ്യം. തൊഴിൽ സാധ്യത ഏറെയുള്ള നഴ്സിംഗ്, പാരാ മെഡിക്കൽ തുടങ്ങിയ കോഴ്സുകൾ ഉള്ള കോളേജുകൾ

കുട്ടനാട്ടിൽ സ്ഥാപിക്കണം. നാലു ലക്ഷത്തിൽ അധികം ആളുകൾ അധിവസിക്കുന്ന കുട്ടനാട്ടിൽ ആകെ മൂന്നു കോളേജുകൾ മാത്രമാണുള്ളത്. കുട്ടനാടിന്റെ ഭൂപ്രകൃതിക്ക് അനുയോജ്യമായ കോഴ്സുകളായ അഗ്രിക്കൾച്ചർ, ഫിഷറീസ്, എൻവയൺമെന്റ് തുടങ്ങിയ ശാഖകൾ ഉൾപ്പെടുന്ന കോഴ്സുകൾ ഉള്ള കോളേജുകൾ കുട്ടനാട്ടിൽ ആരംഭിക്കണം. ഇപ്പോഴുള്ള കുട്ടനാട് എഞ്ചിനിയറിംഗ് കോളേജ് ഉന്നത നിലവാരത്തിലേക്ക് ഉയർത്തണമെന്ന ആവശ്യവും പരിഗണിക്കേണ്ടതാണ്. കുട്ടനാട്ടിൽ കുട്ടികളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനായി നവോദയ പോലെയുള്ള സ്കൂളുകൾ ആരംഭിക്കണം. കുട്ടനാട്ടിൽ നീന്തൽ, തുഴച്ചിൽ, വോളീബോൾ, ബാസ്കറ്റ് ബോൾ, കബഡി, വാട്ടർപോളോ തുടങ്ങിയ കായിക ഇനങ്ങൾക്കുവേണ്ടി സ്പോർട്ട്സ് കോംപ്ലക്സ് സ്ഥാപിക്കുക എന്നത് കുട്ടനാട്ടിലെ യുവജനങ്ങളുടെയും വിദ്യാർത്ഥികളുടെയും ഒരു വലിയ ആവശ്യമാണ്. അതിനു സഹായകമായ നടപടികൾ സർക്കാരിന്റെ ഭാഗത്തു നിന്നും ഉണ്ടാകണം.

21. ഹൃദ്രോഗം, ഡയബെറ്റിസ്, കാൻസർ തുടങ്ങിയ അസുഖങ്ങൾ വളരെയേറെ ഉണ്ടാകുന്നതിനാൽ ഈ അസുഖങ്ങൾക്ക് സൗജന്യ ചികിത്സ ലഭ്യമാക്കുന്ന ടെർഷ്യറി ആശുപത്രികൾ നിർമ്മിക്കണം.

22. നിരന്തരമായ വെള്ളപ്പൊക്കം മൂലം ധാരാളം ആളുകൾ മറ്റുള്ള സ്ഥലങ്ങളിലേക്ക് പലായനം ചെയ്യുകയാണ്. എന്നാൽ തങ്ങൾ ജനിച്ച് വളർന്ന നാടും നാട്ടുകാരെയും വിട്ട ജീവിതരീതിയും മാറ്റി പുതിയ സ്ഥലത്തേക്ക് പറിച്ച് നടുമ്പോൾ അവർക്ക് മാനസിക സംഘർഷം ഉണ്ടാകും. കുട്ടനാട്ടുകാരുടെ പലായനം ഒഴിവാക്കുവാൻ ഒരു Regulatory Authority തന്നെ സ്ഥാപിച്ചാൽ ഉപകാരമാകും. 2012-ൽ ഐക്യരാഷ്ട്രസഭ കുട്ടനാട്ടിനെ രാജ്യാന്തര കാർഷിക പൈതൃക കേന്ദ്രമായി പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും നാളിതു വരെ യാതൊരു പ്രോജക്ടുകളോ സ്കീമുകളോ നേടിയെടുക്കാൻ കഴിഞ്ഞിട്ടില്ല. ആയതിനു വേണ്ട ശ്രമങ്ങൾ സർക്കാരിന്റെ ഭാഗത്തു നിന്നുണ്ടാകണം.

23. Globally Important Agriculture Heritage System വഴി കുട്ടനാടിന്റെ പൈതൃക കാർഷിക സമ്പ്രദായം സംരക്ഷിക്കുന്നതിന് ഉതകുന്ന സ്കീമുകൾ കൊണ്ടുവരണം. 2015-ൽ സംസ്ഥാന സർക്കാർ കുട്ടനാട്ടിൽ തുടക്കമിട്ട അന്തർദ്ദേശീയ കായൽ ഗവേഷണ പരിപാലന കേന്ദ്രത്തിന്റെ പ്രവർത്തനവും വിപുലപ്പെടുത്തേണ്ടതായിരിക്കുന്നു.

24. കീടനിരീക്ഷണത്തിന് കൃഷി വകുപ്പിന്റെ പ്രത്യേക സംവിധാനം കൊണ്ടുവരണം. ഗ്രൂഡ് അഗ്രിക്കൾച്ചർ പദ്ധതിയിലൂടെ നിലവിലുള്ള ഉത്പാദനം ഇരട്ടി ആക്കുന്നതിനും ജലാശയങ്ങളിലെ

രാസകീടനാശിനികൾ വഴിയുണ്ടാകുന്ന മാലിന്യങ്ങൾ തടയാൻ തക്ക പദ്ധതികളും ഉണ്ടാകണം.

25. കായൽ സംരക്ഷണത്തിനും തണ്ണീർത്തട സംരക്ഷണത്തിനും ജനപങ്കാളിത്തത്തോടുകൂടി പ്രത്യേക അതോറിറ്റി ഉണ്ടാകണം. സ്വാമിനാഥൻ കമ്മീഷൻ നിർദ്ദേശിച്ച കുട്ടനാടിനുള്ള ദീർഘകാലപദ്ധതി ഫലപ്രദമായി നടപ്പാക്കിയില്ല. ജനപങ്കാളിത്തത്തോടുകൂടി ദീർഘകാല പദ്ധതികൾ നടപ്പിലാക്കുക. ഇപ്പോഴുള്ള നിർമ്മാണ പ്രവർത്തനങ്ങളെ കുറിച്ചും വ്യാപകമായ പരാതികളുണ്ട്. കുട്ടനാട്ടിൽ താമസിക്കുന്നവരുടെ പങ്കാളിത്തമുണ്ടെങ്കിലേ പ്രവർത്തനങ്ങൾ ഫലപ്രദമാകൂ.

26. പായൽ, കുളവാഴ എന്നിവയുടെ നിർമ്മാർജ്ജനത്തിന് കുട്ടനാട്ടിൽ ഫലപ്രദമായ സ്ഥിരം സംവിധാനം ഉണ്ടാകണം.

27. ടൂറിസം വർദ്ധനയ്ക്ക് പരിശ്രമിക്കുന്നതോടൊപ്പം കർശന നിയന്ത്രണങ്ങളും പദ്ധതിയിൽ നടപ്പിലാക്കണം. പ്ലാസ്റ്റിക് ഉപയോഗം കുട്ടനാട് ഏരിയയിൽ മുഴുവനുമായി നിരോധിക്കണം.

28. ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്കും കർഷകർക്കും വേണ്ടി ക്ഷേമ പദ്ധതികൾ നടപ്പിലാക്കണം.

29. ശുദ്ധജലം ലഭിക്കുവാൻ റെയിൻ ഹാർവസ്റ്റിംഗ് പദ്ധതികളും വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റുകളും സ്ഥാപിക്കണം.

30. കുട്ടനാട്ടിൽ നിന്നും ശേഖരിക്കുന്ന അരി മുഴുവൻ കുട്ടനാടൻ ബ്രാന്റിൽ വിൽപന നടത്തുന്നതിന് സർക്കാരിന്റെ ആഭിമുഖ്യത്തിൽ ഏറ്റവും ആധുനികമായ റൈസ് മിൽ സ്ഥാപിക്കണം. കുട്ടനാട്ടിലെ ഭൂപ്രകൃതിക്ക് അനുസൃതമായ കൊയ്ത്ത് യന്ത്രം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. കൂടാതെ കാർഷിക അനുബന്ധ ഉപകരണങ്ങൾ റിപ്പയർ ചെയ്യുന്നതിനുള്ള സ്ഥാപനങ്ങൾ കുട്ടനാട്ടിൽ തന്നെ സ്ഥാപിക്കുക തുടങ്ങിയ ആവശ്യങ്ങൾ നടപ്പിലാക്കുന്നതിന് സർക്കാർ നടപടി എടുക്കണം.

31. കുട്ടനാട് റിസർച്ച് ആന്റ് റിവൈവൽ ഇനിഷ്യേറ്റീവ് സൊസൈറ്റിയും ഇന്റർനാഷണൽ റിസർച്ച് ആന്റ് ട്രെയിനിങ് സെന്റർ ഫോർ ബിലോ സീ ലെവൽ ഫാമിങ് ഡയറക്ടർ ഡോക്ടർ കെ.ജി. പത്മകുമാറും മറ്റും തന്നിട്ടുള്ള നിവേദനങ്ങളും മൊഴികളും അതുപോലെ മറ്റു പല സംഘടനകളും തന്നിട്ടുള്ള നിവേദനങ്ങളും ഈ വിഷയത്തിൽ കമ്മീഷനെ കൂടുതൽ സഹായിച്ചു. ചില വ്യക്തിപരമായ നിവേദനങ്ങളും ലഭിക്കുയുണ്ടായി. എന്നാൽ കുട്ടനാട്ടിലെ ജനങ്ങളുടെ, പ്രത്യേകിച്ച് ക്രൈസ്തവരുടെ, പ്രശ്നങ്ങളാണ് ചേർത്തിട്ടുള്ളത്.

32. കുട്ടനാട് കേവലം നെൽകൃഷി മേഖല മാത്രമല്ല ജനവാസ പ്രദേശം കൂടിയാണ്. ആ വസ്തുത സർക്കാർ വേണ്ട വിധത്തിൽ പരിഗണിക്കണം. കുട്ടനാട്ടിലെ മുഖ്യ പ്രശ്നം ജല പരിപാലനമാണ്.

നെൽകൃഷിയിൽ നിന്നും വ്യതിചലിച്ച് 1960-കളിൽ നടപ്പിലാക്കിയ ഹോളണ്ട് പദ്ധതിയുടെ ഭാഗമായി തെങ്ങുകൃഷിയിലേക്കും മത്സ്യം, വാഴ എന്നിവയിലേക്കും മാറിയ കൈപ്പുഴ വെച്ചൂർ കായൽ ഇന്ന് ഒരു ദുരിതഭൂമിയായി മാറിയിരിക്കുന്നു. വെള്ളപ്പൊക്ക നിയന്ത്രണവും മറ്റ് ആനുകൂല്യങ്ങളും നെൽകൃഷിക്ക് മാത്രമായി ചുരുക്കരുത്. പള്ളിവാതുക്കൽ ഫാമിന്റെ സ്ഥിതിയെക്കുറിച്ച് പ്രത്യേകമായി ശാസ്ത്രീയപഠനം നടത്തി സർക്കാർ പരിഹാര മാർഗ്ഗങ്ങൾ ചെയ്യേണ്ടതാണ്.

33. ഭൂവിനിയോഗത്തിന്റെ പുനഃസംഘടന, ജലവിതരണ സംവിധാനങ്ങളുടെ വികസനം, വേനൽക്കാലത്തുണ്ടാകുന്ന ജലത്തിലെ ലവണത, വേലിയേറ്റം തടയൽ തുടങ്ങിയവ പരിഗണിച്ച് ഒരു സമഗ്ര പദ്ധതി ജനപങ്കാളിത്തത്തോടുകൂടി കുട്ടനാട്ടിൽ നടപ്പിലാക്കേണ്ടതാണ്. നദീജലം മുഴുവൻ ഒഴുക്കി കളയുന്നതിനു പകരം അത് ശേഖരിക്കുന്നതിനും ശുദ്ധീകരിച്ച് ജലകലണ്ടർ പ്രകാരം വരൾച്ച കാലത്തും ഉപയോഗിക്കാൻ തക്ക പദ്ധതി ആവിഷ്കരിക്കണമെന്ന് കമ്മീഷൻ ശുപാർശ ചെയ്യുന്നു.

34. സൗജന്യ പി.എസ്.സി., യു.പി.എസ്.സി., ബാങ്ക് കോച്ചിംഗ് സെന്ററുകൾ രണ്ടെണ്ണമെങ്കിലും കുട്ടനാട്ടിൽ അനുവദിക്കണം.

35. കുട്ടനാട്ടിൽ നിന്നുള്ള യുഗപുരുഷനാണ് ഷെവലിയർ ഐ.സി.ചാക്കോ. അദ്ദേഹം ശാസ്ത്രത്തിനും പരിസ്ഥിതിക്കും

രാഷ്ട്രത്തിനും ക്രൈസ്തവസഭയ്ക്കും നൽകിയിട്ടുള്ള സംഭാവനകൾ നിരവധിയാണ്. അദ്ദേഹത്തിന്റെ പേരിൽ കുട്ടനാട്ടിൽ ഒരു പരിസ്ഥിതി ഭൗമശാസ്ത്ര ഗവേഷണ കേന്ദ്രം ആരംഭിക്കണം.

36. 2015-ൽ സംസ്ഥാന സർക്കാർ കുട്ടനാട്ടിൽ തുടക്കമിട്ട അന്തർദ്ദേശീയ കായൽ കൃഷിനില ഗവേഷണ പരിപാലന കേന്ദ്രത്തിന്റെ പ്രവർത്തനം വിപുലപ്പെടുത്തണം.

37. മാവ്, കുടംപുളി, തെങ്ങ് എന്നീ മരങ്ങൾ കുട്ടനാടിന്റെ കാലാവസ്ഥയിൽ സമൃദ്ധമായി വളരുന്നവയാണ്. ഇവയുടെ കൃഷി വ്യാപിപ്പിക്കുകയും വ്യക്തമായ മാർക്കറ്റിംഗ് സംവിധാനങ്ങൾ രൂപപ്പെടുത്തുകയും ചെയ്യണം.

38. ചങ്ങനാശ്ശേരി–ആലപ്പുഴ ടൂറിസം പദ്ധതി ആവിഷ്കരിക്കുകയും കുട്ടനാട്ടിലെ ജലപാതകൾ വികസിപ്പിച്ച് ജല ടൂറിസത്തിനുള്ള പദ്ധതികൾ നടപ്പിലാക്കുകയും വേണം.

39. റാംസർ സൈറ്റിൽ ഉൾപ്പെടുത്തിയ സ്ഥലമായതിനാൽ കുട്ടനാടിന്റെ പരിസ്ഥിതി സംരക്ഷണത്തിനുതകുന്ന പ്രോജക്ടുകൾ കണ്ടെത്തുകയും പ്രാവർത്തികമാക്കുകയും ചെയ്യുക.

40. കീടനിയന്ത്രണത്തിന് ഡ്രോൺ വഴി Unmanned ഏരിയൽ വെഹിക്കിൾ ഘടിപ്പിച്ച് മൾട്ടി സ്പെക്ട്രൽ ക്യാമറ പരിശോധന സംവിധാനം കൊണ്ടുവരണം.

41. പരമ്പരാഗതമായി പുഞ്ചകൃഷിയും, കന്നുകാലി വളർത്തലും മത്സ്യബന്ധനവും താറാവ് വളർത്തലും, തെങ്ങ് കൃഷിയും ചേർന്ന ഭൂജലവിനിയോഗം ആണ് കുട്ടനാട് പ്രദേശത്തെ പ്രധാന ജീവനോപാധികൾ. അതിനാൽ കാർഷിക തീവ്രത വർദ്ധിപ്പിക്കുന്ന സംയോജിത കൃഷിക്രമങ്ങൾക്കാണ് കൂടുതൽ പ്രസക്തി. ഇതിനു അനുയോജ്യമായ വിധത്തിൽ കുട്ടനാടിനെ ഒരു പ്രത്യേക കാർഷികമേഖലയായി പ്രഖ്യാപിച്ച ഭൂവിനിയോഗവുമായി ബന്ധപ്പെട്ട നിയമനിർമ്മാണങ്ങൾ ഉണ്ടാകണം.

42. പരമ്പരാഗത വിത്തിനങ്ങൾ സംരക്ഷിക്കുന്നതിന് പ്രോത്സാഹന ധനസഹായ പദ്ധതി തയ്യാറാക്കുകയും ജൈവകൃഷിക്ക് വേണ്ട സാങ്കേതിക സഹായം നൽകുകയും ചെയ്യണം.

43. കുട്ടനാട്ടിലെ ക്യാൻസർ രോഗികൾക്ക് വേണ്ടി പ്രത്യേക സഹായ പദ്ധതികൾ ആരംഭിക്കണം.

44. മാലിന്യപ്രശ്നങ്ങൾ മൂലവും അശാസ്ത്രീയമായ കൃഷി രീതികൾ മൂലവും വെള്ളവും മണ്ണും വിഷലിപ്തമാകുന്നതിനാൽ ഭിന്ന ശേഷിക്കാരായ കുട്ടികളുടെ എണ്ണം വർദ്ധിക്കുന്നു. ഈ മേഖലയിൽ മാതൃശിശു പരിചരണത്തിനും പരിപാലനത്തിനുമുള്ള പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കണം.

45. കുട്ടനാടിന്റെ പൈതൃക സംരക്ഷണത്തിനായി കുട്ടനാട് മ്യൂസിയം ആരംഭിക്കണം.

46. കുട്ടനാട്ടിലെ അമിത രോഗാതുരതയെ കുറിച്ച് ഒരു എപ്പിഡമോളജിക്കൽ സർവേയും ക്രോണിക്ക് വിഷ ബാധയെക്കുറിച്ച് പഠനവും നടത്തി പരിഹാരം നിർദ്ദേശിക്കണം.

# അധ്യായം 6

## മലയോരപ്രദേശം

1. കേരളത്തിലെ മലയോരകർഷകരിൽ ബഹുഭൂരിപക്ഷവും ക്രിസ്ത്യാനികളാണ്. അതിൽ മഹാഭൂരിപക്ഷം കുടുംബങ്ങൾക്കും ഒരു ഹെക്ടറിൽ താഴെ ഭൂസ്വത്ത് മാത്രമാണ് ഉള്ളത്. പണ്ട് അവർ താമസിച്ചിരുന്ന മേഖലകളിൽ ഭൂമിയുടെ ദൗർലഭ്യം നേരിട്ടപ്പോൾ ഭക്ഷ്യോൽപാദന വർദ്ധനവിനും കാർഷികവിള വർദ്ധനവിനും മുൻകാലങ്ങളിൽ ഭരണകർത്താക്കൾ വലിയ പ്രോത്സാഹനം നൽകിയതിന്റെ ഫലമായി കേരളത്തിലെ ക്രൈസ്തവർ വലിയ ഒരളവിൽ മലയോരങ്ങളിലേക്ക് ധാരാളമായി കുടിയേറുകയും അമ്പൂരി മുതൽ ബദിയഡുക്ക വരെയുള്ള പ്രദേശങ്ങളിൽ ധാരാളമായി കൃഷി ചെയ്യുകയും ചെയ്തു. ഇങ്ങനെയുള്ള പല പ്രദേശങ്ങളും എല്ലാ മതവിഭാഗങ്ങളും സൗഹാർദ്ദത്തോടെ താമസിക്കുന്ന വളരെ ഐശ്വര്യപൂർണ്ണമായ പ്രദേശങ്ങളായി മാറി. എന്നാൽ കഴിഞ്ഞ മൂന്നു ദശാബ്ദങ്ങളായി വർദ്ധിച്ചുവരുന്ന നിയമ പ്രശ്നങ്ങളിലും പ്രകൃതി ദുരന്തങ്ങളിലും പ്രകൃതി ദുരന്ത പ്രതിരോധ നിയമങ്ങളിലും കുരുങ്ങി കർഷകർക്ക് സ്വൈര്യമായി കൃഷി ചെയ്യാനുള്ള സാഹചര്യം ക്രമേണ നഷ്ടപ്പെട്ടു വരികയാണ്. അതോടൊപ്പം കൃഷി വിഭങ്ങൾക്ക് വിപണിയിൽ

ഉണ്ടായിക്കൊണ്ടിരിക്കുന്ന വിലയിടിവ് അവരുടെ സാമ്പത്തിക ഭദ്രതയെ വളരെ കാര്യമായി ബാധിച്ചിട്ടുണ്ട്.

2. ഈ സ്ഥിതിവിശേഷങ്ങൾ മലയോരങ്ങളിൽ താമസിക്കുന്ന എല്ലാ മതസ്ഥരേയും പൊതുവായി ബാധിക്കുന്നവയാണെങ്കിലും, ഇന്നത്തെ അവസ്ഥയിൽ അവ ഏറ്റവും പ്രതികൂലമായി ബാധിക്കുന്നത് ക്രൈസ്തവ വിഭാഗങ്ങളെയാണ്. അതുകൊണ്ടു തന്നെ ഈ പ്രശ്നങ്ങൾ പരിഹരിക്കപ്പെടേണ്ടത് ഒരു ക്രൈസ്തവ അതിജീവന ആവശ്യമായി മാറിയിരിക്കുകയാണ്.

3. ഈ മേഖലയിൽ താമസിക്കുന്ന ആളുകൾ നേരിടുന്ന ഒരു പ്രധാന പ്രശ്നം വനസംബന്ധമായ നിയമങ്ങളാണ്. വനം ആരും കൈയേറരുത് എന്ന കാര്യത്തിൽ ഒരു തർക്കവുമില്ല. എന്നാൽ കർഷകർ കൃഷി ചെയ്യുന്ന സ്ഥലത്തേക്ക് വനസംരക്ഷണം എന്ന പേരിൽ കർഷകന്റെയും കാർഷിക ഭൂമിയുടേയും മേൽ വനനിയമ സമാനമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നത് ന്യായമാണോ എന്ന ചോദ്യം പ്രസക്തം. കേരള വിസ്തീർണ്ണത്തിൽ ഇപ്പോൾ തന്നെ 29% വനമാണ്. അതായത് 11,265 sq.km. ഇന്ത്യയിൽ ആകെ ഫോറസ്റ്റ് ഏരിയ 7,13,789 sq.km. ആണ്. അത് ഇന്ത്യയുടെ ആകെ വിസ്തീർണ്ണത്തിന്റെ 21.77% മാത്രമാണ്. അതായത് ഇന്ത്യയിലെ ശരാശരി വനവിസ്തൃതിയേക്കാൾ വളരെ കൂടുതലാണ് കേരളത്തിലെ വനവിസ്തൃതി ശതമാനം. അതേ സമയം ട്രീ കവർ വച്ച

നോക്കിയാൽ കേരളത്തിലെ ഭൂമിയുടെ 54%-ത്തിലും വനത്തിനു സമാനമായ ട്രീ കവർ ഉണ്ട്. അതായത് "ഫോറസ്റ്റ് ഏരിയ"യുടെ കാര്യത്തിലും "ഫോറസ്റ്റ് ട്രീ കവറി"ന്റെ കാര്യത്തിലും കേരളം ഇന്ത്യയിലെ പൊതു നിലവാരത്തെക്കാൾ വളരെ ഉയർന്ന നിലവാരത്തിൽ നിൽക്കുന്നു.

4. അതേസമയം, ജനസാന്ദ്രതയുടെ കാര്യത്തിലും കേരളം വളരെ മുൻപിലാണ്. കേരളത്തിൽ ചതുരശ്ര കിലോമീറ്ററിൽ 800-ൽ അധികം ആളുകൾ താമസിക്കുമ്പോൾ ഇന്ത്യയിൽ അതിന്റെ പകുതിയോളം ആളുകൾ മാത്രമേ ഒരു ചതുരശ്ര കിലോമീറ്ററിൽ താമസിക്കുന്നുള്ളു. വർദ്ധിച്ച ജനസാന്ദ്രതയുള്ളപ്പോൾ ജനങ്ങൾക്ക് ജീവിക്കാൻ ആവശ്യമുള്ള സ്ഥലത്തിന്റെ അളവു കൂടും. ലഭ്യമായ സ്ഥലം വളരെ കൂടുതൽ അളവിൽ ജീവസന്ധാരണത്തിന് ആവശ്യമായി വരും. ഇപ്പോൾത്തന്നെ രാജ്യ ശരാശരിയേക്കാൾ വളരെ കൂടുതൽ വനം കേരളത്തിലുണ്ട്. അപ്പോൾ സമീപ പ്രദേശത്തുള്ള സ്ഥലം കൂടി വനസ്വഭാവം ഉള്ളതാക്കി മാറ്റിയാൽ മാത്രമേ വനം സംരക്ഷിക്കപ്പെടുകയുള്ളു എന്ന രീതിയിലുള്ള ഒരു അടിയന്തിര സാഹചര്യവും ഇപ്പോൾ നിലനിൽക്കുന്നില്ല. വനത്തിനു വെളിയിലേക്ക് വനസംരക്ഷണത്തിന്റെ പേരിൽ വനനിയമ സമാനമായ നിയന്ത്രണങ്ങൾ കൊണ്ടുവരുന്നത് ജനങ്ങൾക്ക്

ഉപയോഗപ്രദമായ ഭൂമിയുടെ ഉപയോഗം കുറച്ച്, അവരുടെ കഷ്ടപ്പാട് വർദ്ധിപ്പിക്കാൻ മാത്രമേ ഉപകരിക്കുകയുള്ളൂ.

5. ഏതെങ്കിലും പ്രത്യേക സാഹചര്യത്തിൽ, വനസംരക്ഷണ കാര്യങ്ങൾക്കായി വസ്തുവിന്റെ ഉപയോഗം നിയന്ത്രിക്കണം എന്നുണ്ടെങ്കിൽ അങ്ങനെയുള്ള നിയന്ത്രണങ്ങൾ മൂലം കർഷകന് നഷ്ടപ്പെടുന്ന വരുമാനത്തിനും വരുമാന സാധ്യതകൾക്കും മതിയായ നഷ്ടപരിഹാരം കൊടുക്കേണ്ടതാണ്. വനസംരക്ഷണവും മറ്റും സമൂഹത്തിന് പ്രധാനമാണെങ്കിൽ അതിനു വേണ്ട സാമ്പത്തിക നഷ്ടം നികത്തുവാൻ പൊതുസമൂഹത്തിനും സർക്കാരിനും ബാധ്യതയുണ്ട്.

6. വന്യമൃഗസംരക്ഷണ കേന്ദ്രങ്ങൾക്കും ദേശീയ ഉദ്യാനങ്ങൾക്കും ചുറ്റുമുള്ള പ്രദേശങ്ങളിൽ ഒരു കിലോമീറ്റർ വീതിയിൽ ബഫർ സോൺ ആക്കി അവിടെ ഭൂമിയുടെ വിനിയോഗത്തെ നിയന്ത്രിക്കുമെന്നതാണ് ഇപ്പോഴത്തെ വലിയ ആശങ്ക. കർഷകരുടെ ജീവിതം ദുസ്സഹമാക്കാനേ ഇത് ഉതകുകയുള്ളൂ. ഇങ്ങനെ ഒരു കിലോമീറ്റർ വീതിയിൽ ബഫർ സോൺ സൃഷ്ടിച്ചാൽ കേരളത്തിലെ പ്രത്യേക സ്ഥിതി അനുസരിച്ച് പതിനായിരക്കണക്കിന് ഏക്കറുകൾ വരുന്ന കൃഷി സ്ഥലങ്ങളെങ്കിലും ബഫർ സോണായി മാറാൻ സാധ്യതയുണ്ട്. വനപ്രദേശങ്ങളുടെ അതിർത്തി പലസ്ഥലങ്ങളിലും വളഞ്ഞുപുളഞ്ഞു

കിടക്കുന്നതുകൊണ്ട് പലപ്പോഴും കണക്കുകൂട്ടുന്നതിൽ അധികം ഭൂമി വനമേഖലയുടെ ബഫർ സോണായി ഉൾപ്പെട്ടുപോകും.

7. കർഷകർ വനം കൈയ്യേറരുത്, അവിടെ പ്രവേശിക്കരുത് എന്നു പറയുന്നതു ന്യായമാണ്. പക്ഷെ വനപാലകർ അവരുടെ വനസംബന്ധമായ അധികാരങ്ങളുമായി കർഷകരുടെ ഭൂമിയിലേക്കു പ്രവേശിച്ച് അത് വനസമാനമായ ആവാസ വ്യവസ്ഥയാക്കാൻ നിർബന്ധിക്കുന്നത് അത്ര ആശാസ്യമായ കാര്യമാണ് എന്നു തോന്നുന്നില്ല.

8. ധാരാളം സ്ഥലങ്ങൾ വനത്തിനോടടുത്ത് വിജനമായും ഉപയോഗശൂന്യമായും കിടക്കുന്ന ഉത്തരേന്ത്യൻ സംസ്ഥാനങ്ങളുടെ വനപ്രദേശങ്ങൾ മനസ്സിൽ വച്ചാണ് പലരും ഈ പ്രശ്നത്തെ ഒരു കിലോമീറ്റർ അല്ലേ ഉള്ളൂ എന്നു നിസ്സാരവൽക്കരിച്ചു സമീപിക്കുന്നത്. ഓജസ്സുള്ള വനങ്ങളാണ് കേരളത്തിലെ വനങ്ങൾ. ഇപ്പോൾ ആലോചിക്കുന്ന ബഫർ സോണുകളും മറ്റും ഇല്ലാതെ തന്നെ കേരളത്തിലെ വനത്തിന്റെ വിസ്തൃതിയും, ട്രീ കവറിന്റെ വിസ്തൃതിയും സ്വാഭാവികമായിത്തന്നെ ഉയർന്നു കൊണ്ടിരിക്കുകയാണ്. വനവിസ്തൃതി കുറയുകയോ ട്രീ കവർ കുറയുകയോ ചെയ്യുന്ന ഒരു അപകടകരമായ സാഹചര്യത്തിൽ വനശോഷണം തടയുന്നതിനു വേണ്ടി വന അതിർത്തിക്കു വെളിയിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നതിനെക്കുറിച്ച് ചിന്തിക്കുന്നത് ഒരു

പക്ഷെ ആവശ്യമായിരിക്കാം. എന്നാൽ, കേരളത്തിൽ അതിനു നേരേ വിപരീതമായ അവസ്ഥയാണ് ഇപ്പോൾ ഉള്ളത്. പല കാരണങ്ങളാൽ വനമേഖല കൂടുതൽ കൂടുതൽ സമ്പുഷ്ടമായിക്കൊണ്ടിരിക്കയാണ്. ഖനന പ്രവർത്തനങ്ങളോ ഭീമൻ കെട്ടിട നിർമ്മാണങ്ങളോ വനാതിർത്തിയോടടുത്ത മേഖലകളിൽ നിയന്ത്രിക്കുന്നതു മനസ്സിലാക്കാം. പക്ഷെ കൃഷിക്കാരൻ കൃഷി ചെയ്യുന്നതും വീടുവയ്ക്കുന്നതും കിണറു കുഴിക്കുന്നതും തൊഴുത്തുകെട്ടുന്നതും ഷെഡ്ഡുകെട്ടുന്നതും ആരാധനാലയങ്ങളും പള്ളിക്കൂടങ്ങളും ഒക്കെ നടത്തുന്നതും അടുത്തുള്ള വനത്തിന്റെ പേരിൽ നിരോധിക്കുന്നത് യഥാർത്ഥത്തിൽ പൗരസ്വാതന്ത്ര്യത്തിനു മേലുള്ള അന്യായമായ കടന്നു കയറ്റമാണ്.

9. കേരളത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന അതിവർഷത്തിനും കാലവർഷക്കെടുതികൾക്കും കാരണം കുടിയേറ്റകർഷകനാണ് എന്ന രീതിയിലുള്ള ഒരു പ്രചരണം പലപ്പോഴും ശക്തമാണ്. വനാതിർത്തികളിലെ കൃഷിയാണ് ഇതിനു കാരണം എന്നു പലരും ചിന്തിക്കാറുണ്ട്. കുറച്ചുനാളുകൾ മുമ്പ് മഴ കുറഞ്ഞപ്പോൾ അത് കൃഷിക്കായി വനം വെട്ടിത്തെളിച്ചതുകൊണ്ടാണ് എന്ന് ആളുകൾ പറയുമായിരുന്നു. ഇപ്പോൾ മഴ കൂടിയപ്പോഴും അതും കൃഷികൊണ്ടാണ് എന്നാണ് പറയപ്പെടുന്നത്. യഥാർത്ഥത്തിൽ

അടുത്തകാലത്തുണ്ടാകുന്ന വർദ്ധിച്ച മഴ ആഗോളതാപനം കൊണ്ട് ഉണ്ടാകുന്നതാണ്. ആഗോളതാപനത്തിനു കാരണം നഗര വത്കരണവും നഗരവത്കരണത്തിന് വേണ്ടി ഉപയോഗിക്കുന്ന ഊർജ്ജവും വാഹനഗതാഗതവും നഗരജീവിത ശൈലിയും മറ്റുമാണ്. ചെടികളും മരങ്ങളും വെച്ചുപിടിപ്പിക്കുന്ന കേരള കർഷകൻ യഥാർത്ഥത്തിൽ ആഗോളതാപനവിരുദ്ധ പ്രവർത്തനമാണ് നടത്തുന്നത്. നഗരവത്കരണത്തിനു വേണ്ടി നടക്കുന്ന വമ്പൻ നിർമ്മാണപ്രവർത്തനങ്ങൾക്ക് വേണ്ടി മലകൾ ഇടിക്കുന്നതും മലകളിലെ പാറകൾ പൊട്ടിക്കുന്നതും മലകളിലെ റോഡുകളിൽ കൂടി അമിതഭാരമുള്ള വാഹനങ്ങൾ പോകുന്നതു മെല്ലാമാണ് അമിതമഴ പെയ്യുമ്പോഴുള്ള മലയിടിച്ചിലിനു കാരണമാകുന്നത്. ഉദാഹരണത്തിന് വലിയ നിർമ്മാണ പ്രവർത്തനങ്ങൾക്കായിട്ട് പതിനായിരക്കണക്കിന് ലോറി ലോഡ് കല്ലും മണ്ണുമാണ് കടൽത്തീരത്തും നഗരങ്ങളിലും ഉപയോഗിക്കുന്നത്. യഥാർത്ഥത്തിൽ പ്രകൃതി ദുരന്തനിവാരണം സാധ്യമാകണമെന്നുണ്ടെങ്കിൽ നഗരങ്ങളിലെ അമിത നിർമ്മാണവും വൻ പദ്ധതികളുമൊക്കെയാണ് ഒഴിവാകേണ്ടത്. അവയുടെ പേരിലാണ് കുന്നുകളുടെ നശീകരണം നടക്കുന്നത്. അതുകൊണ്ട് ആഗോളതാപനം സൃഷ്ടിക്കുന്ന കാലാവസ്ഥാ വ്യതിയാനത്തെ കർഷകരുടെ ഭൂമി വനവൽക്കരിക്കുന്നതു

കൊണ്ടോ വനസമാനമാക്കുന്നതുകൊണ്ടോ പരിഹരിക്കാൻ പോകുന്നില്ല. ആഗോളവ്യാപകമായി നഗരവൽക്കരണത്തിന്റെ ഭാഗമായി ഉണ്ടായിക്കൊണ്ടിരിക്കുന്ന അധിക താപനത്തിന്റെ ഫലമായി, മലയോരങ്ങളിൽ അധികം മഴമൂലം ഉണ്ടാകുന്ന ഉരുൾപൊട്ടലുകളിൽ നിന്നും വെള്ളപ്പൊക്കത്തിൽ നിന്നും കർഷകജനതയെ സംരക്ഷിക്കാനുള്ള ദുരന്തനിവാരണ നടപടികളാണ് വേണ്ടത്. അല്ലാതെ ദുരന്തനിവാരണത്തിന്റെ പേരിൽ ദുരിതം അനുഭവിക്കുന്നവരുടെ ജീവിതം കൂടുതൽ ദുരിതപൂർണ്ണമാക്കരുത്.

10. അതുപോലെ തന്നെ വന്യമൃഗങ്ങളുടെ ശല്യം കൃഷിക്ക് വലിയ ഭീഷണിയായിത്തീർന്നിട്ടുണ്ട്. വംശനാശ ഭീഷണി നേരിടുന്ന മൃഗങ്ങൾ അവ നാട്ടിലായാലും കാട്ടിലായാലും സംരക്ഷിക്കപ്പെടേണ്ടതുണ്ട്. എന്നാൽ യാതൊരു വിധമായ വംശനാശ ഭീഷണിയും ഇല്ലാത്ത മൃഗങ്ങൾ പെറ്റുപെരുകി കാടുവിട്ട് നാട്ടിലേക്കിറങ്ങി കൃഷി തിന്നും നശിപ്പിച്ചും ഇല്ലാതാക്കിയും കർഷകന്റെ ജീവസന്ധാരണം അസാദ്ധ്യമാക്കിക്കൊണ്ടിരിക്കുന്ന ഒരു സ്ഥിതിയാണ് ഇപ്പോൾ ഉള്ളത്. കാട്ടുപന്നിയുടെ ആക്രമണങ്ങൾ മലയോരങ്ങൾ കടന്ന് പടിഞ്ഞാറോട്ട് ഇപ്പോൾ ഇടനാടുകളിലേക്കും വന്നുകഴിഞ്ഞു. കാട്ടിൽ കിട്ടുന്നതിനേക്കാൾ കൂടുതൽ ഭക്ഷണം പന്നികൾക്ക് നാട്ടിൽ ലഭ്യമാണ്. കാട്ടിൽ

പന്നികളെ ആക്രമിച്ച കൊല്ലുന്ന നിരവധി മറ്റു മൃഗങ്ങൾ ഉണ്ട്. എന്നാൽ നാട്ടിൽ വന്നാൽ മൃഗങ്ങളുടെ ശല്യമൊന്നും പന്നികൾക്കില്ല. പോരെങ്കിൽ പന്നിയെ നശിപ്പിക്കാൻ കഴിവുള്ള മനുഷ്യർ നിയമ നടപടികൾ ഭയന്ന് നിശബ്ദമായി പന്നി ശല്യം സഹിക്കുന്നു. അപ്പോൾ കാട്ടുമൃഗങ്ങൾ കാടുപേക്ഷിച്ച് നാട്ടിലേക്കു വരുന്നു. ഇവ നഗരങ്ങളിലേക്കും റോഡുകളിലേക്കും ഹൈവേകളിലേയ്ക്കും കടന്നുവരുന്നു എന്നും റോഡപകടങ്ങൾക്ക് കാരണമാകുന്നു എന്നും റിപ്പോർട്ടുകൾ ഉണ്ട്. വനത്തിൽ വ്യാപരിക്കേണ്ട മൃഗങ്ങളെ വനത്തിന്റെ പരിധിയിൽ തന്നെ നിലനിർത്താനും അവ വനം വിട്ടുപോകാതിരിക്കാനും ഉള്ള ഉത്തരവാദിത്തം പ്രാഥമികമായി വനം സംരക്ഷിക്കുന്നവർ തന്നെ ഏറ്റെടുക്കേണ്ടതാണ്.

11. കാട്ടിൽ വച്ച് പന്നിയെ കൊല്ലുന്നത് കഠിനശിക്ഷയ്ക്ക് വിധേയമാക്കാം. എന്നാൽ കൃഷിയിടങ്ങളിൽ കൃഷി നശിപ്പിക്കുന്ന പന്നിയെ ഓടിച്ചുവിടാനും, ഓടിപ്പോയില്ലെങ്കിൽ വെടിവെച്ച കൊല്ലാനും ഉള്ള നിയമപരമായ അധികാരം കർഷകനു നൽകുന്നതിൽ ഒട്ടും മടിക്കേണ്ടതില്ല. ഈ അനുവാദം കൊടുത്തതിനു ശേഷം ഒരു പ്രദേശത്തുള്ള പന്നികളുടെ എണ്ണം പരിഗണിച്ച് പന്നി വംശനാശ ഭീഷണിയിലാണെങ്കിൽ ഈ അധികാരം പിൻവലിക്കാവുന്നതുമാണ്.

12. ഇതേ രീതിയിൽ എലി മുതലായ ജീവികളെ കൃഷിയിടങ്ങളിൽ കണ്ടാൽ അവയെ പിടിക്കാനോ കൊല്ലാനോ ഉള്ള അധികാരവും കർഷകനു നൽകേണ്ടതാണ്. കർഷകന്റെ കൃഷിക്കും കൃഷിഭൂമിക്കും വിളവെടുപ്പിനും വിളസംരക്ഷണത്തിനും ഒക്കെ മൃഗങ്ങളുടെ ജീവനക്കാൾ കൂടിയ പ്രാധാന്യം നിയമവ്യവസ്ഥ കൽപ്പിക്കേണ്ടതാണ്. കൃഷിയേക്കാൾ വലുത് മൃഗമാണ് എന്ന സങ്കല്പം തികച്ചും തെറ്റാണ്. കൃഷിയെ സംരക്ഷിക്കാൻ മറ്റു മാർഗ്ഗങ്ങളൊന്നുമില്ലെങ്കിൽ കൃഷിസ്ഥലത്തേക്കു വരുന്ന വംശനാശ ഭീഷണി നേരിടാത്ത ഏതു ജന്തുവിനേയും കൊല്ലാനോ പിടിക്കാനോ ഉള്ള സ്വാഭാവിക നിയമാവകാശം കർഷകനുണ്ടായിരിക്കണം.

13. ആ രീതിയിൽ നിയമങ്ങൾ മാറുന്നതു വരെയുള്ള കാലഘട്ടത്തിൽ കൃഷിയിടങ്ങളിൽ കൃഷിയ്ക്ക് നാശം വരുത്തുന്ന വന്യമൃഗങ്ങൾ കർഷകർ മൂലം പരുക്കേൽക്കപ്പെടുകയോ കൊല്ലപ്പെടുകയോ ചെയ്താൽ, ആ കുറ്റകൃത്യം നടന്നത് കൃഷി ഭൂമിയിലാണെങ്കിൽ, ആ കുറ്റകൃത്യത്തെ കുറിച്ച് അന്വേഷിക്കുന്ന ഉദ്യോഗസ്ഥർക്ക്, അന്വേഷണവേളയിൽ, കുറ്റകൃത്യത്തിൽ ഉൾപ്പെട്ടു എന്നു സംശയിക്കുന്ന ഏതെങ്കിലും വ്യക്തിയെ അറസ്റ്റു ചെയ്യണം എന്നുണ്ടെങ്കിൽ, അറസ്റ്റിനു മുൻപ് ബന്ധപ്പെട്ട കോടതി മുഖാന്തിരം വാറണ്ട് സമ്പാദിച്ചതിനു ശേഷം മാത്രമേ അങ്ങനെ ചെയ്യാവൂ

എന്ന് ഗവൺമെന്റ് വനം വകുപ്പിനോട് നിർദ്ദേശിക്കാവുന്നതാണ്. അങ്ങനെ അറസ്റ്റുചെയ്യപ്പെടുന്ന കർഷകർക്ക് ജാമ്യം ലഭിക്കുന്നതിന്, അയാളൊരു സ്ഥിരം കുറ്റവാളിയല്ലെങ്കിൽ, സർക്കാരുദ്യോഗസ്ഥരോ വനപാലകരോ എതിർപ്പ് പ്രകടിപ്പിക്കാനും പാടില്ല എന്ന് വ്യവസ്ഥ ചെയ്യാവുന്നതാണ്.

14. അഥവാ ഏതെങ്കിലും കാരണവശാൽ കൃഷിനാശത്തിന് കാരണമാകുന്ന വന്യമൃഗങ്ങളെ കൈകാര്യം ചെയ്യുന്നതിന് കർഷകന് അവകാശം നൽകുന്നില്ല എങ്കിൽ അവിടെ സംഭവിക്കുന്ന കൃഷി നാശത്തിന്റെ ബാധ്യതകൾ പൂർണ്ണമായും സർക്കാർ ഏറ്റെടുക്കേണ്ടതാണ്. അതുകൊണ്ടുതന്നെ കൃഷിനാശം സംഭവിക്കുമ്പോൾ കർഷകനു നഷ്ടപ്പെട്ട വരുമാനം എത്രയാണ് എന്നുവച്ചാൽ അതിന്റെ വില സർക്കാർ നഷ്ടപരിഹാരമായി നൽകുന്ന ഒരു സംവിധാനം ഉണ്ടാകണം. ഒരു വാഴയെ പന്നി മറിച്ചിട്ടാൽ ഒരു വാഴക്കുലയുടെ വില കർഷകനു നഷ്ടപരിഹാരം കൊടുക്കണം. സർക്കാരിന്റെ സംരക്ഷണയോടുകൂടി പന്നി കൃഷിസ്ഥലങ്ങൾ ആക്രമിക്കുമ്പോൾ പന്നികളുടെ പ്രവൃത്തി മൂലം കൃഷിക്കാരനുണ്ടാകുന്ന നഷ്ടം നികത്തുവാൻ സർക്കാരിനു ബാധ്യതയുണ്ട്. ഇങ്ങനെ ചെയ്യില്ല എങ്കിൽ വന്യമൃഗശല്യം നഗരങ്ങളിൽ വരെ എത്തിച്ചേരാനും സാധ്യതയുണ്ട്. മൃഗശല്യം മൂലം കൃഷിനാശം മാത്രമല്ല സഞ്ചാരതടസ്സവും പൊതുജന

സുരക്ഷയും എല്ലാം അപകടത്തിലാകുന്ന കാലം അതിവിദൂരമല്ല. ആനയ്ക്കും കടുവയ്ക്കും നാം കല്പിക്കുന്ന പ്രാധാന്യം പന്നിക്കും ക്ഷുദ്ര ജീവികൾക്കും നൽകരുത്. വന്യജീവി സംരക്ഷണം കൃഷിക്കാരന്റെ ചെലവിലാകരുത്.

15. ഇപ്പോൾ വന്യമൃഗശല്യം മൂലം ഉണ്ടാകുന്ന കൃഷിനാശത്തിന് കൊടുക്കുന്ന ആനുകൂല്യങ്ങൾ വളരെ കുറവാണ്. പരിപൂർണ്ണ നഷ്ടപരിഹാരം എന്ന നിലയിലാണ് അത് നൽകേണ്ടത്. മോട്ടോർ വാഹന അപകടങ്ങളിൽപ്പെടുന്നവർക്കു ലഭിക്കുന്ന നഷ്ടപരിഹാര ത്തുക ഏതു രീതിയിൽ കണക്കാക്കപ്പെടുന്നോ ആ രീതിയിൽ തന്നെ വന്യമൃഗശല്യം മൂലമുണ്ടാകുന്ന നഷ്ടപരിഹാരവും കണക്കാക്കണം.

16. മലയോര പ്രദേശങ്ങളിൽ ജനസാന്ദ്രത കുറവാണ്. അതോടൊപ്പം തന്നെ യാത്രാസൗകര്യങ്ങളും പരിമിതമാണ്. ആ നിലയ്ക്ക് നഗരപ്രദേശങ്ങളിൽ അഞ്ചു കിലോമീറ്റർ അകലെയുള്ള ഒരു സ്കൂളിലേക്ക് പോകുന്നതിനേക്കാൾ അതികഠിനമാണ് മലയോര പ്രദേശങ്ങളിൽ അഞ്ചുകിലോമീറ്റർ സഞ്ചരിച്ച് സ്കൂളിൽ പോകുന്നത്. മിക്കവാറും നടന്നു തന്നെ പോകണം. കേരളത്തിലെ സ്കൂളുകളിൽ, പൊതുവേ, കുട്ടികൾ കുറഞ്ഞുകൊണ്ടിരിക്കുന്നു. ഇത് ഏറ്റവും ദോഷകരമായി ബാധിക്കുന്നത് മലയോരഗ്രാമങ്ങളിലുള്ള കുട്ടികളെയാണ്. നഗരപ്രദേശങ്ങളിൽ സ്വാശ്രയ സ്കൂളുകൾ

ധാരാളമായി ഉണ്ടാകുമ്പോൾ മലയോര ഗ്രാമപ്രദേശങ്ങളിൽ സ്വാശ്രയ സ്കൂളുകളും ഹൈസ്കൂളുകളും ഒക്കെ അപൂർവമാണ്. സ്കൂളിലേക്കു പോകുന്നതിന്റെ വിഷമം മുൻനിർത്തി സാമ്പത്തികമായി മുൻനിരയിലുള്ള ഗ്രാമവാസികൾ നഗരങ്ങളിലേക്ക് മാറി താമസിച്ച് അവരവരുടെ കുട്ടികൾക്ക് നല്ല സ്കൂളുകളിൽ അഡ്മിഷൻ വാങ്ങുന്നു. ഇത് സംഭവിക്കുമ്പോൾ ഗ്രാമപ്രദേശത്ത് അവശേഷിക്കുന്ന, കൂടുതൽ ദരിദ്രരായ കുടുംബങ്ങളിലെ കുട്ടികൾക്ക് പഴയ സ്കൂളുകളെ തന്നെ ആശ്രയിക്കേണ്ടതായി വരുന്നു. എന്നാൽ ഈ പഴയ പല എയ്ഡഡ് സ്കൂളുകളും മേൽ വിവരിച്ച ഘടകങ്ങൾ കൊണ്ട് അൺ-ഇക്കണോമിക് സ്കൂളുകളാവുകയും അതുകൊണ്ട് പുതിയ തസ്തികകളോ മെച്ചപ്പെട്ട വിദ്യാഭ്യാസ സൗകര്യങ്ങളോ അവിടെ ലഭ്യമല്ലാതായി തീരുകയും ചെയ്യുന്നു. ഒരു നിശ്ചിത അകലത്തിനകത്തുള്ള വിദ്യാഭ്യാസം ഓരോ കുട്ടിയുടെയും അവകാശം ആണ് എന്നിരിക്കെ ഇങ്ങനെ സ്കൂളുകൾ അൺ-ഇക്കണോമിക് ആയിത്തീരുന്നതുകൊണ്ട് കുട്ടികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസ സൗകര്യം നിഷേധിക്കപ്പെടുകയാണ്. ആയതിനാൽ ജനസാന്ദ്രത കുറഞ്ഞ മലയോര ഗ്രാമപ്രദേശങ്ങളിൽ അവ സ്ഥിതി ചെയ്യുന്ന ഗ്രാമപ്രദേശങ്ങളുടെ ജനസാന്ദ്രത കേരളത്തിലെ ശരാശരി ജനസാന്ദ്രതയിൽ നിന്ന് എത്ര കുറവാണോ, അത്രകണ്ട് കുറവ്

അൺ-ഇക്കണോമിക് എന്നു പരിഗണിക്കുന്ന മാനദണ്ഡങ്ങളിലും വരുത്തേണ്ടതാണ്. ഉദാഹരണത്തിന് ഒരു ക്ലാസിനു വേണ്ട മിനിമം അംഗസഖ്യ 30 കുട്ടികളാണെങ്കിൽ ജനസാന്ദ്രത ചതുരശ്ര കിലോമീറ്ററിന് 250 മാത്രമുള്ള ഒരു പഞ്ചായത്തിൽ അത് കേരള ജനസാന്ദ്രതയുടെ മൂന്നിലൊന്നിൽ താഴെയാണ് എന്നതു മനസ്സിലാക്കി ഒൻപതു കുട്ടികളുണ്ടെങ്കിൽ അത് ജനസാന്ദ്രത കൂടുതലുള്ള നഗരപ്രദേശങ്ങളിലെ മുപ്പതിന് സമാനമാണ് എന്നു പരിഗണിക്കാവുന്നതാണ്. കുട്ടികൾ ഒരു സ്കൂളിൽ വരണമെന്നുണ്ടെങ്കിൽ അവർക്ക് നടക്കാവുന്ന ദൂരവും ആ പ്രദേശത്തെ ജനസാന്ദ്രതയും സ്കൂളുകളുടെ എണ്ണവും ക്ലാസിൽ വേണ്ട മിനിമം കുട്ടികളുടെ എണ്ണവും ഒക്കെ നിശ്ചയിക്കുന്നതിൽ പ്രധാന ഘടകങ്ങളായി പരിഗണിക്കപ്പെടണം.

**17.** ക്രൈസ്തവ ജനത കൂടുതലായി അധിവസിക്കുന്ന മലയോര ഗ്രാമപ്രദേശങ്ങളിൽ ആ പ്രദേശത്തെ എല്ലാ വിഭാഗങ്ങളിലും പെട്ട ജനങ്ങളുടെ അഭിവൃദ്ധിക്കായി കാലാകാലങ്ങളായി സഭാ സമൂഹങ്ങളും സഭാ വിശ്വാസികളും സ്വപ്രയത്നം മൂലം സൃഷ്ടിച്ചെടുത്ത ധാരാളം പഴയ സ്കൂളുകൾ ഈ പുതിയ കാലഘട്ടത്തിൽ "അൺ-ഇക്കണോമിക്ക്" ആയി പോകുന്നതുകൊണ്ട് വികസനം മുരടിക്കുകയാണ്. അതുകൊണ്ടുതന്നെ ജനസാന്ദ്രത കുറഞ്ഞ പ്രദേശങ്ങളിൽ ഇത്തരം ഒരു സമീപനം സ്വീകരിക്കാത്തത് ആ

പ്രദേശത്ത് അധിവസിക്കുന്ന കുട്ടികളടക്കമുള്ളവരോട് കാണിക്കുന്ന വിവേചനമാണ്. ഒരാൾക്ക് വെള്ളം കൊടുക്കുമ്പോൾ വെള്ളം ലഭ്യമാക്കേണ്ടത് അയാൾക്ക് എത്തിപ്പിടിക്കാവുന്ന ദൂരത്തായിരിക്കണം. അയാൾക്ക് അപ്രാപ്യമായ ഒരു സ്ഥലത്ത് വെള്ളം വെച്ചുകൊടുക്കുന്നത് അയാൾക്ക് വെള്ളം നിഷേധിക്കുന്നതിന് തുല്യമാണ്. അതുപോലെ തന്നെ വിദ്യാഭ്യാസം അവകാശമാണെങ്കിൽ ഒരു ന്യായമായ ദൂരത്തിനുള്ളിൽ മെച്ചപ്പെട്ട വിദ്യാഭ്യാസം ഉറപ്പുവരുത്താത്തത് ആ ആളിനോട് അല്ലെങ്കിൽ ആ സമൂഹത്തോട് കാണിക്കുന്ന വിവേചനമാണ്. പ്രത്യേകമായ അവശതകളുള്ളവരുടെ ആവശ്യങ്ങൾ കൂടി കണക്കിലെടുത്തായിരിക്കണം മാനദണ്ഡങ്ങൾ നിർണ്ണയിക്കപ്പെടേണ്ടത്.

18. സ്കൂളുകളിലെ വിദ്യാഭ്യാസ സൗകര്യങ്ങളെപ്പോലെ തന്നെ പ്രധാനമാണ് കോളേജുകളിലെ പഠന സൗകര്യങ്ങളും. മലയോര പ്രദേശത്തെ എയ്ഡഡ് കോളേജുകളിൽ ഉണ്ടാകുന്ന കോഴ്സുകളുടെ എണ്ണം താരതമ്യേന കുറവാണ്. അതുകൊണ്ട് അവിടെ താമസിക്കുന്ന കുട്ടികൾ ഒന്നുകിൽ ദൂരെ സ്ഥലങ്ങളിലെ ഹോസ്റ്റലുകളിൽ താമസിച്ചു പഠിക്കാനോ അല്ലെങ്കിൽ ചെലവു കൂടിയ സ്വാശ്രയ കോളേജുകളെ ആശ്രയിക്കാനോ നിർബന്ധിക്കപ്പെടുന്നു. കഴിയുന്നിടത്തോളം കൂടുതൽ കോഴ്സുകൾ എല്ലാ കോളേജുകളിലും ആരംഭിക്കുക എന്നതാണ് ഇതിനൊരു

പരിഹാരം. അല്ലെങ്കിൽ നഗരപ്രാന്തങ്ങളിലുള്ള കോളേജുകളുമായി ബന്ധപ്പെട്ട മലയോര പ്രദേശങ്ങളിലെ കുട്ടികൾക്ക് ഹോസ്റ്റൽ നിർമ്മിക്കുവാൻ പ്രത്യേകമായ സബ്സിഡി ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് നൽകാവുന്നതാണ്. ഇക്കാര്യത്തിൽ ആൺ കുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകമായ പരിഗണന ലഭിക്കേണ്ടതുണ്ട്.

**19.** മലയോര കർഷകരിൽ വലിയ ഒരു ശതമാനം കൈവശം വച്ചിരിക്കുന്ന ഭൂമി പട്ടയവ്യവസ്ഥകൾക്ക് വിധേയമായ ഭൂമിയാണ്. ഈ ഭൂമിയിൽ എന്തെല്ലാം ചെയ്യാം, എന്തെല്ലാം ചെയ്യാൻ പാടില്ല എന്നും മറ്റുമുള്ള കാര്യങ്ങൾ പല പട്ടയങ്ങൾക്കും പല രീതിയിലാണ്. പട്ടയഭൂമികൾക്ക് എല്ലാം തന്നെ പൊതുവായ നിബന്ധനകൾ ഉള്ളതായിരിക്കും നല്ലത്. സ്വന്തമായി ലഭിക്കുന്ന ഭൂമിയിൽ എല്ലാത്തരം കൃഷികളും ചെയ്യാനുള്ള സ്വാതന്ത്ര്യം കർഷകന് ലഭിക്കേണ്ടതാണ്. അവിടെ ഇഷ്ടമുള്ള മരങ്ങൾ വച്ചുപിടിപ്പിക്കാനും അവ മുറിച്ചുവിൽക്കുവാനും കൃഷി ചെയ്യാനും കൃഷി ഫലങ്ങൾ മാർക്കറ്റ് ചെയ്യാനുമുള്ള അവകാശം കൃഷിക്കാരന്റെ മൗലിക അവകാശങ്ങളായി പരിഗണിക്കേണ്ടതാണ്. അതുപോലെ തന്നെ കർഷകന് ഭൂമി ലഭിക്കുമ്പോൾ ആ ഭൂമി കൃഷിക്ക് ഉപയോഗിക്കാം എന്ന വ്യവസ്ഥ വളരെ വിശാലമായ അർത്ഥത്തിൽ ആണ് മനസ്സിലാക്കേണ്ടത്. കൃഷി എന്നു പറയുമ്പോൾ കർഷകനും

കർഷകപ്പണി ചെയ്യുന്നവനും അവന്റെ ആവശ്യങ്ങളും കൃഷി ആവശ്യങ്ങളായി പരിഗണിക്കപ്പെടേണ്ടതാണ്. കർഷകന്റെ ആരാധനയും ശവസംസ്കാരവും വിദ്യാഭ്യാസവും യാത്രയും എല്ലാം തന്നെ ന്യായമായ കാർഷിക ആവശ്യങ്ങളായി പരിഗണിക്കപ്പെടണം. ഒരു കർഷകൻ മരിച്ചാൽ മൃതദേഹം പട്ടയഭൂമിയിൽ മറവു ചെയ്യുന്നത് പട്ടയ നിബന്ധനകൾക്ക് വിരുദ്ധമാണ് എന്നു പറയുന്നതോ പട്ടയം ലഭിച്ച ഭൂമിയിൽ പള്ളി പണിയുന്നതും സ്കൂളുകൾ നിർമ്മിക്കുന്നതും ചായക്കട നിർമ്മിക്കുന്നതും ചന്തയുണ്ടാക്കുന്നതും ഒക്കെ കാർഷികേതരമായി പരിഗണിക്കുന്നതും കൃഷി എന്ന പദത്തിന്റെ വളരെ പരിമിതമായ നിർവചനമാണ്. കർഷകന്റെ മാനുഷികമായ എല്ലാ ആവശ്യങ്ങളും ഒരു നിശ്ചിത അളവു വരെ ഒരു പ്രദേശത്ത് സാധ്യമാകുന്ന രീതിയിലുള്ള നിർവചനമായിരിക്കണം ഈ വ്യവസ്ഥകൾക്ക് നൽകേണ്ടത്. പ്രകൃതിയെ നശിപ്പിക്കുന്ന ക്വാറി നിർമ്മാണങ്ങളോ തോടുകളോ പുഴകളോ തടസ്സപ്പെടുത്തുന്ന നിർമ്മാണങ്ങളോ പരിസ്ഥിതി മലിനീകരണത്തെ അവഗണിക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങളോ ഒക്കെ പ്രത്യേകമായി നിർവചിച്ച് നിരോധിക്കുന്നതിനു പകരം കൃഷി എന്ന പദം അതിന്റെ നിഘണ്ടു നിർവചനത്തിനനുസൃതമായി മാത്രം നടപ്പാക്കിയാൽ അത്തരം നിബന്ധനകൾ കൃഷിക്കാരന്റെ ജീവിതം അസാധ്യമാക്കും.

ഇക്കാര്യങ്ങൾ വ്യക്തമാക്കി പട്ടയ വ്യവസ്ഥകൾ മാറ്റുകയും ലഘൂകരിക്കുകയും ചെയ്യണം.

20. അങ്ങേയറ്റം പ്രകൃതിരമണീയമായ പ്രദേശങ്ങളാണ് കേരളത്തിലെ മലയോരങ്ങൾ. ചെറിയ രീതിയിലുള്ള ടൂറിസം സംരംഭങ്ങൾക്ക് വലിയ സാധ്യതകളാണ് ഈ പ്രദേശ ങ്ങളിലുള്ളത്. കൃഷിയും കൃഷിയിടവും നശിപ്പിക്കാതെ തന്നെ Sustainable Tourism മോഡലിൽ ധാരാളം പ്രോജക്ടുകൾ മലയോരമേഖലകളിൽ നടപ്പാക്കാവുന്നതാണ്. ഇത് ആ പ്രദേശങ്ങളിലെ ദാരിദ്ര്യത്തിനും തൊഴിലില്ലായ്മക്കും ഒരു വലിയ അളവു വരെ പരിഹാരം ഉണ്ടാക്കും. ഭൂമിയുടെ ഉപയോഗം സംബന്ധിച്ച് പരിസ്ഥിതിയുമായി യാതൊരു ബന്ധവുമില്ലാത്ത ചില പരമ്പരാഗത ചട്ടങ്ങൾ മാത്രം മുൻനിർത്തിയാണ് പലപ്പോഴും ഇതിനെതിരായിട്ടുള്ള വാദഗതികൾ ഉണ്ടാകുന്നത്. ഭൂമിയുടെ ഘടനയും സ്വഭാവവും നീരൊഴുക്കും ട്രീ-കവറും നഷ്ടപ്പെടുത്താതെ നടത്തുന്ന സംരംഭങ്ങൾ എല്ലാ രാജ്യങ്ങളിലും ടൂറിസം വികസനത്തിനായി ഉപയോഗിക്കാറുണ്ട്. അതുകൊണ്ട് Sustainable Tourism മുഖാന്തിരം കൂടുതൽ തൊഴിലവസരങ്ങൾ മലയോര മേഖലയിൽ സൃഷ്ടിക്കുന്നത് അഭികാമ്യമായിരിക്കും.

21. കസ്തൂരിരംഗൻ റിപ്പോർട്ട് അനുസരിച്ചിട്ടുള്ള പരിസ്ഥിതി ലോല പ്രദേശങ്ങൾ കേരളത്തിൽ പ്രഖ്യാപിക്കുമ്പോൾ ജനവാസ

മേഖലയെ പൂർണ്ണമായി ഒഴിവാക്കേണ്ടതാണ് എന്നത് വളരെ ന്യായമായ ഒരു ആവശ്യമാണ്. പശ്ചിമഘട്ടം മഹാരാഷ്ട്ര മുതൽ കേരളം വരെ വ്യാപിച്ച കിടക്കുന്നു. ആറു സംസ്ഥാനങ്ങളിലും പരിസ്ഥിതിലോല പ്രദേശങ്ങൾ നിർവചിക്കപ്പെട്ടിട്ടുണ്ട്. മഹാരാഷ്ട്രയിലും കർണ്ണാടകയിലും ഗോവയിലും തമിഴ്നാട്ടിലും പരിസ്ഥിതിലോല പ്രദേശം എന്നു പ്രഖ്യാപിച്ചിട്ടുള്ള സ്ഥലങ്ങളിലെ മൊത്തം വിസ്തീർണവും ജനവാസവും കണക്കാക്കി അതിനേക്കാൾ കൂടിയ തോതിൽ ഓരോ ചതുരശ്ര കിലോമീറ്ററിലും ജനവാസം ഉള്ള കേരളത്തിലെ കൃഷിഭൂമികളെ പരിസ്ഥിതിലോല മേഖല എന്ന നിർവചനത്തിൽ നിന്ന് ഒഴിവാക്കി പരിഗണിക്കേണ്ടതാണ്. ജനവാസ കേന്ദ്രങ്ങൾ എന്നു പറയുമ്പോൾ ഒരു നിശ്ചിത അളവിൽ ഓരോ ചതുരശ്ര കിലോമീറ്ററിലും ജനങ്ങൾ വസിക്കുന്ന മേഖല എന്നു മനസ്സിലാക്കുന്നതാണ് യുക്തം. കസ്തൂരിരംഗൻ റിപ്പോർട്ടിന്റെ കരട് വിജ്ഞാപനങ്ങൾ അനുസരിച്ച് ആറു സംസ്ഥാനങ്ങളിലായി കിടക്കുന്ന 4,156 ESA വില്ലേജുകളിൽ കേരളത്തിൽ നിന്ന് 123 വില്ലേജുകൾ ഉണ്ട്. എന്നാൽ ജനസംഖ്യ വച്ചു നോക്കുമ്പോൾ കേരളത്തിലെ 123 വില്ലേജുകളിൽ ആകെ പശ്ചിമഘട്ട ESA വില്ലേജുകളിലെ ജനസംഖ്യയുടെ 38% വസിക്കുന്നു. ബാക്കി 4,133 ESA വില്ലേജുകളിൽ 62% മാത്രം ആളുകളാണ് ഉള്ളത്. അതായത് ആകെ ഉള്ള വില്ലേജുകളിൽ 3% മാത്രമാണ് കേരളത്തിലെ ESA

വില്ലേജുകൾ. എന്നാൽ ആ മൂന്നു ശതമാനത്തിലാണ് 38% ESA മേഖലയിലെ ജനങ്ങൾ വസിക്കുന്നത്. അതായത് മറ്റു സംസ്ഥാനങ്ങളിലെ ജനവാസ തോതിനേക്കാൾ 12 ഇരട്ടിയാണ് കേരളത്തിലെ ESA മേഖലയിലെ ജനവാസത്തോത്. അതായത് ചതുരശ്ര കിലോമീറ്ററിൽ 50 പേർ താമസിക്കുന്ന സ്ഥലം മറ്റ് സംസ്ഥാനങ്ങളിൽ ജനവാസ മേഖലയായി പരിഗണിക്കപ്പെടുമ്പോൾ കേരളത്തിൽ 650 പേർ താമസിച്ചാൽ പോലും അതു ജനവാസമേഖലയായി പരിഗണിക്കപ്പെടുന്നില്ല. ഇത് പരിഗണിക്കപ്പെടണം. പശ്ചിമഘട്ടത്തിൽ മൊത്തമായി ഒരു ജനസംഖ്യാധിഷ്ഠിത നിർവചനം ഉണ്ടാകണം. ആയതുകൊണ്ട് ചതുരശ്ര കിലോമീറ്ററിൽ 50-ൽ താഴെ ആളുകൾ താമസിക്കുന്ന പ്രദേശങ്ങളെ മാത്രമേ വിജ്ഞാപനത്തിൽ ഉൾപ്പെടുത്തേണ്ടതുള്ളൂ. ഇതിന്റെ കമ്മിറ്റികളിൽ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്കു കൂടി പങ്കാളിത്തം നൽകണം.

22. കസ്തൂരിരംഗൻ റിപ്പോർട്ടിന്റെ കരടു വിജ്ഞാപനത്തിൽ നിരവധി വില്ലേജുകളെ ESA ആയി പ്രഖ്യാപിക്കുവാൻ ഉൾപ്പെടുത്തിയിരിക്കുകയാണ്. ആയിരക്കണക്കിന് കുടുംബങ്ങൾ തിങ്ങിപ്പാർക്കുന്ന ഭൂരിഭാഗം വരുന്ന ഈ വില്ലേജുകളിലെ ജനവാസ കേന്ദ്രങ്ങളും കൃഷിയിടങ്ങളും തോട്ടങ്ങളും പൂർണ്ണമായും ഒഴിവാക്കി മാത്രമേ അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കാവൂ.

23. ഭൂപരിഷ്കരണ നിയമപ്രകാരം റബർ, ഏലം മുതലായ തോട്ടങ്ങളെ ഭൂപരിധിയിൽ നിന്ന് മാറ്റി നിർത്തിയിട്ടുണ്ട്. ഒരാൾക്ക് നിശ്ചിത പരിധിയിൽ അധികം ഭൂമി പാടില്ല എന്നതാണ് നിയമം. ആരെങ്കിലും ആ ഭൂമി തോട്ടം ഉടമയിൽ നിന്ന് വാങ്ങി മറ്റ് കൃഷികൾ ചെയ്യുമ്പോൾ അത് തോട്ടമാണ് എന്നു പറഞ്ഞ് അയാളെ അതിന് അനുവദിക്കാതിരിക്കുന്നതോ അത് ഭൂപരിധിയ്ക്ക് പുറത്തുള്ള താണെന്ന് പറയുന്നതിലോ ന്യായമായ ഒന്നും കാണുന്നില്ല. ഭൂപരിധി ഒരു വ്യക്തിക്കുള്ളതാണ്. തോട്ടമായി ഒരാൾ കൈവശം വെച്ചിരുന്ന ഭൂമി തോട്ടമായിത്തന്നെ വേറൊരാൾ വാങ്ങിച്ചാൽ അതിൽ പ്രത്യക്ഷത്തിൽ ന്യായവിരുദ്ധമായ ഒന്നുമില്ല. അങ്ങനെ തോട്ടമായി വാങ്ങിച്ചയാൾ ആ തോട്ടത്തിന്റെ മൊത്തം വിസ്തൃതി സാധാരണ ഭൂപരിധിക്ക് താഴെ മാത്രമാണെങ്കിൽ അയാൾ അവിടെ മറ്റു കൃഷിചെയ്യുമ്പോൾ, ആ ഭൂമിയുടെ മുൻ ചരിത്രത്തിന്റെ അടിസ്ഥാനത്തിൽ അതിനെ പുരയിടമായി കണക്കാ ക്കാതിരിക്കുന്നതും അതിന്റെ ഉടമസ്ഥാവകാശം ശരിയല്ല എന്നു പറയുന്നതും യുക്തിസഹമല്ല. ഒരാൾ കൈവശം വച്ചിരിക്കുന്ന ഭൂമിയുടെ പരിധി തോട്ടമല്ലാത്ത 12 ഏക്കറാണെങ്കിൽ, 12 ഏക്കർ തോട്ടം വാങ്ങിച്ച് തെങ്ങുവെക്കുന്ന ആളിന്റെയും ഭൂമിയിലുള്ള അവകാശം പരിരക്ഷിക്കപ്പെടേണ്ടതാണ്.

**24.** പല കാരണങ്ങളാൽ പലതരം പട്ടയങ്ങളാണ് പല മേഖലകളിലും ഉള്ളത്. ഇവയെല്ലാം ഏകീകരിച്ച് കൃഷിക്കാരന് കൃഷി സ്വാതന്ത്ര്യവും വീട്, വിദ്യാഭ്യാസം, ആരാധന, സാംസ്കാരിക പ്രവർത്തനങ്ങൾ മുതലായവ നിശ്ചിത അളവിൽ നടത്താൻ സാധിക്കുന്നതുമായ രീതിയിൽ പട്ടയ വ്യവസ്ഥകൾ ആധുനിക സമൂഹത്തിന്റെ ആവശ്യമനുസരിച്ച് ലഘൂകരിക്കേണ്ടതാണ്. കേരളത്തിൽ ദേശീയ ശരാശരിയെക്കാൾ വളരെ വലിയ അളവിൽ വനമുണ്ട് എന്നതും കൃഷിക്കാർ വച്ചുവളർത്തിയ മരങ്ങളുടെ ആധിക്യം കൊണ്ട് വനമല്ലാത്ത സ്ഥലങ്ങളിൽ പോലും വൃക്ഷസമൃദ്ധി മറ്റെല്ലാ രാജ്യങ്ങളേക്കാളും മെച്ചപ്പെട്ടതാണെന്നുള്ളതു കൊണ്ടും കൃഷി പ്രകൃതി വിരുദ്ധമായ ഒരു നടപടിയാണ് എന്ന മുൻവിധി കൃഷിയുടെ കാര്യത്തിൽ പാടില്ല.

**25.** 1972-ലെ വന്യജീവി സംരക്ഷണ നിയമത്തിലെ വകുപ്പ് 62 പ്രകാരം നിക്ഷിപ്തമായിരിക്കുന്ന അധികാരം ഉപയോഗിച്ച് കാട്ടുപന്നിയെ ക്ഷുദ്രജീവികളായി പ്രഖ്യാപിക്കണം. കൂടാതെ ഒരു പ്രദേശത്ത് വ്യാപകമായിരിക്കുന്ന അത്തരം വന്യജീവികളുടെ ശല്യം നിയന്ത്രിക്കുന്നതിന് അവയുടെ മേലുള്ള പൂർണ്ണ അധികാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു നൽകണം. അതുവരെ 11/1b വകുപ്പു പ്രകാരം സർക്കാരിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരം ഉപയോഗിച്ചുകൊണ്ട് അവ കാർഷിക വിളകളുള്ള

ഭൂമിയിലോ വീട്ടിലോ വന്നാൽ അവയെ ഉപാധിരഹിതമായി കൊല്ലുവാനുള്ള അധികാരം കർഷകർക്ക് നൽകണം.

**26**. 2008-18 കാലഘട്ടത്തിൽ വന്യമൃഗ ആക്രമണങ്ങൾ മൂലം കേരളത്തിൽ 99 പേർ കൊല്ലപ്പെട്ടു. പത്തുവർഷത്തിനുള്ളിൽ കൃഷിനാശം രജിസ്റ്റർ ചെയ്യപ്പെട്ട കേസുകളുടെ എണ്ണം 38,944 ആണ്. വന്യമൃഗങ്ങളുടെ ആക്രമണത്തിൽ കൊല്ലപ്പെടുന്നവർക്കും പരിക്കേൽക്കുന്നവർക്കും മോട്ടോർ ആക്സിഡന്റ് നിയമത്തിൽ നിഷ്കർഷിച്ചിരിക്കുന്നതുപോലെ ഓരോ കേസും പ്രത്യേകമായി എടുത്തുകൊണ്ട് ന്യായമായ സത്വര നഷ്ടപരിഹാരം ഉറപ്പാക്കണം.

**27**. വന്യജീവികളുടെ സ്വാഭാവിക ആവാസ വ്യവസ്ഥ വനവും അതിന്റെ പരിപൂർണ്ണമായ ഉടമസ്ഥാവകാശം സംസ്ഥാന സർക്കാരിനും ഉത്തരവാദിത്തം വനം വകുപ്പിനും ആയിരിക്കെ, വനാതിർത്തിയിൽ തന്നെ വന്യമൃഗങ്ങളെ തടയുന്നതിനു വേണ്ട നടപടികൾ അടിയന്തിരമായി സർക്കാരിന് എടുക്കാവുന്നതാണ്. വന്യജീവികൾ വനത്തിൽനിന്നും കാർഷിക മേഖലയിലേക്കു വരുന്നതു തടയുന്നതിനായി, വന അതിർത്തിക്കുള്ളിൽ തന്നെ അവയ്ക്ക് ഭക്ഷണവും വെള്ളവും ഉറപ്പാക്കണം. മതിയായ വേലി/ട്രഞ്ച് നിർമ്മിച്ച് വന്യജീവികൾ ജനവാസമേഖലയിൽ പ്രവേശിക്കുന്നത് തടയുന്നതിനുള്ള നടപടി സ്വീകരിക്കണം (Rail Fencing, ആനമതിൽ തുടങ്ങിയവ). വംശനാശ ഭീഷണി ഇല്ലാത്ത

വന്യജീവികൾ കൃഷിയിടത്തിൽ ഇറങ്ങിയാൽ കൃഷിസംരക്ഷണത്തിനായി അവയെ ഓടിച്ച വിടുവാനും സ്വജീവനു ഭീഷണിയുണ്ടെങ്കിൽ ജീവസംരക്ഷണത്തിനായി അവയ്ക്കെതിരായി സാഹചര്യത്തിനു അനുസൃതമായ ബലപ്രയോഗം നടത്തുവാനുമുള്ള അധികാരം കർഷകർക്കു നൽകണം.

28. ഓരോ ആവാസവ്യവസ്ഥയ്ക്കും ഉൾക്കൊള്ളാൻ കഴിയുന്ന ജീവികളുടെ എണ്ണം കണക്കാക്കുകയും, മൃഗങ്ങളുടെ കണക്കെടുക്കുകയും, വികസിതരാജ്യങ്ങളുടെ മാതൃക ഉൾക്കൊണ്ട് മൃഗപ്പെരുപ്പം നിയന്ത്രിക്കുകയും വേണം.

29. കേരളത്തിലെ വനങ്ങളിൽ 13 ശതമാനവും വാണിജ്യാവശ്യങ്ങൾക്കുള്ള മരങ്ങളായ തേക്ക്, യൂക്കാലിപ്റ്റസ്, അക്കേഷ്യ പോലുള്ള ഗവൺമെന്റ് തോട്ടങ്ങളാണ്. ഈ ഭൂമികൾ സ്വാഭാവിക വനങ്ങളായി മാറ്റിയാൽ കൃഷിയിടങ്ങളിൽ ഇറങ്ങുന്ന വന്യജീവി ആക്രമണം കുറയ്ക്കുവാൻ സഹായിക്കും.

30. കേരളത്തിലെ വനം റവന്യൂ അതിർത്തി മുഴുവനും ജോയിന്റ് സർവ്വേയുടെ അടിസ്ഥാനത്തിൽ അളന്നു തിരിക്കണം.

31. 1970 മുതൽ ലാൻഡ് ട്രിബ്യൂണൽ നൽകിയ പട്ടയങ്ങൾക്കുള്ള ഭൂപരിഷ്കരണ നിയമത്തിലെ 72K വകുപ്പ് പ്രകാരമുള്ള നിയമ സംരക്ഷണം റദ്ദു ചെയ്തുകൊണ്ട് 1971-ലെ കേരള പ്രൈവറ്റ് ഫോറസ്റ്റ് (വെസ്റ്റിംഗ് & അസൈൻമെന്റ്)

നിയമത്തിൽ മുൻകാല പ്രാബല്യത്തോടെ 2020 മെയ് 22-ന് കേരളസർക്കാർ കൊണ്ടുവന്ന ഓർഡിനൻസ് (35 of 2020) പുനഃപരിശോധിക്കണം.

32. ക്രൈസ്തവ ന്യൂനപക്ഷ കർഷകർക്ക് പലിശ രഹിത ലോണും കൃത്യമായി അടയ്ക്കുന്നവർക്ക് സബ്സിഡിയും ലഭ്യമാക്കുക, സബ്സിഡി ലോണിന്റെ പരിധി പത്ത് ലക്ഷമായി ഉയർത്തുക, അധിക കാർഷിക ലോണിന്റെ പലിശ അഞ്ചു ശതമാനത്തിൽ താഴെയായി നിശ്ചയിക്കുക, കാർഷിക മേഖലയുമായി ബന്ധപ്പെട്ട വിവിധ തരം പദ്ധതികളുടെ അറിയിപ്പുകൾ ഗുണഭോക്താക്കൾക്ക് യഥാസമയം ലഭിക്കുന്നില്ല എന്ന പ്രശ്നം പരിഹരിക്കുന്നതിനു വേണ്ടിയുള്ള നടപടികൾ ഉണ്ടാകണം മുതലായ ആവശ്യങ്ങൾ ന്യായമാണെന്ന് കാണുകയാൽ ഇക്കാര്യങ്ങൾ പരിഗണിക്കണമെന്ന് ശുപാർശ ചെയ്യുന്നു.

33. ചെറുകിടകർഷകർ, തോട്ടം മേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളികൾ എന്നിവർക്ക് ഉപകാരപ്രദമായ തൊഴിലുറപ്പ് പദ്ധതി പരിഷ്കരിക്കണം.

34. സംസ്ഥാനത്തെ വന്യജീവി സങ്കേതങ്ങൾ, ദേശീയ ഉദ്യാനങ്ങൾ എന്നിവയ്ക്കു ചുറ്റും കൃഷിഭൂമിയിലേക്കും ജനവാസ മേഖലയിലേയ്ക്കും ഇറക്കി പരിസ്ഥിതി സംവേദക മേഖല (ESZ) വ്യാപിപ്പിക്കാനുള്ള നീക്കം പുനരാലോചിക്കണം.

**35**. 1.1.1997-ന മുൻപ് കൊടുത്ത ഭൂമിക്ക് ഉപാധിരഹിത പട്ടയം നൽകണം.

**36**. കേരളത്തിലെ കർഷകരുടെ 34,000 ഏക്കർ ഭൂമി ഏറ്റെടുത്തു വനമാക്കിയ നിയമം (Ecologically Fragile Land Act, 2003) പുനഃപരിശോധിക്കുക, ഏറ്റെടുത്ത ഭൂമിക്ക് ബന്ധപ്പെട്ട കർഷകർക്ക് ന്യായമായ നഷ്ടപരിഹാരം നല്കണം. അതുപോലെ തന്നെ ഇനിയും കൂടുതൽ സ്ഥലങ്ങൾ vested forest ആയും EFL ആയും ഏറ്റെടുത്ത് വനമാക്കേണ്ടതില്ല എന്നും ശുപാർശ ചെയ്യുന്നു.

# REPORT

# OF

# JUSTICE J.B. KOSHY COMMISSION

# ON

# CHRISTIAN MINORITIES

# 2023

## ക്രിസ്ത്യൻ ന്യൂനപക്ഷങ്ങൾക്കായുള്ള ജസ്റ്റിസ് ജെ.ബി. കോശി കമ്മീഷൻ റിപ്പോർട്ട്

So(SC)
pl. put up
26/05/2023

**VOLUME: 2**

Justice J.B. Koshy, Commission for Christian Minorities ★
Ernakulam
Date.................

# അധ്യായം 7

## തീരദേശമേഖല

1. ദളിത് ക്രിസ്ത്യാനികളെപ്പോലെ വളരെ കൂടുതൽ പരിഗണന ലഭിക്കേണ്ട വിഭാഗമാണ് മത്സ്യത്തൊഴിലാളികൾ.

2. മത്സ്യത്തൊഴിലാളി മേഖലയിൽ പരമ്പരാഗതമായി പ്രവർത്തിയെടുക്കുന്ന വിഭാഗങ്ങളെ "Most Backward Community" എന്നോ "Utterly Backward Community" എന്നോ "Backward Micro Community" എന്നോ പരിഗണിച്ച് അവർക്ക് പ്രത്യേകമായ ആനുകൂല്യങ്ങൾ കൊടുക്കേണ്ടതാണ്. കഴിഞ്ഞ പത്തുറുപതു വർഷങ്ങളായി സമൂഹത്തിൽ വന്നിരിക്കുന്ന മാറ്റങ്ങളും, പൊതുസമൂഹവും ആഗോളസമൂഹവും അനുവർത്തിച്ച ഊർജ്ജ വിനിയോഗത്തിന്റെ ഫലമായി കാലാവസ്ഥയിൽ വന്നിട്ടുള്ള മാറ്റങ്ങളും, കടൽത്തീരത്തെ ഭൂമിയുടെ ഉപയോഗം സംബന്ധിച്ച് വന്നിട്ടുള്ള നിയന്ത്രണങ്ങളും പരമ്പരാഗത മത്സ്യ മേഖലയിൽ അല്ലാത്തവർ വ്യവസായ താല്പര്യങ്ങളുമായി വൻകിട മത്സ്യബന്ധന സൗകര്യങ്ങൾ സൃഷ്ടിച്ചതുകൊണ്ടും, പരമ്പരാഗത മത്സ്യത്തൊഴിലാളിയുടെ ജീവനോപാധി നഷ്ടപ്പെട്ടു കൊണ്ടിരിക്കുകയാണ്. അതുമൂലം അവർ ദാരിദ്ര്യത്തിലേക്കും ഭൂരഹിത അവസ്ഥയിലേക്കും തൊഴിലില്ലായ്മയിലേക്കും സാമൂഹ്യമായ ഒറ്റപ്പെടലിലേക്കും വഴുതി വീണുകൊണ്ടിരിക്കുന്നു.

ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള മത്സ്യബന്ധനവും മത്സ്യവിപണനവും മത്സ്യസംസ്കരണവും പരമ്പരാഗത മേഖലയിൽ പ്രവർത്തിക്കുന്നവരെ വെറും കാഴ്ചക്കാരായി മാറ്റിക്കൊണ്ടിരിക്കുന്നു.

3. കടലാക്രമണം മൂലം തീരപ്രദേശത്ത് മത്സ്യത്തൊഴിലാളി ഭവനങ്ങളുടെ സുരക്ഷ തീർത്തും ഇല്ലാതായിക്കൊണ്ടിരിക്കുകയാണ്. തിരമാലകളിൽ നിന്ന് പൂജ്യം മീറ്റർ മുതൽ സുമാർ 100 മീറ്ററിൽ താഴെയുള്ള പ്രദേശങ്ങളിൽ ആണ് തീരത്തിനു സമീപം നെടുനീളത്തിൽ തെക്കു വടക്കായി കേരളത്തിലെ മത്സ്യ ത്തൊഴിലാളികൾ ജീവിക്കുന്നത്. താമസിക്കുന്ന വീടുകൾ ഇന്നല്ലെങ്കിൽ നാളെ കടലെടുക്കും എന്ന രീതിയിൽ ആണ് അവരുടെ എല്ലാം ഒരുമുറി-ഇരുമുറി ചെറു ഭവനങ്ങൾ. ഇവർ അനുഭവിക്കുന്ന യാതനകൾ മൂലം വിദ്യാഭ്യാസ നിലവാരത്തിലും ജീവിത നിലവാരത്തിലും മത്സ്യത്തൊഴിലാളി സമൂഹം മറ്റു സമൂഹങ്ങളെ അപേക്ഷിച്ച് കൂടുതൽ കൂടുതൽ പിന്നോക്കാവസ്ഥ യിലേക്ക് തള്ളപ്പെടുകയാണ്. ഈ ആപേക്ഷിക പിന്നോക്കാവസ്ഥയുടെ വ്യാപ്തി സമീപകാലങ്ങളിൽ കാലാവസ്ഥാ വ്യതിയാനങ്ങൾ കൊണ്ട് അതിതീവ്രമായിരിക്കുന്നു.

4. പ്രളയം, കടലാക്രമണം, ചുഴലിക്കാറ്റ്, സുനാമി തുടങ്ങിയ പ്രതിഭാസങ്ങൾ കടൽത്തീരങ്ങളെ വിഴുങ്ങിക്കൊണ്ടിരിക്കയാണ്. മലമുകളിൽ പെയ്യുന്ന മഴയും കടലിലെ കാറ്റും തിരയും ഒരുമിച്ച

ചേരുമ്പോൾ മുങ്ങിപ്പോകുന്നത് കടൽത്തീരവും അവിടെ താമസിക്കുന്ന മനുഷ്യരുമാണ്. അതുപോലെ സമുദ്രത്തിന്റെ ഊഷ്മാവ് ഉയരുന്നതുമൂലം സമുദ്രനിരപ്പ് ഉയരുകയാണ്. ഒരു സെന്റീമീറ്റർ സമുദ്രനിരപ്പ് ഉയർന്നാൽ മൂന്നു മീറ്റർ വീതിയിൽ ഉള്ള തീരമാണ് നഷ്ടപ്പെടുന്നത്. സമുദ്രനിരപ്പ് ഉയർന്നു വരുന്നു എന്നത് വാസ്തവമാണ്. അതു മൂലം എല്ലാ ഭാഗത്തും വളരെ കലശലായ തീരശോഷണം നടക്കുന്നുണ്ട്.

5. മഴയും കാറ്റും എന്നു പറഞ്ഞ് കടലിൽ പോകാൻ നിയമ പ്രകാരം നിഷിദ്ധമായ ദിവസങ്ങൾ സമീപ കാലത്തായി വളരെ കൂടുതലാണ്. ഇന്നു പോയി വലയിട്ടാൽ കിട്ടുമായിരുന്ന മീൻ നാളെ പോയാൽ കിട്ടണമെന്നില്ല. പോരെങ്കിൽ നാളെ പോകാമെന്നും ഒരു ഉറപ്പില്ല. അങ്ങനെ പൊതു നിയമം മൂലം പ്രവർത്തി ദിനങ്ങൾ സ്ഥിരമായി നഷ്ടപ്പെടുമ്പോൾ വർഷത്തിൽ 100 ദിവസം പോലും ഫലപ്രദമായി ജോലി ചെയ്യുവാൻ ഈ സമൂഹത്തിനു സാധിക്കുന്നില്ല. അതുകൊണ്ടു തന്നെ അവരുടെ സ്ഥിര വരുമാനമാർഗ്ഗം ഇല്ലാതാകുന്നു. അതു മൂലം അവർക്കു കൂടുതൽ പണം കടമായി വാങ്ങേണ്ടി വരുന്നു. എന്നാൽ ബാങ്കുകൾ കടം നൽകണമെങ്കിൽ സ്ഥിര വരുമാനവും സ്ഥിര ആസ്ഥികളും പ്രധാനമാണ്. തന്മൂലം CRZ നിയമം മൂലം സ്വന്തം വസ്തുവിന്റെ മൂല്യവും കാലാവസ്ഥാ വ്യതിയാനം മൂലം തൊഴിൽ വരുമാനവും

നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളിക്ക് ബാങ്കിങ് ചട്ടങ്ങൾ ഒരു ബാലികേറാമലയായി മാറുന്നു. അങ്ങനെ അവർ കൊള്ള പ്പലിശക്കാർക്ക് കീഴ്പ്പെടുന്നു. വള്ളവും വലയും കിടപ്പാടവും നഷ്ടമാകുന്ന സ്ഥിതിയിലേക്ക് അവർ വഴുതി വീഴുന്നു. നമ്മുടെ തീരപ്രദേശത്ത് ഇങ്ങനെ തുടർച്ചയായി സംഭവിച്ചു കൊണ്ടിരിക്കുമ്പോൾ അതിനു കാര്യക്ഷമമായ പരിഹാരം കാണേണ്ടതും ആ ജനവിഭാഗങ്ങളെ സംരക്ഷിക്കേണ്ടതും ഭരണ സംവിധാനത്തിന്റെ മൗലികമായ കടമയാണ് എന്നുള്ളതിൽ യാതൊരു തർക്കവുമില്ല. പ്രത്യേകിച്ചും, പൊതു സമൂഹത്തിന്റെ സമ്പത്തു വർദ്ധിക്കുമ്പോൾ അതേ പ്രക്രിയയിലൂടെ ഒരു മൈക്രോ കമ്മ്യൂണിറ്റിയുടെ ജീവിത അവസ്ഥ അപകടത്തിലാകുന്ന സാഹചര്യം ഉണ്ടാകുമ്പോൾ.

**6.** കടൽത്തീരം എന്നുള്ളത് ഒരു പ്രത്യേക സാമൂഹ്യ ആവാസ വ്യവസ്ഥയാണ്. തീരം എന്നുള്ളത് തൊഴിൽ തേടി കടലിലേക്കിറങ്ങുന്ന മത്സ്യത്തൊഴിലാളിയുടെ കവാടമാണ്. തീരത്തോടു തൊട്ടുകിടക്കുന്ന സ്ഥലം മത്സ്യത്തൊഴിലാളിയുടെ അനുബന്ധ കാര്യങ്ങൾക്ക് ആവശ്യമുള്ളതുമാണ്. അതുകൊണ്ട് കടലും തീരവും തീരത്തോടു ചേർന്നു കിടക്കുന്ന പ്രദേശവും മത്സ്യ ത്തൊഴിലാളികളുടേതാണ് എന്ന ഒരു സങ്കല്പം അത്യാവശ്യമാണ്. അതുകൊണ്ടു തന്നെ അവർക്ക് ജീവിക്കാനും തൊഴിൽ ചെയ്യാനും

പഠിക്കാനും ചികിത്സ തേടാനും ഒക്കെയുള്ള സാഹചര്യങ്ങൾ ഈ മേഖലയിൽതന്നെ ഉണ്ടാക്കിയെടുക്കേണ്ടത് ഒരു സമൂഹം എന്ന നിലയിൽ അവരുടെ നിലനിൽപ്പിന് ആവശ്യമാണ്. അവരുടെ ആരാധനാലയങ്ങളും അവരുടെ കളിസ്ഥലങ്ങളും എല്ലാം തന്നെ തീരദേശത്ത് അധിവസിക്കുന്ന മത്സ്യത്തൊഴിലാളികളുടെ സമ്പത്തായി പരിഗണിക്കപ്പെടേണ്ടതാണ്. ആ രീതിയിലുള്ള ഒരു കാഴ്ചപ്പാട് CRZ നിയമങ്ങൾ നടപ്പിലാക്കുമ്പോഴും നമുക്കു വേണ്ടിയിരിക്കുന്നു. വനവാസികൾക്ക് വനത്തിൽ പ്രത്യേക അവകാശങ്ങൾ നിയമം മൂലം നൽകപ്പെട്ടിരിക്കുന്നതുപോലെ കടലിന്റെ മക്കൾ എന്നറിയപ്പെടുന്ന തീരദേശ മത്സ്യത്തൊഴിലാളികൾക്ക് പ്രത്യേകമായ കടലവകാശങ്ങൾ നിയമം വഴി നൽകണം.

7. അവിടെ വ്യവസായങ്ങൾ ഉണ്ടാക്കുമ്പോഴും തുറമുഖങ്ങൾ ഉണ്ടാക്കുമ്പോഴും എല്ലാം തദ്ദേശവാസികളായ മത്സ്യത്തൊഴിലാളികളുടെ ദീർഘകാലത്തെ ഉപജീവനമാർഗ്ഗങ്ങൾ സംരക്ഷിച്ചുവേണം അത്തരം പദ്ധതികൾ നടപ്പിലാക്കാൻ. പരമ്പരാഗത തൊഴിലാളികൾ നിഷ്കാസിതരാകുന്ന സ്ഥിതി വിശേഷം ഉണ്ടാകുവാൻ പാടില്ല. അഥവാ പൊതു സമൂഹത്തിന്റെ വികസനത്തിന് അത്തരം ഏതെങ്കിലും പദ്ധതി ആവശ്യമാണെങ്കിൽ നിഷ്കാസിത കുടുംബത്തിന് കുറഞ്ഞപക്ഷം ഒരു ക്ലാസ്

ഫോർ ജീവനക്കാരന്റെ ശമ്പളത്തിനു തത്തുല്യമായ തുക പ്രതിമാസം ലഭിക്കുന്നു എന്ന് ഉറപ്പു വരുത്തുന്ന സംവിധാനം ഉണ്ടാക്കണം.

8. അതുപോലെ തന്നെ കേരളത്തിലെ മിക്കവാറും എല്ലാ മഹാനഗരങ്ങളും സ്ഥിതിചെയ്യുന്നത് കടൽതീരത്താണ്. ജീവിത ശൈലിയിൽ വന്ന വലിയ വ്യത്യാസങ്ങൾ മൂലം നഗരങ്ങളെല്ലാം തന്നെ വളരെ വലിയ അളവിൽ പ്ലാസ്റ്റിക് മാലിന്യങ്ങളും മറ്റുതരം മാലിന്യങ്ങളും സൃഷ്ടിച്ചുകൊണ്ടേയിരിക്കുന്നു. ഈ മാലിന്യങ്ങളെല്ലാം ഒരു രീതിയിൽ അല്ലെങ്കിൽ മറ്റൊരു രീതിയിൽ കടലിലാണ് അവസാനം ചെന്നെത്തുന്നത്. അതായത് പൊതുസമൂഹത്തിന്റെ ധാരാളിത്തം കൊണ്ട് അവർക്ക് ഉപയോഗിക്കാൻ കഴിയാതെ വരുന്ന അധിക വസ്തുക്കൾ waste ആയി മാറുന്നു. അതിന്റെ ദോഷഫലങ്ങൾ അനുഭവിക്കേണ്ടിവരുന്നത് കടൽ തീരത്ത് താമസിക്കുന്ന വ്യക്തികളാണ്. ദീർഘകാല അടിസ്ഥാനത്തിൽ നഗരം അതിന്റെ മാലിന്യങ്ങൾ കടലിലേക്ക് ഒഴുക്കി തീരദേശ ജനതയെ അപകടത്തിലാക്കുന്നു. അതുകൊണ്ടുതന്നെ തീരദേശ ജനതയുടെ ആരോഗ്യവരുമാന സംവിധാനങ്ങളിൽ വലിയ തരത്തിലുള്ള സബ്സിഡി അല്ലെങ്കിൽ സബ്സിഡിക്ക് സമാനമായ മറ്റു സൗകര്യങ്ങൾ ഏർപ്പെടുത്തണം.

**9.** അതുപോലെ തന്നെ CRZ നിയമങ്ങൾ കർശനമായി നടപ്പാക്കേണ്ടത് പൊതു ആവാസ വ്യവസ്ഥയുടെ അതിജീവനത്തിനുള്ള ആവശ്യമാണ്. അതായത് സമുദ്രവും സമുദ്രതീരവും സംരക്ഷിക്കപ്പെടേണ്ടത് പൊതു സമൂഹത്തിന്റെ നിലനിൽപ്പിന്റെ ആവശ്യമാണ്. അതിനായി വലിയ നിയന്ത്രണങ്ങൾക്ക് വിധേയമാകുന്നത് തീരദേശത്ത് ജീവിക്കുന്ന വ്യക്തികളാണ്. അപ്പോൾ ഏതെങ്കിലും സാഹചര്യത്തിൽ അവിടെ നിന്ന് മാറിത്താമസിക്കേണ്ടി വന്നാൽ അടിസ്ഥാന സൗകര്യങ്ങളും വരുമാനവും ഉറപ്പാക്കേണ്ട രീതിയിൽ ഉള്ള നഷ്ടപരിഹാരം അവർക്ക് നല്കേണ്ടതും പൊതുസമൂഹ ബാധ്യതയാണ്. പുനർഗേഹം മുതലായ പദ്ധതികൾ നടപ്പിലാക്കുമ്പോൾ ഈ തത്വം പ്രായോഗിക തലത്തിൽ കൊണ്ടുവരുവാൻ ശ്രമിക്കേണ്ടതാണ്. മാറ്റപ്പെടുന്ന ഒരു കുടുംബം മാറ്റത്തിനു മുമ്പ് സ്വന്തമാക്കി വച്ചിരുന്ന സ്ഥലത്തിന് തുല്യ അളവിലുള്ള വസ്തുവും തുല്യ അളവിലുള്ള വീടുകളും സൗകര്യങ്ങളും ഒരു സ്ഥിരമായ വരുമാന സബ്സിഡിയും പ്രകൃതി സംരക്ഷണത്തിനായോ കാലാവസ്ഥാ വ്യതിയാനം കൊണ്ടോ മാറ്റിപ്പാർപ്പിക്കപ്പെടുന്ന ആളുകൾക്ക് നൽകണം എന്നത് വളരെ യുക്തിസഹമാണ്.

**10.** തീരം നഷ്ടപ്പെടുന്ന അളവിൽ തന്നെ അതിനു തുല്യമായ ഭൂവിസ്തൃതിയുള്ള പ്രദേശം മത്സ്യത്തൊഴിലാളികളുടെ

താമസത്തിനായി കണ്ടുപിടിച്ച് സർക്കാർ നിശ്ചയിക്കുന്ന മിനിമം സൗകര്യങ്ങളുള്ള വീടുകൾ അവർക്കായി സൗജന്യമായി നിർമ്മിച്ച് നല്കേണ്ടതാണ്. ഇപ്പോൾ നടപ്പാക്കിക്കൊണ്ടിരിക്കുന്ന പുനർഗേഹം പദ്ധതി തീരപ്രദേശങ്ങളിൽ ഉള്ള വസ്തുവിന്റെ വിലയും നിർമ്മാണച്ചിലവും മറ്റും പരിശോധിക്കുമ്പോൾ ഒരു വീടും സ്ഥലവും എന്നുള്ള ആവശ്യം പൂർത്തീകരിക്കാൻ അപര്യാപ്തമാണ്. തീരശോഷണം മൂലം ഉണ്ടാകുന്ന എല്ലാ കഷ്ടനഷ്ടങ്ങൾക്കും അതിനു ഇരയാകുന്നവർക്ക് സഹായം നൽകി സർക്കാർ പരിഹരിക്കേണ്ടതുണ്ട്.

11. ഇവിടെ നാം പ്രത്യേകമായി ശ്രദ്ധിക്കേണ്ടത് തീരപ്രദേശത്ത് നിന്ന് ഒന്നോ രണ്ടോ കിലോമീറ്ററിനകത്തെങ്കിലും താമസിച്ചാൽ മാത്രമേ മത്സ്യബന്ധനവുമായി ബന്ധപ്പെട്ട് ഒരാൾക്ക് ജീവിക്കാൻ സാധിക്കുകയുള്ളൂ. പക്ഷെ തീരപ്രദേശത്തുള്ള ജലാശയങ്ങളും കടലുമായി ചേർന്നുകിടക്കുന്ന പ്രദേശങ്ങളും മാറി സ്വല്പം കിഴക്കോട്ടു പോയാൽ വസ്തുവിന് ഭീമമായ വിലയാണ്. അതുകൊണ്ടുതന്നെ പുനർഗേഹം പദ്ധതി നടപ്പാക്കുമ്പോൾ ഒന്നോ രണ്ടോ കിലോമീറ്ററിനുള്ളിൽ പുതിയ വാസസ്ഥലം പ്രായോഗികമായി ലഭ്യമാകുന്ന രീതിയിലുള്ള നഷ്ടപരിഹാരമാണ് ബന്ധപ്പെട്ടവർക്ക് നല്കേണ്ടത്.

12. മറ്റൊരു പ്രധാന കാര്യം മത്സ്യസമ്പത്ത് പരിമിതമാണ് എന്നതാണ്. കടലിൽ ഇഷ്ടം പോലെ മത്സ്യം ഉണ്ട് എന്നും അത് പിടിച്ചെടുക്കാൻ ധാരാളമായി പുതിയ ഉപാധികൾ ഉപയോഗിച്ച് ആഴക്കടലിൽ പോയാൽ വളരെ വലിയ അളവിൽ പരിധിയില്ലാതെ മത്സ്യം ലഭിക്കും എന്നും മറ്റും ഉള്ള പ്രതീക്ഷ അസ്ഥാനത്താണ്. അതുകൊണ്ടുതന്നെ മത്സ്യത്തൊഴിലാളികളുടെ ഭാവി തലമുറകൾ മത്സ്യബന്ധനത്തിനെ ആശ്രയിച്ച് മാത്രം ജീവിക്കുന്ന ഒരു സാഹചര്യം അവരുടെ സ്ഥിരമായ ദാരിദ്ര്യവൽക്കരണത്തിന് മാത്രമേ സഹായിക്കുകയുള്ളൂ. അതുകൊണ്ടു തന്നെ പരമ്പരാഗത മത്സ്യത്തൊഴിൽ ഉപേക്ഷിച്ച് ഒന്നുകിൽ ആധുനിക രീതിയിൽ ഉള്ള മത്സ്യബന്ധനത്തിനുള്ള പരിശീലനമോ, മത്സ്യ സംസ്കരണ വ്യവസായങ്ങളിൽ പരിചയമോ, പുതിയ മത്സ്യ വിപണന മേഖലയിൽ പ്രവർത്തിക്കാനുള്ള സാധ്യതയോ അല്ലെങ്കിൽ മറ്റ് പൊതുമേഖലകളിൽ കയറിച്ചെല്ലാനുള്ള സൗകര്യങ്ങളോ മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ കുട്ടികൾക്കും യുവതിയുവാക്കൾക്കും നൽകേണ്ടത് വളരെ പ്രധാനപ്പെട്ടതാണ്. വർദ്ധിച്ചുവരുന്ന യാനങ്ങളുടെ എണ്ണം, അമിത മത്സ്യചൂഷണത്തിന് കാരണമാകുന്നതിനാൽ പുതിയ യാനങ്ങൾക്കു രജിസ്ട്രേഷൻ നല്കുന്നതിൽ നിയന്ത്രണം കൊണ്ടു വരണം. മത്സ്യത്തൊഴിലാളികളല്ലാത്തവർ വ്യാവസായികമായ

ചൂഷണത്തിനായി മാത്രം കടന്നുകയറുന്നത് ഒഴിവാക്കി രജിസ്ട്രേഷൻ യഥാർത്ഥ മത്സ്യത്തൊഴിലാളികൾക്കു മാത്രമാക്കണം.

13. മത്സ്യത്തൊഴിലാളി മേഖലയുടെ ഭൂമിശാസ്ത്രപരമായ പ്രത്യേകത പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങളുടെ നടത്തിപ്പിലും കടന്നു വരേണ്ടതാണ്. പലപ്പോഴും തീരമേഖലയെ ചെറിയ ചെറിയ തുറുകളായി മുറിച്ചെടുത്ത് ഓരോ ചെറിയ തുറും മത്സ്യത്തൊഴിലാളികളില്ലാത്ത വൻ ജനസംഖ്യയുള്ള പ്രദേശങ്ങളുമായി സംയോജിപ്പിച്ച് കിഴക്കുപടിഞ്ഞാറായി ആണ് പഞ്ചായത്തുകളെല്ലാം മിക്കപ്പോഴും രൂപപ്പെടുത്തുന്നത്. അതിൽ നിന്ന് വ്യത്യസ്ഥമായി ഓരോ തീരമേഖലയും പഞ്ചായത്തുകളിൽ ഉൾപ്പെടുമ്പോൾ അതിൽ തീരപ്രദേശങ്ങൾ ഉൾപ്പെട്ടാൽ അതിൽ അഞ്ചു കിലോമീറ്റർ തീരപ്രദേശമെങ്കിലും മിനിമം വേണം എന്ന രീതിയിൽ പഞ്ചായത്തുകൾ രൂപീകരിച്ചാൽ പഞ്ചായത്തു നടത്തുന്ന പൊതു വികസനകാര്യങ്ങളിൽ തീരപ്രദേശത്തെ ആവശ്യങ്ങൾക്ക് പ്രാമുഖ്യം ലഭിക്കും. അങ്ങനെ വന്നാൽ പഞ്ചായത്തിന് ധാരാളം സ്കൂളുകൾ ഉള്ളപ്പോൾ തീരപ്രദേശത്ത് സ്കൂളില്ലാ എന്നും പഞ്ചായത്തിന് ധാരാളം ചികിത്സാ കേന്ദ്രങ്ങളുള്ളപ്പോൾ തീരപ്രദേശത്ത് ചികിത്സാ കേന്ദ്രങ്ങളില്ലാ എന്നും മറ്റുമുള്ള പ്രശ്നങ്ങൾ വളരെ വലിയ ഒരളവിൽ കുറച്ചു കൊണ്ടുവരാൻ

സാധിക്കും. അങ്ങനെ ഒരു രീതി ടൂറിസം വികസനത്തിനും മത്സ്യമേഖലയിൽ ജീവിക്കുന്നവരുടെ മെച്ചപ്പെട്ട രാഷ്ട്രീയ പങ്കാളിത്തത്തിനും അധികാര വികേന്ദ്രീകരണത്തിനും ഒക്കെ വളരെ സഹായിക്കും എന്ന കാര്യത്തിൽ സംശയമില്ല. മത്സ്യത്തൊഴിലാളി ശാക്തീകരണത്തിനുള്ള ഒരു പ്രധാന ഉപാധിയായി ഇതിനെ പരിഗണിക്കേണ്ടതുണ്ട്.

14. പരമ്പരാഗത മത്സ്യത്തൊഴിലാളികളും വളരെ ധാരാളമായി ഔട്ട് ബോർഡ് എഞ്ചിനുകളും പലരുമായി കൂട്ടുചേർന്ന് യന്ത്രവൽകൃത ബോട്ടുകളും ഉപയോഗിക്കുന്നുണ്ട്. ഇവ ഓടിക്കുന്നതിന് വേണ്ട മണ്ണെണ്ണയും ഡീസലും യഥാർത്ഥത്തിൽ അതിന് അവർ നൽകേണ്ടുന്ന വില മൂലം അവരെ വലിയ പ്രതിസന്ധിയിൽ കൊണ്ടെത്തിച്ചിരിക്കയാണ്. ഇന്ധനം നേരത്തേ വാങ്ങിയാലേ കടലിലേക്കു പോകാൻ പറ്റൂ. അതിനു വളരെ വലിയ രീതിയിലുള്ള പണം മുടക്കണം. പണ്ട് കടലിൽ പോയി അന്നത്തെ ദിവസം മീൻ ഒന്നും കിട്ടിയില്ലെങ്കിൽ മത്സ്യത്തൊഴിലാളിക്ക് സ്വന്തം അധ്വാനം മാത്രമായിരുന്നു നഷ്ടം. ഇന്ന് അന്നത്തെ ദിവസം മീൻ കിട്ടിയില്ലെങ്കിൽ അന്നേ ദിവസം മീൻപിടുത്തത്തിനു വേണ്ടി വാങ്ങിയ ഇന്ധനത്തിന്റെ വില അധ്വാനനഷ്ടത്തോടൊപ്പം സാമ്പത്തിക നഷ്ടവും വരുത്തിവയ്ക്കുന്നു. തന്മൂലം മത്സ്യ ബന്ധനത്തിലുള്ള സാമ്പത്തിക റിസ്ക് ഇന്നത്തെ കാലത്ത് പഴയ

കാലത്തെക്കാൾ വളരെ കൂടുതലാണ്. ഇതുമൂലം പലപ്പോഴും ഇന്ധനം നിറക്കുന്നതിന് മത്സ്യം കുറഞ്ഞ വിലക്ക് മുൻകൂട്ടി വിൽക്കേണ്ട സാഹചര്യവും ഉളവാകുന്നുണ്ട്. അങ്ങനെ യഥാർത്ഥത്തിൽ ഡീസലും മണ്ണെണ്ണയും മത്സ്യത്തൊഴിലാളികളെ സംബന്ധിച്ചിടത്തോളം ചൂഷണ ഉപാധികൾ തന്നെയായി ത്തീരുന്നു. ഇക്കാര്യത്തിൽ മനുഷ്യത്വപരമായ ഒരു സമീപനത്തിന് വലിയ പ്രസക്തി ഉണ്ട്. ഒരു നിശ്ചിത അളവിലുള്ള ഡീസലോ മണ്ണെണ്ണയോ തികച്ചും സൗജന്യമായും, വേറൊരു അളവിലുള്ള ഡീസലും മണ്ണെണ്ണയും പൂർണ്ണമായി നികുതി ഒഴിവാക്കിയുള്ള വിലയിലും പരമ്പരാഗത മത്സ്യത്തൊഴിലാളി മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് ബോട്ടുകളുടെ അടിസ്ഥാനത്തിൽ നൽകാവുന്നതാണ്. ഇന്ധന വിലവർദ്ധനവ് മൂലം കഷ്ടപ്പെടുന്ന മത്സ്യമേഖലക്ക് പ്രത്യേക നികുതിയിളവ്, സബ്സിഡി എന്നിവ നല്കി സഹായിക്കണം. മത്സ്യബന്ധന മേഖലയെ ഉത്പാദന മേഖലയായി കണക്കാക്കി അമിത നികുതിഭാരത്തിൽ നിന്ന് ഒഴിവാക്കണം. പ്രതിമാസം ഒരു തൊഴിൽ ഉടമയ്ക്ക് 3,750 ലിറ്റർ (150 x 25) മണ്ണെണ്ണ ലഭ്യമാക്കുന്നതിനും ഫിഷ് ലാന്റിംഗ് സെന്ററുകൾ കേന്ദ്രീകരിച്ച് മണ്ണെണ്ണ ബങ്കുകൾ സ്ഥാപിക്കാനും ഉള്ള നടപടികൾ സ്വീകരിക്കണം.

**15.** കാലാവസ്ഥയിലുള്ള ഗണ്യമായ മാറ്റം മത്സ്യ ത്തൊഴിലാളികളുടെ തൊഴിൽ ദിനങ്ങളിൽ വലിയ ഇടിവ് ഉണ്ടാക്കിയിട്ടുണ്ട്. കാലാവസ്ഥാ പ്രവചനം മൂലം ധാരാളം ദിവസങ്ങളിൽ മത്സ്യബന്ധനം തന്നെ സർക്കാർ നിരോധിക്കുന്നു. ഇതുമൂലം അവർക്ക് തൊഴിൽ നഷ്ടം ഉണ്ടാകുന്നു. ഇത് പരിഗണിച്ച് ഒരു സ്ഥിരഫണ്ട് രൂപീകരിച്ച നഷ്ടപ്പെടുന്ന തൊഴിൽ ദിനങ്ങൾക്ക് വറുതികാലത്തു ഭാഗിക നഷ്ടപരിഹാരമെങ്കിലും കൊടുക്കണം. പ്രകൃതിക്ഷോഭം മൂലം ജാഗ്രതാ നിർദ്ദേശത്തെ തുടർന്നു തൊഴിൽ ദിനങ്ങൾ നഷ്ടപ്പെടുകയാണെങ്കിൽ ഒരു ദിവസത്തെ സംസ്ഥാനത്തെ standard minimum wage എന്ന കണക്കിലെങ്കിലും ഒരു തുക കാലാവസ്ഥാ പ്രവചനം മൂലം തൊഴിൽ നഷ്ടപ്പെടുന്ന ദിവസങ്ങളിൽ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് നല്കേണ്ടതാണ്. ഒപ്പം, തീരദേശത്തെ മത്സ്യ ത്തൊഴിലാളികളെ കൂടെ ഉൾപ്പെടുത്തി മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി വിപുലീകരിക്കണം. ഇതിനാവശ്യമായ ഭേദഗതിക്ക് കേന്ദ്ര സർക്കാരുമായി കൂടിയാലോചിച്ച് വേണ്ട നടപടികൾ എടുക്കണം.

**16.** അതുപോലെ തന്നെ പ്രകൃതി ദുരന്തങ്ങൾക്ക് ഇരയാകുന്ന മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്ക് പൂർണ്ണമായ നഷ്ട പരിഹാരം നൽകണം.

17. പ്രകൃതി ദുരന്തങ്ങളുടെ കേന്ദ്ര പട്ടികയിൽ കടലാക്രമണത്തെ പെടുത്താത്തത് ആശ്ചര്യകരമാണ്. നദിയിലെ വെള്ളം പൊങ്ങി കരയിലേക്കു വരുന്നത് പ്രകൃതി ദുരന്തമാണ് എങ്കിൽ കടലിലെ വെള്ളം പൊങ്ങി കടൽ തീരത്തുള്ള വീടുകളിലേക്കു വരുന്നത് തീർച്ചയായും പ്രകൃതി ദുരന്തം തന്നെയായി പരിഗണിക്കേണ്ടതാണ്. ഇതിനെ പ്രകൃതി ദുരന്തമായി പരിഗണിച്ചാൽ ഇതിനെതിരായിട്ടുള്ള പ്രവർത്തനങ്ങൾക്കും ഇതിലുൾപ്പെടുന്നവരെ സഹായിക്കുന്നതിനും വളരെ വലിയ തോതിലുള്ള സഹായം ദുരന്തനിവാരണ ഫണ്ടുകളിൽ നിന്നും നല്കാവുന്നതാണ്. ദുരന്തമാനദണ്ഡങ്ങൾ പരിഷ്കരിക്കുന്നതിനും ദുരിതാശ്വാസ ഫണ്ട് ഇതിലേക്ക് ലഭ്യമാക്കുന്നതിനും കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തണം.

18. ഈ പ്രശ്നങ്ങൾ ഒരു പ്രത്യേക തൊഴിൽ മേഖലയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന പ്രശ്നങ്ങൾ ആണെങ്കിലും ഇവ കൂടുതലായി ദോഷം ചെയ്യുന്നത് ഒരു ക്രൈസ്തവ ന്യൂനപക്ഷ സമൂഹത്തിനെയാണ്. ഒരു ന്യൂനപക്ഷ സമൂഹത്തിലെ ബഹു ഭൂരിപക്ഷം ആളുകൾ ഈ രീതിയിലുള്ള അപകടകരമായ ഒരു സാമൂഹ്യ-തൊഴിൽ-സാമ്പത്തിക അവസ്ഥയിൽ ചെന്നെത്തുമ്പോൾ ആ അവസ്ഥ ഒരു ന്യൂനപക്ഷ പ്രശ്നമായിത്തന്നെ പരിഗണിക്കപ്പെടേണ്ടതുണ്ട്. മത്സ്യത്തൊഴിലാളികളുടെ ജീവിത

ശോച്യാവസ്ഥ ലത്തീൻ കത്തോലിക്കാ സമൂഹത്തിന്റെ നിലനിൽപ്പിനെ തന്നെ ബാധിക്കുന്ന ഒരു പ്രശ്നമായി തീർന്നിരിക്കുന്നതു കൊണ്ട് കേരളത്തിന്റെ തീരപ്രദേശങ്ങളിലെ മത്സ്യബന്ധനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ വളരെ കാതലായ ഒരു ന്യൂനപക്ഷ പ്രശ്നം കൂടിയാണ് എന്ന് പരിഗണിക്കുന്നതിൽ അപാകതയുണ്ട് എന്ന് തോന്നുന്നില്ല. ന്യൂനപക്ഷം എന്നുള്ള നിലയിൽ ലത്തീൻ കത്തോലിക്കാ മത്സ്യത്തൊഴിലാളികൾക്കു ലഭിക്കുന്ന പരിഗണന ഇതര മതസ്ഥരായ മത്സ്യ ത്തൊഴിലാളികൾക്കും അവരവരുടെ പ്രദേശങ്ങളിൽ നൽകുന്നത് പരിഗണിക്കാവുന്നതാണ്. പരമ്പരാഗത മത്സ്യത്തൊഴിലാളികളിൽ വളരെ കൂടുതൽ ആളുകൾ ലത്തീൻ സഭാ വിഭാഗത്തിലായതുകൊണ്ട് ലത്തീൻ മത്സ്യത്തൊഴിലാളികളുടെ പ്രശ്നങ്ങളെ ലത്തീൻ സഭയുടെ ആകമാന പിന്നോക്കാവസ്ഥയിൽ നിന്നു വേർതിരിച്ച് കാണാൻ കഴിയുന്നതല്ല.

19. മത്സ്യത്തൊഴിലാളി മേഖലയെ പൊതുവായി കഷ്ടപ്പെടുത്തുന്ന ഒരു വലിയ സാമൂഹ്യപ്രശ്നമാണ് കടബാധ്യത. ജോലിയുടെ പ്രത്യേകത കൊണ്ട് എന്തെങ്കിലും ഒരു ദിവസത്തിലോ ഒരു സമയത്തോ ശമ്പളം ലഭിക്കുന്നതുപോലെ നിജമായ രീതിയിൽ ഉള്ള വരുമാനം മത്സ്യത്തൊഴിലാളിക്ക് ലഭിക്കുകയില്ല. അപ്പോൾ എല്ലാ ആവശ്യങ്ങൾക്കും എപ്പോഴും കടമെടുക്കേണ്ട ഒരു

സ്ഥിതിയിൽ അവർ ചെന്നെത്തുന്നു. മിക്കവാറും എല്ലാ മത്സ്യത്തൊഴിലാളി മേഖലകളും ജനനിബിഡമായ Corporation, Municipal, Spl.Grade Panchayat പ്രദേശങ്ങളിലാണ് സ്ഥിതിചെയ്യുന്നത്. അതുകൊണ്ടുതന്നെ അവിടത്തെ പൊതു വിപണികളിലെ വായ്പാ സംവിധാന ക്രമീകരണങ്ങൾ മറ്റ് ജീവനോപാധികൾ ഉള്ളവരുടെ ആവശ്യങ്ങൾക്കനുസരി ച്ചായിരിക്കും ക്രമപ്പെടുത്തിയിരിക്കുന്നത്. ബാങ്കുകളും വ്യത്യസ്ഥമല്ല. മത്സ്യത്തൊഴിലാളികളല്ലാത്ത ആളുകൾക്ക് പണം കടം കൊടുക്കുന്ന അതേ രീതിയിലുള്ള നിബന്ധനകളാണ് മത്സ്യത്തൊഴിലാളികൾക്കും ബാധകമായി വരുന്നത്. അതുകൊണ്ട് മത്സ്യമേഖലയിലെ പ്രത്യേക സ്ഥിതി വിശേഷം പരിഗണിച്ച് മത്സ്യമേഖലയെ കാർഷിക മേഖലയായി പരിഗണിച്ച് കർഷകർക്കു കൊടുക്കുന്ന കുറഞ്ഞ ശതമാനത്തിലുള്ള ലോണുകളും കൃഷിനാശം വരുമ്പോൾ കാർഷിക ലോണുകൾ എഴുതിത്തള്ളുന്നതുപോലെ, പ്രവൃത്തിദിനങ്ങൾ നഷ്ടപ്പെടുമ്പോൾ അതുമായി ബന്ധപ്പെട്ട ആപേക്ഷിക അളവിൽ കടങ്ങൾ എഴുതിത്തള്ളുന്നതുമായ ഒരു വ്യവസ്ഥിതി നിലവിൽ വരേണ്ടതാണ്. അതുപോലെ തന്നെ ഈടായി നൽകുന്ന വസ്തുവിന്റെ സ്വീകാര്യത പലപ്പോഴും കടം വാങ്ങിക്കുന്നതിന് ഉതകുന്നതല്ല. CRZ-ൽ പെടുന്ന വസ്തു ബാങ്കുകൾ ഒരു നല്ല സെക്യൂരിറ്റിയായി പരിഗണിക്കുന്നില്ല എന്നതാണു

വാസ്തവം. കടൽ തീരത്ത് അഞ്ചു സെന്റും വീടും പണയം വെച്ചാൽ കിട്ടുന്ന തുക തൊട്ടപ്പുറത്ത് റോഡിനു കിഴക്കേ വശം ഉള്ള അഞ്ചു സെന്റും വീടും പണയം വെച്ചാൽ കിട്ടുന്ന തുകയേക്കാൾ കുറവായിരിക്കും. യഥാർത്ഥത്തിൽ ഒരേ പ്രദേശത്തുള്ള രണ്ടു വസ്തുക്കൾക്ക് സർക്കാർ സ്വയം നിർമ്മിച്ച ചില വസ്തു ഉപയോഗരീതികളെ അടിസ്ഥാനപ്പെടുത്തി വ്യത്യസ്ഥമായ മൂല്യം നിർണ്ണയിക്കുന്നത് പ്രായോഗികമായി വലിയ അസന്തുലിതാവസ്ഥയാണ് സൃഷ്ടിക്കുന്നത്. അത് ഒറ്റയടിക്ക് പത്തുലക്ഷം രൂപ ആസ്ഥിമൂല്യം ഉണ്ടായിരുന്ന ഒരാളുടെ സ്വത്തുവകകൾ ഒന്നോ രണ്ടോ ലക്ഷം മാത്രം മൂല്യമുള്ള വസ്തുവാക്കി മാറ്റി ഉടമയെ ദരിദ്രവൽക്കരിക്കുന്നു. ഇതുകാരണം കണ്ണടച്ചുള്ള വികലമായ തുല്യനീതി സങ്കല്പത്തിന്റെ വിനിയോഗം പലപ്പോഴും പാർശ്വവൽക്കരിക്കപ്പെട്ട ഒരു ജനതയെ വീണ്ടും വീണ്ടും ദാരിദ്ര്യവത്കരിക്കുന്നതിന് സർക്കാർ നിയന്ത്രിത സ്ഥാപനങ്ങൾ തന്നെ കൂട്ടുനിൽക്കുന്നു എന്ന അവസ്ഥ സൃഷ്ടിക്കുന്നു. അതുകൊണ്ട് ഇക്കാര്യത്തിൽ ആസ്ഥിമൂല്യം ബാങ്കുകൾ കണക്കാക്കുന്നതിന്റെ രീതിശാസ്ത്രം മത്സ്യത്തൊഴിലാളികൾക്ക് സഹായകമായ രീതിയിൽ പുനർനിർവചിക്കേണ്ടതാണ്. ഇത്തരത്തിലുള്ള സഹായങ്ങൾ നടപ്പാക്കാൻ മത്സ്യത്തൊഴിലാളി കേന്ദ്രീകൃതമായ, മത്സ്യത്തൊഴിലാളികൾ മാത്രമുള്ള ക്രഡിറ്റ് സഹകരണ

സംഘങ്ങളിലൂടെയും സാധിക്കും. അവയ്ക്ക് ഊർജ്ജസ്വലമായ പിന്തുണ സർക്കാർ കാലാകാലങ്ങളിൽ നൽകേണ്ടതാണ്. മത്സ്യമേഖലയിൽ നിന്ന് കിട്ടുന്ന നികുതി വരുമാനങ്ങളുടെ ഒരു നിശ്ചിതശതമാനം ഇങ്ങനെയുള്ള സഹകരണസംഘങ്ങളുടെ പലിശ സബ്സിഡിക്കും കിട്ടാക്കടബാധ്യത എഴുതി തള്ളുന്നതിനുമായി വിനിയോഗിക്കണം.

**20**. തീരപ്രദേശങ്ങളിൽ ബാങ്കിംഗ് സൗകര്യം വർദ്ധിപ്പിക്കണം. NACHIKET MOR COMMITTE–യുടെ ശുപാർശ പ്രകാരം 5 കി.മീ പരിധിയിൽ ഷെഡ്യൂൾഡ് കൊമേർഷ്യൽ ബാങ്കിന്റെ ഒരു ശാഖ ഉണ്ടായിരിക്കണമെന്ന് റിസർവ് ബാങ്കിന്റെ മാർഗരേഖ ഉണ്ടായിരിക്കെ അർത്തുങ്കൽ മുതൽ വടക്കോട്ട് ചെല്ലാനം വരെയുള്ള 20 കി.മീ പരിധിക്കുള്ളിൽ ഒരു ബാങ്കുപോലുമില്ല. അർത്തുങ്കൽ മുതൽ തെക്കോട്ട് ആലപ്പുഴ വരെയുള്ള 24 കി.മീ. പരിധിക്കുള്ളിൽ ചെട്ടികാട് കോർപ്പറേഷൻ ബാങ്കിന്റെ ഒരു ശാഖയൊഴികെ ഒരു ബാങ്കുപോലുമില്ല. ഈ അവസ്ഥ എല്ലാ സ്ഥലങ്ങളിലും പരിഹരിക്കപ്പെടണം. തീരദേശവാസികൾ ബാങ്കുകളിലും മറ്റും വായ്പകൾക്ക് അപേക്ഷിക്കുമ്പോൾ CRZ പരിധി കണക്കിലെടുത്ത് അത് ലഭ്യമാകാതെ വരുന്നു. മാത്രവുമല്ല, സർക്കാരിന്റെ ക്ഷേമപദ്ധതികളിൽ ചിലത് മത്സ്യ ത്തൊഴിലാളികൾക്ക് നിഷേധിക്കപ്പെടാൻ കാരണവും CRZ

പരിധിയാണ്. ആയതിനാൽ വായ്പക്കോ മറ്റ് ആനുകൂല്യങ്ങൾക്കോ തീരദേശവാസികൾ സർക്കാരിനെയോ മറ്റു സ്ഥാപനങ്ങളെയോ സമീപിക്കുമ്പോൾ ഡോക്യുമെന്റേഷൻ കാര്യങ്ങളിൽ പ്രത്യേക ഇളവുകൾ അനുവദിക്കണം. മാത്രമല്ല, മത്സ്യത്തൊഴിലാളികളുടെ ജീവനും സ്വത്തിനും നൽകുന്ന ഇൻഷ്വറൻസ് കവറേജ്, ക്ലെയിം എന്നിവ പൂർണ്ണമായും ലഭ്യമാക്കാനുള്ള നടപടികൾ ദ്രുതഗതിയിൽ നടപ്പിലാക്കണം. 4% പലിശയ്ക്ക് കർഷകർക്ക് കാർഷിക വായ്പ ലഭിക്കുന്നുണ്ട്. എന്നാൽ മത്സ്യമേഖലയിലുള്ളവർ, അസംഘടിത തൊഴിലാളികൾ, ദളിത് ക്രൈസ്തവർ എന്നിവർക്ക് ദേശസാൽകൃതബാങ്കുകളും സഹകരണസംഘങ്ങളും നൽകുന്ന ലോണിന് സ്ഥലം ഈടും പലിശ 12-13%-വും നൽകേണ്ടിവരുന്നു. മത്സ്യത്തൊഴിലാളികളെ കിസാൻ ക്രെഡിറ്റ് സ്കീമിലുൾപ്പെടുത്തുക, മത്സ്യബന്ധന-അനുബന്ധ സംരംഭങ്ങളെ MSME സെക്ടറിന്റെ കീഴിലാക്കി MUDRA ലോൺ അവർക്ക് പ്രാപ്യമാക്കുക മുതലായ നടപടികളും സ്വീകരിക്കണമെന്ന് ശുപാർശ ചെയ്യുന്നു.

**21.** 2007-ൽ സ്ഥാപിതമായ മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന് 2015-16 മുതൽ ആവശ്യമായ ഫണ്ട് ലഭ്യമാക്കുന്നില്ല. ഇതിന് കൂടുതൽ പണം ലഭ്യമാക്കണം. മത്സ്യത്തൊഴിലാളികളുടെ ധനാവശ്യങ്ങൾ പരിഗണിച്ച് നബാർഡ് മാതൃകയിൽ സോഫ്റ്റ് ലോണുകൾ ലഭ്യമാക്കുന്നതിനായി സാമ്പത്തിക സ്ഥാപനം

രൂപീകരിച്ച് സ്വകാര്യ പണമിടപാടുകാരിൽ നിന്നും മോചിപ്പിക്കേണ്ടതാണ്. പരമ്പരാഗത മത്സ്യത്തൊഴിലാളികൾ, ചൂണ്ടപ്പണിക്കു പോകുന്നവർ എന്നിവരെ പ്രത്യേകം പരിഗണിക്കണം. അഗ്രിലോൺ പോലെയുള്ള ലോൺ സംവിധാനങ്ങൾ മത്സ്യബന്ധന മേഖലയിൽ നടപ്പിൽ വരുത്തണം. ഫിഷറീസ് സഹകരണ സംഘങ്ങൾ നിലനിർത്തുന്നതിന് ആവശ്യമായ സാമ്പത്തിക പാക്കേജ് പ്രഖ്യാപിക്കണം.

22. മത്സ്യക്കച്ചവടം ചെയ്യുന്ന ഭൂരിഭാഗം സ്ത്രീകളും ന്യൂനപക്ഷത്തിൽ തന്നെ പാർശ്വവത്കരിക്കപ്പെട്ട സ്ത്രീകളാണ്. സമ്പദ് വ്യവസ്ഥയിൽ താഴെ നില്ക്കുന്ന ഇത്തരം സ്ത്രീകളുടെയും കുടുംബത്തിന്റെയും ഉന്നമനം ലക്ഷ്യമാക്കി പ്രത്യേക പദ്ധതികൾ രൂപീകരിക്കണം. എല്ലാ തൊഴിലിടങ്ങളിലും പോലെ മത്സ്യക്കച്ചവടം നടത്തുന്ന സ്ത്രീകൾക്ക് അന്തസായി ജോലി ചെയ്യാനുള്ള സാമൂഹികാന്തരീക്ഷം സൃഷ്ടിക്കണം. അതിനായി അവരുടെ തൊഴിലിടങ്ങളായ ഓപ്പൺ മാർക്കറ്റുകളെ ആധുനികവത്കരിക്കണം. അതിന്റെ നിയന്ത്രണവും നടത്തിപ്പും മത്സ്യത്തൊഴിലാളി കുടുംബാംഗങ്ങളെ മാത്രം ഏല്പിക്കണം. തങ്ങളുടെ അവകാശങ്ങളെക്കുറിച്ച്, പ്രത്യേകിച്ച് തൊഴിൽ ഇടങ്ങളിൽ നേരിടേണ്ടിവരുന്ന ചൂഷണങ്ങൾക്കെതിരെ, എങ്ങനെ പ്രതികരിക്കണമെന്ന് ബോധവതികളാക്കണം. മത്സ്യത്തൊഴിലാളി

കുടുംബങ്ങളിൽ നിന്നും സാമാന്യ വിദ്യാഭ്യാസം നേടിയ യുവതികളെ ഇതിനായി ഹോണറേറിയത്തോടുകൂടി റിസോഴ്സ് പേഴ്സൺസായി നിയോഗിക്കണം. ചുമട്ടുതൊഴിലാളികൾ മത്സ്യക്കച്ചവടം ചെയ്യുന്ന സ്ത്രീകളിൽ നിന്ന് അമിതമായി കയറ്റിറക്കുകൂലി ഈടാക്കുന്നത് നിരോധിക്കണം. ഹാർബറിൽ മത്സ്യം എടുക്കാനുള്ള അസൗകര്യവും, ലേലം വിളിക്കുന്നതിലൂടെ മത്സ്യത്തിന് അമിതമായ വില വരുന്നതും, കമ്പോളത്തിൽ എത്തുമ്പോൾ തക്കതായ വരുമാനം ലഭിക്കാതെ നഷ്ടക്കച്ചവടത്തിലാകുന്നതും മത്സ്യക്കച്ചവടം ചെയ്യുന്ന സ്ത്രീകളെ വൻ സാമ്പത്തിക പ്രതിസന്ധിയിലെത്തിക്കുന്നു. പുലർച്ചെ ഹാർബറിൽ മത്സ്യശേഖരണത്തിനു വരുന്ന സ്ത്രീകൾ യാത്രയ്ക്കു പെട്ടി ഓട്ടോ പോലുള്ള ചരക്ക് ഗതാഗത മാർഗങ്ങളെ മിക്കവാറും എല്ലായിടത്തും തന്നെ ആശ്രയിക്കേണ്ട അവസ്ഥയാണ് നിലവിലുള്ളത്. പ്രൈവറ്റ് ബസ്സുകൾ, ഓട്ടോറിക്ഷ എന്നിവ അമിതമായ നിരക്കുകൾ ഈടാക്കുന്നതുകൊണ്ട് അവർക്ക് സർക്കാർ തലത്തിൽ മതിയായ യാത്രാ സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതാണ്. മത്സ്യക്കച്ചവടത്തിന് ഇറങ്ങുന്ന സ്ത്രീകൾക്ക് സുഗമമായി ഡോർ-ടു-ഡോർ ഡെലിവറി നടത്തുന്നതിന് ഡ്രൈവിംഗ് പരിശീലിപ്പിക്കുകയും സബ്സിഡിയിൽ ഇരുചക്ര-മുച്ചക്ര വാഹനങ്ങൾ നല്കുകയും ചെയ്യണം. തിരുവനന്തപുരം ജില്ലയിൽ മത്സ്യഫെഡിന്റെ കീഴിൽ

നടപ്പിലാക്കുന്ന ബസ്സ് സർവീസുകൾ ഏവർക്കും ലഭ്യമാക്കാൻ വേണ്ട ക്രമീകരണവും നടത്തിപ്പും മത്സ്യത്തൊഴിലാളി കുടുംബങ്ങളിൽ നിന്നുള്ളവരിൽ നിജപ്പെടുത്തുക. ഹാർബറിനകത്ത് ശുചിത്വ രഹിത തൊഴിൽ സാഹചര്യമാണ് നിലനില്ക്കുന്നത്. പ്രാഥമിക കൃത്യങ്ങൾ പോലും നിർവഹിക്കാനുള്ള സൗകര്യങ്ങൾ ലഭ്യമല്ല. ലേലം ചെയ്യപ്പെടുന്ന സ്ഥലങ്ങളിൽ യാതൊരു സംവിധാനവും സ്ത്രീ തൊഴിലാളികൾക്കില്ല. ഹാർബറുകൾ രൂപീകരിക്കുന്നതിനൊപ്പം ഇത്തരം മേഖലകളുടെ നവീകരണവും ഉറപ്പാക്കുക.

**23.** മത്സ്യഫെഡിന്റെ മത്സ്യ വിപണന രംഗത്തുള്ള തൊഴിലവസരങ്ങൾ മത്സ്യ വിപണന രംഗത്ത് പ്രവർത്തിക്കുന്ന സ്ത്രീകൾക്ക് മാത്രമായി നീക്കി വക്കണം. ക്ഷീര വികസനവകുപ്പിന്റെ ആഭിമുഖ്യത്തിലുള്ള മിൽമ ബൂത്ത് മാതൃകയിൽ ഫിഷറീസ് വകുപ്പിന്റെ മേൽനോട്ടത്തിൽ ഫിഷ് ബൂത്ത് ആരംഭിക്കുകയും മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് മത്സ്യവിപണന സാഹചര്യം സൃഷ്ടിക്കുകയും ചെയ്യണം. ഫിഷ് ബൂത്തിന് പഞ്ചായത്ത് ലൈസൻസും വൈദ്യുതി കണക്ഷനും സ്റ്റോറേജ് സൗകര്യവും ഒരുക്കുവാൻ സഹായം നൽകണം. മത്സ്യഫെഡ് മുഖാന്തിരം മൈക്രോ ഫിനാൻസിംഗ് ദിവസ വായ്പകൾ ആരംഭിച്ച് മത്സ്യത്തൊഴിലാളികളായ സ്ത്രീകൾക്ക് സഹായം നൽകണം. മീറ്റർ

പലിശക്കാരിൽ നിന്നും വട്ടിപ്പലിശക്കാരിൽനിന്നും മത്സ്യ ത്തൊഴിലാളികളായ സ്ത്രീകളെ രക്ഷിക്കുവാൻ അപ്രകാരം സാധിക്കും. ഇതിനായി മത്സ്യഫെഡ്വിൻഡോ എല്ലാ ഹാർബറുകളിലും ആരംഭിക്കണം. മത്സ്യവിപണന അനുബന്ധ സ്ത്രീതൊഴിലാളികൾക്കായി സ്ഥാപിതമായിരിക്കുന്ന 'സാഫ്' പോലുള്ള സ്ഥാപനങ്ങളുടെ പ്രവർത്തനം മത്സ്യമേഖലയിലുള്ള സ്ത്രീകളുടെ വികസനത്തിനുതകുന്ന രീതിയിൽ പുനഃക്രമീകരിക്കണം.

**24.** ഒറ്റമുറി വീടുകളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് മക്കളുടെ പഠന സാഹചര്യമൊരുക്കാൻ തീരമേഖലയിൽ കൂടുതൽ സ്ഥാപനങ്ങളും ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും വെവ്വേറെ (പോസ്റ്റ്-മെട്രിക് ഹോസ്റ്റൽ മാതൃകയിൽ) ഫിഷറീസ് ഹോസ്റ്റലുകളും അടിയന്തിരമായി അനുവദിക്കണം. മത്സ്യത്തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന മേഖലയിൽ റസിഡൻഷ്യൽ ഫിഷറീസ് സ്കൂളുകളും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളും വേണം. മത്സ്യത്തൊഴിലാളികളുടെ മക്കൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങൾ സ്ഥാപനമേതെന്ന് നോക്കാതെ എല്ലാവർക്കും നല്കുക. വിദ്യാഭ്യാസ ലോൺ ഉറപ്പു വരുത്തുവാൻ നടപടികൾ എടുക്കണം. മത്സ്യ ത്തൊഴിലാളികളുടെ മക്കളെ സൗജന്യ പരിശീലനത്തിനായി വിദ്യാതീരം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും ഇപ്പോൾ നിശ്ചയിച്ചിരിക്കുന്ന

മുൻഗണനാ മാനദണ്ഡങ്ങൾ അനുസരിച്ച് അവർക്കത് പ്രാവർത്തികമാക്കാനായിട്ട് സാധിക്കുന്നില്ല. ഇക്കാര്യങ്ങളെല്ലാം തന്നെ സർക്കാരിന്റെ സജീവ പരിഗണന അർഹിക്കുന്നു.

**25**. തീരദേശത്തെ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്കിന്റെ കാരണങ്ങൾ പഠിക്കുകയും പരിഹാരം കണ്ടെത്തുകയും വേണം. 'നവ-നിരക്ഷരത' പൂർണമായും പരിഹരിക്കുന്നതിനായി തീരദേശത്ത് ഇപ്പോൾ നടപ്പിലാക്കിവരുന്ന 'അക്ഷരസാഗരം' കൂടുതൽ ഊർജ്ജസ്വലമാക്കാനുള്ള നടപടികൾ സ്വീകരിക്കണം. വിദ്യാലയങ്ങൾ തുറന്നതിനു ശേഷവും സർക്കാർ സംവിധാനങ്ങളുടെ വീഴ്ച മൂലം ലംപ്സം ഗ്രാന്റുകൾ വിതരണം ചെയ്യുന്നതിനുണ്ടാകുന്ന കാലതാമസം കുറയ്ക്കുകയും ഗ്രാന്റുകളും സ്കോളർഷിപ്പുകളും സമയബന്ധിതമായി നല്കുവാനുള്ള സംവിധാനം നിലവിൽ വരുകയും വേണം.

**26**. ഫിഷറീസ് സർവ്വകലാശാലയുടെ സ്ഥാപനങ്ങൾ വിവിധ തീരദേശ ജില്ലകളിൽ സ്ഥാപിക്കണം. ഫിഷറീസ് സർവ്വകലാശാല, മറ്റു മറൈൻ ഇൻസ്റ്റിറ്റ്യൂട്ടുകൾ എന്നിവയിൽ മത്സ്യ ത്തൊഴിലാളികളുടെ മക്കൾക്ക് പഠനത്തിനും തൊഴിലിനും പ്രത്യേക സംവരണം നടപ്പിലാക്കുക. ഫിഷറീസ് യൂണിവേഴ്സിറ്റിയിലെ കോഴ്സുകളിൽ മത്സ്യത്തൊഴിലാളികൾക്കുള്ള സംവരണം 40% ആയി ഉയർത്തണം.

**27**. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിന് നല്കുന്ന നാഷണൽ ഫെലോഷിപ്പ് മാതൃകയിൽ മത്സ്യത്തൊഴിലാളികളുടെ മക്കൾക്കും പ്രത്യേക ഫെലോഷിപ്പ് ഏർപ്പെടുത്തണം. കൂടാതെ ഓഖി ചുഴലിക്കാറ്റ് സന്ദർഭത്തിൽ പ്രഖ്യാപിച്ചതു പോലെ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് അന്തർദ്ദേശീയ തലത്തിൽ വരെ ഉന്നത വിദ്യാഭ്യാസത്തിനുള്ള സാമ്പത്തിക സഹായം ഉറപ്പാക്കുക. മക്കൾക്ക് വിദേശത്തും സ്വദേശത്തും തൊഴിലവസരങ്ങൾ ലഭ്യമാക്കാൻ പ്രത്യേകം കരിയർ സെൽ രൂപീകരിക്കണം. അവർക്കാവശ്യമായ മാർഗ നിർദ്ദേശവും നൈപുണ്യ വികസനവും ഉറപ്പ വരുത്തുകയും ചെയ്യണം.

28. ഓൺലൈൻ വിപണനം വ്യാപകമായതോടു കൂടി വ്യാപകമായ തൊഴിൽ നഷ്ടം നേരിടുന്നു. പകരം മാർഗ്ഗങ്ങളുടെ ഗുണഭോക്താക്കൾ മത്സ്യത്തൊഴിലാളികൾ എന്ന് ഉറപ്പ് വരുത്തുക. മത്സ്യബന്ധന-സംസ്കരണതൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളുടെയും നവതലമുറയിൽപ്പെട്ട യുവതീ യുവാക്കളുടെയും തൊഴിൽ വൈവിദ്ധ്യവല്ക്കരണം ഉറപ്പ് വരുത്തുന്നതിനായി നൈപുണ്യ പരിശീലനം, ഉത്പന്നങ്ങളുടെ വ്യത്യസ്ത സംരംഭങ്ങൾക്ക് വഴിതുറക്കുന്ന നൈപുണ്യ വികാസം, സംരംഭകരെ കണ്ടെത്താനുള്ള കോഴ്സുകൾ, പരിശീലന പരിപാടികൾ, ഉല്പാദനത്തിൽ ഏർപ്പെടുന്ന സംരംഭകരെ

മെച്ചപ്പെടുത്താനുള്ള ബ്രിഡ്ജ് കോഴ്സുകൾ, ഗവേഷണ പ്രവർത്തനം, യുവതലമുറയ്ക്കും വനിതകൾക്കും സ്റ്റാർട്ട്-അപ്പുകൾ ആരംഭിക്കുന്നതിന് ഊന്നലും, പ്രത്യേക പ്രോഗ്രാമുകളും ഡിസൈൻ ചെയ്യണം. SAF (തീരമൈത്രി) തുടങ്ങിയ പ്രോജക്ടുകൾ വഴി ചെറുകിട തൊഴിൽ സംരംഭങ്ങളായ ഭക്ഷ്യസംസ്കരണ യൂണിറ്റുകൾ, മത്സ്യസംസ്കരണ യൂണിറ്റുകൾ, ഹോട്ടൽ, ബേക്കറി, പഴം-പച്ചക്കറി സ്റ്റോഴ്സ്, മീൻ-മാംസ-മുട്ട വ്യാപാരകേന്ദ്രങ്ങൾ, കോഴിവളർത്തൽ, മത്സ്യകൃഷി, കൂൺകൃഷി, ടെയ്ലറിംഗ് യൂണിറ്റുകൾ എന്നിവ ആരംഭിക്കാൻ സബ്സിഡി നിരക്കിൽ ലോൺ അനുവദിക്കാൻ നടപടികൾ സ്വീകരിക്കുക.

**29.** ഫിഷറീസ് ആശുപത്രികൾ തീരപ്രദേശത്ത് സ്ഥാപിക്കുക, തീരപ്രദേശത്തെ ചെല്ലാനം, പള്ളിത്തോട് PHC-കൾ 10 കിടക്കകളുള്ള ആശുപത്രികളാക്കി 24 മണിക്കൂർ സേവനം ലഭ്യമാക്കുന്ന, ആംബുലൻസ് സൗകര്യമുള്ള, CHC നിലവാരത്തിലേക്ക് ഉയർത്തുക, സർക്കാർ ആശുപത്രികളിൽ നിലവിൽ BPL കുടുംബങ്ങൾക്കു മാത്രമായി നൽകുന്ന സൗജന്യ ചികിത്സ (ആരോഗ്യ ഇൻഷുറൻസ്) ഈ സമുദായത്തിലെ എല്ലാ അംഗങ്ങൾക്കും APL/BPL പരിഗണന കൂടാതെ ലഭ്യമാക്കുക, പ്രാഥമിക ചികിത്സ നല്കാനുള്ള സൗകര്യങ്ങൾ തീരദേശത്തു തന്നെ ഉണ്ടാക്കണം. കടലിൽ വെച്ച് ആരോഗ്യപ്രശ്നങ്ങളുണ്ടായി

കരയ്ക്കെത്തിച്ചാൽ പ്രാഥമിക ചികിത്സ നല്കാനുള്ള സൗകര്യങ്ങൾ തീരദേശത്തു തന്നെ ഉണ്ടാകണം. തീരപ്രദേശത്തെ ജനസംഖ്യക്കാനുപാതികമായി ആശുപത്രികളില്ല, കിടക്കകളില്ല, ആരോഗ്യപ്രവർത്തകരില്ല. കുട്ടികൾക്കും സ്ത്രീകൾക്കും വേണ്ടിയുള്ള പ്രത്യേക ആരോഗ്യപരിപാലന കേന്ദ്രങ്ങൾ തീരദേശ-ഗ്രാമീണ മേഖലകളിൽ കൂടുതൽ വ്യാപകമാക്കണം.

30. കടൽ അപകടത്തെ സംബന്ധിച്ച മുന്നറിയിപ്പുകൾ ആവശ്യമാണ്. ഒപ്പം കാലാവസ്ഥാ പ്രവചനവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ശാസ്ത്രീയമായി ഈ സമൂഹത്തെ പരിശീലിപ്പിച്ച് മത്സ്യത്തൊഴിലാളികളുടെ പരമ്പരാഗത അറിവുകൾ പ്രയോജന പ്പെടുത്തണം. ഏത് തരത്തിലുള്ള ആഘാതമാണ് എന്ന് പഠിച്ച് തീവ്രതയനുസരിച്ച് അതീവ ഗൗരവം, ഗൗരവം, മീഡിയം എന്നിങ്ങനെ തരം തരിക്കണം. ഒറ്റയടിക്ക് ജോലി മുടക്കുന്ന നടപടികൾ കഴിവതും ഒഴിവാക്കണം. തീരത്തിന്റെയും തീരവാസികളുടെയും രക്ഷാപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്ന തിനും ദുരന്ത മുന്നൊരുക്കം നടത്തുന്നതിനും ജില്ലാതലത്തിലും മത്സ്യഗ്രാമങ്ങൾ കേന്ദ്രീകരിച്ചും പ്രത്യേക സമിതികൾ രൂപീകരിക്കുക. കടലിൽ/കായലിൽ വച്ച് സംഭവിക്കുന്ന മരണങ്ങൾ തൊഴിലിടങ്ങളിൽ നടക്കുന്ന മരണങ്ങളായി കണക്കാക്കി ഇൻഷുറൻസ് ലഭിക്കുന്നതിന് നടപടിയുണ്ടാകണം. കടലാക്രമണം,

പ്രകൃതി ദുരന്തങ്ങൾ എന്നിവ മൂലം യാനങ്ങൾ നഷ്ടപ്പെടുന്നതിന് ഇൻഷ്വറൻസ് സുരക്ഷാ ഉറപ്പുവരുത്തണം. ഇതിനായി 'ഹൈ-റിസ്ക്' പ്രീമിയത്തിൽ ഒരു വിഹിതം ഇൻഷ്വറൻസ് കമ്പനികൾക്ക ഗവൺമെന്റ് നല്കണം. ആഴക്കടലിൽ വച്ച് മരണം സംഭവിച്ചവരുടെ കുടുംബങ്ങൾക്ക് അഞ്ച് മാസത്തിനുള്ളിലെങ്കിലും സാമ്പത്തിക സഹായം ലഭ്യമാക്കണം. മറ്റ് തൊഴിൽ മേഖലകളിൽ ഉള്ളതുപോലെ മത്സ്യത്തൊഴിലാളികൾക്കും ESI ലഭ്യമാക്കണം. മത്സ്യബന്ധന തൊഴിലിനിടയിൽ ഹൃദയസ്തംഭനം പോലുള്ള കാരണങ്ങൾ കൊണ്ട് മരണം ഉണ്ടായാലും അപകടമരണ സ്കീമിന്റെ പരിധിയിൽ ഉൾപ്പെടുത്തി ഇൻഷ്വറൻസ് ആനുകൂല്യങ്ങൾ നൽകുവാൻ ഉത്തരവിറക്കണം. അതിനായി മത്സ്യബന്ധന മേഖലയെ "ഹൈ റിസ്ക്" കാറ്റഗറിയിൽ ഉൾപ്പെടുത്തണം.

31. നിശ്ചിത സമയത്തിനു ശേഷവും വിറ്റഴിക്കപ്പെടാത്ത മത്സ്യങ്ങൾ കേടുപാടുകൾ ഇല്ലാതെ സുരക്ഷിതമായി സൂക്ഷിക്കാനുള്ള ക്രമീകരണങ്ങൾ (ഫ്രീസിങ് സ്റ്റോറേജ്) സൗകര്യങ്ങൾ ചന്തകളിൽ ഓരോ മത്സ്യ ഗ്രാമത്തിലും ക്രമീകരിക്കുക. ആയവ മെഗാ ഫുഡ്പാർക്കും മാർക്കറ്റുകളുമായും ബന്ധിപ്പിക്കുകയും ചെയ്യുക. ഇപ്രകാരം ചെയ്തുകൊണ്ട് മത്സ്യത്തിന് താങ്ങുവില ഉറപ്പാക്കുക. ഇവയുടെ നടത്തിപ്പ്

മത്സ്യത്തൊഴിലാളികളിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്നവരെ ഏല്പിക്കുക. മത്സ്യബന്ധന മേഖലയിലെ വലകൾ, യാനങ്ങൾ എന്നിവയുടെയും വിവിധ മെഷിനറികളുടെയും നിർമ്മാണം, റിപ്പെയർ തുടങ്ങിയവയിലധിഷ്ഠിതമായ സാങ്കേതിക സ്ഥാപനങ്ങൾ കടലോരമേഖലയിൽ ഉണ്ടാകാൻ നടപടികൾ എടുക്കുക. കൊച്ചി കേന്ദ്രമാക്കി പ്രവർത്തിക്കുന്ന KUFOS, CMFRI, CIFT തുടങ്ങിയ മത്സ്യബന്ധനവുമായി ബന്ധപ്പെട്ട ഗവേഷണ സ്ഥാപനങ്ങളുടെ പ്രയോജനങ്ങൾ കടലോരത്തുള്ളവർക്ക് ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുക.

32. മത്സ്യമേഖലകൾ കേന്ദ്രമാക്കി മത്സ്യസംസ്കരണ വ്യവസായങ്ങൾ, വ്യാപാര–ഹോട്ടൽ സ്ഥാപനങ്ങൾ, ടൂറിസം സംരംഭങ്ങൾ എന്നിവയ്ക്ക് വളരെയധികം സാധ്യതയുണ്ട്. മാറ്റങ്ങളോടെ, എല്ലാ പ്രദേശങ്ങൾക്കും ഇണങ്ങിയ മാതൃകകൾ സൃഷ്ടിക്കാവുന്നതാണ്.

33. തീരദേശ ഹൈവേയിൽ മിസ്സിംഗ് ലിങ്കുകളായ (i) അന്ധകാരനഴിപ്പാലം (ii) വാടപ്പൊഴി മത്സ്യഗന്ധിപ്പാലം എന്നിവയുടെ അപ്രോച്ച് റോഡുകൾ, (iii) ബാവക്കാട് പടിഞ്ഞാറെപ്പാലം എന്നിവയുടെ നിർമ്മാണം യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തീകരിച്ച്, ഫോർട്ടുകൊച്ചി–

ആലപ്പുഴ മെഡിക്കൽ കോളേജ് തീരദേശ ഹൈവേ യഥാർത്ഥ്യമാക്കുക.

34. എറണാകുളം–ആലപ്പുഴ തീരദേശ റെയിൽവേ ലൈനിൽ ഒരിടത്തും മേൽപ്പാലങ്ങളില്ല. അത്യാഹിത സാഹചര്യങ്ങളുണ്ടാകുമ്പോൾ തീരവാസികളെ ടൗണിലുള്ള ആശുപത്രികളിലും ജനറൽ ആശുപത്രികളിലും മറ്റും എത്തിക്കുന്നതിന് ഇത് തടസമായി നിൽക്കുന്നു. അതിനാൽ ഈ പ്രദേശത്ത് 5 മേൽപ്പാലങ്ങളെങ്കിലും നിർമ്മിക്കുക.

35. യുഡിസ്മാറ്റ്, ജപ്പാൻ കുടിവെള്ളം തുടങ്ങിയ പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കുക. ഇവ ഇല്ലാത്തിടത്ത് പുതിയ സ്കീമുകൾ ഏറ്റെടുത്ത് നടപ്പിലാക്കുക. ഭവനപദ്ധതികളോടനുബന്ധിച്ചുള്ള മഴവെള്ള സംഭരണികൾക്ക് സർക്കാർ സബ്സിഡി നൽകണം. OHT bpw SUMP-കളും സ്ഥാപിച്ച് തീരദേശ കുടിവെള്ള ക്ഷാമത്തിന് അറുതി വരുത്തുക.

36. മത്സ്യത്തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന പഞ്ചായത്തുകളിൽപ്പോലും മത്സ്യമേഖലയിൽ സർക്കാർ പദ്ധതിവിഹിതം ആകെ പദ്ധതി വിഹിതത്തിന്റെ 5% മാത്രമാണ്. അതിനാൽ ഈ ഫണ്ടുകൾ ജനസംഖ്യാനുപാതികമായി വിനിയോഗിക്കുക.

37. തീരത്തെയും തീരവാസികളെയും ആവാസ വ്യവസ്ഥയെയും പരിപാലിക്കുന്നതിന് ഭരണ-സാമ്പത്തിക

അധികാരങ്ങളുള്ള തീരപരിപാലന അതോറിറ്റിക്ക് രൂപം നൽകുക. തീരസംരക്ഷണം, പൊഴികളുടെയും അഴിമുഖങ്ങളുടെയും ഫിഷ് ലാന്റിംഗ് സെന്ററുകളുടെയും നവീകരണം, ധനവിനിയോഗ സംവിധാനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നവീകരണം, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ വിപണന ശൃംഖല, ഡ്രെയിനേജ്, സാനിട്ടേഷൻ, പശ്ചാത്തല വികസനം തുടങ്ങിയവ ഉൾപ്പെടുത്തി ക്കൊണ്ടുള്ള സമഗ്രമായ തീരവികസന പാക്കേജ് നടപ്പിലാക്കുക.

**38.** ഓരോ മേഖലയെയും വെവ്വേറെ പഠിച്ച് അതിനനുസരിച്ചുള്ള തീരസംരക്ഷണ പ്രതിവിധികൾ നടപ്പിലാക്കണം. കേരളത്തിലെ തീരപ്രദേശത്ത് മുഴുവനും കടലാക്രമണ പ്രതിരോധ നടപടികൾ മുൻകൂട്ടി ആസൂത്രണം ചെയ്ത് നടപ്പിലാക്കണം. അതിനായി നിരവധി മാതൃകകൾ ലോകത്തുണ്ട്. നെതെർലാന്റിലെ മാതൃകകൾ അനുയോജ്യമാണെന്നു വിദഗ്ധർ അഭിപ്രായപ്പെടുന്നു. ടെട്രാപോഡ് മറ്റൊരു പ്രതിരോധമാർഗ്ഗമാണ്.

**39.** മത്സ്യത്തൊഴിലാളികളുടെ ആവാസ വ്യവസ്ഥയെ തകിടം മറിക്കുകയും ജൈവ വൈവിധ്യത്തെ ആട്ടിമറിക്കുന്നവയുമായ നടപടികൾ ഒഴിവാക്കുക. മാലിന്യങ്ങൾ കടലിലേക്ക് ഒഴുക്കിവിടുന്നത് തടയാൻ നിയമ നിർമ്മാണം കൊണ്ടുവരണം. പലയിടങ്ങളിലും കടലിനെ കായലുമായി ബന്ധിപ്പിക്കുന്ന ചാലുകൾ എല്ലാം തന്നെ അടഞ്ഞു കിടക്കുകയാണ്. മുൻകാലങ്ങളിൽ

കണ്ടൽക്കാടുകൾ നിറഞ്ഞിരുന്ന തീരമേഖലയിൽ ഇപ്പോൾ പൂർണ്ണമായി കണ്ടലുകൾ ഇല്ലാതായിരിക്കുന്നത് ഗുരുതരമായ പാരിസ്ഥിതിക ആഘാതത്തിന് കാരണമാകുന്നുണ്ട്. ആയതിനാൽ ഈ വിഷയം പഠിച്ച് പാരിസ്ഥിതിക സന്തുലനാവസ്ഥ തിരികെ പിടിക്കാനുള്ള ശാസ്ത്രീയമായ ഇടപെടലുകളും നടപടികളും ഉണ്ടാകണം. പുലിമുട്ട് നിർമ്മാണം ശാസ്ത്രീയമായി നടത്തണം. വെള്ളത്തിന്റെ ചൂട് കൂടുന്നത് മത്സ്യ സമ്പത്തിനെ ബാധിക്കുന്നു. അന്തരീക്ഷ ഊഷ്മാവിന്റെ വ്യതിയാനത്തെക്കുറിച്ച് കൂടുതൽ വിവരങ്ങൾ മത്സ്യത്തൊഴിലാളികൾക്കു നല്കാനുള്ള നടപടികൾ സ്വീകരിക്കണം. ഡ്രെയ്നേജ്, വെയിസ്റ്റ് മാനേജ്മെന്റ്, മറൈൻ വെറ്റ്ലാന്റ് കൺസർവേഷൻ ആന്റ് പ്രൊട്ടക്ഷൻ സ്കീമുകൾ എന്നിവ നടപ്പിലാക്കുക.

**40**. തീരദേശ വാസികൾക്ക് തൊഴിൽ മേഖലയായ കടലിന്റെ മൂന്നു കിലോമീറ്റർ പരിധിയ്ക്കുള്ളിൽ താമസിക്കുവാൻ കഴിയുന്ന വിധം തീരപരിപാലന നിയമങ്ങളിൽ ഇളവുകൾ നടപ്പാക്കണം. 2019-ലെ CRZ വിജ്ഞാപനം ഖണ്ഡിക 5.3 (ii) (a) പ്രകാരം തീരത്തു വയ്ക്കുന്ന വീടുകൾക്ക് ദുരന്ത പ്രതിരോധ സംവിധാനങ്ങൾ ഉണ്ടാകണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ആയതിനാൽ മത്സ്യത്തൊഴിലാളി ഭവന നിർമ്മാണത്തിന് പ്രത്യേക സ്കീം നടപ്പിലാക്കി കൂടുതൽ തുക അനുവദിക്കേണ്ടതാണ്. ഫിഷറീസ് ഭവന നിർമ്മാണ പദ്ധതി

ലൈഫ് പദ്ധതിയിലേക്ക് ലയിപ്പിച്ചതു മൂലം ലഭിക്കുന്ന 4 ലക്ഷം രൂപ ഭവന നിർമ്മാണത്തിന് തികച്ചും അപര്യാപ്തമാണ്.

**41.** മേൽ സൂചിപ്പിച്ച വിജ്ഞാപനം തീരവാസികൾക്കു വീടു നിർമ്മിക്കുവാനും പുനർനിർമ്മിക്കുവാനും അനുവാദം നൽകിയിരിക്കുന്നു എങ്കിലും തീരദേശവാസികളെ മൂന്നിരട്ടി നികുതി അടയ്ക്കാൻ നിർബന്ധിതരാക്കുന്ന U/A നമ്പർ മാത്രമാണ് ഭവനങ്ങൾക്ക് നൽകിയിരിക്കുന്നത്. 2019-ലെ CRZ വിജ്ഞാപന പ്രകാരം മത്സ്യത്തൊഴിലാളികൾക്കും പരമ്പരാഗത തീരവാസികൾക്കും ഭവന നിർമ്മാണത്തിന് അനുമതി നൽകിയിട്ടുള്ളതിനാൽ നിലവിലുള്ള എല്ലാ ഭവനങ്ങളും അപ്രകാരം ക്രമീകരിച്ച് U/A-യിൽ നിന്ന് ഒഴിവാക്കേണ്ടതാണ്.

**42.** കഴിഞ്ഞ 30 വർഷത്തിനുള്ളിൽ കടൽ ക്ഷോഭം മൂലം വീട് നഷ്ടപ്പെട്ടവർക്കും വീടില്ലാത്തവർക്കും വീട് നൽകിയിരുന്നത് പലപ്പോഴും വളരെ ദൂരെയാണ്. കടലിൽ മീൻ ലഭിക്കുന്നത് വ്യത്യസ്തമായ സമയങ്ങളിലാണ്. ഇതുമൂലം അത്തരം സമയങ്ങളിൽ മത്സ്യത്തൊഴിലാളികളായിട്ടുള്ളവർക്കു ജോലിക്കു പോകുവാനോ ജോലി കഴിഞ്ഞു തിരികെ വീട്ടിലേക്ക് പോകുവാനോ പറ്റാത്ത അവസ്ഥയിലാണ്. അതുകൊണ്ട് അങ്ങനെയുള്ള വീടുകൾ നിർമ്മിക്കുന്നത് തീരദേശത്തു തന്നെയായിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

**43.** ദുരിതാശ്വാസം അനുവദിക്കുന്ന തുകകളുടെ ശരിയായതും സമയബന്ധിതമായതുമായ വിനിയോഗം ഉറപ്പാക്കാൻ നടപടിയുണ്ടാകണം. ആശ്വാസ സഹായം സമയബന്ധിതമായി ലഭ്യമാക്കണം. 2009-ൽ പ്രഖ്യാപിച്ച പഞ്ഞമാസ ആശ്വാസ സഹായം കാലാനുസൃതമായി പുതുക്കണം. ദുരിതാശ്വാസമായി അനുവദിക്കുന്ന തുക സമയബന്ധിതമായി വിതരണം ചെയ്യണം.

**44.** മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് മെച്ചപ്പെട്ട ക്ഷേമ പ്രവർത്തനങ്ങൾ ഏർപ്പെടുത്തണം. ദീർഘകാല മത്സ്യബന്ധനം കഴിഞ്ഞ് രോഗാതുരമാകുന്ന സമയമാണ് മത്സ്യത്തൊഴിലാളികളുടെ പെൻഷൻ പ്രായം. ആയതിനാൽ, മത്സ്യത്തൊഴിലാളി പെൻഷണർമാർക്ക് കർഷക പെൻഷൻ പോലെ ഉയർന്ന നിരക്കിൽ പെൻഷൻ അനുവദിക്കണം. 60 വയസ്സ കഴിയുന്ന മത്സ്യത്തൊഴിലാളികൾക്ക് മറ്റു ക്ഷേമനിധിയിലെന്ന പോലെ റിട്ടയർമെന്റ് ആനുകൂല്യങ്ങളും നൽകേണ്ടതാണ്.

**45.** മത്സ്യതൊഴിലാളികളുടെ പെൺമക്കളുടെ വിവാഹ ധനസഹായം, ശിശുപരിപാലനം എന്നിവയ്ക്ക് സാമ്പത്തിക പാക്കേജ് പ്രഖ്യാപിക്കണം.

**46.** വിവിധ കാരണങ്ങളാൽ താല്ക്കാലിക ഷെഡ്ഡുകളിലും സ്കൂൾ കെട്ടിടങ്ങളിലും കഴിയേണ്ടി വരുന്ന സ്ത്രീകൾക്ക് സ്വകാര്യത ഉറപ്പാക്കുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തണം.

47. കോസ്റ്റൽ ക്ലബുകൾക്ക് ധനസഹായവും പ്രത്യേക കായിക വേദികളും നല്കണം.

48. മത്സ്യത്തൊഴിലാളികളുടെ പിന്നോക്കാവസ്ഥ കണക്കിലെടുത്ത് തമിഴ്നാട്ടിലേതിന് സമാനമായി 'മോസ്റ്റ് ബാക്ക്വേർഡ്' ജനവിഭാഗമായി റീ-ക്ലാസ്സിഫൈ ചെയ്ത തത്തുല്യമായ ആനുകൂല്യങ്ങൾ നല്കണം. ആദിവാസി സബ്പ്ലാൻ, ഷെഡ്യൂൾഡ് കാസ്റ്റ് സബ്പ്ലാൻ മാതൃകയിൽ ഫിഷർമെൻ സബ്പ്ലാൻ ആവിഷ്കരിച്ച് നടപ്പിലാക്കണം. വന വിഭവങ്ങൾ കൊണ്ട് ജീവിക്കുന്ന വനവാസികൾക്ക് നിലവിൽ ട്രൈബൽ പരിരക്ഷ നൽകുന്നത് പോലെ, കടൽ വിഭവങ്ങളാൽ ഉപജീവനം ചെയ്യുന്ന വിഭാഗങ്ങൾക്ക് പരിരക്ഷ നൽകി ആനുകൂല്യങ്ങളും ക്ഷേമ പ്രവർത്തനങ്ങളും നൽകണം.

49. മത്സ്യമേഖലയ്ക്ക് ഉള്ള കേരള സർക്കാർ പദ്ധതി വിഹിതം ആവശ്യാനുസരണം വർദ്ധിപ്പിക്കണം. എല്ലാ തീരദേശ പഞ്ചായത്തുകളിലും കൃഷി ഭവൻ മാതൃകയിൽ മത്സ്യ ഭവൻ ആരംഭിക്കുകയും പദ്ധതികൾ ക്രോഡീകരിച്ച് നടപ്പാക്കുകയും ചെയ്യണം.

50. ഫിഷിങ് ഹാർബറുകളിലെ മത്സ്യലേലത്തിൽ മത്സ്യത്തിന് സർക്കാർ നിശ്ചയിക്കുന്ന ന്യായവിലക്ക് പകരം 'മാർക്കറ്റ് വില' നടപ്പാക്കണം. ഇത്തരം മാർക്കറ്റ് വില നിശ്ചയിക്കുന്നതിന്

ഹാർബർ മാനേജ്മെന്റ് കമ്മിറ്റികളിൽ 50% മത്സ്യ ത്തൊഴിലാളികളെ ഉൾപ്പെടുത്തണം.

**51**. മറ്റ് സംസ്ഥാനങ്ങളിൽ 3,000 മുതൽ 5,000 രൂപ വരെയാണ് മത്സ്യബന്ധന യാനങ്ങളുടെ പെർമിറ്റ് ഫീസെങ്കിൽ കേരളത്തിൽ 5,000 മുതൽ 52,000 രൂപ വരെ ഈടാക്കുന്നു എന്ന് പരാതി ലഭിച്ചിട്ടുണ്ട്. ഇത് സർക്കാർ അടിയന്തിരമായി പരിശോധിച്ച് മറ്റ് അയൽ സംസ്ഥാനങ്ങളിലുള്ള നിരക്കു തന്നെ ഇവിടെയും നടപ്പാക്കേണ്ടതാണ്.

**52**. മത്സ്യക്കുളങ്ങൾ, ചെമ്മീൻകെട്ട്, ഹാച്ചറി പോലെയുള്ള മത്സ്യഫെഡ് പദ്ധതികളിൽ പൂർണമായും മത്സ്യത്തൊഴിലാളിക്ക് ന്യായമായ പങ്കാളിത്തവും ജോലിയും ഉറപ്പുവരുത്തണം.

**53**. 2020-ലെ കേരള മറൈൻ ഫിഷറീസ് റെഗുലേഷൻ ആക്ട് ഭേദഗതി പ്രകാരം മത്സ്യബന്ധനത്തിനു ശേഷം നടത്തുന്ന ലേലത്തിന് ഏർപ്പെടുത്തിയിരിക്കുന്ന പുതിയ ലേല നിയമങ്ങളും അതിന് കമ്മീഷനായി നിശ്ചയിക്കുന്ന തുകയുടെ ശതമാനവും പുനഃപരിശോധിക്കേണ്ടതാണ്. സർക്കാർ ഒരു സൗകര്യവും ചെയ്തുകൊടുക്കാത്ത സ്ഥലത്തു ലേലം ചെയ്യുമ്പോൾ സർക്കാർ ഏജൻസികൾ കമ്മീഷൻ സ്വീകരിക്കുന്നത് ശരിയായ നടപടിയല്ല.

**54**. "ബ്ലൂ ഇക്കോണമി" പദ്ധതികൾ നടപ്പാക്കുമ്പോഴു ണ്ടാകുന്ന ആശങ്കകൾ പരിഹരിക്കണം. ഇതു പ്രകാരം

നടപ്പിലാക്കുന്ന പദ്ധതികളിൽ തീരദേശ നിവാസികളായ മത്സ്യത്തൊഴിലാളികളുടെ പങ്കാളിത്തവും ജോലിയും ജോലി സാധ്യതകളും ഉറപ്പ് വരുത്തണം.

**55. ബ്ലൂ ഇക്കോണമി** : സുസ്ഥിര വികസനത്തിനു വേണ്ടി ജൈവ-അജൈവ കടൽ സമ്പത്ത് ഉപയോഗിച്ച് സാമ്പത്തിക വികസനത്തിനും മെച്ചപ്പെട്ട ഉപജീവന മാർഗങ്ങൾക്കും, തൊഴിൽ അവസരങ്ങൾക്കും കടൽ ആവാസ വ്യവസ്ഥയ്ക്ക് ദോഷം വരാത്ത തരത്തിലുള്ള ഏകോപിത വികസന പ്രവർത്തനങ്ങൾ ഐക്യരാഷ്ട്ര സംഘടനയുടെ നേതൃത്വത്തിൽ നടപ്പിലാക്കുന്നതിന് സ്വീകരിച്ചിരിക്കുന്ന നൂതന പദ്ധതികൾ പൊതുവിൽ "Blue Economy" അഥവാ നീല സമ്പദ് വ്യവസ്ഥ എന്ന പേരിൽ അറിയപ്പെടുന്നു. നൂതന ശാസ്ത്ര സാങ്കേതിക അറിവുകൾ വേണ്ടവിധം വിനിയോഗിച്ചാൽ ബ്ലൂ ഇക്കോണമിയിലൂടെ ലോക സമ്പദ്ഘടനയ്ക്ക് തന്നെ പുതിയ ഒരു ഉണർവ് ഉണ്ടാകുമെന്നും കൂടുതൽ സമാവേശിത്വത്തോടെ മനുഷ്യരാശിയുടെ വളർച്ചയ്ക്കായി അവസരം ഉണ്ടാകും എന്നും കരുതപ്പെടുന്നു. കപ്പൽ ഗതാഗതം, മത്സ്യബന്ധനം, മത്സ്യകൃഷി, ആഴക്കടൽ ഖനനം, ഊർജ ഉല്പാദന മേഖലകളുടെ ത്വരിത വികസനം തുടങ്ങിയവയ്ക്കു പുത്തൻ ഉണർവുണ്ടാകും. ഈ ധാരണയുടെ പശ്ചാത്തലത്തിൽ ഇതിനകം പല രാഷ്ട്രങ്ങളും അവർക്ക് അനുയോജ്യമായ വികസന നയങ്ങളും

നിയമങ്ങളും സ്വീകരിച്ചു തുടങ്ങിയിട്ടുണ്ട്. തീരദേശ ഉൽപാദനം, സേവനങ്ങൾ, സമുദ്ര വ്യാപാരം, കടലിലെ വൈവിധ്യമാർന്ന ജൈവസ്രോതസ്സുകളും അജൈവസ്രോതസ്സുകളും അടിസ്ഥാന മാക്കിയുള്ള ഇന്ത്യയുടെ സാമ്പത്തിക വികസനത്തിന് ബ്ലൂ ഇക്കോണമി ഫലപ്രദമാകും. പ്രാരംഭാവസ്ഥയിൽ തന്നെ കാണാൻ കഴിയുന്ന സ്വീകാര്യത ഇന്ത്യയ്ക്ക് GDPയുടെ 4%-ത്തോളം ബ്ലൂ ഇക്കോണമിയിലൂടെ നേടാൻ കഴിയും എന്നാണ് സൂചിപ്പിക്കുന്നത്. 7,517 കിലോമീറ്റർ ദൈർഘ്യമുള്ള ഇന്ത്യൻ തീരദേശവും, 12 മേജർ തുറമുഖങ്ങളും, 187 നോൺ മേജർ തുറമുഖങ്ങളും, കടൽ വഴിയുള്ള വാണിജ്യ വ്യവസായ വ്യാപാരങ്ങളും, ആഴക്കടൽ ഖനനവും ഊർജ്ജ സ്രോതസ്സും ഉപയോഗപ്പെടുത്തുവാൻ കഴിയും. ബ്ലൂ ഇക്കോണമിയുടെ വിവിധ വശങ്ങൾ വിശദമായി പഠിക്കുകയും അതിനനുസരിച്ച് നയങ്ങൾ രൂപീകരിക്കുകയും ചെയ്യുന്നതിന് കേന്ദ്ര ഗവൺമെന്റ് മുന്നോട്ടു വന്നിരിക്കുകയാണ്. ജനങ്ങളുടെ ജീവനും ഉപജീവനമാർഗ്ഗങ്ങളും പ്രകൃതിക്ക് ഹാനികരമല്ലാത്ത വിധം സുസ്ഥിരവികസന മാർഗ്ഗങ്ങളിലൂടെയാണ് ബ്ലൂ ഇക്കോണമി നാം സ്വീകരിക്കേണ്ടത്. തീരദേശ ആഴക്കടൽ പ്രദേശത്തെ അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിനും ഉത്പാദനത്തിനും ശ്രമങ്ങൾ ആരംഭിക്കുമ്പോൾ തന്നെ അതു മൂലം കടൽ തീരത്തെയും, തീരദേശവാസികളെയും പ്രത്യേകിച്ച് കടലിനെ ആശ്രയിച്ച്

ജീവിക്കുന്ന മത്സ്യത്തൊഴിലാളികളുടെയും നിലനിൽപ്പിനും സുസ്ഥിര വികസനത്തിനുമായി പ്രത്യേക ശ്രദ്ധ നൽകണം. ബ്ലൂ ഇക്കണോമിയിലൂടെ ലാഭം മാത്രം ലക്ഷ്യമാക്കിയുള്ള വികസന പ്രവർത്തനങ്ങൾ ഉണ്ടാകാതിരിക്കാൻ വികസ്വര രാജ്യങ്ങൾ, പ്രത്യേകിച്ച് ഇന്ത്യ പോലുള്ള വികസര രാജ്യങ്ങൾ, പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. രാജ്യത്തിന് പൊതുവായ നയങ്ങൾ ഉണ്ടാക്കുമ്പോൾ സ്ഥാനിക പ്രശ്നങ്ങൾക്ക് ഊന്നൽ നൽകേണ്ടതും ആവശ്യമാണ്.

**56.** ബ്ലൂ ഇക്കോണി നടപ്പിൽ വരുത്തുന്നതിന് എതിരായി ധാരാളം എതിർപ്പുകളും ഉയർന്നിട്ടുണ്ട്. നേട്ടങ്ങൾ പലതും ഉണ്ടെങ്കിലും അവയിൽ നിന്നും വ്യത്യസ്തമായി കോട്ടങ്ങൾക്ക് മുൻതൂക്കം നൽകി ബ്ലൂ ഇക്കോണമി പ്രവർത്തനങ്ങളിൽ നിന്ന് മാറി നിൽക്കുന്നത് കേരളത്തിന് ഭൂഷണം ആയിരിക്കുകയില്ല. ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങൾ നേട്ടങ്ങൾ കൊയ്യുമ്പോൾ കേരളം വിട്ടുനിൽക്കരുത്. കേരളത്തിന് അനുയോജ്യമായ വിധത്തിൽ നയങ്ങളും നിയമങ്ങളും ഉണ്ടാക്കുകയാണ് വേണ്ടത്.

**57.** തീരദേശവാസികൾ, തീരദേശ സംരക്ഷണം, വ്യവസായം, ടൂറിസം, മത്സ്യബന്ധനം എന്നിവയ്ക്ക് ഹാനികരമായ നയങ്ങൾ ഒഴിവാക്കണം. തുറമുഖങ്ങൾ കേന്ദ്രീകരിച്ച് തീരദേശ തൊഴിൽ സോണുകൾ നിർമ്മിക്കുക. സാഗർ മാല പദ്ധതിയുടെ ഒരു

ഭാഗമായ ഇപ്പോൾ നിലവിലുള്ള National Maritime Policy കൂടുതൽ പ്രകൃതി സൗഹൃദം ആക്കുകയും അതിനെക്കുറിച്ച് ബന്ധപ്പെട്ട ഉപഭോക്താക്കളിൽ അവബോധം വളർത്തി യെടുക്കുകയും വേണം.

**58.** ബ്ലൂ ഇക്കോണമി ഒരു പുതിയ സമ്പദ്ഘടന രൂപീകരിക്കുവാൻ ഉപയുക്തമാണെങ്കിലും സുസ്ഥിര വികസനത്തിന് വിഘാതം നിൽക്കുന്ന പല പ്രവർത്തനങ്ങളും ഉണ്ടാകാൻ സാധ്യതകളുണ്ട്. വികസനത്തിന്റെ പേരിൽ സ്വീകരിക്കുന്ന പല നൂതന ആശയങ്ങളും ജനങ്ങളുടെ, പ്രത്യേകിച്ച് പാവപ്പെട്ടവരുടെ, ജീവനും ഉപജീവന മാർഗ്ഗങ്ങൾക്കും ദോഷകരമായി ബാധിച്ചിട്ടുണ്ട് എന്ന പൂർവ്വകാല അനുഭവങ്ങൾ വിസ്മരിക്കരുത്. അതുകൊണ്ട് കേരളത്തിന്റെ തനതായ പ്രത്യേകതകൾ ബ്ലൂ ഇക്കോണമി സംബന്ധിച്ച പ്രവർത്തനങ്ങൾക്ക് മുൻപ് തന്നെ വിശദമായി പഠിക്കുകയും അതിനനുസൃതമായ നയ-നിയമ രൂപീകരണം സമയബന്ധിതമായി നടത്തണമെന്നും കമ്മീഷൻ കേരള സർക്കാരിനോട് നിർദ്ദേശിക്കുന്നു.

**59.** തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട് രൂപം കൊണ്ട തീരം തീരദേശ നിവാസികളുടെ ആവശ്യങ്ങൾക്കായും കടലാക്രമണം മൂലം മറ്റ് സ്ഥലങ്ങളിൽ നഷ്ടപ്പെട്ട സൗകര്യങ്ങളുടെ പുനർ നിർമ്മിതിക്കുമായി ഉപയോഗിക്കുന്നത് ന്യായമായിരിക്കും.

**60.** ഹാർബർ എഞ്ചിനിയറിംഗ് ഫണ്ട് 50% മത്സ്യ ത്തൊഴിലാളികളെങ്കിലും താമസിക്കുന്നിടത്തുതന്നെ വിനിയോഗി ക്കേണ്ടതാണ്.

**61.** തീരദേശത്തെ പല ഭവനങ്ങൾക്കും പട്ടയമില്ല. കൊല്ലം, മുതാക്കര സുനാമി കോളനിയിലെ വീടുകൾക്ക് പട്ടയം ഇതുവരെ ലഭ്യമായിട്ടില്ല. ഇത് അടിയന്തിരമായി പരിശോധിച്ച് നടപടിയെടുക്കേണ്ടതാണ്.

**62.** മത്സ്യക്കുഞ്ഞുങ്ങളെ പിടിക്കുന്നത് ഒഴിവാക്കാൻ നിശ്ചിത വലിപ്പത്തിലുള്ള വലകൾ മാത്രം ഉപയോഗിച്ച് വലിയ മത്സ്യങ്ങൾ മാത്രം പിടിക്കുന്നതിനുള്ള നിയന്ത്രണങ്ങൾ കൊണ്ടുവരണം.

**63.** കേന്ദ്ര-കേരള സർക്കാരുകളുടെ മത്സ്യമേഖല, തീരദേശം എന്നിവയോടനുബന്ധിച്ചുണ്ടാകുന്ന തൊഴിലവസരങ്ങളിൽ (കോസ്റ്റ് ഗാർഡ്, മുങ്ങൽ വിദഗ്ദ്ധർ തുടങ്ങിയവ) തീരദേശ മേഖലകളിൽ നിന്നുള്ളവർക്ക് മുൻഗണന നൽകണം. അതുപോലെ തീരപ്രദേശങ്ങളിൽ കായികവിനോദങ്ങൾ പ്രോത്സാഹിപ്പിക്കാൻ വളരെ വലിയ സാധ്യതയാണുള്ളത്. അങ്ങനെയുള്ളവർക്ക് കായിക രംഗത്ത് വളർച്ചയും ജോലിയും ലഭിക്കാനുള്ള സാധ്യത വളരെയധികം ഉണ്ട്. അവരുടെ കായിക കഴിവുകളെ പരമാവധി പുഷ്ടിപ്പെടുത്തേണ്ടതിന് സർക്കാർ വേണ്ടത്ര ശ്രദ്ധ ചെലുത്തണം.

**64**. ആസിഡ് കലർന്ന മലിന ജലവും കീടനാശിനികളുടെ ഉപയോഗവും ഉൾനാടൻ മത്സ്യസമ്പത്തിന്റെ ശോഷണത്തിന് കാരണമാകുന്നു. കക്കകൾ പൂർണ്ണമായി ഇല്ലാതായി. ശാസ്ത്രീയമായി പ്രശ്നത്തെ പഠിക്കുകയും പരിഹാരങ്ങൾ നിർദ്ദേശിക്കുകയും വേണം.

**65**. പല പീലീംഗ് ഷെഡുകളും രജിസ്റ്റർ ചെയ്തിട്ടില്ല. പീലിംഗ് തൊഴിലുമായി ബന്ധപ്പെട്ടുണ്ടാകുന്ന ഗർഭാശയ രോഗങ്ങൾ, മറ്റ് ആരോഗ്യപ്രശ്നങ്ങൾ എന്നിവയ്ക്ക് യാതൊരു വിധ സാമ്പത്തിക സഹായവും തൊഴിലാളികൾക്ക് ലഭ്യമാകുന്നില്ല. ആനുകൂല്യങ്ങളുടെ വിതരണം എല്ലാവരിലേക്കും എത്തുന്നതിനുള്ള നടപടി കളുണ്ടാകണം. ഇങ്ങനെയുള്ള രോഗാവസ്ഥകളെ "Occupational Hazards" ആയി ക്ലാസിഫൈ ചെയ്ത് അതിനുള്ള ആനുകൂല്യങ്ങൾ അവർക്ക് നല്കേണ്ടതാണ്.

**66**. 2017-18ലെ കണക്കനുസരിച്ച് കേവലം 42 ജീവനക്കാരെയാണ് മത്സ്യഫെഡിൽ ദിവസ വേതനത്തിന് നിയമിച്ചിട്ടുള്ളത്. ഇവരിൽ മത്സ്യത്തൊഴിലാളി സമൂഹത്തിൽ നിന്നുള്ളവർ കുറവാണ്. മത്സ്യത്തൊഴിലാളികൾക്ക് കൂടുതൽ സംവരണം ഏർപ്പെടുത്തിയും നിലവിലുള്ള സംവരണം ഫലപ്രദമായി നടപ്പിലാക്കിയും പ്രശ്നപരിഹാരം കണ്ടെ ത്തേണ്ടതാണ്.

67. സർക്കാരിന്റെ വിവിധ ക്ഷേമ പദ്ധതികളെക്കുറിച്ച് മത്സ്യത്തൊഴിലാളികൾക്ക പ്രത്യേക ബോധവത്കരണ പരിപാടികൾ നടപ്പിലാക്കണം.

## അധ്യായം 8

## ശുപാർശാസംഗ്രഹ

8.1. ക്രിസ്ത്യാനികൾക്ക് ജനസംഖ്യാനുപാതികമായി ന്യൂനപക്ഷ ആനുകൂല്യങ്ങൾ നൽകണം. ഇക്കാര്യത്തിൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അത് സ്വാഗതാർഹമാണ്. ഈ വിഷയം ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ പരിഗണനയിൽ ആണെങ്കിലും കോടതിയിൽ നിന്നും സ്റ്റേ ഉത്തരവ് ഉണ്ടായിട്ടുമില്ല. കോടതിയുടെ പരിഗണനയിലിരിക്കുന്ന വിഷയമായതിനാൽ കൂടുതൽ നിർദ്ദേശങ്ങൾ ആവശ്യമില്ല.

8.2. കമ്മ്യൂണിറ്റി ക്വോട്ടയിലെ സീറ്റുകളിൽ മെറിറ്റിന്റെ അടിസ്ഥാനത്തിൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകണം.

8.3. ന്യൂനപക്ഷങ്ങൾ നടത്തുന്ന കോളേജുകളിൽ പൊതുവായും, തീരദേശത്തും മലയോര പ്രദേശങ്ങളിലും താമസിക്കുന്നവരുടെ ബുദ്ധിമുട്ടുകൾ മനസ്സിലാക്കി അവിടെയുള്ള കോളേജുകളിൽ പ്രത്യേകിച്ചും, പുതിയ കോഴ്സുകൾ കൂടുതലായി അനുവദിക്കണം.

8.4. മലയോര പ്രദേശങ്ങളിലും തീരപ്രദേശങ്ങളിലും മൽസ്യത്തൊഴിലാളികൾ, ക്രൈസ്തവർ എന്നിവർ കൂടുതലായി താമസിക്കുന്ന സ്ഥലങ്ങളിലും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളും തൊഴിൽ പരിശീലനകേന്ദ്രങ്ങളും എഞ്ചിനിയറിങ്, മെഡിസിൻ,

സിവിൽ സർവീസ് തുടങ്ങിയവയ്ക്കുള്ള പരിശീലന കേന്ദ്രങ്ങളും ഉപകേന്ദ്രങ്ങളും സ്ഥാപിക്കണം. ഇത്തരം കേന്ദ്രങ്ങൾ എല്ലാം എല്ലാ ന്യൂനപക്ഷങ്ങൾക്കും ഒരുപോലെ സൗകര്യപ്രദവും പ്രാപ്യവും ആയ ഇടങ്ങളിൽ പ്രവർത്തിക്കണം. ഈ കേന്ദ്രങ്ങളിലെ പ്രവേശനത്തിന് എല്ലാ വിഭാഗങ്ങളിലുംപെട്ട ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് ഒരേ രീതിയിലുള്ള നിബന്ധനകളും സൗകര്യങ്ങളും സാമീപ്യതയും ഉണ്ടായിരിക്കണം.

8.5. സ്ഥലത്തിന്റെ വില ഒഴിച്ചുള്ള കെട്ടിടങ്ങളുടേയും പശ്ചാത്തല സൗകര്യങ്ങളുടേയും നിശ്ചിത ശതമാന മൂലധന ബാധ്യതയും ആവർത്തന ചെലവിന്റെ ഒരു നിശ്ചിത ശതമാനവും കുട്ടികളുടെ എണ്ണമനുസരിച്ച് സർക്കാർ തന്നെ എയ്ഡഡ് സ്കൂളുകൾക്ക് നൽകണം. എന്നാൽ നിയമനവുമായി ബന്ധപ്പെട്ട് മാനേജ്മെന്റ് പണം വാങ്ങുന്നില്ല എന്ന് സർക്കാർ ഉറപ്പ് വരുത്തണം.

8.6. ന്യൂനപക്ഷ സ്ഥാപനങ്ങളിൽ സർക്കാർ നിശ്ചയിച്ച യോഗ്യതാ മാനദണ്ഡങ്ങൾ പ്രകാരം അധ്യാപകരെ നിയമിക്കുന്നതിനുള്ള ചുമതല മാനേജുമെന്റുകൾക്കായിരിക്കണം. എന്നാൽ നിയമന നടപടികൾ സുതാര്യമായിരിക്കണം എന്ന കാര്യം സർക്കാരിന് യഥാവിധി നിഷ്കർഷിക്കാവുന്നതാണ്.

8.7. ഇപ്പോൾ അധ്യാപക നിയമനത്തിന് കെ.ടെറ്റ് പരീക്ഷ പാസാകേണ്ടതുണ്ട്. ഏറ്റവും പിന്നോക്കം നിൽക്കുന്ന സമുദായത്തിന് ന്യായമായ രീതിയിൽ യോഗ്യത ഉള്ള വ്യക്തികളെ ലഭ്യമാക്കുന്നതിന് വേണ്ട വിജയ ശതമാനം 'X' ആണെങ്കിൽ എല്ലാവർക്കും മിനിമം പാസ്സ് മാർക്ക് ശതമാനം 'X' ആയിത്തന്നെ നിജപ്പെടുത്തണം.

8.8. ഒരു പ്രത്യേക മതവിഭാഗത്തിന് ഭൂരിപക്ഷം ഉണ്ട് എന്ന പരിഗണന വച്ച് മാത്രം ഒരു സ്ഥലത്തെ സർക്കാർ ഉടമസ്ഥതയിലുള്ള വിദ്യാഭ്യാസ സ്ഥാപനത്തിന് മതാധിഷ്ഠിത പേരു നൽകുന്നത് ശരിയാണോ എന്നും സർക്കാർ പരിശോധിക്കണം.

8.9. ആലപ്പുഴ ജില്ലയിൽ എടത്വ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ഒരു പരിശീലന കേന്ദ്രം തുടങ്ങുവാനുള്ള അപേക്ഷയിൽ ന്യൂനപക്ഷ കമ്മീഷൻ 26-4-2018-ൽ എം.സി.(ഓ.പി.) നമ്പർ 202/2017-ൽ രണ്ട് മാസത്തിനകം നടപടി എടുക്കണമെന്ന് ആവശ്യപ്പെട്ടതാണ്. അത് എത്രയും വേഗം അനുവദിക്കണം.

8.10. ന്യൂനപക്ഷങ്ങൾക്ക് കേരള സർക്കാർ ന്യൂനപക്ഷ ക്ഷേമ ഡയറക്ടറേറ്റ് നല്കുന്ന സ്കോളർഷിപ്പുകൾ സംബന്ധിച്ച് 2023 മാർച്ച് ഒന്നാം തീയതിയിലെ പത്രങ്ങളിൽ പരസ്യം ചെയ്തത് വളരെ

സന്തോഷകരമാണ്. തുടർ വർഷങ്ങളിലും അങ്ങനെ പരസ്യം ചെയ്യണം.

8.11. കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ ലിമിറ്റഡ് എങ്ങിനെയാണ് ന്യൂനപക്ഷങ്ങൾക്ക് സഹായം ചെയ്യുന്നതെന്ന് വിശദമായ വിവരങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട് (**അനുബന്ധം - 4**). എല്ലാ വർഷവും ഇങ്ങനെ ചെയ്യണം.

8.12. ഏറ്റവും കൂടുതൽ ക്രിസ്ത്യാനികൾ ഉള്ള കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ എന്നീ നാല് ജില്ലകൾക്കുവേണ്ടി എറണാകുളത്ത് ഒരു റീജിയണൽ ഓഫീസ് മാത്രമാണുള്ളത്. അതുകൊണ്ട് ഇടുക്കി ജില്ലയ്ക്ക് മാത്രമായോ ഇടുക്കി, കോട്ടയം ജില്ലകളെ ഉൾപ്പെടുത്തിയോ ഒരു റീജിയണൽ ഓഫീസ് സ്ഥാപിക്കണമെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു. അതു പോലെ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ എന്നീ നാല് ജില്ലകൾക്കുവേണ്ടി തിരുവനന്തപുരത്ത് ഒരു റീജിയണൽ ഓഫീസ് മാത്രമാണുള്ളത്. അതിനാൽ പത്തനംതിട്ട, ആലപ്പുഴ എന്നീ ജില്ലകൾക്കുവേണ്ടി തിരുവല്ലയിലോ ചെങ്ങന്നൂരോ ഒരു റീജിയണൽ ഓഫീസ് സ്ഥാപിക്കണം.

8.13. കേരള പബ്ലിക് സർവീസ് കമ്മീഷൻ, യൂണിയൻ പബ്ലിക് സർവീസ് കമ്മീഷൻ, റെയിൽവേ റിക്രൂട്ട്മെന്റ് ബോർഡ്, ബാങ്കിങ്

സർവീസ് കമ്മീഷൻ എന്നീ ഏജൻസികൾ നടത്തുന്ന മത്സര പരീക്ഷകൾക്കും വിവിധ കോഴ്സുകൾക്കുള്ള പ്രവേശന പരീക്ഷകൾ മുതലായവയ്ക്ക് സൗജന്യ പരിശീലനം നൽകുന്ന ട്രെയിനിങ് സെന്ററുകളുണ്ട്. ധാരാളം കുടിയേറ്റ കർഷകരുള്ള മലയോര പ്രദേശമായ കണ്ണൂരും ഇടുക്കിയിലും കോട്ടയം ജില്ലയുടെ കിഴക്കൻ പ്രദേശങ്ങളിലും ധാരാളം മത്സ്യത്തൊഴിലാളികൾ അധിവസിക്കുന്ന എറണാകുളത്തും, തിരുവനന്തപുരത്തുമുള്ള തീരപ്രദേശങ്ങളിലും ഇത്തരം ട്രെയിനിങ് സെന്ററുകൾ സ്ഥാപിക്കണം.

**8.14.** ജില്ലാ അടിസ്ഥാനത്തിൽ മീൻസ്-കം-മെറിറ്റ് സ്കോളർഷിപ്പ് നൽകുമ്പോൾ ന്യൂനപക്ഷ ജനസംഖ്യാ ടിസ്ഥാനത്തിൽ ആയിരിക്കണം നൽകേണ്ടതെന്ന് കമ്മീഷൻ ശുപാർശ ചെയ്യുന്നു.

**8.15.** ഹയർ സെക്കന്ററി സ്കൂളുകളിലും കോളേജുകളിലും അഡീഷണൽ സീറ്റുകൾ അനുവദിക്കുമ്പോൾ ആനുപാതികമായി മാനേജ്മെന്റ് ക്വോട്ടയും കമ്മ്യൂണിറ്റി ക്വോട്ടയും അനുവദിക്കണമെന്ന് കമ്മീഷൻ ശുപാർശ ചെയ്യുന്നു. ഇത് പിന്നോക്ക സമുദായങ്ങൾക്ക് ജനറൽ മെറിറ്റിൽ ലഭിക്കുന്ന സംവരണത്തിനു പുറമെ അവർ നടത്തുന്ന സ്ഥാപനങ്ങൾക്ക് ലഭ്യമാകണം.

8.16. അടുത്ത കാലത്ത് കമ്മ്യൂണിറ്റി ക്വോട്ട എന്നു പറയുമ്പോൾ അതിൽ എല്ലാ വിഭാഗം ക്രിസ്ത്യാനികളും ഉൾപ്പെടും എന്ന ഒരു നിർവചനം കോടതി വിധികളിൽ ഉണ്ടായിട്ടുണ്ട്. അതുകൊണ്ട് പ്രത്യേക ന്യൂനപക്ഷ സമുദായം നടത്തുന്ന സ്ഥാപനങ്ങളിൽ കമ്മ്യൂണിറ്റി ക്വോട്ട കൂടാതെ മാനേജ്ജുമെന്റ് ക്വോട്ടയും ആവശ്യമാണ്. അത്തരം മാനേജ്മെന്റ് ക്വോട്ടയിൽ ഏത് പ്രത്യേക കമ്മ്യൂണിറ്റിയാണോ സ്ഥാപനം സ്ഥാപിച്ചത് ആ പ്രത്യേക കമ്മ്യൂണിറ്റിയിൽ പെടുന്നവർക്ക് മെറിറ്റ് അടിസ്ഥാനത്തിൽ ആ പ്രത്യേക മാനേജ്മെന്റ് ക്വോട്ടയിൽ പ്രവേശനം കൊടുക്കാവുന്നതാണ്.

8.17. കേന്ദ്ര സർക്കാർ ന്യൂനപക്ഷ സ്കോളർഷിപ്പുകളുടെ വിതരണത്തിനുള്ള മുഴുവൻ തുകയും നൽകുന്നത് കേന്ദ്ര സർക്കാരാണ്. മുസ്ലീം, ക്രിസ്ത്യൻ, സിഖ്, ജൈനർ, ബുദ്ധ, പാഴ്സി എന്നീ മതവിഭാഗത്തിൽപ്പെട്ടവർക്കാണ് ഈ സ്കോളർഷിപ്പ് ലഭിക്കുന്നതിന് അർഹതയുള്ളത്. മേല്പറഞ്ഞ ആറു മത വിഭാഗത്തിൽപ്പെട്ടവർക്കും ഈ . സ്കോളർഷിപ്പുകൾ വിതരണം ചെയ്യേണ്ടതാണ് എന്നാണ് കമ്മീഷന്റെ അഭിപ്രായം. മേല്പറഞ്ഞ സ്കോളർഷിപ്പ് കൂടാതെ മൗലാനാ ആസാദ് റിസർച്ച് ഫെല്ലോഷിപ്പ് ആയി അഞ്ചു വർഷത്തേക്ക് ഗവേഷണ വിദ്യാർത്ഥികൾക്ക് നൽകുന്ന ഫെല്ലോഷിപ്പ് ഉണ്ട്. എന്നാൽ ഈ സ്കോളർഷിപ്പ്

2022-ന ശേഷം നിർത്തൽ ചെയ്തു എന്ന് വാർത്തകൾ ഉണ്ടായിരുന്നു. ന്യൂനപക്ഷങ്ങളുടെ ഇടയിൽ ഗവേഷണ വിദ്യാർത്ഥികൾ വളരെയേറെ കുറവാണ്. മേല്പറഞ്ഞ സ്കോളർഷിപ്പ് ഉള്ളതുകൊണ്ട് വളരെ കുറച്ച് കുട്ടികൾ എങ്കിലും ഗവേഷണത്തിന് തയ്യാറാകുമായിരുന്നു. മേല്പറഞ്ഞ സ്കോളർഷിപ്പ് നിർത്തി യിട്ടുണ്ടെങ്കിൽ സംസ്ഥാന സർക്കാർ ഈ വിഷയം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി പ്രശ്ന പരിഹാരം കാണണ മെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു. ഇവ കൂടാതെ മറ്റു ചില സ്കോളർഷിപ്പുകളും കേന്ദ്രസർക്കാർ നിർത്തലാക്കി എന്ന വാർത്തകൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. അത്തരം സ്കോളർഷിപ്പുകളുടെ കാര്യത്തിലും അവ പുനഃസ്ഥാപിക്കുവാൻ നടപടികൾ എടുക്കേണ്ടതാണ്.

8.18. ക്രൈസ്തവ യുവാക്കൾക്കിടയിലെ തൊഴിലില്ലായ്മ പരിഹരിക്കാൻ അവർക്കിടയിൽ സംരംഭകത്വം വളർത്താനുതകുന്ന പദ്ധതികൾ നടപ്പിലാക്കണം. സംരംഭകത്വ പരിശീലനം ഉറപ്പു വരുത്തുന്നതിനു വേണ്ട പദ്ധതികൾ ന്യൂനപക്ഷ കമ്മീഷന്റെ ആഭിമുഖ്യത്തിൽ ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ആരംഭിക്കണം.

8.19. സ്വാശ്രയ മെഡിക്കൽ കോളേജുകളിലും നഴ്സിംങ്ങ് കോളേജുകളിലും പാരാമെഡിക്കൽ കോഴ്സുകൾ നടത്തുന്ന

സ്ഥാപനങ്ങളിലും 50% സീറ്റുകൾ സർക്കാരിന് വിട്ടു കൊടുത്തിരിക്കുന്നു. സർക്കാരിനു ലഭിച്ച 50% സീറ്റിൽ 20% സീറ്റ് കമ്മ്യൂണിറ്റി ക്വോട്ട ആയി സ്വാശ്രയ സ്ഥാപനങ്ങളിൽ നല്കേണ്ടതാണ്. അതില്ലാ എങ്കിൽ സർക്കാർ മെറിറ്റ് സീറ്റിൽ കമ്മ്യൂണിറ്റി മെറിറ്റ് ഇല്ലാതാകും. ബാക്കി വരുന്ന 50% സീറ്റിൽ 30% പൊതു കമ്മ്യൂണിറ്റി ക്വോട്ട ആയും ബാക്കി 20% സ്ഥാപനത്തിന്റെ മാനേജിംഗ് കമ്മ്യൂണിറ്റിയുടെ പ്രത്യേക മാനേജ്മെന്റ് ക്വോട്ട ആയും പരിഗണിക്കേണ്ടതാണ്. ഈ 20% മാനേജ്മെന്റ് ക്വോട്ടയിൽ അർഹത ഏതു വിഭാഗങ്ങൾക്കൊക്കെയാണ് എന്നു കാലേക്കൂട്ടി തീരുമാനിക്കാവുന്നതാണ്.

**8.20.** ഡയറക്റ്റ് പേയ്മെന്റ് കരാറിൽ സൂചിപ്പിച്ചിട്ടുള്ളതുപോലെ പട്ടിക ജാതി-പട്ടിക വർഗ്ഗത്തിൽപെട്ട യോഗ്യരായ അപേക്ഷകരുടെ അഭാവത്തിൽ കോളേജ് മാനേജ്മന്റ് ഉൾപ്പെടുന്ന പിന്നോക്ക ന്യൂനപക്ഷ വിഭാഗത്തിൽപെട്ട അപേക്ഷകർക്കും SCCC വിഭാഗത്തിലുള്ള ആളുകൾക്കും യോഗ്യതയുടെ അടിസ്ഥാനത്തിൽ പ്രവേശനം സാധ്യമാക്കണം. എല്ലാ വിദ്യാഭ്യാസ അഡ്മിഷനുകൾക്കും ഈ തത്ത്വം ബാധകമാക്കാവുന്നതാണ്.

**8.21.** ജോലിക്കുള്ള സംവരണവും വിദ്യാഭ്യാസത്തിനുള്ള സംവരണവും തമ്മിൽ വലിയ അന്തരമാണ് നിലവിൽ ഉള്ളത്.

പിന്നോക്ക വിഭാഗത്തിൽ ഉള്ള ക്രിസ്ത്യാനികൾ പ്രധാനമായും നാടാർ, ലത്തീൻ, ആംഗ്ലോ ഇന്ത്യൻ സമൂഹങ്ങളിലും SCCC പരിവർത്തിത ക്രൈസ്തവരിലുമാണുള്ളത്. ഇവർക്ക് ജോലിക്ക് 8% സംവരണം ഉള്ളപ്പോൾ വിദ്യാഭ്യാസത്തിന് 4% മാത്രമാണ് സംവരണം ഉള്ളത്. ഈ സമുദായങ്ങളിലെല്ലാം കൂടി കുറഞ്ഞത് ഇരുപത്തിയഞ്ചു ലക്ഷത്തോളം അംഗങ്ങൾ ഉണ്ടെന്ന് നമുക്ക് അനുമാനിക്കാവുന്നതാണ്. ഈ സമൂഹങ്ങളിൽ നിന്ന് വളരെ വിരളമായി മാത്രമേ മെറിറ്റ് അടിസ്ഥാനത്തിൽ ആളുകൾക്ക് ജോലിയോ പ്രവേശനമോ ലഭിക്കാറുള്ളൂ. ആ നിലയ്ക്ക് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ കുറഞ്ഞപക്ഷം 6% എങ്കിലും സംവരണം മൂന്നു വിഭാഗങ്ങളിലായി LA/AI എന്നും നാടാർ എന്നും SCCC എന്നും പ്രത്യേക പ്രത്യേക 3:2:1 ക്വോട്ട നല്കുന്നതായിരിക്കും ഉത്തമം.

8.22. അതുപോലെ തന്നെ പബ്ലിക് സർവീസ് കമ്മീഷന്റെ നിയമന റൊട്ടേഷൻ ചാർട്ടിൽ SCCC-യ്ക്ക് 48-മത്തെ ഊഴത്തിലാണ് ഇപ്പോൾ ലിസ്റ്റ് പ്രകാരം ഉദ്യോഗം ലഭിക്കുന്നത്. ആദ്യത്തെ റാങ്കുകളിൽ പല സമൂഹങ്ങളും 48-ആം ഊഴത്തിന് മുമ്പിൽത്തന്നെ മൂന്നും നാലും പ്രാവശ്യം റൊട്ടേഷൻ ലിസ്റ്റിൽ ഇടം പിടിക്കുന്നുണ്ട്. അങ്ങനെ ഏതെങ്കിലും സമൂഹം മൂന്നാമത്തെ പ്രാവശ്യം ചാർട്ടിൽ ഇടം പിടിക്കുന്നതിനു മുമ്പുള്ള ഊഴം SCCCയ്ക്ക് നല്കി റൊട്ടേഷൻ ചാർട്ട് പുനർനിർണ്ണയിക്കേണ്ടതാണ്.

**8.23.** ഇതു കൂടാതെ Scheduled Caste-നും Scheduled Tribe-നും വലിയൊരു ശതമാനം തസ്തികകളും സീറ്റുകളുമാണ് സംവരണം വഴി നീക്കി വച്ചിരിക്കുന്നത്. പലപ്പോഴും അവരുടെ ഇടയിൽ നിന്ന് ഈ തസ്തികകളിലേയ്ക്കോ സീറ്റുകളിലേയ്ക്കോ ആരേയും കിട്ടാത്ത സാഹചര്യം ഉണ്ടായാൽ അങ്ങനെയുള്ള സീറ്റുകളിലും തസ്തികകളിലും SCCC വിഭാഗത്തിലുൾപ്പെടുന്ന ആളുകളെ പരിഗണിച്ച് നിയമിക്കുകയോ സീറ്റ് നൽകുകയോ ചെയ്യുന്നത് പലപ്പോഴും അതിപരിതാപകരമായ അവസ്ഥയിൽ ജീവിക്കുന്ന പ്രസ്തുത സമൂഹത്തിന് വലിയ ആശ്വാസമായിരിക്കും. പലപ്പോഴും Scheduled Tribes-ന് 2 മുതൽ 8 ശതമാനം വരെ റിസർവേഷനും Scheduled Caste-ന് 8 മുതൽ 15 വരെ ശതമാനം റിസർവേഷനും വിവിധ മേഖലകളിൽ ലഭിക്കുന്നുണ്ട്. ഇതു പലപ്പോഴും ജനറൽ മെറിറ്റിൽ യോജിപ്പിക്കുകയാണ് പതിവ്. അത് ഒഴിവാക്കി SCCC-യ്ക്ക് കൊടുക്കണം എന്നും അവരും ഇല്ലെങ്കിൽ മറ്റു പിന്നോക്ക ന്യൂനപക്ഷ വിഭാഗങ്ങൾക്ക് നൽകണമെന്നും ശുപാർശ ചെയ്യുന്നു.

**8.24.** സർക്കാർ ആർട്ട്സ് ആന്റ് സയൻസ് കോളേജുകളിലും യൂണിവേഴ്സിറ്റികളിലും സംവരണത്തിലൂടെയുള്ള പ്രവേശനത്തിനുള്ള സുതാര്യമായ റൊട്ടേഷൻ ചാർട്ടും സീറ്റുകളും പ്രോസ്പെക്ടസിൽ തന്നെ പ്രസിദ്ധപ്പെടുത്തണം.

**8.25.** എയ്ഡഡ് മേഖലയിലെ എല്ലാ ക്രിസ്ത്യൻ ന്യൂനപക്ഷ സ്ഥാപനങ്ങളിലും കമ്യൂണിറ്റി ക്വോട്ട 20% അനുവദിക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായുണ്ടാകണം.

**8.26.** ഗ്രാമീണ മേഖലയിലെ കുട്ടികൾക്ക്, പ്രത്യേകിച്ച ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക്, തങ്ങളുടെ ജില്ലയിൽ മികച്ച വിദ്യാഭ്യാസ അവസരങ്ങൾ കുറവായതിനാൽ ജില്ലയ്ക്കു പുറത്തുപോയി പഠിക്കുവാനുള്ള ആവശ്യങ്ങൾക്കായി ന്യൂനപക്ഷ വകുപ്പിൽ കൂടുതൽ സ്കോളർഷിപ്പുകളും സംവരണവും അനുവദിക്കണം.

**8.27.** സ്പെഷ്യൽ സ്കൂളിലെ വിദ്യാർത്ഥികളും സാധാരണ കുട്ടികൾക്കു വേണ്ടതിലധികമായി സർക്കാരിന്റെ പ്രത്യേക പരിഗണന അർഹിക്കുന്നു. ആയതിനാൽ ഓരോ സ്കൂളിലും പഠിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണം അനുസരിച്ച് ഓരോ സ്കൂളിനും അവിടെ ജോലി ചെയ്യുന്ന ജീവനക്കാർക്കും പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സർക്കാർ ഏതു രീതിയിലുള്ള സൗകര്യങ്ങളും ശമ്പളവും നല്കുമായിരുന്നോ അതേ രീതിയുള്ള സൗകര്യങ്ങളും ശമ്പളവും സ്പെഷ്യൽ സ്കൂളുകളുടെ മാനേജ്മെന്റിനും ജീവനക്കാർക്കും നൽകേണ്ടതാണ്.

**8.28.** 1958-നു മുമ്പ് ഗ്രാമീണ മേഖലയിൽ ഉണ്ടായിരുന്ന ക്രിസ്ത്യൻ ന്യൂനപക്ഷ സ്ഥാപനങ്ങളായ എയ്ഡഡ് വിദ്യാലയ

കെട്ടിടങ്ങളുടെ ജീർണ്ണോദ്ധാരണത്തിനും ആധുനികവത്കരണത്തിനും പ്രാഥമിക സൗകര്യ ലബ്ധിക്കുമായി സർക്കാർ നിശ്ചിത അളവിൽ സഹായം ചെയ്യണം.

8.29. കുടുംബത്തിന്റെ സാമ്പത്തിക സാഹചര്യം മോശമായ കുട്ടികൾക്ക് "പഠന വീടുകൾ" ഉണ്ടാകണം; കുട്ടികൾക്ക് താമസം, ഭക്ഷണം മുതലായവ ലഭ്യമാകണം; അവർക്കായി ബ്രിഡ്ജ് കോഴ്സുകളും സ്റ്റഡി സെന്ററുകളും ആരംഭിക്കണം; ഇംഗ്ലീഷ്, ഗണിതം തുടങ്ങിയ വിഷയങ്ങൾക്ക് സ്കൂൾ തലത്തിൽ പരിഹാര ബോധന ക്ലാസുകൾ ഉണ്ടാകണം. ഇത്തരം പരിപാടികൾക്ക് ന്യൂനപക്ഷ വകുപ്പിന്റെ സാമ്പത്തിക സഹായം തീരദേശ മേഖലകളിലും മലയോര പ്രദേശങ്ങളിലും കുട്ടനാട്ടിലും ലഭിക്കേണ്ടതാണ്. ഇവയെല്ലാം എല്ലാ സ്ഥലത്തും പൂർണ്ണമായി സൗകര്യങ്ങൾ ചെയ്തുകൊടുക്കാൻ ഉള്ള വിഭവശേഷി ന്യൂനപക്ഷ വകുപ്പിന് ഇല്ലായെങ്കിൽ ഈ രംഗത്ത് സേവന തല്പരരായി മുമ്പോട്ടു വരുന്ന നോൺ-ഗവൺമെന്റൽ സന്നദ്ധ സഹായ സംഘങ്ങൾക്ക് അവർ ചെയ്യുന്ന സേവനങ്ങൾക്ക് ആനുപാതികമായി ഭാഗികമായ സഹായം സർക്കാർ ന്യൂനപക്ഷ വകുപ്പുവഴി നൽകണം.

8.30. നിലവിലുള്ള ക്രിസ്ത്യൻ ന്യൂനപക്ഷ സ്കൂളുകളിൽ (L.P., U.P., H.S.) പഠിക്കുന്ന കുട്ടികൾ ആ സ്കൂളിൽ അവസാന ക്ലാസ്സിൽ നിന്നു പാസ്സായാൽ അടുത്ത സ്ഥലങ്ങളിൽ ഉയർന്ന ക്ലാസ്സുകളുള്ള

സ്ഥാപനങ്ങൾ ലഭ്യമല്ല എന്ന് പല സ്ഥലങ്ങളിൽ നിന്നും പരാതി ഉണ്ടായിട്ടുണ്ട്. ഒരു ന്യായമായ ദൂരത്തിനുള്ളിൽ അത്തരം സ്കൂളുകൾ ലഭ്യമല്ലെങ്കിൽ നിലവിലുള്ള ക്രിസ്ത്യൻ ന്യൂനപക്ഷ സ്കൂളുകൾ ആവശ്യാനുസരണം അപ്ഗ്രേഡ് ചെയ്യണം.

## സ്കോളർഷിപ്പ്

8.31.a. രണ്ടു ലക്ഷത്തിൽ താഴെ വാർഷിക വരുമാനമുള്ള (i) മാതാപിതാക്കൾ മരിച്ചുപോയതോ നഷ്ടപ്പെട്ടതോ ആയ ക്രിസ്ത്യൻ കുട്ടികൾക്കും (ii) പിതാവ് മരിച്ച സ്കൂൾ വിദ്യാർത്ഥികളായ പെൺകുട്ടികൾക്കും (iii) ക്രൈസ്തവ കർഷകരുടെ മക്കൾക്കും സ്കോളർഷിപ്പ് നൽകുക.

b. ട്യൂഷൻ ഫീ റീ-ഇമ്പേഴ്സ്മെന്റ് പദ്ധതി നടപ്പിലാക്കുകയും ഉന്നത വിദ്യാഭ്യാസ പഠനത്തിന് പലിശ രഹിത ലോണുകൾ നല്കുകയും ചെയ്യണം. സ്വദേശത്തിലെ ഉന്നത വിദ്യാഭ്യാസത്തിനും പലിശ രഹിത വായ്പ അനുവദിക്കുന്നതിനും അവ ലഭിക്കുന്നതിനുമുള്ള നടപടി ക്രമങ്ങൾ ലഘൂകരിക്കേണ്ടതുണ്ട്.

c. ഒ.ഇ.സി. ലിസ്റ്റിൽ ഉൾപ്പെടുന്നതിനാൽ ജാതി അടിസ്ഥാനത്തിൽ ലഭിക്കുന്ന സ്റ്റൈപ്പന്റും ലംപ്സം ഗ്രാന്റും സ്കോളർഷിപ്പ് അല്ല എന്നു വ്യക്തമാക്കുന്ന ഉത്തരവുകൾ ഉണ്ടാവണം.

**8.32.** പ്രൊഫഷണൽ വിദ്യാഭ്യാസം ലഭിച്ച ക്രിസ്ത്യൻ വിദ്യാർത്ഥികൾക്ക് പുതിയ സ്റ്റാർട്ട്-അപ്പുകൾ ആരംഭിക്കുന്നതിന് ആവശ്യമായ വ്യക്തിഗത ലോണുകളും ഗ്രൂപ്പ് ലോണുകളും ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന് കീഴിൽ നടപ്പിലാക്കുക.

**8.33.** ക്ഷേമ പെൻഷനുകളായി 1,600 രൂപ വ്യക്തികൾക്ക് നൽകുമ്പോൾ ഗവൺമെന്റ് ഗ്രാന്റായി ഓർഫനേജുകൾക്ക് 1,100 രൂപ മാത്രമാണ് നൽകുന്നത്. അത് ക്ഷേമ പെൻഷനുമായി തുല്യമാക്കണം.

**8.34.** ന്യൂനപക്ഷ ക്ഷേമ ഡയറക്ടറേറ്റിൽ സൂപ്പർവൈസറിൽ താഴെ നിയമനത്തിന് സ്പെഷ്യൽ റൂൾസ് ഇല്ല. ന്യൂനപക്ഷ ക്ഷേമ ഡയറക്ടറേറ്റിലെ നിയമനങ്ങൾ പി.എസ്.സി. മുഖേന ആക്കണം. സ്പെഷ്യൽ റൂൾസ് നിലവിൽ വരുവാൻ താമസം നേരിടുകയും ക്യാഷ്വൽ ആയി നിയമനം നടത്തേണ്ടി വരുകയും ചെയ്താൽ പി.എസ്.സി. ലിസ്റ്റിൽ ഉള്ളവരെ നിയമിക്കുന്നത് ഉചിതമായിരിക്കും. ന്യൂനപക്ഷ ക്ഷേമ ഡയറക്ടറേറ്റിൽ നിയമനം നടത്തുമ്പോൾ, ക്യാഷ്വൽ ആയാലും, എല്ലാ മതന്യൂനപക്ഷങ്ങൾക്കും പ്രാതിനിധ്യം ഉണ്ടാകണം.

**8.35.** 2019-ലെ കേരള മദ്രസ്സ അധ്യാപക ക്ഷേമനിധി നിയമം പോലെയുള്ള ഒരു നിയമം സൺഡേസ്കൂൾ/വേദപഠനം/

മതബോധനം നടത്തുന്ന അധ്യാപകർക്കു വേണ്ടി നടപ്പിലാക്കണം. മദ്രസ്സ അധ്യാപക ക്ഷേമനിധിയിൽ സർക്കാർ നൽകുന്ന സഹായങ്ങൾ ഈ ക്ഷേമനിധി നിയമം പ്രകാരം രൂപീകരിക്കുന്ന ക്ഷേമനിധി ഫണ്ടിലും ഉണ്ടാകണം.

**8.36.** യത്തീം ഖാനയിലെ അന്തേവാസികൾക്ക് പ്രൊഫഷണൽ കോഴ്സിന് പഠിക്കുവാൻ വർഷം തോറും നൽകുന്ന 10,000 രൂപ വീതമുള്ള സ്കോളർഷിപ്പുകൾ ക്രിസ്ത്യാനികൾ ഉൾപ്പെടെയുള്ള മറ്റു മതന്യൂനപക്ഷങ്ങൾ നടത്തുന്ന അനാഥാലയങ്ങളിൽ താമസിച്ച് പഠിക്കുന്ന വിദ്യാർത്ഥികൾക്കും നൽകണം.

**8.37.** പ്രധാനമന്ത്രി ജൻവികാസ് കാര്യക്രം പോലെയുള്ള കേന്ദ്ര സർക്കാരിന്റെ നേരിട്ടുള്ള പദ്ധതികൾ നടപ്പാക്കുമ്പോൾ ക്രൈസ്തവർക്കും ക്രൈസ്തവ മേഖലകൾക്കും തുല്യ പരിഗണന നൽകണം. ക്രൈസ്തവ ആവാസ കേന്ദ്രങ്ങളെക്കൂടി ജനസംഖ്യാടിസ്ഥാനത്തിൽ ഈ പദ്ധതികളിൽ ഉൾപ്പെടുത്തണം.

**8.38.** പ്രധാനമന്ത്രി ജൻവികാസ് കാര്യക്രം പദ്ധതി പ്രകാരം എല്ലാ ജില്ലകളിലുമുള്ള ജില്ലാ സമിതികളിൽ ജനസംഖ്യ അനുസരിച്ച് വിവിധ ന്യൂനപക്ഷങ്ങൾക്ക് ആനുപാതികമായി പ്രാതിനിധ്യം ഉണ്ടാകണം.

**8.39.** The Kerala State Commission for Minorities Act, 2014, 2018-ൽ ഭേദഗതി ചെയ്ത് വകുപ്പ് 2 (ബി)-യിൽ “another minority community” എന്നത് “a minority community” എന്നാക്കി. ചെയർമാൻ ഒരു സമുദായത്തിൽ നിന്നാകുമ്പോൾ അംഗം മറ്റൊരു സമുദായത്തിൽ നിന്നാകുന്നതാണ് ഉചിതമെന്നാണ് കമ്മീഷന്റെ അഭിപ്രായം. അത് നിയമസഭയുടെ പരിഗണനയിൽ വരേണ്ട വിഷയം ആയതിനാൽ ഈ കാര്യം സർക്കാർ പരിഗണിക്കണമെന്ന് കമ്മീഷൻ ശുപാർശ ചെയ്യുന്നു.

**8.40.** ഭരണഘടനാ ഭേദഗതി പ്രകാരം ‘സംവരണേതര വിഭാഗം’ എന്നത് മാത്രമാണ് നിയമപരമായി പ്രാബല്യമുള്ള പ്രയോഗം. സംവരണേതര വിഭാഗങ്ങളെ “മുന്നോക്ക” വിഭാഗങ്ങൾ എന്ന് ഔദ്യോഗികമായി വിളിക്കുന്നതിന് നിയമപരമായ ആധികാരികത ഇല്ല. എന്നാൽ മുൻപ് നിലവിലുള്ള ഭാഷാപ്രയോഗം എന്നുള്ള നിലയിൽ സർക്കാർ ഉത്തരവുകളിലും മറ്റു വിജ്ഞാപനങ്ങളിലും ഇത്തരം പ്രയോഗങ്ങൾ കടന്നു കൂടിയിരിക്കുന്നു. അതു കാരണം, പ്രായോഗികമായി നേരിടുന്ന ബുദ്ധിമുട്ടുകളെ കമ്മീഷൻ മുമ്പാകെ പ്രത്യേകം ചൂണ്ടികാണിക്കപ്പെടുകയുണ്ടായി. സംവരണേതര വിഭാഗത്തിലും, വളരെ പാവപ്പെട്ട, സ്വന്തമായി ഭൂമിയോ വീടോ ഇല്ലാത്തവരും ബി.പി.എൽ വിഭാഗത്തെ പോലെ തന്നെ വളരെ താഴെത്തട്ടിലുള്ളവരും

തൊഴിൽ ഇല്ലാത്തവരുമായി ധാരാളം പേരുണ്ട്. അവരെയെല്ലാം അവർക്ക് സംവരണം ഇല്ല എന്ന കാരണത്താൽ മുന്നോക്ക വിഭാഗം എന്നു വിളിക്കുന്നത് യുക്തിരഹിതമാണ്. അതിനു പകരം "സംവരണേതര വിഭാഗം" എന്ന് ഉപയോഗിക്കണം.

8.41. 103-ആം ഭരണഘടനാ ഭേദഗതി പ്രകാരം സംവരണേതര വിഭാഗം എന്നൊരു Socio-Religious Classification (SRC) ഭരണഘടനയിൽ ഉണ്ടായിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ, "The Kerala State Commission for Economically Backward Classes among Forward Communities Act, 2015" എന്ന നിയമത്തിന്റെ പേര് "The Kerala State Commission for Economically Backward Classes among General or Unreserved Communities Act"എന്ന് ഭേദഗതി ചെയ്യുക. "The Kerala State Commission for Economically Backward Classes among Forward Communities" എന്ന സ്റ്റാറ്റ്യൂട്ടറി കമ്മീഷന്റെ പേര് "The Kerala State Commission for Economically Backward Classes among General or Unreserved Communities" എന്നു ഭേദഗതി ചെയ്യുക. The Kerala State Welfare Corporation for Forward Communities Limited" എന്ന സംസ്ഥാന സർക്കാർ സ്ഥാപനതിന്റെ പേര് "Kerala State Welfare

Corporation for General or Unreserved Communities" എന്നു ഭേദഗതി ചെയ്യുക.

**8.42.** ന്യൂനപക്ഷ വകുപ്പിന്റെ കീഴിൽ ക്രൈസ്തവർക്കായി "KERALA STATE CHRISTIAN MINORITIES DEVELOPMENT FINANCE CORPORATION" രൂപീകരിച്ച് ഈ വിഭാഗത്തിൽപ്പെട്ട അർഹരായ വ്യക്തികൾക്കു കുറഞ്ഞ പലിശ നിരക്കിൽ കൃഷി, മത്സ്യകൃഷി, ബിസിനസ്, വ്യവസായം, പശുഫാം, ആടുഫാം മുതലായവ നടത്തുന്നതിനും ഓട്ടോറിക്ഷ, കാർ മുതലായ ടാക്സി വാഹനങ്ങൾ വാങ്ങുന്നതിനും വിദ്യാഭ്യാസ യോഗ്യതക്കനുസൃതമായ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും തൊഴിലിനായി വിദേശത്ത് പോകുന്നതിനും പ്രവാസികളായവർക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനും വിദ്യാഭ്യാസം നല്ല രീതിയിൽ ലഭിക്കുന്നതിനും ആവശ്യമായ വായ്പകൾ നല്കണം എന്ന ആവശ്യം കമ്മീഷന്റെ മുമ്പാകെ വന്നത് പരിഗണിച്ച് ഇത്തരത്തിലുള്ള ഒരു വികസന കോർപ്പറേഷൻ രൂപീകരിക്കണം.

**8.43.** ന്യൂനപക്ഷ ക്ഷേമ വകപ്പിന്റെയും വകുപ്പിന്റെ കീഴിലുള്ള ന്യൂനപക്ഷ കമ്മീഷൻ, ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ, ന്യൂനപക്ഷക്ഷേമ സമിതികൾ തുടങ്ങിയവയുടെയും ഭരണ നിർവ്വഹണത്തിൽ ക്രൈസ്തവർക്ക് ആനുപാതിക പ്രാതിനിധ്യം നൽകണം.

**8.44.** സർക്കാർ ഹോസ്പിറ്റൽ മേഖലയുമായി ബന്ധപ്പെട്ട ചർച്ചകളിലും നയപരമായ തീരുമാനങ്ങളിലും CHAI പോലെയുള്ള ക്രിസ്ത്യൻ ഹോസ്പിറ്റൽസ് അസോസിയേഷനുകൾക്ക് അർഹമായ പ്രാധാന്യം നൽകണം.

**8.45.** ജുവനൈൽ ജസ്റ്റിസ് ആക്ടിൽ ഒപ്പ് വയ്ക്കുന്നതിന് മുൻപേ തന്നെ നിലനിന്നിരുന്ന ഹോമുകളിൽ Child Welfare Committee പ്രതിസന്ധികൾ സൃഷ്ടിക്കുന്നു. ജുവനൈൽ ജസ്റ്റിസ് ആക്ട് പ്രകാരം സ്റ്റാഫുകളുടെ എണ്ണം 100 കുട്ടികൾക്ക് 25 പേരാണ്. ഇത്രയ്ക്ക് ശമ്പളം കൊടുക്കണമെങ്കിൽ ഒരു മാസം 5 ലക്ഷം രൂപയെങ്കിലും വേണം. ആയതിന്റെ പകുതി തുകയെങ്കിലും സർക്കാർ ഗ്രാന്റായി നൽകണം.

**8.46.** ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അധ്യക്ഷരായി റൊട്ടേഷൻ ക്രമത്തിൽ ക്രൈസ്തവരേയും നിയമിക്കണം.

**8.47.** ക്രൈസ്തവവിശ്വാസം, ആചാരങ്ങൾ, നേതൃത്വത്തെ അവഹേളിക്കുന്ന ചലച്ചിത്രങ്ങൾ, പ്രസിദ്ധീകരണങ്ങൾ, ചിത്രങ്ങൾ, എഴുത്തുകൾ എന്നിവയ്ക്കെതിരെ രേഖാമൂലം പരാതി നൽകിയാൽ അത് സംബന്ധിച്ച് സത്വരമായി നിയമ നടപടികൾ ഉറപ്പുവരുത്തണം.

**8.48.** പെൺകുട്ടികളെ നിർബന്ധിത മതപരിവർത്തന പ്രവർത്തനത്തിന് വിധേയരാക്കുന്ന കേന്ദ്രങ്ങൾ ഉണ്ടോ എന്ന

കാര്യത്തിൽ പോലീസ് സംവിധാനം ജാഗ്രത പുലർത്തേണ്ടതാണ്. അങ്ങനെ നിർബന്ധിത മതപരിവർത്തനം നടക്കുന്നുണ്ടെങ്കിൽ അത് തടയുവാനും അങ്ങനെ ചെയ്യുന്നവർക്കെതിരായി നിയമനടപടികൾ സ്വീകരിക്കാനും പോലീസിന് കർശന നിർദ്ദേശങ്ങൾ നൽകണം.

**8.49.** 1964-ലെ ഭൂമി പതിവ് ചട്ടങ്ങളിലെ നാലാം ചട്ടത്തിൽ "Personal Cultivation, House Sites" എന്നതിനു ശേഷം "Buildings" എന്ന് ഉൾപ്പെടുത്തി ഭേദഗതി ചെയ്യണം. 1993-ലെ കേരള ഭൂമി പതിവ് (1-1-1977-നു മുമ്പുള്ള വനഭൂമിയും കുടിയേറ്റവും ക്രമീകരിക്കൽ) പ്രത്യേക ചട്ടങ്ങളിലെ മൂന്നാം ചട്ടത്തിൽ "Personal Cultivation or for house sites or for shop sites" എന്നതിനു ശേഷം "or for buildings" എന്ന് ഉൾപ്പെടുത്തി ഭേദഗതി ചെയ്യണം. മേൽ വിവരിച്ച ചട്ടങ്ങളിലെ ഭേദഗതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളിൽ, "1960–ലെ ഭൂമിപതിവ് നിയമത്തിനു കീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങൾ പ്രകാരം പതിച്ചു കിട്ടപ്പെട്ട ഭൂമിയിലെ താമസക്കാരുടെ വിദ്യാഭ്യാസപരവും ആരോഗ്യപരവും ആരാധാനാപരവും അടിസ്ഥാനപരവുമായ ആവശ്യങ്ങൾക്ക് കെട്ടിടനിർമ്മാണം അനിവാര്യമാകയാൽ ആയതിനുള്ള അവകാശം ലഭിക്കുന്നതിലേക്ക്" എന്നതു കൂടി ഉൾപ്പെടുത്തണം. മേൽ വിവരിച്ച ഭേദഗതികൾക്ക് ചട്ടങ്ങൾ ഉണ്ടാക്കിയ 1964, 1993

മുതൽ നിലവിലുള്ള പൊതുവായ മറ്റ് പരിസ്ഥിതി നിയമങ്ങൾക്കു വിധേയമായി മുൻകാല പ്രാബല്യം ഉണ്ടാകണം.

**8.50 കെട്ടിട നിർമ്മാണ ചട്ടങ്ങൾ**: 500 sq.ft.-ന് താഴെയുള്ള ആരാധാനാലയങ്ങൾ, കുരിശിൻതൊട്ടി തുടങ്ങിയവ സംബന്ധിച്ച നിർമ്മാണ നടപടിക്രമങ്ങൾ ലഘൂകരിക്കണം.

**8.51.** ആരാധനാലയങ്ങൾ വെള്ളം, വൈദ്യുതി എന്നിവയ്ക്ക് നല്കുന്ന commercial tariff മാറ്റി domestic നിരക്കിൽ ചാർജ് ഈടാക്കണം.

**8.52.** OEC വിഭാഗങ്ങളുടെ ക്ഷേമത്തിനായി പ്രത്യേക ഡയറക്ടറേറ്റും കമ്മീഷനും രൂപീകരിക്കണം.

**8.53.** സഭാ നിയമങ്ങൾക്കനുസരിച്ചും രാജ്യനിയമങ്ങൾക്ക് വിധേയപ്പെട്ടും സഭാ സ്വത്തുക്കളുടെയും സംവിധാനങ്ങളുടെയും ഭരണം സഭയിൽ പരമ്പരാഗതമായി നിലനിന്നു വരുന്നു. അതിനാൽ സഭാ ഭരണത്തിനും, സ്വത്ത് സംരക്ഷണത്തിനും ഒരു പുതിയ സിവിൽ നിയമത്തിന്റെ പ്രസക്തിയോ ആവശ്യമോ ഇല്ല.

**8.54.** വിവാഹം പരികർമ്മം ചെയ്യുന്ന വ്യവസ്ഥകൾ ലംഘിക്കപ്പെട്ടാൽ പുരോഹിതന്മാർക്ക് 3 വർഷം വരെ തടവും 10,000 രൂപ പിഴയും ചുമത്താവുന്നതാണെന്ന നിയമ നിർമ്മാണം സർക്കാർ നടത്തും എന്ന ധാരണ കമ്മീഷൻ മുമ്പാകെ ചൂണ്ടിക്കാണിക്കപ്പെട്ടു. അങ്ങനെ വന്നാൽ വിവാഹം എന്നത്

പള്ളിയിൽ നടക്കുന്ന ഒരു സിവിൽ നടപടി മാത്രമായി മാറും. സഭകളുടെ വിശ്വാസപ്രകാരം വിവാഹം ഒരു കൂദാശയാണ്. അത് സഭാനിയമങ്ങൾ അനുസരിച്ചാണ് നടത്തേണ്ടത്. ഇപ്പോൾ പുതിയതായി പരിഗണിക്കപ്പെടുന്ന വ്യവസ്ഥകൾ അനുസരിച്ച് ക്രിസ്ത്യാനി അല്ലാത്ത ഒരാളെ പള്ളിയിൽ വച്ച് സഭാശുശ്രൂഷകൾ അനുസരിച്ച് വിവാഹം കഴിപ്പിക്കേണ്ട സ്ഥിതിയാണ്. സഭയുടെ വിശ്വാസത്തിലും ശുശ്രൂഷകളിലും വിശ്വാസമില്ലാത്ത ഒരാളെ സഭാ പുരോഹിതനെക്കൊണ്ട് വിവാഹം നടത്തിപ്പിക്കാൻ നിർബന്ധിക്കുന്നത് തികച്ചും അന്യായമാണ്. ക്രിസ്ത്യാനികളുടെ ഇടയിൽത്തന്നെ വിവിധ സഭാ വിഭാഗങ്ങളുണ്ട്. പുരോഹിതർ ഇല്ലാത്ത പ്രൊട്ടസ്റ്റന്റ്, ബ്രദറൻ തുടങ്ങിയ സഭകളുടെയും പൗരോഹിത്യ പിന്തുണ ഉള്ള എപ്പിസ്കോപ്പൽ സഭകളുടെയും പൗരോഹിത്യത്തെ എതിർക്കുന്ന ഒരു സഭാ വിഭാഗത്തിലെയും ആളെ പുരോഹിതനെക്കൊണ്ട് വിവാഹം നടത്തിപ്പിക്കാൻ നിർബന്ധിക്കുന്നത് തികച്ചും അന്യായമാണ്. ക്രിസ്തുമതത്തിൽ പ്പെട്ടവരും മറ്റ് മതത്തിൽപ്പെട്ടവരുമായി വിവാഹം നടത്തണമെങ്കിൽ, അവർക്ക് Special Marriage Act അനുസരിച്ച് വിവാഹം നടത്താമെന്നിരിക്കെ സഭാ നിയമങ്ങൾക്കു വിരുദ്ധമായി പുരോഹിതനെക്കൊണ്ട് നിർബന്ധമായി വിവാഹത്തിന് കാർമികത്വം വഹിക്കാനും അങ്ങനെ

ചെയ്തില്ലെങ്കിൽ ശിക്ഷിക്കാനുമുള്ള വ്യവസ്ഥകൾ മത സ്വാതന്ത്ര്യത്തിനെതിരും വ്യക്തി സ്വാതന്ത്ര്യത്തെ ഹനിക്കുന്നതുമാണ്. ഇക്കാരണത്താൽ 'The Kerala Marriage Registration Bill, 2020" നടപ്പാക്കേണ്ട ആവശ്യമില്ല.

**8.55.** ക്രൈസ്തവ ആരാധനാലയങ്ങൾ, കോൺവെന്റുകൾ, ആശ്രമങ്ങൾ എന്നിവയടങ്ങുന്ന ഭൂമിയുടെ പട്ടയവകാശം ലഭിക്കുന്നതിന്റെ ബുദ്ധിമുട്ടുകൾ ദൂരീകരിക്കുക.

**8.56.** കന്യാസ്ത്രീ മഠങ്ങൾക്ക് അനുവദിച്ചിട്ടുള്ള റേഷൻ കാർഡ് ഏതാനും ജില്ലകളിൽ മാത്രമാണ് ഇതുവരെ ലഭിച്ചിട്ടുള്ളത്. സന്യസ്തർക്ക് വ്യക്തിപരമായി അനുവദിച്ച റേഷൻ കാർഡ് ലഭ്യമാക്കുന്നതിന് നേരിട്ടുകൊണ്ടിരിക്കുന്ന തടസ്സങ്ങൾ നീക്കണം.

**8.57.** വാർദ്ധക്യകാല പെൻഷന്, പൊതു മാനദണ്ഡങ്ങൾ വച്ച് അർഹരാണെങ്കിൽ, നിശ്ചിത പ്രായമുള്ള എല്ലാ ക്രൈസ്തവ സന്യസ്തർക്കും മറ്റുള്ളവർക്ക് ലഭിക്കുന്ന നിരക്കിൽ വാർദ്ധക്യ പെൻഷൻ നൽകണം.

**8.58.** കെട്ടിട സൗകര്യങ്ങൾക്ക് ആസ്തിയും സാഹചര്യവുമില്ലാത്ത സഭകൾക്ക് വീടുകളിലും ബൈബിൾ പഠന ക്ലാസ്സുകളും പ്രാർത്ഥനായോഗങ്ങളും നിയമങ്ങൾക്ക് അധീനമായി നടത്തുന്നതിനുള്ള സ്വാതന്ത്ര്യം നൽകണം.

**8.59.** തീരദേശം, മലയോരം, വന അതിർത്തി എന്നിവയോട് ചേർന്ന് താമസിക്കുന്നവർ, കുട്ടനാട് മുതലായ വെള്ളപ്പൊക്ക ബാധിത മേഖലകളിൽ നിന്നുമുള്ള വിദ്യാർത്ഥികൾ മുതലായവർക്ക് സൗജന്യ നിരക്കിൽ ഹോസ്റ്റൽ സൗകര്യങ്ങൾ സ്കൂൾ തലത്തിലും കോളേജ് തലത്തിലും ലഭ്യമാക്കണം.

**8.60.** വിധവകളുടേയും പെൺമക്കളുടെയും വിവാഹാവശ്യത്തിന് പലിശ രഹിതവായ്പ അനുവദിക്കണം.

**8.61.** പ്രകൃതിക്ഷോഭങ്ങൾ മൂലമുണ്ടാകുന്ന നഷ്ടങ്ങൾക്ക് അത്തരം നഷ്ടങ്ങളുടെ മൂല്യത്തിന് ആനുപാതികമായ നഷ്ടപരിഹാരവും ഭവനം നഷ്ടപ്പെട്ടവർക്ക് സാമ്പത്തിക സഹായവും നൽകണം.

**8.62** കെയർ ഹോമിലെ അന്തേവാസികൾക്ക് റേഷൻ കാർഡും പൊതുവായ മാനദണ്ഡപ്രകാരം അർഹമായ സാമൂഹിക ക്ഷേമ പെൻഷനും നൽകണം.

**8.63.** സംസ്ഥാന സർക്കാർ സർവ്വീസിലുള്ളവരുടെ ജാതി തിരിച്ചുള്ള ലിസ്റ്റ് പ്രസിദ്ധീകരിക്കണം.

**8.64.** എല്ലാ താൽക്കാലിക നിയമനങ്ങളും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി സംവരണ നിയമങ്ങൾ പാലിച്ച് നടപ്പിലാക്കണം.

**8.65.** കാർഷികമേഖല, മത്സ്യമേഖല, തീരദേശങ്ങൾ, മലയോരവികസനം, ന്യൂനപക്ഷ ക്ഷേമം മുതലായവകൾക്കുള്ള

പദ്ധതി വിഹിതവും മറ്റ് പൊതുക്ഷേമ കാര്യങ്ങൾക്കായിട്ടുള്ള പദ്ധതി വിഹിതവും ജനസംഖ്യാനുപാതികമായി വിഭജിക്കുന്നതിനും അതിന്റെ ന്യായമായ പങ്ക് ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവർ ധാരാളമായി അധിവസിക്കുന്ന പ്രദേശങ്ങളിൽ ലഭ്യമാക്കുന്നതിനും സംസ്ഥാന, ജില്ലാ ആസൂത്രണ സമിതികൾക്കും തദ്ദേശ സ്വയംഭരണ ഡയറക്ടറേറ്റിനും നിർദ്ദേശം നൽകണം.

**8.66.** അര നൂറ്റാണ്ടിലേറെ പഴക്കമുള്ളതും പുതിയ കെട്ടിടങ്ങൾ പണിയാൻ കഴിവില്ലാത്തതുമായ പള്ളികളുടെ ജീർണ്ണോദ്ധാരണത്തിനായി ഫണ്ട് അനുവദിക്കണം.

**8.67.** സർഫാസി നിയമം കൃഷി ഭൂമിക്ക് ബാധകമല്ല എന്ന് കമ്മീഷന്റെ മുമ്പാകെ പ്രസ്താവിക്കപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ പരിശോധനകൾ നടത്തി സർഫാസി നിയമത്തിൽ കൃഷി ഭൂമിക്ക് ജപ്തിയിൽ നിന്ന് നൽകപ്പെട്ട പരിരക്ഷ കൃത്യമായി കേരളത്തിലെ കർഷകർക്കു കൂടി ലഭിക്കുന്നതിനുള്ള നടപടികൾ ഉണ്ടാകണം.

**8.68.** മാവ്, പ്ലാവ്, സപ്പോട്ട, റമ്പൂട്ടാൻ, മാങ്കോസ്റ്റിൻ തുടങ്ങിയ ഫലവൃക്ഷങ്ങളെ കൂടി തോട്ടവിളകളായി അംഗീകരിച്ച് കൃഷി വ്യാപനത്തിന് പ്രോത്സാഹനം നൽകണം.

**8.69** ഒരാൾ കൈവശം വച്ചിരിക്കുന്ന ആകെ ഭൂമിയുടെ അളവ് പുതുതായി വാങ്ങിയ തോട്ടഭൂമി ഉൾപ്പടെ 12 ഏക്കറാണെങ്കിൽ, 12 ഏക്കർ വരെ തോട്ടം വാങ്ങിച്ച് അതിൽ മറ്റു കൃഷികൾ ചെയ്യുന്ന

ആളിന്റെ ആ ഭൂമിയിലുള്ള അവകാശം പരിരക്ഷിക്കപ്പെടേണ്ടതും മൊത്തം ഭൂമി പുരയിടം എന്ന നിലയിൽ പരിഗണിക്കേണ്ടതും ആണ്. ഇത് ലാഭകരമല്ലാത്ത തോട്ടക്കൃഷികളിൽ നിന്ന് മാറി ലാഭകരമായ മറ്റ് കൃഷികളിലേയ്ക്ക് മാറുവാൻ ചെറിയ ഭൂവുടമകളെ പ്രോത്സാഹിപ്പിക്കുകയും തന്മൂലം കൃഷി മൊത്തത്തിൽ അഭിവൃദ്ധിപ്പെടുകയും ചെയ്യും.

**8.70.** പല കാരണങ്ങളാൽ പല മേഖലകളിലും ഉള്ള പലതരം പട്ടയങ്ങൾ ഏകീകരിച്ച് കൃഷിക്കാരന് കൃഷി സ്വാതന്ത്ര്യവും വീട്, വിദ്യാഭ്യാസം, ആരാധന, സാംസ്കാരിക പ്രവർത്തനങ്ങൾ മുതലായവ നിശ്ചിത അളവിൽ നടത്താൻ സാധിക്കുന്നതുമായ രീതിയിൽ പട്ടയ വ്യവസ്ഥകൾ ആധുനിക സമൂഹത്തിന്റെ ആവശ്യമനുസരിച്ച് ലഘൂകരിക്കണം. കേരളത്തിൽ ദേശീയ ശരാശരിയെക്കാൾ വളരെ വലിയ അളവിൽ വനമുണ്ട് എന്നതും കൃഷിക്കാർ വച്ചു വളർത്തിയ മരങ്ങളുടെ ആധിക്യം കൊണ്ട് വനമല്ലാത്ത സ്ഥലങ്ങളിൽ പോലും വൃക്ഷസമൃദ്ധി മറ്റെല്ലാ രാജ്യങ്ങളേക്കാളും മെച്ചപ്പെട്ടതാണെന്നുള്ളതുകൊണ്ടും കൃഷി പ്രകൃതി വിരുദ്ധമായ ഒരു നടപടിയാണ് എന്ന മുൻവിധി കൃഷിയുടെ കാര്യത്തിൽ പാടില്ല.

**8.71.** കർഷകന് ആദായകരമായ സബ്സിഡി ഉത്പാദിപ്പിക്കുന്ന വസ്തുക്കളുടെ അളവനുസരിച്ച് നൽകുക,

കാലാവസ്ഥാ വ്യതിയാനം കൊണ്ട് ഉണ്ടായിട്ടുള്ള പ്രകൃതി ദുരന്തങ്ങളിൽ നിന്ന് അവന് പൂർണ്ണ സാമ്പത്തിക സംരക്ഷണം സർക്കാർ ചെലവിൽ നൽകുക, ഇൻഷുറൻസ് ഏർപ്പെടുത്തുക, കർഷകർക്ക് പെൻഷൻ നൽകുക, അവൻ ഉത്പാദിപ്പിക്കുന്ന വസ്തുക്കൾക്ക് മാർക്കറ്റിംഗ് സംവിധാനം ഏർപ്പെടുത്തുക, മൂല്യവർദ്ധിത കാർഷിക അനുബന്ധിത വ്യവസായങ്ങൾക്ക് പ്രോത്സാഹനം നൽകുക, പലിശ രഹിത വായ്പകൾ നൽകുക മുതലായവ എല്ലാം തന്നെ കാര്യക്ഷമമായി സർക്കാർ നടത്തിയാൽ പല പ്രശ്നങ്ങൾക്കും കാര്യമായ പരിഹാരം ഉണ്ടാകും.

**സെമിത്തേരികൾക്കുള്ള അനുമതി**

8.72a. നിലവിലുള്ള നിയമ പ്രകാരം സെമിത്തേരികൾ അപകടകരമായ (Hazardous) വിഭാഗത്തിൽ പെട്ടവയല്ല. എന്നാൽ ഇത്തരം വിഭാഗത്തിൽപ്പെട്ടവയാണ് എന്ന് തെറ്റിദ്ധരിപ്പിച്ച് അനുവാദം നിഷേധിക്കുന്ന സംഭവങ്ങൾ ഉണ്ട് എന്ന് പരാതികൾ ഉണ്ട്. വർഷങ്ങളായി പുരയിടമായി കിടക്കുന്ന സ്ഥലങ്ങൾ റവന്യൂ രേഖകളിൽ നിലം എന്ന് രേഖപ്പെടുത്തിയിരിക്കുന്നതിനാൽ സെമിത്തേരി നിർമ്മാണ അനുമതി ലഭിക്കാത്ത സാഹചര്യം ഉണ്ടാകുന്നു. ഇങ്ങനെയുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ സർക്കാർ ഉത്തരവ് നൽകണം.

b. സെമിത്തേരി നിർമ്മാണാനുവാദത്തിന് റവന്യൂ രേഖകളിൽ ഭൂമിയുടെ തരം, നിലം-പുരയിടം എന്ന വേർതിരിവ് പരിഗണിക്കാതെ, നിർദ്ദേശിക്കപ്പെടുന്ന ഭൂമി ലാന്റ് ബാങ്കിൽ ഉൾപ്പെടുന്നതല്ലെങ്കിൽ, അവിടങ്ങളിൽ സെമിത്തേരി നിർമ്മാണത്തിന്, മറ്റു മാനദണ്ഡങ്ങൾ പാലിക്കപ്പെടുന്നുണ്ടെങ്കിൽ, അനുവാദം നൽകുന്നതിന് ബന്ധപ്പെട്ട റവന്യൂ തദ്ദേശ സ്വയംഭരണ സംവിധാനങ്ങൾക്ക് നിർദ്ദേശം നൽകണം.

c. പൊതു ശ്മശാനങ്ങളിൽ ക്രിസ്തീയ സഭാ വിഭാഗങ്ങൾക്ക് അവരുടെ വിശ്വാസാചാരപ്രകാരം മാന്യമായി ശവസംസ്കാരം നടത്തുന്നതിനായി പ്രത്യേകം സ്ഥലം വേർതിരിച്ചു നല്കുകയോ ഒരുമിച്ച് പൊതുവായ സെമിത്തേരി അനുവദിച്ച് നല്കുകയോ ചെയ്യുന്നതും ഒരു പരിഹാര മാർഗ്ഗമാണ്. ഒരു പഞ്ചായത്തിൽ ഒരു സ്ഥലത്തെങ്കിലും ഈ സൗകര്യം നൽകണം.

d. മറ്റു ചില സംസ്ഥാന സർക്കാരുകൾ മത ന്യൂനപക്ഷങ്ങൾക്ക് സെമിത്തേരിയുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് 5 ലക്ഷം രൂപ വരെ സഹായമായി അനുവദിക്കാറുണ്ട്. ഇക്കാര്യത്തിൽ ഈ സംസ്ഥാനത്തും സഹായം സാധ്യമാണോ എന്ന് സർക്കാർ പരിശോധിക്കണം.

e. മാന്യമായ ശവസംസ്കാരത്തിനുള്ള സ്വാതന്ത്ര്യവും സാഹചര്യവും ലഭ്യമാക്കുന്നതിന് നിലവിൽ സെമിത്തേരി ആയി

ഉപയോഗിക്കുന്നവയ്ക്ക് സർക്കാർ അടിയന്തിരമായി ലൈസൻസ് നൽകണം. അല്ലെങ്കിൽ പൊതുശ്മശാനങ്ങളിൽ ശവസംസ്കാരം നടത്തുന്നതിനായി പ്രത്യേകം സ്ഥലം വേർതിരിച്ച് നല്കുകയോ ക്രിസ്തീയ സഭാ വിഭാഗങ്ങൾക്ക് പൊതുവായ സെമിത്തേരി അനുവദിച്ച് നല്കുകയോ ചെയ്യണം.

f. നിയമപരമായി ശവസംസ്കാരം നടത്താനുള്ള അനുമതി ബന്ധപ്പെട്ട അധികാരികൾ നല്കിയതിനു ശേഷവും ആ അനുമതി ശരിയല്ല എന്ന പ്രതിഷേധവുമായി പലരും ശവസംസ്കാരത്തെ പ്രസ്തുത സ്ഥലങ്ങളിൽ എതിർക്കുകയും തടസ്സപ്പെടുത്തുകയും ചെയ്യുന്ന സംഭവങ്ങൾ ഉണ്ടാകുന്നുണ്ട്. നിയമപ്രകാരം നടക്കുന്ന അത്തരം ശവസംസ്കാരങ്ങളെ സംഘം ചേർന്ന് എതിർക്കുമ്പോഴും തടയുമ്പോഴും നിയമപരമായ പോലീസ് സംരക്ഷണം ബന്ധപ്പെട്ട സഭകൾക്ക് നൽകണം.

**സാംസ്കാരികം**

**8.73a.** ക്രൈസ്തവ ചരിത്രം, സാഹിത്യം, കലകൾ, സുറിയാനി-ലത്തീൻ ഭാഷകൾ എന്നിവയിൽ ഗവേഷണ പദ്ധതികൾ ആവിഷ്കരിക്കണം; വേദശാസ്ത്രപഠനത്തിൽ B.Th., M.Th., B.Div., മുതലായ ഡിഗ്രികൾ സമാനബിരുദങ്ങൾക്ക് തുല്യമായി ബന്ധപ്പെട്ട സർവ്വകലാശാലകൾ അംഗീകരിക്കണം; ബൈബിൾ വിഷയങ്ങളിൽ ഗവേഷണം നടത്തി പി.എച്ച്.ഡി.

സമ്പാദിക്കുന്നതിന് സാഹചര്യം ഒരുക്കണം; കോഴ്സുകളും ഉപഭാഷകളും തെരഞ്ഞെടുക്കുന്നതിന് സ്വാശ്രയ സ്ഥാപനങ്ങൾക്ക് സ്വാതന്ത്ര്യം നൽകണം, ലൈബ്രറി ഉൾപ്പെടെ ചരിത്ര ഗവേഷണത്തിനുള്ള സൗകര്യങ്ങൾ ഉണ്ടാക്കണം. യൂറോപ്യൻ മിഷണറിമാർ കേരളത്തിന്റെ സാംസ്കാരിക-സാമൂഹിക വളർച്ചയ്ക്കു നൽകിയ സംഭാവനകളെക്കുറിച്ചു പഠിക്കാനും ഗവേഷണങ്ങൾ നടത്താനുമുള്ള സൗകര്യങ്ങൾ ഉണ്ടാകണം; മുൻകാലങ്ങളിൽ സാമൂഹ്യ-രാഷ്ട്രീയ-സാംസ്കാരിക-സാഹിത്യ രംഗങ്ങളിൽ വലിയ സംഭാവനകൾ ചെയ്ത ഈ സമൂഹത്തിലെ മഹത് വ്യക്തികളെ സംബന്ധിച്ച പഠനങ്ങൾ ഉണ്ടാകണം; ലത്തീൻ ഭാഷ പഠിക്കാനുള്ള സൗകര്യം യൂണിവേഴ്സിറ്റികളിലും അഫിലിയേറ്റഡ് കോളേജുകളിലും പുനഃസ്ഥാപിച്ചു നൽകണം; ആംഗ്ലോ ഇന്ത്യൻ വിഭാഗത്തിന് ഒരു ചരിത്ര ഗവേഷണകേന്ദ്രം ആരംഭിക്കണം; Calicut University-യിൽ ഉള്ളതുപോലെ ക്രിസ്ത്യൻ ചെയറുകൾ ഇതര University-കളിലും ആരംഭിക്കണം തുടങ്ങിയ നിരവധി നിർദ്ദേശങ്ങൾ കമ്മീഷന്റെ മുമ്പാകെ സമർപ്പിക്കപ്പെട്ടു. അതിനാൽ കേരള, മഹാത്മാഗാന്ധി, കോഴിക്കോട് സർവ്വകലാശാലകളിൽ ഓരോ ക്രിസ്ത്യൻ സ്റ്റഡി വിഭാഗം സർവ്വകലാശാല ആസ്ഥാനത്ത് ആരംഭിക്കണമെന്നും അതുമായി ബന്ധപ്പെട്ട് ആവശ്യമുള്ള ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മേൽ സൂചിപ്പിച്ച

സംഗതികളെക്കുറിച്ച് പഠനവും ഗവേഷണവും കോഴ്സുകളും സെമിനാറുകളും സംഘടിപ്പിക്കുന്നത് സാധ്യമാക്കണമെന്നും കമ്മീഷൻ ശുപാർശ ചെയ്യുന്നു.

b. ചവിട്ടു നാടകമുൾപ്പെടെയുള്ള കലാരൂപങ്ങളെ സംരക്ഷിക്കാനും, ബൈബിൾ നാടകങ്ങളുടെ നവീകരണത്തിനും, കാലാനുസൃതമായ സാങ്കേതിക വിദ്യകൾ ഉൾക്കൊള്ളുന്നതിനും മാർഗ്ഗംകളിയും മറ്റു ക്രിസ്ത്യൻ നൃത്ത രൂപങ്ങളും ലളിതകലകളും പഠിക്കുന്നതിനും ക്രിസ്ത്യൻ കലകളുടെ അവതരണത്തിനും, ആസ്വാദനത്തിനും, ശബ്ദവും വെളിച്ചവും ചമയവും രംഗസംവിധാനങ്ങളും ക്രൈസ്തവ കലാരൂപങ്ങളും കൊണ്ട് ഉപജീവനം നടത്തുന്ന നിരവധി കലാകാരന്മാരുടെ പുനരുത്ഥാനത്തിനും ക്ഷേമത്തിനും, ബൈബിൾ നാടകം അണിയിച്ചൊരുക്കുന്നവരുടെ ക്ഷേമത്തിനും, ലത്തീൻ കത്തോലിക്കാ സമുദായത്തിന്റെ വൈവിധ്യം നിറഞ്ഞ പൈതൃകവും സംസ്കാര തനിമയും സംരക്ഷിക്കാനും, ആംഗ്ലോ-ഇന്ത്യൻ കൾച്ചറൽ സെന്ററുകൾ നിർമ്മിക്കുന്നതിനും വേണ്ടിയുള്ള അഭ്യർത്ഥനകൾ കമ്മീഷനു മുമ്പാകെ ലഭിച്ചിട്ടുണ്ട്. ഇവയെല്ലാം തന്നെ കേരളത്തിന്റെ പൊതുവായ സാംസ്കാരിക വൈവിദ്ധ്യത്തിന്റെ പ്രാധാന്യം നില നിർത്തുന്നതിന് അത്യാവശ്യമാണ് എന്ന് കമ്മീഷൻ കരുതുന്നു.

ആയതിനാൽ കൊച്ചിയിലും തൃശ്ശൂരും ഇതിനായി ക്രിസ്ത്യൻ പൈതൃക സാംസ്കാരിക കേന്ദ്രങ്ങൾ സർക്കാർ ആരംഭിക്കണം.

c. പുരാതനമായ ധാരാളം പള്ളികളും പുരാതനമായ വാസ്തുശിൽപ ശൈലിയിൽ ഉള്ള ക്രിസ്ത്യൻ തറവാട്ട വീടുകളും ഉള്ളതിനാൽ ക്രൈസ്തവ പൈതൃകത്തെ സംരക്ഷിക്കുന്ന പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ച് ഫണ്ടുകൾ ലഭ്യമാക്കണം. രണ്ടായിരം വർഷത്തെ പഴക്കം നിരണം പള്ളിയ്ക്കുണ്ട് എന്നാണ് പാരമ്പര്യം. ചമ്പക്കുളം സെന്റ് മേരീസ് ബസിലിക്ക 1,500 വർഷത്തിൽ പരം പഴക്കമുള്ളതാണ്. അതുപോലെ 855-ൽ സ്ഥാപിതമായ മനക്കോടം സെന്റ് ജോർജ് ദൈവാലയം, 16-ആം നൂറ്റാണ്ടിന്റെ ആദ്യ പകുതിയിൽ സ്ഥാപിതമായ സൗദി ആരോഗ്യമാതാ ദൈവാലയം, 1851-ൽ സ്ഥാപിതമായ അർത്തുങ്കൽ സെന്റ് ആൻഡ്രൂസ് ദൈവാലയം, 1870-ലെ ആലപ്പുഴ മേജർ സെമിനാരി, കൂടാതെ വളരെ പഴക്കമുള്ള തുമ്പോളി, കാട്ടൂർ, പള്ളിത്തോട്, മാനാശ്ശേരി എന്നിവിടങ്ങളിലെ ദൈവാലയങ്ങൾ തുടങ്ങിയവയെ പോർച്ചുഗീസ്–ക്രിസ്ത്യൻ പൈതൃക സർക്യൂട്ട് വിപുലപ്പെടുത്തിയും പൈതൃകപ്പട്ടികയിൽ ഉൾപ്പെടുത്തിയും സംരക്ഷിക്കുകയും ഇവിടുത്തെ ക്രൈസ്തവ പൈതൃകത്തെ സംരക്ഷിക്കുന്ന പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ച് ഫണ്ടുകൾ ലഭ്യമാക്കുകയും വേണം. കാപ്പാട് ആംഗ്ലോ-ഇന്ത്യൻ പൈതൃക സ്മാരകം, എറണാകുളം

പള്ളിപ്പോർട്ടിലെ കോട്ട, തൃശ്ശൂർ ജില്ലയിലെ സമ്പാളൂർ സെന്റ് ഫ്രാൻസിസ് പള്ളിയിൽ പൈതൃക മ്യൂസിയം, കൊല്ലം ജില്ലയിലെ തങ്കശ്ശേരിക്ക് സമീപമുള്ള പോർച്ചുഗീസ് സെമിത്തേരി എന്നിവയുടെ സംരക്ഷണം, മുസ്സരീസ് മാതൃകയിൽ പൈതൃക തീർഥാടന സർക്യൂട്ട് മുതലായ നടപടികൾ എടുക്കുക തുടങ്ങിയ ആവശ്യങ്ങൾ കമ്മീഷനു മുമ്പാകെ നിവേദനങ്ങളായി സമർപ്പിക്കപ്പെട്ടിട്ടുണ്ട്. എ.ഡി. 1,500-നു മുമ്പ് കേരളത്തിൽ നിലനിന്ന ക്രൈസ്തവ പള്ളികൾക്ക് പൂർണ്ണതോതിലും എ.ഡി. 1,900-നു മുമ്പ് നിലവിൽ വന്നിരുന്ന ക്രൈസ്തവ ദേവാലയങ്ങൾക്ക് ഭാഗികമായും സംരക്ഷണത്തിനു വേണ്ടി പ്രത്യേക പദ്ധതികൾ രൂപപ്പെടുത്തണമെന്ന് ഇക്കാര്യത്തിൽ കമ്മീഷൻ ശുപാർശ ചെയ്യുന്നു. സംരക്ഷണവുമായി ബന്ധപ്പെട്ട് മ്യൂസിയങ്ങളും പ്രത്യേക സ്മാരകങ്ങളും, ടൂറിസം സർക്യൂട്ടുകളും പ്രവർത്തന ക്ഷമമാക്കേണ്ടതാണ്.

d. കുട്ടനാടിന്റെ പൈതൃക സംരക്ഷണത്തിനായി കുട്ടനാട് മ്യൂസിയവും വള്ളംകളി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികളും കുട്ടനാട് കേന്ദ്രമായി ആരംഭിക്കണം.

e. ക്രൈസ്തവ ന്യൂനപക്ഷങ്ങളുടെ വിശേഷ ദിവസങ്ങളായ ഞായറാഴ്ചകൾ, ക്രിസ്തുമസ്സ്, പെസഹാ വ്യാഴം, ദുഃഖ വെള്ളി, ഈസ്റ്റർ മുതലായ ദിവസങ്ങൾ കൃത്യമായും അവധി ദിവസങ്ങളായി

സംരക്ഷിക്കുവാൻ നടപടികൾ സ്വീകരിക്കണം. സംസ്ഥാന ബോർഡുകളുടെ നേതൃത്വത്തിൽ നടത്തുന്ന പരീക്ഷകൾ അന്നേ ദിവസങ്ങളിൽ നടത്തുന്നത് ഒഴിവാക്കുക, അഥവാ അങ്ങനെ നടത്തുന്നത് അത്യാവശ്യമാണെങ്കിൽ അത് ഞായറാഴ്ച ദിവസങ്ങളിൽ ഉച്ചയ്ക്കു ശേഷം നടത്തുക.

f. ക്രൈസ്തവർ നടത്തുന്ന സ്കൂളുകളിലും കോളേജുകളിലും വിദ്യാർത്ഥികൾക്ക് വിശ്വാസ, ധാർമ്മിക ക്ലാസ്സുകൾ നൽകുന്നതിന് ഭരണഘടനാനുസൃതം ഉള്ള അവകാശം ഹനിക്കാൻ പാടില്ല. അതിനായി മൈനോരിറ്റി വകുപ്പിന്റെ ഗ്രാന്റുകൾ അനുവദിക്കണം.

g. പരമ്പരാഗതമായി കടലറിവുകളുടെയും കായലറിവുകളുടെയും അക്ഷയ ഖനിയാണ് ലത്തീൻ കത്തോലിക്കാ മത്സ്യത്തൊഴിലാളികൾ. ഈ അറിവുകൾ സംരക്ഷിക്കാനും അവയെ സമകാലിക ശാസ്ത്രീയ-സാങ്കേതിക വിജ്ഞാനവുമായി സമന്വയിപ്പിച്ച് പ്രയോഗവൽക്കരിക്കുന്നതിനുമായി ഒരു കേന്ദ്രം ആരംഭിക്കണം.

**EWS**

8.74a. EWS-ന്റെ കേന്ദ്ര–കേരള മാനദണ്ഡങ്ങൾ സംസ്ഥാനത്തെ സാഹചര്യം അനുസരിച്ച് സംസ്ഥാന സർക്കാർ ഏകീകരിക്കണം എന്ന് ശുപാർശ ചെയ്യുന്നു. കൃഷിഭൂമിയെ വാസഭൂമിയായും വാസഭൂമിയെ കൃഷിഭൂമിയായും ഉത്തരേന്ത്യയിൽ

വേർതിരിവ് സാധ്യമാകുമ്പോൾ കേരളത്തിൽ അത് സാധ്യമല്ല. അതിനാൽ കൃഷിഭൂമിയിൽ താമസിക്കുന്ന കർഷകരുടെ ഭവനങ്ങൾ മാത്രം വാസഭൂമിയായി കണക്കാക്കി ബാക്കി കൃഷി ചെയ്യുന്ന ഭൂമിയെ അവരുടെ വാസഭൂമി കണക്കിൽപ്പെടുത്താതെ കൃഷിഭൂമിയുടെ ഭാഗമായിത്തന്നെ കണക്കാക്കുന്നതായിരിക്കും ഉചിതം. നഗരങ്ങളിൽ വന്ന് പ്രത്യേക ഹൗസിംഗ് കോളനികളിൽ താമസിച്ചാൽ മാത്രം അതിനെ പ്രത്യേക വാസഗൃഹമായി പരിഗണിച്ചാൽ മതി. നഗരത്തിലെ ഒരു ഹൗസിംഗ് കോളനിയിൽ പത്തു സെന്റിൽ വീടു വച്ചു താമസിക്കുന്ന ആളെ EWS ആയി പരിഗണിക്കേണ്ട കാര്യമില്ല. എന്നാൽ, ഒരേക്കർ കൃഷിഭൂമിയിൽ താമസിക്കുന്ന ആൾക്ക് ഒരേക്കർ സ്ഥലം അയാളുടെ വാസഭൂമിയായി കണക്കാക്കി EWS-ൽ നിന്ന് നിഷ്കാസിതനാക്കേണ്ടതുമില്ല.

b. റസിഡൻഷ്യൽ പ്ലോട്ടെന്നാൽ നിലവിൽ താമസിക്കുന്ന ഇടം എന്നാണ് അർത്ഥം. എന്നാൽ, സംസ്ഥാന EWS അനുവദിച്ചുകൊണ്ടുള്ള 12-2-2020-ലെ സ.ഉ.(എം.എസ്.) നം. 2/2020/ഉ.ഭ.പ.വ. എന്ന ഉത്തരവിന്റെ Clause 4(9) പ്രകാരം കോർപ്പറേഷൻ-മുൻസിപ്പാലിറ്റി പ്രദേശങ്ങളിൽ മാത്രം ബാധകമായ ഹൗസ്പ്ലോട്ട്/കൃഷിഭൂമി വേർതിരിവിൽ ഹൗസ് പ്ലോട്ട് എന്നാൽ വീട് നിൽക്കുന്നതോ, വീട് നിർമ്മിക്കുവാൻ കഴിയുന്നതോ

ആയ ഭൂമി എന്ന നിർവചനം ഉണ്ട്. ഇത്തരത്തിൽ സംസ്ഥാന EWS-ൽ കോർപ്പറേഷൻ-മുൻസിപ്പാലിറ്റി മേഖലകളിൽ മാത്രം ബാധകമായ ഉത്തരവിലെ നിർവചനം കേന്ദ്ര EWS സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനും പഞ്ചായത്തുകളിൽ ഉൾപ്പെടെ ബാധകമാണ് എന്ന രീതിയിൽ വ്യാഖ്യാനം ചെയ്തു കൊണ്ട് കേന്ദ്ര EWS സർട്ടിഫിക്കറ്റ് നിഷേധിക്കുന്ന അവസ്ഥയാണ് ഉള്ളത്. ഇതു പരിഹരിക്കുന്നതിനുള്ള നടപടികൾ സർക്കാരിന്റെ ഭാഗത്തു നിന്ന് ഉണ്ടാകണം.

c. കാർഷിക വരുമാനം മാത്രമുള്ള കുടുംബങ്ങളുടെ EWS ഭൂപരിധി ഉയർത്തി പുനർനിർണയിക്കണം. അതുപോലെ തന്നെ മലയോര പ്രദേശങ്ങളിലെയും ഉൾനാടുകളിലെയും കുട്ടനാട്ടിലെയും EWS ഭൂപരിധി മറ്റു പ്രദേശങ്ങളിലെ ഭൂപരിധിയിൽ നിന്നു ഉയർത്തി നിശ്ചയിക്കണം.

d. EWS സർട്ടിഫിക്കറ്റിനു കൂടി ഓൺലൈൻ സംവിധാനം ക്രമീകരിക്കണം.

e. EWS സർട്ടിഫിക്കറ്റ് സംബന്ധിച്ച പരാതികൾ പരിഹരിക്കുന്നതിന് എല്ലാ ജില്ലകളിലും ഒരു പ്രത്യേക നോഡൽ ആഫീസറെ നിയമിക്കണം.

f. EWS-നുള്ള സാമ്പത്തിക സംവരണത്തിനായി സർക്കാർ അംഗീകരിച്ചിട്ടുള്ള സംവരണേതര സമുദായങ്ങളുടെ പട്ടികയിൽ

(164 വിഭാഗങ്ങൾ) സ്വതന്ത്ര 'സ്ഥാനീയ' സഭകൾ എന്ന വിഭാഗം ഉൾപ്പെട്ടിട്ടില്ല. അവർക്കും ഉപവിഭാഗം ഇല്ലാതെ ക്രിസ്ത്യാനികൾ എന്ന പേരിൽ മാത്രം EWS സർട്ടിഫിക്കറ്റിന് അർഹത ഉണ്ട് എന്ന നിലയിൽ സർക്കാർ ഒരു ഉത്തരവിറക്കണം. നിലവിലുള്ള സംവരണേതര സമുദായങ്ങളുടെ പട്ടികയിൽ 'ക്രിസ്ത്യൻ (ലോക്കൽ ചർച്ച്)' എന്ന ഒരു വിഭാഗപ്പേര് കൂടി ഉൾക്കൊള്ളിക്കാവുന്നതുമാണ്. പൊതുവെ ഇവരിൽ EWS അല്ലാതെയുള്ള മറ്റ് സംവരണാനുകൂല്യങ്ങൾ ഇല്ലാത്തവർക്ക് അവർ സ്വയം അവരുടെ സഭ 'ക്രിസ്ത്യൻ ലോക്കൽ ചർച്ച്' ആണെന്ന് സാക്ഷ്യപ്പെടുത്തിയാൽ അതിന്റെ അടിസ്ഥാനത്തിൽ അത്തരം സർട്ടിഫിക്കറ്റ് കൊടുക്കാവുന്നതുമാണ്. എന്നാൽ അതേ സമയം ഇങ്ങനെ സ്ഥലം സഭകൾ അല്ലെങ്കിൽ പുതിയ പ്രാദേശിക കൂട്ടായ്മകളായി കൂട്ടപ്പെട്ട സഭകൾ എന്നിവയിൽ അംഗങ്ങളായിരിക്കുന്നവർ അവരുടെ ജാതി കൊണ്ടോ മറ്റു കാരണങ്ങളാലോ ഏതെങ്കിലും സംവരണ വിഭാഗത്തിൽ ഉൾപ്പെട്ടിട്ടുണ്ട് എങ്കിൽ സംവരണേതര ക്രിസ്ത്യാനികൾക്കുള്ള ആനുകൂല്യങ്ങൾ അവർക്ക് സ്ഥലം സഭകളിലെ അംഗത്വം മൂലം ലഭിക്കുകയില്ല എന്ന കാര്യവും വ്യക്തമാണ്. സംവരണം ഉള്ള വിഭാഗങ്ങൾക്ക് സംവരണേതര വിഭാഗങ്ങൾക്കു ലഭിക്കുന്ന EWS ആനുകൂല്യം ലഭിക്കുകയില്ല എന്ന കാര്യം വ്യക്തമാക്കേണ്ടതാണ്.

g. EWS സർട്ടിഫിക്കറ്റ് ഉള്ളവർക്ക് PSC നിയമനങ്ങളിൽ OBC വിഭാഗങ്ങൾക്ക് അനുവദിക്കുന്നതിനു തുല്യമായ പ്രായപരിധി ഇളവുകൾക്ക് അർഹത ഉണ്ടായിരിക്കും എന്ന് സർക്കാർ ഉത്തരവു പുറപ്പെടുവിക്കണം.

h. ഉന്നത വിദ്യാഭ്യാസ രംഗത്തും ജോലികളിലും OBC സംവരണം ഉള്ളിടത്തെല്ലാം EWS സംവരണവും ബാധകമാക്കണം. EWS വിഭാഗത്തിന് SET, K.TET ഉൾപ്പെടെയുള്ള യോഗ്യതാ പരീക്ഷകളിൽ OBC ക്ക് സമാനമായ മാർക്ക് ഇളവ്, ഫീസ് ഇളവ്, പ്രായപരിധി ഇളവ് എന്നിവ അനുവദിക്കണം.

i. സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസ രംഗത്തും സർക്കാർ സർവ്വീസിലും EWS സംവരണം നടപ്പിലാക്കിക്കൊണ്ടുള്ള ഉത്തരവ് 2020 ജനുവരി 3-ന് സർക്കാർ പുറപ്പെടുവിച്ചെങ്കിലും PSC യിൽ ഈ ഉത്തരവ് നടപ്പാക്കിയത് 2020 ഒക്ടോബർ 23 മുതലാണ്. 2020 ജനുവരി 3-ന് തൊട്ടു മുൻപുള്ള ദിവസങ്ങളിൽ 250-ഓളം തസ്തികകളിലേക്കുള്ള വിജ്ഞാപനങ്ങൾ PSC പുറപ്പെടുവിച്ചതിനു ശേഷമാണ് EWS ഉത്തരവ് സംസ്ഥാന സർക്കാർ ഇറക്കിയത്. മാത്രമല്ല, തുടർന്ന് 2020 ഒക്ടോബർ 23 വരെയുള്ള കാലയളവിനിടയിൽ 200-ഓളം വിജ്ഞാപനങ്ങളാണ് പുറപ്പെടുവിച്ചത്. അതിനാൽ PSC നിയമനങ്ങളിൽ നടപ്പിലാക്കിയ

10% EWS സംവരണത്തിന് 2020 ജനവരി 3-ന് നിലവിലുണ്ടായിരുന്ന PSC വിജ്ഞാപനങ്ങൾ മുതൽ മുൻകാല പ്രാബല്യം അനുവദിച്ച കുടിശ്ശിക നിയമനത്തിനായി പ്രത്യേകം വിജ്ഞാപനം പുറപ്പെടുവിക്കണം.

j. ഉന്നത വിദ്യാഭ്യാസ രംഗത്തും സർക്കാർ തൊഴിൽ മേഖലയിലും EWS സംവരണം അനുവദിച്ചു കൊണ്ട് കേരള സർക്കാർ 2020 ജനവരി 3-ന് പൊതു ഉത്തരവ് ഇറക്കിയിട്ടുണ്ടെങ്കിലും ചില കോഴ്സുകൾക്കുള്ള വിജ്ഞാപനങ്ങളിൽ EWS ഇപ്പോഴും ഒഴിവാക്കപ്പെടുന്നു. ഇത് പരിഹരിക്കണം.

k. സർക്കാർ സംവരണേതര ക്രിസ്ത്യാനികളുടെ ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. സർക്കാർ പ്രസിദ്ധീകരിച്ച ലിസ്റ്റിൽ തന്നെ ചില തെറ്റുകളുണ്ട് എന്ന പരാതികൾ ഉണ്ട്. അതിൽ മാർത്തോമാ ക്രിസ്ത്യാനികൾ എന്ന പരാമർശവും ഉണ്ട്. എല്ലാ സുറിയാനി സഭകളും മാർത്തോമാ ക്രിസ്ത്യാനികളാണ്. അതുപോലെ തന്നെ ലിസ്റ്റിൽ പരാമർശിച്ചിരിക്കുന്ന പേരിൽ നിന്ന് വ്യത്യസ്തമായി മറ്റ് പേരുകളിലും അതേ സഭ അറിയപ്പെടുന്നുണ്ട്. ഇക്കാരണങ്ങൾ മുൻനിറുത്തി ഈ ലിസ്റ്റിന് അനുയോജ്യമായ സ്പഷ്ടീകരണ ഉത്തരവുകൾ നല്കണം. എല്ലാ സംവരണേതര ക്രിസ്ത്യാനികൾക്കും EWS ആനുകൂല്യങ്ങൾ വ്യവസ്ഥാപിതമായി ലഭിക്കണം.

## Humanitarian

**8.75a.** മദ്യ-മയക്കുമരുന്ന വിരുദ്ധ പ്രവർത്തനങ്ങൾ ക്രൈസ്തവ സഭാ സ്ഥാപനങ്ങൾ വളരെ ശ്രദ്ധ പുലർത്തുന്ന മേഖലയാണ്. ഈ രംഗത്ത് സാമ്പത്തിക സഹായങ്ങളും ഗവൺമെന്റ് വകുപ്പുകളുടെ സഹകരണവും അംഗീകാരവും ഈ സ്ഥാപനങ്ങൾക്ക് നല്കേണ്ടതാണ് എന്ന് ശുപാർശ ചെയ്യുന്നു.

b. ക്രൈസ്തവ സഭകൾ നടത്തുന്ന ചാരിറ്റബിൾ സൊസൈറ്റി എന്ന് കേന്ദ്രവും കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും അംഗീകരിക്കുന്ന ആശുപത്രികൾക്ക് വൈദ്യുതി ബിൽ നിരക്കിൽ മുമ്പ് നൽകിയിരുന്ന ആനുകൂല്യങ്ങൾ പുനഃസ്ഥാപിക്കണം. അതു പോലെ തന്നെ അത്തരം ആശുപത്രികളിൽ നിന്ന് കൊമേഴ്സ്യൽ നിരക്കിൽ വൈദ്യുതി ചാർജ്ജും കെട്ടിട നികുതിയും മറ്റും ഈടാക്കരുത്.

c. ഓർഫനേജുകളിൽ താമസിക്കുന്ന അന്തേവാസികൾക്ക് സർക്കാർ ഗ്രാന്റ് ഇപ്പോൾ നിലവിൽ വിവിധ ക്ഷേമ പെൻഷനുകളായി ലഭിക്കുന്ന 1,600 രൂപയായി ഉയർത്തി നൽകണം.

d. സൈക്കോ-സോഷ്യൽ സ്ഥാപനങ്ങളിൽ ഗ്രാന്റ് കൃത്യമായി നൽകണം.

e. Early Intervention Centre-കളുടെ നടത്തിപ്പിന് ആവശ്യമായ (Occupational Therapist, Physiotherapist, Speech Therapist) രംഗത്ത് ഡിഗ്രി, മാസ്റ്റേഴ്സ് കോഴ്സുകൾ അനുവദിക്കണം. Early Intervention Centre–കൾക്ക് ഗ്രാന്റ് അനുവദിക്കുകയും സഹായം തേടുന്ന കുട്ടികൾക്ക് പഠനത്തിനാവശ്യമായ സാമ്പത്തിക സഹായം ഉറപ്പാക്കുകയും വേണം.

f. മുഴുവൻ Special School അദ്ധ്യാപകർക്കും ഓണറേറിയം ലഭിക്കത്തക്കവിധം സ്പെഷ്യൽ സ്കൂൾ പാക്കേജ് പുനഃ ക്രമീകരിക്കണം.

g. പാലിയേറ്റീവ് രോഗികൾക്കും സ്ഥാപനങ്ങൾക്കും വേണ്ടിയുള്ള പ്രത്യേക ക്ഷേമ പദ്ധതികൾക്ക് സഹായം നൽകണം.

**തിരിച്ചറിയൽ രേഖകൾ**

**8.76a**. സൈക്കോ-സോഷ്യൽ സ്ഥാപനങ്ങളിൽ മാനസിക രോഗികളും മാനസിക വൈകല്യങ്ങൾ ഉള്ളവരുമായ അന്തേവാസികളാണ് ഉള്ളത്. ആധാർ കാർഡ് ലഭിക്കണമെങ്കിൽ ജനന തീയതി തെളിയിക്കുന്ന രേഖ ആവശ്യമാണ്. ഇവരിൽ നിന്ന് ഇത് ലഭിക്കാൻ സാധ്യതയില്ലാത്തതിനാൽ ഗസറ്റഡ് റാങ്കിലുള്ള ഗവൺമെന്റ് ഡോക്ടർ സർട്ടിഫിക്കറ്റ് നൽകണം. അതിനാൽ

ജില്ലാ തലത്തിൽ ഈ ചുമതലയ്ക്കായി നോഡൽ ഓഫീസർമാരെ ചുമതലപ്പെടുത്തണം.

b. കൊല്ലം തീരദേശത്ത് താമസിക്കുന്ന ക്രിസ്ത്യൻ ഭരത സമുദായാംഗങ്ങൾക്ക് ഭരത സമുദായ സർട്ടിഫിക്കറ്റ് ലഭ്യമാക്കണം.

c. ന്യൂനപക്ഷങ്ങൾക്ക് സമുദായ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള തടസ്സങ്ങൾ നീക്കണം. ലത്തീൻ കത്തോലിക്ക വിഭാഗത്തിലും സുറിയാനി കത്തോലിക്ക വിഭാഗത്തിലും പെടുന്നവരിൽ ചിലർ അവരുടെയോ അവരുടെ മാതാപിതാക്കളുടെയോ പൂർവികരുടെയോ സർട്ടിഫിക്കറ്റുകളിൽ ആർ.സി. എന്നെഴുതിയതിനാൽ അവർ EWS എന്നുള്ള രീതിയിലോ സീറോ മലബാർ സഭയുടെ അംഗങ്ങൾ എന്നുള്ള രീതിയിലോ EWS സർട്ടിഫിക്കറ്റിന് അപേക്ഷിക്കുമ്പോൾ clarity ആവശ്യമാണെങ്കിൽ അതാത് സഭകളിലെ മെത്രാന്മാരുടെ സർട്ടിഫിക്കറ്റ് അനുസരിച്ച് EWS സർട്ടിഫിക്കറ്റ് കൊടുക്കണം. ലത്തീൻ കത്തോലിക്കർ എന്ന് പറയുന്നവരും സുറിയാനി കത്തോലിക്കർ എന്ന് പറയുന്നവരും എല്ലാം തന്നെ റോമൻ കത്തോലിക്കാ സഭയുടെ അവാന്തര വിഭാഗങ്ങളാണ്. അതുപോലെ തന്നെ മലങ്കര ഓർത്തഡോക്സ് സഭയെ യാക്കോബായ സഭയെന്നും വിളിച്ചിരുന്നതിനാൽ അവരുടെ പൂർവികരുടെ സർട്ടിഫിക്കറ്റിൽ യാക്കോബായ എന്നും ഇപ്പോൾ ഓർത്തഡോക്സ്

ആണ് എന്നും പറഞ്ഞ് EWS സർട്ടിഫിക്കറ്റ് നിഷേധിക്കരുത്. യാക്കോബായ ഓർത്തഡോക്സ് വിഭാഗമാണെങ്കിലും രണ്ടും സംവരണേതര ക്രിസ്ത്യാനികളായതിനാൽ EWS സർട്ടിഫിക്കറ്റ് കൊടുക്കുന്നതിന് തടസ്സമാകരുത്.

d. സർക്കാരിന്റെ ഔദ്യോഗിക വെബ്സൈറ്റുകളിൽ കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റിന് ആവശ്യമായ "ഓർത്തഡോക്സ്" എന്ന കാറ്റഗറി ഇല്ലാത്തതിനാൽ ഓർത്തഡോക്സ് കുഞ്ഞുങ്ങൾക്ക് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനു പ്രയാസം നേരിടുന്നു. ആയതു പരിഹരിക്കുന്നതിന് ആവശ്യമായ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

e. സ്കൂൾ രേഖകളിൽ ഇപ്പോഴുള്ള ജാതി കോളത്തിൽ ജാതിക്കു പുറമേ ആ ജാതിയിൽ പെട്ട വ്യക്തി ഏതെങ്കിലും പ്രത്യേക സമുദായത്തിലോ മതവിഭാഗത്തിലോ പെട്ടതാണെങ്കിൽ അതു കൂടി രേഖപ്പെടുത്തുവാൻ അനുവാദം നൽകാവുന്നതാണ്.

f. സർക്കാർ സെൻസസ് എടുക്കുമ്പോൾ "ബ്രദറൺ" എന്ന പ്രത്യേക വിഭാഗത്തിൽ കേരളത്തിലെ "ബ്രദറൺ" സമൂഹത്തെ സംബന്ധിക്കുന്ന വിവരങ്ങൾ രേഖപ്പെടുത്തുക. ഔദ്യോഗിക രേഖകളിൽ "ബ്രദറൺ" എന്ന് മലയാളത്തിലും BRETHREN എന്ന് ഇംഗ്ലീഷ് ഭാഷയിലും ചേർക്കേണ്ടതാണ്. ഇതിൽ നിന്ന് വിഭിന്നമായി brothern എന്നെല്ലാം തെറ്റായി രേഖപ്പെടുത്തുന്ന

പ്രവണത കാണപ്പെടുന്നുണ്ട്. കേരള ഗസറ്റ് വാല്യം 10, നമ്പർ 1706 ആയി പ്രസിദ്ധീകരിച്ച സ.ഉ.(എം.എസ്.) നമ്പർ 114/2021 പൊ.ഭ.വ. ഇറക്കിയ ഉത്തരവിൽ 157 സീരിയൽ നമ്പറിൽ ബ്രദറൺ സഭ എന്നെഴുതിയതിലും പിശകുണ്ട്. വില്ലേജ് ഓഫീസുകളിൽ നിന്നും കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റിന് അപേക്ഷിക്കുമ്പോൾ "ബ്രദറൺ" എന്ന വിഭാഗനാമം ഔദ്യോഗിക ലിസ്റ്റിൽ ഇല്ലാത്തതുകൊണ്ട് "ബ്രദറൺ" ചേർത്ത് കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ് ലഭിക്കുന്നില്ല. ഇതു പരിഗണിച്ച് "ബ്രദറൺ" എന്നതും ഔദ്യോഗിക ലിസ്റ്റിൽ ചേർക്കണം.

g. ലത്തീൻ കത്തോലിക്കാ സമുദായ സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നതിൽ ഉള്ള തടസ്സങ്ങൾ സംബന്ധിച്ച് പഠനം നടത്തി അടിയന്തിരമായി പരിഹരിക്കണം. ക്രൈസ്തവരെ സംബന്ധിച്ചിടത്തോളം അപ്രസക്തമായ 1947 എന്ന അടിസ്ഥാനവർഷം ലത്തീൻ കത്തോലിക്ക ക്രൈസ്തവ സ്വത്വം നിർണ്ണയിക്കുന്നതിനുള്ള മാനദണ്ഡമായി നിശ്ചയിച്ചത് നീക്കം ചെയ്യേണ്ടതാണ്. റോമൻ കാത്തലിക് ലാറ്റിൻ ക്രിസ്ത്യൻ (RCLC) എന്നു ചില വിദ്യാർത്ഥികളുടെ സ്കൂൾ സർട്ടിഫിക്കറ്റിൽ ചേർത്തു വരുന്നുണ്ട്. ഇവർക്കും ലത്തീൻ കത്തോലിക്കാ സമുദായ സർട്ടിഫിക്കറ്റ് ലഭ്യമാക്കാനുള്ള സ്പഷ്ടീകരണ ഉത്തരവ് ഇറക്കണം. ക്രിസ്ത്യൻ-പരവ, LC-പരവ എന്നിങ്ങനെ സർട്ടിഫിക്കറ്റ് തെറ്റായി

രേഖപ്പെടുത്തിയിരിക്കുന്നവർക്ക് ലാറ്റിൻ കാത്തലിക് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള തടസ്സങ്ങൾ ഒഴിവാക്കണം. കാസർഗോഡ് ചന്ദ്രഗിരി പുഴയ്ക്കു വടക്കുവശത്ത് തലപ്പാടി വരെയുള്ള പ്രദേശത്തുള്ള ലത്തീൻ കത്തോലിക്കാ വിശ്വാസികൾ മംഗലാപുരം രൂപതാംഗങ്ങൾ എന്ന നിലയിൽ അവർക്കു ലത്തീൻ കത്തോലിക്കാ സർട്ടിഫിക്കറ്റ് നിഷേധിക്കപ്പെടുന്നുണ്ട്. മലബാർ മേഖലയിൽ ആദ്യമായി രൂപീകരിച്ച കോഴിക്കോട് രൂപതയിൽ ഉൾപ്പെടെ എല്ലാ ലത്തീൻ കത്തോലിക്കരുടെയും അടിസ്ഥാനരേഖയിൽ LC എന്നതിന് പകരം RC എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇതിൽ മാറ്റം വരുത്തി LC എന്ന് രേഖപ്പെടുത്തി ലഭിക്കുന്നതിന് റവന്യൂ അധികാരികൾ രണ്ട് തലമുറയുടെ രേഖകൾ നിലവിൽ ആവശ്യപ്പെടുന്നു. ഇത് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനും അതുവഴി സംവരണ ആനുകൂല്യം ലഭിക്കുന്നതിനും പ്രയാസം നേരിടുന്നു. പല ദേവാലയങ്ങളിലും പഴയ രേഖകൾ ഇല്ലാത്തതു മൂലം അപേക്ഷകർക്ക് സർട്ടിഫിക്കറ്റ് കിട്ടുന്നതിന് തടസ്സമാകുന്നു. പുനലൂർ രൂപതാംഗങ്ങളായ നൂറോളം ശ്രീലങ്കൻ അഭയാർത്ഥി കുടുംബാംഗങ്ങൾക്ക് റവന്യൂ വകുപ്പിൽ നിന്നുള്ള രേഖകളിൽ റോമൻ കത്തോലിക്കർ എന്നു മാത്രം രേഖപ്പെടുത്തിയിട്ടുള്ള ലത്തീൻ സഭയിലുള്ളവർക്കു കൂടി ലത്തീൻ കത്തോലിക്ക ജാതി സർട്ടിഫിക്കറ്റ് ലഭ്യമാക്കണം.

ഇക്കാര്യങ്ങളിലെല്ലാം രൂപതാ മെത്രാൻ നൽകുന്ന സാക്ഷ്യപത്രം ആധികാരിക രേഖയായി പരിഗണിച്ച് സർട്ടിഫിക്കറ്റ് നൽകേണ്ടതാണ്.

h. ദൈവാലയ രേഖകളുടെ സൂക്ഷിപ്പുകാരായ ഇടവക വികാരിമാരുടെ ശുപാർശയുടേയും സത്യവാങ്മൂലത്തിന്റെയും റവന്യൂ ഉദ്യോഗസ്ഥരുടെ പ്രാദേശിക അന്വേഷണത്തിന്റെയും അടിസ്ഥാനത്തിൽ കാലവിളംബം കൂടാതെ സമുദായ സർട്ടിഫിക്കറ്റ് നൽകണം. ബന്ധപ്പെട്ട ബിഷപ്പുമാർ നൽകുന്ന രേഖകൾ ആധികാരിക സ്വഭാവം ഉള്ളവയായി കണക്കാക്കണം.

i. ഏതെങ്കിലും കാരണവശാൽ ഒരു വ്യക്തിക്ക് തന്റെ സമുദായ സർട്ടിഫിക്കറ്റിനെ സംബന്ധിച്ചോ സഭാ അംഗത്വ സർട്ടിഫിക്കറ്റിനെ സംബന്ധിച്ചോ വില്ലേജ് ഓഫീസിൽ നിന്ന് ലഭിക്കുന്ന സർട്ടിഫിക്കറ്റിനെ കുറിച്ചോ പരാതി ഉണ്ടെങ്കിൽ ആ പരാതികൾ പരിഹരിക്കുന്നതിന് ഒരു പ്രത്യേക നോഡൽ ഓഫീസറെ എല്ലാ ജില്ലയിലും ചുമതലപ്പെടുത്തണം.

**ലത്തീൻ കത്തോലിക്കർ**

8.77. മൂന്നു രീതികളിലുള്ള പരിഗണനകൾക്ക് വ്യക്തികൾ എന്ന നിലയ്ക്ക് അർഹരാകുന്നവർ പലപ്പോഴും ലത്തീൻ സമൂഹത്തിൽ ഉണ്ട്.

(a) മതപരമായി ഒരു ന്യൂനപക്ഷം എന്ന നിലയിൽ ന്യൂനപക്ഷങ്ങൾക്ക് പൊതുവായി ലഭിക്കേണ്ട ആനുകൂല്യങ്ങളും പരിഗണനകളും.

(b) പരമ്പരാഗതമായി പിന്നോക്കം നിൽക്കുന്ന ഒരു സമൂഹം OBC എന്നുള്ള നിലയിൽ സമുദായ അംഗങ്ങൾക്കു ലഭിക്കേണ്ട പ്രത്യേക ആനുകൂല്യങ്ങളും പരിഗണനകളും.

(c) സമുദായ അംഗങ്ങളിൽ ആരെങ്കിലും എസ്.സി., എസ്.ടി. വിഭാഗങ്ങളിൽ നിന്ന് പരിവർത്തനം ചെയ്യപ്പെട്ടവരോ മത്സ്യബന്ധനം തൊഴിലാക്കിയ ജാതികളിൽ നിന്ന് പരിവർത്തനം ചെയ്യപ്പെട്ടവരോ ആണെങ്കിൽ അവരുടെ പൂർവ്വ ജാതിയുമായി ബന്ധപ്പെട്ട പ്രത്യേക ആനുകൂല്യങ്ങളും പ്രത്യേക പരിഗണനകളും.

ഈ മൂന്നു രീതികളിലുമുള്ള പരിഗണനകൾ ഒരേ സമയം ഏതെങ്കിലും ലത്തീൻ സമൂഹ അംഗത്തിന് നൽകേണ്ട സാഹചര്യം ഉണ്ടാവുമ്പോൾ, ആയത് ഒരേ സംഗതിക്കുള്ള multiple ആനുകൂല്യമായി പരിഗണിക്കപ്പെടുവാൻ സാധ്യതയുണ്ടെങ്കിൽ അവ തമ്മിൽ താരതമ്യം ചെയ്ത് ആയതിലെ ഏറ്റവും മെച്ചപ്പെട്ട സൗകര്യം തിരഞ്ഞെടുക്കുവാൻ സമുദായ അംഗത്തിനു തന്നെ അധികാരം ഉണ്ടായിരിക്കണം എന്ന് ശുപാർശ ചെയ്യുന്നു.

8.78. ന്യൂനപക്ഷങ്ങൾ നടത്തുന്ന സ്വാശ്രയ കോളേജുകളിലും പ്രൊഫഷണൽ കോളേജുകളിലും ഇപ്പോഴത്തെ കമ്മ്യൂണിറ്റി ക്വോട്ട

എന്നു വിളിക്കുന്ന ക്വോട്ട ശതമാനം പകുതി ആയി കുറയ്ക്കുകയും മറ്റേ പകുതി സ്ഥാപനം നടത്തുന്ന സഭയുടെ മാനേജ്മെന്റ് ക്വോട്ട (കമ്മ്യൂണിറ്റി) ആയി പരിഗണിക്കുകയും വേണം.

**8.79.** ബിരുദ-ബിരുദാനന്തര കോഴ്സുകളിലും വിദ്യാഭ്യാസ സംബന്ധമായ പ്രവേശനങ്ങളിൽ പൊതുവേയും ലത്തീൻ കത്തോലിക്കർക്കും ആംഗ്ലോ ഇൻഡ്യൻ വിഭാഗത്തിനുമുള്ള സംവരണം 3% ആക്കി ഉയർത്തണം.

**8.80.** ലത്തീൻ കത്തോലിക്കർ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങൾ കേന്ദ്രീകരിച്ച് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ, തൊഴിലധിഷ്ഠിത വിദ്യാഭ്യാസ സൗകര്യങ്ങൾ, കമ്മ്യൂണിറ്റി കോളേജുകൾ, ഫിനിഷിങ് സ്കൂളുകൾ, കോച്ചിങ്/പരിശീലന കേന്ദ്രങ്ങൾ, കരിയർ, ഉന്നത വിദ്യാഭ്യാസ മാർഗ്ഗ നിർദ്ദേശം, അഭിരുചി നിർണ്ണയം എന്നിവ ലക്ഷ്യം വച്ചുള്ള പ്രത്യേക വിദ്യാർത്ഥി വികസന പരിപാടികൾ കൂടുതലായി ആരംഭിക്കണം.

**8.81.** നിലവിൽ പന്ത്രണ്ടാം ക്ലാസു വരെ ലഭിച്ചു വരുന്ന എല്ലാ വിദ്യാഭ്യാസ ആനുകൂല്യങ്ങളും ഉന്നത വിദ്യാഭ്യാസത്തിനും അനുവദിക്കണം. കമ്മ്യൂണിറ്റി കോട്ടയിൽ പ്രവേശനം നേടുന്ന ലത്തീൻ വിദ്യാർത്ഥികൾക്ക് E-GRANT അനുവദിക്കണം. മെഡിസിന് പ്രവേശനം ലഭിക്കുന്ന ബി.പി.എൽ. വിഭാഗത്തിലുള്ള

ലത്തീൻ കത്തോലിക്കരായ വിദ്യാർത്ഥികൾക്കു സഹായം താമസം കൂടാതെ നൽകണം.

**8.82.** വിദ്യാഭ്യാസ ലോണുകൾ ലത്തീൻ കത്തോലിക്കാ സമുദായത്തിലെ കുട്ടികൾക്ക് ജനസംഖ്യാനുപാതികമായ രീതിയിൽ ഉറപ്പു വരുത്തണം.

**8.83.** പ്രീ-മെട്രിക് സ്കോളർഷിപ്പ് ഉൾപ്പെടെ ആനുകൂല്യങ്ങൾക്ക് വരുമാന പരിധി രണ്ടര ലക്ഷം എന്ന് പുനർ നിർണ്ണയിക്കേണ്ടതാണ്. അതേ സമയം അത്തരം സ്കോളർഷിപ്പുകളിൽ 50% എങ്കിലും ഒരു ലക്ഷത്തിൽ താഴെ വരുമാനമുള്ളവർക്ക് മാത്രമായി പരിമിതപ്പെടുത്തണം.

**8.84.** പിന്നോക്ക വിഭാഗ വികസന വകുപ്പിൽ നിന്നും വിതരണം ചെയ്യുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ലത്തീൻ കത്തോലിക്കർക്ക് ജനസംഖ്യാനുപാതികമായി അർഹതപ്പെട്ട ശതമാന നിരക്കിൽ നല്കണം. സ്കോളർഷിപ്പ് അർഹത വരുമാന പരിധി കാലാനുസൃതമായി ഉയർത്തി നിശ്ചയിക്കണം.

**8.85.** പിന്നോക്ക ന്യൂനപക്ഷങ്ങൾ നടത്തുന്ന കോളേജുകളിൽ പുതിയ കോഴ്സുകൾ അനുവദിക്കണം.

**8.86.** സംവരണേതര സമുദായങ്ങളിലെ വിദ്യാർത്ഥികൾക്ക് അനുവദിക്കുന്ന സ്കോളർഷിപ്പ് തുക പിന്നോക്ക വിദ്യാർത്ഥികൾക്ക്

അനുവദിക്കുന്ന തുകയേക്കാൾ കൂടുതലാണ്. ഇക്കാര്യം പരിശോധിച്ച് സ്കോളർഷിപ്പ് തുകയിൽ തുല്യത ഉറപ്പുവരുത്തണം.

**8.87.** പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ട യോഗ്യരായ അപേക്ഷകരുടെ അഭാവത്തിൽ SCCC ഉൾപ്പടെയുള്ള എല്ലാ പിന്നോക്ക ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട അപേക്ഷകർക്കും യോഗ്യതയുടെ അടിസ്ഥാനത്തിൽ കോളേജ് പ്രവേശനം സാധ്യമാക്കുന്ന വ്യവസ്ഥ പുനസ്ഥാപിക്കണം.

**8.88.** പിന്നോക്ക പ്രദേശങ്ങളിൽ ആംഗ്ലോ ഇൻഡ്യൻ സമുദായത്തിന്റെ ഉടമസ്ഥതയിലുള്ള സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യണം.

**8.89.** കമ്മ്യൂണിറ്റി ക്വോട്ടയിലെ സീറ്റുകളിൽ മെറിറ്റ് അടിസ്ഥാനമാക്കി പ്രവേശനം നേടുന്ന വിദ്യാർത്ഥികൾക്ക് ലഭിച്ചിരുന്ന ഇ-ഗ്രാന്റ് സ്കോളർഷിപ്പുകൾ പുനഃസ്ഥാപിച്ചു നൽകണം.

**8.90.** സർക്കാരിന്റെ പിന്നോക്ക വികസന കോർപ്പറേഷനിൽ നിന്നും സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള വായ്പ തൊഴിൽ രഹിതരായ ലത്തീൻ യുവതീ യുവാക്കൾക്ക് വ്യക്തിഗത ജാമ്യത്തിൽ നൽകണം. നൈപുണ്യ വികസനം, സ്റ്റാർട്ട്-അപ്പുകൾ, സ്വയം തൊഴിൽ പരിശീലനം, സംരംഭകത്വ വികാസ പരിപോഷണം എന്നിവയടങ്ങിയ സംരംഭകത്വ വികസനകേന്ദ്രങ്ങൾക്ക് (Skill

and Entrepreneurship Development Centre – SEDC) രൂപം കൊടുക്കേണ്ടത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സ്ത്രീകൾ, പ്രവാസികൾ എന്നിവരെ ഉൾക്കൊള്ളുന്ന രീതിയിലായിരിക്കണം.

**8.91.** ക്ലാസ് 1, 2 തസ്തികകളിൽ ഇപ്പോഴുള്ള ലത്തീൻ-ദലിത് കത്തോലിക്കാ സമുദായത്തിന്റെ പ്രാതിനിധ്യം എത്രയെന്ന് കണക്കാക്കുകയും നഷ്ടമായ അവസരങ്ങൾ പുന: സ്ഥാപിക്കുന്നതിന് നടപടിയെടുക്കുകയും ചെയ്യണം.

**8.92.** ലത്തീൻ കത്തോലിക്കർക്കും ദലിത് ക്രൈസ്തവർക്കും ലഭിച്ചിട്ടുള്ള ഉദ്യോഗ പ്രാതിനിധ്യത്തെക്കുറിച്ചും നഷ്ടത്തെക്കുറിച്ചും പഠനം നടത്തുവാനായി ഒരു പുതിയ കമ്മീഷനെ നിയമിക്കണം.

**8.93.** ജസ്റ്റിസ് നരേന്ദ്രൻ കമ്മീഷന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ തൊഴിൽ നഷ്ടവും സംവരണ നഷ്ടവും സംഭവിച്ച ലത്തീൻ, ആംഗ്ലോ-ഇന്ത്യൻ വിഭാഗങ്ങളിലെ ഉദ്യോഗാർത്ഥികൾക്ക് വിവിധ തസ്തികകളിലേക്ക് സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

**8.94.** കേരള സ്റ്റേറ്റ് ആൻഡ് സബോർഡിനേറ്റ് സർവ്വീസസ് റൂൾസിൽ ചട്ടം 14-ൽ ഉചിതമായ ഭേദഗതി വരുത്തി സംവരണ വിഭാഗങ്ങൾക്ക് നീതി ഉറപ്പാക്കണം. മെറിറ്റിൽ ഉദ്യോഗം

ലഭിച്ചവരുടെയും സംവരണം വഴി ഉദ്യോഗം ലഭിച്ചവരുടെയും പ്രത്യേകമായ ലിസ്റ്റുകൾ തയ്യാറാക്കി സൂക്ഷിക്കണം.

**8.95.** പ്രാഥമിക സഹകരണ മേഖലയിൽ സർക്കാർ അർദ്ധ-സർക്കാർ നിയന്ത്രണത്തിലുള്ള സഹകരണ സ്ഥാപനങ്ങളിൽ ഉദ്യോഗത്തിനു സംവരണം ലഭ്യമാക്കണം.

**8.96.** 7-12-2001-ൽ ഐക്യരാഷ്ട്രസഭ "ഡിസംബർ 12" ന്യൂനപക്ഷ അവകാശ ദിനമായി പ്രഖ്യാപിക്കുകയും ആഘോഷിക്കുകയും ചെയ്യാൻ ആവശ്യപ്പെട്ട പശ്ചാത്തലത്തിൽ ന്യൂനപക്ഷങ്ങൾക്ക് അർഹമായ എല്ലാ ആനുകൂല്യങ്ങളെക്കുറിച്ചും ബോധവൽക്കരണ ക്ലാസുകൾ, സെമിനാറുകൾ, ഹാൻഡ്ബുക്ക് വിതരണം എന്നിവയ്ക്കായി ഓരോ പഞ്ചായത്തുകൾക്കും കുറഞ്ഞപക്ഷം 10,000 രൂപയെങ്കിലും അനുവദിച്ച് ഇത്തരം പരിപാടികൾ എല്ലാ വാർഡുകളിലും നടത്തുവാനുള്ള നടപടികൾ സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടാകണം.

**8.97.** കേരളത്തിലെ ആംഗ്ലോ-ഇന്ത്യൻ വിഭാഗക്കാരുടെ സാമൂഹിക-സാമ്പത്തിക (പാർപ്പിട പ്രശ്നങ്ങൾ, തൊഴിലില്ലായ്മ, വിദ്യാഭ്യാസപരവും സാമ്പത്തികവുമായ പിന്നോക്കാവസ്ഥ തുടങ്ങിയവ) സാഹചര്യങ്ങളെ കുറിച്ച് പഠിക്കാൻ ഒരു സർക്കാർ ഏജൻസിയെ നിയോഗിക്കണം.

**8.98.** BPL category-യിൽപെട്ട ആംഗ്ലോ ഇന്ത്യൻ കുടുംബങ്ങൾക്ക് ഭവനപദ്ധതിയും പലിശരഹിത ഭവന വായ്പയും അനുവദിക്കണം. ജസ്റ്റിസ് നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് അനുസരിച്ച് സർക്കാർ ഉദ്യോഗങ്ങളിലെ നഷ്ടം നികത്താൻ ആംഗ്ലോ-ഇന്ത്യൻ വിഭാഗക്കാർക്ക് പ്രത്യേക റിക്രൂട്ട്മെന്റ് നടത്തണം. ലൈഫ് മിഷൻ പദ്ധതിയിൽ അർഹമായ പരിഗണന അവർക്കും നൽകണം.

**ഒരു സ്ഥാപനത്തിനോ പ്രദേശത്തിനോ ബാധകമായ ആവശ്യങ്ങൾ**

**8.99.** ചേർത്തല സെന്റ് മൈക്കിൾ കോളേജും ആലപ്പുഴ സെന്റ് ജോസഫ് കോളേജ് ഫോർ വിമനും ഓട്ടോണമസ് സ്റ്റാറ്റസിലേയ്ക്ക് ഉയർത്താനാവശ്യമായ കോഴ്സുകൾ അനുവദിക്കുക.

**8.100.** പത്തനാപുരം സെന്റ് ബ്രോക്കർഡ്സ് സി.എ.എം.എച്ച്.എസ്സ്.-ൽ അപ്പർ പ്രൈമറി സെക്ഷൻ അനുവദിക്കണം.

**8.101.** പള്ളിത്തോട് സെന്റ് സെബാസ്റ്റ്യൻസ് ഹൈസ്കൂൾ, വട്ടയാർ സെന്റ് മേരീസ് ഹൈസ്കൂൾ എന്നിവ ഹയർ സെക്കന്ററികളായി ഉയർത്തുക.

**8.102.** അഴീക്കൽ ബി.ബി.എം.എൽ.പി. സ്കൂൾ ഹൈസ്കൂളായി ഉയർത്തുക.

**8.103.** കൊല്ലം കർമ്മലറാണി ട്രെയിനിങ് കോളേജിലെ എം.എഡ്. കോഴ്സ്സിന് എയ്ഡഡ് പദവി പുനഃസ്ഥാപിക്കുക.

**8.104.** പുനലൂർ രൂപതയുടെ സ്കൂളുകളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനാവശ്യമായ സർക്കാർ ഫണ്ടുകൾ അനുവദിക്കുക. എയ്ഡഡ് ലോവർ പ്രൈമറി സ്കൂളുകളെ അപ്പർ പ്രൈമറി സ്കൂളുകളായി ഉയർത്തുക. ചെറിയനാട് എസ്.വി.എച്ച്.എസ്സിൽ വൊക്കേഷണൽ ഹയർ സെക്കന്ററി കോഴ്സ് അനുവദിക്കുക.

**8.105.** പുനലൂർ വെള്ളിമല (ഇടമൺ) കേന്ദ്രീകരിച്ച് ബിഷപ്പ് മത്തിയാസ് മെമ്മോറിയൽ ആർട്ട്സ് ആൻഡ് സയൻസ് കോളേജിന് അനുമതി നൽകുക.

**8.106.** പിന്നോക്ക പ്രദേശങ്ങളിൽ സ്ഥിതി ചെയ്യുന്ന ആംഗ്ലോ-ഇന്ത്യൻ സമുദായത്തിന്റെ ഉടമസ്ഥതയിലുള്ള സ്കൂളുകളുടെ അപ്ഗ്രഡേഷൻ:

a. Our Lady Snow Anglo-Indian LPS Kunjithai - to U.P. School
b. E.P. School, Elamkunnappuzha - to U.P. School
c. Cruz Milagras Anglo-Indian L.P.S., Ochanthuruth - to U.P. School
d. Luiz A.I.U.P. School, Kadukutty, Trichur district - to High School
e. Loreto Anglo-Indian High School, Saude, Cochin - to Higher.Secondary

**8.107.** ആംഗ്ലോ-ഇന്ത്യൻ സമുദായത്തിന്റെ ഉടമസ്ഥതയിലുള്ള അതേ രീതിയിലുള്ള ഒരേയൊരു സ്കൂളായ പെരുമാനൂർ

സി.സി.പി.എൽ.എം.ആംഗ്ലോ-ഇന്ത്യൻ ഹയർ സെക്കന്ററി സ്കൂളിൽ ബയോ മാത്സ് പോലെയുള്ള കോഴ്സുകൾ കൂടി അനുവദിക്കുക.

**8.108.** പുനലൂർ രൂപതയുടെ സോഷ്യൽ സർവ്വീസ് സൊസൈറ്റിക്ക് (പി.എസ്സ്.എസ്സ്.എസ്സ്.) കീഴിലുള്ള മുന്നൂറോളം സ്വയം സഹായ സംഘങ്ങൾ വഴി പുതിയ സമ്പാദ്യ വർദ്ധന പദ്ധതികൾ (IGP – Income Generation Programs) നടപ്പിലാക്കാനുള്ള ഫണ്ട് അനുവദിക്കുക. സംഘടനയുടെ കീഴിൽ പ്രവർത്തിക്കുന്ന ലിലിയാൻ സ്പെഷ്യൽ സ്കൂളിന് ഗ്രാന്റ് അനുവദിക്കുക.

**8.109.** തമിഴ് മാതൃഭാഷയായി സ്വീകരിച്ചിട്ടുള്ള കേരളത്തിൽ താമസിക്കുന്ന ലത്തീൻ കത്തോലിക്കാ തോട്ടം തൊഴിലാളികൾക്കും കാർഷിക തൊഴിലാളികൾക്കും പട്ടികജാതി വിഭാഗത്തിന് നല്കുന്ന ആനുകൂല്യങ്ങളും പട്ടികജാതിവിഭാഗം എന്ന പരിഗണനയും നൽകുവാനുള്ള നടപടിയെടുക്കുക.

**8.110.** അർത്തുങ്കൽ ഗവൺമെന്റ് ഫിഷറീസ് സ്കൂളിനെ KUFOS, CMFRI തുടങ്ങിയ സ്ഥാപനങ്ങളിലേക്കുള്ള ഒരു ഫീഡിംഗ് സെന്ററായി ഉയർത്തുക.

**8.111.** പുനലൂർ ഇടമൺ സോഷ്യൽ സർവ്വീസ് സോസൈറ്റി (ഇ.എസ്സ്.എസ്സ്.എസ്സ്.) വഴി തൊഴിൽ നൈപുണ്യ വികസന പരിശീലനത്തിന് ഗവൺമെന്റ് സഹായം അനുവദിക്കുക.

**8.112.** കേരള സ്കൂൾ കലോത്സവ മാനുവൽ പ്രകാരം പൊതു ഇനങ്ങളിൽ തമിഴ് ന്യൂനപക്ഷവിദ്യാർത്ഥികൾക്ക് ആറു വ്യക്തിഗത ഇനങ്ങളിൽ മാത്രമേ മത്സരിക്കാൻ സാധിക്കുകയുള്ളൂ. തമിഴ് കലോത്സവം സംസ്ഥാനതലം വരെ നടത്തി ആയതിൽ പങ്കെടുക്കുന്നതിനുള്ള അവസരം അർഹതപ്പെട്ട വിദ്യാർത്ഥികൾക്ക് നൽകേണ്ടതാണ്.

**8.113.** തമിഴ് ന്യൂനപക്ഷ മേഖലകളിൽ തമിഴ് ഭാഷ അറിയാവുന്ന ഉദ്യോഗസ്ഥരെ നിയമിക്കണം. നിയമാവലികളും അപേക്ഷാ ഫോറങ്ങളും തമിഴിൽ ലഭ്യമാക്കണം.

**8.114.** പാലക്കാട് ചിറ്റൂർ താലൂക്കിൽ കിഴക്കൻ മേഖലയിൽ ലത്തീൻ കത്തോലിക്കരുടെ പ്രധാന തൊഴിലും വരുമാനവും ഔഷധസസ്യങ്ങൾ ശേഖരിച്ച് വിൽക്കുന്നതാണ്. ഇവർ ഇടനിലക്കാരെ ആശ്രയിക്കുകയും ചൂഷണത്തിന് വിധേയരാവുകയും ചെയ്യുന്നു. ഇടനിലക്കാരെ ഒഴിവാക്കി സർക്കാർ നേരിട്ട് സ്വീകരിക്കാൻ തക്കവിധം (പാൽ, നെല്ല് സംഭരണം പോലെ) സഹകരണ സംഘങ്ങൾ രൂപീകരിക്കുക. പാലക്കാട് വടകരപ്പതിയിലെ ആർ.ബി.സി. പ്രൊജക്ടുമായി ബന്ധപ്പെട്ട

കാര്യങ്ങൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക. അതുപോലെ സ്ഥലമേറ്റെടുപ്പ് സമയബന്ധിതമായി പൂർത്തീകരിക്കുകയും കുടിവെള്ളത്തിനും കൃഷിക്കുമുള്ള ജല ലഭ്യത ഉറപ്പുവരുത്തുകയും ചെയ്യുക.

**8.115.** ആദിവാസി മേഖലകളിലെ ക്രിസ്തീയ വിഭാഗത്തിലുള്ള ആളുകൾക്ക് വീട്, തൊഴിൽ മുതലായവ ഉറപ്പാക്കണം.

**8.116.** ഏതെങ്കിലും പദ്ധതികൾക്കായി ആരെയെങ്കിലും ഒരു പ്രദേശത്തുനിന്ന് ഒഴിപ്പിക്കേണ്ടിവന്നാൽ, അവരുടെ പുനരധിവാസം സാദ്ധ്യമായതിന് ശേഷമേ അവരെ ഒഴിപ്പിക്കാവൂ എന്ന് ശുപാർശ ചെയ്യുന്നു.

**8.117.** ചവറ K.M.M.L. കമ്പനിക്ക് ഭൂമി നൽകിയ കോവിൽത്തോട്ടം നിവാസികൾക്ക് തൊഴിൽ-പുനരധിവാസ പദ്ധതി നടപ്പാക്കണം. പുനരധിവാസത്തിനുള്ള ഭൂമിയും പി.ഡബ്ല്യൂ.ഡി. നിരക്ക് വ്യത്യാസത്തിന്റെ അടിസ്ഥാനത്തിൽ ലഭിക്കാനുള്ള അധികതുകയും അനുവദിക്കണം. വീട്ടുവാടക 5,000 രൂപയായി വർദ്ധിപ്പിക്കുകയും അതു പ്രകാരം മുഴുവൻ കുടിശികയും വിതരണം ചെയ്യണം. കുടിയൊഴിപ്പിക്കപ്പെട്ടവർക്ക് സ്ഥിരവരുമാനമുള്ള തൊഴിൽ നൽകണം. തീരത്തിന്റെയും സെമിത്തേരിയുടെയും ദേവാലയത്തിന്റെയും സംരക്ഷണത്തിനായി പുലിമുട്ടോടുകൂടിയ കടൽഭിത്തി നിർമ്മാണം നടത്തണം.

കോവിൽത്തോട്ടം പാലത്തിന്റെ നിർമ്മാണം എത്രയും വേഗം ആരംഭിക്കണം. പാലം നിർമ്മിക്കുന്നതിനായി എൽ.പി. സ്കൂൾ മാറ്റിസ്ഥാപിക്കുമ്പോൾ പുതിയ സ്കൂളിനായി കമ്പനി സ്ഥലം നൽകണം. ഫിഷറീസ് വകുപ്പ് കെട്ടിടം നിർമ്മിച്ച നൽകണം.

**8.118.** വിഴിഞ്ഞം ഹാർബർ പ്രൊജക്ടിനു വേണ്ടി കുടിയൊഴിപ്പിക്കപ്പെട്ട മത്സ്യതൊഴിലാളി കുടുംബങ്ങൾക്ക് ഹാർബർ പ്രൊജക്ടിൽ തന്നെ ജോലി നൽകുകയും, അവരെ പുനരധിവസിപ്പിക്കാനായി തീരത്തു തന്നെയോ സമീപ പ്രദേശത്തോ ഭവനസമുച്ചയങ്ങൾ സർക്കാർ ചെലവിൽ നിർമ്മിച്ച് നൽകുകയും ചെയ്യണം.

**പരിവർത്തിത ക്രൈസ്തവർ**

**8.119.** വലിയ വിവേചനമാണ് ദളിത് ക്രിസ്ത്യാനികൾ നേരിടുന്നത്. അതുകൊണ്ടുതന്നെ "ഷെഡ്യൂൾഡ് കാസ്റ്റ്" എന്ന് ഭരണഘടന നിർവചിക്കുന്ന വിഭാഗങ്ങൾക്ക് ലഭിക്കുന്ന എല്ലാ ആനുകൂല്യങ്ങളും ഇവർക്കും ലഭിക്കേണ്ടതാണ്.

**8.120.** പരിവർത്തിത ക്രിസ്ത്യാനികൾക്കും എസ്.ഐ.യു.സി.ക്കും പ്രത്യേകം സംവരണം ഉണ്ടായിരുന്നത് ഇപ്പോൾ രണ്ട് വിഭാഗത്തിനും ഒരുമിച്ചാക്കിയത് മാറ്റി പട്ടികജാതിയിൽ നിന്ന് പരിവർത്തനം ചെയ്ത ക്രിസ്ത്യാനികൾക്കും നാടാർ ക്രിസ്ത്യാനികൾക്കും പ്രത്യേകം പ്രത്യേകം സംവരണം നൽകണം.

**8.121.** പട്ടികജാതിയിൽ നിന്നും ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്ത ക്രിസ്ത്യാനികളുടെ ജനസംഖ്യ കണക്കെടുക്കണമെന്നും അവരുടെ വിദ്യാഭ്യാസ പ്രശ്നങ്ങളും മറ്റു സാമ്പത്തിക-ക്ഷേമ പ്രശ്നങ്ങളും പഠിച്ച് പരിഹാരങ്ങൾ നിർദ്ദേശിക്കുവാനായി പിന്നോക്ക സമുദായ കമ്മീഷൻ പോലെ പട്ടികജാതിയിൽ നിന്നും ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്തവർക്കുവേണ്ടി (SCCC) ഒരു പ്രത്യേക കമ്മീഷനെ നിയമിക്കണം.

**8.122.** SCCC ക്രിസ്ത്യാനികൾക്ക് വിദ്യാഭ്യാസത്തിനുൾപ്പെടെ പട്ടികജാതിക്കാർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ ലഭിക്കണം.

**8.123.** പട്ടികജാതിക്കാർക്ക് ഏത് മതത്തിലായാലും തുല്യനീതി ലഭിക്കണം. പട്ടികജാതിയിലും മറ്റു പിന്നോക്ക ജാതിയിലുമുള്ളവർ മതം മാറിയാലും അവർക്കുള്ള ആനുകൂല്യങ്ങൾ മതത്തിന്റെ പേരിലുള്ള വിവേചനം ഇല്ലാതെ വിദ്യാഭ്യാസ-തൊഴിൽ-സാമ്പത്തിക-ക്ഷേമ കാര്യങ്ങളിൽ തുടരണം.

**8.124.** Christian Converts-നു വേണ്ടിയുള്ള കോർപ്പറേഷന്റെ പ്രവർത്തന ഫണ്ടിന്റെയും ധനവിനിയോഗ ഫണ്ടിന്റെയും ഗുണഭോക്താക്കൾ 85% എങ്കിലും എസ്.സി.സി.സി. ക്കായി റിസർവ് ചെയ്യേണ്ടതാണ്.

**8.125.** കൂടുതൽ വികസന ക്ഷേമപ്രവർത്തനങ്ങൾ നടപ്പിലാക്കാൻ ഈ കോർപ്പറേഷനിലെ സർക്കാർ വിഹിതം വർദ്ധിപ്പിക്കേണ്ടതാണ്. മുന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ അനുവദിക്കുന്നതുപോലെ പരിവർത്തിത ക്രൈസ്തവ വികസന കോർപ്പറേഷൻ ദളിത് ക്രൈസ്തവ വിദ്യാർത്ഥികൾക്കായി പ്രത്യേക സ്കോളർഷിപ്പ് പദ്ധതികൾ ആരംഭിക്കണം. SCCC വിഭാഗത്തിന് നിശ്ചിത എണ്ണം വീടുകൾ നിർമ്മിക്കുന്നതിനും വീടുകൾ പുതുക്കിപ്പണിയുന്നതിനും ഗ്രാന്റുകൾ നല്കുകണം. ഉന്നത വിദ്യാഭ്യാസത്തിന് സഹായം നല്കണം. വിദേശത്ത് തൊഴിൽ തേടി പോകുന്ന ദളിത് ക്രൈസ്തവർക്ക് വികസന കോർപ്പറേഷൻ വഴി കുറഞ്ഞ പലിശയിൽ ലോൺ അനുവദിക്കണം. ദളിത് ക്രൈസ്തവർക്കായി ബിസിനസ് ലോണുകൾ കോർപ്പറേഷൻ വഴി അനുവദിക്കണം. സംരംഭകർക്കായി പരിശീലന ക്ലാസുകൾ നടത്തണം. ഇത്തരം പ്രവർത്തനങ്ങൾക്കായി പ്രത്യേകം പ്രത്യേകമായി തുകകൾ നിജപ്പെടുത്തി കോർപ്പറേഷന് വർഷാവർഷം അനുവദിക്കേണ്ടതാണ്.

**8.126.** ന്യൂനപക്ഷ ക്ഷേമ വകുപ്പിന്റെ പുതിയ പദ്ധതികൾ പ്രഖ്യാപിക്കുന്ന മുറയ്ക്ക് കൃത്യമായി വിവരങ്ങൾ പരിവർത്തിത ക്രൈസ്തവ കോർപ്പറേഷൻ വെബ്സൈറ്റിൽ കൂടി ലഭ്യമാക്കണം.

8.127. എസ്.സി.സി.സി. വിഭാഗങ്ങളുടെ ജനസംഖ്യ എത്രയുണ്ട് എന്നു നിർണ്ണയിക്കണം. ഏതെങ്കിലും ഒരു മൂന്നു മാസക്കാലയളവിൽ ഓരോ വില്ലേജിലും ആധാർ കാർഡിന്റെയും റേഷൻ കാർഡിന്റെയും അടിസ്ഥാനത്തിൽ അവർക്ക് പേരുകൾ രജിസ്റ്റർ ചെയ്യാൻ അനുവദിക്കുന്നതിനൊപ്പം സർക്കാർ സിശ്ചയിക്കുന്ന ഒരു വെബ്സൈറ്റിൽ ആധാർ കാർഡ് ഐഡന്റിഫിക്കേഷനോടുകൂടി എസ്.സി.സി.സി. വിഭാഗത്തിൽ പെട്ട എല്ലാവർക്കും പേരുകൾ രജിസ്റ്റർ ചെയ്യാവുന്ന ഒരു സംവിധാനം പെട്ടെന്ന് നടപ്പാക്കാവുന്നതാണ്. കണക്കെടുപ്പ് നടന്നതിനു ശേഷം അതിന്റെ അടിസ്ഥാനത്തിൽ അവർക്ക് ലഭിക്കേണ്ട ക്ഷേമ-സാമ്പത്തിക-സാമൂഹ്യക്ഷേമ സംവരണ പദ്ധതികളുടെ തോത് നിർണ്ണയിക്കണം. മുൻകാലങ്ങളിൽ ഇവരുടെ എണ്ണം വിവിധ കമ്മീഷനുകൾ തിട്ടപ്പെടുത്തിയപ്പോൾ മറ്റ് വിഭാഗങ്ങൾക്ക് ബാധമാക്കിയ ജനസംഖ്യാമാനദണ്ഡങ്ങൾ ഇവരുടെ എണ്ണം കണക്കുകൂട്ടുന്നതിൽ പാലിക്കപ്പെട്ടിട്ടില്ല എന്ന കാര്യവും കമ്മീഷന്റെ ശ്രദ്ധയിൽ പെടുത്തിയത് ഇവിടെ രേഖപ്പെടുത്തുന്നു.

8.128. സർക്കാരിന്റെ പദ്ധതിയായ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (KASP)-യിൽ എസ്.സി.സി.സി. വിഭാഗങ്ങൾക്ക് പൂർണ്ണമായും ആരോഗ്യ സുരക്ഷ ഉറപ്പവരുത്തണം.

8.129. The Scheduled Castes and the Scheduled Tribes (Prevention of Atrocities) Act പ്രകാരം ലഭിക്കേണ്ട എല്ലാ നിയമ പരിരക്ഷയും ആനുകൂല്യവും നഷ്ടപരിഹാരവും SCCC ക്രിസ്ത്യാനികൾക്കും ലഭിക്കണം.

8.130. കമ്മ്യൂണിറ്റി ക്വോട്ടയിലെ സീറ്റുകളിൽ മെറിറ്റ് അടിസ്ഥാനമാക്കി പ്രവേശനം നേടുന്ന SCCC വിദ്യാർഥികൾക്ക് ഇ-ഗ്രാൻറ് സ്കോളർഷിപ്പുകൾ നിഷേധിക്കപ്പെട്ടത് പുനഃസ്ഥാപിച്ചു നൽകണം. സ്വാശ്രയ കോളേജുകൾക്ക് പഠിക്കുന്ന ഒ.ഇ.സി. വിഭാഗത്തിൽപ്പെടുന്ന പരിവർത്തിത ക്രൈസ്തവ വിദ്യാർത്ഥികൾക്കും സ്റ്റൈപ്പന്റും ലംപ്സം ഗ്രാന്റും മറ്റാനുകൂല്യങ്ങളും നൽകണമെന്ന് 2012 ഒക്ടോബർ 10-ആം തീയതി ബഹു. ഹൈക്കോടതി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ 2013 ഫെബ്രുവരി 22-ആം തീയതി സംസ്ഥാന സർക്കാർ ഈ വിധിക്കെതിരെ ബഹു.സുപ്രീം കോടതിയിൽ കേസ് ഫയൽ ചെയ്തു സ്റ്റേ സമ്പാദിക്കുകയുണ്ടായി. സംസ്ഥാന സർക്കാർ സുപ്രീം കോടതിയിൽ ഫയൽ ചെയ്തിരിക്കുന്ന കേസ് പിൻവലിച്ച് സ്വാശ്രയ കോളേജുകളിൽ മാനേജ്മെന്റ് ക്വോട്ടയിൽ പ്രവേശനം ലഭിക്കുന്ന പരിവർത്തിത ക്രൈസ്തവ വിദ്യാർത്ഥികൾക്കും സ്റ്റൈപ്പൻഡും ലംപ്സം ഗ്രാന്റും മറ്റാനുകൂല്യങ്ങളും നൽകുന്നതിനു വേണ്ട നടപടി സ്വീകരിക്കണം.

**8.131.** SCCC വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസ പ്രവേശനത്തിന് ജനസംഖ്യാനുപാതികമായ സീറ്റ്സംവരണം ചെയ്യുക എന്നത് ന്യായമായ ആവശ്യമാണ്. ഉന്നത വിദ്യാഭ്യാസ പ്രവേശനത്തിന് പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മാറ്റിവച്ച സീറ്റുകൾ ഒഴിവ് ആയി വരികയാണെങ്കിൽ അവ SCCC വിഭാഗത്തിന് നൽകണം.

**8.132.** എസ്.സി.സി.സി. വിഭാഗങ്ങളിൽപ്പെട്ട പഠിക്കുന്ന കുട്ടികൾക്ക് എസ്.സി. വിഭാഗത്തിൽ പഠിക്കുന്ന കുട്ടികൾക്ക് എത്ര മാത്രം ഫീസ് ആനുകൂല്യം നൽകുന്നുണ്ടോ, ലംപ്സം ഗ്രാന്റ് നൽകുന്നുണ്ടോ എന്നതിന്റെ അടിസ്ഥാനത്തിൽ അതേ രീതിയിൽ ഫീസ് ആനുകൂല്യങ്ങളും നൽകണം. പട്ടികവർഗ്ഗത്തിന്റെ സമാന സാഹചര്യങ്ങളിൽ ജീവിക്കുന്ന ഓ.ഇ.സി. വിദ്യാർത്ഥികൾക്ക് ഇപ്പോൾ വിദ്യാഭ്യാസ ആനുകൂല്യങ്ങളുടെ വിതരണത്തിന് ധാരാളം പ്രശ്നങ്ങളുണ്ട്. അവ പരിഹരിച്ച് പട്ടികവർഗ്ഗ വിഭാഗത്തിന് തുല്യമായ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ പരിവർത്തിത ക്രിസ്ത്യാനികൾക്കും നൽകണം. മെഡിസിന് പ്രവേശനം ലഭിക്കുന്ന SCCC ക്രിസ്ത്യാനികൾക്കും അപ്പോൾ തന്നെ സഹായം നൽകണം. പരിവർത്തിത ക്രിസ്ത്യാനികൾക്കും വിദ്യാഭ്യാസ ലോൺ ഉറപ്പു വരുത്തുവാൻ നടപടികൾ എടുക്കണം. ഇപ്പോൾ ലഭിക്കുന്ന ലംപ്സം ഗ്രാന്റ് വളരെ തുച്ഛമാണ്. അതുപോലും പലപ്പോഴും ലഭിക്കുന്നില്ല.

ലംപ്സം ഗ്രാന്റുകൾ വിതരണം ചെയ്യുന്നതിനുണ്ടാകുന്ന കാലതാമസം കുറയ്ക്കണം.

**8.133.** ഓരോ അദ്ധ്യയന വർഷത്തിലും പട്ടികജാതി വിദ്യാർത്ഥികൾക്ക് നൽകുന്ന പഠന ഉപകരണങ്ങൾ SCCC വിദ്യാർത്ഥികൾക്കും നൽകണം. എല്ലാ SCCC വിദ്യാർത്ഥികൾക്കും പഠനമുറി, ലാപ്ടോപ്പ്, സൈക്കിൾ എന്നിവ സൗജന്യമായി നൽകണം.

**8.134.** ദളിത് ക്രൈസ്തവ വിദ്യാർത്ഥികളുടെ ഉന്നമനം ലക്ഷ്യമാക്കി താലൂക്ക് തലത്തിലെങ്കിലും ട്രെയിനിംഗ് സെന്ററുകൾ ആരംഭിച്ച് എം.ബി.ബി.എസ്, എഞ്ചിനിയറിംഗ്, സി.എ., പി.എസ്.സി. പരീക്ഷകൾ, യു.പി.എസ്.സി. പരീക്ഷകൾക്ക് വേണ്ട പരിശീലനം ഉറപ്പുവരുത്തണം. തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും സംരംഭകത്വം വളർത്തുന്നതിനും ഉപകരിക്കുന്ന തൊഴിലധിഷ്ഠിത കോഴ്സുകൾ തീരപ്രദേശത്തും SCCC ക്രിസ്ത്യാനികൾ താമസിക്കുന്ന സ്ഥലങ്ങളിലും ഉണ്ടാകണം.

**8.135.** SCCC വിദ്യാർത്ഥികളുടെ പ്രൊഫഷണൽ വിദ്യാഭ്യാസ പ്രവേശനത്തിന് നാടാർ വിഭാഗവുമായി ഒരുമിച്ച് ഉൾപ്പെടുത്തിയിരിക്കുന്നത് മാറ്റി അവർക്ക് പ്രത്യേകമായി ജനസംഖ്യാനുപാതികമായി ക്വോട്ട നിശ്ചയിച്ച് നല്കണം.

**8.136.** ഭൂരഹിതരായ ഷെഡ്യൂൾഡ് കാസ്റ്റ് അംഗങ്ങൾക്ക് ഭൂമി നൽകപ്പെടുന്ന അതേ രീതിയിൽ എസ്.സി.സി.സി. വിഭാഗത്തിനും ഭൂമി നൽകണം.

**8.137.** SCCC വിഭാഗങ്ങൾക്ക് പി.എസ്.സി. നിയമനങ്ങളിൽ ഇപ്പോൾ 1% സംവരണം മാത്രമാണുള്ളത്. റൊട്ടേഷൻ ചാർട്ടിൽ ഇവരുടെ ഊഴം 48-മതാണ്. ഇതു മൂലം SCCC ക്രൈസ്തവർക്ക് ഒഴിവുകൾ കുറവുള്ള തസ്തികകളിൽ നിയമനം ലഭിക്കാറില്ല. ഇത് പരിഹരിക്കുന്നതിനായി സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തി, റൊട്ടേഷൻ ചാർട്ടിൽ 48-മത്തെ ഊഴത്തിൽ നിന്നും ആദ്യ ഇരുപതിനുള്ളിൽ ഇവർക്ക് അവസരം അനുവദിക്കണം.

**8.138.** Scheduled Castes Converts to Christianity എന്നതിന് ജസ്റ്റിസ് കുമാരപിള്ളയുടെ വ്യാഖ്യാനം (കമ്മീഷൻ റിപ്പോർട്ട് 1965, ഖണ്ഡിക **25**) "By this term connects to Christianity from Scheduled Castes we mean the converts themselves and all children born to them and following the Christian faith but not their grand children and subsequent generations" എന്നാണ്. ഈ വ്യാഖ്യാനം മൂലം ക്രിസ്തുമതത്തിലേക്ക് പരിവർത്തനം നടത്തിയ പട്ടികജാതി സമുദായത്തിന് തീരാനഷ്ടമാണ് സംഭവിച്ചത്. **'Scheduled caste converts to christianity means**

**members of scheduled castes converted to christianity and their progeny'** എന്ന് വ്യക്തമാക്കണം. സംവരണ ആനുകൂല്യം പരിവർത്തിത ക്രിസ്ത്യാനികൾക്കും അവരുടെ സന്തതി പരമ്പരകൾക്കും ലഭിക്കുന്നതിനുവേണ്ടി Kerala State and Subordinate Services Rules Part 1-ലെ 52-മത്തെ സമുദായനാമം "Scheduled Castes Converts to Christianity and their progeny" എന്ന് മാറ്റേണ്ടതാണ്. കേരളത്തിലെ SEBC, PSC ലിസ്റ്റുകൾ, റവന്യൂ ഗൈഡ് മുതലായ ഗവൺമെന്റ് രേഖകളിൽ ആവശ്യമായ തിരുത്തലുകൾ വരുത്തണം.

**8.139.** ക്രൈസ്തവ സഭകളുടെ മാനേജ്മെന്റുകൾ മാനേജ്മെന്റ് ക്വോട്ട അനുസരിച്ച് നിയമനങ്ങളോ അഡ്മിഷനുകളോ നൽകുമ്പോൾ അതിൽ അവർക്ക് ലഭിക്കുന്ന ക്വോട്ടയിൽ പത്തിൽ ഒരെണ്ണം SCCC വിഭാഗത്തിനായി നീക്കിവക്കുന്നത് സഭകളുടെ ആവശ്യപ്രകാരം സർക്കാരിന് അനുവദിക്കാവുന്നതാണ് എന്ന് കമ്മീഷൻ ശുപാർശ ചെയ്യുന്നു. അതിനെ മാനേജ്മെന്റ് ക്വോട്ടയിലെ ഒരു സബ് ക്വോട്ട ആയി പരിഗണിക്കാവുന്നതാണ്.

**8.140.** ന്യൂനപക്ഷ കമ്മീഷനിൽ SCCC ക്രൈസ്തവരുടെ പ്രാതിനിധ്യം ഉറപ്പ് വരുത്തുകയും കോർപ്പറേഷൻ, ബോർഡ്,

പബ്ലിക് പ്രൊസിക്യൂട്ടർ, പി.എസ്.സി., എന്നിവയിലെ SCCC ക്രിസ്ത്യാനി പ്രാതിനിധ്യം വർദ്ധിപ്പിക്കയും വേണം.

**8.141.** വാസയോഗ്യമല്ലാത്ത ഭവനങ്ങളിൽ താമസിക്കുന്ന ദളിത് ക്രൈസ്തവരെ സർക്കാർ നടപ്പിലാക്കുന്ന ലൈഫ് പദ്ധതിയിൽ പ്രത്യേക പരിഗണനയോടെ ഉൾപ്പെടുത്തണം. ദളിത് ക്രൈസ്തവർക്ക് സുരക്ഷിതമായ ഭവന നിർമ്മാണത്തിനും കുട്ടനാട് പോലുള്ള സ്ഥലങ്ങളിൽ കുടിവെള്ള ടാങ്കുകൾ പണിയുന്നതിനും പ്രത്യേക പലിശ രഹിത ലോണുകൾ അനുവദിക്കണം. പട്ടികജാതി വിഭാഗങ്ങൾക്ക് സൗജന്യമായി വീട്, സ്ഥലം, വീട്ടുപകരണങ്ങൾ, വളർത്തുമൃഗങ്ങൾ, കുടിൽ വ്യവസായം, കുടിവെള്ള പദ്ധതികൾ തുടങ്ങിയവ നൽകുന്നതുപോലെ ദളിത് ക്രൈസ്തവർക്കും ഇത്തരം ആനുകൂല്യങ്ങൾ നല്കണം.

**8.142.** ദളിത് ക്രൈസ്തവ വിദ്യാർത്ഥികൾക്ക് നൈപുണ്യം വർദ്ധിപ്പിക്കുന്നതിനും ഗവേഷണത്തിനും സഹായിക്കുന്ന പാക്കേജ് ഉണ്ടാകണം. പ്രമോട്ടർ/മെന്റർ രീതി സർക്കാർ തലത്തിൽ വിദ്യാർത്ഥികൾക്കായി ആരംഭിക്കണം.

**8.143.** എയ്ഡഡ് വിദ്യാഭ്യാസ മേഖലയിലെ പ്രവേശനത്തിന് SCCC-യ്ക്ക് ജനസംഖ്യാനുപാതികമായ സംവരണം ഏർപ്പെടുത്തേണ്ടതാണ്. എയ്ഡഡ് സ്ഥാപനങ്ങളിൽ പൊതുവായും, ക്രിസ്ത്യൻ മാനേജ്മെന്റുകളിൽ പ്രത്യേകിച്ചും, SCCC

ക്രിസ്ത്യാനികൾക്കു ജനസംഖ്യാനുപാതികമായ സംവരണം ഏർപ്പെടുത്തേണ്ടതാണ്.

8.144. SCCC വിദ്യാർത്ഥികൾക്ക് പ്രീ-മെട്രിക് സ്കോളർഷിപ്പ് വിതരണം ചെയ്യണം.

8.145. കമ്മാളർ സമുദായത്തിൽ നിന്നും സുറിയാനി ക്രൈസ്തവ സഭകളിൽ ചേർന്നവർക്ക് നിലവിൽ യാതൊരു സംവരണ ആനുകൂല്യവും ലഭിക്കുന്നില്ല. ഇവരെയും ഒ.ബി.സി. വിഭാഗത്തിൽ ഉൾപ്പെടുത്തണം.

8.146. പിന്നോക്ക വിഭാഗ ക്രൈസ്തവരുടെ കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ പുനർനിർമ്മാണത്തിനുള്ള ഫണ്ട് സർക്കാർ ബഡ്ജറ്റിൽ ഉൾപ്പെടുത്തുക. പിന്നോക്ക വിഭാഗ ക്രൈസ്തവരുടെ നിലവിലുള്ള എൽ.പി., യു.പി., ഹൈസ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുവാനുള്ള സംവിധാനങ്ങൾ ഉണ്ടാക്കുക.

8.147. പരിവർത്തിത ക്രൈസ്തവ കോർപ്പറേഷന് കണ്ണൂർ ജില്ലയിൽ ഓഫീസ് ആരംഭിക്കുക.

8.148. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പദ്ധതി വിഹിതത്തിൽ ജനസംഖ്യാനുപാതികമായ ഒരു നിശ്ചിത ശതമാനം നാടാർ ക്രൈസ്തവ, ദളിത് ക്രൈസ്തവ വിഭാഗങ്ങളുടെ ക്ഷേമകാര്യങ്ങൾക്കായി വിനിയോഗിക്കേണ്ടതാണ് എന്ന് ശുപാർശ ചെയ്യുന്നു.

**8.149.** C.S.I. ദക്ഷിണ കേരള മഹാ ഇടവകയുടെ കീഴിൽ തിരുവനന്തപുരം എൽ.എം.എസ്. കോമ്പൗണ്ടിൽ പ്രവർത്തിക്കുന്ന ഭിന്ന ശേഷിക്കാരായ 200-ൽ പരം കുഞ്ഞുങ്ങളെ താമസിപ്പിച്ച് പഠിപ്പിക്കുന്ന സി.ആർ.ഡി.ഹോം എയ്ഡഡ് സ്കൂൾ പദവിയിലേയ്ക്ക് ഉയർത്തണമെന്ന് ശുപാർശ ചെയ്യുന്നു.

**8.150.** കേരള സർക്കാർ 2001-ൽ സ്വാശ്രയ മെഡിക്കൽ കോളേജ് അനുവദിച്ചപ്പോൾ 50 ശതമാനം മാനേജ്മെന്റ് ക്വോട്ടയും 50 ശതമാനം സർക്കാർ ക്വോട്ടയും എന്ന വ്യവസ്ഥ അനുസരിച്ചാണ് കാരക്കോണം എസ്.എം.സി.എസ്.ഐ. മെഡിക്കൽ കോളേജ് ആരംഭിച്ചത്. ഈ എഗ്രിമെന്റ് വർഷാവർഷം സർക്കാരും മാനേജ്മെന്റും പുതുക്കി വരുന്നതുമാണ്. എന്നാൽ ക്രിസ്ത്യൻ മൈനോരിറ്റിയെന്നത് എല്ലാ ക്രിസ്ത്യൻ വിഭാഗങ്ങളെയും ഒന്നായി പരിഗണിച്ച് മാനേജ്മെന്റ് സീറ്റിലേയ്ക്ക് പ്രവേശനം നൽകാനുള്ള 2019-ലെ സർക്കാർ ഉത്തരവിൽ അതിനു മാറ്റം വരുത്തി. പഴയ എഗ്രിമെന്റ് പ്രകാരം പിന്നോക്കവിഭാഗമായ SIUC കമ്മ്യൂണിറ്റിയ്ക്ക് അവകാശപ്പെട്ട 50 ശതമാനം മാനേജ്മെന്റ് സീറ്റും സ്ഥാപനം പ്രതിനിധാനം ചെയ്യുന്ന SIUC വിഭാഗത്തിന് മാത്രമായി അവരുടെ സാമൂഹിക-സാമ്പത്തിക ഉയർച്ച മുന്നിൽ കണ്ട് അനുവദിക്കേണ്ടതും അതിനു സുതാര്യമായ നടപടിക്രമങ്ങൾ ഏർപ്പെടുത്തേണ്ടതുമാണ് എന്ന് ശുപാർശ ചെയ്യുന്നു.

**8.151.** നാടാർ ക്രിസ്ത്യൻ, കൺവർട്ടഡ് ക്രിസ്ത്യൻ വിഭാഗത്തിലെ കുട്ടികൾക്ക് ലഭിക്കുന്ന സ്കോളർഷിപ്പ് തുക കാലോചിതമായി വർദ്ധിപ്പിച്ച് നൽകേണ്ടതാണ് എന്ന് ശുപാർശ ചെയ്യുന്നു.

**8.152.** സർക്കാർ സർവീസിൽ ക്രിസ്ത്യൻ നാടാർ, കൺവെർട്ടഡ് ക്രിസ്ത്യൻ പ്രാതിനിധ്യത്തിലെ കുറവ് പരിഹരിക്കുന്നതിന് സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തണം എന്ന് ശുപാർശ ചെയ്യുന്നു.

**8.153.** നാടാർ ക്രിസ്ത്യൻ വിഭാഗത്തിലെ വിദ്യാസമ്പന്നരായ യുവതീ യുവാക്കൾക്ക് പുതിയ തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിന് ആവശ്യമായ സാമ്പത്തിക സഹായമായി പലിശ രഹിത വായ്പ അനുവദിക്കണം എന്ന് ശുപാർശ ചെയ്യുന്നു.

**8.154.** ക്രൈസ്തവ ന്യൂനപക്ഷ വിഭാഗങ്ങളിൽ ഇന്നും കടുത്ത അവഗണന അനുഭവിക്കുന്ന ദളിത് ക്രൈസ്തവരും നാടാർ ക്രൈസ്തവരും അധികമായി താമസിക്കുന്ന പ്രദേശങ്ങളിലെ തദ്ദേശ സ്വയംഭരണ സ്ഥാപന വാർഡുകളിൽ പട്ടികജാതി-പട്ടികവർഗ വിഭാഗത്തിന് ഏർപ്പെടുത്തിയിട്ടുള്ള തരത്തിൽ പ്രത്യേക സംവരണം ഏർപ്പെടുത്തണം എന്ന് ശുപാർശ ചെയ്യുന്നു.

**കുട്ടനാട്**

**8.155.** സമുദ്രനിരപ്പിൽ നിന്ന് താഴെയുള്ള കുട്ടനാടിന് പ്രത്യേക പദവി നൽകി കുട്ടനാടിന് യോജിച്ച പാർപ്പിട പദ്ധതികൾ നടപ്പാക്കണം.

**8.156.** Wetland (Conservation and Management) Rules, 2017-ന്റെ അടിസ്ഥാനത്തിൽ കായലിന് 50 മീറ്ററിനുള്ളിൽ ബോട്ട്ജെട്ടി അല്ലാതെ യാതൊരു സ്ഥിരനിർമ്മാണവും നടത്തുവാൻ പറ്റില്ല എന്ന ചട്ടം വീടു നിർമ്മിക്കാൻ യോഗ്യമായ ഭൂമി വളരെ കുറവായ കുട്ടനാട്ടിൽ കൂടുതൽ ഭവന നിർമ്മാണ സൗകര്യങ്ങൾ ഉണ്ടാകേണ്ടതിനുവേണ്ടി ഉചിതമായി പരിഷ്കരിക്കണം.

**8.157.** 1-1-2015-നു മുമ്പ് മുതൽ കർഷകരുടെ കൈവശത്തിലിരുന്ന കരഭൂമി ഗൃഹനിർമ്മാണത്തിന് ഉപകരിക്കാവുന്ന വിധത്തിൽ ബി.ടി.ആർ. രജിസ്റ്ററിൽ പരിവർത്തനം ചെയ്യണം. വെള്ളപ്പൊക്കത്തിൽ ഉയർന്നു നിൽക്കുന്ന പില്ലറിന്മേലുള്ള നിർമ്മാണരീതി കുട്ടനാട്ടിൽ അവലംബിക്കണം. ഇതിനായി കുട്ടനാട്ടിൽ ലൈഫ് പദ്ധതിയിലെ നിർമ്മാണച്ചിലവിന്റെ പരിധി വർദ്ധിപ്പിച്ചു നൽകണം.

**8.158.** മലവെള്ളം തടഞ്ഞുനിർത്തുവാൻ നെതർലാന്റ്സിനെ മാതൃകയാക്കി സ്ഥിര പരിഹാരമാർഗ്ഗങ്ങൾ ഉണ്ടാക്കണം.

സുദൃഢമായ ബണ്ടുകൾ നിർമ്മിക്കണം. കുട്ടനാടിന്റെ ഭൂമിശാസ്ത്രത്തിനനുസരിച്ചും ആറുകളുടെ ഒഴുക്കുചാലുകൾ കണക്കിലെടുത്തും കുട്ടനാടിനെ ന്യൂറനാട് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്മ്യൂണിക്കേഷൻ ആന്റ് ഡവലപ്മെന്റ് നിർദ്ദേശിച്ച ഏഴ ബ്ലോക്കുകളായി തിരിച്ച് ഓരോ ബ്ലോക്കിന് ചുറ്റും ഉയരമുള്ള മൂന്ന മീറ്റർ എങ്കിലും വീതിയുള്ള നല്ല ബണ്ടുകൾ നിർമ്മിക്കണം. അവയിൽ ഷട്ടറുകൾ നിർമ്മിച്ച് വെള്ളപ്പൊക്കം നിയന്ത്രിക്കണം.

**8.159.** 2001-ന മുമ്പ് സ്ഥാപിച്ച ആരാധനാലയങ്ങൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും വീടുകൾക്കും പട്ടയം നൽകണം. പട്ടയ ഭൂമിയിൽ പുതിയ നിർമ്മാണങ്ങൾ പഞ്ചായത്ത് ചട്ടങ്ങൾക്കു വിധേയമായി അനുവദിക്കണം.

8.160. നദികളും തോടുകളും വൃത്തിയാക്കി മാലിന്യങ്ങളും എക്കലും മാറ്റി നീരൊഴുക്ക് സുഗമമാക്കണം.

**8.161.** എല്ലാവർക്കും നല്ല കുടിവെള്ളം ലഭിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കണം.

**8.162.** വെള്ളപ്പൊക്ക കാലത്ത് ശക്തിയേറിയ പമ്പുകൾ ഉപയോഗിച്ച് വെള്ളം പമ്പ് ചെയ്യണം.

**8.163.** തോട്ടപ്പള്ളി സ്പിൽവേയിൽ ശക്തമായ നാലഞ്ച് ഡി-വാട്ടറിങ് പമ്പുകൾ സ്ഥാപിച്ച് കടലിലേക്ക് വെള്ളം പമ്പ ചെയ്യണം. തണ്ണീർമുക്കം ബണ്ട് തുറക്കുന്നതും അടയ്ക്കുന്നതും ശാസ്ത്രീയ

പഠനത്തിന് വിധേയമാക്കി വെള്ളപ്പൊക്കവും ഓരുവെള്ളവും നിയന്ത്രിക്കണം.

**8.164.** കുട്ടനാട്ടിൽ കർഷകർക്കായി പ്രത്യേക വിള ഇൻഷ്വറൻസ് നടപ്പിലാക്കണം.

**8.165.** കുട്ടനാട്ടുകാർക്ക് വേണ്ടി പ്രത്യേകം കടാശ്വാസ കമ്മീഷൻ സ്ഥാപിക്കണം. അവിടെ ദേശസാൽകൃത ബാങ്കുകളുടേയും സർക്കാരിന്റെ നേതൃത്വത്തിലുള്ള ധനകാര്യ സ്ഥാപനങ്ങളുടെയും ശാഖകൾ സ്ഥാപിക്കണം. ന്യൂനപക്ഷ ധനകാര്യ കോർപ്പറേഷനിൽ നിന്ന് കുറഞ്ഞ പലിശയ്ക്ക് ലോൺ കൊടുക്കണം.

**8.166.** മൃഗ-പക്ഷി സംരക്ഷണത്തിനായി പ്രത്യേക പദ്ധതികൾ ആരംഭിക്കണം. പക്ഷിപ്പനി മൂലം താറാവുകളെയും മറ്റും കൂട്ടത്തോടെ നശിപ്പിക്കുമ്പോൾ ആവശ്യമായ നഷ്ടപരിഹാരം നൽകണം.

**8.167.** പ്രധാൻ മന്ത്രി ജൻവികാസ് കാര്യക്രം പദ്ധതിയിൽ ഉൾപ്പെടുത്തി കുട്ടനാടിന് പ്രത്യേക ഇൻഫ്രാസ്ട്രക്ച്ചർ ഡവലപ്മെന്റ് പ്ലാൻ നടപ്പിലാക്കണം.

**8.168.** EWS ആനുകൂല്യങ്ങൾക്ക് പരിഗണിക്കപ്പെടുവാൻ നെൽപ്പാടം ഉള്ളവർക്ക് രണ്ടര ഏക്കർ എന്ന പരിധി മാറ്റി അഞ്ച് ഏക്കർ ആക്കണം. Residential plot തീരുമാനിക്കുന്നതിന് വീടും

മുറ്റവും ഉള്ള ഉറച്ച ഭൂമിയിൽ വീട് ഇരിക്കുന്ന സ്ഥലം മാത്രമെ കണക്കാക്കാവൂ.

**8.169.** ഹോം സ്റ്റേകൾ പുതുക്കുന്നതിനും ഹൗസ്ബോട്ടുകൾ സർവീസിന് ഉപകരിക്കുന്നവയാക്കുവാനും ന്യൂനപക്ഷ വകുപ്പിൽ നിന്നും ടൂറിസം ഗ്രാന്റ് അല്ലെങ്കിൽ മെയിന്റനൻസ് ഗ്രാന്റ് കൊടുക്കണം.

**8.170.** കുട്ടനാട്ടിൽ 100 വർഷത്തിലധികം പഴക്കമുള്ള തറവാട് വീടുകൾ സംരക്ഷിക്കുന്നതിന് മെയിന്റനൻസ് ഗ്രാന്റ് നൽകണം. കുട്ടനാട്ടിലെ പ്രശസ്തമായ നിരണം പള്ളി, ചമ്പക്കുളം പള്ളി, എടത്വ പള്ളി, പുളിങ്കുന്ന് പള്ളി മുതലായ ആരാധനാലയങ്ങൾ ബന്ധിപ്പിച്ചുകൊണ്ട് ഒരു പൈതൃക റിലീജിയസ് ടൂറിസം സർക്യൂട്ട് ആരംഭിക്കണം.

**8.171.** പ്ലാസ്റ്റിക് മുതലായ മാലിന്യങ്ങൾ, കൃഷി മാലിന്യങ്ങൾ തുടങ്ങിയവ നശിപ്പിക്കുവാനായി മാലിന്യ സംസ്കരണ യൂണിറ്റുകൾ പഞ്ചായത്തു തലത്തിൽ ആരംഭിക്കണം.

**8.172.** സ്ഥിരമായി ആശുപത്രികളിൽ എത്തിച്ചേരാൻ സ്പീഡ്ബോട്ട് ആംബുലൻസ് സൗകര്യങ്ങൾ ഏർപ്പെടുത്തണം. വെള്ളപ്പൊക്കകാലത്ത് അടിയന്തര വൈദ്യസഹായമായി ബോട്ടിലോ ഹൗസ്ബോട്ടിലോ ആശുപത്രി സംവിധാനം

ഉണ്ടാക്കണം. പുളിങ്കുന്ന്, ചമ്പക്കുളം എന്നീ സർക്കാർ ആശുപത്രികളിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തണം.

**8.173.** കുട്ടനാടൻ പുഞ്ച അരിക്ക് പ്രത്യേക ട്രേഡ് മാർക്ക് നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കണം. നെല്ലിന്റെയും നാളികേരത്തിന്റെയും താങ്ങുവില നിശ്ചയിക്കുമ്പോൾ ഉല്പാദനച്ചിലവിലുള്ള വർദ്ധനവ്, ചുമട്ടു കൂലിയിലുള്ള മിനിമം വേതനത്തിന്റെ വർദ്ധനവ്, കീടനാശിനികളുടെയും വളങ്ങളുടെയും വില വർദ്ധനവ് എന്നിവ കണക്കിലെടുക്കണം. കൊയ്ത്തു കഴിഞ്ഞാലുടൻ നെല്ല് സംഭരിക്കണം. നെല്ലും മറ്റു കാർഷിക ഉൽപന്നങ്ങളും സംഭരിച്ചു സർക്കാർ ഏറ്റെടുക്കുമ്പോൾ തന്നെ വില നൽകേണ്ടതാണ്. വെള്ളപ്പൊക്കം മൂലം നാശനഷ്ടങ്ങൾ ഉണ്ടാകുന്നവരുടെ കാർഷിക കടങ്ങൾ മുഴുവൻ എഴുതിത്തള്ളുകയും വിളനാശം ഒരു പ്രകൃതി ദുരന്തം ആകയാൽ അത് കണക്കിലെടുത്ത് മതിയായ നഷ്ടപരിഹാരം നൽകുകയും വേണം.

**8.174.** കുട്ടനാട്ടിലെ പ്രത്യേക സ്ഥിതി പരിഗണിച്ച് ഫീസ് ഇളവ്, സൗജന്യ ഹോസ്റ്റൽ സൗകര്യങ്ങൾ തുടങ്ങിയവ വിദൂരസ്ഥലങ്ങളിൽ പോയി പഠിക്കുന്ന വിദ്യാർത്ഥികൾക്ക് നൽകണം. തൊഴിൽ സാധ്യത ഏറെയുള്ള നഴ്സിംഗ്, പാരാമെഡിക്കൽ, കുട്ടനാടിന്റെ ഭൂപ്രകൃതിക്ക് അനുയോജ്യമായ കോഴ്സുകളായ അഗ്രിക്കൾച്ചർ, ഫിഷറീസ്, എൻവയൺമെന്റ്

തുടങ്ങിയ കോഴ്സുകൾ ഉള്ള കോളേജുകൾ കുട്ടനാട്ടിൽ സ്ഥാപിക്കണം. കുട്ടനാട്ടിൽ നീന്തൽ, തുഴച്ചിൽ, വോളീബോൾ, ബാസ്കറ്റ് ബോൾ, കബഡി, വാട്ടർപോളോ തുടങ്ങിയ കായിക ഇനങ്ങൾക്കു വേണ്ടി സ്പോർട്ട്സ് കോംപ്ലക്സ് സ്ഥാപിക്കണം.

8.175. Globally Important Agriculture Heritage System വഴി കുട്ടനാടിന്റെ പൈതൃക കാർഷിക സമ്പ്രദായം സംരക്ഷിക്കുന്നതിന് ഉതകുന്ന സ്കീമുകൾ കൊണ്ടുവരണം. 2015-ൽ സംസ്ഥാന സർക്കാർ കുട്ടനാട്ടിൽ തുടക്കമിട്ട അന്തർദ്ദേശീയ കായൽ ഗവേഷണ പരിപാലന കേന്ദ്രത്തിന്റെ പ്രവർത്തനം വിപുലപ്പെടുത്തണം.

**8.176.** കീടനിരീക്ഷണത്തിന് കൃഷി വകുപ്പിന്റെ പ്രത്യേക സംവിധാനം കൊണ്ടുവരണം. ഗുഡ് അഗ്രിക്കൾച്ചർ പദ്ധതിയിലൂടെ നിലവിലുള്ള ഉത്പാദനം ഇരട്ടി ആക്കുന്നതിനും ജലാശയങ്ങളിലെ രാസകീടനാശിനികൾ വഴിയുണ്ടാകുന്ന മാലിന്യങ്ങൾ തടയാൻ പദ്ധതികളും ഉണ്ടാകണം.

**8.177.** കായൽ സംരക്ഷണത്തിനും തണ്ണീർത്തട സംരക്ഷണത്തിനും പ്രത്യേക അതോറിറ്റി ഉണ്ടാകണം.

**8.178.** പായൽ, കുളവാഴ നിർമ്മാർജ്ജനത്തിന് കുട്ടനാട്ടിൽ ഫലപ്രദമായ സ്ഥിരം സംവിധാനം ഉണ്ടാകണം.

**8.179.** ടൂറിസം വർദ്ധനയ്ക്ക് പരിശ്രമിക്കുന്നതോടൊപ്പം കർശന നിയന്ത്രണങ്ങളും നടപ്പിലാക്കണം. പുനരുപയോഗമില്ലാത്ത പ്ലാസ്റ്റിക് ഉപയോഗം കുട്ടനാട് ഏരിയയിൽ മുഴുവനുമായി നിരോധിക്കണം.

**8.180.** ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്കും കർഷകർക്കും വേണ്ടി ക്ഷേമപദ്ധതികൾ നടപ്പിലാക്കണം.

**8.181.** റെയിൻ ഹാർവസ്റ്റിംഗ് പദ്ധതികളും വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റുകളും സ്ഥാപിക്കണം.

**8.182.** കുട്ടനാട്ടിൽ നിന്നും ശേഖരിക്കുന്ന അരി മുഴുവൻ കുട്ടനാടൻ ബ്രാന്റിൽ വിൽപന നടത്തുന്നതിന് സർക്കാരിന്റെ ആഭിമുഖ്യത്തിൽ ഏറ്റവും ആധുനികമായ റൈസ് മിൽ സ്ഥാപിക്കണം. കുട്ടനാട്ടിലെ ഭൂപ്രകൃതിക്ക് അനുസൃതമായ കൊയ്ത്ത് യന്ത്രം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. കൂടാതെ കാർഷിക അനുബന്ധ ഉപകരണങ്ങൾ റിപ്പയർ ചെയ്യുന്നതിനുള്ള സ്ഥാപനങ്ങൾ കുട്ടനാട്ടിൽ തന്നെ സ്ഥാപിക്കണം.

**8.183.** കുട്ടനാട് കേവലം കായലോ നെൽകൃഷി മേഖലയോ മാത്രമല്ല, ജനവാസപ്രദേശം കൂടിയാണ് എന്ന വസ്തുത സർക്കാർ വേണ്ട വിധത്തിൽ പരിഗണിക്കണം. കുട്ടനാട്ടിലെ മുഖ്യ പ്രശ്നം ജലനിയന്ത്രണവും ജലപരിപാലനവുമാണ്. നെൽകൃഷിയിൽ നിന്നും വ്യതിചലിച്ച് 1960-കളിൽ നടപ്പിലാക്കിയ ഹോളണ്ട്

പദ്ധതിയുടെ ഭാഗമായി തെങ്ങുകൃഷിയിലേക്കും മത്സ്യം, വാഴ എന്നിവയിലേക്കും മാറിയ കൈപ്പുഴ വെച്ചൂർ കായൽ ഇന്ന് ഒരു ദുരിതഭൂമിയായി മാറിയിരിക്കുന്നു. വെള്ളപ്പൊക്ക നിയന്ത്രണവും മറ്റ് ആനുകൂല്യങ്ങളും നെൽകൃഷിക്ക് മാത്രമായി ചുരുക്കരുത്. പള്ളിവാതുക്കൽ ഫാമിന്റെ സ്ഥിതിയെക്കുറിച്ച് പ്രത്യേകമായി ശാസ്ത്രീയപഠനം നടത്തി സർക്കാർ പരിഹാര മാർഗ്ഗങ്ങൾ ചെയ്യേണ്ടതാണ്.

**8.184.** ഭൂവിനിയോഗത്തിന്റെ പുനഃസംഘടന, ജലവിതരണ സംവിധാനങ്ങളുടെ വികസനം, വേനൽക്കാലത്തുണ്ടാകുന്ന ജലത്തിലെ ലവണത, വേലിയേറ്റം തടയൽ തുടങ്ങിയവ പരിഗണിച്ച് ഒരു സമഗ്ര പദ്ധതി ജനപങ്കാളിത്തത്തോടുകൂടി കുട്ടനാട്ടിൽ നടപ്പിലാക്കേണ്ടതാണ്. നദീജലം മുഴുവൻ ഒഴുക്കി കളയുന്നതിനു പകരം അത് ശേഖരിക്കുന്നതിനും ശുദ്ധീകരിച്ച് ജലകലണ്ടർ പ്രകാരം വരൾച്ച കാലത്തും ഉപയോഗിക്കാൻ തക്ക പദ്ധതി ആവിഷ്കരിക്കണമെന്ന് കമ്മീഷൻ ശുപാർശ ചെയ്യുന്നു.

**8.185.** സൗജന്യ പി.എസ്.സി., യു.പി.എസ്.സി., ബാങ്ക് കോച്ചിംഗ് സെന്ററുകൾ രണ്ടെണ്ണമെങ്കിലും കുട്ടനാട്ടിൽ അനുവദിക്കണം.

**8.186.** കുട്ടനാട്ടിൽ നിന്നുള്ള യുഗപുരുഷനാണ് ഷെവലിയർ ഐ.സി.ചാക്കോ. അദ്ദേഹം ശാസ്ത്രത്തിനും പരിസ്ഥിതിക്കും

രാഷ്ട്രത്തിനും ക്രൈസ്തവസഭയ്ക്കും നൽകിയിട്ടുള്ള സംഭാവനകൾ നിരവധിയാണ്. അദ്ദേഹത്തിന്റെ പേരിൽ കുട്ടനാട്ടിൽ ഒരു പരിസ്ഥിതി ഭൗമശാസ്ത്ര ഗവേഷണ കേന്ദ്രം ആരംഭിക്കണം.

**8.187.** 2015-ൽ സംസ്ഥാന സർക്കാർ കുട്ടനാട്ടിൽ തുടക്കമിട്ട അന്തർദ്ദേശീയ കായൽ കൃഷിനില ഗവേഷണ പരിപാലന കേന്ദ്രത്തിന്റെ പ്രവർത്തനം വിപുലപ്പെടുത്തണം.

**8.188.** മാവ്, കുടംപുളി, തെങ്ങ് എന്നീ മരങ്ങൾ കുട്ടനാടിന്റെ കാലാവസ്ഥയിൽ സമൃദ്ധമായി വളരുന്നവയാണ്. ഇവയുടെ കൃഷി വ്യാപിപ്പിക്കുകയും വ്യക്തമായ മാർക്കറ്റിംഗ് സംവിധാനങ്ങൾ രൂപപ്പെടുത്തുകയും ചെയ്യണം.

**8.189.** ചങ്ങനാശ്ശേരി–ആലപ്പുഴ ടൂറിസം പദ്ധതി ആവിഷ്കരിക്കുകയും കുട്ടനാട്ടിലെ ജലപാതകൾ വികസിപ്പിച്ച് ജലടൂറിസത്തിനുള്ള പദ്ധതികൾ നടപ്പിലാക്കുകയും വേണം.

**8.190.** റാംസർ സൈറ്റിൽ ഉൾപ്പെടുത്തിയ സ്ഥലമായതിനാൽ കുട്ടനാടിന്റെ പരിസ്ഥിതി സംരക്ഷണത്തിനുതകുന്ന പ്രോജക്ടുകൾ കണ്ടെത്തുകയും നേടിയെടുക്കുകയും ചെയ്യുക.

**8.191.** കീടനിയന്ത്രണത്തിന് ഡ്രോൺ വഴി Unmanned ഏരിയൽ വെഹിക്കിൾ ഘടിപ്പിച്ച് മൾട്ടി സ്പെക്ട്രൽ ക്യാമറ പരിശോധന സംവിധാനം കൊണ്ടുവരണം.

**8.192.** പരമ്പരാഗതമായി പുഞ്ചകൃഷിയും, കന്നുകാലി വളർത്തലും, മത്സ്യബന്ധനവും, താറാവ് വളർത്തലും, തെങ്ങ് കൃഷിയും ചേർന്ന ഭൂജലവിനിയോഗം ആണ് കുട്ടനാട് പ്രദേശത്തെ പ്രധാന ജീവനോപാധികൾ. അതിനാൽ കാർഷികതീവ്രത വർദ്ധിപ്പിക്കുന്ന സംയോജിത കൃഷിക്രമങ്ങൾക്കാണ് കൂടുതൽ പ്രസക്തി. ഇതിനു അനുയോജ്യമായ വിധത്തിൽ കുട്ടനാടിനെ ഒരു പ്രത്യേക കാർഷിക മേഖലയായി പ്രഖ്യാപിച്ച ഭൂവിനിയോഗവുമായി ബന്ധപ്പെട്ട നിയമ നിർമ്മാണങ്ങൾ ഉണ്ടാകണം.

**8.193.** പരമ്പരാഗത വിത്തിനങ്ങൾ സംരക്ഷിക്കുന്നതിന് പ്രോത്സാഹന ധനസഹായ പദ്ധതി തയ്യാറാക്കുകയും ജൈവകൃഷിക്ക് വേണ്ട സാങ്കേതിക സഹായം നൽകുകയും ചെയ്യണം.

**8.194.** കുട്ടനാട്ടിലെ ക്യാൻസർ രോഗികൾക്ക് വേണ്ടി പ്രത്യേക സഹായ പദ്ധതികൾ ആരംഭിക്കണം.

**8.195.** മാലിന്യപ്രശ്നങ്ങൾ മൂലവും അശാസ്ത്രീയമായ കൃഷിരീതികൾ മൂലവും വെള്ളവും മണ്ണും വിഷലിപ്തമാകുന്നതിനാൽ ഭിന്നശേഷിക്കാരായ കുട്ടികളുടെ എണ്ണം വർദ്ധിക്കുന്നു. ഈ മേഖലയിൽ മാതൃശിശു പരിചരണത്തിനും പരിപാലനത്തിനുമുള്ള പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കണം.

**8.196.** കുട്ടനാടിന്റെ പൈതൃക സംരക്ഷണത്തിനായി കുട്ടനാട് മ്യൂസിയം ആരംഭിക്കണം.

**8.197.** കുട്ടനാട്ടിലെ അമിതരോഗാതുരതയെ കുറിച്ച് എപ്പിഡമോളജിക്കൽ സർവേയും അമിത വിഷബാധയെക്കുറിച്ച് പഠനവും നടത്തി പരിഹാരം നിർദ്ദേശിക്കണം.

**മലയോരപ്രദേശം**

**8.198.** ഇപ്പോൾത്തന്നെ രാജ്യശരാശരിയേക്കാൾ വളരെ കൂടുതൽ വനവും ജനസാന്ദ്രതയും കേരളത്തിലുള്ളപ്പോൾ വന സമീപസ്ഥലം കൂടി വനസ്വഭാവം ഉള്ളതാക്കി മാറ്റിയാൽ മാത്രമേ വനം സംരക്ഷിക്കപ്പെടുകയുള്ളൂ എന്ന ഒരു അടിയന്തര സാഹചര്യവും ഇപ്പോൾ നിലനിൽക്കുന്നില്ല. അതുകൊണ്ട് വനത്തിനു വെളിയിൽ വന സംരക്ഷണത്തിന്റെ പേരിൽ ഭൂമിയുടെ കൃഷി സംബന്ധമായ ഉപയോഗം കുറക്കുന്നതും വനനിയമ സമാനനിയന്ത്രണങ്ങൾ അവിടെ കൊണ്ടുവരുന്നതും ആശാസ്യമല്ല എന്ന കാഴ്ചപ്പാടിന്റെ വെളിച്ചത്തിൽ അത്തരം നിയന്ത്രണങ്ങൾ സർക്കാർ പുനരവലോകനം ചെയ്യണം.

**8.199.** ഏതെങ്കിലും പ്രത്യേക സാഹചര്യത്തിൽ, വനസംരക്ഷണകാര്യങ്ങൾക്കായി വസ്തുവിന്റെ ഉപയോഗ നിയന്ത്രണങ്ങൾ മൂലം കർഷകന് നഷ്ടപ്പെടുന്ന വരുമാനത്തിനും വരുമാന സാധ്യതകൾക്കും പൂർണ്ണനഷ്ടപരിഹാരം

കൊടുക്കണമെന്നും വനസംരക്ഷണവും മറ്റും സമൂഹത്തിന് പ്രധാനമാണെങ്കിൽ അതിനുമൂലമുള്ള സാമ്പത്തിക നഷ്ടം സംഭവിക്കുന്നവരുടെ നഷ്ടം നികത്തുന്നതിന് പൊതു സമൂഹത്തിനും സർക്കാരിനും ബാധ്യതയുണ്ട് എന്നത് ഒരു പൊതുതത്വമായി അംഗീകരിക്കണമെന്നും കമ്മീഷൻ ശുപാർശ ചെയ്യുന്നു.

**8.200.** വന്യമൃഗസംരക്ഷണ കേന്ദ്രങ്ങൾക്കും ദേശീയ ഉദ്യാനങ്ങൾക്കും ചുറ്റുമുള്ള പ്രദേശങ്ങളിൽ ഒരു കിലോമീറ്റർ വീതിയിൽ ബഫർ സോൺ ആക്കി അവിടെ ഭൂമിയുടെ വിനിയോഗത്തെ നിയന്ത്രിക്കുമെന്നതാണ് ഇപ്പോഴത്തെ വലിയ ആശങ്ക. കർഷകരുടെ ജീവിതം ദുസ്സഹമാക്കാനേ ഇത് ഉതകുകയുള്ളൂ. ഇങ്ങനെ ഒരു ബഫർ സോൺ സൃഷ്ടിച്ചാൽ പതിനായിരക്കണക്കിന് ഏക്കറുകൾ വരുന്ന കൃഷി സ്ഥലങ്ങളെങ്കിലും ബഫർ സോണായി മാറാൻ സാധ്യതയുണ്ട്. വനപ്രദേശങ്ങളുടെ അതിർത്തി പല സ്ഥലങ്ങളിലും വളഞ്ഞുപുളഞ്ഞു കിടക്കുന്നതുകൊണ്ട് പലപ്പോഴും കണക്കു കൂട്ടുന്നതിൽ അധികം ഭൂമി വനമേഖലയുടെ ബഫർ സോണായി ഉൾപ്പെട്ടു പോകും.

**8.201.** കൃഷിചെയ്യുന്നതും വീടുവയ്ക്കുന്നതും കിണറുകുഴിക്കുന്നതും തൊഴുത്തുകെട്ടുന്നതും ഷെഡ്ഡുകെട്ടുന്നതും ആരാധനാലയങ്ങളും പള്ളിക്കൂടങ്ങളും ഒക്കെ നടത്തുന്നതും അടുത്തുള്ള വനത്തിന്റെ

പേരിൽ നിരോധിക്കുവാൻ പാടില്ല എന്ന് കമ്മീഷൻ ശുപാർശ ചെയ്യുന്നു.

**8.202.** ആഗോളവ്യാപകമായി നഗരവൽക്കരണത്തിന്റെ ഭാഗമായി ഉണ്ടായിക്കൊണ്ടിരിക്കുന്ന അധിക താപനത്തിന്റെ ഫലമായി, മലയോരങ്ങളിൽ അധികം മഴമൂലം ഉണ്ടാകുന്ന ഉരുൾപൊട്ടലുകളിൽ നിന്നും വെള്ളപ്പൊക്കത്തിൽ നിന്നും കർഷക ജനതയെ സംരക്ഷിക്കാനുള്ള ദുരന്തനിവാരണ നടപടികൾ ഊർജ്ജിതമാക്കണമെന്നും ദുരന്തനിവാരണത്തിന്റെ പേരിൽ ദുരിതം അനുഭവിക്കുന്നവരെ അവർ നിയമപ്രകാരം കൈവശം വച്ചിരിക്കുന്ന സ്ഥലങ്ങളിൽ നിന്ന് മതിയായ നഷ്ടപരിഹാരം കൂടാതെ നിർബന്ധമായി നിഷ്കാസനം ചെയ്യുന്നത് ഒഴിവാക്കണമെന്നും കമ്മീഷൻ ശുപാർശ ചെയ്യുന്നു.

**8.203.** അതുപോലെ തന്നെ വന്യമൃഗങ്ങളുടെ ശല്യം കൃഷിക്ക് വലിയ ഭീഷണിയായിത്തീർന്നിട്ടുണ്ട്. വംശനാശഭീഷണി നേരിടുന്ന മൃഗങ്ങൾ അവ നാട്ടിലായാലും കാട്ടിലായാലും സംരക്ഷിക്കപ്പെടേണ്ടതുണ്ട്. എന്നാൽ ഇപ്പോൾ ധാരാളം മൃഗങ്ങൾ നാട്ടിൽ തന്നെ ജനിച്ചു വളർന്നു വീണ്ടും പെറ്റു പെരുകുകയാണ്. അവ നാട്ടിലും റോഡിലും ജനങ്ങൾക്കും വാഹനങ്ങൾക്കും കൃഷിയ്ക്കും ഭീഷണിയാകുന്നു. ഈ രണ്ടു വിഭാഗങ്ങളെ ഒരുപോലെ കാണേണ്ട കാര്യമില്ല എന്ന് കമ്മീഷൻ ശുപാർശ ചെയ്യുന്നു.

**8.204.** കാട്ടിൽ വച്ച് പന്നിയെ കൊല്ലുന്നത് കഠിനശിക്ഷയ്ക്ക് വിധേയമാക്കാം. എന്നാൽ കൃഷിയിടങ്ങളിൽ കൃഷിനശിപ്പിക്കുന്ന പന്നികളേയോ എലികളേയോ, വംശനാശ ഭീഷണി നേരിടാത്ത മറ്റു വന്യമൃഗങ്ങളേയോ ഓടിച്ചുവിടാനും, ഓടിപ്പോയില്ലെങ്കിൽ അതിനുവേണ്ടി അവയെ ഭയപ്പെടുത്താനും അവ ആക്രമിച്ചാൽ ആത്മരക്ഷയ്ക്കുവേണ്ടി കൃഷി ഭൂമിയിലോ വീട്ടിലോ വച്ച് വേണമെങ്കിൽ കൊല്ലാനും ഉള്ള നിയമപരമായ അവകാശം കർഷകനുണ്ട് എന്ന് സർക്കാർ നിയമപ്രകാരവും നടപടിക്രമങ്ങൾ മൂലവും ഉറപ്പാക്കേണ്ടതുണ്ട് എന്ന് കമ്മീഷൻ ശുപാർശചെയ്യുന്നു.

**8.205.** മേൽപ്പറഞ്ഞ രീതിയിൽ നടപടി ക്രമങ്ങൾ മാറുന്നതുവരെയുള്ള കാലഘട്ടത്തിൽ കൃഷിയിടങ്ങളിൽ കൃഷിയ്ക്ക് നാശം വരുത്തുന്ന വംശനാശ ഭീഷണി നേരിടാത്ത വന്യമൃഗങ്ങൾ കർഷകർ മൂലം പരുക്കേൽക്കപ്പെടുകയോ കൊല്ലപ്പെടുകയോ ചെയ്താൽ, ആ കുറ്റകൃത്യം നടന്നത് കൃഷിഭൂമിയിലാണെങ്കിൽ ആ കുറ്റകൃത്യത്തെ കുറിച്ച് അന്വേഷിക്കുന്ന ഉദ്യോഗസ്ഥർക്ക് അന്വേഷണവേളയിൽ കുറ്റകൃത്യത്തിൽ ഉൾപ്പെട്ടു എന്നു സംശയിക്കുന്ന ഏതെങ്കിലും വ്യക്തിയെ അറസ്റ്റു ചെയ്യണം എന്നുണ്ടെങ്കിൽ, അറസ്റ്റിനു മുൻപ് ബന്ധപ്പെട്ട കോടതി മുഖാന്തിരം വാറണ്ട് സമ്പാദിച്ചതിനു ശേഷം മാത്രമേ അങ്ങനെ ചെയ്യാവൂ എന്ന് ഗവൺമെന്റ് വനം വകുപ്പിനോട് നിർദ്ദേശിക്കണം എന്നും

അങ്ങനെ അറസ്റ്റ് ചെയ്യപ്പെടുന്ന കർഷകർക്ക് ജാമ്യം ലഭിക്കുന്നതിന്, അയാളൊരു സ്ഥിരം കുറ്റവാളിയല്ലെങ്കിൽ, സർക്കാരുദ്യോഗസ്ഥരോ വനപാലകരോ എതിർപ്പ് പ്രകടിപ്പിക്കാനും പാടില്ല എന്നും വ്യവസ്ഥ ചെയ്യേണ്ടതാണ് എന്നും കമ്മീഷൻ ശുപാർശ ചെയ്യുന്നു.

**8.206.** ഏതെങ്കിലും കാരണവശാൽ കൃഷിനാശത്തിന് കാരണമാകുന്ന വന്യമൃഗങ്ങളെ കൈകാര്യം ചെയ്യുന്നതിന് കർഷകന് അവകാശം നൽകുന്നില്ല എങ്കിൽ അവിടെ സംഭവിക്കുന്ന കൃഷിനാശത്തിന്റെ ബാധ്യതകൾ പൂർണ്ണമായും സർക്കാർ ഏറ്റെടുക്കണമെന്നും ആയത് മോട്ടോർ വാഹന അപകടങ്ങളിൽ ലഭിക്കുന്ന നഷ്ടപരിഹാരത്തുക കണക്കാക്കപ്പെടുന്ന രീതിയിൽ കണക്കാക്കണമെന്നും കമ്മീഷൻ ശുപാർശ ചെയ്യുന്നു.

**8.207.** ജനസാന്ദ്രത കുറഞ്ഞുവരുന്ന മലയോര ഗ്രാമപ്രദേശങ്ങളിലെ ജനസാന്ദ്രത കേരളത്തിലെ ശരാശരി ജനസാന്ദ്രതയിൽ നിന്ന് എത്ര കുറവാണോ, അത്രകണ്ട് കുറവ് അൺ-ഇക്കണോമിക് എന്നു പരിഗണിക്കുന്ന മാനദണ്ഡങ്ങളിലും വരുത്തേണ്ടതാണെന്നും എല്ലാ കുട്ടികൾക്കും ഒരു നിശ്ചിത ദൂരത്തിനുള്ളിൽ സ്കൂൾ സൗകര്യം ലഭ്യമാക്കേണ്ട ഉത്തരവാദിത്വം സർക്കാർ നിർവഹിക്കണമെന്നും കമ്മീഷൻ ശുപാർശ ചെയ്യുന്നു.

8.208. മലയോര പ്രദേശത്തെ എല്ലാ എയ്ഡഡ് കോളേജുകളിലും കഴിയുന്നിടത്തോളം കൂടുതൽ കോഴ്സുകൾ ആരംഭിക്കണം എന്നും നഗരപ്രാന്തങ്ങളിലുള്ള കോളേജുകളുമായി ബന്ധപ്പെട്ട് മലയോര പ്രദേശങ്ങളിലെ കുട്ടികൾക്ക് ഹോസ്റ്റൽ നിർമ്മിക്കുവാൻ പ്രത്യേകമായ സബ്സിഡി ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് നൽകണമെന്നും ശുപാർശ ചെയ്യുന്നു.

8.209. മലയോര കർഷകരിൽ വലിയ ഒരു ശതമാനം കൈവശം വച്ചിരിക്കുന്ന ഭൂമി പട്ടയ ഭൂമിയാണ്. പട്ടയഭൂമികൾക്ക് എല്ലാം തന്നെ പൊതുവായ നിബന്ധനകൾ ഉള്ളതായിരിക്കും നല്ലത്. സ്വന്തമായി ലഭിക്കുന്ന ഭൂമിയിൽ എല്ലാത്തരം കൃഷികളും ചെയ്യാനുള്ള സ്വാതന്ത്ര്യം കർഷകന് ലഭിക്കേണ്ടതാണ്. ഭൂമി കൃഷിക്ക് ഉപയോഗിക്കാം എന്ന വ്യവസ്ഥ വളരെ വിശാലമായ അർത്ഥത്തിൽ ആണ് മനസ്സിലാക്കേണ്ടത്. പട്ടയം ലഭിച്ച ഭൂമിയിൽ പള്ളി പണിയുന്നതും സ്കൂളുകൾ നിർമ്മിക്കുന്നതും ചായക്കട നിർമ്മിക്കുന്നതും ചന്തയുണ്ടാക്കുന്നതും ഒക്കെ കാർഷികേതരമായി പരിഗണിക്കുന്നത് കൃഷി എന്ന പദത്തിന്റെ വളരെ പരിമിതമായ നിർവചനമാണ്. കർഷകന്റെ മാനുഷികമായ എല്ലാ ആവശ്യങ്ങളും ഒരു നിശ്ചിത അളവു വരെ ഒരു പ്രദേശത്ത് സാധ്യമാക്കുന്ന രീതിയിലുള്ള നിർവചനമായിരിക്കണം ഈ വ്യവസ്ഥകൾക്ക് നൽകേണ്ടത്. പ്രകൃതിയെ നശിപ്പിക്കുന്ന ക്വാറി നിർമ്മാണങ്ങളോ

തോട്ടകളോ പുഴകളോ തടസ്സപ്പെടുത്തുന്ന നിർമ്മാണങ്ങളോ പരിസ്ഥിതി മലിനീകരണത്തെ അവഗണിക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങളോ ഒക്കെ പ്രത്യേകമായി നിർവചിച്ച് നിരോധിക്കുന്നതിനു പകരം കൃഷി എന്ന പദം അതിന്റെ നിഘണ്ടു നിർവചനത്തിനനുസൃതമായി മാത്രം നടപ്പാക്കിയാൽ അത്തരം നിബന്ധനകൾ കൃഷിക്കാരന്റെ ജീവിതം അസാധ്യമാക്കും. ഇക്കാര്യങ്ങൾ വ്യക്തമാക്കി പട്ടയവ്യവസ്ഥകൾ മാറ്റണം.

**8.210.** Sustainable Tourism മുഖാന്തിരം തൊഴിലവസരങ്ങൾ മലയോരമേഖലയിൽ സൃഷ്ടിക്കണം.

**8.211.** കസ്തൂരിരംഗൻ റിപ്പോർട്ട് അനുസരിച്ചിട്ടുള്ള പരിസ്ഥിതിലോല പ്രദേശങ്ങൾ കേരളത്തിൽ പ്രഖ്യാപിക്കുമ്പോൾ ജനവാസകേന്ദ്രങ്ങളും കൃഷിയിടങ്ങളും പൂർണ്ണമായും ഒഴിവാക്കി മാത്രമേ അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കാവൂ.

**8.212.** 1972-ലെ വന്യജീവി സംരക്ഷണ നിയമത്തിലെ വകുപ്പ് 62 പ്രകാരം നിക്ഷിപ്തമായിരിക്കുന്ന അധികാരം ഉപയോഗിച്ച് കാട്ടുപന്നിയെ ക്ഷുദ്രജീവികളായി പ്രഖ്യാപിക്കണം. കൂടാതെ ഒരു പ്രദേശത്ത് വ്യാപകമായിരിക്കുന്ന വന്യജീവികളുടെ ശല്യം നിയന്ത്രിക്കുന്നതിന് അവയുടെ മേലുള്ള പൂർണ്ണ അധികാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു നൽകണം. അതുവരെ 11/1b വകുപ്പ് പ്രകാരം സർക്കാരിൽ നിക്ഷിപ്തമായിരിക്കുന്ന

അധികാരം ഉപയോഗിച്ചുകൊണ്ട് അവ കാർഷികവിളകളുള്ള ഭൂമിയിലോ വീട്ടിലോ വന്നാൽ അവയെ കൊല്ലുവാനുള്ള അധികാരം കർഷകർക്ക് നൽകണം.

**8.213.** വന്യജീവികളുടെ സ്വാഭാവിക ആവാസവ്യവസ്ഥ വനവും അതിന്റെ പരിപൂർണ്ണമായ ഉടമസ്ഥാവകാശം സംസ്ഥാന സർക്കാരിനും ഉത്തരവാദിത്തം വനം വകുപ്പിനും ആയിരിക്കെ, വനാതിർത്തിയിൽ തന്നെ വന്യമൃഗങ്ങളെ തടയുന്നതിനു വേണ്ട നടപടികൾ അടിയന്തിരമായി സർക്കാരിന് എടുക്കാവുന്നതാണ്. വന്യജീവികൾ വനത്തിൽനിന്നും കാർഷിക മേഖലയിലേക്കു വരുന്നതു തടയുന്നതിനായി, വന അതിർത്തികളുള്ളിൽ തന്നെ അവയ്ക്ക് ഭക്ഷണവും വെള്ളവും ഉറപ്പാക്കണം. മതിയായ വേലി/ട്രഞ്ച് നിർമ്മിച്ച് വന്യജീവികൾ ജനവാസമേഖലയിൽ പ്രവേശിക്കുന്നത് തടയുന്നതിനുള്ള നടപടി സ്വീകരിക്കണം (Rail Fencing, ആനമതിൽ തുടങ്ങിയവ)

**8.214.** ആവാസവ്യവസ്ഥയ്ക്കു ഉൾക്കൊള്ളാൻ കഴിയുന്ന ജീവികളുടെ എണ്ണം കണക്കാക്കുകയും, മൃഗങ്ങളുടെ കണക്കെടുക്കുകയും, വികസിതരാജ്യങ്ങളുടെ മാതൃക ഉൾക്കൊണ്ട് മൃഗപ്പെരുപ്പം നിയന്ത്രിക്കുകയും വേണം.

**8.215.** കേരളത്തിലെ വനങ്ങളിൽ 13 ശതമാനവും വാണിജ്യാവശ്യങ്ങൾക്കുള്ള തേക്ക്, യൂക്കാലിപ്റ്റസ്, അക്കേഷ്യ

പോലുള്ള ഗവണ്മെന്റ് തോട്ടങ്ങളാണ്. ഇവ സ്വാഭാവിക വനങ്ങളായി മാറ്റിയാൽ കൃഷിയിടങ്ങളിൽ ഇറങ്ങുന്ന വന്യജീവി ആക്രമണം കുറയ്ക്കുവാൻ സഹായിക്കും.

**8.216.** വനം, റവന്യൂ അതിർത്തി മുഴുവനും ജോയിന്റ് സർവ്വേയുടെ അടിസ്ഥാനത്തിൽ അളന്നു തിരിക്കണം.

**8.217.** 1970 മുതൽ ലാൻഡ് ട്രിബ്യൂണൽ നൽകിയ പട്ടയങ്ങൾക്കുള്ള ഭൂപരിഷ്കരണ നിയമത്തിലെ 72K വകുപ്പ് പ്രകാരമുള്ള നിയമ സംരക്ഷണം റദ്ദ് ചെയ്തുകൊണ്ട് 1971-ലെ കേരള പ്രൈവറ്റ് ഫോറസ്റ്റ് (വെസ്റ്റിംഗ് & അസൈൻമെന്റ്) നിയമത്തിൽ മുൻകാല പ്രാബല്യത്തോടെ 2020 മെയ് 22-ന് കേരള സർക്കാർ കൊണ്ടു വന്ന ഓർഡിനൻസ് (35 of 2020) പുനഃപരിശോധിക്കണം.

**8.218.** കേരളത്തിലെ കർഷകരുടെ 34,000 ഏക്കർ ഭൂമി ഏറ്റെടുത്തു വനമാക്കിയ (Ecologically Fragile Land Act 2003) നിയമം പുനഃപരിശോധിക്കണം.

**8.219.** സംസ്ഥാനത്തെ വന്യജീവി സങ്കേതങ്ങൾ, ദേശീയ ഉദ്യാനങ്ങൾ എന്നിവയ്ക്കു ചുറ്റും കൃഷി ഭൂമിയിലേക്കും ജനവാസ മേഖലയിലേയ്ക്കും ഇറക്കി പരിസ്ഥിതി സംവേദകമേഖല (ESZ) വ്യാപിപ്പിക്കാനുള്ള നീക്കം പുനരാലോചിക്കണം.

**8.220.** കൂടുതൽ സ്വകാര്യ സ്ഥലങ്ങളെ ഒരു കാരണവശാലും ഇനിയും vested forest ആയോ fragile land ആയോ ഉൾപ്പെടുത്തരുത്.

**8.221.** ചെറുകിടകർഷകർ, തോട്ടം മേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളികൾ എന്നിവർക്ക് ഉപകാരപ്രദമായ തൊഴിലുറപ്പ് പദ്ധതി പരിഷ്കരിക്കണം.

**8.222.** 1-1-1997-ന് മുൻപ് കൊടുത്ത ഭൂമിക്ക് ഉപാധിരഹിത പട്ടയം നൽകണം.

**തീരദേശമേഖല**

**8.223.** മത്സ്യത്തൊഴിലാളി മേഖലയിൽ പരമ്പരാഗതമായി പ്രവർത്തിയെടുക്കുന്ന വിഭാഗങ്ങളെ "Most Backward Community എന്നോ Utterly Backward Community" എന്നോ "Backward Micro Community" എന്നോ പരിഗണിച്ച് അവർക്ക് പ്രത്യേകമായ ആനുകൂല്യങ്ങൾ കൊടുക്കേണ്ടതാണ്.

**8.224.** വനവാസികൾക്ക് വനത്തിൽ പ്രത്യേക അവകാശങ്ങൾ നിയമം മൂലം നൽകപ്പെട്ടിരിക്കുന്നതുപോലെ കടലിന്റെ മക്കൾ എന്നറിയപ്പെട്ടിരിക്കുന്ന തീരദേശ മത്സ്യത്തൊഴിലാളികൾക്ക് പ്രത്യേകമായ കടലവകാശങ്ങൾ നിയമം വഴി നൽകണം.

**8.225.** പൊതുസമൂഹത്തിന്റെ വികസനത്തിന് ഏതെങ്കിലും പദ്ധതി ആവശ്യമാണെങ്കിൽ നിഷ്കാസിത കുടുംബത്തിന്

കുറഞ്ഞപക്ഷം ഒരു ക്ലാസ് ഫോർ ജീവനക്കാരന്റെ ശമ്പളത്തിനു തുല്യമായ തുക പ്രതിമാസം ലഭിക്കുന്നു എന്ന് ഉറപ്പ് വരുത്തുന്ന സംവിധാനം ഉണ്ടാകണം.

**8.226.** നഗരങ്ങൾ അവയുടെ മാലിന്യങ്ങൾ കടലിലേക്ക് ഒഴുക്കി തീരദേശ ജനതയെ അപകടത്തിലാക്കുന്നു. അതുകൊണ്ടുതന്നെ തീരദേശ ജനതയുടെ ആരോഗ്യവരുമാന സംവിധാനങ്ങളിൽ വലിയ തരത്തിലുള്ള സബ്സിഡി അല്ലെങ്കിൽ സബ്സിഡിക്ക് സമാനമായ മറ്റു സൗജന്യ സൗകര്യങ്ങൾ ഏർപ്പെടുത്തണം.

**8.227.** പുനർഗേഹം പദ്ധതി തീരപ്രദേശങ്ങളിൽ ഉള്ള വസ്തുവിന്റെ വിലയും നിർമ്മാണച്ചിലവും മറ്റും പരിശോധിക്കുമ്പോൾ ഒരു വീടും സ്ഥലവും എന്നുള്ള ആവശ്യം പൂർത്തീകരിക്കാൻ അപര്യാപ്തമാണ്. ഒന്നോ രണ്ടോ കിലോമീറ്ററിനുള്ളിൽ പുതിയ വാസസ്ഥലം ലഭ്യമാകണം. പ്രകൃതി സംരക്ഷണത്തിനായോ കാലാവസ്ഥാ വ്യതിയാനം കൊണ്ടോ തീരശോഷണം കൊണ്ടോ പുനർഗേഹം മുതലായ പദ്ധതികളാൽ മാറ്റപ്പെടുന്ന ഒരു കുടുംബത്തിന് മാറ്റത്തിനു മുമ്പ് സ്വന്തമാക്കി വച്ചിരുന്ന സ്ഥലത്തിന് തുല്യ അളവിലുള്ള വസ്തുവും വീടുകളും സൗകര്യങ്ങളും ഒരു സ്ഥിരമായ വരുമാന സബ്സിഡിയും നൽകണം.

**8.228.** ഒന്നുകിൽ ആധുനിക രീതിയിൽ ഉള്ള മത്സ്യബന്ധനത്തിനുള്ള പരിശീലനമോ, മത്സ്യ സംസ്കരണ വ്യവസായങ്ങളിൽ പരിചയമോ, പുതിയ മത്സ്യ വിപണന മേഖലയിൽ പ്രവർത്തിക്കാനുള്ള സാധ്യതയോ അല്ലെങ്കിൽ പരമ്പരാഗത മത്സ്യത്തൊഴിൽ ഉപേക്ഷിച്ച് മറ്റ് പൊതുമേഖലകളിൽ കയറിച്ചെല്ലാനുള്ള സൗകര്യങ്ങളോ മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ യുവതിയുവാക്കൾക്കു നൽകണം.

**8.229.** അമിത മത്സ്യചൂഷണം തടയാൻ കാരണമാകുന്നതിനാൽ പുതിയ യാനങ്ങൾക്കു രജിസ്ട്രേഷൻ നിയന്ത്രണം കൊണ്ടു വരണം. മത്സ്യത്തൊഴിലാളികളല്ലാത്തവർ വ്യാവസായികമായ ചൂഷണത്തിനായി മാത്രം കടന്നുകയറുന്നത് ഒഴിവാക്കി രജിസ്ട്രേഷൻ യഥാർത്ഥ മത്സ്യത്തൊഴിലാളികൾക്കു മാത്രമാക്കണം.

**8.230.** പഞ്ചായത്തുകൾ രൂപപ്പെടുത്തുമ്പോൾ തീരപ്രദേശങ്ങൾ ഉൾപ്പെടുത്തണമെങ്കിൽ, ഒരു പഞ്ചായത്തിൽ അഞ്ചു കിലോമീറ്റർ തീരപ്രദേശമെങ്കിലും മിനിമം ഉൾപ്പെടുത്തണം.

**8.231.** ഒരു നിശ്ചിത അളവിലുള്ള ഡീസലോ മണ്ണെണ്ണയോ തികച്ചും സൗജന്യമായും, വേറൊരു അളവിലുള്ള ഡീസലും മണ്ണെണ്ണയും പൂർണ്ണമായി നികുതി ഒഴിവാക്കിയുള്ള വിലയിലും പരമ്പരാഗത മത്സ്യത്തൊഴിലാളി മേഖലയിൽ

പ്രവർത്തിക്കുന്നവർക്ക് ബോട്ടുകളുടെ അടിസ്ഥാനത്തിൽ നൽകണം. ഇന്ധനവിലയിൽ മത്സ്യമേഖലക്ക് പ്രത്യേകനികുതിയിളവ്/സബ്സിഡി നല്കി സഹായിക്കണം. പ്രതിമാസം ഒരു തൊഴിൽ ഉടമയ്ക്ക് 3,750 ലിറ്റർ (150 x 25) മണ്ണെണ്ണ ലഭ്യമാക്കുന്നതിനും ഫിഷ് ലാന്റിംഗ് സെന്ററുകൾ കേന്ദ്രീകരിച്ച് മണ്ണെണ്ണ ബങ്കുകൾ സ്ഥാപിക്കാനും ഉള്ള നടപടികൾ സ്വീകരിക്കണം.

**8.232.** ധാരാളം ദിവസങ്ങളിൽ മത്സ്യബന്ധനം തന്നെ സർക്കാർ നിരോധിക്കുന്നു. ഒരു സ്ഥിരഫണ്ട് രൂപീകരിച്ച് നഷ്ടപ്പെടുന്ന തൊഴിൽ ദിനങ്ങൾക്ക് ഒരു ദിവസത്തെ സംസ്ഥാനത്തെ standard minimum wage എന്ന കണക്കിലെങ്കിലും ഒരു തുക മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് നൽകണം. ഒപ്പം, തീരദേശത്തെ മത്സ്യത്തൊഴിലാളികളെ കൂടി ഉൾപ്പെടുത്തി മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി വിപുലീകരിക്കണം. ഇതിനാവശ്യമായ ഭേദഗതിക്ക് കേന്ദ്ര സർക്കാരുമായി കൂടിയാലോചിച്ച് വേണ്ട നടപടികൾ എടുക്കണം.

**8.233.** പ്രകൃതിദുരന്തങ്ങൾക്ക് ഇരയാകുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് പൂർണ്ണനഷ്ടപരിഹാരം നൽകണം.

**8.234.** പ്രകൃതിദുരന്തങ്ങളുടെ കേന്ദ്ര പട്ടികയിൽ കടലാക്രമണത്തെ ഉൾപ്പെടുത്താൻ കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തണം.

**8.235.** മത്സ്യമേഖലയെ കാർഷിക മേഖലയായി പരിഗണിച്ച് കർഷകർക്കു കൊടുക്കുന്ന കുറഞ്ഞ ശതമാനത്തിലുള്ള ലോണുകൾ നൽകണം. കൃഷിനാശം സംഭവിക്കുമ്പോൾ കാർഷിക ലോണുകൾ എഴുതിത്തള്ളുന്നതുപോലെ, പ്രവൃത്തിദിനങ്ങൾ നഷ്ടപ്പെടുമ്പോൾ അതുമായി ബന്ധപ്പെട്ട ആപേക്ഷിക അളവിൽ കടങ്ങൾ എഴുതിത്തള്ളണം. മത്സ്യത്തൊഴിലാളികളെ കിസാൻ ക്രെഡിറ്റ് സ്കീമിലുൾപ്പെടുത്തണം. മത്സ്യബന്ധന-അനുബന്ധ സംരംഭങ്ങളെ MSME സെക്ടറിന്റ കീഴിലാക്കി MUDRA ലോൺ അവർക്ക് പ്രാപ്യമാക്കണം. CRZ-ൽ പെടുന്ന വസ്തു ബാങ്കുകൾ ഒരു നല്ല സെക്യൂരിറ്റിയായി പരിഗണിക്കണം. മത്സ്യത്തൊഴിലാളി കേന്ദ്രീകൃതമായ, മത്സ്യത്തൊഴിലാളികൾ മാത്രമുള്ള ക്രെഡിറ്റ് സഹകരണസംഘങ്ങളിലൂടെ, മത്സ്യമേഖലയിൽ നിന്ന് കിട്ടുന്ന നികുതിവരുമാനങ്ങളുടെ ഒരു നിശ്ചിതശതമാനം പലിശ സബ്സിഡിക്കും കിട്ടാക്കടബാധ്യത എഴുതി തള്ളുന്നതിനുമായി വിനിയോഗിക്കണം.

**8.236.** തീരപ്രദേശങ്ങളിൽ ബാങ്കിംഗ് സൗകര്യം വർദ്ധിപ്പിക്കണം. അർത്തുങ്കൽ മുതൽ വടക്കോട്ട് ചെല്ലാനം

വരെയുള്ള 20 കി.മീ. പരിധിക്കുള്ളിൽ ഒരു ബാങ്കുമില്ല. അർത്തുങ്കൽ മുതൽ തെക്കോട്ട് ആലപ്പുഴ വരെയുള്ള 24 കി.മീ. പരിധിക്കുള്ളിൽ ചെട്ടികാട് കോർപ്പറേഷൻ ബാങ്കിന്റെ ഒരു ശാഖയൊഴികെ ഒരു ബാങ്കുമില്ല. ഈ അവസ്ഥ പരിഹരിക്കണം.

**8.237.** മത്സ്യത്തൊഴിലാളികളുടെ ജീവനും സ്വത്തിനും നൽകുന്ന ഇൻഷുറൻസ് കവറേജ്, ക്ലെയിം എന്നിവ പൂർണ്ണമായും ലഭ്യമാക്കാനുള്ള നടപടികൾ ധ്രുതഗതിയിൽ നടപ്പിലാക്കണം.

**8.238.** 2007-ൽ സ്ഥാപിതമായ മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന് കൂടുതൽ പണം ലഭ്യമാക്കണം. ഫിഷറീസ് സഹകരണ സംഘങ്ങൾ നിലനിർത്തുന്നതിന് ആവശ്യമായ സാമ്പത്തിക പാക്കേജ് പ്രഖ്യാപിക്കണം.

**8.239.** മത്സ്യക്കച്ചവടം നടത്തുന്ന സ്ത്രീകൾക്ക് അന്തസായി ജോലിചെയ്യാനുള്ള ശുചിത്വ-തൊഴിൽ-സാമൂഹികാന്തരീക്ഷം സൃഷ്ടിക്കണം. അവരുടെ തൊഴിലിടങ്ങളായ ഹാർബറുകളെ/ ഓപ്പൺ മാർക്കറ്റുകളെ ആധുനികവത്കരിക്കണം. ക്രമീകരണവും നടത്തിപ്പും മത്സ്യത്തൊഴിലാളി കുടുംബങ്ങളിൽ നിന്നുള്ളവരിൽ നിജപ്പെടുത്തുക. മത്സ്യക്കച്ചവടത്തിന് ഇറങ്ങുന്ന സ്ത്രീകൾക്ക് സബ്സിഡിയിൽ ഇരുചക്ര-മുച്ചക്ര വാഹനങ്ങൾ നൽകണം. മത്സ്യഫെഡ് മുഖാന്തിരം മൈക്രോ ഫിനാൻസിംഗ് ദിവസ വായ്പകൾ ആരംഭിച്ച് മത്സ്യത്തൊഴിലാളികളായ സ്ത്രീകൾക്ക്

സഹായം നൽകണം. ഫിഷറീസ് വകുപ്പിന്റെ മേൽനോട്ടത്തിൽ ഫിഷ് ബൂത്ത് ആരംഭിക്കണം. മത്സ്യഫെഡിന്റെ മത്സ്യ വിപണന രംഗത്തുള്ള തൊഴിലവസരങ്ങൾ മത്സ്യ വിപണന രംഗത്ത് പ്രവർത്തിക്കുന്ന സ്ത്രീകൾക്ക് നൽകണം.

**8.240.** മത്സ്യമേഖലയിൽ റസിഡൻഷ്യൽ ഫിഷറീസ് സ്കൂളുകളും ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളും ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും വെവ്വേറെ ഹോസ്റ്റലുകളും സ്ഥാപനമേതെന്നു നോക്കാതെ വിദ്യാഭ്യാസ ആനുകൂല്യങ്ങളും വിദ്യാഭ്യാസ ലോണുകളും അനുവദിക്കണം.

**8.241.** വിദ്യാതീരം പദ്ധതിയിൽ മുൻഗണനാ മാനദണ്ഡങ്ങൾ ലഘൂകരിക്കണം.

**8.242.** 'നവ-നിരക്ഷരത' പരിഹരിക്കുന്നതിനായി 'അക്ഷര സാഗരം' കൂടുതൽ ഊർജ്ജസ്വലമാക്കണം.

**8.243.** ലംപ്സം ഗ്രാന്റുകളും സ്കോളർഷിപ്പുകളും സമയ ബന്ധിതമായി നല്കണം.

**8.244.** ഫിഷറീസ് സർവകലാശാലയുടെ സ്ഥാപനങ്ങൾ വിവിധ തീരദേശ ജില്ലകളിൽ സ്ഥാപിക്കണം. ഫിഷറീസ് സർവ്വകലാശാല, മറ്റു മറൈൻ ഇൻസ്റ്റിറ്റ്യൂട്ടുകൾ എന്നിവയിൽ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് പഠനത്തിനും തൊഴിലിനും പ്രത്യേക സംവരണം നടപ്പിലാക്കണം. ഫിഷറീസ്

സർവകലാശാലയിലെ കോഴ്സുകളിൽ മത്സ്യത്തൊഴിലാളി കൾക്കുള്ള സംവരണം 40% ആയി ഉയർത്തണം.

**8.245.** മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് അന്തർദ്ദേശീയ തലത്തിൽ വരെ ഉന്നതവിദ്യാഭ്യാസത്തിനുള്ള സാമ്പത്തിക സഹായം, വിദേശത്തും സ്വദേശത്തും തൊഴിലവസരങ്ങൾ ലഭ്യമാക്കാൻ പ്രത്യേകം കരിയർ സെൽ, അവർക്കാവശ്യമായ നൈപുണ്യ വികസനം എന്നിവ ഉറപ്പ വരുത്തണം.

**8.246.** ഓൺലൈൻ വിപണനം വ്യാപകമായതോടുകൂടി വ്യാപകമായ തൊഴിൽനഷ്ടം നേരിടുന്നു. പകരം മാർഗ്ഗങ്ങളുടെ ഗുണഭോക്താക്കൾ മത്സ്യത്തൊഴിലാളികൾ എന്ന് ഉറപ്പ് വരുത്തുക. ചെറുകിട തൊഴിൽ സംരംഭങ്ങളായ ഭക്ഷ്യസംസ്കരണ യൂണിറ്റുകൾ, മത്സ്യസംസ്കരണ യൂണിറ്റുകൾ, ഹോട്ടൽ, ബേക്കറി, പഴം-പച്ചക്കറി സ്റ്റോഴ്സ്, മീൻ-മാംസ-മുട്ട വ്യാപാരകേന്ദ്രങ്ങൾ, കോഴിവളർത്തൽ, മത്സ്യകൃഷി, കൂൺകൃഷി, ടെയ്‌ലറിംഗ് യൂണിറ്റുകൾ എന്നിവ ആരംഭിക്കാൻ സബ്സിഡി ഉൾപ്പെടെ ലോൺ അനുവദിക്കാൻ നടപടികൾ സ്വീകരിക്കുക.

**8.247.** തീരദേശത്തു തന്നെ ജനസംഖ്യാനുപാതികമായി ആശുപത്രികൾ ഉണ്ടാകണം. ഫിഷറീസ് ആശുപത്രികൾ തീരപ്രദേശത്ത് സ്ഥാപിക്കുക. ചെല്ലാനം, പള്ളിത്തോട് PHC കൾ 10 കിടക്കകളുള്ള ആശുപത്രികളാക്കി 24 മണിക്കൂർ സേവനം

ലഭ്യമാക്കുന്ന, ആംബുലൻസ് സൗകര്യമുള്ള, CHC നിലവാരത്തിലേക്ക് ഉയർത്തണം.

**8.248.** നിലവിൽ BPL കുടുംബങ്ങൾക്കു മാത്രമായി നൽകുന്ന സൗജന്യ ചികിത്സ (ആരോഗ്യ ഇൻഷുറൻസ്) ഈ സമുദായത്തിലെ എല്ലാ അംഗങ്ങൾക്കും APL/BPL പരിഗണന കൂടാതെ ലഭ്യമാക്കണം.

**8.249.** കടൽ അപകടത്തെ സംബന്ധിച്ച രക്ഷാ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ദുരന്ത മുന്നൊരുക്കം നടത്തുന്നതിനും ജില്ലാ തലത്തിലും മത്സ്യഗ്രാമങ്ങൾ കേന്ദ്രീകരിച്ചും പ്രത്യേക സമിതികൾ രൂപീകരിക്കുക. കടലിൽ/കായലിൽ വച്ച് സംഭവിക്കുന്ന മരണങ്ങൾ തൊഴിലിടങ്ങളിൽ നടക്കുന്ന മരണങ്ങളായി കണക്കാക്കി ഇൻഷുറൻസ് ലഭിക്കുന്നതിന് നടപടിയുണ്ടാകണം. കടലാക്രമണം, പ്രകൃതി ദുരന്തങ്ങൾ എന്നിവ മൂലം യാനങ്ങൾ നഷ്ടപ്പെടുന്നതിന് ഇൻഷുറൻസ് സുരക്ഷ ഉറപ്പു വരുത്തണം.

**8.250.** ഫ്രീസിങ് സ്റ്റോറേജ് സൗകര്യങ്ങൾ ഓരോ മത്സ്യഗ്രാമത്തിലും ക്രമീകരിക്കണം.

**8.251.** വലകൾ, യാനങ്ങൾ, വിവിധ മെഷിനറികൾ എന്നിവയുടെ നിർമ്മാണം, റിപ്പെയർ തുടങ്ങിയ സ്ഥാപനങ്ങൾ

കടലോര മേഖലയിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ എടുക്കണം.

**8.252.** KUFOS, CMFRI, CIFT തുടങ്ങിയ സ്ഥാപനങ്ങളുടെ പ്രയോജനങ്ങൾ കടലോരത്തുള്ളവർക്ക് ലഭ്യമാക്കുക.

**8.253.** മത്സ്യമേഖലകൾ കേന്ദ്രമാക്കി മത്സ്യസംസ്കരണ വ്യവസായങ്ങൾ, വ്യാപാര–ഹോട്ടൽ സ്ഥാപനങ്ങൾ, ടൂറിസം സംരംഭങ്ങൾ എന്നിവയ്ക്ക് വളരെയധികം സാധ്യതയുണ്ട്.

**8.254.** ഫോർട്ടുകൊച്ചി–ആലപ്പുഴ മെഡിക്കൽ കോളേജ് തീരദേശ ഹൈവേ യഥാർത്ഥ്യമാക്കുക.

**8.255.** എറണാകുളം–ആലപ്പുഴ തീരദേശ റെയിൽവേ ലൈനിൽ മേൽപ്പാലങ്ങൾ ഉറപ്പുവരുത്തണം.

**8.256.** യുഡിസ്മാറ്റ്, ജപ്പാൻ കുടിവെള്ളം, മഴവെള്ള സംഭരണികൾ, OHT bpw SUMP തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കി തീരദേശ കുടിവെള്ള ക്ഷാമത്തിന് അറുതി വരുത്തുക.

**8.257.** മത്സ്യത്തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന മേഖലയിൽ സർക്കാർ പദ്ധതി വിഹിതം ജനസംഖ്യാനുപാതികമായി നൽകണം.

**8.258.** തീരപരിപാലന അതോറിറ്റിക്ക് രൂപം നൽകുക, തീരസംരക്ഷണം, പൊഴികളുടെയും അഴിമുഖങ്ങളുടെയും ഫിഷ് ലാന്റിംഗ് സെന്ററുകളുടെയും നവീകരണം, ധനവിനിയോഗ

സംവിധാനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നവീകരണം, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ വിപണനശൃംഖല, ഡ്രെയിനേജ്, സാനിട്ടേഷൻ, പശ്ചാത്തല വികസനം തുടങ്ങിയവ ഉൾപ്പെടുത്തിക്കൊണ്ടുള്ള സമഗ്രമായ തീരവികസന പാക്കേജ് കുട്ടനാട് പാക്കേജിന്റെ മാതൃകയിൽ നടപ്പിലാക്കുക.

**8.259.** കേരളത്തിലെ തീരപ്രദേശത്ത് മുഴുവനും തീരസംരക്ഷണ കടലാക്രമണ പ്രതിരോധ നടപടികൾ മുൻകൂട്ടി ആസൂത്രണം ചെയ്ത് നടപ്പിലാക്കണം.

**8.260.** മാലിന്യങ്ങൾ കടലിലേക്ക് ഒഴുക്കിവിടുന്നത് തടയാൻ നിയമനിർമ്മാണം കൊണ്ടുവരണം. പലയിടങ്ങളിലും കടലിനെ കായലുമായി ബന്ധിപ്പിക്കുന്ന അടഞ്ഞു കിടക്കുന്ന ചാലുകൾ നന്നാക്കണം. പുലിമുട്ട് നിർമ്മാണം ശാസ്ത്രീയമായി നടത്തണം.

**8.261.** തീരദേശവാസികൾക്ക് തൊഴിൽമേഖലയായ കടലിന്റെ മൂന്ന് കിലോമീറ്റർ പരിധിയ്ക്കുള്ളിൽ താമസിക്കുവാൻ കഴിയുന്നവിധം തീരപരിപാലന നിയമങ്ങളിൽ ഇളവുകൾ നടപ്പാക്കണം. 2019-ലെ CRZ വിജ്ഞാപനം ഖണ്ഡിക 5.3 (ii) (a) പ്രകാരം തീരത്തു വയ്ക്കുന്ന വീടുകൾക്ക് ദുരന്ത പ്രതിരോധ സംവിധാനങ്ങൾ ഉണ്ടാകണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ആയതിനാൽ മത്സ്യത്തൊഴിലാളി ഭവന നിർമ്മാണത്തിന് പ്രത്യേക സ്കീം നടപ്പിലാക്കി കൂടുതൽ തുക അനുവദിക്കേണ്ടതാണ്.

ഫിഷറീസ് ഭവന നിർമ്മാണ പദ്ധതി ലൈഫ് പദ്ധതിയിലേക്ക് ലയിപ്പിച്ചതുമൂലം ലഭിക്കുന്ന 4 ലക്ഷം രൂപ ഭവനനിർമ്മാണത്തിന് തികച്ചും അപര്യാപ്തമാണ്.

**8.262.** മേൽ സൂചിപ്പിച്ച വിജ്ഞാപനം തീരവാസികൾക്കു വീടു നിർമ്മിക്കുവാനും പുനർനിർമ്മിക്കുവാനും അനുവാദം നൽകിയിരിക്കുന്നുവെങ്കിലും മുന്നിരട്ടി നികുതി അടയ്ക്കാൻ നിർബന്ധിതരാക്കുന്ന U/A നമ്പർ മാത്രമാണ് ഭവനങ്ങൾക്ക് നൽകിയിരിക്കുന്നത്. 2019-ലെ CRZ വിജ്ഞാപനപ്രകാരം മത്സ്യത്തൊഴിലാളികൾക്കും പരമ്പരാഗത തീരവാസികൾക്കും ഭവന നിർമ്മാണത്തിന് അനുമതി നൽകിയിട്ടുള്ളതിനാൽ നിലവിലുള്ള എല്ലാ ഭവനങ്ങളും അപ്രകാരം ക്രമീകരിച്ച് U/A-യിൽ നിന്ന് ഒഴിവാക്കേണ്ടതാണ്.

**8.263.** ദുരിതാശ്വാസസഹായം കാലാനുസൃതമായി പുതുക്കണം. സമയബന്ധിതമായി ലഭ്യമാക്കണം.

**8.264.** മത്സ്യത്തൊഴിലാളി പെൻഷണർമാർക്ക് കാർഷിക പെൻഷൻ നിരക്കിൽ പെൻഷൻ അനുവദിക്കണം.

**8.265.** കോസ്റ്റൽ ക്ലബുകൾക്ക് ധനസഹായവും പ്രത്യേക കായികവേദികളും നല്കണം.

**8.266.** വിവിധ കാരണങ്ങളാൽ താല്ക്കാലിക ഷെഡ്ഡുകളിലും സ്കൂൾ കെട്ടിടങ്ങളിലും കഴിയേണ്ടി വരുന്ന സ്ത്രീകൾക്ക് സ്വകാര്യത ഉറപ്പാക്കുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തണം.

**8.267.** ആദിവാസി സബ്പ്ലാൻ, ഷെഡ്യൂൾഡ് കാസ്റ്റ് സബ്പ്ലാൻ മാതൃകയിൽ ഫിഷർമെൻ സബ്പ്ലാൻ ആവിഷ്കരിച്ച് നടപ്പിലാക്കണം. വനവിഭവങ്ങൾ കൊണ്ട് ജീവിക്കുന്ന വനവാസികൾക്ക് നിലവിൽ ട്രൈബൽ പരിരക്ഷ നൽകുന്നത് പോലെ, കടൽവിഭവങ്ങളാൽ ഉപജീവനം നടത്തുന്ന വിഭാഗങ്ങൾക്ക് പരിരക്ഷ നൽകി ആനുകൂല്യങ്ങളും ക്ഷേമ പ്രവർത്തനങ്ങളും നൽകണം.

**8.268.** എല്ലാ തീരദേശ പഞ്ചായത്തുകളിലും കൃഷി ഭവൻ മാതൃകയിൽ മത്സ്യ ഭവൻ ആരംഭിക്കുകയും പദ്ധതികൾ ക്രോഡീകരിച്ച് നടപ്പാക്കുകയും ചെയ്യണം.

**8.269.** ഫിഷിങ് ഹാർബറുകളിലെ മത്സ്യലേലത്തിൽ മത്സ്യത്തിന് സർക്കാർ നിശ്ചയിക്കുന്ന ന്യായവിലക്ക് പകരം 'മാർക്കറ്റ് വില' നടപ്പാക്കണം. ഇത്തരം മാർക്കറ്റ് വില നിശ്ചയിക്കുന്നതിന് ഹാർബർ മാനേജ്മെന്റ്കമ്മിറ്റികളിൽ 50% മത്സ്യത്തൊഴിലാളികളെ ഉൾപ്പെടുത്തണം.

**8.270.** മറ്റ് സംസ്ഥാനങ്ങളിൽ 5,000 രൂപ വരെയാണ് മത്സ്യബന്ധന യാനങ്ങളുടെ പെർമിറ്റ് ഫീസെങ്കിൽ കേരളത്തിൽ

52,000 രൂപവരെ ഈടാക്കുന്നു എന്ന പരാതി സർക്കാർ പരിശോധിച്ച് അയൽ സംസ്ഥാന നിരക്ക് തന്നെ ഇവിടെയും നടപ്പാക്കേണ്ടതാണ്.

**8.271.** മത്സ്യക്കുളങ്ങൾ, ചെമ്മീൻകെട്ട്, ഹാച്ചറി തുടങ്ങിയവ പോലെയുള്ള മത്സ്യഫെഡ് പദ്ധതികളിൽ മത്സ്യത്തൊഴിലാളിക്ക് ന്യായമായ പങ്കാളിത്തവും ജോലിയും ഉറപ്പുവരുത്തണം.

**8.272.** 2020-ലെ കേരള മറൈൻ ഫിഷറീസ് റെഗുലേഷൻ ആക്ട് ഭേദഗതി പ്രകാരം ലേലത്തിന് ഏർപ്പെടുത്തിയിരിക്കുന്ന പുതിയ ലേലനിയമങ്ങളും അതിന് കമ്മീഷനായി നിശ്ചയിക്കുന്ന തുകയുടെ ശതമാനവും പുനഃപരിശോധിക്കേണ്ടതാണ്. സർക്കാർ ഒരു സൗകര്യവും ചെയ്തു കൊടുക്കാത്ത സ്ഥലത്തു ലേലം ചെയ്യുമ്പോൾ സർക്കാർ ഏജൻസികൾ കമ്മീഷൻ സ്വീകരിക്കുന്നത് ശരിയായ നടപടിയല്ല.

**8.273.** ബ്ലൂ ഇക്കോണമി പദ്ധതികൾ പഠിച്ച് അതിനനുസൃതമായ നയ-നിയമ രൂപീകരണം സമയബന്ധിതമായി നടത്തണമെന്നും ആശങ്കകൾ പരിഹരിക്കണം എന്നും പദ്ധതികളിൽ മത്സ്യത്തൊഴിലാളികളുടെ ജോലി ഉറപ്പുവരുത്തണം എന്നും ശുപാർശ ചെയ്യുന്നു.

**8.274.** തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട് രൂപംകൊണ്ട തീരം തീരദേശ നിവാസികളുടെ ആവശ്യങ്ങൾക്കായും

കടലാക്രമണം മൂലം മറ്റു സ്ഥലങ്ങളിൽ നഷ്ടപ്പെട്ട സൗകര്യങ്ങളുടെ പുനർ നിർമ്മിതിക്കുമായി ഉപയോഗിക്കുന്നത് ന്യായമായിരിക്കും.

**8.275.** ഹാർബർ എഞ്ചിനിയറിംഗ് ഫണ്ട് 50% മത്സ്യ ത്തൊഴിലാളികളെങ്കിലും താമസിക്കുന്നിടത്തുതന്നെ വിനിയോഗി ക്കേണ്ടതാണ്.

**8.276.** തീരദേശത്തെ പല ഭവനങ്ങൾക്കും പട്ടയമില്ല. കൊല്ലം, മുതാക്കര സുനാമി കോളനിയിലെ വീടുകൾക്ക് പട്ടയം ഇതുവരെ ലഭ്യമായിട്ടില്ല. ഇത് അടിയന്തിരമായി പരിശോധിച്ച് നടപടി യെടുക്കേണ്ടതാണ്.

**8.277.** മത്സ്യക്കുഞ്ഞുങ്ങളെ പിടിക്കുന്നത് ഒഴിവാക്കാൻ നിശ്ചിത വലിപ്പത്തിലുള്ള വലകൾ മാത്രം ഉപയോഗിച്ച് വലിയ മത്സ്യങ്ങൾ മാത്രം പിടിക്കുന്നതിനുള്ള നിയന്ത്രണങ്ങൾ കൊണ്ടുവരണം.

**8.278.** കേന്ദ്ര-കേരള സർക്കാരിന്റെ മത്സ്യമേഖല, തീരദേശം എന്നിവയോടനുബന്ധിച്ചുണ്ടാകുന്ന തൊഴിലവസരങ്ങളിൽ (കോസ്റ്റൽ ഗാർഡ്, മുങ്ങൽ വിദഗ്ദ്ധർ തുടങ്ങിയവ) തീരദേശ മേഖലകളിൽ നിന്നുള്ളവർക്ക് മുൻഗണന നൽകണം.

**8.279.** തീരപ്രദേശങ്ങളിൽ കായിക വിനോദങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് വലിയ സാധ്യതയാണുള്ളത്. അങ്ങനെയുള്ളവർക്ക് കായികരംഗത്ത് വളർച്ചയും ജോലിയും ലഭിക്കാനുള്ള സാധ്യത ഉണ്ട്. അവരുടെ കായിക കഴിവുകളെ

പരമാവധി പുഷ്ടിപ്പെടുത്തേണ്ടതിന് സർക്കാർ വേണ്ടത്ര ശ്രദ്ധ ചെലുത്തണം.

**8.280.** ആസിഡ് കലർന്ന മലിനജലവും കീടനാശിനികളുടെ ഉപയോഗവും ഉൾനാടൻ മത്സ്യസമ്പത്തിന്റെ ശോഷണത്തിന് കാരണമാകുന്നു. കക്കകൾ പൂർണ്ണമായി ഇല്ലാതായി. ശാസ്ത്രീയമായി പ്രശ്നത്തെ പഠിച്ച് പരിഹരിക്കണം.

8.281. ഉൾനാടൻ മത്സ്യബന്ധനത്തിന് പ്രോത്സാഹനം നൽകുന്നതക്കവണ്ണം ഒരു നയം രൂപീകരിക്കണം.

8.282. പല പീലിംഗ് ഷെഡുകളും രജിസ്റ്റർ ചെയ്തിട്ടില്ല. പീലിംഗ് തൊഴിലുമായി ബന്ധപ്പെട്ടുണ്ടാകുന്ന ഗർഭാശയ രോഗങ്ങൾ, മറ്റ് ആരോഗ്യ പ്രശ്നങ്ങൾ എന്നിവ Occupational Hazards ആയി ക്ലാസിഫൈ ചെയ്ത് ആനുകൂല്യങ്ങൾ നല്കേണ്ടതാണ്. ആനുകൂല്യങ്ങളുടെ വിതരണം എല്ലാവരിലേക്കും എത്തുന്നതിനുള്ള നടപടികളുണ്ടാകണം.

8.283. മത്സ്യഫെഡിൽ മത്സ്യത്തൊഴിലാളികൾക്ക് കൂടുതൽ സംവരണം ഏർപ്പെടുത്തണം. നിലവിലുള്ള സംവരണം ഫലപ്രദമായി നടപ്പിലാക്കണം.

8.284. സർക്കാരിന്റെ വിവിധ ക്ഷേമ പദ്ധതികളെക്കുറിച്ച് മത്സ്യത്തൊഴിലാളികൾക്കു പ്രത്യേക ബോധവത്കരണ പരിപാടികൾ നടപ്പിലാക്കണം.

# CHAPTER 9

## ഉപസംഹാരം

വിശദമായ പഠത്തിനു ശേഷം വളരെ സംതൃപ്തിയോടുകൂടിയാണ് ഈ റിപ്പോർട്ട് കേരള സർക്കാരിന് സമർപ്പിക്കുന്നത്. ഈ കമ്മീഷന്റെ പ്രവർത്തനത്തിന് എല്ലാവിധ സഹായ സഹകരണങ്ങളും നൽകിയ ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനോടും മറ്റു മന്ത്രിസഭാംഗങ്ങളോടും കമ്മീഷന്റെ ആദ്യകാല പ്രവർത്തനഘട്ടത്തിൽ വളരെയേറെ സഹായിച്ച, ചീഫ് സെക്രട്ടറി ഡോക്ടർ വിശ്വാസ് മേത്ത, ഇപ്പോഴത്തെ ചീഫ് സെക്രട്ടറി ഡോക്ടർ വി.പി. ജോയ്, ആഭ്യന്തര (ജി) വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയായിരുന്ന ശ്രീ. ടി.കെ. ജോസ് ഇപ്പോഴത്തെ അഡീഷണൽ ചീഫ് സെക്രട്ടറി ഡോക്ടർ വി. വേണു, ന്യൂനപക്ഷ ക്ഷേമ വകുപ്പ് സെക്രട്ടറിയായിരുന്ന ശ്രീമതി ശർമിള മേരി ജോസഫ്, പൊതുഭരണ വകുപ്പ് സെക്രട്ടറി ശ്രീ. കെ.ആർ. ജ്യോതിലാൽ എന്നിവരോടും കമ്മീഷന് ആവശ്യമായ വിശദ വിവരങ്ങൾ നൽകിയ സർക്കാർ ഉദ്യോഗസ്ഥരോടും സ്ഥാപനങ്ങളോടും പൊതുജനങ്ങളോടും ഉള്ള നന്ദിയും കടപ്പാടും അറിയിക്കുന്നു.

മത ന്യൂനപക്ഷങ്ങൾക്ക് വിശദമായ മൗലിക അവകാശങ്ങൾ ഭരണഘടനയുടെ 25 മുതൽ 28 വരെയുള്ള അനുഛേദങ്ങളിലും

ന്യൂനപക്ഷങ്ങളുടെ പ്രത്യേകമായ അവകാശങ്ങൾ ഭരണഘടനയുടെ 29, 30 അനുച്ഛേദങ്ങളിലും പ്രത്യേകം പരാമർശിച്ചിട്ടുള്ളതാണ്. ന്യൂനപക്ഷങ്ങളുടെ ഉന്നമനത്തിനും ക്ഷേമത്തിനും വേണ്ടി കേന്ദ്ര–സംസ്ഥാന സർക്കാരുകൾ പല പദ്ധതികളും വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പുകൾ മുതലായ സാമ്പത്തിക സഹായങ്ങളും നൽകുന്നുണ്ട്. എന്നാൽ ഇങ്ങനെയുള്ള സഹായങ്ങൾ പലതും കേരളത്തിലെ ക്രിസ്ത്യൻ സമൂഹങ്ങൾക്ക് ലഭിക്കുന്നില്ല എന്നും ന്യൂനപക്ഷങ്ങളുടെ ഇടയിൽത്തന്നെ ക്രിസ്ത്യാനികൾ ധാരാളം വിവേചനങ്ങൾ അനുഭവിക്കുന്നു എന്നും ധാരാളം പരാതികൾ സീറോ മലബാർ സഭയും മറ്റു പല സഭകളും ഉന്നയിച്ചതിനെ തുടർന്ന് 4-11-2020-ൽ ഫയൽ നമ്പർ ജി2/183/2020 ആഭ്യന്തരം ആയി മന്ത്രിസഭാ യോഗം ക്രിസ്ത്യൻ ന്യൂനപക്ഷങ്ങളുടെ വിദ്യാഭ്യാസ, സാമ്പത്തിക പിന്നോക്കാവസ്ഥ, ക്ഷേമം എന്നിവ സംബന്ധിച്ച പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി പാറ്റ്ന ഹൈക്കോടതി റിട്ടയേർഡ് ചീഫ് ജസ്റ്റിസ് ശ്രീ. ജെ.ബി. കോശി അദ്ധ്യക്ഷനായും ഡോക്ടർ ക്രിസ്റ്റി ഫെർണാണ്ടസ് ഐ.ഏ.എസ്. (റിട്ടയേർഡ്), ശ്രീ. ജേക്കബ് പുന്നൂസ് ഐ.പി.എസ്. (റിട്ടയേർഡ്) എന്നിവർ അംഗങ്ങളായും ഒരു കമ്മീഷനെ നിയമിക്കണമെന്ന് തീരുമാനമായി. തുടർന്ന് 5-11-2020-ലെ സർക്കാർ ഉത്തരവ് G.O.(Ms) No.214/2020/Home പ്രകാരം "ജസ്റ്റിസ് ജെ.ബി.കോശി

കമ്മീഷൻ" എന്ന പേരിൽ ഈ കമ്മീഷനെ നിയമിച്ചു. പിന്നീട് 9-2-2021-ലെ സർക്കാർ ഉത്തരവ് G.O.(Ms) No.32/2021/Home പ്രകാരം കമ്മീഷന്റെ പരിഗണനാവിഷയങ്ങൾ നിശ്ചയിച്ച് ഉത്തരവായി. പരിഗണനാവിഷയങ്ങൾ റിപ്പോർട്ടിൽ അന്യത്ര ചേർത്തിട്ടുണ്ട് **(അനുബന്ധം - 5)**. ന്യൂനപക്ഷങ്ങൾ എന്ന നിലയിൽ വിദ്യാഭ്യാസം, സാമ്പത്തിക പിന്നോക്കാവസ്ഥ, ക്ഷേമം എന്നീ വിഷയങ്ങളിലും പ്രത്യേകിച്ച് ക്രിസ്തുമതത്തിൽപ്പെട്ട മത്സ്യത്തൊഴിലാളികൾ, തീരദേശവാസികൾ, മലയോരകർഷകർ, കുട്ടനാട്ടിലെ കർഷകർ, ആദിവാസികൾ, ലത്തീൻ കത്തോലിക്കർ, ദളിത് വിഭാഗങ്ങളിൽനിന്നും പിന്നോക്ക വിഭാഗങ്ങളിൽ നിന്നും ക്രിസ്ത്യാനികളായവർ എന്നിവർക്ക് പ്രത്യേകമായ ക്ഷേമ പ്രവർത്തനങ്ങൾ ആവശ്യമുണ്ടോ? മറ്റു ന്യൂനപക്ഷങ്ങൾക്ക് ലഭിക്കുന്ന സഹായങ്ങളും ആനുകൂല്യങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ ക്രിസ്ത്യാനികൾക്ക് വിവേചനം അനുഭവപ്പെടുന്നുണ്ടോ? ജനസംഖ്യാടിസ്ഥാനത്തിൽ പ്രാതിനിധ്യം ലഭിക്കുന്നുണ്ടോ? തുടങ്ങിയ വിഷയങ്ങളെക്കുറിച്ച് ക്രിസ്ത്യാനികൾ അധിവസിക്കുന്ന മേഖലകൾ സന്ദർശിച്ചും വിവിധ മാർഗ്ഗങ്ങളിൽ കൂടിയും പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാനാണ് കമ്മീഷനെ നിയമിച്ചത്.

തുടർന്ന് സർക്കാരിന്റെ വിവിധ വകുപ്പുകളിൽ നിന്ന് ശേഖരിക്കേണ്ട വിശദ വിവരങ്ങൾ കമ്മീഷൻ ആവശ്യപ്പെടുകയും ആഭ്യന്തര വകുപ്പിന്റെ നിർദ്ദേശപ്രകാരം വിവിധ സർക്കാർ വകുപ്പുകളും സ്ഥാപനങ്ങളും വിവരങ്ങൾ നൽകുകയുമുണ്ടായി. കൂടാതെ തിരുവനന്തപുരം, കൊല്ലം, കോട്ടയം, പത്തനംതിട്ട, ആലപ്പുഴ, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, വയനാട് തുടങ്ങിയ ജില്ലാ ആസ്ഥാനങ്ങളിലും കോഴിക്കോട്, മലപ്പുറം എന്നീ ജില്ലകൾക്കുവേണ്ടി കോഴിക്കോട് വച്ചും, കണ്ണൂർ, കാസർകോട് എന്നീ ജില്ലകൾക്കുവേണ്ടി കണ്ണൂർ വച്ചും കമ്മീഷൻ സിറ്റിംഗ് നടത്തുകയും വിവിധ ഭാഗങ്ങളിൽ താമസിക്കുന്ന ക്രിസ്ത്യാനികളുടെ പ്രശ്നങ്ങൾ പഠിക്കുകയും ചെയ്തു. കൂടാതെ കുട്ടനാട് വച്ച് പ്രത്യേക സിറ്റിംഗ് നടത്തുകയും ക്രിസ്ത്യാനികൾ അധിവസിക്കുന്ന വിവിധ കേന്ദ്രങ്ങൾ സന്ദർശിക്കുകയും ചെയ്തശേഷമാണ് റിപ്പോർട്ട് സമർപ്പിക്കുന്നത്.

കമ്മീഷനിൽ പോസ്റ്റ് കാർഡിൽ ലഭിച്ച വ്യക്തിപരമായ ചില നിവേദനങ്ങൾ കൂടാതെ 4,45,500 നിവേദനങ്ങളാണ് കമ്മീഷൻ പരിഗണിക്കേണ്ടിയിരുന്നത്. കൂടാതെ മലയോര കർഷകരുടെയും വനത്തിന്റെ അടുത്ത് താമസിക്കുന്നവരുടെയും പ്രശ്നങ്ങൾ പഠിക്കുവാനായി ചീഫ് വൈൽഡ് ലൈഫ് വാർഡൻ ശ്രീ. ബെന്നിച്ചൻ തോമസ്, മാനന്തവാടി രൂപതയിലെ പി.ആർ.ഓ.

ഫാദർ തോമസ് കൊച്ചറക്കൽ, ശ്രീ. സാല്യ എബ്രഹാം മേച്ചേരിൽ എന്നിവരെയും മത്സ്യത്തൊഴിലാളികളുടെയും തീരദേശ വാസികളുടെയും പ്രശ്നങ്ങൾ പഠിക്കുവാനായി സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി ഡയറക്ടർ ശ്രീമതി ലീല എഡ്വിൻ, നാഷണൽ സെന്റർ ഫോർ എർത്ത് സയൻസിലെ ഫോർമർ സയന്റിസ്റ്റ് ശ്രീ. കെ.വി. തോമസ്, കോസ്റ്റൽ വാച്ച് ശ്രീ.എ.ജെ. വിജയൻ എന്നിവരെയും കുട്ടനാട്ടിൽ താമസിക്കുന്നവരുടെ പ്രശ്നങ്ങൾ പഠിക്കുവാനായി കുട്ടനാട് ഇന്റർനാഷണൽ റിസർച്ച് ആന്റ് ട്രെയിനിംഗ് സെന്റർ ഫോർ ബിലോ സീ ലെവൽ ഫാമിങ്ങിന്റെ ഡയറക്ടറും കാർഷിക സർവകലാശാല റിട്ടയേർഡ് പ്രൊഫസറുമായ ഡോക്ടർ കെ.ജി. പത്മകുമാർ, ശ്രീ. രാജീവ് പള്ളിക്കോണം എന്നിവരെയും സമൻസ് അയച്ച് വരുത്തി തെളിവുകൾ ശേഖരിക്കുകയുണ്ടായി. നിവേദനങ്ങൾ സമർപ്പിച്ചതു കൂടാതെ ധാരാളം വ്യക്തികളും സഭാ നേതാക്കളും സംഘടനാ നേതാക്കളും കമ്മീഷൻ സിറ്റിംഗുകളിലും ഓഫീസുകളിലും വരികയും തങ്ങളുടെ പ്രശ്നങ്ങൾ നേരിട്ട് അവതരിപ്പിക്കുകയുമുണ്ടായി. ഇത്രയും നിവേദനങ്ങൾ വന്നതു കൊണ്ടും വളരെയേറെ വിവരങ്ങൾ ശേഖരിക്കേണ്ടിയിരുന്നതു കൊണ്ടും വിശദമായ പഠനം നടത്തേണ്ടിയിരുന്നതു കൊണ്ടും

സർക്കാരിന് സമയപരിധി നീട്ടിത്തരേണ്ടിവന്നെങ്കിലും നീട്ടിത്തന്ന സമയപരിധിക്കുള്ളിൽ തന്നെ ഈ റിപ്പോർട്ട് സമർപ്പിക്കുകയാണ്.

ഈ കമ്മീഷന്റെ സെക്രട്ടറിയായി സേവനം അനുഷ്ഠിച്ച റിട്ടയേർഡ് ജില്ലാ ജഡ്ജി ശ്രീ. സി.വി. ഫ്രാൻസിസും ഫൈനാൻസ് ഓഫീസർ ആയി ധനകാര്യവകുപ്പിൽ നിന്ന് അന്യത്ര സേവനവ്യവസ്ഥയിൽ നിയമിതനായ ശ്രീ. നൗഷാദ് എ.-യും കമ്മീഷൻ ചെയർമാന്റെ പ്രൈവറ്റ് സെക്രട്ടറിയായി നിയമിതനായ ശ്രീ. വി. ഏ. അംബ്രോസും നിസ്തുല സേവനമാണ് കമ്മീഷന്റെ പ്രവർത്തനങ്ങൾക്ക് നൽകിയത്. ദിവസ വേതന അടിസ്ഥാനത്തിൽ നിയമിതരായ രണ്ട് ക്ലാർക്കുമാരെയും രണ്ട് ഓഫീസ് അറ്റന്റർമാരെയും കൊണ്ട് ലക്ഷക്കണക്കിനുള്ള നിവേദനങ്ങൾ കൈകാര്യം ചെയ്യേണ്ടിവന്നു. അങ്ങനെ ദിവസവേതന അടിസ്ഥാനത്തിൽ നിയമിതരായ ശ്രീമതി മേരി ജിഷ പി.ടി., ശ്രീമതി ദീപ്തി ഇ.എ., ശ്രീ. എബിൻ കെ. ഏലിയാസ്, ശ്രീമതി രാജി കെ.ആർ. എന്നിവർക്ക് കമ്മീഷൻ നന്ദി അറിയിക്കുന്നു. കമ്മീഷൻ അംഗങ്ങളുടെ സഹായിമാരായി നിയമിക്കപ്പെട്ട ശ്രീ. കെ.കെ. നാസർ, ശ്രീ. എം. അനിക്കുട്ടൻ, ശ്രീ. എസ്. മനോജ് കുമാർ, ശ്രീമതി രജനി ഷാജി എന്നിവരും കമ്മീഷന്റെ പ്രവർത്തനങ്ങളോട് ആത്മാർത്ഥമായി സഹകരിച്ചു.

ന്യൂനപക്ഷങ്ങൾക്കുവേണ്ടി സർക്കാർ നൽകുന്ന ആനുകൂല്യങ്ങൾ ജനസംഖ്യാടിസ്ഥാനത്തിൽ നൽകണമെന്നും ക്രിസ്ത്യൻ സമൂഹത്തിൽത്തന്നെ കൂടുതൽ ദുരിതമനുഭവിക്കുന്ന പരിവർത്തിത ക്രിസ്ത്യാനികൾ, മത്സ്യത്തൊഴിലാളികൾ എന്നിവർക്കും മറ്റുമുള്ള വിവിധ ക്ഷേമപ്രവർത്തന ങ്ങളെക്കുറിച്ചുമാണ് കമ്മീഷൻ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. മറ്റു ന്യൂനപക്ഷ സമുദായങ്ങൾക്ക് ലഭിക്കുന്ന അവകാശങ്ങളും ക്ഷേമപ്രവർത്തനങ്ങളും കുറയ്ക്കുവാനോ എടുത്തുകളയുവാനോ കമ്മീഷൻ ശുപാർശ ചെയ്യുന്നില്ല. എന്നാൽ ന്യൂനപക്ഷങ്ങൾക്ക് സർക്കാരിൽ നിന്ന് നൽകപ്പെടുന്ന സഹായങ്ങളും ആനുകൂല്യങ്ങളും ജനസംഖ്യാടിസ്ഥാനത്തിൽ വിവേചനം ഇല്ലാതെ നൽകുവാനും ക്രിസ്ത്യാനികളുടെ ഇടയിൽത്തന്നെ കൂടുതൽ ബുദ്ധിമുട്ടനുഭവിക്കുന്ന ആളുകൾക്കു വേണ്ട ക്ഷേമപ്രവർത്തനങ്ങളും മാത്രമാണ് കമ്മീഷൻ ശുപാർശകളായി സമർപ്പിക്കുന്നത്.

സർക്കാർ ഉത്തരവിൽ പരാമർശിച്ചിട്ടുള്ള പരിഗണനാ വിഷയങ്ങൾ പ്രകാരമുള്ള കാര്യങ്ങൾ പഠിച്ച് ഇങ്ങനെ ഒരു റിപ്പോർട്ട് സമർപ്പിക്കുവാൻ സഹായിച്ച എല്ലാ സർക്കാർ വകുപ്പുകളോടും ഉദ്യോഗസ്ഥരോടും പൊതുജനങ്ങളോടും കമ്മീഷന് വിവരങ്ങൾ നല്കിയ എല്ലാ വ്യക്തികളോടും നന്ദി

രേഖപ്പെടുത്തിക്കൊണ്ട് ഈ റിപ്പോർട്ട് സർക്കാരിനു വേണ്ടി ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ആദരവോടെ സമർപ്പിക്കുന്നു.

**ജസ്റ്റിസ് ജെ.ബി. കോശി**
**(റിട്ട. ചീഫ് ജസ്റ്റിസ്,** പാറ്റ്ന ഹൈക്കോടതി)

**ഡോ. ക്രിസ്റ്റി ഫെർണാണ്ടസ്**
ഐ.എ.എസ്. (റിട്ട.)
രാഷ്ട്രപതിയുടെ മുൻ സെക്രട്ടറി

**ശ്രീ. ജേക്കബ് പുന്നൂസ്**
ഐ.പി.എസ്. (റിട്ട.)
മുൻ കേരള സംസ്ഥാന
പോലീസ് മേധാവി

# അനുബന്ധം - 1

<u>ബഹുമാനപ്പെട്ട ജസ്റ്റിസ് ജെ.ബി.കോശി കമ്മീഷൻ മുമ്പാകെ</u>

പത്രങ്ങളിൽ റിപ്പോർട്ട് ചെയ്യപ്പെട്ട ബഹുമാനപ്പെട്ട സുപ്രീം കോടതി വിധി അനുസരിച്ച് ന്യൂനപക്ഷ സമുദായങ്ങൾ ആരാണെന്ന് അതാത് സംസ്ഥാനങ്ങളിലെ
591/22 ജനസംഖ്യ അനുസരിച്ചാണ് തീരുമാനിക്കേണ്ടത്. കേരളത്തിൽ ഇപ്പോൾ മുസ്ലിം സമുദായത്തിലെ ജനസംഖ്യ 25%-ൽ അധികം ഉണ്ടെന്നാണ് കണക്ക്. മുസ്ലിം സമുദായത്തിന് പിന്നോക്ക വിഭാഗം എന്നുള്ള രീതിയിൽ (ഓ.ബി.സി) ആനുകൂല്യങ്ങളും സംവരണവും പ്രത്യേകമായി ഉണ്ട്. ജനസംഖ്യ കൂടുതൽ ഉള്ളതുകൊണ്ട് അവർക്ക് നിയമസഭയിലും പാർലമെന്റിലും മറ്റും മതിയായ പ്രാതിനിധ്യവും ഉണ്ട്. ഭാരതത്തിൽ ന്യൂനപക്ഷമാണെന്നുള്ളതല്ല കേരള സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം മുസ്ലിം സമുദായം ഒരു ന്യൂനപക്ഷം ആണെന്ന് പറയുവാൻ സാധിക്കുകയില്ല. ഏതെങ്കിലും ഒരു സമുദായമോ മതമോ ജനസംഖ്യയുടെ അഞ്ചിലൊന്ന് ഉണ്ടെങ്കിൽ (20%) ആ സമുദായത്തെ ന്യൂനപക്ഷമെന്ന പറയുന്നത് ശരിയല്ല. ഭൂരിപക്ഷമെന്ന് പറയപ്പെടുന്ന സമുദായങ്ങളിലും പല വിഭാഗങ്ങളും പല പല വേർതിരിവുകളുമുണ്ട്. ഒരു സമുദായത്തിന് ഓ.ബി.സി. എന്ന രീതിയിലുള്ള ആനുകൂല്യങ്ങളും ന്യൂനപക്ഷമെന്നുള്ള ആനുകൂല്യങ്ങളും കൂടാതെ മെറിറ്റിലും കിട്ടുമ്പോൾ ജനസംഖ്യ കുറഞ്ഞുകൊണ്ടിരിക്കുന്ന സംവരണ ഇതര ക്രിസ്ത്യാനികൾക്ക് മെറിറ്റിൽ മറ്റുള്ളവരോടൊപ്പം മാത്രമാണ് ആനുകൂല്യങ്ങൾ ലഭിക്കുന്നത്. ഇത് നീതിരഹിതമാണ്. എന്നാൽ ഏതെങ്കിലും ഒരു മതത്തിൽ വിശ്വസിക്കുന്നവർ 20%-ൽ അധികം ഉണ്ടെങ്കിൽ അവർ ന്യൂനപക്ഷം അല്ലാത്തതിനാൽ അങ്ങനെയുള്ളവരെ ഒഴിവാക്കി ബാക്കി ന്യൂനപക്ഷങ്ങൾക്കായി സർക്കാർ ലഭ്യമാക്കുന്ന എല്ലാ ആനുകൂല്യങ്ങളും കൊടുക്കണം. ഈ വിഷയത്തിൽ ഉചിതമായ ശുപാർശകൾ കേരള സർക്കാരിന് നൽകണം.

കൊച്ചി,
22.07.2022.

Paulose E. Mathew
Boby Bastian Adv. Plakkat
Adv. Justine Pallivathukkal
Sajeev Mathew
DILEEP MON JOSEPH
JOS THATTIL
ANTONY PALIMATTOM

## അനുബന്ധം - 2

# അറിയാം, ന്യൂനപക്ഷ ക്ഷേമപദ്ധതികൾ

### കേന്ദ്ര പദ്ധതികൾ

### സംസ്ഥാന പദ്ധതികൾ

### കരിയർ ഗൈഡൻസ് പരിശീലനം

### ഫീ റീ ഇമ്പേഴ്സ്മെന്റ്



### കുടിവെള്ള പദ്ധതി

### സൗജന്യ പരിശീലന കേന്ദ്രങ്ങൾ

### യുജിസി, നെറ്റ് കോച്ചിംഗ്

### എൻടിഎസ് കോച്ചിംഗ്

### വിദേശ പഠനം

### വിദ്യാഭ്യാസ സ്കോളർഷിപ്പുകൾ

# ന്യൂനപക്ഷ വികസന ധനകാര്യ കോർപറേഷൻ

### വായ്പാ പദ്ധതികൾ

# അനുബന്ധം - 3

**The Percentage break-up of seats as per mandatory reservation**

| | | | Professional Degree Course | Kerala University | | | | KPSC | | Higher Secondary Adm. | | | Backward Class Development Dept. | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | Govt. Colleges | Aided Colleges | | Self-Financing Colleges | Last Grade | Other than Last Grade | Govt. School | Aided School | Minority Community Management /Backward Aided | Professional Degree | Arts & Science | HSC | VHSC | Medical PG |
| | | | | | FCC | BCC | | | | | | | | | | | |
| A | | State Merit (SM) | 50% | 50% | 50% | 40% | 50% | 40% | 40% | 42% | 50% | 40% | | | | | |
| B | | Economically weaker section in General Category (EWS) | 10% | 10% | | | 10% | 10% | 10% | 10% | No | No | | | | | |
| C | | Socially and Educationally Backward Classes (SEBC) | | | | | | | | | | | | | | | |
| | a | Ezhava (EZ) | 9% | 8% | | | 8% | | | | | | | | | | |
| | b | Ezgava/Billava/Thiyya | | | | | | 11% | 14% | 8% | No | No | 9% | 8% | 8% | 9% | 3% |
| | c | Muslim (MU) | 8% | 7% | | | 7% | 10% | 12% | 7% | No | No | 8% | 8% | 7% | 8% | 2% |
| | d | Other Backward Hindu (BH) | 3% | 3% | | | 3% | | | 3% | No | No | 3% | 3% | 3% | 3% | 1% |
| | e | Hindu Nadar | | | | | | 1% | 1% | | | | | | | | |
| | f | **Latin Catholic and Anglo Indian (LA)** | 3% | | | | | 4% | 4% | | | | 3% | | | | |
| | g | Latin Catholic /SIUC | | 1% | | | 1% | | | | | | | 1% | 3% | 3% | 1% |
| | h | Latin Catholic/SIUC/Anglo-Indian | | | | | | | | 3% | No | No | | | | | |
| | i | SIUC Nadar | | | | | | 2% | 1% | | | | | | | | |
| | j | Dheevara and related communities (DV) | 2% | | | | | 2% | 1% | 2% | No | No | 2% | | 2% | 2% | |
| | k | Viswakarma and related communities (VK) | 2% | | | | | 2% | 3% | 2% | No | No | 2% | | 2% | 2% | |
| | l | Kusavan and related communities (KN) | 1% | | | | | | | 1% | No | No | | | | | |
| | m | Other Backward Christian (BX) | 1% | 1% | | | 1% | | | 1% | No | No | 1% | 1% | 1% | 1% | 1% |
| | n | Kudumbi (KU) | 1% | | | | | | | 1% | No | No | 1% | | 1% | 1% | 1% |
| | o | SCCC | | | | | | 2% | 1% | | | | | | | | |
| | p | **Other Backward Classes** (Except Ezhava/ Billava/ Thiyya, Muslim, LC/AI, Viswakarma, SIUC Nadar, Dheevara, Hindu Nadar, SCCC) | | | | | | 6% | 3% | | | | | | | | |
| | q | Kusava/Kulala/Kumbhara | | | | | | | | | | | 1% | | | | |
| | r | Kusavan/ Kulalan/ Kulala Nair/ Kumbharan/ Velan/ Odan/ Kulala/ Andhra Nair/ Andhur Nair | | | | | | | | | | | | | 1% | 1% | |
| D | | Scheduled Caste & Scheduled Tribes | | | | | | | | | | | | | | | |
| | a | Scheduled Caste (SC) | 8% | 15% | 15% | 15% | 15% | 8% | 8% | 12% | 12% | 12% | | | | | |
| | b | Scheduled Tribes (ST) | 2% | 5% | 5% | 5% | 5% | 2% | 2% | 8% | 8% | 8% | | | | | |
| E | | Community Quota | | | 10% | 20% | | | | | | | | | | | |
| F | | Management Quota | | | 20% | 20% | | | | No | 30% | 40% | | | | | |

# അനുബന്ധം - 4

## സംസ്ഥാന ന്യൂനപക്ഷ വിദ്യാർത്ഥി

## സ്കോളർഷിപ്പുകൾ ക്കുള്ള അപേക്ഷകൾ ക്ഷണിച്ചു

2022 ലെ ന്യൂനപക്ഷ സ്കോളർഷിപ്പകൾക്കുള്ള അപേക്ഷകൾ സർക്കാർ വളരെ താമസിച്ച് 2023 ഫെബ്രുവരി ആദ്യവാരം ക്ഷണിച്ചിരുന്നെങ്കിലും സർക്കാർ website complaint ആയിരുന്നതിനാൽ Link Active അല്ലായിരുന്നു. ഇപ്പോൾ ഫെബ്രുവരി 20 മുതൽ Link Active ആയിരിക്കുകയാണ്. Last Date March 05/2023 ആണ്. അർഹരായ ക്രിസ്ത്യൻ കുട്ടികൾ ഉടൻ തന്നെ അപേക്ഷ സമർപ്പിക്കുക 40% സ്കോളർഷിപ്പുകൾ ക്രിസ്ത്യാനികൾക്ക് അർഹതപ്പെതാണെന്ന് ഓർക്കുക

വളരെ പ്രത്യേകമായി

SSLC/ VHSE - Full A+ ~ Rs.10000/-

Plus Two Full - A+ ~ Rs.10000/-

Degree - 80% Marks ~ Rs.15000/-

PG - 75% Marks ~ Rs.15000/-

2022 ൽ ഇപ്രകാരം മാർക്കുകൾ ലഭിച്ച എല്ലാ ക്രിസ്ത്യൻ കുട്ടികളും

പ്രൊഫ.ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ്ന് ഉടൻ അപേക്ഷ നൽകുക. ബിപിഎൽ വിഭാഗക്കാർക്ക് പ്രഥമ പരിഗണന ലഭിക്കും. ബി പി എൽ വിഭാഗക്കാരുടെ അഭാവത്തിൽ എ പി എൽ വിഭാഗക്കാരിൽ എട്ടു ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ളവരെയും പരിഗണിക്കും.

http://www.minoritywelfare.kerala.gov.in എന്ന Link ൽ കയറി Scholarships എന്ന Option click ചെയ്യുക

Last Date 05/03/2023

### പ്രൊഫ.ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ്

എസ്.എസ്.എൽ.സി/പ്ലസ് ടു/ വി.എച്ച്.എസ്.ഇ പരീക്ഷകൾക്ക് എല്ലാ വിഷയങ്ങൾക്കും എ+ ഗ്രേഡ് നേടിയവർക്കും, ബിരുദത്തിന് 80% മാർക്ക്, ബിരുദാനന്തര ബിരുദത്തിന് 75% മാർക്ക് നേടി വിജയിച്ചവർക്കും അപേക്ഷിക്കാം.എസ്.എസ്.എൽ.സി/ പ്ലസ് ടു വി.എച്ച്.എസ്.ഇ വിഭാഗത്തിന് 10,000 രൂപയും ബിരുദത്തിന് 80% മാർക്ക്, ബിരുദാനന്തര ബിരുദത്തിന് 75% മാർക്ക് നേടി വിജയിച്ചവർക്ക് 15000/- രൂപയും സ്കോളർഷിപ്പ് തുകയായി ലഭിക്കും.

### സി എച്ച് മുഹമ്മദ് കോയ സ്കോളർഷിപ്പ്

ബിരുദം, ബിരുദാന്തരബിരുദം, പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥിനികൾക്ക് സി എച്ച് മുഹമ്മദ് കോയ സ്കോളർഷിപ്പിന് അപേക്ഷിക്കാം. ഹോസ്റ്റൽ സ്റ്റൈപ്പന്റ് / പ്രതിവർഷ സ്കോളർഷിപ്പ് ഇവയിൽ ഒന്നിന് അപേക്ഷിക്കാവുന്നതാണ്. ബിരുദം - 5000 രൂപ, ബിരുദാനന്തര ബിരുദം - 6000 രൂപ, പ്രൊഫഷണൽ കോഴ്സുകൾ - 7000 രൂപ, ഹോസ്റ്റൽ സ്റ്റൈപ്പന്റ് - 13000 രൂപ എന്നിങ്ങനെയാണ് സ്കോളർഷിപ്പ് തുക.

### സി എ/സി എം എ/സിഎസ് സ്കോളർഷിപ്പ്

സി എ /സി എം എ / സി എസ് കോഴ്സുകളിൽ ഫൈനൽ, ഇന്റർ മീഡിയറ്റ് യോഗ്യത നേടുന്നതിനായി പരിശീലന കോഴ്സുകളിൽ പങ്കെടുക്കുന്ന ന്യൂനപക്ഷ

വിദ്യാർത്ഥികൾക്ക് അപേക്ഷിക്കാം. പ്രതിവർഷം 15000 രൂപ സ്കോളർഷിപ്പ് തുകയായി ലഭിക്കും.

**മദർ തെരേസ സ്കോളർഷിപ്പ്**

